# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032

ഇ-മെയിൽ: corpkkd.ksad@kerala.gov.in

ഫോൺ : 0495-2365264

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.ഒ.സി. എ4/1223/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032
തീയ്യതി: 30/12/2023
ഇ-മെയിൽ:
corpkkd.ksad@kerala.gov.in
ഫോൺ: 0495-2365264

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
കോഴിക്കോട് കോർപ്പറേഷൻ

സർ,

വിഷയം : കോഴിക്കോട് കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ(ഉപരിപത്രം സഹിതം)
3)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.ഒ.സി. എ4/1223/2023 തീയ്യതി: 30/12/2023

# കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 132 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വാസുദേവൻ.എം | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-07-2023 | 08-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2023 | 08-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ബാലസുബ്രഹ്മണ്യൻ. എ. കെ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
2. ശ്രീ. കരുണാകരൻ. എം, ഓഡിറ്റ് ഓഫീസർ
3. ശ്രീ. ഷാജി. ഇ.കെ, ഓഡിറ്റ് ഓഫീസർ
4. ശ്രീ. ഷിപിൻപീറ്റർ. സി, അസി. ഓഡിറ്റ് ഓഫീസർ
5. ശ്രീ. രാമദാസ്. എം, അസി. ഓഡിറ്റ് ഓഫീസർ
6. ശ്രീ. അബ്ദുൾ നസീർ. ടി. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
7. ശ്രീമതി. ഇന്ദുകല. സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

8. ശ്രീ. ഷിനിത്ത്. എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
9. ശ്രീ. ഡാനിഷ്. എ.ഇസൈഡ്, സീനിയർഗ്രേഡ് ഓഡിറ്റർ
10. ശ്രീ. അഫ്സൽ. ടി.എം, സീനിയർഗ്രേഡ് ഓഡിറ്റർ
11. ശ്രീ. അബ്ദുൾ അലി കുന്നൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
12. ശ്രീ. ശ്രീജിത്ത്. കെ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
13. ശ്രീമതി. ലിൻഷ. ടി.എ, ഓഡിറ്റർ
14. ശ്രീമതി. വിനിത. ടി, ഓഡിറ്റർ
15. ശ്രീമതി. അശ്വതി. പി, ഓഡിറ്റർ
16. ശ്രീമതി. തൻസീല. എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബീന ഫിലിപ്പ് | മേയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിനി. കെ. യു | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ദിലീപ്. എം.എസ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഉദയൻ. കെ.യു | എക്സിക്യൂട്ടീവ് എഞ്ചിനീയർ I | 01-04-2022 | 31-03-2023 |
| ശ്രീ. ബിജോയ്. കെ. എൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ II | 01-04-2022 | 31-03-2023 |
| ശ്രീ. രമേഷ്. കെ. പി | എക്സിക്യൂട്ടീവ് എഞ്ചിനീയർ III | 01-04-2022 | 26-05-2022 |
| ശ്രീമതി. ബിസിനി. എസ് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ(എക്സി.എഞ്ചിനീയറുടെ(III) അഡീഷണൽ ചാർജ്ജ്) | 27-05-2022 | 27-05-2022 |
| ശ്രീ. ബിജോയ്. കെ. എൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്)) | 28-05-2022 | 12-07-2022 |
| ശ്രീ. സന്തോഷ്. എം. വി | എക്സിക്യൂട്ടീവ് എഞ്ചിനീയർ III | 13-07-2022 | 31-03-2023 |
| ശ്രീമതി. ബിസിനി. എസ് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർII | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. സജി. ടി. കെ | അസി. എക്സി.എഞ്ചിനീയർ (പ്രൊജക്ട്) | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷബ്ന. എം.എസ് | കൃഷി ഓഫീസർ- എലത്തൂർ | 01-04-2022 | 31-03-2023 |
| ശ്രീ. അഷ്ഹദ് അലി | കൃഷി ഓഫീസർ- ചെറുവണ്ണൂർ- നല്ലളം | 01-04-2022 | 31-03-2023 |
| ശ്രീമതി. മിനി. വി. പി | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-05-2022 |
| ശ്രീ. ജോസ്. ആർ.കെ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 05-06-2022 |
| ശ്രീ. മനോജ് കുമാർ. പി | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 06-06-2022 | 31-03-2023 |
| ഡോ. സജി സെബാസ്റ്റ്യൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീഷ്മ. വി. എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. മില്യ മോഹൻദാസ് | ഹെൽത്ത് ഓഫീസർ | 01-04-2022 | 15-06-2022 |
| ശ്രീ. ഷജിൽ കുമാർ. പി | ഹെൽത്ത് ഓഫീസർ(ഇൻ ചാർജ്ജ്) | 16-06-2022 | 13-11-2022 |
| ഡോ. ശശി കുമാർ | ഹെൽത്ത് ഓഫീസർ | 14-11-2022 | 31-03-2023 |
| ശ്രീ. ഷജിൽ കുമാർ. പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 23-11-2022 |
| ശ്രീ. രജിത്ത് കുമാർ. സി. കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രകാശൻ. ടി. കെ | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 31-03-2023 |
| ശ്രീ. നന്ദകുമാർ. പി. ജി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-05-2022 |
| ശ്രീ. ശ്രീജിത്ത്. എം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 04-05-2022 | 31-03-2023 |
| ശ്രീ. സുനീർ. വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീ. സുധീർ കിഷൻ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | 01-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. രശ്മി രാമൻ. പി | സി.ഡി.പി.ഒ അർബൻ I | 01-04-2022 | 31-03-2023 |
| ശ്രീമതി. ലേഖ. കെ | സി.ഡി.പി.ഒ അർബൻ II | 01-04-2022 | 31-03-2023 |
| ശ്രീമതി. ധന്യ. ടി. എൻ | സി.ഡി.പി.ഒ അർബൻ III | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്റ്റെല്ല. വി. ഡി | സി.ഡി.പി.ഒ അർബൻ IV | 01-04-2022 | 12-12-2022 |
| ശ്രീമതി. അംബിക. ടി. പി | സി.ഡി.പി.ഒ അർബൻ IV | 12-12-2022 | 22-12-2022 |
| ശ്രീമതി. പ്രസന്ന കുമാരി. കെ. ബി | സി.ഡി.പി.ഒ അർബൻ IV | 22-12-2022 | 31-03-2023 |
| ശ്രീ. മുകേഷ്. ടി. എം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 13-09-2022 |
| ശ്രീ. ബാബുരാജൻ. എം.എൻ | പട്ടികജാതി വികസന ഓഫീസർ | 13-09-2022 | 31-03-2023 |
| ശ്രീമതി. സിനില ഉണ്ണികൃഷ്ണൻ | ഡയറി ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ. മിനി. എൻ.സി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. സോണി. ബി. ജെ | മെഡിക്കൽ ഓഫീസർ -ഹോമിയോ | 08-06-2022 | 02-01-2023 |
| ഡോ. റീന. എം | മെഡിക്കൽ ഓഫീസർ -ഹോമിയോ | 02-01-2023 | 31-03-2023 |
| ശ്രീ. മനോഹർ. കെ | അഡീഷണൽ സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ഷജിൽ കുമാർ. പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 23-11-2022 |
| ശ്രീ.ബെന്നി മാത്യൂ | ഹെൽത്ത് സൂപ്പർവൈസർ | 24-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാലൻസ് ഷീറ്റ് -ഡെപ്പോസിറ്റ് തുകകളിൽ വ്യത്യാസം | 1-1-2 |
| 4 | ലൈബ്രറി സെസ്സ്- ബാലൻസ് ഷീറ്റിൽ തുക വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | Rent Receivable From Civic Amenities ഡിമാന്റ് -കുടിശ്ശിക തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-4 |
| 6 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ , റീകൺസീലിയേഷൻ പരിശോധനക്ക് ഹാജരാക്കാത്തത്. | 1-1-5 |
| 7 | ലൈസൻസ് ഫീ- ഡിമാൻഡ് തുകയെക്കാൾ അധികം വരവ് | 1-1-6 |
| 8 | വരവ് ചെലവ് തുകകളിൽ വ്യത്യാസം | 1-1-7 |
| 9 | അയ്യങ്കാളി പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് യഥാവിധി തയ്യാറാക്കിയില്ല | 1-1-9 |
| 11 | TSB Own Fund - റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ വ്യത്യാസം രേഖപ്പെടുത്തിയില്ല | 1-1-10 |
| 12 | റീകൺസീലിയേഷൻ - വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-1-11 |
| 13 | ഇ പേയ്മെന്റ് അക്കൗണ്ട് - ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരുന്ന വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-13 |
| 15 | ചെക്കുകൾ മാറാതെ ശേഷിക്കുന്നു. | 1-1-14 |
| 16 | ചെക്ക് കളക്ഷനാവാത്തത്. | 1-1-15 |
| 17 | Cheques Deposited But Not Collected - വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-16 |
| 18 | വാർഷിക ധനകാര്യ പത്രിക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി യോജിക്കുന്നില്ല | 1-1-17 |
| 19 | റിക്കവറി ഇനത്തിലെ തുകകൾ തമ്മിൽ വ്യത്യാസം | 1-1-18 |
| 20 | ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-20 |
| 22 | ഡെപ്പോസിറ്റ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ | 1-1-22 |
| 24 | Prior Period Item - രേഖകൾ ഹാജരാക്കിയില്ല. | 1-1-23 |
| 25 | കുടിശ്ശികകൾക്ക് ആവശ്യമായ പ്രൊവിഷൻ രേഖപ്പെടുത്തിയില്ല. | 1-1-24 |

| | | |
|---|---|---|
| 26 | നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നു. | 1-1-25 |
| 27 | ബാലൻസ് ഷീറ്റ് - സ്ഥിരനിക്ഷേപ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-26 |
| 28 | ഡിപ്രീസിയേഷൻ - രേഖകൾ ലഭ്യമല്ല. | 1-1-27 |
| 29 | പാർട്ട് ബിൽ മുഖേനെ ചെലവഴിക്കുന്ന തുകകൾ - പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. | 1-1-28 |
| 30 | വിവിധോദ്ദേശ ഗ്രാന്റുകൾ - പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല. | 1-1-29 |
| 31 | സേവന ഉപനികുതി കുടിശ്ശിക- കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-30 |
| 32 | വസ്തുനികുതി കണക്കിൽ അവ്യക്തത | 1-1-31 |
| 33 | വസ്തു നികുതി കുടിശ്ശിക- കണക്കുകളിൽ അവ്യക്തത. | 1-1-32 |
| 34 | B18 ഷെഡ്യൂളിൽ Loans, Advances & Deposits – തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 1-1-33 |
| 35 | മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-34 |
| 36 | ബാങ്ക് അക്കൗണ്ടുകളിലെ മുന്നിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-35 |
| 37 | അമൃത് പദ്ധതി- വാർഷിക കണക്കും ബാങ്ക് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല | 1-1-36 |
| 38 | റിഡംഷൻ ഇനത്തിൽ തുക ലഭ്യമായില്ല | 1-1-37 |
| 39 | സോണൽ ഓഫീസുകൾ - ബാങ്ക് അക്കൗണ്ട് സംബന്ധിച്ച്. | 1-1-38 |
| 40 | മെയിന്റനൻസ് ഗ്രാന്റ് മൂലധനച്ചെലവായി അക്കൗണ്ട് ചെയ്യുന്നു. | 1-1-39 |
| 41 | വർഷാന്ത്യ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച. | 1-1-40 |
| 42 | വാർഷിക കണക്കിലെ തുകകൾ പൂർണ്ണ രൂപയിൽ ക്രമീകരിച്ചില്ല | 1-1-41 |
| 43 | ബെനിഫിഷറി കോൺട്രിബ്യൂഷൻ - തുക അടവാക്കിയില്ല | 1-1-42 |
| 44 | ടെണ്ടർ ഫോറം വിലകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-43 |
| 45 | വാർഷിക ധനകാര്യ പത്രിക പരിശോധന- മറ്റ് അപാകതകൾ | 1-1-44 |
| 46 | ബജറ്റ് | 1-2 |
| 47 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 48 | ഫണ്ട് വിനിയോഗം | 1-4 |
| 49 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-5 |
| 50 | തനത് വരുമാനം | 1-6 |
| 51 | ക്ഷേമ പദ്ധതികൾ | 1-7 |
| 52 | പദ്ധതി അവലോകനം | 1-8 |
| 53 | ക്യാഷ് പരിശോധന | 1-9 |
| 54 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 55 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 56 | രസീത് പിരിവ്, അവയുടെ അടവ്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 57 | വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കിയില്ല -നഗരസഭക്ക് നികുതിയിനത്തിൽ വൻ ചോർച്ച | 1-13 |
| 58 | കോർപ്പറേഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു - നികുതി വരവിനത്തിൽ വൻ നഷ്ടം | 1-13-1 |
| 59 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല-വരുമാന നഷ്ടം സംഭവിക്കുന്നു | 1-13-2 |
| 60 | അനധികൃതനിർമ്മാണത്തിന് ചുമത്തിയ വസ്തുനികുതി അടവാക്കാതിരുന്നിട്ടും നടപടി സ്വീകരിച്ചില്ല | 1-13-3 |
| 61 | അനധികൃതനിർമ്മാണത്തിന് ചുമത്തിയ വസ്തുനികുതി തിരികെ നൽകി | 1-13-4 |
| 62 | വസ്തു നികുതി - ചട്ടപ്രകാരം ഈടാക്കാത്തതും മറ്റ് അപാകതകളും എലത്തൂർ മേഖല കാര്യാലയം | 1-13-5 |
| 63 | വസ്തുനികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശികവരുത്തുന്നു | 1-13-6 |
| 64 | മൊബൈൽ സേവനദാതാക്കളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-13-7 |
| 65 | വസ്തുനികുതി ഒഴിവാക്കി നൽകിയത് ക്രമ പ്രകാരമല്ല. | 1-13-8 |
| 66 | വസ്തു നികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത കാരണം നികുതിയിനത്തിൽ നഷ്ടം | 1-13-9 |
| 67 | അനധികൃത കെട്ടിടങ്ങൾ -അനേകം വർഷം കഴിഞ്ഞിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 68 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല – ബേപ്പൂർ മേഖലാ കാര്യാലയം | 1-14-1 |
| 69 | അനധികൃത നിർമാണങ്ങൾ-തുടർ നടപടികൾ സ്വീകരിച്ചില്ല - എലത്തൂർ മേഖലാ കാര്യാലയം | 1-14-2 |
| 70 | അനധികൃത സ്കൂൾ കെട്ടിടം - യു.എ നമ്പർ അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമവത്കരിച്ചില്ല | 1-14-3 |
| 71 | ഒക്യുപെൻസി ലഭിച്ചതിന് ശേഷം അംഗീകൃത കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പാർക്കിംഗ് സ്ഥലത്ത് അനധികൃത നിർമ്മാണം | 1-15 |
| 72 | ഓഡിറ്റ് ഇംപാക്ട് | 1-16 |
| 73 | ക്രമവൽക്കരണ അപേക്ഷകളിൽ നോട്ടീസ് നൽകിയത്/നിരസിച്ചവയിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 74 | സേവന ഉപനികുതി ചുമത്തുന്നത് നീട്ടിവെക്കൽ -കോർപ്പറേഷന് 18 കോടി നഷ്ടം | 1-18 |
| 75 | കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ പുതിയ കെട്ടിടങ്ങൾക്ക് സേവന | 1-19 |

| | | |
|---|---|---|
| | ഉപനികുതി ഈടാക്കുന്നില്ല. | |
| 76 | കരാർ ലംഘനത്തിനു 34 തവണ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയ ലൈസൻസിക്കു തന്നെ തുടർച്ചയായി മുറി അനുവദിച്ചു | 1-20 |
| 77 | വികാസ് ഷോപ്പിംഗ് കോംപ്ലക്സ് മൂന്നാം നില – മുറി കൈമാറിയതിലെ അപാകതകൾ | 1-21 |
| 78 | മുനിസിപ്പൽ ആക്ടിന് വിരുദ്ധമായി നിലവിലെ ലൈസൻസ് ഫീയേക്കാളും കുറഞ്ഞ ഓഫർ തുടർനടപടികളില്ലാതെ അംഗീകരിച്ചു.കരാർ വെക്കാൻ 6 മാസത്തോളം കാലതാമസം | 1-22 |
| 79 | ലൈസൻസ് സ്വഭാവം മാറ്റിയതിന് നോട്ടീസ് നൽകി- ഒരു വർഷം കഴിഞ്ഞും തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-23 |
| 80 | കടമുറികൾ അനുവദിക്കുന്നതിലും, ലൈസൻസ് ഫീ ഈടാക്കുന്നതിലും ലേല നിബന്ധനകൾ പാലിക്കുന്നില്ല | 1-24 |
| 81 | വാടക കുടിശ്ശിക അടവാക്കുന്നതിലേക്കായി നൽകിയ ചെക്ക് മടങ്ങിയതിനെതിരെ നിയമനടപടി സ്വീകരിച്ചില്ല. | 1-25 |
| 82 | ഷോപ്പിംഗ് കോംപ്ലക്സ് ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ (ബേപ്പൂർ സോണൽ ഓഫീസ്) | 1-26 |
| 83 | കെട്ടിട നമ്പറിംഗ് പരിശോധന -മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-27-1 |
| 84 | കെട്ടിട നമ്പറിംഗ് പരിശോധന – ക്രമ പ്രകാരമല്ലാതെ നമ്പർ അനുവദിച്ചു. | 1-27-2 |
| 85 | ചട്ട പ്രകാരമുളള പ്ലാനുകൾ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്നില്ല.. | 1-27-3 |
| 86 | നഗരസഭ പരിധിയിൽ വഴി വിളക്ക് സ്ഥാപിക്കൽ - സാങ്കേതിക തടസ്സത്താൽ നഗരസഭക്ക് പ്രതിവർഷം ലക്ഷങ്ങളുടെ നഷ്ടം | 1-28 |
| 87 | തൊഴിൽനികുതി പരിശോധനയിൽ കണ്ട അപാകതകൾ | 1-29 |
| 88 | ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-30 |
| 89 | കോർപ്പറേഷൻ വക വസ്തുവകകൾ ലീസിന് അനുവദിക്കൽ - അപാകതകൾ. | 1-31 |
| 90 | വിനോദനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-32 |
| 91 | കരാർ ലംഘിച്ച് കോർപ്പറേഷൻ സ്ഥലത്ത് അനധികൃത നിർമ്മാണം നടത്തിയ വ്യക്തിക്ക് വീണ്ടും ലേലമുറപ്പിച്ചു നൽകി | 1-33 |
| 92 | റോഡ് കട്ടിംഗ് അപേക്ഷ പരിശോധിച്ച് കട്ടിംഗിന് ചാർജ് നിർണയിച്ചിട്ടും ചാർജ് ഈടാക്കി കട്ടിംഗിന് അനുമതി നൽകിയില്ല | 1-34 |
| 93 | കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് - വ്യാപകമായി പരസ്യപ്പെടുത്താതെ ലേലം നടത്തി - ലേലത്തുകയിൽ കുറവ് | 1-35 |
| 94 | എരഞ്ഞിപ്പാലം മത്സ്യ മാർക്കറ്റിന് സമീപം അനധികൃത മത്സ്യവ്യാപാരം - നടപടി സ്വീകരിക്കാത്തതിനാൽ മാർക്കറ്റ് ഫീ ഇനത്തിൽ വരുമാന നഷ്ടം | 1-36-1 |

| | | |
|---|---|---|
| 95 | മത്സ്യമാർക്കറ്റ് ലേലം - മത്സ്യവിൽപനക്കാരിൽ നിന്നും ലേല നിബന്ധനകൾ പ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല. | 1-36-2 |
| 96 | അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതെ മത്സ്യ ബീഫ് മാർക്കറ്റുകളിൽ ലേലനടപടികൾ കൈക്കൊണ്ടു - നഗരസഭയ്ക്ക് വരുമാന നഷ്ടം. | 1-36-3 |
| 97 | മത്സ്യമാർക്കറ്റ് /കംഫർട്ട് സ്റ്റേഷൻ ലേലം പൊതു അപാകതകൾ | 1-36-4 |
| 98 | സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകൽ. | 1-37 |
| 99 | ബസ് സ്റ്റാന്റ് ഫീ - കരാറുകാരനിൽ നിന്നും G.S.T. ഈടാക്കിയതിൽ കുറവ് | 1-38 |
| 100 | വാണിജ്യകെട്ടിടങ്ങളിൽ നിന്നും വാട്ടർചാർജിനത്തിൽ വൻതുക കുടിശ്ശിക | 1-39 |
| 101 | സ്വകാര്യ ആശുപത്രിയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-40 |
| 102 | ഞെളിയൻ പറമ്പ് പ്ലാന്റിലെ വളം വിൽപ്പന -തുകയുടെ കൃത്യത പരിശോധിക്കാനായി രേഖകൾ ലഭ്യമാക്കിയില്ല | 1-41 |
| 103 | ചെറുവണ്ണൂർ സോണൽ ഓഫീസ് 2022-23 വർഷത്തെ ഡി.സി.ബി. പരിശോധന : അപാകതകൾ | 1-42 |
| 104 | ഓഫീസ് ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-43 |
| 105 | മാലിന്യത്തിൽ നിന്നും ഊർജ ഉത്പാദനം - വർഷങ്ങൾ കഴിഞ്ഞിട്ടും പ്രാരംഭഘട്ട നടപടികൾ പോലും പൂർത്തീകരിക്കാതെ കരാർ സ്ഥാപനം | 1-44 |
| 106 | മരാമത്ത് പ്രവൃത്തി നടത്തിപ്പിലെ പൊതു അപാകതകൾ | 1-45 |
| 107 | നിർമ്മാണം പൂർത്തീകരിച്ചിട്ടും ഗുണഭോക്താക്കൾക്ക് കൈമാറാനാവാതെ വള്ളേ്യക്കാട്ട് കോളനി ഭവനസമുച്ചയം | 1-46 |
| 108 | അമൃത് പദ്ധതി -മാനാഞ്ചിറ സ്ക്വയറിന്റെ നവീകരണം -വീഴ്ച വരുത്തിയ കരാറുകാരനെതിരെയുള്ള നടപടി പൂർത്തീകരിച്ചില്ല | 1-47 |
| 109 | കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കൽ - കരാർ സ്ഥാപനത്തിന് ഫൈനൽ ബിൽ അനുവദിച്ചതിൽ അപാകത | 1-48 |
| 110 | കീഴ്‌വലത്ത് താഴ കുടിവെള്ളപദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി നിർവഹണത്തിലെ അപാകത. | 1-49 |
| 111 | ജി.എൽ.പി.സ്കൂൾ കച്ചേരി മേൽക്കൂരമാറ്റൽ -സാങ്കേതികാനുമതി ലഭിച്ച തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു. | 1-50 |
| 112 | ഓഫീസ് നവീകരണം - സെന്റേജ് ചാർജ്ജ് അധികം നൽകി | 1-51 |
| 113 | ഉറവിടമാലിന്യ സംസ്കരണ പ്രൊജക്ടുകൾക്കായി വകയിരുത്തിയ കോടികൾ ചെലവഴിക്കപ്പെട്ടില്ല | 1-52 |
| 114 | വിടുതൽ ചെയ്തുപോകുന്ന താൽകാലിക ഡോക്ടർമാർക്ക് പകരം ഡോക്ടർമാരെ നിയമിക്കാത്തതിനാൽ സായാഹ്ന ഒ .പി.കൾ നിലക്കുന്നു | 1-53 |
| 115 | ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യ വികസനം -പ്രൊജക്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല | 1-54 |

| | | |
|---|---|---|
| 116 | സ്പിൽ ഓവർ പ്രൊജക്ട് - അംഗീകാരം വാങ്ങാതെ പദ്ധതിയിൽ മാറ്റം വരുത്തി, നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല | 1-55 |
| 117 | ജന്തു ജലജന്യ രോഗനിവാരണം ഉൽപന്നത്തിന് സ്ഥാപനം ക്വാട്ട് ചെയ്തതിൽ കൂടുതൽ തുക അനുവദിച്ചു | 1-56 |
| 118 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാഉപകരണങ്ങളും യൂണിഫോമും- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-57 |
| 119 | അലോപ്പതി മരുന്നുകൾക്കായി മെഡിക്കൽ സർവീസ് കോർപ്പറേഷന് അടവാക്കിയ തുകയിൽ ലക്ഷങ്ങളുടെ മരുന്നുകൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും | 1-58 |
| 120 | എ.ബി.സി. പദ്ധതി 2022-23 മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയ തുകയ്ക്ക്  മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-58-1 |
| 121 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല | 1-58-2 |
| 122 | ജീവതാളം പ്രോജക്ട് -വ്യക്തമായ ആസൂത്രണമില്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല. | 1-59 |
| 123 | ഓടകളിൽ നിന്ന് ചളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-60 |
| 124 | ഹരിതകർമ്മസേനക്ക് വാഹനവാടക നൽകിയതിന് സുതാര്യതയില്ല | 1-61 |
| 125 | കോമൺ കിച്ചൺ-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-62 |
| 126 | വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് ഉറപ്പുവരുത്തിയില്ല. | 1-63 |
| 127 | വനിതകൾക്കായി സൈക്കിൾ കേന്ദ്രങ്ങൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-64 |
| 128 | വ്യക്തിഗത തൊഴിൽ സംരംഭം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-65 |
| 129 | അങ്കണവാടികളുടെ നെയിംബോർഡ് - വനിത ശിശു വികസന വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. പ്ലാൻ ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് വിഹിതം എന്നിവ ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കി | 1-66 |
| 130 | അനുപൂരക പോഷകാഹാരം - GST (TDS) ഈടാക്കിയില്ല | 1-67 |
| 131 | മിശ്രവിവാഹ ധനസഹായം - സേവനം നൽകുന്ന നടപടികളിൽ സങ്കീർണ്ണത | 1-68 |
| 132 | ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം- മാർഗ രേഖയിൽ അംഗീകരിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചു. | 1-69 |
| 133 | വനിതാ ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ | 1-70 |
| 134 | കൃത്യതയില്ലാതെ എസ്.എസ്.കെ.വിഹിതം കൈമാറി- SCPഫണ്ട് | 1-71 |

| | | |
|---|---|---|
| | വകമാറ്റപ്പെടുന്നു | |
| 135 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-72 |
| 136 | പട്ടികജാതി വികസന ഓഫീസിന് അടിസ്ഥാന സൗകര്യമൊരുക്കാൻ എസ്.സി.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു | 1-73 |
| 137 | ഡിഗ്രിതലം മുതൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം.പ്രൊജക്ട് നടത്തിപ്പിൽ അപാകത. | 1-74 |
| 138 | പഠനമുറി, വീട് റിപ്പയർ പ്രവൃത്തികൾ വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കപ്പെടുന്നില്ല. | 1-75 |
| 139 | സ്കൂളുകളുടെ ആധുനിക വത്കരണം - ക്ലാസ് റൂമുകൾ സ്മാർട്ടാക്കാൻ തുടർ നടപടികളില്ല | 1-76 |
| 140 | ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലേക്ക് സാങ്കേതിക ജീവനക്കാരെ നിയമിക്കൽ - നഗരസഭയുടെ അനാസ്ഥ കാരണം ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെ നശിക്കുന്നു | 1-77 |
| 141 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-78 |
| 142 | ജല അതോറിറ്റി മുഖേന ഗാർഹിക കുടിവെള്ള കണക്ഷൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-79 |
| 143 | ലാന്റ് അകിസിഷന് പണം നൽകൽ-കൃത്യമായ കണക്കോ രേഖകളോ ഇല്ലാതെ കോടികൾ കൈമാറുന്നു | 1-80 |
| 144 | ഫിഷറീസ്  ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-81 |
| 145 | ദുരന്തനിവാരണ പ്രവർത്തകർക്ക് പരിശീലനം - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-82 |
| 146 | ഓഫീസ് ആവശ്യത്തിന് ലാപ്പ്ടോപ്പ്, ഡെസ്ക്ടോപ്പ് വാങ്ങൽ : അപാകതകൾ | 1-83 |
| 147 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - നാല് വർഷം കഴിഞ്ഞിട്ടും പ്രൊജക്ട് ലക്ഷ്യം കണ്ടില്ല | 1-84 |
| 148 | വജ്ര ജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം-മുഴുവൻ ചെലവ് തുകകളും ഹാജരാക്കിയില്ല | 1-85 |
| 149 | ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് - ഹാജരാക്കിയില്ല | 1-86 |
| 150 | ഡെപ്പോസിറ്റ് വർക്ക് - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നില്ല | 1-87 |
| 151 | വിവിധ പ്രവൃത്തികൾക്ക് ഡെപോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും | 1-88 |
| 152 | കേരളോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-89 |
| 153 | നഗരസഭാ ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നില്ല. | 1-90 |
| 154 | കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ - പരിപാലിക്കുന്നതിൽ വീഴ്ച. | 1-91 |

| | | |
|---|---|---|
| 155 | സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ വിവാഹധനസഹായം - അപാകതകൾ | 1-92 |
| 156 | ടേക്ക് എ ബ്രേക്ക് - പദ്ധതി നടത്തിപ്പ് അവലോകനം | 1-93 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കൽ - കരാർ സ്ഥാപനത്തിന് ഫൈനൽ ബിൽ അനുവദിച്ചതിൽ അപാകത | 3-1 |
| 2 | ജന്തു ജലജന്യ രോഗനിവാരണം ഉൽപന്നത്തിന് സ്ഥാപനം കപാട്ട് ചെയ്തതിൽ കൂടുതൽ തുക അനുവദിച്ചു | 3-2 |
| 3 | ജി.എൽ.പി.സ്കൂൾ കച്ചേരി മേൽക്കൂരമാറ്റൽ -സാങ്കേതികാനുമതി ലഭിച്ച തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു. | 3-3 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 5 | അമൃത് പദ്ധതി -മാനാഞ്ചിറ സ്ക്വയറിന്റെ നവീകരണം -കാരണം കാണിക്കാതെ വർക്ക് റീടെണ്ടർ ചെയ്തതുമൂലം അധികചെലവ് | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് - സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/3/2023 തിയ്യതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.07.2023 തിയ്യതിയിലെ 1ാം നം തീരുമാനം അംഗീകരിച്ച് 31.07.2023 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും , അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ആക്ട് 1994 ,കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 ,11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ നിർദ്ദേശങ്ങൾ , ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകളും, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

കോഴിക്കോട്

തീയതി:30-12-2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ബാലൻസ് ഷീറ്റ് -ഡെപ്പോസിറ്റ് തുകകളിൽ വ്യത്യാസം

2021-22 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് തുകകൾ 32,95,56,834/- രൂപയാണ്. 2022-23 RP-27 പ്രകാരം തൻ വർഷ വരവ് 3,51,10,108/- രൂപയും തൻ വർഷ ചെലവ് 41,31,704/- രൂപയുമാണ്. ഇത് പ്രകാരം 2022-23 ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരം 36,05,35,238/- (32,95,56,834+3,51,10,108-41,31,704)രൂപയാണ് ബാധ്യതയായി ഉണ്ടാകേണ്ടത്. എന്നാൽ പ്രസ്തുത ഷെഡ്യൂൾ പ്രകാരം 35,71,38,865/- രൂപയാണുള്ളത്. 33,96,373/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-3 ലൈബ്രറി സെസ്സ്- ബാലൻസ് ഷീറ്റിൽ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബാലൻസ് ഷീറ്റ് 2021-22 B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ ബാധ്യത 2,34,60,581/- രൂപയാണ്. 2021-22-ലെ B9+2022-23 ലെ RP29 Receipt – RP29 Payment എന്നത് 2022-23 B-9 പ്രകാരമുള്ള തുകയ്ക്ക് തുല്യമായിരിക്കും. 2022-23 വാർഷികകണക്ക് പരിശോധിച്ചതിൽ ഈയിനത്തിൽ 39,400/- രൂപയുടെ വ്യത്യാസം കാണുന്നു. (23460581+22839330-7947527, B-9(2022-23 Library Cess-38391784/-)) വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-4 Rent Receivable From Civic Amenities ഡിമാന്റ് -കുടിശ്ശിക തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

Rent Receivable From Civic Amenities 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക Current 41392339/-, Arrear 60730283.44/- ഉൾപ്പടെ 102122622.44/- രൂപയാണ്. 2022-23 Income And Expenditure പ്രകാരം ഡിമാൻഡ് 16,38,60,295/-. Receipt And Payment പ്രകാരം കുടിശ്ശികയുൾപ്പടെ ആകെ വരവ് 13,48,74,662/- രൂപയാണ്. ഈ ഇനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്ന തുക 13,11,08,255/-രൂപയാണ്(കുടിശ്ശിക ഉൾപ്പടെ). എന്നാൽ 2022-23 ബാലൻസ് ഷീറ്റ് B-15പ്രകാരം പിരിച്ചെടുക്കാനവശേഷിക്കുന്ന തുക കുടിശ്ശികയുൾപ്പടെ 12,71,96,159/-രൂപയാണ്. 39,12,096/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ , റീകൺസീലിയേഷൻ പരിശോധനക്ക് ഹാജരാക്കാത്തത്.

Receipt & Payment പത്രികയിൽ RP 40(a), 40(b) Scheduleകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ/സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യതയും റീകൺസിലിയേഷന്റെ കൃത്യതയും ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | ബാങ്ക് അക്കൗണ്ട് /ട്രഷറി അക്കൗണ്ട് നം |
|---|---|---|
| 1 | 450210140 | ICICI Online Rent On Building73030100040 |
| 2 | 450210300 | Syndicate Bank 44003070001101(Escro) |
| 3 | 450210500 | PNB Office Computerisation105435365 |
| 4 | 450210600 | PNB Salary Account 1423000105436018 |
| 5 | 450210800 | SBI Manal- Elathur Zonal 31283971081 |
| 6 | 450210900 | SBI-Pavangad-Elathur Zonal Office-10457892586 |
| 7 | 450220200 | SBT-Literacy-Cheruvannur Zonal 57005646627 |

| | | |
|---|---|---|
| 8 | 450220300 | Bank Of India Beypore 105348 |
| 9 | 450220400 | Elathur Zonal-SBI Other Accounts |
| 10 | 450220500 | Elathur Zonal – PYKKA 67092113282 |
| 11 | 450220600 | SBT CDA Pension 67331316002 |
| 12 | 450220700 | PNB CDA MP Fund 5446954 |
| 13 | 450220900 | SBI CDA Epayment 67262571615 |
| 14 | 450230100 | Beypore Service Co-Op Bank 20000443 |
| 15 | 450230200 | Feroke Service Co-Op Bank 350000049 |
| 16 | 450230300 | Scheduled Co-Op Bank |
| 17 | 450230400 | Elathur Zonal -Karannur SCB 20 |
| 18 | 450410300 | SBT 67228366288 Ayyankali |
| 19 | 450410800 | SBT Disaster Management 67117605373 |
| 20 | 450420300 | PNB 1423000105458108 Road Reformation AMRUT |
| 21 | 450610100 | SBT A/C NSAP 57023898062 |
| 22 | 450610130 | Indian Bank 7197480660 |
| 23 | 450610200 | PNB 2100110955 IHSDP |
| 24 | 450250100 | MCF A/C I Own Fund &General Purpose Fund |
| 25 | 450250200 | PD-1 |
| 26 | 450250300 | VPF 1-Cheruvannur Zonal |
| 27 | 450450100 | TPA 98 Regular Pension |
| 28 | 450250200 | TPA 133 Contigent Pension |
| 29 | 450450300 | TPA 137 Provident Fund |
| 30 | 450450400 | TPA 210 CA GPF |
| 31 | 450450500 | TPA 211 CDA Pension |
| 32 | 450650100 | MF/MCFII(a)Development Fund (General) |
| 33 | 450650101 | MF/MCFII(a)Development Fund (SCP) |
| 34 | 450650200 | MF/MCF A/C III Maintenance Fund |
| 35 | 450650300 | MCFAIV-13 Th FINANCE COMMISSION GRANT |
| 36 | 450650400 | Duplicate Bank Account |
| 37 | 450650500 | TPA123-CDASpecial Fund |

ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്ത അവസ്ഥ നഗരസഭാതലത്തിലുള്ള അക്കൗണ്ടിംഗ്/റീകൺസിലിയേഷൻ നടപടികളിലെ കൃത്യതയില്ലായ്മ വെളിപ്പെടുത്തുന്നു. കൂടാതെ, സ്റ്റേറ്റ്മെന്റ് ഹാജരാക്കിയ ഏതാനും അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ ഏത് സമയവും ആർക്കും Edit ചെയ്യാവുന്ന Wordprocessor(.odt), Excel Format-ൽ ഉള്ളതാണ്.ഉദാഹരണം അമൃത് മിഷന്റെ ഇന്ത്യൻ ബാങ്ക് അക്കൗണ്ട്(നം. 7032582923), SBT Own Fund(57023867271) ഇത് അംഗീകരിക്കാവുന്നതല്ല. മേൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ എന്നിവ അടിയന്തരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-6 ലൈസൻസ് ഫീ- ഡിമാൻഡ് തുകയെക്കാൾ അധികം വരവ്

ലൈസൻസ് ഫീ ഡിമാൻഡ് I-4b പ്രകാരം 4,00,02,000/-, വരവ്- 1,68,70,872/-, അഡ്വാൻസ് കലക്ഷൻ 4,00,64,340/-. ഇത് പ്രകാരം ഡിമാൻഡ് തുകയേക്കാൾ 16933212/-രൂപ അധികം വരവുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം 6,36,815/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദീകരിക്കേണ്ടതാണ്.

1-1-7 വരവ് ചെലവ് തുകകളിൽ വ്യത്യാസം

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാന്വൽ ഖണ്ഡിക 27. 48-a(1) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ, യഥാർത്ഥ വരവ് തന്നെ വരുമാനമായി കണക്കാക്കുന്ന ചുവടെ ചേർക്കുന്ന ഇനങ്ങളുടെ Income & Expenditure Statement, Receipt And Payment Statement എന്നിവയിലെ തുകകൾ ഒന്നു തന്നെ ആയിരിക്കണം. എന്നാൽ താഴെ കൊടുത്ത ഇനങ്ങളുടെ വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Sl.No | Code | Item | Income & Expenditure | Receipt & Payment | Difference |
|---|---|---|---|---|---|
| 1 | 110100200 | Profession Tax(Employees) (I-1), (RP-1) | 14,54,75,222/- | 14,29,07,872/- | 25,67,350/- |
| 2 | 130100200 | Rent From Town Hall (I-3), (RP-3) | 33,97,212/- | 35,22,932/- | 1,25,720/- |
| 3 | 130200100 | Rent From Staff Quarters(I-3),(RP-3) | 4,79,515/- | 3,48,157/- | 1,31,358/- |
| 4 | 140500900 | Public Sanitation Charges (I-4b), (RP-5) | 12,01,153/- | 1,11,23,777 | 77,376/- |
| 5 | 140501000 | Market Fee(I-4b), (RP-5) | 26,72,128/- | 9,58,527/- | 17,13,601/- |
| 6 | 140501100 | Busstand Fees(I-4b), (RP-5) | 57,77,971/- | 25,22,471 | 32,55,500/- |
| 7 | 140501600 | Lorry,Taxi, Auto And Other Vehicle Stand Fees (I-4b), (RP-5) | 1,16,49,911/- | 73,72,835/- | 42,77,076/- |
| 8 | 140509900 | Other User Charges (I-4b), (RP-5) | 11,07,401/- | 7,45,996/- | 3,61,405/- |
| 9 | 140200200 | Penal Interest (I-4b), (RP-5) | 2,32,44,288/- | 2,32,40,066/- | 4,222/- |

| | | | | | |
|---|---|---|---|---|---|
| 10 | 150120200 | Sale Of Scrap (I-5(b), RP-5) | 8,64,519/- | 8,60,159/- | 4,360/- |
| 11 | 180400100 | Recovery From Employees (I-9, RP-9) | 56,10,965/- | 48,79,515/- | 7,31,450/- |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്. പ്രസ്തുത ഇനങ്ങളിലെ Income And Expenditure, Receipt And Payment ഇനങ്ങളിലെ വ്യത്യാസം ക്രമീകരിച്ച് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഏത് ഹെഡ്ഡിൽ ആണെന്നതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

1-1-8 അയ്യങ്കാളി പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് പ്രകാരം അയ്യങ്കാളി പദ്ധതിയുടെ മുന്നിരിപ്പ് , വരവ്, ചെലവ് എന്നിവ യഥാക്രമം 3055772/-; 18433795/-; 20960855/- എന്നിങ്ങനെയാണ്( ട്രയൽ ബാലൻസ് ലഡ്ജർ പ്രകാരം (ഹെഡ് കോഡ് 450420500)കാണുക). ഇത് സ്ഥാപനം ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ യഥാക്രമം 2126607/-; 29535516/-; 3,11,33,412/- എന്നിങ്ങനെയാണ്.

1-1-9 റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് യഥാവിധി തയ്യാറാക്കിയില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 53 പ്രകാരം നഗരസഭയുടെ ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലുകൾ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുമായും ക്ലോസിങ് ബാലൻസുമായും ഒത്തുനോക്കി ഒരു മാസാന്ത്യ റീകൺസിലിയേഷൻ പത്രിക തൊട്ടടുത്ത മാസം ഏഴാം തീയതിക്ക് മുമ്പേ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപ്രകാരം നഗരസഭയുടെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സമയപരിധിക്കകം തയ്യാറാക്കുകയോ ഓഡിറ്റിന് നൽകുകയോ ചെയ്യുന്നില്ല. ആയതിനാൽ പണം വരവുകളുടെയും പിൻവലിക്കലുകളുടെയും കൃത്യത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു. വാർഷിക റീക്കൺസിലിയേഷൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ബാങ്ക് ബുക്കിൽ വരവും ചെലവും യഥാസമയം രേഖപ്പെടുത്തേണ്ടതും ബാങ്ക് ബുക്കും, ബാങ്ക് സ്റ്റേറ്റുമെന്റുകളും പ്രതിമാസ റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകളും സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

റീക്കൺസീലിയേഷൻ പത്രിക ലഭ്യമാക്കിയില്ല.

താഴെ കൊടുത്ത അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് കോഡ് | അക്കൗണ്ട് നം. | ബാങ്കിന്റെ പേര് |
|---|---|---|---|
| 1 | 450210160 | 38131 | PNB Regular Pension |
| 2 | 450210300 | 44003070001101(ESCRO) | Syndicate Bank Escro |
| 3 | 450210500 | 105435365 | PNB Office Computerisation |
| 4 | 450210900 | 10457892586 | SBI Elathur Zonal |
| 5 | 450220200 | 57005646627 | SBI Literacy Cheruvannur Zonal |
| 6 | 450220300 | 105348 | Bank Of India Beypore |
| 7 | 450220400 | - | SBI Other Accounts |
| 8 | 450220500 | 67092113282 | Pykka- Elathur Zonal |
| 9 | 450230100 | 20000443 | Beypore Service Co-Op Bank |

| | | | |
|---|---|---|---|
| 10 | 450230300 | - | Scheduled Co-Op Bank |
| 11 | 450230400 | - | Karannur Service Co-Op Bank Elathur Zonal |
| 12 | 450250100 | - | MCF A/c I Own Fund |
| 13 | 450250200 | - | PD I |
| 14 | 450250300 | - | VPFI Cheruvannur Zonal |
| 15 | 450410800 | 67117605373 | SBI Disaster Management |
| 16 | 450450300 | 137 | TPA-137 Provident Fund |
| 17 | 450450400 | 210 | TPA-210 CDA |
| 18 | 450450500 | 211 | TPA-211 CDA Pension |
| 19 | 450610100 | 57023898062 | SBI NSAP |
| 23 | 450610130 | 7197480660 | Indian Bank |
| 24 | 450610200 | 2100110955 | PNB-IHSDP |

1-1-10 TSB Own Fund - റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ വ്യത്യാസം രേഖപ്പെടുത്തിയില്ല

TSB Own Fund അക്കൗണ്ടിൽ, വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 6,22,960/- രൂപയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 6,13,363/- രൂപയുമാണ്.9,597/- രൂപയുടെ വ്യത്യാസം റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

1-1-11 റീകൺസീലിയേഷൻ - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

HDFC A/C No. 50100410617910 അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 3,19,13,3001/-രൂപയും വാർഷികധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 29,70,60,650/-രൂപയുമാണ്.എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 31,54,87,667/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-12 ഇ പേയ്മെന്റ് അക്കൗണ്ട് - ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

PNB E Payment 105460769 നമ്പർ അക്കൗണ്ടിൽ ബാങ്ക് ബുക്ക്, വാർഷികകണക്ക് എന്നിവ പ്രകാരം നീക്കിയിരിപ്പ് 3,52,34,685/-പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 3,52,67,645.99. (19.01.2023 ). റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത് 3,52,34,686.99/- രൂപ. 31.03.2023 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

1-1-13 ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരുന്ന വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

റീക്കൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നേരിട്ടു വരവു വന്ന തുകകൾ വാർഷിക കണക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് | വരവ് വന്ന തുക | വരവ് വന്ന തീയതി |
|---|---|---|---|---|
| 1 | 1423000100069547 | PNB | 2,28,396/- | 30.04.2008 |
| 2 | 14230001054436018 | PNB | 56,266/- | 06.06.2022 |
| | | | 21,248/- | 04.09.2022 |
| | | | 14,059/- | 05.12.2022 |
| 3 | 1423000105445089 | PNB | 2,03,697/- | 07.04.2022 |
| 4 | 339802010118529 | UBI | 1,31,156/- | 21.06.2022 |

ബാങ്കിൽ നേരിട്ടു വരവു വന്ന മേൽ തുകകൾ കൂടി ഉൾപ്പെടുത്തിയാണ് റീക്കൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ വരവുകൾ കോർപ്പറേഷന് അർഹതപ്പെട്ടതാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി ബന്ധപ്പെട്ട ശീർഷകത്തിൽ വരവ് വെയ്ക്കേണ്ടതാണ്.

1-1-14 ചെക്കുകൾ മാറാതെ ശേഷിക്കുന്നു.

SBT തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 67109350615) നിന്നും നഗരസഭ 01.04.2022 മുതൽ 31.12.2022 വരെ ഇഷ്യൂ (Cheque Issued But Not Presented Into Bank )ചെയ്ത 23 ചെക്കുകൾ പ്രകാരമുള്ള 16,36,813/- രൂപ കലക്ഷൻ ആവാൻ ശേഷിക്കുന്നു(റീകൺസിലിയേഷൻ പത്രിക പ്രകാരം). ആയത് പരിശോധിച്ച് മേൽ ചെക്കുകളെല്ലാം പണമായി മാറി എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കാലാവധി കഴിഞ്ഞ മേൽതുകയുടെ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 254585 | 01.04.2022 | 12,44,037 |
| 2 | 254264 | 26.04.2022 | 570 |
| 3 | 538559 | 07.06.2022 | 2,677 |
| 4 | 538857 | 16.06.2022 | 1,744 |
| 5 | 538932 | 24.06.2022 | 722 |
| 6 | 538939 | 27.06.2022 | 525 |
| 7 | 769277 | 07.07.2022 | 3,480 |
| 8 | 769320 | 14.07.2022 | 5,000 |
| 9 | 036579 | 17.10.2022 | 602 |
| 10 | 036681 | 31.10.2022 | 2,000 |
| 11 | | | 600 |
| 12 | | | 4,000 |
| 13 | 036683 | 31.10.2022 | 125 |

| | | | |
|---|---|---|---|
| 14 | 036754 | 07.11.2022 | 1,000 |
| 15 | 036755 | 07.11.2022 | 1,17,050 |
| 16 | 036686 | 01.11.2022 | 60,302 |
| 17 | 769677 | 21.11.2022 | 709 |
| 18 | 769726 | 30.11.2022 | 800 |
| 19 | 769735 | 01.12.2022 | 1,87,500 |
| 20 | 769762 | 03.12.2022 | 570 |
| 21 | 368784 | 09.12.2022 | 1,000 |
| 22 | 368825 | 15.12.2022 | 1,000 |
| 23 | 368936 | 30.12.2022 | 800 |
| | | | 16,36,813 |

കാലാവധി കഴിഞ്ഞ മേൽ തുകയുടെ ചെക്കുകൾ, മാർച്ച് 2023 റീക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള, കാലാവധി കഴിഞ്ഞ മുഴുവൻ ചെക്കുകളും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

1-1-15 ചെക്ക് കളക്ഷനാവാത്തത്.

SBT തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 67109350615) റീക്കൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Collected ആയി 2,10,86,478.79രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ കൊടുത്ത ചെക്കുകൾ ഒരു വർഷം കഴിഞ്ഞ് ഓഡിറ്റ് തീയതിവരെയും കളക്ഷനായതായി കാണുന്നില്ല. (റീക്കൺസിലേയേഷൻ പത്രിക പ്രകാരം)

| ചെക്ക് നമ്പർ & തീയതി | തുക |
|---|---|
| 502004/08.01.2021 | 31,519/- |
| 167368/02.08.2021 | 20,000/- |
| 362787/29.07.2021 | 33,750/- |
| 3211852/25.10.2021 | 22,550/- |

| | |
|---|---|
| 752331/23.02.2022 | 1,00,000/- |
| 084576/17.03.2022 | 203697/- |
| 084576/17.03.2022 | 11,440/- |
| ആകെ | 422956/- |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-1-16 Cheques Deposited But Not Collected - വിശദാംശങ്ങൾ ലഭ്യമല്ല.

SBT(Own Fund)67109350615 അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Collected ആയി 2,10,86,478.79 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ 88,30,193/- രൂപയുടെ ചെക്കുകൾ ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ(Particulars) ഉൾപ്പെടുത്തിയിട്ടില്ല.

1-1-17 വാർഷിക ധനകാര്യ പത്രിക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി യോജിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ, വികസനഫണ്ട്-ജനറൽ, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied), മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) എന്നിവ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ടിനം | എ.സി.ആർ പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസനഫണ്ട്-ജനറൽ | 86,76,63,800/- | 86,70,48,430/- | 6,15,370/- |
| 2 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied) | 21,85,05,046/- | (RP-6) 7,50,31,027/-<br>(RP-24) 43,83,75,659/- | 29,49,01,640/- |
| 3 | മെയിന്റനൻസ് ഫണ്ട്( റോഡ്) | 15,43,59,472/- | 15,26,15,005/- | 17,44,467/- |

കാരണം വിശദീകരിക്കേണ്ടതാണ്

1-1-18 റിക്കവറി ഇനത്തിലെ തുകകൾ തമ്മിൽ വ്യത്യാസം

വാർഷികകണക്കിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 12005 രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്(RP-29 കാണുക. ഹെഡ് കോഡ് 350200125). ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. 2021-22വർഷത്തെ വാർഷികകണക്ക് B9 – ഷെഡ്യൂളിലെ Recovery Payables – Audit Recovery ഇനത്തിൽ 62,734 രൂപയാണ് ഈ ഇനത്തിലെ ബാധ്യത. എന്നാൽ 2022-23 ബി9 ഷെഡ്യൂൾ പ്രകാരം 195667/- രൂപ. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-19 ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

A) Loan From State Govt

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-6 -ൽ Loan From State Govt. ഇനത്തിൽ 23,65,45,898/-രൂപ ബാധ്യതയുണ്ട്. ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 2021-22 ലും ഇതേ തുക ബാധ്യതയായി നിലനിൽക്കുന്നുണ്ട്. എന്നാൽ 2022-23

സാമ്പത്തിക വർഷത്തെ പ്രൊജക്ട് 1643/23, 1644/23 എന്നിവ പ്രകാരം വായ്പ തിരിച്ചടവ് ഇനത്തിൽ മൊത്തം 29,89,02,173/-രൂപ അമൃത് മിഷൻ ഡയറക്ടർക്ക് 30.03.2023, 31.03.2023 തീയതികളിലായി സർക്കാർ ഉത്തരവ് പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്. തിരികെ അടവാക്കിയ തുക വാർഷികധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

B)KURDFC ലോൺ - പരിശോധനക്ക് രേഖകൾ ലഭ്യമാക്കിയില്ല.

വാർഷികകണക്ക് B-5 ,ഷെഡ്യൂൾ പ്രകാരം KURDFC ലോൺ ഇനത്തിൽ 2022-23 വർഷത്തിൽ 18,15,73,335/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്(2021-22 ൽ 19,82,20,001/-). ഷെഡ്യൂൾ RP-25 പ്രകാരം 1,40,000/- രൂപ തിരിച്ചടവാക്കിയിട്ടുണ്ട്. ഇത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ലോൺ തുകയുടെയും , ലോൺ തിരിച്ചടവാക്കിയതിന്റെയും ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂൾ പ്രകാരം 5,57,98,24,838.67രൂപ മൂല്യമുള്ള സ്ഥിര ആസ്തികൾ നഗരസഭയ്ക്ക് ഉള്ളതായി കാണുന്നു. ബാലൻസ് ഷീറ്റിൽ B3 എന്നത് B11-ഉം B11(a)-യും ചേർന്ന തുകയാണ്. B3 = 4,75,18,74,774/-; B11=5579824838.67, B11(a) = Nil ; വ്യത്യാസം 827950064.67/-. തനത്ഫണ്ട്/മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ആസ്തികൾ സ്ഥിരം ആസ്തിയിലേക്ക് ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കാത്തതും ആണ് ഈ വ്യത്യാസത്തിന് കാരണംഎന്ന് കാണുന്നു. ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ലയെന്നതിനാൽ വിവരങ്ങൾ പരിശോധിക്കാനായിട്ടില്ല.ആസ്തികളുടെ വർഷം തിരിച്ച് മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കേണ്ടതാണ്.

1-1-21 ഡെപ്പോസിറ്റ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ റസീപ്റ്റ് & പെയ്മെന്റിലെ RP-27 ഷെഡ്യൂൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. 2021-22 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് തുകകൾ 32,95,56,834/- രൂപയാണ്. 2022-23 RP-27 പ്രകാരം തൻ വർഷ വരവ് 3,51,10,108/- രൂപയും തൻ വർഷ ചെലവ് 41,31,704/- രൂപയുമാണ്. ഇത് പ്രകാരം 2022-23 ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 36,05,35,238/- (32,95,56,834+3,51,10,108-41,31,704)രൂപയാണ് ബാധ്യതയായി ഉണ്ടാകേണ്ടത്. എന്നാൽ പ്രസ്തുത ഷെഡ്യൂൾ പ്രകാരം 35,71,38,865/- രൂപയാണുള്ളത്. 33,96,373/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-22 രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ

1.തനത് ഫണ്ട് അക്കൗണ്ടിന്റെ എ.സി.ആർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ച ഫണ്ടുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ പ്രകാരം 12,04,93,831/- രൂപ ക്ലോസിംഗ് സ്റ്റോക്ക് കാണിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററുകളോ ഹാജരാക്കിയിട്ടില്ല. 430800200 പ്രകാരമുള്ള Purchase Of Material-Others ഇനത്തിലെ തുക ഒഴികെ വർഷങ്ങളായി ഒരേ തുക തന്നെയാണ് ഈയിനങ്ങളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തി വരുന്നത്.

3. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് കൊണ്ട് ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ റസീപ്റ്റ് & പെയ്മെന്റിലെ RP-41 ഷെഡ്യൂൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ പരിശോധനയ്ക്ക് വിധേയമാക്കാനായിട്ടില്ല.

4. സാമൂഹ്യക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ(ബി ഫണ്ട്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ വാർഷികകണക്കിലെ ഇതേ ശീർഷകത്തിലെ തുകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | വ്യത്യാസം |
|---|---|---|---|---|
| | | ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം | |
| 1 | കർഷകതൊഴിലാളി പെൻഷൻ | 9,46,77,400 | 57,59,800 | 8,89,17,600 |
| 2 | വിധവാപെൻഷൻ | 42,43,34,000 | 24,74,55,200 | 17,68,78,800 |
| 3 | വാർദ്ധക്യകാലപെൻഷൻ | 72,99,34,800 | 42,44,44,000 | 30,54,90,800 |
| 4 | വികലാംഗപെൻഷൻ | 9,48,72,400 | 5,52,07,700 | 3,96,64,700 |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,06,98,800 | 3,53,68,300 | 2,53,30,500 |

വാർഷികകണക്ക് ഷെഡ്യൂൾ I-6 പ്രകാരമുള്ള Unemployment Allowance-720/-, Financial Help For Widows Daughters Marriage -3540000/-, Financial Help For Intercaste Marriage-360000/- എന്നീ ഇനങ്ങൾ റസീപ്റ്റ് ആന്റ് പെയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

5. ബി-15 ഷെഡ്യൂൾ പ്രകാരം Other Receivable (Current) 28,12,02,821/- , Arrear 1,57,26,81,740/- ആകെ 185,38,84,561/-രൂപ. ഇവയുടെ ആധികാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-23 Prior Period Item - രേഖകൾ ഹാജരാക്കിയില്ല.

Income And Expenditure ഷെഡ്യൂൾ I-18 പ്രകാരമുള്ള Prior Period ഇനങ്ങളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകൾ, തുകകളുടെ കൃത്യത ഉറപ്പാക്കുവാനുള്ള രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഉദാ:-

| Code No | Particilars | Current Year Amount |
|---|---|---|
| 280100100 | Prior Period Income-Property Tax(General) | 7,00,274/- |
| 280100110 | Prior Period Income - Service Cess | (6,73,436) |
| 280100600 | Prior Period Income - Profession Tax- Institutions/ Professionals/Traders | (14,11,595) |
| 280200401 | Prior Period Income - Licence Fees | (40,266) |
| 280209900 | Prior Period Income-Other Income | 5,80,221/- |
| 280800300 | Prior Period Income-Operations And Maintenance Expenses | 3,25,805/- |
| 280300100 | Recovery Of Revenues - Written Of Other Taxes | (50,000) |

1-1-24 കുടിശ്ശികകൾക്ക് ആവശ്യമായ പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.

B-15 ഷെഡ്യൂളിൽ Sundry Debitors (Receivables) ആയി 2343229488.27രൂപ കാണിച്ചിരിക്കുന്നു. ഇവയുടെയൊന്നും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള കുടിശ്ശിക തുകകൾക്ക് ആവശ്യമായ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-25 നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നു.

വാർഷികകണക്കിൽ നീക്കിയിരിപ്പ് "0" (Zero Balance) ആയ അക്കൗണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഇടപാടുകൾ ഇല്ലാത്ത എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്. വാർഷികകണക്കിൽ നിന്നും ആയവ ഒഴിവാക്കുന്നതിന് നിലവിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഐ.കെ.എം-മായി ബന്ധപ്പെട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-26 ബാലൻസ് ഷീറ്റ് - സ്ഥിരനിക്ഷേപ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 2,96,67,048/-രൂപ നഗരസഭയ്ക്ക് നീക്കിയിരിപ്പുണ്ട്.

| | | |
|---|---|---|
| 420500100 | Investment- Equity Shares | 2,02,50,000/-<br>(2018-19 AFS മുതൽ) |
| 420800100 | Fixed Deposits | 94,17,048/- |
| | | 2,96,67,048/- |

ഷെയർ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഓഡിറ്റിനായി ലഭ്യമാക്കിയ 2020-21 വാർഷികകണക്കുകളിലെ സ്ഥിരനിക്ഷേപ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| Investment | OB | Deposit | Total | Withdrawal | CB (ഷെഡ്യൂൾ B-12 പ്രകാരം) |
|---|---|---|---|---|---|
| 420500100 Equity Shares | 2,02,50,000/- | - | 2,02,50,000/- | - | 2,02,50,000/- |
| 420800100 Fixed Deposit | 92,87,561/- | 1,93,855/- (പലിശവരവ്-RP-7) | 94,81,416/- | - | 94,17,048/- |
| Total | | | 2,97,31,416/- | | 2,96,67,048/- |

മേൽ കണക്കുകൾ പ്രകാരം Fixed Depost Head ൽ നീക്കിയിരിപ്പ് വരേണ്ടത് 2,97,31,416/-രൂപയാണ്. എന്നാൽ ബാലൻഷീറ്റിലെ B-12 ഷെഡ്യൂൾ പ്രകാരം ഇത് 2,96,67,048/- രൂപയാണ് കാണുന്നത്. വാർഷികകണക്കിൽ തൻവർഷത്തെ സ്ഥിരനിക്ഷേപ പലിശവരവ് 1,93,855/-രൂപയാണ്. എന്നാൽ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 1,29,487/-രൂപ. വ്യത്യാസം 64,368/-.(രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല). ആയത് പരിശോധിച്ച് വിശദീകരണവും വർഷാവസാനം ബാക്കി നിൽക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-27 ഡിപ്രീസിയേഷൻ - രേഖകൾ ലഭ്യമല്ല.

B-11 ഷെഡ്യൂൾ പ്രകാരം Fixed Assets ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരികത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, Other Fixed Asset ഇനത്തിൽ ആസ്തിയുടെ മൂല്യം 29,09,70,633 രൂപയും ആയതിന്റെ തേയ്മാനം കണക്കാക്കിയത് 91,82,03,515.33 രൂപയുമാണ്. ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-1-28 പാർട്ട് ബിൽ മുഖേനെ ചെലവഴിക്കുന്ന തുകകൾ - പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറക്ക് ജേർണൽ എൻട്രികൾ നൽകി

സ്ഥിരാസ്തിയിലേക്ക് മാറ്റേണ്ടതാണ്. ഇത്തരത്തിൽ പാർട്ട് ബിൽ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ടോ, പൂർത്തിയാകുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റിയിട്ടുണ്ടോ എന്നിവ വ്യക്തമല്ല. ബാലൻസ് ഷീറ്റ് B-11 Fixed Assets എന്ന ഷെഡ്യൂളിൽ Captial Work In Progress എന്ന ഇനത്തിൽ രേഖപ്പെടുത്തിയ താഴെ കൊടുത്ത ആസ്തികളുടെ മൂല്യം 2019-20, 2020-21, 2021-22 , 2022-23വർഷങ്ങളിലും ഒരേ തുകയാണ്.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 412109900 | Captial Work In Progress – Specific Grants | 85,12,713/- |
| 412200100 | Captial Work In Progress – Special Funds | 23,41,22,529/- |
| 412300100 | Captial Work In Progress – Specific Schemes | 82,44,761/- |

മുൻവർഷങ്ങളിൽ പാർട്ട് ബില്ലുകൾ നൽകിയ തുകകൾ അതേ സ്ഥിതിയിൽ തൻവർഷാവസാനവും തുടരുന്നുവെന്നത് വസ്തുതാപരമല്ല.

1-1-29 വിവിധോദ്ദേശ ഗ്രാന്റുകൾ - പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

വാർഷികകണക്ക് ഷെഡ്യൂൾ B-4 പ്രകാരം 66,60,00,030/- രൂപ വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഇവയ്ക്ക് പ്രത്യേക അക്കൗണ്ടോ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രത്യേക ആവശ്യത്തിന് ലഭിക്കുന്ന തുകകൾ ലഭ്യമായതിന്റെ ആവശ്യകതയും ആയത് ഏത് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത് എന്നതും ഓരോ ഇനത്തിലുള്ള നീക്കിയിരിപ്പും വ്യക്തമല്ല.

1-1-30 സേവന ഉപനികുതി കുടിശ്ശിക- കണക്കുകൾ പൊരുത്തപ്പെടുന്നില്ല

സർവ്വീസ് സെസ്സ്(സേവന ഉപനികുതി) ഇനത്തിൽ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ്(B-15) പ്രകാരം 2,15,246രൂപയും(തൻവർഷം),1,16,421 രൂപയും(കുടിശ്ശിക) ചേർത്ത് 3,31,667/-രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ട്. I-1 പ്രകാരം തൻവർഷ ഡിമാൻഡ് 25,45,028രൂപയും RP-37 പ്രകാരം തൻവർഷ വരവ് 27,49,808രൂപയുമാണ്(1945028(current)+804780(Arrear)). തൻവർഷ ബാലൻസ്ഷീറ്റ് പ്രകാരം 7,98,222രൂപ പിരിച്ചെടുക്കാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കണക്കുകൾ പ്രകാരം 126887രൂപയാണ് പിരിച്ചെടുക്കാൻ ശേഷിക്കുന്നത്. മുൻവർഷ കുടിശ്ശികയെക്കാൾ 473113 രൂപ കുടിശ്ശികയിനത്തിൽ അധികം വരവ് വന്നതായി കാണുന്നുമുണ്ട്. ഇത് കണക്കിലെ കൃത്യതയില്ലായ്മ വ്യക്തമാക്കുന്നു. വ്യത്യാസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-1-31 വസ്തുനികുതി കണക്കിൽ അവ്യക്തത

വാർഷിക കണക്ക് പ്രകാരം 2022-23 വർഷത്തിൽ വസ്തുനികുതി കണക്കിൽ അപാകത കാണുന്നു.

| | | |
|---|---|---|
| 1 | Demand(I-1 Schedule) | 407585760/- |
| 2 | Collection(RP-37)(Current) | 33,24,66,374/- |
| 3 | Advance Collection(B-9 2021-22) | 25,093/- |
| 4 | Total Collection (2+3) | 33,24,91,467/- |
| 5 | ബാലൻസ് തുക(പിരിച്ചെടുക്കാനവശേഷിക്കുന്നത്(1-4) | 54715005/- |
| 6 | 2022-23 വാർഷികകണക്ക് പ്രകാരം നഗരസഭയ്ക്ക് കിട്ടാനുള്ള തുക(B-15) | 74603270/- |
| 7 | വ്യത്യാസം (5-4) | 1,98,88,265/-(Without LC) |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-32 വസ്തു നികുതി കുടിശ്ശിക- കണക്കുകളിൽ അവ്യക്തത.

വാർഷിക കണക്ക് പ്രകാരം വസ്തുനികുതി കുടിശ്ശിക കണക്കിൽ അപാകത കാണുന്നു.

| | | |
|---|---|---|
| 1 | Demand(B-15 Schedule, 2021-22) | 7,33,33,744/-(Current)<br>6,90,71,740.78/-(Arrear) |
| 2 | ആകെ കുടിശ്ശിക ഡിമാൻഡ് | 142405485/-<br>135285210/-(without LC ) |
| 3 | Collection(RP-37)(Arrear)2022-23 | 13,21,56,472/- |
| 4 | വാർഷികകണക്ക് (B-15)( Without LC )<br>പ്രകാരം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക(2-3) | 9736561/- |
| 5 | നഗരസഭയ്ക്ക് കിട്ടാനുള്ള തുക | 3128738/- |
| 6 | വ്യത്യാസം(4-5)(without LC) | 6607823/- |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-33 B18 ഷെഡ്യൂളിൽ Loans, Advances & Deposits – തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

B18 ഷെഡ്യൂളിൽ Loans, Advances & Depositsആയി 22,32,93,979.22/- രൂപ ആസ്തിയായി കാണിച്ചിരിക്കുന്നു. എന്നാൽ ടി തുകയിൽ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ മുൻവർഷങ്ങളിലും ഒരേ തുക തന്നെ കാണിച്ചിരിക്കുന്നു.

| ക്രമ നം | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 460100600 | Advance For Projects | 30,03,665/- |
| 2 | 460300100 | Loans To Others | 1,000/- |
| 3 | 460400102 | Advance To Suppliers-Advance Paid-Specific Grants | 58,759/- |
| 4 | 460400103 | Advance To Suppliers-Advance Paid-Special Funds | 14,13,412/- |
| 5 | 460400201 | Advance To Suppliers-Advance Paid-Muncipal Funds | 60,155/- |
| 6 | 460500101 | Advance To Beneficiary Committee Conveners-Advance Paid-Muncipal Funds | 10,62,985/- |
| 7 | 460500103 | Advance To Beneficiary Committee Conveners-Advance Paid-Special Funds | 1,00,000/- |
| 8 | 460500201 | Advance To Implementing Agencies-Muncipal Funds | 64,53,989/- |
| 9 | 460500202 | Advance To Implementing Agencies-Specific Grants | 50,65,416/- |
| 10 | 460500301 | Advance To Projects – Muncipal Fund | 50,000/- |
| 11 | 460500302 | Advance To Projects – Specific Grants | 54,40,000/- |
| 12 | 460500303 | Advance To Projects – Special Funds | 4,50,000/- |
| 13 | 460500304 | Advance To Projects – Scheme Expenditure | 24,75,039/- |

| | | | |
|---|---|---|---|
| 14 | 460509900 | Other Advances | 65,000/- |
| 15 | 460600200 | Telephone Deposits | 40/- |
| 16 | 460600300 | Water Deposits | 15,68,222/- |
| 17 | 460609900 | Other Deposits With External Agencies | 7,78,529/- |

Water Deposits, Other Deposits With External Agencies എന്നിവയിലും മുൻവർഷങ്ങളിലെ അതേ തുക തന്നെയാണ് ക്രമീകരിക്കാൻ ബാക്കിയുള്ളയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പണി പൂർത്തീകരിച്ചവയാണെങ്കിൽ ആയവ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ സ്ഥിരാസ്തികളാക്കി മാറ്റേണ്ടതാണ്. 22,32,93,979.22/- രൂപയുടെ ഡെപ്പോസിറ്റ് തുക ക്രമീകരിക്കാതെ അവശേഷിക്കുന്ന സാഹചര്യം വ്യക്തമല്ല.

1-1-34 മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

താഴെ കൊടുത്ത ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല

| ക്രമ നം. | അക്കൗണ്ട് നമ്പർ | ബാങ്ക് | റിമാർക്സ് |
|---|---|---|---|
| 1 | 67162944436 | SBT | KSUDP |
| 2 | 67259709468 | SBT | KSUDP |
| 3 | 716021400000107 | STSB | Superintenting Engineer |
| 4 | 67268293095 | SBI | Superintenting Engineer |
| 5 | 1423000105438131 | PNB | റഗുലർ പെൻഷൻ |
| 6 | 1423000105456863 | PNB | KUDUMBASREE ACCOUNTS(ABHAYAM)-03.03.2023 ൽ 8,54,86,265/- രൂപ നീക്കിയിരിപ്പുണ്ട്. |
| 7 | 1423000105450692 | PNB | PROJ.OFFICER Urban Poverty Alleviation |
| 8 | 520101048766484 | UBI | PROJ.OFFICER Urban Poverty Alleviation |
| 9 | 10038120100012 | KDC | Bhavana Nirmanam |
| 10 | N.040256101029622 | KGB | Asraya -18.03.2022 ന് 15,32,112.22/- രൂപ നീക്കിയിരിപ്പുണ്ട്. |
| 11 | 1423000105438946 | PNB | PROJ.OFFICER Urban Poverty Alleviation 02.03.2022 |

| | | | |
|---|---|---|---|
| | | | ന് 26,992.04/- രൂപ നീക്കിയിരുപ്പുണ്ട്. |
| 12 | 1423000100038741 | PNB | |
| ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ് | | | |

1-1-35 ബാങ്ക് അക്കൗണ്ടുകളിലെ മുന്നിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

വാർഷികകണക്ക് പ്രകാരം മുന്നിരിപ്പ് പൂജ്യം ആയി കാണിച്ച PNB 2100110955IHSD, SBI 67039581113IKSUDP അക്കൗണ്ടുകളിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാക്രമം 4256981, 1432772/- എന്നിങ്ങനെ മുന്നിരിപ്പ് ഉണ്ട്. ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-36 അമൃത് പദ്ധതി- വാർഷിക കണക്കും ബാങ്ക് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്ക് , ബാങ്ക് ബുക്ക് എന്നിവ പ്രകാരം അമൃത് പദ്ധതിയ്ക്കായി ഇന്ത്യൻ ബാങ്കിലുള്ള 7032582923 നം അക്കൗണ്ടിൽ 4,22,21,253/- രൂപ മുന്നിരിപ്പുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2022-ൽ മേൽ അക്കൗണ്ടിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

1-1-37 റിഡംഷൻ ഇനത്തിൽ തുക ലഭ്യമായില്ല

2021-22 ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം 18,32,58,718/- രൂപ റിഡംഷൻ ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ളതിൽ തൻവർഷം തുകയൊന്നും തിരികെ ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല 9,24,98,602/-രൂപ 2022-23 സാമ്പത്തിക വർഷവും റിഡംഷൻ ഇനത്തിൽ സർക്കാരിലേക്ക് പോയിട്ടുണ്ട്(RP-37 കാണുക). 2022-23 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15പ്രകാരം റിഡംഷൻ ഇനത്തിൽ 27,57,57,320/- രൂപ തിരികെ ലഭിക്കാനുണ്ട്. തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-1-38 സോണൽ ഓഫീസുകൾ - ബാങ്ക് അക്കൗണ്ട് സംബന്ധിച്ച്.

RP 40(a), RP 40(b) എന്നിവ പ്രകാരം Elathur Zonal Office- SBI Other Accounts പ്രകാരം 92,556/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉണ്ട്. 2017-18 വർഷം മുതൽ 2022-23 വരെ വർഷങ്ങളിൽ ഇതേ തുക മുന്നിരിപ്പായും നീക്കിയിരിപ്പായും ഉൾപ്പെടുത്തി വരുന്നുണ്ട്. അതേ പ്രകാരം PNB Salary(1423000105436018) നമ്പർ അക്കൗണ്ടിൽ 2021-22 ലും, 2022-23 ലും 11,33,576/- രൂപ നീക്കിയിരിപ്പുണ്ട്. ആയവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അക്കൗണ്ട് നിലവിലുണ്ടോ എന്നതും വ്യക്തമല്ല.

1-1-39 മെയിന്റനൻസ് ഗ്രാന്റ് മൂലധനച്ചെലവായി അക്കൗണ്ട് ചെയ്യുന്നു.

സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനു വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് (റോഡ് / റോഡിതരം) ഒരു റവന്യൂഗ്രാന്റ് ആണ്. ആസ്തികളുടെ പരിപാലനത്തിനായി വിനിയോഗിക്കുന്ന തുക റവന്യൂ ചെലവായിട്ടാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടത്(കേരള അക്കൗണ്ട് കോഡ് വോള്യം I, ആർട്ടിക്കിൾ 30A). എന്നാൽ നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മെയിന്റനൻസ് ഗ്രാന്റിലെ ചെലവുകൾ മൂലധനചെലവിലും (Capital Expenditure)ഉൾപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | റവന്യൂ ചെലവ് | മൂലധനചെലവ് | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14,58,90,563/- | 67,24,442/- | 15,26,15,005/- |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 1,87,203,600/- | 1,56,40,400/- | 20,28,44,000/- |

സ.ഉ(എം.എസ്)330/2004 തീ.09.12.2004 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്തേണ്ടത്. അതുപോലെ റോഡ് ഒഴികെയുള്ള ആസ്തികളായ കെട്ടിടങ്ങൾ, ഉപകരണങ്ങൾ ഫർണിച്ചർ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾക്കാണ് മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) വിനിയോഗിക്കേണ്ടത്. ഈ ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവായാണ് രേഖപ്പെടുത്തേണ്ടത്. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റുവാൻ പാടില്ല എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം മെയിന്റനൻസ് ഫണ്ട് വകമാറ്റിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും മേൽ പട്ടികയിൽ ചേർത്തത് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് മൂലധനച്ചെലവായി അക്കൗണ്ട് ചെയ്തതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്.

ഗ്രാന്റ് ഇനത്തിലെ വരവ് - വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല.

ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ Revenue Contribution ആക്കി രേഖപ്പെടുത്തിയതിന്റെയും Capital Contribution ആക്കി രേഖപ്പെടുത്തിയതിന്റെയും വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-1-40 വർഷാന്ത്യ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച.

വസ്തു നികുതി, തൊഴിൽ നികുതി, വാടക, പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസുകൾ തുടങ്ങിയ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.(2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54.3(h) കാണുക). വിവിധ സോണൽ ഓഫീസിലേയും ഹെഡ് ഓഫീസിലേയും വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകളുടെ കണക്ക് കൺസോളിഡേറ്റ് ചെയ്ത് വരവിനങ്ങളിലെ സാമ്പത്തിക വർഷത്തെ മൊത്തം വരവ് തുക ലഭിക്കുന്ന വിധത്തിൽ രേഖകൾ തയ്യാറാക്കുന്നില്ല. ഇതിനാൽ വരവിനങ്ങളിലെ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ച ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി വർഷാന്ത്യം സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-1-41 വാർഷിക കണക്കിലെ തുകകൾ പൂർണ്ണ രൂപയിൽ ക്രമീകരിച്ചില്ല

സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 885/2013 തീയതി 02.04.2013, മുനിസിപ്പൽ നിയമം വകുപ്പ് 285 ന്റെ വിശദീകരണം എന്നിവ പ്രകാരം നഗരസഭകളിലും പഞ്ചായത്തുകളിലും ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വരവ് വയ്ക്കുന്നതും ചെലവഴിക്കുന്നതുമായ എല്ലാ തുകകളും പൂർണ്ണ രൂപയിൽ ആയിരിക്കേണ്ടതാണ്. നിലവിലുള്ള കമ്പ്യൂട്ടർവൽകൃത റവന്യൂ ഡേറ്റാ ബേസിലെ പൂർണ്ണ രൂപയിലല്ലാത്ത തുകകൾ തൊട്ടടുത്ത ഉയർന്ന പൂർണ്ണ രൂപയിലേക്ക് ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിക്കേണ്ടതിനാൽ സാംഖ്യയിൽ രേഖപ്പെടുത്തുന്ന ഓരോ തുകയും പൂർണ്ണ രൂപയിലായിരിക്കേണ്ടതാണ്.

## 1-1-42 ബെനിഫിഷറി കോൺട്രിബ്യൂഷൻ - തുക അടവാക്കിയില്ല

ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 14049367/- രൂപ (B-4) ബാധ്യതയുണ്ട്. ഇത് ഏതൊക്കെ പ്രൊജക്റ്റിന്റെ ഭാഗമായി പിരിച്ചെടുത്തിട്ടുള്ള ഗുണഭോക്തൃ വിഹിതമാണ് എന്നും ബാധ്യത ആവാനുള്ള കാരണം എന്തെന്നും വിശദീകരിക്കേണ്ടതാണ്.

## 1-1-43 ടെണ്ടർ ഫോറം വിലകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറിംഗിനുള്ള 67268293095 (എസ്.ബി.ഐ) അക്കൗണ്ടിൽ 2022-23 വർഷം ടെണ്ടർ ഫോറം ഇനത്തിൽ വരവ് വന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

1-1-44 വാർഷിക ധനകാര്യ പത്രിക പരിശോധന- മറ്റ് അപാകതകൾ

1. വാർഷികകണക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം LGTSB 79901300001162 അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 0 ആണ്. എന്നാൽ ഇതേ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് -500ആയിട്ടാണ്.

2. ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ Other Payable ഹെഡിൽ 4,37,529/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് B-9 പ്രകാരം ലൈബ്രറിസെസ്സ് ഇനത്തിൽ 3,83,91,784/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിന് അടവാക്കാൻ ശേഷിക്കുന്നുണ്ട്.

4. 2017 ൽ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം നിലവിൽ വന്നതിനെ തുടർന്ന് പരസ്യനികുതി റദ്ദാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ B-15 പ്രകാരം Receivable Advertisement Tax(Arrears)(431190202)എന്നയിനത്തിൽ 9,65,188/-.നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. 2018-19 വർഷം മുതൽ വാർഷികകണക്ക് ബാലൻസ് ഷീറ്റിൽ ഇതേ തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ക്യാഷ് ബുക്ക്, പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Depreciation I-17(a) ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

7. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ്. നം. 98/2022-23 തീ. 14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷികകണക്കിൽ ഉൾപ്പെടുത്താത്ത 12 അക്കൗണ്ടുകൾ ഉൾപ്പടെ മേൽ സൂചിപ്പിച്ച അപാകതകൾ കാരണം സ്ഥാപനം കൃത്യമായ അക്കൗണ്ടിംഗ് നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും ആസ്തിബാധ്യതകളുടെ മൂല്യനിർണ്ണയം കാലാനുസൃതമാക്കിയിട്ടില്ലായെന്നും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്യപ്പെട്ട ധനകാര്യ പത്രികകൾ നഗരസഭയുടെ വരവ് ചെലവുകളുടെ ശരിയായ അക്കൗണ്ടിംഗ് സാധ്യമാക്കുന്നില്ലെന്നും കാണുന്നു. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഏതെല്ലാം ചെലവുകളാണ് ഒരു സാമ്പത്തിക വർഷത്തിൽ ലക്ഷ്യമാക്കുന്നതെന്നും അവയ്ക്കുള്ള വിഭവങ്ങൾ ഏതൊക്കെയാണെന്നും നിർദ്ദേശിക്കുന്ന അടിസ്ഥാന രേഖയാണ് ബജറ്റ്. 1994 കേരള മുനിസിപ്പാലിറ്റി നിയമം 285 മുതൽ 293 വരെയുള്ള വകുപ്പുകളിലെയും 2007 കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടങ്ങൾ 63 മുതൽ 66 വരെയുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം നഗരസഭ ബജറ്റ് തയ്യാറാക്കേണ്ടത്.

വകുപ്പ് 285 പ്രകാരം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനവരി 15 നുമുമ്പ് അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന് സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകിയ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് കോർപ്പറേഷനിലെ ഓരോ സ്ഥിരം സമിതിയും തങ്ങളുടേതായ ഓരോ ബജറ്റ് നിർദ്ദേശം ധനകാര്യ സ്ഥിരം സമിതിക്ക് നൽകുകയും വേണം. ഈ ബജറ്റ് നിർദ്ദേശങ്ങളും മുൻസിപ്പാലിറ്റി നിയമവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ കടമകളും ചുമതലകളും മറ്റ് ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്ഥിരം സമിതി കോർപ്പറേഷന്റെ അടുത്ത വർഷത്തേക്കുള്ള

ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേണം. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും കോർപ്പറേഷൻ പാലിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് മാർച്ച് ആദ്യവാരം കഴിയുന്നതിനുമുമ്പ് മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ മേയറുടെ ആമുഖ പ്രസംഗത്തിനുശേഷം അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി കൗൺസിലിന്റെ അംഗീകാരത്തിനായി ശുപാർശ ചെയ്തത് തന്നെ 2022 മാർച്ച് 19നും കൗൺസിൽ പാസാക്കിയത് മാർച്ച് 26-നും ആണ്.

90,73,44,615/-രൂപയുടെ മുന്നിരിപ്പും 827,29,36,610/- രൂപ വരവും 85,73,828,078/-രൂപയുടെ ചെലവും ഉൾപ്പെട്ട 2022-23 വർഷത്തിലേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 19-3-2022-ലെ 90-ാം നമ്പർ തീരുമാനമായി ജനറൽ കൗൺസിൽ അംഗീകാരത്തിന് സമർപ്പിച്ചു. നഗരസഭ കൗൺസിലിന്റെ 26-3-2022 -ലെ 1-ാം നം. തീരുമാന പ്രകാരം 2021-22 വർഷത്തെ പുതുക്കിയ ബജറ്റും 2022-23 വർഷത്തെ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2021-22(പുതുക്കിയ ബജറ്റ്) | 2022-23 (മതിപ്പ് ബജറ്റ്) |
|---|---|---|
| മുൻബാക്കി | 96,35,27,950/- | 90,73,44,615/- |
| വരവ് | 527,94,38,829/- | 827,29,36,610/- |
| ആകെ | 624,29,66,779/- | 918,02,81,225/- |
| ചെലവ് | 533,56,22,164/- | 85,73,828,078/- |
| നീക്കിയിരിപ്പ് | 90,73,44,615/- | 60,64,53,147/- |

2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക കണക്കു പ്രകാരമുള്ളതുമായ വരവ് ചെലവ് വിശദാംശങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുമായ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 61,52,37,885.78/- | 90,73,44,615/- | 61,52,37,885/- |
| വരവ് | 456,98,54,841/- | 827,29,36,610/- | 681,29,78,576/- |
| ആകെ | 518,50,92,726.78/- | 918,02,81,225/- | 742,82,16,461/- |
| ചെലവ് | 418,10,36,065/- | 85,73,828,078/- | 701,97,41,223/- |
| നീക്കിയിരിപ്പ് | 100,40,56,661.78/- | 60,64,53,147/- | 40,84,75,238/- |

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നീക്കിയിരിപ്പ് തുക 90,73,44,615/- രൂപയായിരുന്നു. 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ മുന്നിരിപ്പ് തുകയായി 90,73,44,615/- രൂപ തന്നെയാണ് എടുത്തിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 61,52,37,885/- രൂപയാണ് മുന്നിരിപ്പ് തുകയായി എടുത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 61,52,37,885.78 രൂപയാണ് മുന്നിരിപ്പ്.

2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിലെ മുന്നിരിപ്പ് തുകയും പുതുക്കിയ ബജറ്റിലെ മുന്നിരിപ്പ് തുകയും തമ്മിൽ 29,21,06,730/- രൂപയുടെ വ്യതിയാനം കാണുന്നു. ഈ വ്യതിയാനത്തിനു കാരണം എവിടെയും വിശദീകരിച്ചിട്ടില്ല. നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. തൻവർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 742,82,16,461/- രൂപയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് മുന്നിരിപ്പ് ഉൾപ്പെടെ 518,50,92,726.78/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ 224,31,23,735/- രൂപയുടെ വലിയ അന്തരം കാണുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ഒരു ചെലവ് നഗരസഭ വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2022-23 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും, വലിയ തുക വകയിരുത്തിയ ചില ഇനങ്ങൾക്ക് നാമമാത്രമായും ചിലയിനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലായും തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ബജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇന വിവരം | 2022-23 വർഷത്തെ റിവൈസ്ഡ് ബജറ്റ് പ്രകരം വകയിരുത്തൽ | 2022-23 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് (Income &Expenditure Stt. പ്രകാരം) | ബജറ്റുമായുള്ള വ്യതിയാനം |
|---|---|---|---|---|---|
| 1 | 2101003 | ബോണസ് | 60,00,000/- | 31,27,450/- | (-)28,72,550/- |
| 2 | 2101002 | വേതനം | 4,25,00,000/- | 3,40,39,641/- | (-)84,60,359/- |
| 3 | 2201102 | വാട്ടർ ചാർജ് | 30,00,000/- | 17,67,442/- | (-)12,32,558/- |
| 4 | 2202101 | പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 50,00,000/- | 55,32,710/- | (+)5,32,710/- |
| 5 | 2205001 | ഓഡിറ്റ് ഫീസ് | 10,00,000/- | 13,500/- | (-)9,86,500/- |
| 6 | 2301002 | ഡീസൽ, പെട്രോൾ, ഗ്യാസ് | 1,10,00,000/- | 85,86,295/- | (-)24,13,705/- |
| 7 | 2208099 | പലവക ഭരണ ചെലവുകൾ | 50,00,000/- | 53,73,104/- | (+)3,73,104/- |
| 8 | 2305103 | അറ്റകുറ്റപ്പണിയും സംരക്ഷണവും-വിദ്യാലയങ്ങൾ | 00/- | 1,76,498/- | (+)1,76,498/- |
| 9 | 2305004 | അറ്റകുറ്റപ്പണിയും സംരക്ഷണവും-അഴുക്കുചാൽ | 1,70,00,000/- | 68,30,910/- | (-)1,01,69,090/- |
| 10 | 2305901 | അറ്റകുറ്റപ്പണിയും സംരക്ഷണവും-യന്ത്രസാമഗ്രികൾ | 46,50,000/- | 5,69,567/- | (-)40,80,433/- |
| 11 | 2305909 | അറ്റകുറ്റപ്പണിയും സംരക്ഷണവും-മറ്റുള്ളവ | 6,50,000/- | 20,01,526/- | (+)13,51,526/- |
| 12 | 2506010 | സെൻസസുമായി | 20,00,000/- | 00/- | (-)20,00,000/- |

| | | | | | |
|---|---|---|---|---|---|
| | | ബന്ധപ്പെട്ട ചെലവുകൾ | | | |

നഗരസഭ ബജറ്റ് സാംഖ്യയുമായി ലിങ്ക് ചെയ്യാത്ത സാഹചര്യത്തിൽ ബജറ്റ് പ്രോവിഷൻ ഉള്ള ചെലവുകൾ തന്നെയാണോ നടത്തിയിട്ടുള്ളതെന്ന് സ്ഥാപനത്തിന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ വാർഡ് കമ്മിറ്റികൾ സ്റ്റാൻഡിങ് കമ്മിറ്റികൾ നിർവ്വഹണ ഉദ്യോഗസ്ഥർ കൗൺസിലർമാർ എന്നിവരുടെ പങ്കാളിത്തം സംബന്ധിച്ച്

വാർഡ് കമ്മിറ്റികളുടെ ചർച്ചകളിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ നിർദ്ദേശങ്ങൾ ഇവയെ അടിസ്ഥാനമാക്കിയാണ് ബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കേണ്ടത്. എന്നാൽ ഈ രീതി പ്രവർത്തികമാക്കി കാണുന്നില്ല .കേരള മുനിസിപ്പാലിറ്റി ആക്ട് 286 മുതൽ 290 വരെ, 293എന്നീ വകുപ്പുകൾ പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286, 287 എന്നിവ പ്രകാരം ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. വിവിധ സ്റ്റാൻഡിങ് കമ്മിറ്റികളുടെ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ലഭ്യമാകുന്നതിനായി കമ്മിറ്റികൾക്ക് അറിയിപ്പ് നൽകിയിരുന്നതായോ സ്റ്റാൻഡിങ് കമ്മിറ്റികളിൽ നിന്ന് ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമാക്കിയതായോ ഫയലിൽ കാണുന്നില്ല. വിവിധ സ്റ്റാൻഡിങ് കമ്മിറ്റികൾ ബജറ്റ് എസ്റ്റിമേറ്റ് ചർച്ച ചെയ്തതിന്റെയും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് നൽകിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ വികസനത്തിലൂന്നി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് എസ്റ്റിമേറ്റിന്മേൽ സ്റ്റാൻഡിങ് കമ്മിറ്റികൾ ചർച്ചകൾ നടത്തിയിട്ടില്ലെന്ന് കാണുന്നു. വരവ് ചെലവ് ഇനങ്ങളുടെ ക്രമീകരണം ആണ് ബജറ്റിന്റെ പ്രധാന ഉദ്ദേശ്യം. ചെലവിനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുക ചെലവിനങ്ങൾക്ക് അനുസരിച്ച് അല്ലെങ്കിൽ നഗരസഭയുടെ പ്രവർത്തനങ്ങളുടെ ആവശ്യതകൾക്കനുസരിച്ചുള്ള ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ചർച്ചകൾ, മുൻവർഷ ബജറ്റിനെ അടിസ്ഥാനമാക്കി ധനസമാഹരണവും ധനവിനിയോഗവും നടന്നോ എന്നും ഏറ്റെടുത്ത ചുമതലകൾ നിറവേറ്റിയോ എന്നും കാര്യക്ഷമമായ ഭരണം നടന്നോ എന്നും സ്റ്റാൻഡിങ് കമ്മിറ്റികൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61,52,37,886.00 |
| വരവ് | 4,56,98,54,841.00 |
| ആകെ | 5,18,50,92,727.00 |
| ചെലവ് | 4,18,10,36,065.00 |
| നീക്കിയിരിപ്പ് | 1,00,40,56,662.00 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം | ഗ്രാന്റിനം | ബജറ്റ് അലോക്കേഷൻ | അലോട്ട്മെന്റ് തുക | ചെലവ് തുക | നീക്കിയിരിപ്പ്/ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 91,75,86,384 | 86,79,96,178 | 86,76,63,800 | 3,32,378 | 99.96 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 11,12,96,416 | 11,12,96,416 | 8,55,02,078 | 2,57,94,338 | 76.82 |

| | | | | | | |
|---|---|---|---|---|---|---|
| 3 | വികസന ഫണ്ട്-ടി.എസ്.പി | 7,13,200 | 7,13,200 | 0 | 713200 | 0 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 44,00,00,000 | 729988756 | 21,85,05,046 | 51,14,83,710 | 29.9 |
| 5 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 25,27,85,000 | 25,27,85,000 | 15,43,59,472 | 9,84,25,528 | 61.06 |
| 6 | മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 20,28,44,000 | 20,28,44,000 | 20,28,44,000 | 0 | 100 |

മറ്റ് ഗ്രാന്റുകൾ (കോർപ്പറേഷൻ ലഭ്യമാക്കിയ കണക്ക് പ്രകാരം)

| ക്രമ നം | ഗ്രാന്റിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 7 | അമൃത് | റോഡ് റിഫോർമേഷൻ | 7,08,60,095 | 16,40,939 | 7,25,01,034 | 3,35,76,465 | 3,89,24,569 |
| | | ഓഫീസ് മോഡേണൈസേഷൻ | 65,35,223 | 1,31,851,40 | 1,97,20,363 | 1,31,28,869 | 65,91,494 |
| | | ഇന്ത്യൻ ബാങ്ക് | 4,22,21,253 | 42,12,80,210 | 46,35,01,463 | 46,35,01,463 | 0 |
| 8 | പി.എം.എ.വൈ | | 8,24,77,093 | 36,37,61,073 | 44,62,38,166 | 26,09,58,425 | 18,52,79,741 |
| 9 | എൻ.യു.എൽ.എം | | 0 | 3,95,87,089 | 3,95,87,089 | 3,95,87,089 | 0 |
| 10 | അയ്യങ്കാളി പദ്ധതി | | 21,26,607 | 2,95,35,516 | 3,16,62,123 | 3,11,33,412 | 5,28,711 |
| 11 | സ്വച്ച് ഭാരത് മിഷൻ | | 55,31,625 | - | 55,31,625 | 4,78,180 | 50,53,445 |
| 12 | കോവിഡ് ഡൊണേഷൻ | | 31,91,036 | 88,854 | 32,79,890 | - | 32,79,890 |
| 13 | എസ്.എൻ.പി | | 1,00,12,258 | 4,00,68,812 | 5,00,81,070 | 1,90,21,923 | 3,10,59,147 |
| 14 | ആർ.എം.എസ്.എ | | 4,34,459 | 13,602 | 4,48,061 | 2,41,649 | 2,06,412 |
| 15 | എസ്.എസ്.എ | | 52,99,454 | 2,44,540 | 55,43,994 | 99,999 | 54,43,995 |
| 16 | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 43,75,594 | 88,10,155 | 1,31,85,749 | 87,97,442 | 43,88,307 |
| 17 | കെ.എസ്.യു.ഡി.പി | | 0 | 1,71,08,288 | 1,71,08,288 | 10,32,994 | 1,60,75,294 |
| 18 | എം.പി/എം.എൽ.എ | | 34,61,082 | 70,22,860 | 1,04,83,942 | 71,67,979 | 33,15,963 |
| 19 | ആർ.എ.വൈ | | 50,73,003 | 81,460 | 51,54,463 | 30,14,840 | 21,39,623 |

അയ്യങ്കാളി പദ്ധതി(ക്രമ നം 10 ) വാർഷികകണക്ക് പ്രകാരം മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ യഥാക്രമം 3055772/-; 18433795/-; 20960855/- എന്നിങ്ങനെയാണ്. ഇത് സ്ഥാപനം ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

നഗരസഭയുടെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികകൾ, അനുബന്ധ രേഖകൾ എന്നിവ സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

(1) വിവിധ ഫണ്ടുകളിലായി പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുക ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | ACR പ്രകാരം ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 90,34,86,705/- | 86,76,63,800/- | 90,23,69,625/- | 86,70,48,430/- |
| വികസന ഫണ്ട് (CFC Tied) | 300328931/- (216346036+83982895) | 21,85,05,046/- | 21,63,46,036/- | 51,34,06,686/- |
| മെയിന്റനനസ് ഗ്രാന്റ് (റോഡ്) | 15,26,15,005/- | 15,43,59,472/- | 15,26,15,005/- | 15,26,15,005/- |

(2) പ്രൊജക്ടുകൾക്ക് സുലേഖ ചെലവ് പത്രിക പ്രകാരം വകയിരുത്തിയ തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | സുലേഖ ചെലവ് പത്രിക പ്രകാരം വകയിരുത്തിയ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസന ഫണ്ട് ( ജനറൽ) | 122,92,35,866/- | 937,60,65,646/- |
| വികസന ഫണ്ട് (SCP) | 12,13,07,656/- | 93,80,58,088/- |
| വികസന ഫണ്ട് (CFC Tied) | 111,96,47,391/- | 5,43,86,63,687/- |
| മെയിന്റനനസ് ഗ്രാന്റ് (റോഡ്) | 30,28,58,711/- | 34,63,86,250/- |
| മെയിന്റനനസ് ഗ്രാന്റ് (റോഡിതരം) | 34,96,57,189/- | 47,55,14,814/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 10,58,61,361/- | 12,58,61,361/- |

(3) ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് (ടി.എസ്.പി) ഇനത്തിൽ അലോട്ട്മെന്റ് ലഭിച്ച 7,13,200/- രൂപ പ്രൊജക്ട് വെച്ച് ചെലവഴിച്ചിട്ടില്ല.

(4) സുലേഖാ ചെലവ് പത്രിക പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിൽ വകയിരുത്തിയ തുക 1,22,92,35,866/- രൂപയും ആയതിന്റെ ചെലവ് 90,23,69,625/- രൂപയുമാണ്. എന്നാൽ സുലേഖാ ചെലവ് പത്രിക മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ ഇനത്തിൽ വകയിരുത്തിയ തുക 1,23,34,13,745/- രൂപയും ആകെ ചെലവ് 90,34,86,705/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

(5) മുൻകാലങ്ങളിൽ ലഭിച്ച എസ്.എസ്.എ, എസ്.ഡബ്ല്യു.എം ഗ്രാന്റുകൾ മുതലായവ ചെലവഴിക്കപ്പെടാതെ അതാത് ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നു ( സർവ്വ ശിക്ഷാ അഭിയാൻ - 5,443,995/-, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 4,388307/-).

(6) തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വരുന്ന മറ്റ് വരവുകളുടെ എ.സി.ആർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ അത്തരം വരവുകളുടെ വിനിയോഗ വിവരം ലഭ്യമല്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ഇത്തരം തുകകൾ ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുന്നുമില്ല.

(7) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവ പരിശോധിക്കാനാവശ്യമായ

ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (ഒ.എസ്.നം.100/2022-23 തീയതി 17.11.2023) മറുപടി ലഭിച്ചിട്ടില്ല.

## 1-6 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 65,95,83,157 | 66,78,01,184 | 82,18,027 | (+)1.246 |
| നികുതിയേതര വരുമാനം | 29,41,19,052 | 51,39,49,482 | 21,98,30,430 | (+)74.74 |
| ആകെ | 95,37,02,209 | 1,18,17,50,666 | 22,80,48,457 | (+)23.912 |

വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ.15) നികുതി/ നികുതിയേതരയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശികയുണ്ട്.

| ക്രമ നം | ഇനം | തൻവർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|
| 1. | വസ്തു നികുതി | 7,85,29,757 | 35,71,821.78 | 8,21,01,578.78 |
| 2 | തൊഴിൽ നികുതി | 50,50,891 | 1,09,402 | 51,60,293 |
| 3 | പരസ്യനികുതി | - | 9,65,188 | 9,65,188 |
| 4 | ലൈസൻസ് ഫീസ് | 6,36,815 | - | 6,36,815 |
| 5 | കെട്ടിട വാടക | 6,71,91,935 | 6,00,04,224.44 | 12,71,96,159.44 |
| 6 | ഭൂമി വാടക | 22,32,898.89 | 27,95,129 | 50,28,027.89 |
| 7 | സേവന ഉപനികുതി | 5,98,222 | 2,00,000 | 7,98,222 |
| | ആകെ | 15,42,40,518.89 | 6,76,45,765.22 | 22,18,86,284.11 |

വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മേൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. 22 കോടിയിലധികം രൂപയുടെ കുടിശ്ശിക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ധനകാര്യ സ്ഥിരം സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം കോർപ്പറേഷൻ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 720 | 1 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 9,46,77,400 | 5179 |
| 3 | വിധവാപെൻഷൻ | 42,43,34,000 | 25519 |
| 4 | വാർദ്ധക്യകാലപെൻഷൻ | 72,99,34,800 | 45047 |
| 5 | വികലാംഗപെൻഷൻ | 9,48,72,400 | 5179 |
| 6 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,06,98,800 | 3321 |

| | | | |
|---|---|---|---|
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 35,40,000 | 118 |
| 8 | മിശ്ര വിവാഹധനസഹായം | 3,60,000 | 12 |

കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ മേൽ വിവരങ്ങളിൽ ക്രമ നം. (1),(7),(8) ഒഴികെയുള്ളവ വാർഷികകണക്കിലെ ഇതേ ശീർഷകങ്ങളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1- 1-24-6 കാണുക)

1-8 പദ്ധതി അവലോകനം

കോർപ്പറേഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| ആകെ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ | ഭാഗികമായി നടപ്പിലാക്കിയ പ്രൊജക്ടുകൾ | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 1186 | 614 | 123 | 449 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 1186 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ ഭാഗികമായി നടപ്പിലാക്കിയ പ്രൊജക്ടുകൾ ഉൾപ്പടെ 737 പ്രൊജക്ടുകൾക്ക് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി 3241221801/- രൂപ വകയിരുത്തിയതിൽ ആകെ 1533482858/- രൂപയാണ് (തനത് ഫണ്ടും മറ്റും ഉൾപ്പെടെ) വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ കേവലം 47.31% മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാൻ കഴിയാത്തതിനാൽ വികസനഫണ്ട് എസ്.സി.പി., മെയിന്റനൻസ് ഗ്രാന്റ് റോഡ്, ധനകാര്യകമ്മീഷൻ ഗ്രാന്റിനങ്ങളിൽ കോർപ്പറേഷന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടിട്ടുണ്ട് . ഇത്തരത്തിൽ സർക്കാരിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കപ്പെടാതെ നഷ്ടപ്പെട്ടതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.(കോർപ്പറേഷൻ ലഭ്യമാക്കിയ എ.സി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് തുക | ചെലവഴിച്ചതുക | ലാപ്സായതുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 867996178 | 867663800 | 332378 |
| വികസനഫണ്ട് എസ്.സി.പി | 111296416 | 85502078 | 25794338 |
| വികസനഫണ്ട് ടി.എസ്.പി | 713200 | - | 713200 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 252785000 | 154359472 | 98425528 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 202844000 | 202844000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 729988756 | 218505046 | 511483710 |
| ആകെ | 2165623550 | 1528874396 | 636749154 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച 2165623550/-രൂപയിൽ 1528874396/- രൂപ വിനിയോഗിക്കാൻ മാത്രമെ കോർപ്പറേഷന് കഴിഞ്ഞിട്ടുള്ളൂ. (ശരാശരി ചെലവ് ശതമാനം 70.59മാത്രം) മുൻവർഷങ്ങളെ അപേക്ഷിച്ച് ലഭ്യമായ ഗ്രാന്റിനങ്ങളിൽ വികസനഫണ്ട് ജനറൽ ഏകദേശം പൂർണമായും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് പൂർണമായും കോർപ്പറേഷൻ വിനിയോഗിച്ചിട്ടുണ്ട്.എന്നാൽ വികസനഫണ്ട് എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭ്യമായതുക വിനിയോഗിക്കാൻ കഴിയാത്തതിനാൽ ഈ ഇനങ്ങളിൽ മാത്രം 635703576/- രൂപ കോർപ്പറേഷനിൽ നിന്നും സാമ്പത്തികവർഷം ലാപ്സായിട്ടുണ്ട്(എ.സി.ആർ പ്രകാരം ലഭ്യമായത്). വികസനഫണ്ട് എസ്.സി.പി. ഇനത്തിൽ സാമ്പത്തിക വർഷം ലഭ്യമായ 111296416/- രൂപ മുഴുവൻ വകയിരുത്തി പ്രൊജക്ടുകൾപോലും കോർപ്പറേഷൻ ആവിഷ്കരിച്ചതായി കാണുന്നില്ല.

കോർപ്പറേഷൻ ലഭ്യമാക്കിയ ചെലവ് പത്രികപ്രകാരം 108607656/- രൂപ വകയിരുത്തിയ പ്രൊജക്ടുകൾ മാത്രമെ കോർപ്പറേഷൻ ആവിഷ്കരിച്ചുകാണുന്നുള്ളൂ. സാമ്പത്തിക വർഷത്തെ എസ് .സി.പി.ഫണ്ട് വിനിയോഗം അലോട്ട്മെന്റ് തുകയുടെ 76.8% മാത്രമാണ്. സ.ഉ.(പി) നമ്പർ 86/22.L.S.G.D.dt 19.4,22.ഖണ്ഡിക 3.4.1(4)പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതത്തിലെ വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ ക്യാരിഓവറായി സർക്കാർ അനുവദിക്കുന്ന ഇരുപത് ശതമാനം കഴിച്ചുള്ള സംഖ്യ തൻവർഷത്തെ (23-24)പൊതുവിഭാഗം സാധാരണവിഹിതത്തിൽ നിന്നും പരിഹാരവകയിരുത്തൽ നടത്തണം. ഈ നിബന്ധനപ്രകാരം ഓഡിറ്റ് വർഷം പട്ടിജാതി ഉപപദ്ധതി വിഹിതത്തിന്റെ ചെലവില്ലുള്ള കുറവുമൂലം നടപ്പുസാമ്പത്തികവർഷത്തെ (23-24) വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും നല്ലൊരുതുക പരിഹാരവകയിരുത്തലിനായി മാറ്റിവെക്കേണ്ടിവരും. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ചെലവ് 61% മാത്രമായതിനാൽ വരും വർഷത്തിൽ സർക്കാർ ക്യാരി ഓവർവിഹിതമായി ലഭിക്കുന്ന 20%തുക കഴിച്ച് 47877479/- രൂപ തിരികെ ലഭിക്കാത്തവിധം കോർപ്പറേഷന് നഷ്ടപ്പെട്ടിട്ടുണ്ട്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 511483710/- രൂപ തുടർ വർഷത്തിൽ ലഭ്യമാകുന്നതാണെന്ന് മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 3.4.1(4.iii) പ്രകാരം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നടപ്പ് സാമ്പത്തികവർഷം(23-24 ) ആയത് ക്യാരീഓവർ ചെയ്ത് ലഭിച്ചോ എന്ന് വ്യക്തമല്ല. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ യഥാവിധി വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നത് കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഫണ്ട് നഷ്ടത്തിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് പുറമെ അതത് മേഖലയിലുള്ള സ്റ്റാന്റിംഗ് കമ്മറ്റികൾ. മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ,ഭരണസമിതി എന്നിവർക്കെല്ലാം തന്നെ ഉത്തരവാദിത്വമുണ്ട്.

ആകെ 25 നിർവ്വഹണ ഉദ്യോഗസ്ഥർക്കാണ് കോർപ്പറേഷൻ പ്രൊജക്ടുകളുടെ നിർവഹണം ഏൽപിച്ചു നൽകിയിരിക്കുന്നത്. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ എസ്.സി.ഡി.ഒ, ക്ഷീരവികസന ഓഫീസർ, ഐ.ഇ.ഒ, വെറ്ററിനറി സർജൻ എന്നീ നിർവഹണ ഉദ്യോഗസ്ഥർ തങ്ങൾക്ക് നടപ്പിലാക്കാനുണ്ടായിരുന്ന മുഴുവൻ പ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രൊജക്ടുനിർവഹണത്തിലുള്ള വീഴ്ചയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിലുള്ള മുഴുവൻ തുകയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ഭൂരിഭാഗം തുകയും ചെലവഴിക്കാതെ പോകാൻ കാരണമായത്. 25 നിർവ്വഹണോദ്യോഗസ്ഥരിൽ ആറ് നിർവഹണ ഉദ്യോഗസ്ഥർ എഞ്ചിനീയറിഗ് വിഭാഗത്തിൽ നിന്നായിരുന്നു. അവർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 919 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 560 പ്രൊജക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനാലും മറ്റും എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യപ്പെടുകയും ഇങ്ങനെ റിവൈസ് ചെയ്യപ്പെടുന്ന എസ്റ്റിമേറ്റുകൾക്ക് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാകാൻ വൈകുന്നതുംമൂലം കേവലം മൂന്ന് മാസം മുതൽ ആറ് മാസംവരെ നിർവ്വഹണ കാലാവധിയുള്ള പ്രൊജക്ടുകൾ പോലും പൂർത്തീകരിക്കാൻ വർഷങ്ങൾ എടുക്കുന്നത് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമാണ്. മരാമത്ത് മേഖലയിലെ പ്രൊജക്ടുകളുടെ ആധിക്യമാണ് പ്രൊജക്ട് നിർവ്വഹണത്തിനുള്ള മറ്റൊരു തടസ്സം, താരതമ്യേന ചെറിയ അടങ്കലിൽ ഉള്ള കൂടുതൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതും ഇവക്കെല്ലാം ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവർത്തി ആരംഭിച്ച ശേഷം മിക്ക പ്രവർത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവരുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിപ്പിക്കുകയും സൈറ്റ് പരിശോധന ഉൾപ്പടെയുള്ള കാര്യങ്ങൾ യഥാസമയം നടത്തി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയാതെ വരികയും ചെയ്യുന്നു.ആയതിനാൽ പൊതുമരാമത്ത് മേഖലയിൽ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് കൂടുതൽ തുക ആവശ്യമായ സമഗ്ര പദ്ധതികൾ രൂപികരിക്കാൻ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.(ഖണ്ഡിക 1-45 കൂടി കാണുക)

മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുവിവരം പരിശോധിച്ചപ്പോൾ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ പട്ടിജാതി ഉപപദ്ധതി വിഹിതം വകമാറ്റപ്പെട്ടതായികാണാൻ

കഴിഞ്ഞിട്ടുണ്ട്. ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ ജീവതാളം പ്രൊജക്റ്റിൽ ആവശ്യകത പരിഗണിക്കാതെ പ്രൊജക്റ്റാവശ്യത്തിനെന്നപേരിൽ ഉപകരണങ്ങളും ,സാധനങ്ങളും വാങ്ങിക്കൂട്ടി ആയതിന്റെ വിനിയോഗ വിവരം പോലും ലഭ്യമാക്കാത്തത് പദ്ധതി പണത്തിന്റെ ദുരുപയോഗമായി കാണുന്നു. അതേ പോലെ സി.ഡി.പി.ഒ.അർബൻ(1) നിവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വനിതകൾക്കായി സൈക്കിൾ കേന്ദ്രങ്ങൾ എന്ന പ്രൊജക്റ്റ് മുഖേന പതിനാലര ലക്ഷത്തിൽ പരം രൂപ ചെലവഴിച്ച് വാങ്ങിയ സൈക്കിളുകൾ ആവശ്യത്തിന് വിനിയോഗിക്കാതെ പല സ്ഥലങ്ങളിലായി സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. വിവിധ ഡപോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി,മൈനർ ഇറിഗേഷൻ വകുപ്പുകളിൽ സാമ്പത്തികവർഷം ഡപോസിറ്റ് ചെയ്ത കോടികളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ലെന്ന് മാത്രമല്ല വാട്ടർ അതോറിറ്റിയിൽ ഡപോസിറ്റ് ചെയ്ത പ്രവൃത്തികളിൽ പലതിനും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടവാക്കാതെ ഭാഗികമായിമാത്രം തുക ഡപോസിറ്റ് ചെയ്തതായും കാണാൻ കഴിഞ്ഞു.

സർക്കാർ മാർഗ നിർദ്ദേശം പാലിച്ച് വിഭവങ്ങളുടെ ലഭ്യതപരിഗണിച്ച് പ്രൊജക്റ്റുകൾ ആവഷ്കരിക്കേണ്ടതിന് പകരം ആയത് പരിഗണിക്കാതെ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും പിന്നീട് ഫണ്ടിന്റെ അപര്യാപ്തത വരുമ്പോൾ നാമമാത്ര തുകകൾ വകയിരുത്തി പ്രൊജക്റ്റുകൾ ഭേദഗതി ചെയ്യുന്ന പ്രവണത കോർപ്പറേഷനിൽ വ്യാപകമാണെന്ന് കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിന് നടപ്പിലാക്കാനുണ്ടായിരുന്ന പ്രൊജക്റ്റുകളിൽ പന്ത്രണ്ടെണ്ണം ഇത്തരത്തിൽ ഒരുരൂപ മുതൽ നൂറ് രൂപവരെ വകയിരുത്തിയ പ്രൊജക്റ്റുകളാണ്. വിഭവലഭ്യത പരിഗണിക്കാതെ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത് മൂലമാണ് ഇത്തരത്തിൽ ആവശ്യമായ വകയിരുത്തലുകളില്ലാതെ പ്രൊജക്റ്റുകൾ രൂപീകരിക്കപ്പെടുന്നത്.

തനത് ഫണ്ട് ലഭ്യത അനിവാര്യ ചെലവുകൾക്ക് മാത്രം പര്യാപ്തമായ കോർപ്പറേഷനിൽ പ്രൊജക്റ്റുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ച് സ.ഉ.(കൈ).നം 86/22/ ത.സ്വ.ഭ.വ തി 19.4.22ഖണ്ഡിക 5.1.(11,12,13,14) എന്നിവയിൽ നിഷ്കർഷിച്ച സർക്കാർ മാർഗ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല.സാമ്പത്തിക വർഷം വിവിധ പ്രൊജക്റ്റുകൾക്ക് 76063839/- രൂപ തനത് ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം കേവലം 7971630/- രൂപ മാത്രമെ വിനിയോഗിക്കപ്പെട്ടിട്ടുള്ളു. ആയതിനാൽ തനത് ഫണ്ട് വകയിരുത്തി രൂപികരിക്കുന്ന പ്രൊജക്റ്റുകൾ സർക്കാർ നിർദ്ദേശം പാലിച്ച് ഫണ്ട് ലഭ്യത പരിഗണിച്ച് മാത്രമായിരിക്കാൻ നടപടികൾ അനിവാര്യമാണ്. മുൻ വർഷങ്ങളിൽ ഭവനനിർമ്മാണം പോലെയുള്ള പ്രൊജക്റ്റുകൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക മുൻകൂർ പിൻവലിച്ച് സർക്കാർ നിർദ്ദേശ പ്രകാരം പ്രത്യേക ബാങ്ക് എകൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കാൻ സർക്കാർ നിർദ്ദേശത്തിന് പുറമെ നിരന്തരം ഓഡിറ്റ് നിർദ്ദേശമുണ്ടായിട്ടും അപ്രകാരം ചെയ്യാതെ വർഷങ്ങളായി കോടിക്കണക്കിന് രൂപ കോർപ്പറേഷന്റെ വാർഷിക കണക്കിൽ പോലും ഉൾപ്പെടുത്താതെ കുടുംബശ്രീ വിഭാഗത്തിന്റെ കീഴിൽ ബാങ്ക് എകൗണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്നുണ്ട്. ഇത്തരത്തിൽ അവശേഷിക്കുന്ന തുകകൾ തിരികെ അടവാക്കാൻ കാര്യക്ഷമമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം പ്രത്യേക റിപ്പോർട്ടുകളായി കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്വയംഭരണം, ജനപങ്കാളിത്തം, ഉത്തരവാദിത്വം, സാമൂഹിക നീതി ,സാമ്പത്തിക പുരോഗതി എന്നിവ ഉറപ്പുവരുത്തുന്ന പ്രാദേശിക സർക്കാരുകൾ ആയിട്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിഭാവനം

ചെയ്തിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ, സാമൂഹ്യനീതി, സാമ്പത്തിക അഭിവൃദ്ധി എന്നിവ ആവശ്യമായിട്ടുള്ള ജനവിഭാഗത്തിന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും ഉറപ്പുവരുത്തി പദ്ധതികൾ ലക്ഷ്യം കൈവരിക്കണമെങ്കിൽ ശക്തവും കാര്യക്ഷമവുമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. ജനപ്രതിനിധികളിലു ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സേവനം പ്രദാനം ചെയ്യേണ്ടതുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അനുയോജ്യമായ രീതിയിൽ ക്രമപ്പെടുത്തേണ്ടതുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന ചുമതലകൾ നിറവേറ്റുന്ന പ്രക്രിയകൾ, ഭരണപരമായ നയങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങി രജിസ്റ്ററുകളുടെ പരിപാലനം വരെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിൽ സ്ഥാപനത്തിലെ ഓരോ ജീവനക്കാരനും അധികാരികളും ക്രിയാത്മക പങ്കുവഹിക്കേണ്ടതുണ്ട്. ചുമതലാ നിർവഹണത്തിൽ ഒരു ജീവനക്കാരൻ വരുത്തുന്ന വീഴ്ച സംവിധാനത്തിന്റെ ചലനാത്മകതയേയും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കുന്നതാണ്. ജോലി വ്യക്തമായി വിഭജിച്ചു നൽകുകയും അത് സമയബന്ധിതമായും ഉത്തരവാദിത്തത്തോടെയും നിർവഹിച്ചിട്ടുണ്ടോ എന്ന് താഴെ തട്ടുമുതൽ മുകൾതട്ട് വരെ വിലയിരുത്തി പോകേണ്ടതുമാണ്. ശക്തമായ മോണിറ്ററിംഗ് സംവിധാനം ആഭ്യന്തര നിയന്ത്രണ സംവിധാനം ഫല പ്രാപ്തിയിൽ എത്തുന്നതിന് ആവശ്യമാണ്. പ്രൊഫഷണൽ സമീപനത്തോടെ ആവശ്യമായ പരിശീലനം നൽകി ജനപ്രതിനിധികളെയും മാറ്റങ്ങളെ ഉൾക്കൊള്ളാൻ പ്രാപ്തമാക്കേണ്ടതാണ്.

കോർപ്പറേഷന്റെ എല്ലാ വിഭാഗവും സംയുക്തമായി സഹകരണത്തോടെ പ്രവർത്തിച്ചാൽ മാത്രമേ ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമാവുകയുള്ളൂ. റവന്യൂ, ഹെൽത്ത്, പ്ലാനിംഗ്, എൻജിനീയറിങ് ,നഗരാസൂത്രണം,കൗൺസിൽ എന്നീ വിഭാഗങ്ങൾ യോജിച്ച് പ്രവർത്തിച്ചാലെ ഭരണപരമായ ഏകോപനം ഉണ്ടാകുകയുള്ളൂ. ബജറ്റിന്റെയും അക്കൗണ്ട്സിന്റെയും രേഖകൾ തയ്യാറാക്കുമ്പോൾ ഈ ഏകോപനം ഗുണം ചെയ്യും. ജീവനക്കാരെ അവരുടെ പരിജ്ഞാനവും പരിചയവും നോക്കി വിന്യസിക്കുന്നതും ഉചിതമായിരിക്കും. ഉത്തരവാദിത്തങ്ങൾ നിർവഹിക്കുവാൻ ജീവനക്കാർ അപര്യാപ്തമാകുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്.

കോർപ്പറേഷൻ ഉപയോഗിക്കുന്ന വിവിധ തരം സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ജീവനക്കാർക്ക് ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ കൈകാര്യം ചെയ്യാൻ പരിശീലനം നൽകേണ്ടതുണ്ട്. അടിസ്ഥാന സ്ഥിതിവിവര കണക്കുകളും കൃത്യമായ രേഖകളുടെ പരിപാലനവും ശരിയായ രീതിയിൽ സാധ്യമായാലേ സ്ഥാപനത്തിന്റെ തനത് വരുമാന സ്രോതസ്സുകളിൽ നിന്നും പരമാവധി സമാഹരിക്കുന്നതിന് സാധിക്കുകയുള്ളൂ. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിന്റെ എല്ലാ ഘട്ടത്തിലും ആഭ്യന്തര നിയന്ത്രണ സംവിധാനം ക്രിയാത്മകമായി പ്രവർത്തിക്കുകയും മേൽനോട്ടം ശരിയായ രീതിയിൽ നടത്തുകയും ചെയ്താലേ പദ്ധതി നിർവഹണം വിജയിക്കുകയുള്ളൂ. കണക്കുകൾ സൂക്ഷിക്കുന്ന ഡിജിറ്റൽ സംവിധാനം കുറ്റമറ്റതാക്കുകയും ദുരുപയോഗവും ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ആണ്. നികുതി പിരിവ് കോർപ്പറേഷൻ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം തുടങ്ങിയ ഇനങ്ങളിൽ 22 കോടിയിലധികം രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. ഇവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ ലിസ്റ്റ്, നികുതി, ഡിമാന്റ് കുടിശ്ശിക , സ്ഥിര നിക്ഷേപ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയ വിവരങ്ങൾ കൃത്യമാക്കിയും കാലികമാക്കിയും സൂക്ഷിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ കാര്യക്ഷമതയും ഗുണപരതയും ആ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ ആശ്രയിച്ചിരിക്കുന്നു. കോർപ്പറേഷന്റെ മെയിൻ ഓഫീസിന്റെയും 3 സോണൽ ഓഫീസുകളുടെയും , ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തവും കാര്യക്ഷമവുമാക്കി സ്ഥാപനത്തിന്റെ വികസന സേവന ക്ഷേമ പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ ജനങ്ങളിൽ സുഗമവും സമയ ബന്ധിതവുമായി ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

കോർപ്പറേഷന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ താഴെ

പറയുന്നു.

1)ശാസ്ത്രീയമായ ബജറ്റ് നടപടികളും ബജറ്റ് കൺട്രോളിന്റെ പൂർണ്ണതയും ഉറപ്പു വരുത്തുന്നില്ല

ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാൻഡിങ് കമ്മിറ്റികളുടെ ഭാഗത്തുനിന്നും വേണ്ടത്ര ഇടപെടലുകൾ ഉണ്ടാകുന്നില്ല. ബജറ്റ് തയ്യാറാക്കലും ബജറ്ററി കൺട്രോൾ നടപടികളും കുറ്റമറ്റ രീതിയിലാക്കാൻ അധികൃതരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും നടപടി ഉണ്ടാകേണ്ടതാണ്.

2)ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഇടപെടലുകൾ കാര്യക്ഷമമല്ല .

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 (1)(ഐ) പ്രകാരം മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയാണ്. വരുമാനം ചോർച്ച തുടങ്ങിയ വിഷയങ്ങളിൽ സ്റ്റാൻഡിങ് കമ്മിറ്റികളുടെ പങ്ക് കൂടുതൽ മികവുറ്റതാകാൻ ശ്രദ്ധിക്കേണ്ടതാണ്. കോർപ്പറേഷന്റെ വരവുചെലവുകൾ നിരീക്ഷിക്കേണ്ടതായ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായി ചർച്ചകളും തീരുമാനങ്ങളും നടപടികളും ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളിലെ ചർച്ചകളുടെ കൂടുതൽ സമയവും അപഹരിക്കുന്നത് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച കാര്യങ്ങളാണ്.

2007ലെ കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 56 പ്രകാരം ഓരോ മാസത്തേയും വരവ് ചെലവ് സ്റ്റേറ്റ്മെന്റുകൾ അടുത്ത മാസം ഇരുപതാം തീയതിക്ക് മുമ്പ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഇപ്രകാരം പ്രതിമാസ കണക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതായി കാണുന്നില്ല.

3)ബജറ്റ് തയ്യാറാക്കുന്നതിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ പങ്ക് വഹിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 286 പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന നിർദ്ദേശങ്ങളും കണക്കുകളും പരിഗണിച്ചുകൊണ്ട് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അവരുടെതായ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണം. എന്നാൽ കോർപ്പറേഷന്റെ വികസനത്തിലൂന്നി പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്റ്റാൻഡിങ് കമ്മിറ്റികൾ ഇത്തരം ചർച്ചകൾ നടത്തിയിട്ടില്ലെന്ന് കാണുന്നു. വരവ് ചെലവ് ഇനങ്ങളുടെ ക്രമീകരണം ആണ് ബജറ്റിന്റെ പ്രധാന ഉദ്ദേശ്യം. ചെലവിനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുക ചെലവിനങ്ങൾക്ക് അനുസരിച്ച് അല്ലെങ്കിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ആവശ്യതകൾക്കനുസരിച്ചുള്ള ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ചർച്ചകൾ, മുൻവർഷ ബജറ്റിനെ അടിസ്ഥാനമാക്കി ധനസമാഹരണവും ധനവിനിയോഗവും നടന്നോ എന്നും ഏറ്റെടുത്ത ചുമതലകൾ നിറവേറ്റിയോ എന്നും കാര്യക്ഷമമായ ഭരണം നടന്നോ എന്നും ഓരോ സ്റ്റാൻഡിങ് കമ്മിറ്റിയും തങ്ങളുടെ ചുമതലകളിൽ ഒതുങ്ങി നിന്നുകൊണ്ട് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

4) ബാങ്ക് റീ കൺസിലിയേഷൻ മാസാന്ത്യത്തിൽ നടത്തി ബാങ്ക് അക്കൗണ്ടുകളും ആയി പൊരുത്തപ്പെടുത്തുന്നില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരുപ്പുകൾ ഓരോ മാസാവസാനവും പൊരുത്തപ്പെടുത്തി അടുത്തമാസം 7-ാം തീയതിക്കകം പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ തയ്യാറാക്കി സൂക്ഷിക്കാത്തത് അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രധാന വീഴ്ചയാണ്. പ്രതിമാസ റീക്കൺസിലിയേഷൻ നടത്താതെ ഓരോ ബാങ്ക് /ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തിയതാണ് പഞ്ചാബ് നാഷണൽ ബാങ്കിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നും ബാങ്ക് മാനേജർ അനധികൃതമായി കോടിക്കണക്കിന് രൂപ

പിൻവലിച്ചിട്ടും ആയത് കോർപ്പറേഷന്റെ ശ്രദ്ധയിൽ പെടാതെ പോകാൻ കാരണമായത്. കോർപ്പറേഷന്റെ കണക്കുകൾ കൈകാര്യം ചെയ്യാൻ ആവശ്യമായ ജീവനക്കാരെ നിയമിച്ച് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

കോഴിക്കോട് കോർപ്പറേഷന് വിവിധ ബാങ്കുകളിലും ട്രഷറിയിലുമായി ആകെ 72 (AFS പ്രകാരം) അക്കൗണ്ടുകൾ ആണുള്ളത്. ഈ അക്കൗണ്ടുകൾ അതത് മാസം ബാങ്ക് റീ കൺസിലിയേഷൻ നടത്തി ബാങ്ക് അക്കൗണ്ടുകളും ആയി പൊരുത്തപ്പെടുത്തി അക്കൗണ്ടുകളുടെ മാസാന്ത്യ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കാൻ നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും അപ്രകാരം തയ്യാറാക്കി അവ പരിശോധനയ്ക്കായി ഹാജരാക്കുന്നില്ല.

5) വസ്തു നികുതി പരിഷ്കരണം

സർക്കാരിന്റെ തുടർച്ചയായുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും കോർപ്പറേഷന്റെ മുഖ്യ വരവിനമായ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുവാനും പുതുക്കിയ നികുതി ഡിമാൻഡ് ചെയ്തു ഈടാക്കുവാനും കോർപ്പറേഷൻ ാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. 32000-ൽ പരം കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ ഇനിയും പൂർത്തിയാക്കാൻ ഉണ്ട്. ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, യു.എ.സി നമ്പർ നൽകിയ കെട്ടിടങ്ങൾ, കോടതി നടപടികളിലുള്ള കെട്ടിടങ്ങൾ വിമുക്തഭടന്മാരുടെ വീടുകൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ എന്നിവയുടെ പരിശോധന പൂർത്തീകരിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്തിട്ടില്ല. 2023 ഏപ്രിൽ ഒന്നുമുതൽ നടപ്പിലാക്കേണ്ട നികുതി പരിഷ്കരണ നടപടികളും എങ്ങും എത്താത്ത അവസ്ഥയിലാണ്.

6)കോർപ്പറേഷൻ പരിധിയിലെ പുതിയ കെട്ടിടങ്ങൾക്ക് സേവന ഉപനികുതി ഈടാക്കുന്നില്ല.

കോർപ്പറേഷനിൽ 150 ച.മീറ്ററിൽ കുറവ് തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങളെ ഒഴിവാക്കി മറ്റെല്ലാ കെട്ടിടങ്ങൾക്കും സേവന ഉപനികുതി ചുമത്തുന്നതായി കോർപ്പറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ടെങ്കിലും 2022-23 ഓഡിറ്റിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ പല കെട്ടിടങ്ങൾക്കും ഇപ്പോഴും സേവന ഉപനികുതി ചുമത്തുന്നില്ല എന്ന് കാണുന്നു.01.04.2023 മുതൽ എല്ലാതരം കെട്ടിടങ്ങൾക്കും 10% സേവന ഉപനികുതി ചുമത്തിക്കൊണ്ടും മുൻകൗൺസിൽ തീരുമാനം ഭേദഗതി ചെയ്തുകൊണ്ടും 83/31.10.2023 നം പ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് 01.04.2023 മുതലും സേവന ഉപനികുതി ഈടാക്കുന്നതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സോഫ്റ്റ് വെയറിന്റെ ദൗർബല്യങ്ങൾ സേവന ദാതാവായ IKM-നേയും സർക്കാരിനേയും അറിയിച്ച് പരിഹരിക്കാൻ സാധിച്ചിട്ടില്ല.

7)പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടായില്ല .

സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്നതിലുപരിയായി സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരം, സാമൂഹിക സവിശേഷത എന്നിവ പരിഗണിച്ച് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആയത് വരവിനങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ആത്മാർത്ഥമായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്.

8)പണമാകാതെ മടങ്ങുന്ന ചെക്കുകളിൽ നടപടി സ്വീകരിക്കുന്നില്ല

ചെക്ക് മുഖേന കോർപ്പറേഷനു ലഭിക്കുന്ന തുകകൾ കലക്ഷനുവേണ്ടി ബാങ്കുകളിൽ നൽകുമ്പോൾ പണമാകാതെ മടങ്ങുന്ന ചെക്കുകൾക്ക് പകരം പണം കോർപ്പറേഷന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ചെക്ക് തുകയ്ക്ക് നൽകിയ രസീതുകൾ റദ്ദ് ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനുള്ള ഒരു മോണിറ്ററിംഗ് സംവിധാനം കോർപ്പറേഷനിൽ ഇല്ല. പണമാകാതെ മടങ്ങിയ ചെക്കുകൾക്ക് പകരമായി പുതിയ ചെക്കോ പണമോ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടുണ്ടോ എന്ന വിവരം ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ഇല്ല. ഓരോ മാസവും ബൗൺസായി വരുന്ന ഒട്ടനവധി ചെക്കുകൾ ഉണ്ടാവാറുണ്ടങ്കിലും ചെക്ക് സമർപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് മറ്റു വിധത്തിൽ തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മാത്രമല്ല ബൗൺസായ ചെക്കൊന്നിന് 170/- രൂപ വീതം കോർപ്പറേഷൻ

ബാങ്ക് ചാർജ്ജായി ഒടുക്കുകയും വേണം. ചെക്ക് തുക ലഭിക്കുന്നില്ല എന്ന് മാത്രമല്ല കോർപ്പറേഷന് ഇത് ബാധ്യതയായി മാറുകയും ചെയ്യുന്നു. ചെക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ആയത് പണമാക്കി അക്കൗണ്ടിൽ ഉൾപ്പെടുത്തുന്ന തിയ്യതി രേഖപ്പെടുത്തുന്നില്ല.

9) ബിൽ കലക്ടർമാർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടത് സംബന്ധിച്ച് .

ബിൽ കലക്ടർമാരാണ് കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ നിന്നും പൊതുജനങ്ങൾ അടവാക്കാനുള്ള വിവിധ നികുതികൾ സമാഹരിച്ച് മാന്വൽ രശീതി നൽകി തുക ഓഫീസ് കൗണ്ടറിൽ അടയ്ക്കുന്ന ജോലി ചെയ്തുവരുന്നത്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ബിൽ കലക്ടർമാർക്ക് അടിസ്ഥാനപരമായ യാതൊരുവിധ പരിശീലനവും ലഭിക്കാത്തതിനാൽ തങ്ങളുടെ മുൻഗാമികളിൽ നിന്നും ഉപദേശം സ്വീകരിച്ചാണ് അവർ ഈ ജോലി ചെയ്തു വരുന്നത്. ഇത് നികുതി പിരിവിലെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. കോർപ്പറേഷനിലെ ബിൽകലക്ടർമാർക്ക് കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിലുള്ള നികുതി പിരിവിനെക്കുറിച്ചും രസീതുകൾ കൈകാര്യം ചെയ്യേണ്ട രീതിയെക്കുറിച്ചും അടിസ്ഥാനപരമായ വിവരങ്ങൾ നൽകുന്നതിനായി പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. ഇതിന് പുറമെയാണ് താൽക്കാലിക ജീവനക്കാരെ നികുതി പിരിവിന് ഉപയോഗിക്കുന്നതിലെ ആപൽസാധ്യത. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തക പരിശോധന

കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിൽ നിന്ന് ഓഡിറ്റ് പരിശോധനയ്ക്ക് ലഭിക്കുന്ന കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകത്തിൽ ഒട്ടുമിക്ക സേവന പുസ്തകങ്ങളിലേയും രേഖപ്പെടുത്തലുകൾ ക്രമമല്ലാത്തതും പൂർണ്ണമല്ലാത്തതുമായ രീതിയിലുമാണ് കണ്ടുവരുന്നത്. പ്രത്യേകിച്ചും ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ, ഇൻക്രിമെന്റ്, അവധി വിവരങ്ങൾ, ഗ്രേഡ് പ്രോമോഷൻ മുതലായവ. സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ ക്രമവും പൂർണ്ണവുമല്ലാത്തതിനാൽ ഇവ പരിശോധിച്ച് അംഗീകരിക്കാൻ ഓഡിറ്റിന് ധാരാളം സമയം ആവശ്യമായി വരുന്നു. ആഭ്യന്തര നിയന്ത്രണത്തിന്റെ ഭാഗമായി സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പൂർണ്ണവും ക്രമവും സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ളതുമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ഓഡിറ്റ് പരിശോധനയ്ക്ക് അയയ്ക്കുവാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതുണ്ടെങ്കിൽ ആയത് നൽകുവാനുള്ള നടപടികളും ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതാണ്.

11)വാഹനങ്ങളുടെ ഇൻഷൂറൻസ്, റോഡ് ടാക്സ്, പെർമിറ്റ് , പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം പുതുക്കുന്നില്ല

മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സംവിധാനം മുഖേന അടവ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പല വാഹനങ്ങളുടെയും ഇൻഷ്വറൻസ്, റോഡ് ടാക്സ് ,പെർമിറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം പുതുക്കാത്തതിനാൽ കാലഹരണപ്പെട്ടതായി കാണുന്നു. ഈ വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്. പൊതു നിരത്തുകളിൽ ഓടുന്ന ഈ വാഹനങ്ങൾ പൊതുജനങ്ങളുടെ ജീവനോ സ്വത്തിനോ ഹാനി വരുന്ന എന്തെങ്കിലും അപകടങ്ങൾക്ക് കാരണമായാൽ വൻ തുക കോർപ്പറേഷൻ നഷ്ടപരിഹാരമായി നൽകേണ്ടി വരും. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളും നിയമാനുസൃതമായിട്ടാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്താനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

12)കോർപ്പറേഷൻ ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം ഈടാക്കുന്നില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ബാധകമായ ജീവനക്കാരുടെ പ്രതിമാസ പ്രീമിയം നിരക്കുകൾ പരിഷ്കരിച്ച് കൊണ്ട് സ.ഉ(അ)നം.159/ധന തി.30-11-2021 പ്രകാരവും , ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ബാധകമായ

ജീവനക്കാരുടെ പ്രതിമാസ പ്രീമിയം നിരക്കുകൾ പരിഷ്കരിച്ച് കൊണ്ട് സ.ഉ(അ)നം.156/ധന തി.26-11-2021 പ്രകാരവും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം ഫെബ്രുവരി 2022 മുതൽ (2022 ജനുവരിയിലെ ശമ്പളം മുതൽ) എസ്.എൽ.ഐ യുടെ പുതുക്കിയ നിരക്കിലുള്ള പ്രീമിയവും ജനുവരി 2022 മുതൽ (ഡിസംബർ ശമ്പളം മുതൽ) ജി.ഐ.എസ് പുതുക്കിയ നിരക്കിലുള്ള പ്രീമിയവും അടവാക്കേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷൻ ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം ഈടാക്കിയതായി കാണുന്നില്ല.

13)ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ സമയപരിധിക്കുള്ളിൽ പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നില്ല.

കോർപ്പറേഷനിൽ വിവിധ ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന പെൻഷൻ അപേക്ഷകൾ 40 ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഭൂരിഭാഗം അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നില്ല. പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

14)കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം

20 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണം നാളിതുവരെയും പൂർണമായിട്ടില്ലെന്നു മാത്രമല്ല കുറ്റമറ്റതുമല്ല. പരസ്പരം ബന്ധിപ്പിച്ചതും അല്ലാത്തതുമായ അനേകം സോഫ്റ്റ്‌വെയറുകളാണ് നിലവിൽ കോർപ്പറേഷനിൽ ഉപയോഗിച്ചുവരുന്നത്. സാധാരണയായി ഒരു സ്ഥാപനത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിൽ സേവനദാതാവായ സ്ഥാപനം/ഏജൻസി വ്യവസ്ഥകൾക്ക് വിധേയമായി ഒരു നിശ്ചിതകാലയളവിനുള്ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുകയും, അതിന്റെ പ്രവർത്തനം സംബന്ധിച്ച് ജീവനക്കാർക്ക് സമഗ്ര പരിശീലനം നൽകി സോഫ്റ്റ് വെയർ പ്രസ്തുത സ്ഥാപനത്തിന് കൈമാറുകയും സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സോഫ്റ്റ്‌വെയർ വികസിപ്പിച്ച സ്ഥാപനത്തിന്റെ ഹെൽപ്പ് ഡെസ്ക്കുമായി സോഫ്റ്റ്‌വെയർ വഴി/ ഇ-മെയിൽ വഴി (സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന) ബന്ധപ്പെടുകയുമാണ് പതിവ്.

എന്നാൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ കെ എം) വികസിപ്പിച്ചെടുത്ത എല്ലാ സോഫ്റ്റ്‌വെയറുകളും ഏജൻസി വർഷങ്ങൾ കഴിഞ്ഞിട്ടും കോർപ്പറേഷനു കൈമാറുകയോ അതിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശീലനം നൽകി ജീവനക്കാരെ സ്വയം പര്യാപ്തരാക്കുകയോ ചെയ്തില്ലെന്ന് മാത്രമല്ല സാങ്കേതിക സഹായത്തിന് എന്ന പേരിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ച് സോഫ്റ്റ് വെയറുകളുടെ നിയന്ത്രണം ഐ കെ എം തന്നെ കൈകാര്യം ചെയ്ത് വരികയാണ്.

15) ഓഡിറ്റ് റിപ്പോർട്ട് - തുടർ നടപടികൾ സ്വീകരിക്കുന്നതിൽ അനാസ്ഥ

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാരം നടപടികൾ സ്വീകരിച്ചിട്ടില്ല. റിപ്പോർട്ടുകൾ കൗൺസിലിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് ഗൗരവമേറിയ വിഷയമാണ്. 2021-22 വർഷിക ഓഡിറ്റ് റിപ്പോർട്ടിന്റെ സോഫ്റ്റ് കോപ്പി 31-3-2023-നും ഹാർഡ് കോപ്പി 18-4-2023-നും കോർപ്പറേഷൻ കൈപ്പറ്റിയതാണെങ്കിലും ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ കോർപ്പറേഷൻ കൗൺസിൽ ചർച്ച ചെയ്ത് പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല.

2022-23 ഓഡിറ്റിനോട് അനുബന്ധിച്ച് 132 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നതിലും റിപ്പോർട്ടുകൾക്ക് മറുപടി നൽകുന്നതിലും അനാസ്ഥ ഉണ്ടായിട്ടുണ്ട്. ഇത് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 11 (4)ന്റെ ലംഘനമാണ്. ഓഡിറ്റ് റിപ്പോർട്ടിനുള്ള ന്യൂനത പരിഹാര നടപടികൾ ത്വരിതപ്പെടുത്തി ഓഡിറ്റ് തടസ്സങ്ങൾക്കു മറുപടി നൽകുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്നവ തീർപ്പാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.09.2023 മുതൽ 11.10.2023 വരെ | 2022-23 | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2023 മുതൽ 26.07.2023 വരെ | 01.04.2019 മുതൽ 31.03.2023 വരെ | 26.10.2023 |

## 1-12 രസീത് പിരിവ്, അവയുടെ അടവ്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ കണ്ട അപാകതകൾ

കോർപ്പറേഷന്റെ ദൈനംദിന പിരിവ്, ബാങ്ക് അക്കൗണ്ടിലേക്കുള്ള ഈ തുകയുടെ അടവ് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുടെ പരിശോധനയിൽ കണ്ട വിവിധതരം അപാകതകൾ ചുവടെ ചേർക്കുന്നു.

എ) രസീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം രസീത് എഴുതി നൽകുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഹെൽത്ത് വിഭാഗം സർക്കിൾ IV ൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടിന് ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ബിൻജുന.കെ, ലിഷ.എം.എം. എന്നീ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഉപയോഗിച്ച മാന്വൽ രസീതുകളിൽ പലതിലും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് പണം പിരിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രസീതി ബുക്ക് നം. | രസീത് നം. |
|---|---|---|
| 25.04.2023 | 88 | 8724-8779 |
| 05.05.2023 മുതൽ 08.05.2023 വരെ | 195 | 19401 -19500 |
| 26.04.2023 | 141 | 14077-14100 |
| 26.04.2023 | 144 | 14301-14324 |
| 26.04.2023 | 144 | 14378-14400 |
| 29.04.2023 | 193 | 19217-19266 |
| 16.05.2023 | 228 | 22701-22723 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സ്-ന് (2/22-23തീ. 23.05.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം രസീത് എഴുതി നൽകുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) ക്യാഷ് കൗണ്ടർ - ബാങ്ക് ബുക്കിൽ വരവ് കോളത്തിൽ മൈനസ് എൻട്രി നൽകുന്നു

2023 ഒക്ടോബർ 25-ാംതിയ്യതിയിൽ കോർപ്പറേഷൻ ഓഫീസിലെ 1, 4, 5 എന്നീ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിച്ചിട്ടുണ്ട്. കളക്ഷൻ മാത്രം ഉണ്ടാവുന്ന ഈ കൗണ്ടറുകളുടെ 25-ാംതിയ്യതിയിലെ കൗണ്ടർ റിപ്പോർട്ട് പരിശോധിച്ചപ്പോൾ ബാങ്ക് വരവ് കോളത്തിൽ വരവിന് പകരം താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക മൈനസ് എൻട്രി രേഖപ്പെടുത്തിയതായി കണ്ടു.

| Counters | Cash | Bank Receipt | Bank Payment (മൈനസ് എൻട്രി | Total |
|---|---|---|---|---|

| | | | രേഖപ്പെടുത്തിയത്) | |
|---|---|---|---|---|
| Cash Counter-1 | 472556/- | 0/- | 4750/- | 467806/- |
| Cash Counter-4 | 695489/- | 69505/- | 1624560/- | -859566/- |
| Cash Counter-5 | 356721/- | 123433/- | 124160/- | 355994/- |
| Total | 1524766/- | 192938/- | 1753470/- | -35766/- |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം പെയ്മന്റ് മൈനസ് എൻട്രി രേഖപ്പെടുത്തിയതിന്റെ കാരണം അന്വേഷിച്ചപ്പോൾ ചെക്ക് ബൗൺസ് ആയതിനാലാണ് ഇത്തരത്തിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നത് എന്നാണ് അറിയിച്ചത്. ചെക്ക് ബൗൺസ് ആവുമ്പോൾ ഓരോ ചെക്കിനും 170/- രൂപ വീതം ബാങ്ക് ചാർജിനത്തിൽ ബാങ്ക് ഈടാക്കുന്നതായും അറിയിച്ചു. അതിനാൽ ചെക്ക് ബൗൺസ് ആവുമ്പോൾ തുക അടവാക്കിയ ഇനത്തിന്റെ ഡിമാന്റ് നിലനിൽക്കുന്നതോടൊപ്പം ബാങ്ക് ചാർജ് ഇനത്തിലെ ഈ തുകയും കോർപ്പറേഷന് ഒരു ബാധ്യതയായി മാറുകയാണ്.

വണ്ടിച്ചെക്ക് നൽകി കോർപ്പറേഷനെ കബളിപ്പിക്കുന്നത് വളരെ ഗൗരവമേറിയ കുറ്റമായതിനാൽ ചെക്ക് നൽകിയ വ്യക്തി അല്ലെങ്കിൽ സ്ഥാപനത്തിനെതിരെ The Kerala Municipality (Accounts) Rules 2007 ചട്ടം 20, Negotiable Instruments Act 1881, Section 138 കൂടാതെ IPC Section 420 പ്രകാരമുള്ള വഞ്ചന കുറ്റം എന്നീ നിയമനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ഇത്തരം സന്ദർഭങ്ങളിൽ കുടിശ്ശിക ഉൾപ്പെടെയുള്ള ഡിമാന്റ് തുകയും പിഴയും പ്രസ്തുത വ്യക്തിയിൽ ഈടാക്കുന്നതിലേക്കായി കോർപ്പറേഷൻ സ്വീകരിച്ച് വരുന്ന തുടർനടപടികളും വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ (ഒ.എസ്.നം.96/2022-23 തിയ്യതി : 08.11.2023) ന് റവന്യൂ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് കോർപ്പറേഷനെ മുഴുവനായി പ്രതിനിധീകരിക്കുന്ന രീതിയിലല്ല മറുപടി ലഭ്യമാക്കിയത്. ബൗൺസ് ആയ ചെക്കുകൾ സംബന്ധിച്ച വിവരം റവന്യൂ വിഭാഗത്തിൽ ലഭ്യമല്ലെന്നും അതിന് ഒ.എസ്സിന്റെ പകർപ്പ് അക്കൗണ്ട്സിലേക്ക് അയയ്ക്കുന്നതാണ് എന്നും വണ്ടിച്ചെക്കുകൾ ലഭിച്ചാൽ ഡിമാന്റ് തുകയും പിഴയും ഈടാക്കുകയുമാണ് ചെയ്തുവരുന്നത് എന്നുമാണ് മറുപടി നൽകിയത്. ചെക്ക് ബൗൺസ് ആയാൽ നഷ്ടം സംഭവിക്കുന്നത് കോഴിക്കോട് കോർപ്പറേഷനാണ്. അതിനാൽ കോർപ്പറേഷനെ മൊത്തത്തിൽ പ്രതിനിധീകരിക്കുന്ന രീതിയിൽ ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വണ്ടിച്ചെക്കുകളുടെ കാര്യത്തിൽ Negotiable Instrument Act -ലെ വ്യവസ്ഥകൾ എല്ലാവർക്കും ബാധകമാണ്. കോർപ്പറേഷനുണ്ടാവുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

സി)കൗണ്ടർ രസീത് പരിശോധനയിൽ കണ്ട അപാകതകൾ

കോർപ്പറേഷനിലെ ഡെയിലി കൗണ്ടർ രസീത് പരിശോധനയിൽ ഡെയിലി ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ വന്നിട്ടുള്ള ചെക്കുകൾ ബാങ്കിൽ കലക്ഷനായി നൽകിയതിന്റെ കൗണ്ടർ ഫോയിൽ ഹാജരാക്കുന്നില്ല. ആയതിനാൽ ഈ ചെക്കുകൾ പ്രകാരമുള്ള തുക കലക്ഷനായി വന്നോ എന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | തീയതി | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 22.08.2023 | 10418971 | 489376 |
| 2 | 12.09.2023 | 6178751 | 30500 |
| 3 | 13.09.2023 | 765324 | 10000 |
| 4 | 15.09.2023 | 1993265 | 22500 |
| 5 | 16.09.2023 | 8330031 | 3250 |
| 6 | 18.09.2023 | 6237254 | 72500 |
| 7 | 19.09.2023 | 7150314 | 66250 |

ഈ ചെക്കുകൾ ബാങ്കിൽ അടവാക്കിയതിന്റെ കൗണ്ടർ ഫോയിലുകളും ബാങ്ക് അക്കൗണ്ടിൽ തുക വരവ് വെച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഒ.എസ്.(നം.41/2022-23 തിയ്യതി 26-09-2023 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെക്കുകൾ ബാങ്കിൽ കലക്ഷനായി നൽകിയിട്ടില്ലെങ്കിൽ ആയത് മൂലം കോർപ്പറേഷനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ഡി). കോർപ്പറേഷന് ലഭിച്ച ചെക്ക്/ഡ്രാഫ്റ്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

കോർപ്പറേഷന്റെ തനത് ഫണ്ട് അക്കൗണ്ട് (SBI അക്കൗണ്ട് നമ്പർ 67109350615) മുഖേനയുള്ള പണമടവ് പരിശോധിച്ചതിൽ കോർപ്പറേഷന് ലഭിച്ച ചില ചെക്കുകൾ നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തതായി കണ്ടു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ,ഡി.ഡി.നമ്പർ /തീയതി | ചെക്ക് നൽകിയ തീയതി | തുക |
|---|---|---|---|
| 1 | 3608184/08.02.2023 | 13.02.2023 | 61,250 |
| 2 | 446666/15.02.2023 | 17.02.2023 | 15,435 |
| 3 | 080942/06.02.2023 | 21.02.2023 | 16,250 |
| 4 | 282458/30.01.2023 | 23.02.2023 | 22,500 |
| 5 | 667065/24.03.2023 | 27.03.2023 | 1,30,450 |
| 6 | 159432/21.02.2023 | 29.03.2023 | 1,250 |
| 7 | 159413/17.02.2023 | 29.03.2023 | 12,950 |
| 8 | 160149/05.04.2023 | 05.04.2023 | 69,701 |
| 9 | 254131/28.01.2023 | 17.04.2023 | 7,500 |
| 10 | 474965/05.04.2023 | 05.04.2023 | 37,064 |
| 11 | 829158/04.04.2023 | 05.04.2023 | 75,948 |
| 12 | 777790/03.04.2023 | 03.04.2023 | 10,602 |
| 13 | 202818/16.05.2023 | 22.05.2023 | 1,250 |
| 14 | 545665/02.05.2023 | 04.05.2023 | 82,270 |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്താൻ നൽകിയ ഒ.എസ്സ്-ന് (5/22-23 തീ. 19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കലക്ഷനായി ബാങ്കിൽ നൽകുന്ന ചെക്കുകൾ മാസങ്ങൾ കഴിഞ്ഞിട്ടും എക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാതെ പോകുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്. മേൽ ചെക്കുകൾ പണമില്ലാതെ മടങ്ങിയതാണെങ്കിൽ ആയതിൽ സ്വീകരിച്ച തുടർ നടപടികളും അറിയിക്കേണ്ടതാണ്.

ഇ). ബാങ്ക് അക്കൗണ്ട് സ്റ്റേറ്റുമെന്റുകൾ ബാങ്ക് ബുക്കുമായി പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ

കോർപ്പറേഷന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ വരവുകൾ സാംഖ്യ സോഫ്റ്റ്‌വെയറിലെ അതത് ബാങ്ക് ബുക്കുകളുമായി പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1. ബാങ്ക് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ള ചില തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | തുക | തീയതി |
|---|---|---|---|
| ട്രഷറി അക്കൗണ്ടുകൾ | | | |
| 1 | 799011400007471 | 14,159.00 | 04.04.2023 |
| 2 | 799011400007471 | 5,00,00,000.00 | 05.04.2023 |

| | | | |
|---|---|---|---|
| 3 | 799011400007472 | 37,39,783.00 | 04.04.2023 |
| 4 | 799011400007472 | 10,00,000.00 | 04.04.2023 |
| 5 | 799011400007473 | 1,08,479.00 | 04.04.2023 |
| 6 | 79901010056622 | 27,844.00 | 01.04.2023 |
| 7 | 79901010056622 | 12,120.00 | 03.04.2023 |
| 8 | 799013000001162 | 10,62,618.00 | 04.04.2023 |
| 9 | 799013000001162 | 4,13,22,887.00 | 04.04.2023 |
| 10 | 799011400007514 | 16,76,285.00 | 04.04.2023 |
| 11 | 799011400007514 | 10,00,000.00 | 04.04.2023 |
| 12 | 799011400007517 | 1,08,000.00 | 04.04.2023 |
| 13 | 799011400007517 | 48,000.00 | 17.04.2023 |
| എസ്.ബി.ഐ. | | | |
| 14 | 57023867271 | 836.00 | 01.04.2023 |
| 15 | 57023867271 | 832.00 | 28.04.2023 |

2. ട്രഷറി അക്കൗണ്ട് നമ്പർ 799011400007471 ലെ ബാങ്ക് ബുക്കിൽ 16.03.2023 ന് വരവ് വെച്ച 4,00,00,000/- രൂപ ബാങ്ക് സ്റ്റേറ്റ്മെന്റിൽ വരവ് വന്നിട്ടില്ല.

3. ചില ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | തീയതി | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| TSB | | | | |
| 1 | 799013000001162 | 30.04.2023 | 1,46,25,646.00 | 3,19,46,394.00 |
| 2 | 799011400007471 | 30.04.2023 | 2,21,18,162.00 | 2,92,38,481.00 |
| 3 | 799010100156622 | 30.04.2023 | 7,68,276.00 | 8,08,240.00 |
| 4 | 799011400007473 | 30.04.2023 | 2,13,61,749.00 | 2,14,70,228.00 |
| 5 | 799011400007514 | 30.04.2023 | 1,42,96,696.00 | 1,69,72,981.00 |
| SBI | | | | |
| 6 | 067199277808 | 30.06.2023 | 78,82,323.00 | 5,50,122.48 |
| 7 | 67156252512 | 31.12.2022 | 1,74,15,564.00 | 1,75,25,906.85 |
| 8 | 57023867271 | 30.04.2023 | 86,80,918.78 | 8,68,8937.07 |
| 9 | 67109350615 | 30.06.2023 | 1,07,12,086.00 | 6,35,63,089.85 |
| HDFC | | | | |
| 10 | 50100298069602 | 31.05.2023 | 19,126,019.00 | 1,91,82,792.12 |
| 11 | 50100254559302 | 31.03.2023 | 61,15,699.00 | 61,63,921.02 |
| PNB | | | | |
| 12 | 1423000105456702 | 31.03.2023 | 2,06,412.00 | 2,06,411.65 |
| 13 | 1423000105458108 | 31.03.2023 | 3,89,24,569.00 | 4,80,79,428.70 |

| | | | | |
|---|---|---|---|---|
| 14 | 1423000105456711 | 31.03.2023 | 3,10,59,147.00 | 3,16,89,915.05 |
| 15 | 1423000105436018 | 31.03.2023 | 11,33,576.00 | 11,21,679.83 |
| 16 | Canara Bank<br>2772101007509 | 31.03.2023 | 75,663.00 | 0 |
| 17 | KDC Bank<br>162410801003046 | 20.06.2023 | 1,59,159.00 | 1,69,158.86 |
| 18 | ട്രഷറി അക്കൗണ്ട്<br>716021400000004 | 30.04.2023 | 6,22,960.00 | 6,29,567.00 |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസ് നം.08/31.07.2023 ന് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1)ബാങ്ക് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ള തുകകൾ എല്ലാം തന്നെ പ്രസ്തുത അക്കൗണ്ടുകളിൽ വരവ് വന്നിട്ടുള്ളതാണെന്നും ആയതിന്റെ കൃത്യത റീകൺസിലിയേഷൻ സമയത്ത് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നും ആയത് ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വന്നിട്ടുള്ളതാണെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. മറുപടിയിൽ നിന്നും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലെന്ന് വ്യക്തമാണ്. 2007 ലെ കേരള മുൻസിപ്പാലിറ്റി(എക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ബാങ്ക് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2)16.03.2023 ന് വരവ് കാണിച്ച പ്രസ്തുത തുക 15.07.2023 ന ബാങ്കിൽ വരവ് കാണിച്ചിട്ടുള്ളതാണെന്നും ആയത് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നുമാണ് പറഞ്ഞിരിക്കുന്നത് .എന്നാൽ മറുപടിയുടെ അടിസ്ഥാനത്തിൽ വീണ്ടും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ പ്രസ്തുത തുക വരവ് വന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. തുക വരവ് വന്നതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

3)പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസത്തിന് കാരണം ടി കാലയളവിൽ യഥാസമയം ബാങ്ക് റീകൺസിലിയേഷൻ നടത്താത്തതിനാലാണെന്നും കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നുമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആയത് ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ബാങ്ക് ബുക്കുകളിൽ വരവ് ചെലവ് കണക്കുകൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തുന്നതിന് യഥാസമയം ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണ്.

എഫ്) പണം പിൻവലിക്കൽ -പരിശോധനയിൽ കണ്ട അപാകതകൾ

കോർപ്പറേഷന്റെ അക്കൗണ്ടുകളിലെ പണം പിൻവലിക്കൽ പരിശോധനയിൽ കണ്ട അപാകതകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പിൻവലിക്കലുകൾ മുഴവൻ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുഴവൻ പിൻവലിക്കലുകളും ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | തീയതി | തുക |
|---|---|---|---|
| 1 | PNB 1423000105436018 | 01.02.2023 മുതൽ 31.03.2023 വരെ | പിൻവലിക്കലുകൾ ഭാഗികമായി മാത്രമെ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളൂ |
| 2 | SBI 67199277808 | 1. 28.02.2023 | 24907/- (OUT CHEQUE RETURN) |
| | | 2. 01.03.2023 | 1250 /- (OUT CHEQUE RETURN) |

| | | | |
|---|---|---|---|
| | | 3. 12.03.2023 | 649 /- |
| | | 4. 05.04.2023 | ₹2,01,100.00 /- |
| | | 5. 18.04.2023 | 2,44,000 /- |
| | | 6. 19.04.2023 | 1.68,000 /- |
| | | 7. 21.04.2023 | 6,07,000 |
| | | 8. 21.04.2023 | 13,918 /- (OUT CHEQUE RETURN) |
| | | 9. 21.04.2023 | 177/- (CHEQUE RETURN CHARGE) |
| | | 10. 24.04.2023 | 3,97,000 /- |
| | | 11. 25.04.2023 | 2,85,000 /- |
| | | 12. 26.04.2023 | 4,83,000 /- |
| | | 13. 27.04.2023 | 1,81,000 /- |
| | | 14. 28.04.2023 | 4,71,000 /- |
| | | 15. 29.04.2023 | 3,29,000 /- |
| 3 | SBI 67109350615 | 1. 02.02.2023 | 13161 /- |
| | | 2. 02.02.2023 | 1,51,020 /- Debit By Salary |
| | | 3. 02.02.2023 | 83,79,956 /-Debit By Salary |
| | | 4. 02.02.2023 | 47,42,824 /-Debit By Salary |
| | | 5. 07.02.2023 | 177 /- (Cheque-327161) |
| | | 6. 10.02.2023 | 1,96,431/-(out Cheque Return) |
| | | 7. 10.02.2023 | 177 /- (Cheque Return Charge) |
| | | 8. 10.02.2023 | 11400/-(Cheque WDL) |
| | | 9. 13.02.2023 | 50,000/-(out Cheque Return) |
| | | 10. 13.02.2023 | 177/-(cheque Return Charge) |
| | | 11. 14.02.2023 | 19,50,835/-(Cheque WDL) |
| | | 12. 14.02.2023 | 1800/-(Cheque WDL) |
| | | 13. 14.02.2023 | 3500/-(Cheque WDL) |
| | | 14. 14.02.2023 | 4,84,295/-(Cheque WDL) |
| | | 15. 15.02.23 | 30546/- Debit |
| | | 16. 17.02.23 | 36,98,440/- |
| | | 17. 01.03.2023 | 1,34,10,381/- (By Salary) |
| | | 18. 01.03.2023 | 13,161/-(Dep.transfer) |
| | | 19. 02.03.2023 | 73290/-(cheque 368816) |
| | | 20. 03.03.2023 | 64,14,610/- |
| | | 21. 21.03.2023 | 2,05,88,201/- |
| | | 22. 24.03.2023 | 786 /-(Cheque-369124) |
| | | 23. 29.03.2023 | 74,16,380/-By Salary |
| | | 24. 29.03.2023 | 295/-(fid Loans) |
| 4 | PNB 1423000105456702 | 10.02.2023 | 3444/- |

| | | | |
|---|---|---|---|
| 5 | UBI PMAY<br>339802010118529 | 01.02.2023 മുതൽ<br>30.04.2023 വരെ | പിൻവലിക്കലുകൾ ഭാഗികമായി മാത്രമെ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളൂ |
| 6 | Indian Bank AMRUT<br>7032582923 | 08.02.2023 | 3,12,595/- |
| | | 09.03.2023 | 1,67,850/- |
| 7 | Canara Bank NULM<br>2772101007509 | 08.02.2023 | 3681/- |
| | | 08.02.2023 | 34,500/- |
| | | 08.02.2023 | 2,43,000/- |

2. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും വ്യത്യാസം കാണിക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | തീയതി | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|---|
| 1 | 67109350615 | 02.03.23 | 6,22,950/-(Chq.652588) | 32,750/- (Chq.652588) |
| | | 02.03.23 | 139600/- (Chq.652589) | 7,29,800/-(79,800+6,50,000) |
| | | 31.03.23 | 2,00,000 /-(Chq.652868) | 2,160/- (Chq.652868) |
| | | 31.03.23 | 2160/- (Chq.652877) | 2,00,000 (Chq.652877) |

SBI 67199277808 ബാങ്ക് സ്റ്റേറ്റ്മെന്റിൽ ചെക്ക് റിട്ടേൺ (Out Cheque Return) ഇനത്തിൽ വ്യാപകമായി തുകകൾ ഡബിറ്റ് ചെയ്തതായി കാണുന്നു. കലക്ഷനായി ബാങ്കിൽ നൽകുന്ന ചെക്കുകൾ കലക്ഷനായി വന്നാൽ മാത്രമെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളൂ എന്നിരിക്കെ ചെക്ക് റിട്ടേൺസ് തുകകൾ അക്കൗണ്ടുകളിൽ ഡബിറ്റ് ചെയ്യപ്പെടാനുണ്ടാകുന്ന സാഹചര്യം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ് (നം.03/26.06.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബാങ്ക് എക്കൗണ്ടിൽ നിന്നും വ്യാപകമായി തുക ഡെബിറ്റ് ചെയ്യപ്പെടുന്നതിന്റെ കൃത്യത പരിശോധിച്ച് വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ജി) സോണൽ ഓഫീസുകളിൽ ക്യാഷ് ബാലൻസും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

കോർപ്പറേഷന്റെ മൂന്ന് സോണൽ ഓഫീസുകളിലും സാംഖ്യയിൽ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഈ മൂന്ന് സോണൽ ഓഫീസുകളിൽ ക്യാഷ് ബാലൻസ് പരിശോധിച്ചപ്പോൾ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ക്യാഷ് ബാലൻസും പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടു. മൂന്ന് സ്ഥലത്തും പരിശോധന നടത്തിയ ദിവസത്തെ കൗണ്ടർ കലക്ഷൻ മാത്രമാണ് ക്യാഷ് ബാലൻസായി ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞത്. ഓരോ ദിവസത്തെയും കലക്ഷൻ അടുത്ത ദിവസം കോർപ്പറേഷൻ മെയിൻ ഓഫീസിൽ അടവാക്കാറുണ്ട് എന്നും ഇപ്രകാരം അടവാക്കുമ്പോൾ സാംഖ്യയിലെ ക്യാഷ് ബുക്കിൽ ചെലവ് കാണിക്കാൻ കഴിയുന്നില്ല എന്നും അതുകൊണ്ടാണ് വ്യത്യാസം കാണുന്നത് എന്നുമാണ് ഈ അപാകതയ്ക്ക് സോണൽ ഓഫീസ് ജീവനക്കാർ തന്ന വിശദീകരണം. മൂന്ന് സോണൽ ഓഫീസുകളിൽ കണ്ട നീക്കിയിരിപ്പുകൾ ചുവടെ ചേർക്കുന്നു.

| സോണൽ ഓഫീസ് | ക്യാഷ് ബുക്ക് പ്രകാരം | | | യഥാർത്ഥ നീക്കിയിരിപ്പ് | പരിശോധന നടത്തിയ തീയതി |
|---|---|---|---|---|---|
| | മുൻബാക്കി | വരവ് | നീക്കിയിരിപ്പ് | | |
| എലത്തൂർ | 8,83,54,267 | 121,764 | 8,84,76,031 | 1,21,764 | 17.10.2023 |
| ബേപ്പൂർ | 22,85,47,468 | 6,235 | 22,85,53,703 | 6,235 | 03.10.2023 |

| | | | | | | |
|---|---|---|---|---|---|---|
| ചെറുവണ്ണൂർ നല്ലളം | 35,00,57,884 | 56,680 | 35,01,14,564 | | 56,680 | 11.10.2023 |

പണം വരവ് വരുമ്പോൾ ക്യാഷ് ബുക്കിൽ വരവായി ചേർക്കാൻ കഴിയുന്നുണ്ടെങ്കിൽ ചെലവും രേഖപ്പെടുത്താൻ കഴിയേണ്ടതാണ്. അപാകതകൾ സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സേവനദാതാവായ ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി സോണൽ ഓഫീസുകളുടെ ആവശ്യത്തിന് അനുസൃതമായ രീതിയിൽ സോഫ്റ്റ്‌വെയർ ക്രമീകരിച്ച് നൽകാൻ ആവശ്യപ്പെടേണ്ടതും കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പും ഒന്നായിരിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി പരിഷ്ക്കരണം സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കിയില്ല -നഗരസഭക്ക് നികുതിയിനത്തിൽ വൻ ചോർച്ച

ഫയൽ നമ്പർ : എ1/40591/18

ഫയൽ നമ്പർ : എ1/24966/23

എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് 22.03.2023 ന് ഉത്തരവായിട്ടുണ്ട് (നം.77/23/LSGD തിയ്യതി 22-03-2023) ആയതു പ്രകാരം വർഷം തോറും 5% എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ 31.03.2023 നകവും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള പരിശോധനകൾ 30.06.2023നകവും പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

28.03.2023 ലെ LSGD/PD/17273/2023-REV2 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളും നഗരസഭകളും 2016 ഏപ്രിൽ പ്രാബല്യത്തിൽ പുതുക്കിയ ഫോറം 6 അനുസരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രി 2023 മെയ് 31 നകം കുറ്റമറ്റതാക്കി പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നികുതി നിശ്ചയിച്ചത് ക്രമപ്രകാരമാണെന്നും ഒക്യുപ്പെൻസിയുടെ ആധികാരികതയും ഉറപ്പുവരുത്തേണ്ടതാണ്. 2023 മെയ് 31 നു മുൻപ് 31.03.2023 വരെയുള്ള അരിയർ ഡിമാന്റുകളും ഫീൽഡ് കളക്ഷൻ വിവരങ്ങളും സഞ്ചയയിൽ പോസ്റ്റ് ചെയ്യേണ്ടതും അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കേണ്ടതുമാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങളൊന്നും ഇതുവരെയും പൂർത്തിയാക്കിയതായി കാണുന്നില്ല. 32000ൽപ്പരം കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ ഇനിയും പൂർത്തിയാക്കാനുണ്ട്. ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, യു.എ.സി. നമ്പർ നൽകിയ കെട്ടിടങ്ങൾ, കോടതി നടപടികളിലുള്ള കെട്ടിടങ്ങൾ, വിമുക്തഭടൻമാരുടെ വീടുകൾ, വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടങ്ങൾ എന്നിവയുടെയും പരിശോധന പൂർത്തീകരിച്ചിട്ടില്ല.

പ്രിൻസിപ്പൽ ഡയരക്ടറുടെ 02.05.2023ലെ LSGD/PD/20073/2023-REV2 നമ്പർ കത്തു പ്രകാരം വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും താഴെ കൊടുത്ത നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എങ്ങുമെത്താത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| വിഷയം | സമയപരിധി | നിലവിലെ സ്ഥിതി |
|---|---|---|
| നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കൽ | 10.05.2023 | 31.10.2023ലെ 82 നമ്പർ കൗൺസിൽ തീരുമാനപ്രകാരം |

| | | |
|---|---|---|
| | | നികുതി പുനർനിർണ്ണയിച്ചു. നടപടി പൂർത്തീകരിച്ചിട്ടില്ല. |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് പ്രസിദ്ധീകരിക്കൽ | 15.05.2023 | പ്രസിദ്ധീകരിച്ചിട്ടില്ല. 31.10.2023ലെ 82 നമ്പർ തീരുമാനപ്രകാരം ധനകാര്യസ്ഥിരം സമിതിയെ ചുമതലപ്പെടുത്തി. |
| മേഖലകളുടെ തരംതിരിവും അതിർത്തികളും പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കൽ | 15.05.2023 | ക്ഷണിച്ചിട്ടില്ല. |
| മേഖലകൾ പുതുക്കി നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തൽ | 30.06.2023 | പ്രസിദ്ധപ്പെടുത്തിയിട്ടില്ല. 31.10.2023ലെ 82 നമ്പർ തീരുമാനപ്രകാരം കമ്മറ്റി രൂപീകരിക്കുന്നതിന് ധനകാര്യസ്ഥിരം സമിതിയെ ചുമതലപ്പെടുത്തി. |
| അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തൽ | 30.06.2023 | 31.10.2023ലെ 82 നമ്പർ തീരുമാനപ്രകാരം നിരക്ക് പുതുക്കി നിശ്ചയിച്ചു. മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല |

നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് വസ്തുനികുതി പൂർണ്ണമായതോതിൽ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ കോർപ്പറേഷൻ വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (122/29.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പരിഷ്കരണ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13-1 കോർപ്പറേഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു - നികുതി വരവിനത്തിൽ വൻ നഷ്ടം

കോർപ്പറേഷനിൽ 100 ച.മീ. ന് മുകളിൽ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 28-02-2017 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ എ1/11552/11 നമ്പറായുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരം ഒരു ച.മീ. ന് 105/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയിതിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ 100 ച.മീ. ന് മുകളിലുള്ള ചില വാണിജ്യ കെട്ടിടങ്ങൾക്ക് 90/- നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ഇത്തരത്തിൽ വലിയ കെട്ടിടങ്ങൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച് 105/- രൂപയ്ക്ക് പകരം 100ച.മി. താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട 90/- രൂപ ഈടാക്കുന്നതിലൂടെ കോർപ്പറേഷന് നികുതി വരവിനത്തിൽ വൻ നഷ്ടം സംഭവിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ആകെ വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 39/1825to 1829 | 859.53 | 90/ച.മീ. | 105/ച.മീ. | 283.3 *15= 4250/-(നഷ്ടം)<br>576.23 ച.മീ. ന് 105/- നിരക്കിൽ ഈടാക്കി. |
| 2. | 25/1525to 1532 | 113.09 | 90/ച.മീ. | 105/ച.മീ. | 113.09*15 = 1697/-(നഷ്ടം) |
| 3. | 38/71,73,74 | 268.25 | 90/ച.മീ. | 105/ച.മീ. | 268.25*15 = 4024/-(നഷ്ടം) |
| 4. | 38/79 To 83 | 372.7 | 90/ച.മീ. | 105/ച.മീ. | 372.7*15 = 5591/-(നഷ്ടം) |
| 5. | 64/42 To 48 | 173 | 90/ച.മീ. | 105/ച.മീ. | 173*15 = 2595/-(നഷ്ടം) |
| 6. | 64/49 To 54 | 135.11 | 90/ച.മീ. | 105/ച.മീ. | 135.11*15 = 2027/-(നഷ്ടം) |
| 7. | 64/66 To 71 | 147.52 | 90/ച.മീ. | 105/ച.മീ. | 123.04*15 = 1846/-(നഷ്ടം)<br>24.48 ച.മീ. ന് 105/- നിരക്കിൽ ഈടാക്കി. |
| 8. | 64/61 To 65 | 601.03 | 90/ച.മീ. | 105/ച.മീ. | 443.26*15 = 6649/-(നഷ്ടം)<br>157.77 ച.മീ. ന് 105/- നിരക്കിൽ ഈടാക്കി. |
| 9. | 60/3983 To 4000 | 949.07 | 90/ച.മീ. | 105/ച.മീ. | 897.73*15 = 13466/-(നഷ്ടം)<br>51.34 ച.മീ. ന് 105/- നിരക്കിൽ ഈടാക്കി. |

| | | | | | |
|---|---|---|---|---|---|
| 10 | 60/ 4010 To 4011 | 172.68 | 90/ച.മീ. | 105/ച.മീ. | 172.68*15 = 2591/- (നഷ്ടം) |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ സ്പ്ലിറ്റ് അസ്സെസ്സ്മെന്റ് ചെയ്ത് വ്യത്യസ്ത നമ്പർ നൽകിയവയാണ്. ഇത്തരത്തിൽ സ്പ്ലിറ്റ് ചെയ്ത് വ്യത്യസ്ത നമ്പർ നൽകിയ 100 ച.മീ. ന് മുകളിൽ വിസ്തൃതിയുള്ള മറ്റ് ചില വാണിജ്യ കെട്ടിടങ്ങൾക്ക് 105/- രൂപ നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടുമുണ്ട്. ആയതിന്റെ ഉദാഹരണവും ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്-കെട്ടിട നമ്പർ | ആകെ വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി നിരക്ക് |
|---|---|---|---|
| 1 | 64 - 1270/B, 1270/C, 1270/D | 113.84 | 105/- |
| 2 | 64 –1378/D1,D3,D5,D6,D7,D8,D10, D11,D12,D13,D14,D,D9,D15 | 282.04 | 105/- |
| 3 | 64 – 1457 To 1466 | 181.8 | 105/- |

തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപന പ്രകാരം ഏകീകൃതമായ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിനോടൊപ്പം മേൽ കാണിച്ചിരിക്കുന്ന പ്രകാരം നിരക്കിൽ വ്യത്യാസം വരാനുണ്ടായ കാരണവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഒ.എസ്.നം.129/2022-23 തിയ്യതി 05.12.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യസ്ത രീതിയിൽ വസ്തു നികുതി ഈടാക്കിയതിന് കാരണം വിശദമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതോടൊപ്പം നഗരസഭയുടെ പരിധിയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഏകീകൃതമായ രീതിയിൽ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

### 1-13-2 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല-വരുമാന നഷ്ടം സംഭവിക്കുന്നു

UAC നമ്പർ ലഭിച്ച കെട്ടിട ഉടമകൾ വസ്തുനികുതി അടവാക്കുകയോ ഇത് ഈടാക്കാൻ കോർപ്പറേഷൻ നടപടി സ്വീകരിക്കുകയോ ചെയ്യാത്തത് മൂലം കോർപ്പറേഷന് വലിയ വരുമാന നഷ്ടം സംഭവിക്കുന്നു. ഫലത്തിൽ അനധികൃത കെട്ടിടങ്ങൾ അങ്ങനെ തുടരുകയും നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുകയും ചെയ്യുന്നു. സഞ്ചയ പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | കുടിശ്ശിക തുക (നാളിത് വരെ) |
|---|---|---|---|
| 1 | 8/1696/A (UAC)/2022 | പി കെ അബൂബക്കർ സിദ്ധീഖ് | 460130 (2021-രണ്ടാം അർദ്ധ വർഷം മുതൽ |
| 2 | 13/584/UAC<br>13/585/UAC<br>13/586/UAC<br>13/587/UAC<br>13/588/UAC<br>13/589/UAC | അബൂബക്കർ മുസലിയാർ എ പി | 67711<br>10575<br>1549822<br>79407<br>203206<br>95364 |

| | | | |
|---|---|---|---|
| | | | ആകെ.2006085(2016 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 13/1118/B UAC | അബ്ദുൽകരീം ഫൈസൽ | 9806576 (2022 ഒന്നാം അർദ്ധ വർഷം മുതൽ) |
| 4 | 13/1193/G UAC | ജില്ലാ പ്ലാനിംഗ് ആഫീസർ, | 4427724 (2019 ഒന്നാം അർദ്ധ വർഷം മുതൽ) |
| 5 | 23/1954/A (UAC) | ബാലഗംഗാധരൻ നായർ, ഭാരതീയ വിദ്യാഭവൻ, ചാലപ്പുറം - 673002 | 2982164 2016 ഒന്നാം അർദ്ധ വർഷം മുതൽ) |
| 6 | 29/29/A1 UAC | മുഹമ്മദ് ഇഖ്ബാൽ, ഹമീദ് ഹാജി | 2973694 (2021-രണ്ടാം അർദ്ധ വർഷം മുതൽ) |
| 7 | 32/1206/A | എ.പി.അബ്ദുള്ള മുസലിയാർ, നൌഫൽ മൻസിൽ, കിണാശ്ശേരി | 1462544 2019 ഒന്നാം അർദ്ധവർഷം മുതൽ) |
| 8 | 60/5480/UAC | പികെ.സുഹറാബി | 866416 2016 ഒന്നാം വർഷം മുതൽ) |
| 9 | 62/1424/UAC | പി.വി.നിധീഷ്, പി.വി.ചന്ദ്രൻ | 6985549 2016 ഒന്നാം വർഷം മുതൽ) |
| 10 | 63/516/UAC | സിജു മാത്യു സോവി കുര്യൻ, ഫ്ലാറ്റ് 309 സി, ഹൈ ലൈറ്റ് റെസിഡെൻസി | 137901 (2022 ഒന്നാം അർദ്ധ വർഷം മുതൽ) |
| | | ആകെ | 32108783 |

മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളിൽ നിന്നും കുടിശ്ശികയായി കിടക്കുന്ന വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഒ.എസ്.നം.113/2022-23) മറുപടി നൽകിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13-3 അനധികൃതനിർമ്മാണത്തിന് ചുമത്തിയ വസ്തുനികുതി അടവാക്കാതിരുന്നിട്ടും നടപടി സ്വീകരിച്ചില്ല

ഫയൽ നമ്പർ-A23/TP1/3/97795/2017

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഇലകൂറൽ വാർഡ് 8 ൽ ശ്രീ.ഷിഹാബുദീൻ, നാലകത്ത് എന്നവരുടെ പേരിൽ അനുവദിച്ച 21 നില ഫ്ലാറ്റ് നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റവന്യൂ ഇൻസ്പെക്ടറുടെ സ്ഥലപരിശോധനയിൽ ഫ്ലാറ്റിൽ താമസക്കാരുണ്ടെന്നും ഫ്ലാറ്റ് പ്രവർത്തിച്ചുവരുന്നതായും ബോധ്യപ്പെട്ടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം യു.എ.സി. നികുതി ചുമത്തിയിട്ടുണ്ട്.

2017-18 രണ്ടാം അർദ്ധ വർഷം മുതൽ 2022-23 വരെയുള്ള നികുതിയിനത്തിൽ 54,18,748/- രൂപ അടവാക്കാനാവശ്യപ്പെട്ട് 28.09.2022ന് ഉടമസ്ഥന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും തുക ഇതുവരെയും അടവാക്കിയിട്ടില്ല. നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം നികുതിയും മറ്റ് ചെലവുകളും അടവാക്കേണ്ടതാണെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും തുക അടവാക്കിയിട്ടില്ല. തുക ഒടുക്കാതിരിക്കുകയോ സെക്രട്ടറിക്ക് ബോധ്യമാവത്തക്കവണ്ണമുള്ള കാരണം കാണിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ആയത് വസൂൽ ചെയ്യുന്നതിന് 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ 19-ാം ചട്ടപ്രകാരം നിയമാനുസൃതനടപടികൾ സ്വീകരിക്കാവുന്നതാണെങ്കിലും അത്തരം നടപടികൾ നാളിതുവരേയും സ്വീകരിച്ചതായി കാണുന്നില്ല. ചട്ടം ലംഘിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും താമസക്കാർക്ക് ഫ്ളാറ്റ് താമസത്തിന് അനുവദിക്കുകയും ചെയ്തിട്ടും അവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നുമാത്രമല്ല യു.എ.സി. നമ്പർ നൽകിയത് അവർക്ക് പല ആവശ്യങ്ങൾക്കും ഉപകാരപ്രദമായി മാറുകയാണുണ്ടായത്.

വസ്തുനികുതി ഈടാക്കുന്നതിനും അനധികൃതനിർമ്മാണം അംഗീകൃതമാക്കുന്നതിനോ പൊളിച്ചുമാറ്റുന്നതിനോ നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.102/18.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-13-4 അനധികൃതനിർമ്മാണത്തിന് ചുമത്തിയ വസ്തുനികുതി തിരികെ നൽകി

ഫയൽ നം.A7/A3/51845/13

കോർപ്പറേഷനിലെ വാർഡ് 70 - ൽ കാരപറമ്പ് SBT Officers Housing Co-Op Society യുടെ പേരിൽ UAC ആയി നിർമ്മിച്ച 14 നില ഫ്ളാറ്റ് കെട്ടിടത്തിന് UAC പ്രകാരം ചുമത്തിയ നികുതി അടച്ചു വരുകയും തുടർന്ന് റഗുലറൈസ് ചെയ്തശേഷം UAC സമയത്ത് അടവാക്കിയ തുക തിരികെ ലഭിക്കുവാൻ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ 30.03.2022ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിലെ 58-ാം നമ്പർ അജണ്ടയായി വരുകയും വിശദമായ റിപ്പോർട്ടിനായി ഡെപ്യൂട്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത അജണ്ട നോട്ടിൽ 6475.13ച.മീ. തറ വിസ്തീർണ്ണമുള്ള ഫ്ളാറ്റിന് 70/1270B എന്ന ഒരു നമ്പർ നൽകി 01.04.2016 മുതൽ 31.03.2021വരെ UAC പ്രകാരമുള്ള നികുതി 17,84,715/-രൂപ (അർദ്ധവാർഷികനികുതി 1,78,472/-) അടവാക്കിയതായും 2021ൽ റഗുലറൈസ് ചെയ്ത പ്രകാരം പ്രസ്തുത ഫ്ളാറ്റിന് 56 നമ്പറുകൾ നൽകി പുന:ക്രമീകരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.*(1994 ലെ കേ.മു.ആക്ട് 242(3) പ്രകാരം UAC കെട്ടിടങ്ങൾക്ക് വകുപ്പ് 380 പ്രകാരമുള്ള കെട്ടിട നമ്പർ നൽകാൻ പാടില്ലാത്തതും നിർണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. എന്നാൽ ഈ കെട്ടിടത്തിന് ആക്റ്റിന് വിരുദ്ധമായി സാധാരണ നമ്പരാണ് നൽകിയത്. മാത്രമല്ല കെട്ടിടം ക്രമവത്കരിച്ചതിന് ശേഷവും ഈ നമ്പർ സഞ്ചയയിൽ നിലനിൽക്കുന്നതായും കാണുന്നു).* അത് പ്രകാരം 01.04.2014 മുതൽ 31.03.2022വരെ അടവാക്കേണ്ട നികുതി 9,21,243/- രൂപയാണെന്നും അത് കഴിച്ച് ബാക്കി 8,63,472/- രൂപ സൊസൈറ്റിക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

15.09.2022ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിലെ 20-ാം തീരുമാനപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ 2022-23 ലെ വസ്തുനികുതിയും ലൈബ്രറി സെസ്സും കിഴിച്ച് ബാക്കി തുക 6,96,672/- രൂപ കക്ഷിക്ക് തിരിച്ചുനൽകുന്നതിനുള്ള തീരുമാനത്തിനായി കൗൺസിലിലേക്ക് ശിപാർശ ചെയ്തു.

09.01.2023ലെ 9 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ധനകാര്യ സ്ഥിരം സമിതിയുടെ 15.09.2022 ലെ 20-ാം നമ്പർ ശിപാർശ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 31.03.2023 ലെ 22205549 നമ്പർ വൗച്ചർ പ്രകാരം ശ്രീ ടി.ജോസഫ്, കെ.ടി.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവരുടെ പേരിൽ 6,96,672/- രൂപ റീഫണ്ട് അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളമുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും

സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയോ അത് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ ഉടമസ്ഥൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

മേൽ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് 01.04.2016 മുതൽ പണി പൂർത്തീകരിച്ചു എന്നു കണക്കാക്കി ഈടാക്കിയ വസ്തുനികുതി തിരികെ നൽകിയതായി കാണുന്നു. 2021ൽ റഗുലറൈസേഷൻ അപേക്ഷ നൽകിയ കെട്ടിടം 01.04.2014 മുതൽ മുൻകാല പ്രാബല്യത്തോടെ റഗുലറൈസ് ചെയ്ത് നൽകുകയാണുണ്ടായത്. ആദ്യം അടവാക്കിയ നികുതിയിൽ 1,66,800/- രൂപ ക്രമീകരിക്കുകയും ബാക്കിതുക 6,96,672/- രൂപ തിരികെ നൽകുകയും ചെയ്തു. അനധികൃത നിർമ്മാണം 01.04.2016ന് പൂർത്തീകരിച്ചു എന്ന് കണക്കാക്കിയാണ് 17,84,715/- രൂപ വസ്തുനികുതിയായി ഈടാക്കിയത് എന്നാൽ നിർമ്മാണം 01.04.2014ന് പൂർത്തീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തി പുനർനിർണ്ണയം നടത്തിയതായി കാണുന്നു. അപാകതകൾക്ക് വിശദീകരണവും പരിശോധനക്കായി ഫയലും ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഒ.എസിന് (127/05.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയോടൊപ്പം ഫയൽ ഹാജരാക്കാത്തപക്ഷം 8,63,472/- രൂപ ഉത്തരവാദപ്പെട്ടവരുടെ ബാധ്യതയായി ചുമത്തുന്നതാണ്.

## 1-13-5 വസ്തു നികുതി - ചട്ടപ്രകാരം ഈടാക്കാത്തതും മറ്റ് അപാകതകളും എലത്തൂർ മേഖല കാര്യാലയം

എലത്തൂർ മേഖലാ കാര്യാലയത്തിലെ 2022-23 വർഷത്തെ വരവ് ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയിച്ചതും ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചട്ടപ്രകാരമുള്ള മാതൃകയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 12, 13പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഫോറം-4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി വിവരങ്ങൾ ഫോറം-8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എലത്തൂർ മേഖലാ കാര്യാലയത്തിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി മേഖലാ കാര്യാലയത്തിൽ പരിപാലിച്ചു വരുന്നത്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ചട്ടപ്രകാരമുള്ള നിശ്ചിത മാതൃകയിൽ അല്ല. ഒരു കെട്ടിടത്തെ സംബന്ധിച്ച പരമാവധി വിവരങ്ങൾ ഉൾക്കൊള്ളിക്കാവുന്ന തരത്തിൽ 45 കോളങ്ങൾ ഉള്ള രജിസ്റ്ററാണ് ചട്ടത്തിൽ നിഷ്കർഷിച്ച വസ്തുനികുതി നിർണയ രജിസ്റ്റർ. എന്നാൽ എലത്തൂർ മേഖല കാര്യാലയത്തിൽ സൂക്ഷിച്ച വസ്തുനിർണയ രജിസ്റ്ററിൽ, നികുതി നിർണയിക്കുമ്പോൾ നൽകിയ ഇളവുകളും വർദ്ധനവുകളും പോലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി നിർണയത്തിനായി ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) വികസിപ്പിച്ചെടുത്ത സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണയം നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ ആയി സൂക്ഷിക്കാവുന്നതാണ് (സ.ഉ (കൈ) നം. 371/2013/ത.സ്വ.ഭ.വ തീ. 02.12.2013 ). ചട്ടത്തിൽ നിഷ്കർഷിച്ച

തരത്തിലുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ അസസ്മെന്റ് റിപ്പോർട്ട്, ഡിമാൻഡ് രജിസ്റ്റർ എന്നിവ സഞ്ചയയിൽ ലഭ്യമാണെങ്കിലും ആയത് പ്രിന്റെടുത്ത് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി സോഫ്റ്റ്‌വെയറായ സഞ്ചയയിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്താത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും ലഭ്യമല്ല. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി സംബന്ധിച്ച് വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കൂടാതെ താഴെ പറയുന്ന രജിസ്റ്ററുകൾ കൂടി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

| ക്രമ നം | രജിസ്റ്ററുകൾ | വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ |
|---|---|---|
| 1 | 235-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യേക രജിസ്റ്റർ | ചട്ടം 3(6) |
| 2 | ഫോറം 8 ൽ തയ്യാറാക്കുന്ന ഡിമാന്റ് രജിസ്റ്റർ | ചട്ടം 13 |
| 3 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി ഫോറം 10 ൽ തയ്യാറാക്കുന്ന രജിസ്റ്റർ | ചട്ടം 20 |
| 4 | നികുതി ഇളവ് നൽകുന്നതിന് ഫോറം 11 ൽ തയ്യാറാക്കുന്ന രജിസ്റ്റർ | ചട്ടം 21 |

2022-23 വർഷത്തെ വസ്തുനികുതി പരിശോധിക്കുന്നതിനായി മേൽ പറഞ്ഞ രജിസ്റ്ററുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും നിർദ്ദിഷ്ട മാതൃകയിൽ അല്ലാത്തതും, പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താത്തതും, സാക്ഷ്യപ്പെടുത്താത്തതുമായ ക്രമ നം (3), (4) പ്രകാരമുള്ള രജിസ്റ്ററുകളും വസ്തു നികുതി നിർണ്ണയ രജിസ്റ്ററുമാണ് ഹാജരാക്കിയിട്ടുള്ളത്. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിൽ പറയും പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

<u>2. വസ്തുനികുതി പിരിവ് - കാര്യക്ഷമമല്ല</u>

എലത്തൂർ മേഖലാ കാര്യലയത്തിലെ 2022-23 വർഷത്തെ വസ്തുനികുതി വാർഡ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. (ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരം)

| വാർഡ് | ഡിമാൻഡ് | | | കളക്ഷൻ | | | ബാലൻസ് | | | പിരിവ് |
|---|---|---|---|---|---|---|---|---|---|---|
| | Arrear | Current | Total | Arrear | Current | Total | Arrear | Current | Total | ശതമാനം |
| 1 | 1354620 | 1782399 | 3137019 | 596874 | 789580 | 1386454 | 757746 | 992819 | 1750565 | 44 |
| 2 | 2247119 | 2144516 | 4391635 | 709438 | 1421690 | 2131128 | 1537681 | 722826 | 2260507 | 49 |
| 3 | 2736598 | 3340005 | 6076603 | 953519 | 2277104 | 3230623 | 1783079 | 1062901 | 2845980 | 53 |
| 4 | 1969950 | 1862425 | 3832375 | 931464 | 1327875 | 2259339 | 1038486 | 534550 | 1573036 | 59 |
| 5 | 1665091 | 2059299 | 3724390 | 864169 | 1561922 | 2426091 | 800922 | 497377 | 1298299 | 65 |
| 75 | 1902285 | 2886409 | 4788694 | 1487092 | 2194468 | 3681560 | 415193 | 691941 | 1107134 | 77 |
| Total | 11875663 | 14075053 | 25950716 | 5542556 | 9572639 | 15115195 | 6333107 | 4502414 | 10835521 | 58 |

ആറ് വാർഡുകൾ മാത്രമുള്ള മേഖലാ കാര്യാലയത്തിൽ 2022-23 വർഷത്തിൽ ഡിമാൻഡ് ചെയ്ത 2,59,50,716/- രൂപയിൽ കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുത്തത് 1,51,15,195/- മാത്രമാണ് (പിരിവ് ശതമാനം 58%). ആകെയുള്ള 6 വാർഡുകളിൽ 2 വാർഡുകളിൽ പിരിവ് ശതമാനം 50 ശതമാനത്തിൽ താഴെയാണ്. നികുതി പിരിവ് ത്വരിതപ്പെടുത്താൻ അടിയന്തിര നടപടികൾ ആവശ്യമാണ്. കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾ ഡിമാന്റായി മാറുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്റെയും വസ്തുനികുതി കളക്ഷൻ കുടിശിക വിവരങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന നഗരസഭയിലെ നിലവിലെ സംവിധാനം 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13 പ്രകാരമായിരിക്കേണ്ടതാണ്. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3.<u>വസ്തുനികുതി - ഡി.സി.ബി.പൊരുത്തപ്പെടുന്നില്ല</u>

2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി വർഷാന്ത്യ കളക്ഷൻ സംക്ഷിപ്തം, വാർഷിക വരവ് അക്കൗണ്ട് ഹെഡ്ഡിലെ കൺസോളിഡേറ്റഡ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ തുക | ഡി.സി.ബി. പ്രകാരം കളക്ഷൻ തുക | വ്യത്യാസം |
|---|---|---|---|
| 431100100 (കറന്റ്) | 59,59,488/- | 95,72,639/- | 36,13,151/- |
| 431100200 (കുടിശ്ശിക) | 39,81,437/- | 55,42,556/- | 15,61,119/- |

വ്യത്യാസം വരാൻ ഇടയായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഡി.സി.ബി മാന്വൽ ആയി തയ്യാറാക്കിയത് കാരണമാണ് വ്യത്യാസം വന്നത് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

<u>4. കേന്ദ്രസർക്കാർ കെട്ടിടത്തിൽ നിന്ന് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല.</u>

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ചട്ടം 30.1) പ്രകാരം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയിലെ അനുച്ഛേദം 285 അനുസരിച്ച് വസ്തുനികുതി ഉൾപ്പടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. പൂർണ്ണമായ സേവനങ്ങൾക്ക്, കണക്കാക്കപ്പെടുന്ന വസ്തുനികുതിയുടെ 75%, ഭാഗികമായ സേവനങ്ങൾക്ക് 50%, സേവനങ്ങളൊന്നും ലഭ്യമായിട്ടില്ലാത്ത സംഗതിയിൽ വസ്തുനികുതിയുടെ 33 1/3 % എന്നിങ്ങനെ ഈടാക്കാവുന്നതാണ്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ റെയിൽവേ, പോസ്റ്റ്ഓഫീസ് BSNL എന്നിവയുടെ കെട്ടിടങ്ങൾ കാര്യലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി ചട്ടങ്ങൾക്കനുസരിച്ച് അർഹമായ നികുതി ഈടാക്കേണ്ടത് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ പുരോഗതിക്ക് അവിഭാജ്യമാണ്. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

## 1-13-6 വസ്തുനികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശികവരുത്തുന്നു

ബേപ്പൂർ സോണൽ ഓഫീസിലെ വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ അരിയർ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ വസ്തുനികുതി ഇനത്തിൽ ഭീമമായ തുക കുടിശ്ശികവരുന്നതായി കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | അരിയർ ഡിമാൻഡ് രജിസ്റ്റർ പ്രകാരം നികുതി ചുമത്തിയ കാലയളവ് | അരിയർ ഡിമാൻഡ് രജിസ്റ്റർ പ്രകാരം ആകെ തുക |
|---|---|---|---|---|
| 01 | 47/2659 B | കളപ്പറമ്പിൽ സുനിൽകുമാർ | 2016-17 മുതൽ 2023-2024വരെ | 35200 |
| 02 | 47/2715 | കദീജ,താഹിറ,റഷാന,റിഷിൽ മുഹമ്മദ് | 2013-14 മുതൽ 2023-2024വരെ | 23777 |
| 03 | 47/1922 | അഫ്സൽ,ഹബീബ്,<br>അനീസ്,ഹസീന,<br>സുബൈദ | 2016-17 ഒന്നാം അർദ്ധവർഷം മുതൽ 2023-2024 വരെ | 23203 |
| 04 | 47/2908 T | മാനേജർ,<br>സ്റ്റീൽ ഇൻഡസ്ട്രീസ്<br>കേരള ലിമിറ്റഡ് | 2009-2013 മുതൽ 2023-2024 വരെ | 53220 |
| 05 | 47/2908 R | മാനേജർ,<br>സ്റ്റീൽ ഇൻഡസ്ട്രീസ്<br>കേരള ലിമിറ്റഡ് | 2009-2013 മുതൽ 2023-2024 വരെ | 72285 |
| 06 | 47/1469P | ജമീല കെ<br>ഉള്ളിയഞ്ചേരിപറമ്പ് | 2016-2017 മുതൽ 2023-2024 വരെ | 129873 |
| 07 | 47/2228 | കെ.പി.ഉമ്മർ<br>കോഴിപ്പള്ളിപറമ്പ് | 2016-2017 മുതൽ 2023-2024 വരെ | 63273 |
| 08 | 47/2908N | പോർട്ട് ഓഫീസർ<br>കോഴിക്കോട് | 2013-2014 മുതൽ 2023-2024 വരെ | 88007 |

| | | | | |
|---|---|---|---|---|
| 09 | 47/2642 | ഫിഷറീസ് ,ഡെപ്യൂട്ടിഡയറക്ടർ, കോഴിക്കോട് | 2013-2014 മുതൽ 2023-2024 വരെ | 54176 |
| 10 | 47/2909 | കോഴിക്കോട് താലൂക്ക് കയറ്റിറക്ക് ഓഫീസ് തൊഴിലാളി യൂണിയൻ,ബേപ്പൂർ പോർട്ട് | 2016-2017 മുതൽ 2023-2024 വരെ | 61951 |
| 11 | 47/1007 | ടി.കെ.ഹനീഫ ഫിദമൻസിൽ | 2016-2017 മുതൽ 2023-2024 വരെ | 180675 |
| 12 | 47/2908 I | പോർട്ട് ഓഫീസർ കോഴിക്കോട് | 2016-2017 മുതൽ 2023-2024 വരെ | 53944 |
| 13 | 47/2908 M | പോർട്ട് ഓഫീസർ കോഴിക്കോട് | 2016-2017 മുതൽ 2023-2024 വരെ | 29005 |
| 14 | 47/2908 L | പോർട്ട് ഓഫീസർ കോഴിക്കോട് | 2016-2017 മുതൽ 2023-2024 വരെ | 25189 |
| 15 | 47/1484 | പോർട്ട് ഓഫീസർ ബേപ്പൂർ | 2013-2014 മുതൽ 2023-2024 വരെ | 12531 |
| 16 | 47/1483 | പോർട്ട് ഓഫീസർ ബേപ്പൂർ | 2013-2014 മുതൽ 2023-2024 വരെ | 12531 |
| 17 | 47/1482 | പോർട്ട് ഓഫീസർ ബേപ്പൂർ | 2013-2014 മുതൽ 2023-2024 വരെ | 12531 |
| 18 | 50/985 | സെക്രട്ടറി,മനോജ്കുമാർ.ടി.കെ | 2016-2017 മുതൽ 2023-2024 വരെ | 8927 |
| 19 | 47/1503 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ(ഹാർബർവിങ് കൺസ്ട്രക്ഷൻ | 2013-2014 മുതൽ 2023-2024 വരെ | 48976 |
| 20 | 47/594 | ടി.കെ.ഹനീഫ ഫിദമഹൽ,തരിപണം പറമ്പ് | 2015-2016 മുതൽ 2023-2024 വരെ | 46155 |
| ആകെ | | | | 1035429 |

മേൽ കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും മുഴവൻ വാർഡുകളിലെയും അരിയർ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ച് ഊർജിത കുടിശ്ശിക നിവാരണ യജ്ഞം നടത്തി പുരോഗതി ഓഡിറ്റിനെ അറിയിക്കുന്നതിനും വേണ്ടി 59/22-23 തീയ്യതി 17.10.23 നമ്പർ ഓഡിറ്റ് ഓഡിറ്റ് അന്വേഷണകുറിപ്പിന് റവന്യൂഓഫീസറുടെ 28.11.2023ലെ BZ/G1/R1/8528/23 നമ്പർ മറുപടിയിൽ ചട്ടപ്രകാരം ഡിമാൻഡ് നോട്ടീസ് നൽകിയിട്ടും കക്ഷികളുടെ ഭാഗത്ത് നിന്നും യാതൊരു നടപടികളും ഉണ്ടായിട്ടില്ല എന്നും ഒ.എസിൽ പ്രതിപാദിച്ച എല്ലാ കക്ഷികൾക്കും വീണ്ടും നോട്ടീസ് നൽകിയെന്നും തുടർന്നും നികുതി അടക്കാത്ത പക്ഷം റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും അറിയ്ച്ചിട്ടുണ്ട്. വാർഡ്തലത്തിൽ ഊർജിത കുടിശ്ശിക നിവാരണയജ്ഞം നടത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ കാര്യം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-13-7 മൊബൈൽ സേവനദാതാക്കളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പ്രകാരം എലത്തൂർ മേഖലാ കാര്യാലയത്തിലെ വിവിധ വാർഡുകളിലെ കെട്ടിടങ്ങൾക്ക് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് ബാധകമായ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതും മൊബൈൽ ഫോൺ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപ വസ്തുനികുതി ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്.

നഗരസഭയുടെ എലത്തൂർ മേഖലാ കാര്യാലയത്തിലെ 2022-23വർഷത്തെ വരവ് ഓഡിറ്റിന്റെ ഭാഗമായി മേഖലയിലെ വിവിധ മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിക്കുകയുണ്ടായി. മേഖലാ കാര്യാലയ പരിധിയിൽ 16മൊബൈൽ ടവറുകൾ ഉള്ളതായി സഞ്ചയ പരിശോധനയിൽ കാണുന്നു. ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെട്ട വാർത്താവിനിമയ സേവന ദാതാക്കൾ വസ്തു നികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | കെട്ടിട നമ്പർ | ടവറിന്റെ/ ഉടമസ്ഥന്റെ പേര് | 31.03.2023 വർഷം വരെ ഒടുക്കേണ്ട വസ്തുനികുതി കുടിശ്ശിക (LC ഉൾപ്പടെ) | | 2023-24 വർഷം |
|---|---|---|---|---|---|
| | | | കാലയളവ് | തുക | |
| 1 | 670A | ശ്രീ. കെ.വി രമണമൂർത്തി (Reliance Infocom Ltd) | 2013-14 I To 2022-23 II | 38,910/- | 8004/- |
| 2 | 1/861 | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 2016-17 I To 2022-23 II | 19,401/- | 6451/- |
| 3 | 1/1144A | ജനറൽ മാനേജർ, BSNL | 2016-17 I To 2022-23 II | 58,800/- | 8,820/- |
| 4 | 1/469 | ഭാരതി സെല്ലുലാർ Ltd | 2016-17 I To 2022-23 II | 1,52,349/- | 23,154/- |

| | | | | | |
|---|---|---|---|---|---|
| 5 | 2/102 A | ശ്രീ. ബിജു. ടി. നായർ വോഡഫോൺ സെല്ലുലാർ ലിമിറ്റഡ് | 2016-17 I To 2022-23 II | 1,00,330/- | 18,853/- |
| 6 | 3/1134A | ശ്രീ. യൂസഫ്. സി. കെ | 2016-17 I To 2022-23 II | 58,800/- | 8,820/- |
| 7 | 3/2259A | ശ്രീ. സുദേവൻ. വി. പി<br>വയർലെസ്സ് ടി.ടി ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 2016-17 I To 2022-23 II | 58,800/- | 8,820/- |
| 8 | 4/134A | ശ്രീ. ബിജു. ടി. നായർ<br>കൊച്ചിൻ വോഡഫോൺ എസ്സാർ ലിമിറ്റഡ് | 2011-12 I To 2022-23 II | 47,820/- | 7,167/- |
| 9 | 4/148A | ജനറൽ മാനേജർ, BSNL | 2016-17 I To 2022-23 II | 47,775/- | 7,167/- |
| 10 | 4/812 A | ശ്രീ. അബ്ദുൾ ഹമീദ് | 2022-23 I & II | 6,615/- | 6,300/- |
| 11 | 4/1700 A | ശ്രീ. ബഷീർ | 2016-17 I To 2022-23 II | 44,100/- | 6,615/- |
| 12 | 4/148 | റിലയൻസ് ഇൻഫ്രാറെഡ് ലിമിറ്റഡ് | 2013-14 I To 2022-23 II | 56,220/- | 8,560/- |
| 13 | 75/932A | ജനറൽ മാനേജർ, BSNL | 2016-17 I To 2022-23 II | 47,775/- | 7,167/- |
| 14 | 75/708A | ശ്രീ. ജയ്പാൽ മേനോൻ<br>ഭാരതി എയർടെൽ | 2012-13 I To 2020-21 II | 24,303/- | 0 |
| 15 | 75/2077A | ജനറൽ മാനേജർ, റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 2013-14 I To 2022-23 II | 60,594/- | 8,931/- |
| 16 | 75/2077B | ശ്രീ. ബിജു. ടി. നായർ | 2016-17 I To 2022-23 II | 2,06,640/- | 34,178/- |
| ആകെ | | | | 10,29,232/- | 1,69,007/- |

എലത്തൂർ സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന വാർഡുകളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ വൻതുക നഷ്ടമായി കൊണ്ടിരിക്കയാണെന്ന് വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിലെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാവുന്നു. മുകളിൽ കാണിച്ച മൊബൈൽ ടവർ കമ്പനികളിൽ നിന്ന് 2022-23 സാമ്പത്തിക വർഷം വരെ മൊബൈൽ ടവർ വസ്തുനികുതിയിനത്തിലെ കുടിശ്ശികയായി 10,29,232/- രൂപയും, 2023-24വർഷത്തെ നികുതിയായി 1,69,007/- രൂപയും പിരിച്ചെടുക്കാനുണ്ട്.

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 233 ൽ ഉപവകുപ്പ് 13, 2011 ലെ കേരളാ മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 , 19 എന്നിവ അനുസരിച്ച് സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും വസ്തു നികുതി ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും നികുതി അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന ബാധ്യത സംബന്ധിച്ച് അറിയിപ്പ് നൽകേണ്ടതുമാണ്. ഇപ്രകാരം ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം, ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ശേഷം കെട്ടിട ഉടമ പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയ സമയ പരിധിക്കുള്ളിൽ വസ്തുനികുതി നഗരസഭയിൽ അടക്കാത്ത പക്ഷം നികുതി തുക ഈടാക്കുന്നതിനായി സെക്രട്ടറി ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത നടപടി ആദ്യം ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്നു കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ പാടില്ല. എലത്തൂർ സോണൽ ഓഫീസിലെ സഞ്ചയ പ്രകാരമുള്ള റിപ്പോർട്ട് പരിശോധിച്ചതിൽ മൊബൈൽ ടവർ ഇനത്തിൽ തന്നെ വകുപ്പ് 539 പ്രകാരം വലിയ തുക കാലഹരണപ്പെട്ടതായി കാണുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ കാലാഹരണപ്പെടുമെന്നതിനാൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുന്നതിലെ അലംഭാവം, ബന്ധപ്പെട്ട രജിസ്റ്റർ പരിപാലനത്തിലെ ഉദാസീനത എന്നിവ അടിയന്തിരമായി പരിഹരിച്ച് വസ്തുനികുതി ഇനത്തിലുള്ള തനതുവരുമാനം (നികുതി കുടിശ്ശിക) ഉൾപ്പെടെ ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് തുക കണക്കാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതും, ചട്ട പ്രകാരം മേൽ തുക കാലാഹരണപ്പെടാതിരിക്കുന്നതിനായി നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (87/2022-23 തീ. 25.10.2023) മറുപടിയായി മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശികയായ മുഴുവൻ തുകയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13-8 വസ്തുനികുതി ഒഴിവാക്കി നൽകിയത് ക്രമ പ്രകാരമല്ല.

1) ചെറുവണ്ണൂർ നല്ലളം മേഖലയിൽ ബേപ്പൂർ മണ്ഡലം ഡെവലപ്പ്മെന്റ് മിഷൻ ചാരിറ്റബിൾ ട്രസ്റ്റ് ,ചെയർമാന്റെ ഉടമസ്ഥതയിലുള്ള 42/505 A 42/505 B കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ ആണ് നികുതി അടവാക്കുന്നതെന്നും ,ടി കെട്ടിടത്തിൽ 2019 മുതൽ നിർദ്ധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം നൽകി വരുന്നുണ്ടെന്നും അതിനാൽ ഭാരിച്ച നികുതി യിൽ ഇളവ് അനുവദിക്കണമെന്നുള്ള അപേക്ഷ പരിഗണിച്ച് , കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235 സി പ്രകാരം രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ എന്ന ഗണത്തിൽ പെടുത്തി 42/505 എ,ബി,സി,ഡി കെട്ടിടങ്ങളുടെ വസ്തു നികുതി 2022-23 രണ്ടാം അർദ്ധവർഷം മുതൽ പൂർണ്ണമായി ഒഴിവാക്കുന്നതിന് 18-10-2022 ലെ 17-ാം നമ്പറായി കൗൺസിൽ തീരുമാനം കൈകൊണ്ടിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) കെട്ടിട ഉടമയുടെ അപേക്ഷ 42/505 എ, 42/505 ബി കെട്ടിടങ്ങളുടെ നികുതി ഭാരം ലഘൂകരിക്കുന്നതിനായിട്ടുള്ളതാണെങ്കിലും കൗൺസിൽ തീരുമാന പ്രകാരം 42/505 എ,ബി,സി,ഡി കെട്ടിടങ്ങളുടെ നികുതി പൂർണമായും ഒഴിവാക്കിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്.

B) കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235 സി പ്രകാരം രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾക്ക് നികുതി ഇളവിന് അർഹതയുള്ളത് .എന്നാൽ ഇളവ് അനുവദിക്കപ്പെട്ട കെട്ടിടങ്ങൾ ഈ ഗണത്തിൽ പെടുന്നതല്ല.

42/505 എ – വ്യവസായ ആവശ്യത്തിനുള്ള ഓഫീസ് കെട്ടിട ഗണത്തിലും, 42/505 ബി നമ്പർ കെട്ടിടം 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലും 42/505 ഡി നമ്പർ കെട്ടിടം 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലും ആണ് ഉൾപ്പെടുന്നത്.

C) ഇളവ് അനുവദിക്കപ്പെട്ട 42/505 സി നമ്പർ കെട്ടിടം പ്രസ്തുത ട്രസ്റ്റിന്റെ പേരിലുള്ളതല്ല. സ്വകാര്യ

വ്യക്തിയുടെ പേരിലുള്ള വാസഗൃഹ ഗണത്തിൽ പെടുന്നതാണ്.

2) ഇലകൂൽ വാർഡ് 45/454,455 നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന വായനശാലകൾ എന്ന ഗണത്തിൽ പെടുത്തി ധനകാര്യ സ്ഥിരം സമിതിയുടെ 17-10-2022 ലെ 31-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഫോം 6 പരിശോധിച്ചതിൽ ടി കെട്ടിടങ്ങൾ വാണിജ്യ ഗണത്തിൽ പെടുന്നവയാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235 ഇ പ്രകാരം പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകൾ ,വായനശാലകൾ ,കളിസ്ഥലങ്ങൾ എന്നിവക്ക് നികുതി ഇളവിന് അർഹമാണെങ്കിലും റൂൾ 25 പ്രകാരം മേൽ ഇളവിന് അർഹതയുള്ളത് ഗ്രൂപ്പ് എ2 -സ്പെഷ്യൽ റെസിഡൻഷ്യൽ ഗണത്തിൽ ഉൾപ്പെട്ട ഗ്രന്ഥശാലകൾ ,വായനശാലകൾ ,കളിസ്ഥലങ്ങൾ എന്നിവക്ക് മാത്രമാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.67/22-23 തി.20-10-2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതുമാണ്.

1-13-9 വസ്തു നികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത കാരണം നികുതിയിനത്തിൽ നഷ്ടം

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ലെ ചട്ടം 6 (പട്ടിക 6) പ്രകാരം 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടത്തിന്റെ തറനിർമ്മിതി മേൽത്തരം ആണെങ്കിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച) അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് ചേർത്ത് വസ്തു നികുതി നിർണ്ണയം നടത്തേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തെ എലത്തൂർ മേഖലാ കാര്യാലയത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 250 M2 ൽ കൂടുതൽ തറ വിസ്തീർണം ഉള്ള കെട്ടിടത്തിന് 15% തുക ഈടാക്കി നികുതി നിർണയം നടത്തുന്നുണ്ടെങ്കിലും, കെട്ടിടത്തെ വ്യത്യസ്ത മുറികളായി വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്ന സാഹചര്യങ്ങളിൽ സഞ്ചയ സോഫ്റ്റ് വെയറിൽ 15% തറ വിസ്തീർണത്തിന്റെ വർദ്ധനവ് ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. അതിനാൽ റവന്യൂ ഓഫീസറുടെ ഉത്തരവനുസരിച്ച് തറ വിസ്തീർണത്തിന്റെ 15% അധിക തുക ഒഴിവാക്കിയാണ് സഞ്ചയയിൽ ഡാറ്റാ എൻട്രി അപ്രൂവ് ചെയ്തിരിക്കുന്നത്. ഇത് പ്രകാരം നികുതിയിനത്തിൽ വ്യത്യാസം കാണുന്നു. നികുതിയിനത്തിലെ വ്യത്യാസത്തിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം. EZ2/773/22

ശ്രീ. നിസ്സാർ, ഇഷ്ത്താരഹ എന്നവരുടെ ഉടമസ്ഥതയിലുള്ള Commercial –Cum- Residential കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 638.92 M2 ആണ് Occupancy Certificate EZ5/773/22). ഈ കെട്ടിടത്തെ 5 മുറികളായി വിഭജിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേഖലാ കാര്യാലയം തൃതീയ മേഖലയിൽ ആയതിനാൽ മേഖലാടിസ്ഥാനത്തിൽ 20% ഇളവും, 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗം ഉള്ളതിനാൽ ചട്ടം 6 പട്ടിക 2 പ്രകാരമുള്ള 20% വർദ്ധനവും, 250 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള തറ നിർമ്മിതിക്ക് ചട്ടം 6 പട്ടിക 6 പ്രകാരം 15% വർദ്ധനവും നൽകിയാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇതേ കെട്ടിടത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിക്ക് ബാധകമായ 15% വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.

2. ഫയൽ നം. EZ2/EZ4/2430/21

ശ്രീ. സുലൈമാൻ. സി. പി, വടക്കേ മുതുവാട്ട്, പുതിയങ്ങാടി എന്നവരുടെ ഉടമസ്ഥതയിലുള്ള Residential Flat – ന്റെ പ്ലിന്ത് ഏരിയ 470.23 M2 ആണ്. ഇത് വിഭജിച്ച് 4/1712D മുതൽ H, J നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയോടൊപ്പം തറനിർമ്മിതിയ്ക്ക് ബാധകമായ 15% വർദ്ധനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ മേൽ ചട്ടപ്രകാരമുള്ള തറനിർമ്മിതിക്ക് ബാധകമായ 15% വർദ്ധനവ് സഞ്ചയയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. ഇത് കാരണം നികുതിയിനത്തിൽ വരുന്ന വ്യത്യാസത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം (M2) | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി (15% വർദ്ധനവ്) | ഈടാക്കുന്ന വസ്തുനികുതി (ഇളവുകളും വർദ്ധനവുകളും ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|
| 75/2108E | 59.97 | 7242 | 6297 | 945 |
| 75/2108F | 87.77 | 10599 | 9216 | 1383 |
| 75/2108G | 232.48 | 3744 | 3255 | 489 |
| 75/2108H | 127.98 | 2061 | 1792 | 269 |
| 75/2108J | 130.42 | 2100 | 1826 | 274 |
| | 638.62 | 25746 | 22386 | 3360/- |

വസ്തു നികുതി നിർണയവിവരങ്ങൾ പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് മറ്റു മുറികൾക്കും ബാധകമാണ് എന്നു സൂചിപ്പിക്കുന്നുണ്ടെങ്കിലും പാർപ്പിടഗണത്തിൽ നികുതിനിർണയത്തിൽ വർദ്ധനവ് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ടി കെട്ടിടത്തിലെ മുഴുവൻ മുറികൾക്കും തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവു വരുത്തി ഈടാക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരം ഡിമാന്റ് ചെയ്തതിൽ വസ്തുനികുതിയിനത്തിൽ മാത്രം ഈ കെട്ടിടത്തിന് കുറവ് വന്ന ആകെ തുക 3360/- രൂപയാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഫാറം 6 ലെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സംബന്ധിച്ച് സർക്കാരിൽ നിന്നും ഈ വിഷയത്തിൽ സ്പഷ്ടീകരണം ലഭിയ്ക്കുന്ന മുറയ്ക്ക് അത് പ്രകാരമുള്ള തുക അടവാക്കുന്നതിന് സന്നദ്ധരാണെന്നുള്ള സാക്ഷ്യപത്രം ഉടമയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. കൂടുതൽ തറ വിസ്തീർണ്ണമുള്ള (250 ചതുരശ്ര മീറ്ററിൽ കൂടുതൽ) കെട്ടിടത്തെ വിവിധ മുറികളാക്കുമ്പോൾ 250 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണം വരുന്ന മുറികൾക്ക് ഇപ്രകാരം കെട്ടിടത്തിന് ആകെ ബാധകമായ 15 ശതമാനം വർധനവ് ബാധകമാക്കാൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ സാധിക്കുന്നില്ല എന്ന് ഫയലിൽ കുറിപ്പ് എഴുതിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന പ്രസ്തുത അപാകത മൂലം ചട്ട പ്രകാരം നിർണയിച്ച വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കാതിരിക്കുകയും വസ്തു നികുതി ഇനത്തിൽ ഓരോ വർഷവും വലിയ തുക മേഖലാകാര്യാലയത്തിന് നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലനിൽക്കുന്ന അപാകത സർക്കാരിനേയും, ഇൻഫർമേഷൻ കേരള മിഷനേയും അറിയിച്ച് ആയത് പരിഹരിക്കാനുള്ള നടപടികൾ സത്വരമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്-ന്(87/22-23 തീ. 25.10.2023) നൽകിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-14 അനധികൃത കെട്ടിടങ്ങൾ -അനേകം വർഷം കഴിഞ്ഞിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് വകുപ്പ് 233, 2-ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം ക്രമവൽക്കരിക്കുകയോ പൊളിച്ചു മാറ്റുകയോ ചെയ്യുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും

അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. നഗരസഭയിൽ UAC നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | UAC കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | **കോർപ്പറേഷൻ** | 3471 |
| 2 | എലത്തൂർ സോണൽ | 467 |
| 3 | ചെറുവണ്ണൂർ നല്ലളം | 16 |
| 4 | ബേപ്പൂർ | 471 |
| | ആകെ | 4425 |

UAC നമ്പർ നൽകിയ 4425 കെട്ടിടങ്ങളിൽ 2912 എണ്ണം പാർപ്പിടാവശ്യത്തിനുള്ളതാണ്. 10 എണ്ണം വിദ്യഭ്യാസ ആവശ്യത്തിനുള്ളതും 3 എണ്ണം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളും 4 ആരാധനാലയങ്ങളും ഉൾപ്പെടുന്നു. ബാക്കി 1496കെട്ടിടങ്ങളും വാണിജ്യ/വ്യവസായ/ഓഫീസ് കെട്ടിടങ്ങളാണ് ഈ കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി അനുവദിക്കുന്ന ലൈസൻസ് ആവശ്യമാണ്.

മുനിസിപ്പൽ നിയമം വകുപ്പ് 242 (5) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും വകുപ്പ് 406 പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനോ, വ്യാപാരത്തിനോ, വ്യവസായ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭ അനുമതിയോ ലൈസൻസോ നൽകാൻ പാടില്ല. ആയതിനാൽ തന്നെ മേൽ കെട്ടിടങ്ങളിൽ അപ്രകാരം വാണിജ്യ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട വിസ്തൃതി കൂടിയതും കാലപ്പഴക്കമുള്ളതുമായ അനധികൃത കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | നിർമിച്ച വർഷം | ഉപയോഗ ക്രമം | വിസ്തൃതി(ച.മി) |
|---|---|---|---|---|---|
| 1 | 65/3931 | സിദ്ധാർത്ഥൻ.ഇ | 1996-97 | ഷോപ്പ് | 1099 |
| 2 | 64/4629 | ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യനികുതി വകുപ്പ്,കോഴിക്കോട് | 1996-97 | 6 നിലയുള്ള വാണിജ്യ നികുതി കെട്ടിട സമുച്ചയം | 4303.32 |
| 3 | 13/586/UAC | അബൂബക്കർ മുസലിയാർ എ പി | 1998-99 | വിദ്യാഭ്യാസാവശ്യം | 4420.28 |
| 4 | 62/3079<br>62/3081<br>62/3082 | ബാബു തോമസ്,<br>സാബു തോമസ് | 1998-99 | ഓടിട്ട കെട്ടിടം ഷട്ടറിട്ട മുറികളാക്കി മാറ്റി | 3605<br>8105<br>1830 |
| 5 | 61/11207/UAC | ഉമ്മയ്യ | 2003-04 | വാണിജ്യാവശ്യത്തിനുള്ളവ | 1010 |
| 6 | 63/4629 | എക്സിക്യൂട്ടീവ് ഓഫീസർ, അഴകൊടി ദേവി മഹാക്ഷേത്രം | 2015-16 | കല്യാണ മണ്ഡപങ്ങൾ | 1280 |
| 7 | 62/1424/UAC | പി.വി.നിധീഷ്<br>പി.വി.ചന്ദ്രൻ | 2016-17 | വാണിജ്യാവശ്യത്തിനുള്ളവ | 1774.44 |

| | | | | | |
|---|---|---|---|---|---|
| 8 | 23/1954/A (UAC) | ബാലഗംഗാധരൻ നായർ,ഭാരതീയ വിദ്യാഭവൻ, | 2016-17 | വിദ്യാഭ്യാസാവശ്യം | 4971.2 |
| 9 | 8/119/ E UAC/22 | ഷിഹാബുദ്ദീൻ,നാലകത്ത് | 2017-18 | റസിഡൻഷ്യൽ ഫ്ളാറ്റുകൾ | 15109.66 |
| 10 | 32/1206/A | എ.പി.അബ്ദുള്ള മുസലിയാർ,നൌഫൽ മൻസിൽ,കിണാശ്ശേരി,, | 2019-20 | 25/242C,D നമ്പർ കെട്ടിടം അനധികൃതമായി പ്രാർത്ഥന ഹാൾ ആക്കി മാറ്റി | 750 |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4(1)(2)(3) പ്രകാരം നഗരസഭ പ്രദേശങ്ങളിൽ സെക്രട്ടറിയുടെ പെർമിറ്റ് ഇല്ലാതെ കെട്ടിടം നിർമിക്കുകയോ, പുനർ നിർമിക്കുകയോ കെട്ടിടത്തിന് വ്യതിയാനം വരുത്താനോ പാടില്ലാത്തതാണ്, കേരള മുനിസിപാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമാണം അനധികൃതമാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം അത് പൊളിച്ചു കളയാൻ നിർദേശിക്കാവുന്നതാണ്. UAC നമ്പർ ലഭിച്ച് നിരവധി വർഷം കഴിഞ്ഞിട്ടും അപാകതകൾ പരിഹരിച്ച് കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് കെട്ടിട ഉടമയോ അല്ലെങ്കിൽ അവ പൊളിച്ചു മാറ്റുന്നതിന് കോർപ്പറേഷനോ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (OS No 122/2023) മറുപടി നൽകിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾക്കെതിരിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-1 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല – ബേപ്പൂർ മേഖലാ കാര്യലയം

2019 ലെ കേരളമുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ അല്ലെങ്കിൽ പണിയിൽ മാറ്റം വരുത്തലോ അംഗീകരിച്ച പ്ലാനുകൾക്ക് അല്ലെങ്കിൽ നിർമ്മാണ വിവരങ്ങൾക്ക് വിരുദ്ധമായിട്ടാണ് നിർമ്മാണം പൂർത്തിയാക്കിയതെന്നോ അല്ലെങ്കിൽ കൂട്ടിചേർക്കലോ അനുബന്ധകെട്ടിടങ്ങളെയും ഷെഡുകളെയും സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് നിർമ്മിച്ചതെന്ന് ബോധ്യമാവുന്നപക്ഷം നിയമവിരുദ്ധമായി നിർമ്മിച്ചതെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ളയത്രയും ഭാഗം അല്ലെങ്കിൽ നിർമ്മാണം പൂർണ്ണമായും പൊളിച്ചുകളയാൻ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതാണ്.

ബേപ്പൂർ മേഖലാ കാര്യാലയ പരിധിയിലെ ഇത്തരം കെട്ടിടങ്ങൾക്കെതിരെ നടപടിയെടുത്തതുമായി ബന്ധപ്പെട്ട ഫയലുകളോ,രജിസ്റ്ററുകളോ സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ വിവരാവകാശ അപേക്ഷകൾ പരിശോധിച്ചതിൽ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച കാര്യങ്ങളാണ് കൂടുതലും ആവശ്യപ്പെട്ടതായി കാണുന്നത് .ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിവരാവകാശ അപേക്ഷയുടെ വിവരം | അനധികൃത കെട്ടിടത്തിന്റെ വിശദാംശം | അനധികൃത നിർമ്മാണത്തിന്റെ വിശദാംശം | കോർപ്പറേഷന്റെ കണ്ടെത്തൽ/ മറുപടി |
|---|---|---|---|---|
| 1 | ശ്രീ സക്കീർ ഹുസൈൻ, പുളിക്കൽ ഫ്ലാറ്റ് ,19.01.23ലെ അപേക്ഷ | കവറൊടി ഹസ്സൻകുട്ടിയുടെ പേരിലുള്ള 53/2407മുതൽ 53/2418 വരെയുള്ള കെട്ടിടം | അനുമതിയില്ലാതെ കെട്ടിടത്തിന്റെ മുകൾഭാഗം ഷീറ്റ് കൊണ്ട് പൂർണ്ണമായും മറച്ചും പാർക്കിംഗ് ഏരിയ ഷീറ്റ് കവർചെയ്തും | അനധികൃതനിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. BZ/TP/1489/23 Dt.15.2.23 BZ/R1/1489/23 Dt.13.2.23 |

| | | | | |
|---|---|---|---|---|
| | | | ഉപയോഗിക്കുന്നു. | പ്രകാരം വിവരാവകാശ അപേക്ഷക്ക് മറുപടി നൽകി. |
| 2 | ശ്രീ ഹാരിസ് .എ മുണ്ടോപ്പാടം വയൽ 19.01.23ലെ അപേക്ഷ | മോട്ടിമഹലിൽ സജിത്ത് റഹ്മാൻ തുടങ്ങിയവരുടെ പേരിലുള്ള 53/1246,53 /1246Aമുതൽ 53/1255 നമ്പർ കെട്ടിടം. | അനുമതിയില്ലാതെ കെട്ടിടത്തിന്റെ മുകൾഭാഗം ഷീറ്റ് കൊണ്ട് പൂർണ്ണമായും മറച്ചും പാർക്കിംഗ് ഏരിയ ഷീറ്റ് കവർചെയ്തും ഉപയോഗിക്കുന്നു. | അനധികൃതനിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. BZ/TP/1488/23 Dt.15.2.23 BZ/R1/1488/23 Dt.13.2.23 പ്രകാരം വിവരാവകാശ അപേക്ഷക്ക് മറുപടി നൽകി. |
| 3 | ശ്രീപി.എം.ഇസ്മായിൽ പത്തായപ്പുര 28.01.2019 ലെ അപേക്ഷ | ടി.പി.മെഹബൂബ് റോയൽ റബ്ബേർസ് നട്ടുവട്ടം BZ/600/19TP Dt.22.2.19 | അനുമതിയില്ലാതെ നിർമ്മാണം നടത്തി. അപേക്ഷ സമർപ്പിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല. | അനധികൃതനിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. BZ/TP/600/19 Dt.22.2.19 |
| 4 | ശ്രീ സക്കീർ ഹുസൈൻ.കെ.പി. ചെട്ടിയാം കണ്ടിപറമ്പ് 02.12.21 ലെ അപേക്ഷ | തോട്ടുങ്ങൽ മുഹമ്മദ് മുസ്തഫ,കാച്ചിനാം തൊടുകയിൽ കാസിം 53ാം വാർഡ് 9/367 മുതൽ 9/376 വരെ | മേൽക്കൂരയിലും RCC ബിൽഡിംഗിന്റെ പുറത്തേക്കും ഷീറ്റ് നിർമ്മാണം നടത്തി ഉപയോഗിക്കുന്നു. | അനധികൃതനിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. BZ/8538/21 Dt.17.12.21 |

അനധികൃത നിർമാണം നടന്നതായി ബോധ്യപ്പെട്ടിട്ടും ഈ കെട്ടിടങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കാത്തതിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

എ) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം രണ്ടുനിലവരെയുള്ള താമസകെട്ടിടങ്ങളും 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ടു വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി ഏതുസമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്.

ബേപ്പൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽപ്പെട്ട കെട്ടിടങ്ങളിൽ മേൽകാണിച്ചപ്രകാരം 2021-22, 2022-23 കാലയളവിൽ പരിശോധന നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പരിശോധനാറിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (03/06.10.23) ലഭ്യമാക്കിയ മറുപടിയിൽ ഇത്തരത്തിലുള്ള പരിശോധന നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണപെർമിറ്റ് എടുക്കാതെയും അനുവദിച്ച പെർമിറ്റിന് വിരുദ്ധമായുമുള്ള നിർമ്മാണങ്ങൾ വർദ്ധിച്ചുവരുന്നതായി മേൽകാര്യങ്ങളിൽ നിന്നും വ്യക്തമാവുന്ന വസ്തുതയാണ്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടിയെടുക്കാത്തതിനും യു.എ.സി നമ്പർ നൽകി നികുതി ഈടാക്കാത്തതിനും വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും മേഖലാ കാര്യാലയപരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും അനധികൃത നിർമ്മാണം സംബന്ധിച്ച പരിശോധന നടത്തി വാർഡ് തല ലിസ്റ്റ് തയ്യാറാക്കി

പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഒ.എസിന് (നം.62/ 17.10.2023)ലഭ്യമാക്കിയ മറുപടിയിൽ മേലിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് യഥാസമയം നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശം നടപ്പാക്കി രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14-2 അനധികൃത നിർമാണങ്ങൾ-തുടർ നടപടികൾ സ്വീകരിച്ചില്ല - എലത്തൂർ മേഖലാ കാര്യാലയം

എ) അനുമതി ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ

എലത്തൂർ സോണൽ ഓഫീസിന്റെ പരിധിയിൽ ബിൽഡിങ് പെർമിറ്റ് എടുക്കാതെ കെട്ടിട നിർമാണം പൂർത്തീകരിക്കുകയും അതിന് ശേഷം ക്രമവത്കരണത്തിനായി അപേക്ഷ നൽകിയതുമായ താഴെ പറയുന്ന അപേക്ഷകൾ 2019 ലെ കേരള ബിൽഡിങ് റൂൾ ചട്ടം 11 അനുസരിച്ച് നിരസിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/ ഫയൽ നം | കെട്ടിടത്തിന്റെ തരം/ വിസ്തൃതി | നിർമാണം പൂർത്തീകരിച്ച തിയതി | അപേക്ഷ നിരസിക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | ശിവദാസൻ EZ5/2813/22 | പാർപ്പിടം 122.97 M2 | 18-04-2022 | CRZ II -മാനദണ്ഡങ്ങളുടെ ലംഘനം KMBR 2019 പ്രകാരം അപേക്ഷ സമർപ്പിച്ചില്ല |
| 2 | എ കെ മുബീന Ez4/4500/22 | പാർപ്പിടം 280.98 | 01-08-2022 | CRZ II -മാനദണ്ഡങ്ങളുടെ ലംഘനം |
| 3 | മറിയം കെ, റസീന കെ, ഉമ്മർ കെ, EZ4/3150/2022 | പാർപ്പിടം 277.78 | 12-05-2022 | CRZ- അനുമതിയില്ലാതെ നിർമാണം നടത്തി സ്ഥലത്ത് RWH ടാങ്കിന്റെ നിർമാണം പൂർത്തീകരിച്ചിട്ടില്ല |

ബി) അനുമതിയോടെ നിർമ്മിച്ച കെട്ടങ്ങളിൽ ഒക്യൂപൻസി നൽകാത്തത്

എലത്തൂർ സോണൽ ഓഫീസിന്റെ പരിധിയിൽ പെർമിറ്റ് എടുത്ത് കെട്ടിട നിർമാണം പൂർത്തീകരിച്ചതിന് ശേഷം ഒക്യുപ്പൻസി ലഭിക്കുന്നതിനായി അപേക്ഷ നൽകിയ താഴെ പറയുന്ന അപേക്ഷകൾ 2019 ലെ കേരള ബിൽഡിങ് റൂൾ ചട്ടം 11 അനുസരിച്ച് നിരസിച്ചിട്ടുണ്ട് .വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/ പെർമിറ്റ് നം | കെട്ടിടത്തിന്റെ തരം/ വിസ്തൃതി | നിർമാണം പൂർത്തീകരിച്ച തിയതി | അപേക്ഷ നിരസിക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | പ്രകാശന്എടമണ്ണിൽ EZ4/4502/2107 | പാർപ്പിടം 149.32 | 18-10-22 | അനുവദിച്ച പെർമിറ്റിൽ നിന്നുള്ള വ്യതിയാനം പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |
| 2 | ബിജു പുതിയോട്ടിൽ EZ4/1390/18 | പാർപ്പിടം 156.89 | 12-03-22 | അനുവദിച്ച പെർമിറ്റിൽ നിന്നുള്ള വ്യതിയാനം പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |
| 3 | ആലിക്കോയ | പാർപ്പിടം | 18-07-22 | CRZ അനുമതിയില്ലാതെ നിർമാണം |

| | | | | |
|---|---|---|---|---|
| | A4/5793/13<br>EZ4/4638/19 | 149.8 | | -KCZMA യുടെ അനുമതി ലഭ്യമാക്കിയിട്ടില്ല. പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |
| 4 | അലവി & സഫീറ | പാർപ്പിടം<br>103.7 | 23-02-22 | CRZ അനുമതിയില്ലാതെ നിർമാണം .<br>പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |
| 5 | ജംഷീന & സുലേഖ | പാർപ്പിടം<br>90.58 | 18-02-22 | അനുവദിച്ച പെർമിറ്റിൽ നിന്നുള്ള വ്യതിയാനം പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |
| 6 | സുമേഷ് കെ | പാർപ്പിടം<br>119.94 | 24-11-22 | CRZ അനുമതിയില്ലാതെ നിർമാണം .<br>അനുവദിച്ച പെർമിറ്റിൽ നിന്നുള്ള വ്യതിയാനം പുതിയ റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചില്ല. |

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കി ക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തു തന്നെ ആടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് വകുപ്പ് 233 ൽ (2) ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്(OS No 81/22-23 Dtd 25.10.2023) നൽകിയ മറുപടിയിൽ അനുമതി ഇല്ലാതെ നിർമിച്ച കെട്ടിടങ്ങളിൽ നിന്ന് UA നികുതി ചുമത്തുന്നതിന് നടപടി സ്വീകരിച്ചതായും അനുവദിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമാണം നടത്തിയവർക്ക് അവ ക്രമവത്കരിക്കുന്നതിന് നോട്ടീസ് നൽകിയതായും അറിയിച്ചിട്ടുണ്ട്. അനുമതി ഇല്ലാതെ നിർമിച്ച കെട്ടിടങ്ങളിൽ നിന്ന് UA നികുതി ചുമത്തി UAC നമ്പർ നൽകിയതിന്റെ വിശദാംശവും അനുവദിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമാണം നടത്തിയവർക്ക് അവ ചട്ട പ്രകാരം പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കി ക്കൊണ്ട് നിർമ്മാണം ക്രമവത്കരിച്ചതിന്റെ വിശദാംശവും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള അനധികൃത കെട്ടിടങ്ങളിൽ നിന്നും കുടിശ്ശികയായി കിടക്കുന്ന വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യഥാസമയം നടപടികൾ സ്വീകരിക്കാത്തത് മൂലം വസ്തു നികുതി കാലഹരണപ്പെട്ട് നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടം കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539 (2) പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-14-3 അനധികൃത സ്കൂൾ കെട്ടിടം - യു.എ നമ്പർ അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമവത്കരിച്ചില്ല

എലത്തൂർ മേഖലാ പരിധിയിലെ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന പി.വി.എസ് ഹയർസെക്കണ്ടറി സ്കൂൾ

കെട്ടിടത്തിന് യു.എ. നമ്പർ നല്കി 2016-17 ഒന്നാം അർദ്ധ വർഷം മുതൽ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 അനുസരിച്ച് നികുതി നിർണയിച്ച് നല്കിയിട്ടുണ്ട്. ഏഴ് വർഷം കഴിഞ്ഞിട്ടും ഓഡിറ്റ് വർഷത്തിലും സഞ്ചയ റെക്കോർഡ് പ്രകാരം നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | UA നം | 2022-23 IIാം അർദ്ധവർഷം വരെ ഡിമാൻഡ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ശ്രീ. പി.വി ചന്ദ്രൻ,<br>മാനേജർ<br>പി.വി.എസ്<br>ഹയർസെക്കണ്ടറി സ്കൂൾ | 3/943/B UAC | 9,01,439/- | - | 9,01,439/- |
| 2 | മാനേജർ<br>പി.വി.എസ്<br>ഹയർസെക്കണ്ടറി സ്കൂൾ<br>(ഓഫീസ് ആവശ്യം) | 3/943/A UAC | 1,25,524/- | - | 1,25,524/- |

ടി സ്കൂൾ കെട്ടിടത്തിന്റെ നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഒ.എസ്-നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് കൂടാതെ, മറ്റ് വിനിയോഗ ഗണങ്ങളിലുള്ള അനധികൃത കെട്ടിങ്ങളിൽ നിന്നും ഡിമാൻഡ് ചെയ്ത നികുതി ഈടാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | UA നം | 2022-23 IIാം അർദ്ധവർഷം വരെ ഡിമാൻഡ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സെക്രട്ടറി<br>മാട്ടുവയൽ നം.1 അംഗൻവാടി വെൽഫയർ കമ്മറ്റി<br>(Building ID 40171050016777) | 1/164/A UAC | 6,452/- | - | 6,452/- |
| 2 | സെക്രട്ടറി<br>മാട്ടുവയൽ നം.1 അംഗൻവാടി വെൽഫയർ കമ്മറ്റി<br>(Building ID 40171050016775) | 1/164A UAC | 4,839/- | - | 4,839/- |

സഞ്ചയ പ്രകാരം പരിശോധന നടത്തിയ ഏതാനും അനധികൃത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക

മാത്രമാണിത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 235 പ്രകാരം നികുതി ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി കുടിശ്ശിക തീർത്ത് പിരിച്ചെടുക്കേണ്ടതാണ്.

## 1-15 ഒക്യുപെൻസി ലഭിച്ചതിന് ശേഷം അംഗീകൃത കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പാർക്കിംഗ് സ്ഥലത്ത് അനധികൃത നിർമ്മാണം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയത്തിന് കീഴിൽ ചെറുവണ്ണൂർ വില്ലേജ് സർവ്വേ & സബ് നമ്പർ 17/32 584.07 M2 വിസ്തൃതിയിൽ 20.11.2022 ന് പണി പൂർത്തിയാക്കിയ വാണിജ്യ കെട്ടിടത്തിന് TP15/9700/22 തീയതി 25.11.2022 നമ്പറായി ഒക്യുപൻസി നൽകിയിട്ടുള്ളതും, വസ്തു നികുതി നിർണ്ണയത്തിനായി 30.03.2023 ന് ഫയൽ റവന്യൂ ഇൻസ്പക്ടർക്ക് അയച്ചിട്ടുള്ളതും 40/193 A മുതൽ M വരെ കെട്ടിട നമ്പർ നൽകിയിട്ടുള്ളതുമാണ്. ഒക്യൂപൻസി അനുവദിച്ച പ്രകാരമുള്ള പാർക്കിംഗിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻപാടുള്ളതല്ല എന്ന വ്യവസ്ഥ അധികമായി എഴുതി ചേർത്തിട്ടുമുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ ഒരിക്കലെങ്കിലും സെക്രട്ടറി പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. G1, G2, I ഗണങ്ങളിലെ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, 50 M2 വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, 2 നിലവരെയുള്ള പാർപ്പിട കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റെല്ലാ കെട്ടിടങ്ങൾക്കും ഈ വ്യവസ്ഥ ബാധകമാണ്. ചട്ട പ്രകാരം പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തിയതിന്റെ രേഖകളൊന്നും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ 12.10.2023 ന് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം നടക്കുന്നതായി കണ്ടു. ഒക്യൂപൻസിയിൽ നിന്നും വ്യത്യസ്തമായി പാർക്കിംഗ് ഏരിയ കെട്ടിയടച്ച മുറികളായിമാറ്റിയിട്ടുണ്ട്. ഒക്യൂപൻസി സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന് 5 കാർ പാർക്കിംഗ് ഉണ്ടായിരിക്കേണ്ടതാണ്.

കോർപ്പറേഷൻ പരിധിയിൽ നടക്കുന്ന കെട്ടിട നിർമ്മാണങ്ങളിൽ ഒന്നിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടക്കുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം അനധികൃത നിർമ്മാണങ്ങൾ ഇവിടെ നിർബാധം നടക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. അതോടൊപ്പം മേൽ പറഞ്ഞ കെട്ടിടത്തിലെ അനധികൃത നിർമ്മാണം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കുന്നതിനും മുൻ വർഷങ്ങളിൽ ഒക്യുപെൻസി നൽകിയ ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) പരിശോധനയുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനുമായി നൽകിയ ഒ.എസ്.നം. 65/2022-23 ന്റ മറുപടി ലഭിച്ചിട്ടില്ല.കോർപ്പറേഷൻ പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ തടയാൻ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഓഡിറ്റ് ഇംപാക്ട്

ബിൽഡിംഗ് പെർമിറ്റ് - അധിക തറ വിസ്തീർണ്ണത്തിന് ചട്ടപ്രകാരമുള്ള ഫീസ് ഓഡിറ്റ് നിർദ്ദേശ പ്രകാരം അടവാക്കി.

റവന്യൂ വാർഡ് 6 കസബ വില്ലേജിൽ ഉൾപ്പെട്ട 6-3-58 റീ സർവ്വെ നമ്പറിലുള്ള 18.259 ആർ സ്ഥലത്ത് 7505.03 $M^2$ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് TP9/28418/22 പ്രകാരം നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം | TP9/28418/22 തീയതി. 02.09.2022 |

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | സുജിത് ചന്ദ്രൻ രത,<br>ആർ.ശ്യാം,<br>ശ്രീലീല,<br>ആർ.ശ്രീനാഥ് |
| കെട്ടിടത്തിന്റെ ഗണം | A1 |
| സ്ഥല വിസ്തീർണ്ണം | 1825.9 $M^2$ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം (Built Up Area) | 7505.03 $M^2$ |
| എല്ലാ നിലകളിലുമുള്ള ആകെ തറ വിസ്തീർണ്ണം (Floor Area) | 5669.23 $M^2$ |

FSI = എല്ലാ നിലകളുടെയും ആകെ തറ വിസ്തീർണ്ണം / സ്ഥല വിസ്തീർണ്ണം

$= \frac{5669.23}{1825.9} = 3.104$

കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 27(2) പ്രകാരം എ1 ഗണത്തിൽപ്പെട്ട കെട്ടിടത്തിന് അനുവദനീയമായ പരമാവധി തറ വിസ്തീർണ്ണ അനുപാതം 3 ആണ്. എന്നാൽ ടി കെട്ടിടത്തിന് 3.104 ആണ് തറവിസ്തീർണ്ണ അനുപാതം വരുന്നത്. അധിക തറവിസ്തീർണ്ണത്തിന് മേൽ ചട്ട പ്രകാരം ച.മീറ്ററിന് 5000/- എന്ന തോതിൽ അധിക ഫീസ് ഈടാക്കേണ്ടതുണ്ട്.

അധിക തറവിസ്തീർണ്ണം = 0.104 X 1825.9 = 189.89 $M^2$

അധിക തറവിസ്തീർണ്ണത്തിന് ഈടാക്കേണ്ട ഫീസ് = 189.89 X 5000 = 9,49,450/-

കെട്ടിട ഉടമയിൽ നിന്നും അധിക തറവിസ്തീർണ്ണത്തിനുള്ള ഫീസ് ഈടാക്കാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ 28.11.2023 തീയതിയിലെ ഒ.എസ്.നം.121/2022-23 ന് കോഴിക്കോട് നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ ലഭ്യമാക്കിയ 22.12.2023 ലെ ടി.പി9/ബി15 /96406/2023 നമ്പർ മറുപടിയിൽ 01.12.2023 ലെ 123390-501017 നമ്പർ റസീപ്റ്റ് പ്രകാരം 1005000/- രൂപ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ച് ആയത് ഉറപ്പുവരുത്തി.

## 1-17 ക്രമവൽക്കരണ അപേക്ഷകളിൽ നോട്ടീസ് നൽകിയത്/നിരസിച്ചവയിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2022-23 ൽ ചെറുവണ്ണൂർ-നല്ലളം മേഖലാ കാര്യാലയത്തിൽ കെട്ടിടനിർമ്മാണ അനുമതിക്കുള്ള 94 അപേക്ഷകൾ ലഭിച്ചപ്പോൾ, ക്രമവൽക്കരണത്തിന് 167 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതായത് അനുമതി വാങ്ങി നിർമ്മിക്കുന്നതിന്റെ ഇരട്ടിയോളമാണ് അനധികൃതനിർമ്മാണങ്ങൾ. ക്രമവൽക്കരണത്തിന് ലഭിച്ച ഈ അപേക്ഷകളിൽ വിവധ കാരണങ്ങൾ കാണിച്ച് നോട്ടീസ് നൽകിയിട്ട് മാസങ്ങൾ പിന്നിട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം കെട്ടിടങ്ങൾ അനുമതിയില്ലാതെ നിർമ്മിച്ചവയും സോണൽ ഓഫീസിന്റെ പരിധിയിൽ ഇപ്പോഴും നിലനിൽക്കുന്നവയുമാണ്. ഇത്തരം കെട്ടിടങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കി UAC (Un Authorised Construction) നമ്പർ നൽകി 3 ഇരട്ടി വസ്തു നികുതി ഈടാക്കേണ്ടതും നിരസിച്ച അപേക്ഷകളിൽ കെട്ടിടം പൊളിച്ചുകളയുന്നതുൾപ്പെടെയുള്ള നടപടികൾ നിയമാനുസൃതം സ്വീകരിക്കാവുന്നതുമാണ്. വിവിധ കാരണങ്ങൾ തീരുമാനം എടുക്കാത്ത ഏതാനും ക്രമവത്കരണ അപേക്ഷകൾ താഴെ കാണിക്കുന്നു.

| ക്രമ | ഫയൽ നം. | അപേക്ഷകൻ | വാർഡ് | റിമാർക്സ് |
|---|---|---|---|---|

| നം. | | | നം. സർവ്വേ നം. | |
|---|---|---|---|---|
| 1 | TP15/3888/22 | സുബൈദ ഷംസിറ | 42 122/8A | 04.08.2022 നോട്ടീസ് നൽകി KSEB HT ലൈനിൽ നിന്നും അകലം രേഖപ്പെടുത്തിയ NOC ഹാജരാക്കിയില്ല |
| 2 | TP15/5435/22 | കൗശിക്.കെ ഹമീദ്.കെ | 45 132/2 | 02.11.2022 ന് നോട്ടീസ് നൽകി. രേഖകൾ ഹാജരാക്കിയില്ല. Land Tax, കൈവശം പ്ലാനിൽ വിവരങ്ങൾ ഇല്ല |
| 3 | TP15/2007/22 | സക്കീർ ഹുസൈൻ | 46 194/3 | 05.04.2022 ന് നോട്ടീസ് നൽകി. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം തരം മാറ്റിയ ഉത്തരവ് ഹാജരാക്കിയില്ല |
| 4 | TP15/521/22 | കമറുദ്ദീൻ | 40 8/6A | 04.08.2022 ന് നിരസിച്ചു 04.08.22 120m2 കൂടുതലുള്ള വീടിന്റെ നിർമ്മിതി തണ്ണീർത്തട നിയന്ത്രണ നിയമ പ്രകാരം അനുവദനീയമല്ല |
| 5 | TP15/4247/22 | പ്രിയാദ്.പി.പി. | 44 171/4 | 10.10.2022 ന് നോട്ടീസ് നൽകി. പ്ലാൻ അളവുകളുമായി യോജിക്കുന്നില്ല |
| 6 | TP15/407/22 | ഖദീജ ഹജ്ജുമ | 46 144/5 A1, A2 | 10.03.2022 ന് നോട്ടീസ് നൽകി. Excemption ആവശ്യമുള്ള ചട്ടങ്ങൾ കാണിച്ചില്ല. ഫീ അടച്ചില്ല. റീ സർവ്വെ നമ്പർ തെറ്റായി കാണിച്ചു |

ക്രമ നമ്പർ 4 ക്രമവത്കരണത്തിനുള്ള അപേക്ഷ നിരസിച്ചിട്ടും പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റിയിട്ടില്ല. മേൽപ്പറഞ്ഞവ കൂടാതെ 18 ഫയലുകളിൽ കൂടി വിവിധ കാരണങ്ങളാൽ നോട്ടീസ് നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നടപടി എടുത്തിട്ടില്ല. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും കെട്ടിട നമ്പർ നൽകിയതും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 406 വകുപ്പ് പ്രകാരം നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിനും നഗരസഭ അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

കെട്ടിട നിർമ്മാണത്തിന് ലഭിച്ച അപേക്ഷകളുടെ ഇരട്ടിയോളം ക്രമവത്കരണ അപേക്ഷകൾ ലഭിച്ചതിൽ നിന്നും സോണൽ ഓഫീസ് പരിധിയിൽ ഫീൽഡ് തല പരിശോധന നടക്കുന്നില്ലെന്ന് വ്യക്തമാകുന്നു. ഫീൽഡ് തല പരിശോധന കർശനമാക്കേണ്ടതും അനധികൃത നിർമ്മാണം തടയാൻ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ക്രമവത്കരണത്തിന് ലഭിച്ച അപേക്ഷകളിൽ UAC നമ്പർ നൽകി മൂന്നിരട്ടി വസ്തു നികുതി ചുമത്തേണ്ടതും അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റാൻ

ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനു നൽകിയ ഒ.എസ്.നം. 64/2022-23 നു മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 സേവന ഉപനികുതി ചുമത്തുന്നത് നീട്ടിവെക്കൽ -കോർപ്പറേഷന് 18 കോടി നഷ്ടം

ഫയൽ നം.എ.1/111552/11

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 230(4) പ്രകാരം ഓരോ നഗരസഭക്കും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്ക് അപ്രകാരം സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി നഗരസഭ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. വകുപ്പ് 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവ ഒഴിവാക്കി കൊടുത്തിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും സേവന ഉപനികുതി ചുമത്താമെന്ന് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) ൽ അനുശാസിക്കുന്നു. ചട്ടം.26(2) പ്രകാരം കൗൺസിലിന് ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ സേവനങ്ങൾ ആ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതത് സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭ പരിധി പ്രദേശത്ത് 01.04.2019 മുതൽ പ്രാബല്യത്തിൽ വസ്തു നികുതിയുടെ 10% സേവന ഉപനികുതി ചുമത്തുന്നതിന് 20.08.2019 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു (തീരുമാനം നം.1). 24.07.2020 തീയ്യതിയിൽ ഇത് സംബന്ധിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ലഭിക്കാത്ത സാഹചര്യത്തിൽ 19.11.2021 തീയ്യതിയിൽ അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചു. മേൽ വിജ്ഞാപനം പ്രകാരം 150 ച.മീറ്ററിനു താഴെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങൾക്കും സേവന ഉപനികുതിയിൽ നിന്നും ഇളവ് നൽകി.

28.10.2021ലെ 128-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 150m$^2$ ൽ താഴെ തറവിസ്തീർണ്ണമുള്ള വാസഗൃഹകെട്ടിടങ്ങളെ ഒഴിവാക്കിക്കൊണ്ട് സേവനഉപനികുതി ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ അതിനുള്ള സാങ്കേതിക ക്രമീകരണങ്ങൾ ഒന്നും വരുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത തീരുമാനം പ്രായോഗികമാക്കി 150m$^2$ ന് താഴെ വിസ്തൃതിയുള്ള വാസഗൃഹങ്ങളെ ഒഴിച്ച് നിർത്തി മറ്റെല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി ചുമത്തി ഈടാക്കാൻ സാധിച്ചിരുന്നില്ല. അതിനാൽ കോഴിക്കോട് കോർപ്പറേഷൻ അന്തിമ വിജ്ഞാപന തിയ്യതിയായ 19.11.21ന് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളെ 31.03.2023വരെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കികൊണ്ടും 01.04.2023മുതൽ എല്ലാതരം കെട്ടിടങ്ങൾക്കും 10% സേവനനികുതി ചുമത്തികൊണ്ടും മുൻ കൗൺസിൽ തീരുമാനം ഭേദഗതി ചെയ്തും 31.10.2023ലെ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം നം.83 )

മേൽ കൗൺസിൽ തീരുമാനപ്രകാരം 01.04.2019 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ സേവനനികുതി ഒഴിവാക്കുക വഴി കോർപ്പറേഷന് സേവനനികുതിയിനത്തിൽ താഴെ കൊടുത്ത പ്രകാരം നികുതിനഷ്ടം സംഭവിക്കുന്നതാണ്.

| വർഷം | വാർഷിക കണക്കു പ്രകാരം ലഭിച്ച വസ്തു നികുതി | ലഭിക്കേണ്ടിയിരുന്ന സേവനനികുതി 10% | വാർഷിക കണക്കുപ്രകാരം ലഭിച്ച സേവനനികുതി | സേവനനികുതിയിനത്തിലുള്ള നഷ്ടം |
|---|---|---|---|---|
| 2019-20 | 41,70,71,859 | 4,17,07,186 | ---- | 4,17,07,186 |

| | | | | |
|---|---|---|---|---|
| 2020-21 | 46,45,07,376 | 4,64,50,738 | ----- | 4,64,50,738 |
| 2021-22 | 48,89,59,464 | 4,88,95,946 | 7,36,699 | 4,81,59,247 |
| 2022-23 | 46,46,22,846 | 4,64,62,285 | 27,49,808 | 4,37,12,477 |
| | | | ആകെ | 18,00,29,648 |

31.10.2023ലെ കൗൺസിൽ തീരുമാന പ്രകാരം 18 കോടി രൂപയാണ് കോർപ്പറേഷന് സേവന ഉപനികുതിയിനത്തിൽ നഷ്ടപ്പെടുന്നത്. 01.04.2019 മുതൽ 31.03.2023 വരെയുള്ള വസ്തുനികുതി കുടിശ്ശികയുടെ അടിസ്ഥാനത്തിൽ കൂടി സേവനനികുതി കണക്കാക്കിയാൻ നഷ്ടം ഇനിയും വർദ്ധിക്കുന്നതാണ്.

സഞ്ചയസോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ നടത്താൻ സാധിച്ചില്ല എന്നതു കൊണ്ട് സേവനനികുതി വേണ്ടെന്നു വെക്കുന്ന തീരുമാനം മൂലം കോർപ്പറേഷന് 18 കോടിയിൽപ്പരം രൂപയുടെ നഷ്ടത്തിനിടയായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണങ്ങൾ വരുത്താൻ വിഷയം സേവന ദാതാവായ ഇൻഫർമേഷൻ കേരള മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റേയും അവർ സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.106/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയം കോർപ്പറേഷൻ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-19 കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ പുതിയ കെട്ടിടങ്ങൾക്ക് സേവന ഉപനികുതി ഈടാക്കുന്നില്ല.

150 ച.മീറ്ററിൽ കുറവ് തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങളെ മാത്രം ഒഴിവാക്കി മുൻകാല പ്രാബല്യത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാങ്കേതിക ക്രമീകരണങ്ങൾ സഞ്ചയയിൽ ഒരുക്കുന്നതിനും ആയത് ഈടാക്കുന്നതിനും പ്രായോഗികമായി കഴിയാത്തതിനാലും കോർപ്പറേഷന്റെ അന്തിമ വിജ്ഞാപന തീയതിയായ 19.11.2021-ന് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളെ 31.03.2023 വരെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും 01.04.2023 മുതൽ എല്ലാതരം കെട്ടിടങ്ങൾക്കും 10% സേവന ഉപനികുതി ചുമത്തിക്കൊണ്ടും മുൻകൗൺസിൽ തീരുമാനം ഭേദഗതി ചെയ്തുകൊണ്ടും കൗൺസിൽ തീരുമാനം (83/31.10.2023) എടുത്തിട്ടുണ്ട്. എന്നാൽ 2022-23 ഓഡിറ്റിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ പല കെട്ടിടങ്ങൾക്കും ഇപ്പോഴും സേവന ഉപനികുതി ചുമത്തുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ആകെ വിസ്തൃതി | ഉപയോഗക്രമം |
|---|---|---|---|
| 1 | 25/1431/A | 205 $M^2$ | പാർപ്പിടാവശ്യം |
| 2 | 25/1433/A | 216 $M^2$ | പാർപ്പിടാവശ്യം |
| 3 | 25/1446 | 261.96 $M^2$ | പാർപ്പിടാവശ്യം |
| 4 | 25/1447 | 249.02 $M^2$ | പാർപ്പിടാവശ്യം |

| | | | |
|---|---|---|---|
| 5 | 63/4945/G | 30 M² | വാണിജ്യാവശ്യം |
| 6 | 63/4945/F | 90 M² | വാണിജ്യാവശ്യം |
| 7 | 63/4945/J | 27.3 M² | വാണിജ്യാവശ്യം |
| 8 | 63/4945/K | 26.7 M² | വാണിജ്യാവശ്യം |
| 9 | 63/4945/L | 26 M² | വാണിജ്യാവശ്യം |
| 10 | 63/4945/M | 90.76 M² | വാണിജ്യാവശ്യം |
| 11 | 64/60/A1 | 73.37 M² | വാണിജ്യാവശ്യം |
| 12 | 64/2593/A | 40.73 M² | വാണിജ്യാവശ്യം |
| 13 | 64/2593/B | 190 M² | പാർപ്പിടാവശ്യം |
| 14 | 64/2596/B | 64.39 M² | വാണിജ്യാവശ്യം |
| 15 | 64/2593/C | 64.4 M² | വാണിജ്യാവശ്യം |
| 16 | 64/2605/A | 266.35 M² | പാർപ്പിടാവശ്യം |

മേൽ കാണിച്ച കെട്ടിടങ്ങൾക്ക് 01.04.2023 മുതലും സേവന ഉപനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുകയും ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഒ.എസ്.നം.130/2022-23 തീയതി 07/12/2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ സേവന നികുതി ഈടാക്കാത്ത മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ആയത് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-20 കരാർ ലംഘനത്തിനു 34 തവണ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയ ലൈസൻസിക്കു തന്നെ തുടർച്ചയായി മുറി അനുവദിച്ചു

ഫയൽ നം : A33/21783/92

കോഴിക്കോട് മുനിസിപ്പൽ കേർപ്പറേഷൻ വക കണ്ടംകുളം കെട്ടിടത്തിൽ ശ്രീ.ബീരാൻ കോയ എന്നയാൾക്ക് ആക്രികച്ചവടം നടത്തുന്നതിനു അനുവദിച്ച 9-ാം നമ്പർ കടമുറി 01.04.2019 മുതൽ 31.03.2022 വരെ നിലവിലുള്ള വാടകയായ 1,347/- രൂപയിൽ 20% വർദ്ധിപ്പിച്ച് ലൈസൻസ് പുതുക്കി നൽകിയിരുന്നു. കോർപ്പറേഷന്റെ അനുമതിയില്ലാതെ കച്ചവടത്തിന്റെ സ്വഭാവം മാറ്റിയതായി കാണിച്ച് റവന്യൂ ഇൻസ്പെക്ടർ 08.02.2022 ൽ സ്ഥലപരിശോധനാ റിപ്പോർട്ട് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ 07.04.2022 ലെ 3-ാംനമ്പർ തീരുമാനപ്രകാരം അനുമതിയില്ലാതെ കച്ചവട സ്വഭാവം മാറ്റിയതിനുള്ള പിഴയായി 10,000/- രൂപയും കച്ചവട സ്വഭാവം മാറ്റുന്നതിനുള്ള ഫീസിനത്തിൽ 10,000/- രൂപയും ചേർത്ത് 20,000/- രൂപ 7 ദിവസത്തിനുള്ളിൽ അടയക്കുന്നതിനു ഡെപ്യൂട്ടി സെക്രട്ടറിയുടെ 30.04.2022 ലെ എ33/21783/92 നമ്പർ പ്രകാരം നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ ലൈസൻസിയിൽ നിന്നും തുക ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച A33/21783/92 നമ്പർ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

നോട്ടീസ് പ്രകാരം പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

01.04.2022 മുതൽ മുറി പുതുക്കി നൽകുന്നതിനുള്ള ലൈസൻസിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അഞ്ചാം സർക്കിൾ റവന്യൂ ഇൻസ്പക്ടറുടെ 08.02.2022 ലെ സ്ഥലപരിശോധനാ റിപ്പോർട്ടിൽ 9-ാം നമ്പർ മുറിയിൽ കച്ചവടത്തിന്റെ സ്വഭാവം മാറ്റി ആക്രി കച്ചവടത്തിന് പകരം സ്റ്റേഷനറി കച്ചവടമാണ് നടത്തുന്നതെന്നു റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനെ തുടർന്ന് ധനകാര്യ സ്ഥിരം സമിതിയുടെ 07.04.2022 ലെ 3-ാം നമ്പർ തീരുമാന പ്രകാരം, മേൽ പറഞ്ഞ നോട്ടീസ് നൽകിയെങ്കിലും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പിഴ ഈടാക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമുള്ള ധനകാര്യ സമിതിയുടെ ശുപാർശ 30.05.2022 ലെ 7-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

30.04.2022ലെ നോട്ടീസിന് 4 മാസത്തിന് ശേഷം 22.08.2022 ന് ലൈസൻസി നൽകിയ മറുപടിയിൽ കച്ചവട സ്വഭാവം മാറ്റിയില്ലെന്നും 9-ാം നമ്പർ മുറിയിൽ ആക്രികച്ചവടം തന്നെയാണെന്നും അറിയിച്ചതിൻമേൽ റിപ്പോർട്ട് നൽകുന്നതിനു 01.09.2022 ന് ഡെപ്യൂട്ടി സെക്രട്ടറി ഉത്തരവിട്ടെങ്കിലും നാലര മാസങ്ങൾക്ക് ശേഷം 21.12.2022 നാണ് റവന്യൂ ഇൻസ്പക്ടർ (RI Circle V) റിപ്പോർട്ട് നൽകിയത്.

പ്രസ്തുത റിപ്പോർട്ടിൽ കച്ചവട സ്വഭാവം മാറ്റിയില്ലെന്ന് പറയുന്നു. അതായത് കച്ചവട സ്വഭാവം മാറ്റിയതായി റവന്യൂ ഇൻസ്പക്ടറുടെ 28.02.2022 ലെ റിപ്പോർട്ട് ലഭിച്ച് 10 മാസങ്ങൾക്ക് ശേഷമുള്ള റിപ്പോർട്ടിൽ കച്ചവട സ്വഭാവം മാറ്റിയില്ലെന്ന് പറയുന്നു. കൂടാതെ കിഴക്ക് ഭാഗത്തു നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് ഒന്നാമത്തെ മുറിയാണ് Room No.9 എന്ന് ലൈസൻസി അറിയിച്ചിട്ടുണ്ട് എന്നാണ് റവന്യൂ ഇൻസ്പക്ടറുടെ റിപ്പോർട്ടിൽ ഉള്ളത്. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെയും അവയിലെ മുറികളെ കുറിച്ചും അധികൃതർക്ക് യാതൊരു വ്യക്തതയുമില്ലെന്നും ലൈസൻസിയുടെ വാദങ്ങൾ അതേപടി സ്വീകരിക്കുകയാണെന്നും ഇതിൽ നിന്നും മനസ്സിലാക്കാം. കഴിഞ്ഞ 40 വർഷമായി ഇതേ വ്യക്തി തന്നെയാണ് മുറി കൈവശം വെച്ചു വരുന്നതെന്നു ലൈസൻസിയുടെ അപേക്ഷയിൽ കാണുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(7) 2-ാം ഉപ വകുപ്പ് പ്രകാരം ഒരു ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഓരോ ആളും, ആവശ്യപ്പെടാതെ തന്നെ ലൈസൻസ് ഫീയും മറ്റ് ചാർജ്ജുകളും കരാറിൽ പറഞ്ഞിട്ടുള്ള നിരക്കിൽ അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ കൊടുക്കേണ്ടതും, സെക്ഷൻ 215(8) പ്രകാരം നിക്ഷേപിച്ച തുകയ്ക്കുള്ള കാലാവധിയിൽ കൂടുതൽ കാലത്തേക്ക് വിഴ്ച വരുത്തിയാൽ നോട്ടീസ്

ലഭിച്ച് 7 ദിവസത്തിനകം അല്ലെങ്കിൽ പോലീസ് സഹായത്തോടെയോ അല്ലാതെയോ ഒഴിപ്പിക്കേണ്ടതാണ്. എന്നാൽ 01.04.1992 മുതൽ ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച A33/21783/92 നമ്പർ ഫയൽ പരിശോധിച്ചതിൽ 215(8) പ്രകാരമുള്ള ഒഴിപ്പിക്കൽ നോട്ടീസ് 33 തവണ നൽകിയിട്ടുള്ളതായി കാണുന്നു. 40 വർഷമായി ഇതേ വ്യക്തി തന്നെയാണ് ഈ മുറി കൈവശം വെച്ച് വരുന്നത്. വർഷങ്ങളായി പൊതു ലേലം നടന്നിട്ടില്ലാത്തതിനാൽ നാമമാത്രമായ തുകയാണ് ഇപ്പോഴും ഈ മുറിയുടെ വാടകയായി ഈടാക്കി വരുന്നത് (പ്രതിമാസം 1617/- രൂപ). മുറി വാടക പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കഴിഞ്ഞ 31 വർഷത്തിനിടെ 34 തവണ കരാർ ലംഘനത്തിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയ വ്യക്തിക്കു തന്നെ ലൈസൻസ് പുതുക്കി നൽകുന്നതിന്റെ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഒ.എസ്.നം.123/2022-23 തീയതി : 30.11.2023ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഡെപ്യൂട്ടി സെക്രട്ടറിയുടെ 30-04-2022 ലെ നോട്ടീസ് പ്രകാരം അടവാക്കേണ്ട 20000/-രൂപ ലൈസൻസിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-21 വികാസ് ഷോപ്പിംഗ് കോംപ്ലക്സ് മൂന്നാം നില – മുറി കൈമാറിയതിലെ അപാകതകൾ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയുടെ 12.11.2020 ലെ A38/956/H2/16 /CDA14 നമ്പർ ഉത്തരവ് പ്രകാരം വികാസ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നാം നിലയിലെ 2166.31 ച.അടി വിസ്തൃതിയുള്ള മുറി 51,000/- രൂപ പ്രതിമാസ ലൈസൻസ് ഫീ നിശ്ചയിച്ച് ശ്രീമതി.വിജയ ടെക്നോവേൾഡ് ട്രെയിനിംഗ് സെന്റർ എന്നവർക്ക് നിലവിലുള്ള അവസ്ഥയിൽ അനുവദിച്ചിരിക്കുന്നു.

ഒരു വർഷത്തെ ലൈസൻസ് ഫീസ്ക്ക് തുല്യമായ തുക (6,12,000/-) ഡെപ്പോസിറ്റും ഒരു വർഷത്തെ ലൈസൻസ് ഫീ + ജി.എസ്.ടി. മുൻകൂറായി 722160/- രൂപയും ഈടാക്കി 16.11.2020 മുതൽ 15.11.2023 വരെ കാലയളവിലേക്കാണ് മുറി അനുവദിച്ചത്.

മുറി കൈമാറുന്ന സമയത്ത് 16.11.2020 ന് റവന്യൂ ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ താഴെ പറയുന്ന സാധനങ്ങൾ മുറിയിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു.

| | | |
|---|---|---|
| 1 | സീലിംഗ് ഫാൻ | 15 |
| 2 | ടേബിൾ ഫാൻ | 3 |
| 3 | ഡസ്ക് | 12 |
| 4 | ബെഞ്ച് | 14 |
| 5 | കസേര | 3 |
| 6 | മേശ | 2 |
| 7 | ട്യൂബ് | 9 |
| 8 | പാർട്ടീഷൻ ബോർഡ് | 3 |
| 9 | റൈറ്റിംഗ് ബോർഡ് | 1 |

| | | |
|---|---|---|
| 10 | വാഷ് ബേസിൻ | 2 |
| 11 | ക്ലോസെറ്റ് (യൂറോപ്യൻ) | 1 |

എന്നാൽ ലൈസൻസി 30.04.2022 ന് കൈയ്യൊഴിഞ്ഞ മുറി 27.05.2022 ന് സർക്കിൾ 5 ലെ റവന്യൂ ഇൻസ്പക്ടർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിൽ മുറി തുറന്ന് കിടക്കുന്നതായും 9 ലൈറ്റും 15 ഫാനുകളും മാത്രമേ മുറിയിലുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി സെക്രട്ടറി 30.06.2022 ന് ലൈസൻസിക്ക് നൽകിയ A38/956 /H2/16 CDA നമ്പർ അറിയിപ്പിൽ Item No. 1, 7, 11 എന്നിവയൊഴികെയുള്ള വസ്തുവകകൾ തിരിച്ചേൽപ്പിക്കാത്ത പക്ഷം ഡെപ്പോസിറ്റിൽ നിന്നും നഷ്ടം ഈടാക്കുന്നതും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത നോട്ടീസിനു 12.07.2022 ന് ശ്രീമതി.വിജയ.കെ നൽകിയ മറുപടിയിൽ തിരിച്ചേൽപ്പിക്കാത്തവ നേരത്തെ മുറി കൈവശം വെച്ചിരുന്ന ശ്രീ.മാത്യൂ വിനോദ് വിളയോങ്കോട്.പി.ഒ. കണ്ണൂർ എന്ന ആളുടെ സാധനങ്ങൾ ആണെന്നും അവ അദ്ദേഹം കൊണ്ടുപോയതാണെന്നും ഇവയിലെല്ലാം സ്ഥാപനത്തിന്റെ കോഡ് രേഖപ്പെടുത്തിയിരുന്നെന്നും അറിയിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 27/08/2022 ന് ഡെപ്യൂട്ടി സെക്രട്ടറി മുറി നേരത്തെ കൈവശം വച്ച ശ്രീ.മാത്യൂ വിനോദ് എന്നയാൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അദ്ദേഹം മറുപടി നൽകിയതായി കാണുന്നില്ല. 16.07.2022 ലെ ഓഫീസ് കുറിപ്പിൽ മുൻ ലൈസൻസി ശ്രീമതി.അനുപമ വിനോദ് ആണെന്നും ലൈസൻസ് ഫീ കുടിശ്ശികയിനത്തിൽ അടയ്ക്കാനുള്ള 516799/- രൂപ ഈടാക്കുന്നതിന് 16.01.2021 ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും രേഖപ്പെടുത്തികാണുന്നു. ഫർണ്ണീച്ചർ നേരിൽ കാണാത്തതിനാൽ വില നിശ്ചയിക്കാൻ കഴിയില്ലെന്ന 17.09.2022 ലെ സീനിയർ ക്ലാർക്കിന്റെ ഓഫീസ് കുറിപ്പിൻ മേൽ ലൈസൻസിയുടെ ഡെപ്പോസിറ്റിൽ നിന്നും 50,000/- രൂപ ഈടാക്കാൻ ഡെപ്യൂട്ടി സെക്രട്ടറി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ ഈടാക്കിയിട്ടുണ്ട് (Vr No.3234, 3235 Dt. 18.11.2022)

ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച A38/956/H2/16/CDA നമ്പർ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

(1) നിലവിലുള്ള അവസ്ഥയിൽ മുറി ലൈസൻസിക്ക് അനുവദിക്കുന്നു എന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാൽ നിലവിലെ അവസ്ഥയെന്താണെന്ന് ഫയലിലും കരാറിലും വിവരണമോ ഫോട്ടോഗ്രാഫോ ഇല്ല. മുറിയിൽ എന്തെല്ലാം സ്ഥാവര ജംഗമ വസ്തുക്കൾ ഉണ്ടെന്നുള്ളതിൽ സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

(2) കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 149 പ്രകാരം ഓഫീസ് മേധാവിയോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ തന്റെ ചുമതലയിലുള്ള ഏത് തരത്തിലുള്ള സ്റ്റോറിന്റെയും സൂക്ഷിപ്പിനു പ്രത്യേക പരിഗണന നൽകേണ്ടതാണ്. മോഷണം, കൃത്രിമം, അശ്രദ്ധ എന്നിവ കാരണം ഉണ്ടായേക്കാവുന്ന സ്റ്റോറിന്റെ നഷ്ടം തടയുന്നതിനു കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ പ്രസ്തുത മുറിയിൽ എന്തെല്ലാം സാധനങ്ങളുണ്ടെന്നോ നഷ്ടപ്പെട്ട സാധനങ്ങളുടെ കൃത്യമായ വില നിശ്ചയിക്കുന്നതിനോ സാധിച്ചിട്ടില്ല. 50,000/- രൂപ എന്തടിസ്ഥാനത്തിലാണ് നിശ്ചയിച്ചതെന്നും ഫയലിൽ വ്യക്തമല്ല. ടെക്നോ വേൾഡ് ട്രെയിനിംഗ് സെന്ററിന് വേണ്ടി ലൈസൻസി ശ്രീമതി.വിജയക്ക് മുറി കൈമാറുമ്പോൾ 16.11.2020 ന് മുറി പരിശോധിച്ച് റവന്യൂ ഇൻസ്പക്ടർ ഖണ്ഡികയിൽ പരാമർശിച്ച 11 സാധനങ്ങൾ അവിടെ ഉള്ളതായും അവ എടുത്ത് മാറ്റാൻ മുൻ ലൈസൻസിക്ക് അറിയിപ്പ് നൽകാവുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. സാധനങ്ങൾ മുൻ ലൈസൻസിയുടേതാണ് എന്ന് കോർപ്പറേഷന് അറിയാമായിരുന്നു എന്ന് വ്യക്തമാകുന്നു.

09.12.2020 ലെ സെക്ഷൻ ക്ലാർക്കിന്റെ ഓഫീസ് കുറിപ്പിൽ റവന്യൂ ഇൻസ്പക്ടറുടെ റിപ്പോർട്ട് പ്രകാരമുള്ള മുറിയിലെ സാധന സാമഗ്രികൾ മുൻ ലൈസൻസി എടുത്തു മാറ്റിയിട്ടുള്ളതിനാൽ ടി വിവരം എഗ്രിമെന്റിൽ ചേർത്തിയില്ല എന്നും പറയുന്നു.

516799/- രൂപ കടിശ്ശിക വരുത്തിയ ലൈസൻസി സാധനങ്ങൾ എടുത്തു കൊണ്ടു പോകുന്നതിനു അനുമതി നൽകിയിട്ടുണ്ടോയെന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ അന്വേഷണത്തിന് A38/956/H2/16/KMC നമ്പർ ഫയൽ നോട്ട് പേജ് 34 ൽ ശ്രീമതി അനുപമ വിനോദ് 17.03.2020 ൽ മുറിപൂട്ടി താക്കോൽ നഗരസഭയെ ഏൽപ്പിച്ചിട്ടുള്ളതാണെന്നും പുതിയ ലൈസൻസിക്ക് മുറി ഏൽപ്പിച്ചു കൊടുക്കുന്നതിനു വേണ്ടി, മുൻ ലൈസൻസിയുടെ സാധന സാമിഗ്രികൾ എടുത്തു മാറ്റുന്നതിനു റവന്യൂ ഇൻസ്പെക്ടറുടെ നിർദ്ദേശപ്രകാരം അറിയിപ്പ് നൽകിയതായും സെക്ഷൻ ക്ലാർക്ക് 28.12.2020 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുറി ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന വസ്തു വകകളിൽ ക്രമ നം.1, 7, 11 എന്നിവ ഒഴികെയുള്ള സാമിഗ്രികൾ തിരിച്ചേൽപ്പിക്കാത്തതിൽ വിശദീകരണം ചോദിച്ചു കൊണ്ട് 30.06.2022 ന് ശ്രീമതി.വിജയക്ക് നൽകിയ കത്തിന് 12.07.2022 ന് മറുപടി നൽകിയിട്ടുണ്ട്. ആയതിൽ 26.11.2020 ന് ശ്രീ.മാത്യൂസ് എന്നയാൾ ഈ സാമിഗ്രികൾ എടുത്ത് കൊണ്ട് പോയ വിവരം നേരിട്ട് സെക്ഷനിൽ അറിയിച്ചപ്പോൾ അതെല്ലാം മാത്യൂസിന്റെ CACCA എന്ന സ്ഥാപനത്തിന്റേതാണെന്ന് ക്ലാർക്ക് അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. സാധനങ്ങൾ എടുത്ത് മാറ്റാൻ കോർപ്പറേഷൻ തന്നെ ശ്രീ.മാത്യൂസിന് നോട്ടീസ് നൽകി അത് പ്രകാരം മാത്യൂസ് സാധനങ്ങൾ എടുത്ത് മാറ്റിയപ്പോൾ അതിന്റെ നഷ്ടപരിഹാരമായി 50,000/- രൂപ പിന്നീട് വന്ന വനിതാ തൊഴിൽ സംരഭകരായ ശ്രീമതി.വിജയയിൽ നിന്നും ഈടാക്കിയതിന്റെ ഔചിത്യം വ്യക്തമല്ല. മേൽ സാമഗ്രികളുടെ കൈവശാവകാശം രേഖാമൂലം കോർപ്പറേഷൻ ശ്രീമതി.വിജയക്ക് കൈമാറിയിരുന്നില്ല. 17.03.2020 മുൻ ലൈസൻസിയായ അനുപമ വിനോദ് മുറി പൂട്ടി താക്കോൽ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ആ സമയത്ത് തന്നെ മുറിയിൽ പരിശോധന നടത്തി പഴയ ഫർണ്ണീച്ചറുകളും മറ്റ് വസ്തു വകകളും നീക്കം ചെയ്യാൻ മുൻ ലൈസൻസിക്ക് നോട്ടീസ് നൽകാൻ റവന്യൂ വിഭാഗം ശ്രദ്ധിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഒ.എസ്.നം.104/2022-23-നു മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 മുനിസിപ്പൽ ആക്ടിന് വിരുദ്ധമായി നിലവിലെ ലൈസൻസ് ഫീയേക്കാളും കുറഞ്ഞ ഓഫർ തുടർനടപടികളില്ലാതെ അംഗീകരിച്ചു.കരാർ വെക്കാൻ 6 മാസത്തോളം കാലതാമസം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 26.05.2022 ലെ A29/113501/14 നമ്പർ ഉത്തരവ് പ്രകാരം IG Road ബസ് സ്റ്റാന്റ് ന്യൂ ബ്ലോക്ക് കെട്ടിടത്തിലെ ഒന്നാം നിലയിലെ 4A നമ്പർ മുറി ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകുന്നതിന് 24.11.2021 ന് ഓഫർ ക്ഷണിച്ചതിൽ ഏറ്റവും കൂടുതൽ തുകയായ 1,55,000/- രൂപ ക്വാട്ട് ചെയ്ത ശ്രീമതി.രജനി.പി. യ്ക്ക് നെഗോഷ്യേറ്റ് ചെയ്ത 1,58,000/- രൂപയ്ക്ക് അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

നിലവിൽ 2,25,942/- രൂപ പ്രതിമാസ ലൈസൻസ് ഫീയുള്ള മുറിയാണ് 1,58,000/- രൂപയക്ക് അനുവദിച്ചിരിക്കുന്നത്. 24.11.2021 ന് ഓഫർ ക്ഷണിച്ചതായി സെക്രട്ടറിയുടെ ഉത്തരവിലും 26/05/2022 ലെ ഓഫീസ് കുറിപ്പിലും പറയുന്നുണ്ടെങ്കിലും പത്ര പരസ്യം നലകി ടെണ്ടർ ക്ഷണിച്ചതിന്റെ വിശദാംശങ്ങളോ എത്ര പേർ ഓഫർ സമർപ്പിച്ചെന്നോ യാതൊരു വിവരവും ഫയലിലില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 215 (സി) പ്രകാരം ലൈസൻസ് പുതുക്കി നൽകുന്നതോ ഒരു ലൈസൻസിയെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള എല്ലാ സംഗതികളിലും പരസ്യ ലേലമോ ടെണ്ടർ മുഖാന്തിരമോ മാത്രമേ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ ഓഫർ ക്ഷണിക്കാനുള്ള കാരണവും ഫയലില്ല. ധനകാര്യ സ്ഥിരം സമിതിയുടെ അജണ്ടയിൽ നിലവിലുള്ള ലൈസൻസ് ഫീയേക്കാൾ കുറവായതിനാൽ ഒരിക്കൽ കൂടി ഓഫർ ക്ഷണിക്കുന്ന കാര്യം പരിഗണിക്കാമെന്ന് കുറിപ്പ് നൽകിയെങ്കിലും സമിതി അക്കാര്യം പരിഗണിച്ചിട്ടില്ല.

മുറി അനുവദിച്ച് 41,33,280/-രൂപ (12 മാസത്തെ ലൈസൻസ് ഫീസും ഡെപ്പോസിറ്റും) അടവാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഉത്തരവ് 03/06/2022 ന് ശ്രീമതി.രജനി.പി. കൈപ്പറ്റിയിട്ടുണ്ടെങ്കിലും 6 മാസങ്ങൾക്ക് ശേഷം 21.01.2023-ന് മാത്രമാണ് കരാറുടമ്പടി വെച്ചത്. ഈ ഉടമ്പടിയിൽ 07.05.2022 മുതൽ

06.05.2025 വരെ 3 വർഷത്തേക്കാണ് മുറി അനുവദിച്ചിരിക്കുന്നത്. കരാർ പ്രകാരം 07.05.2022 മുതൽ വാടക ഈടാക്കേണ്ടതാണ്. ഏത് മാസം മുതൽ വാടക ഈടാക്കിയെന്നത് സംബന്ധിച്ച് ഫയലിൽ സൂചനകളില്ല.

നിലവിൽ പ്രതിമാസം 2,25,942 രൂപ പ്രതിമാസ വാടക/ലൈസൻസ് ഫീസ് ലഭിച്ചിരുന്ന മുറി ഒഴിവ് വന്നപ്പോൾ ഓപ്പൺ ടെണ്ടർ/പരസ്യ ലേലം നടത്താതെ ഓഫർ ക്ഷണിക്കാൻ തീരുമാനിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്. വ്യാപകമായ പരസ്യം നൽകി പൊതുലേലം നടത്തിയിരുന്നെങ്കിൽ നിലവിൽ ഉണ്ടായിരുന്ന വാടകയേക്കാളും കൂടുതൽ ലഭിക്കാൻ സാധ്യത ഉണ്ടായിരുന്നു.പൊതുലേലത്തിന്റെ അഭാവം മൂലം നിലവിൽ ലഭിച്ച് വന്നതിലും പ്രതിമാസം 67,942/- രൂപ വീതം നഗരസഭക്ക് നഷ്ടം സംഭവിക്കാൻ കാരണമായി. കരാർ കാലയളവായ 3 വർഷത്തേക്ക് 24,45,912/- രൂപ ഇപ്രകാരം വരവിൽ കുറവ് വന്നു. ഓഫർ നൽകിയതിന് ശേഷം കോർപ്പറേഷൻ മുറി അനുവദിച്ചുത്തരവ് നൽകി 6 മാസത്തോളം മുറി ഏറ്റെടുക്കാതിരുന്നിട്ടും യാതൊരു നടപടിയും കക്ഷിക്കെതിരെ സ്വീകരിക്കാതിരുന്ന സാഹചര്യവും അറിയിക്കേണ്ടതാണ്. അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്.നം.103/2022-23 ന്ന മറുപടി ലഭിച്ചിട്ടില്ല. മുനിസിപ്പൽ നിയമത്തിന് വിരുദ്ധമായി മുറി അനുവദിച്ച് നൽകിയതിനും കരാർ വെയ്ക്കാനുണ്ടായ കാലതാമസത്തിനും വിശദീകരണം നൽകേണ്ടതും ലൈസൻസിയിൽ നിന്നും കരാറുടമ്പടിയിൽ ഏർപ്പെട്ട തിയ്യതി മുതൽ വാടക ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ലൈസൻസ് സ്വഭാവം മാറ്റിയതിന് നോട്ടീസ് നൽകി- ഒരു വർഷം കഴിഞ്ഞും തുടർനടപടികൾ സ്വീകരിക്കുന്നില്ല

ഫയൽ നം : A32/41782/92

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പാളയം ബസ് സ്റ്റാന്റ് കെട്ടിടത്തിലെ കൗണ്ടർ നമ്പർ 6 ശ്രീ.ടി.രാധാകൃഷ്ണൻ S/o. ചാത്തു ശ്രീപതി തിരുത്തിയാട് കോഴിക്കോട് എന്നയാൾക്ക് റെഡിമെയ്ഡ് വസ്ത്ര വ്യാപാരം നടത്തുന്നതിനായി 01.04.2019 മുതൽ 31.03.2022 വരെ വാടകയ്ക്ക് അനുവദിച്ചിരുന്നതാണ്. 4-ാം സർക്കിൾ റവന്യൂ ഇൻസ്പക്ടറുടെ പരിശോധനയിൽ കോർപ്പറേഷനെ അറിയിക്കാതെ കച്ചവടത്തിന്റെ സ്വഭാവം മാറ്റി അവിടെ ലോട്ടറി കച്ചവടം നടത്തുന്നതായി കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മുൻകൂർ അപേക്ഷയില്ലാതെ കച്ചവട സ്വഭാവം മാറ്റിയതിനുള്ള പിഴയായി 10000/- രൂപയും കച്ചവട സ്വഭാവം മാറ്റിയതിനുള്ള ഫീസായി 10000/- രൂപയും 7 ദിവസത്തിനുള്ളിൽ അടക്കുന്നതിന് 28/11/2022 ന് A 32/41782/92 നമ്പർ നോട്ടീസ് നൽകിയിരുന്നു. പിഴയും ഫീസും ഒഴിവാക്കുന്നതിനുള്ള ലൈസൻസിയുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമല്ലെന്ന ധനകാര്യ സ്ഥിരം സമിതിയുടെ 16.03.2023 ലെ 85-ാം നമ്പർ തീരുമാന പ്രകാരം കക്ഷിക്ക് 04.04.2023 ന് നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല.

പിഴയും ഫീയും ഈടാക്കുകയോ അല്ലാത്തപക്ഷം കെട്ടിടം ഒഴിപ്പിക്കുന്നത് ഉൾപ്പെടെ ബൈലോ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഒ.എസ്.നം.110/2022-23 ന്ന മറുപടി ലഭിച്ചിട്ടില്ല. ലൈസൻസിയിൽ നിന്നും 28-11-22 ലെ നോട്ടീസ് പ്രകാരമുള്ള പിഴ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 കടമുറികൾ അനുവദിക്കുന്നതിലും, ലൈസൻസ് ഫീ ഈടാക്കുന്നതിലും ലേല നിബന്ധനകൾ പാലിക്കുന്നില്ല

ഫയൽ നം. : A29/68960/15, A29/45279/22

കോർപ്പറേഷൻ വക ഐ.ജി.റോഡ് ബസ് സ്റ്റാന്റ് ന്യൂ ബ്ലോക്ക് കെട്ടിടത്തിലെ ഒന്നാം നിലയിലെ ഹാൾ നമ്പർ 4, 5 എന്നിവ വാടകയ്ക്ക്/ലൈസൻസ് വ്യവസ്ഥയിൽ നൽകാൻ 24.11.2021 ന് ഓഫർ ക്ഷണിച്ചതിൽ പ്രതിമാസ ലൈസൻസ് ഫീ 2,00,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ.പി.പി.മുകുന്ദനുമായി ധനകാര്യ സ്ഥിരം

സമിതി കൂടികാഴ്ച നടത്തി ലൈസൻസ് ഫീ 2,05,000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഓഫർ ധനകാര്യ സ്ഥിരം സമിതിയുടെ 10.02.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും കോർപ്പറേഷൻ കൗൺസിലിന്റെ 30.05.2022 ലെ 20-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

ഹാൾ നമ്പർ 4, 5 എന്നിവ ലൈസൻസ് വ്യവസ്ഥയിൽ ശ്രീ.മുകുന്ദൻ ഏറ്റെടുക്കുന്നതിന് മുമ്പ് കൈവശം വെച്ചിരുന്ന ലൈസൻസികളുടേയും അവർ വരുത്തിയ കുടിശ്ശികയുടേയും വിവരം താഴെ ചേർക്കുന്നു.

| ലൈസൻസ് കാലാവധി | ലൈസൻസ് ഫീ | ലൈസൻസി | റിമാർക്സ് |
|---|---|---|---|
| 01.10.2015 മുതൽ 30.09.2018 വരെ | 3,10,000 | N.V.പരമേശ്വരൻ | |
| 01.10.2018 മുതൽ 30.09.2021 വരെ | 3,72,000 | -ടി- | കോവിഡ് കാരണം 31.03.2021 മുതൽ മുറി ഒഴിഞ്ഞു. 13,64,973/- രൂപ കുടിശ്ശിക |
| 01.04.2021 മുതൽ 30.07.2021 വരെ | 3,72,000 | ജീഷ്.എം.എ | 18.11.2021 ന് മുറി തിരിച്ചേൽപ്പിച്ചു. |

30.09.2021 വരെ ലൈസൻസ് കാലാവധി ഉണ്ടായിരുന്ന ശ്രീ.N.V.പരമേശ്വരൻ, ലോക്ക് ഡൗണും കോവിഡ് അനുബന്ധ നിയന്ത്രണങ്ങളും കാരണം താൻ 01.02.2021 മുതൽ മുറി ഒഴിയുകയാണെന്ന് കാണിച്ച് 02.11.2020 ന് കോർപ്പറേഷന് കത്ത് നൽകി. എന്നാൽ പിന്നീട് സാധന സാമഗ്രികൾ എടുത്ത് മാറ്റാൻ കൂടുതൽ സമയം അനുവദിക്കണമെന്ന പരമേശ്വരന്റെ അപേക്ഷ പ്രകാരം ടിയാന് 31.03.2021 വരെ സമയം അനുവദിച്ചു. 31.03.2021 ന് മുറി ഒഴിയുന്ന സമയത്ത് ടിയാൻ വാടക കുടിശ്ശികയായി 67,06,893/- രൂപ അടയ്ക്കാൻ ബാക്കി ഉണ്ടായിരുന്നു (നോട്ട് ഫയൽ പേജ് 50) ടിയാന്റെ ഡെപ്പോസിറ്റ് ഇനത്തിൽ കോർപ്പറേഷനിൽ ഉണ്ടായിരുന്ന 44,64,000/- രൂപ കുടിശ്ശികയിലേക്ക് അഡ്ജസ്റ്റ് ചെയ്തു ശേഷിക്കുന്ന 22,42,893/- രൂപയിൽ ലോക്ക് ഡൗൺ പരിഗണിച്ച് 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക (GST ഉൾപ്പെടെ) ഒഴിവാക്കിയത് പരിഗണിച്ചാൽ 13,64,973/- രൂപ ശ്രീ.പരമേശ്വരൻ അടയ്ക്കാൻ ബാക്കി ഉണ്ട്.

മുറി ഒഴിയുന്നതായി കാണിച്ച് പരമേശ്വരൻ കത്ത് നൽകിയതിനെ തുടർന്ന് 18.12.2020 ന് ഹാളുകൾ ലേലം ചെയ്യുകയും 31.12.2020 ന് പുനർ ലേലം നടത്തുകയും ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. അതിന് ശേഷം 07.01.2021 ന് ഓഫർ ക്ഷണിക്കുകയും കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ.ജീഷ്.എം.എ. എന്നയാളുമായി നെഗോഷിയേഷൻ നടത്തി 3,72,000/- രൂപ പ്രതിമാസ വാടകയ്ക്ക് 01.04.2021 മുതൽ ഹാളുകൾ അനുവദിക്കുകയും ചെയ്തു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ തുടർന്ന് നടത്തിക്കൊണ്ട് പോകാൻ പ്രയാസമാണെന്നും അതിനാൽ കടമുറി ഒഴിയുകയാണെന്നും കാണിച്ച് 30.07.2021 ന് ശ്രീ.ജീഷ് നഗരസഭയ്ക്ക് അപേക്ഷ നൽകി. അത് പ്രകാരം ലേലം നടത്താൻ തീരുമാനിക്കുകയും ഇതിനെ തുടർന്ന് 25.08.2021 ന് നടന്ന ലേലത്തിലും, 14.09.2021 ന് നടന്ന പുനർ ലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ ഓഫർ ക്ഷണിക്കുകയും 24.11.2021 ന് ഓഫർ ക്ഷണിച്ചതിൽ കൂടുതൽ തുകയുള്ള ഓഫർ സമർപ്പിച്ച ശ്രീ.പി.പി.മുകുന്ദനുമായി നെഗോഷിയേഷൻ നടത്തി 2,05,000/- രൂപയ്ക്ക് ഹാളുകൾ അനുവദിക്കുകയും ചെയ്തു.

കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 04.06.2022 ലെ A29/45279/22 നമ്പർ ഉത്തരവ് പ്രകാരം

പുതിയ ലൈസൻസിയായ ശ്രീ.പി.പി.മുകുന്ദൻ 53,62,800/- രൂപ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം അടച്ച് കരാർ വെയ്ക്കേണ്ടതാണ്. എന്നാൽ തുക അടയ്ക്കാത്തതിനാൽ 19.07.2022 ന് നോട്ടീസ് നൽകുകയും പരമാവധി ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കണമെന്ന ലൈസൻസിയുടെ 29.07.2022 ലെ അപേക്ഷയിൽ ധനകാര്യ സ്ഥിരം സമിതിയുടെ 26.08.2022 ലെ 144-ാം നമ്പർ തീരുമാന പ്രകാരം 3 മാസത്തിനകം 3 തുല്യ ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കുകയുണ്ടായി. എന്നാൽ 10,22,560/- രൂപ വീതം 5 പോസ്റ്റ് ഡേറ്റഡ് ചെക്കുകളാണ് കക്ഷി സമർപ്പിച്ചത്. 5 തുല്യ ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കണമെന്ന 18.07.2022 ലെ ലൈസൻസിയുടെ അപേക്ഷയിൽ ധനകാര്യ സ്ഥിരം സമിതി 23.11.2022 ലെ 136-ാം തീരുമാന പ്രകാരം അപേക്ഷ അനുവദിക്കുകയുണ്ടായി. 53,62,800/- രൂപ 5 തുല്യ ഗഡുക്കളാക്കുമ്പോൾ 10,72,560/- രൂപ വീതം 5 തവണയായി അടയ്ക്കേണ്ടതാണ്. എന്നാൽ 10,22,560/- രൂപയുടെ 5 ചെക്കുകളാണ് ലഭിച്ചത്. ആയിനത്തിൽ 2,50,000/- രൂപയുടെ കുറവുണ്ട്.

മുറികൾ അനുവദിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും അത് ഏറ്റെടുത്ത് എഗ്രിമെന്റ് വെക്കാൻ ശ്രീ മുകുന്ദൻ തയ്യാറായില്ല. മുറികൾ ഏറ്റെടുക്കുന്ന കാലയളവ് വരെയുള്ള ലൈസൻസ് ഫീസ് ഒഴിവാക്കിത്തരണമെന്ന് കാണിച്ച് 18.03.2023 നും 01.08.2023 മുതൽ മുറികൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് 19.07.2023 നും ശ്രീ മുകുന്ദൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഫയൽ നമ്പർ A29/45279/22 – 27.10.2022 ലെ ഓഫീസ് കുറിപ്പ് പ്രകാരം 3 ഗഡുക്കളായി തുക അടയക്കുന്നതിനുള്ള നോട്ടീസ് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നു. എന്നാൽ A29/68960/15 നമ്പർ ഫയൽ, ഓഫീസ് കുറിപ്പ് പേജ് നമ്പർ 77 ൽ 24.10.2022 ലെ സെക്ഷൻ ക്ലാർക്കിന്റെ ഓഫീസ് കുറിപ്പിൽ 4, 5 മുറികൾ ശ്രീ.പി.പി.മുകുന്ദൻ തിരിച്ചേൽപ്പിച്ചതായും 1,50,49,112/- രൂപ കുടിശ്ശിക ഉണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ നടപടികളിലെ വൈരുദ്ധ്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

നേരത്തെയുള്ള ലൈസൻസിയായ ശ്രീ.ജീഷ്.എം.എ. 18.11.2021 നാണ് മുറി തിരികെ ഏൽപ്പിച്ചതെന്നും ആയതിനാൽ 18.11.2021 വരെയുള്ള ലൈസൻസ് ഫീ ശ്രീ.ജീഷിൽ നിന്നും ഈടാക്കേണ്ടതുണ്ടെന്നും ഫയലിൽ പരാമർശിച്ചിട്ടുണ്ട്. 31.03.2021 ന് ജീഷ് അടച്ച 32,26,458/- രൂപയിൽ നിന്നും (Rt No.120010500636 തീയതി 31.03.2021) കോർപ്പറേഷന് നൽകാനുള്ള തുക കിഴിച്ച് ബാക്കി വരുന്ന തുക, ശ്രീ.പി.പി.മുകുന്ദൻ കോർപ്പറേഷന് നൽകാനുള്ള കുടിശ്ശികയിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിനു സമ്മതമാണെന്ന് കാണിച്ച് നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

എന്നാൽ റൂം നമ്പർ 4, 5 എന്നിവയ്ക്കൊപ്പം 2-ാം നില ഹാൾ നമ്പർ 1, 4 A എന്നിവയുടെ കുടിശ്ശിക വിവരം കൂടി ഇതിനോടൊപ്പം ചേർത്ത് ആകെ സങ്കീർണ്ണമായാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നത്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

(1) 31.03.2021 ന് കടമുറി ഒഴിഞ്ഞ ലൈസൻസിയായ ശ്രീ.എൻ.വി.പരമേശ്വരൻ അടയ്ക്കാൻ ബാക്കിയുള്ള 13,64,973/- രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങൾ

(2) 04.06.2022 ന് മുറി അനുവദിച്ച ശ്രീ.പി.പി.മുകുന്ദൻ അടയ്ക്കാൻ ബാക്കിയുള്ള 1,50,49,112/- രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങൾ.

(3) ഫയൽ നമ്പർ A29/68960/15 നമ്പർ ഫയലിൽ പേജ് നം.76 ൽ ശ്രീ.പി.പി.മുകുന്ദന് കടമുറികൾ അനുവദിച്ചതിന്റെ തുടർനടപടികൾ A29/45279/2022 നമ്പർ ഫയലിൽ ആരംഭിച്ചിട്ടുള്ളതായി 05.06.2022 ലെ സെക്ഷൻ ക്ലാർക്കിന്റെ ഓഫീസ് കുറിപ്പിൽ പറയുന്നു. 04.06.2022 മുതൽ ഏറ്റെടുക്കാതെ പല ഒഴിവു കഴിവുകളും പറഞ്ഞ ലൈസൻസി, 01.08.2023 മുതൽ കടമുറി ഏറ്റെടുക്കാമെന്ന അപേക്ഷ കൗൺസിൽ 24.09.2023 ന് അംഗീകരിച്ചതാണ്. എന്നാൽ A29/68960/15 നമ്പർ ഫയൽ പേജ് 77 ൽ കടമുറി തിരികെ ഏൽപ്പിച്ചതായി പറയുന്നു. പ്രസ്തുത ഓഫീസ് കുറിപ്പ് 24.10.2022 ൽ തയ്യാറാക്കിയതാണ്. അതേ സമയം 27.10.2023 ലെ ഓഫീസ് കുറിപ്പിൽ (File No.45279/22) ഉത്തരവ് കൈപ്പറ്റിയിട്ടും കടമുറി ഏറ്റെടുക്കാത്തതിന് നോട്ടീസ് തയ്യാറാക്കിയതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

(4) 4, 5 മുറികളുടെ നിലവിലെ ലൈസൻസി, മുറികൾ അനുവദിച്ച കാലാവധി, ലൈസൻസ് ഫീ

അടച്ചതിന്റെ സംക്ഷിപ്ത വിവരം, കുടിശ്ശികയുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പട്ടിക രൂപത്തിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

(5) കൂടാതെ ശ്രീ.പരമേശ്വരൻ എന്ന ലൈസൻസി അടയ്ക്കാനുള്ള 13,64,973/- രൂപയ്ക്ക് പകരം HDFC ബാങ്കിന്റെ തിയ്യതി, തുക എന്നിവയെഴുതാത്ത 3 ചെക്കുകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. പണം സ്വീകരിക്കുന്നതിനു പകരം ചെക്കുകൾ സ്വീകരിച്ചിട്ടും അവ ബാങ്കിൽ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. 31.03.2021 ന് കൈപ്പറ്റിയ ചെക്കുകൾ ഇപ്പോഴും (23.11.2023) ഫയലിൽ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു.

(ചെക്ക് നം.000232, 000233, 000234)

000235, 0000236, 000237 HDFC Bank

(6) ഇതേ രീതിയിൽ 53,62,800/- രൂപ അടയ്ക്കാനുള്ള ശ്രീ.മുകുന്ദൻ എന്ന ലൈസൻസിയിൽ നിന്നും 5 Post Dated Cheque കൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു. 14.07.2022 ന് ലഭിച്ച ചെക്കുകൾ ഒരു വർഷത്തിന് ശേഷവും ബാങ്കിൽ സമർപ്പിക്കാതെ ഫയലിൽ (A29/45279/22) അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു.

| Sl.No. | Cheque No. | Date | Amount | Name Of Bank |
|---|---|---|---|---|
| 1 | 113943 | 30.09.2022 | 1022560 | Axis Bank |
| 2 | 113944 | 06.12.2022 | 1022560 | ” |
| 3 | 113945 | 06.01.2023 | 1022560 | ” |
| 4 | 113946 | 06.02.2023 | 1022560 | ” |

(7) ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ച ശേഷം എന്തെങ്കിലും ന്യൂനത ചൂണ്ടിക്കാട്ടി മുറി ഏറ്റെടുക്കാതിരുന്നാൽ ഡെപ്പോസിറ്റ് കണ്ടുകെട്ടി ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ ലേലം/ടെണ്ടർ നടത്തുന്നതാണ് എന്ന് ലേലം/ടെണ്ടർ നിബന്ധനകളിൽ 4, 6 നമ്പറായി പറയുന്നു. ഇപ്രകാരം നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(8) കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ നിയമാനുസൃത നടപടികളില്ലാതെ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നതിന് ശ്രമിക്കാതെ നിലവിലെ ലൈസൻസികളും അവരുമായ ബന്ധപ്പെട്ടവരും മാറി മാറി മുറികൾ കൈവശം വെക്കുകയും, ലൈസൻസ് ഫീ അടയ്ക്കുന്ന കാര്യത്തിൽ ഉദാസീനത വരുത്തുകയും ചെയ്യുകയും ചെയ്യുന്ന പ്രവണത വ്യാപകമായി കാണുന്നുണ്ട്. ഇത്തരം അപാകതകളിൽ അടിയന്തിര നടപടി സ്വീകരിക്കാതെ സാധാരണ ഫയൽ നടപടി ക്രമങ്ങളിലൂടെ, സ്ഥിരം സമിതികളിലും, കൗൺസിലിലും തീരുമാനമെടുത്ത് കത്ത്/നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നത് വളരെ കാലതാമസം ഉണ്ടാക്കുന്നതിനും തൻമൂലം കക്ഷികൾ വൻ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും നഗരസഭയ്ക്ക് വലിയ തോതിൽ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനും കാരണമാകുന്നുണ്ട്.

കോർപ്പറേഷന്റെ നോൺ ടാക്സ് വിഭാഗത്തിൽ ഇപ്പോഴും കോർപ്പറേഷന് കീഴിലുള്ള വാടകയ്ക്ക് നല്കിയ കെട്ടിടങ്ങളുടെ സമഗ്ര വിവരം ലഭ്യമല്ല. 20 വർഷം മുമ്പ് കമ്പ്യൂട്ടർ വൽക്കരണം നടത്തിയ കോർപ്പറേഷനിൽ നോൺ ടാക്സ് വിഭാഗത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങളും വാടക ഈടാക്കലും സംബന്ധിച്ച് സമഗ്രമായ ഡാറ്റാ ബേസ് ഉണ്ടാക്കാൻ ശ്രമിക്കാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (ഒ.എസ്.നം.109/2022-23 തി 24.11.23) മറുപടി ലഭിച്ചിട്ടില്ല. കോർപ്പറേഷന് ക്രമ നം 1,2 ലൈസൻസികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് കോർപ്പറേഷന്റെ വരവ് നഷ്ടമായി നിജപ്പെടുത്തുന്നതാണ്.

1-25 വാടക കുടിശ്ശിക അടവാക്കുന്നതിലേക്കായി നൽകിയ ചെക്ക് മടങ്ങിയതിനെതിരെ നിയമനടപടി സ്വീകരിച്ചില്ല.

ചെറുവണ്ണൂർ സോണൽ ഓഫീസ് കോർപ്പറേഷൻ വക വനിതാ വ്യവസായ കേന്ദ്രം റഹ്മാൻ ബസാർ കെട്ടിടത്തിലെ ഒന്നാം നമ്പർ മുറി ശ്രീമതി അനീസ കെ. എന്ന വ്യക്തി 01.05.2017 മുതൽ 30.04.2020 കാലയളവിലേക്ക് ഏറ്റെടുക്കുകയും മൂന്ന് വർഷക്കാലം ഉപയോഗിക്കുകയും ചെയ്തുവന്നു. മൂന്ന് വർഷങ്ങൾക്ക് ശേഷം വീണ്ടും ലൈസൻസ് പുതുക്കാനായി അപേക്ഷ നൽകിയ ശ്രീമതി അനീസയോട് വാടക ഇനത്തിലെ കുടിശ്ശിക അടവാക്കുന്നതിനായി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ 40,000/- രൂപയുടെ ചെക്ക് (729712 Dated 07.09.21) സമർപ്പിച്ചിരുന്നു. എന്നാൽ മതിയായ തുക അക്കൗണ്ടിൽ ഇല്ലാത്തതിനാൽ ചെക്ക് മടങ്ങിയെങ്കിലും ഈ വ്യക്തിക്കെതിരെ The Kerala Municipality (Accounts) Rules 2007 ചട്ടം 20, Negotiable Instruments Act 1881, Section 138 എന്നിവ പ്രകാരം കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ലൈസൻസ് പുതുക്കി നൽകാത്ത സാഹചര്യത്തിൽ വാടക കുടിശ്ശികയും പിഴയും ഉൾപ്പെടെ ലൈസൻസി ശ്രീമതി അനീസയിൽ നിന്നും ഈടാക്കേണ്ട 53,892/- രൂപ ഈടാക്കുന്നതിലേക്കായി കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഒ.എസ്.(നം. 78/2022-23 തീയതി 20/10/2023)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാളിൽ നിന്നും കുടിശ്ശിക തുക പിഴ ഉൾപ്പടെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 ഷോപ്പിംഗ് കോംപ്ലക്സ് ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ (ബേപ്പൂർ സോണൽ ഓഫീസ്)

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ബേപ്പൂർ സോണൽ ഓഫീസിന് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെയും മറ്റ് വാടക കെട്ടിടങ്ങളുടെയും ലൈസൻസ് ഫീസ് (വാടക) പിരിവ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

(1) പൊതു അപാകതകൾ

1. ലൈസൻസ് ഫീസ് സംബന്ധിച്ച രജിസ്റ്റർ പൂർണ്ണമാക്കുന്നില്ല

ലൈസൻസ് ഫീസ് അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ പല വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല ഉദാ - കച്ചവടത്തിന്റെ സ്വഭാവം, തരം, എഗ്രിമെന്റ് നമ്പർ/തിയ്യതി, അനുവാദ ഉത്തരവ് നമ്പർ/ തിയ്യതി എന്നിവയില്ല. തൻവർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ ബാലൻസ്, മുൻവർഷത്തെ കുടിശ്ശിക പിരിവിന്റെ ഡിമാന്റ് കലക്ഷൻ ബാലൻസ് എന്നിവ സംക്ഷിപ്തം രേഖപ്പെടുത്തി അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. അതുകൊണ്ട് തന്നെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കേണ്ട തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

2. ലൈസൻസ് നൽകുന്ന കടമുറികൾക്ക് നമ്പർ പതിക്കുന്നില്ല

രജിസ്റ്റർ പ്രകാരം കടമുറികൾക്ക് നമ്പർ ഉണ്ടെങ്കിലും കടമുറികൾക്ക് പുറത്ത് പ്രസ്തുത നമ്പർ പതിക്കാത്തതിനാൽ ഭൗതിക പരിശോധനയിൽ കട മുറികൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്നു. ഉദാ:- ബേപ്പൂർ വാണിജ്യ കേന്ദ്രത്തിൽ ഒന്നാം നമ്പർ മുറിയുടെ ലൈസൻസി ശ്രീ. വിഷ്ണുവിനോദിന് മുറിയുടെ പിൻവശത്തായി മറ്റൊരു മുറി ഉള്ളതായി ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു. ആയതിൽ കെട്ടിട നിർമ്മാണ ഉപകരണങ്ങൾ വാടകയ്ക്ക് നല്കുന്ന കച്ചവടമാണ് നടത്തുന്നത്. എന്നാൽ ശ്രീ. വിഷ്ണുവിനോദിന് രജിസ്റ്റർ പ്രകാരം ഒരു മുറി മാത്രമേ നൽകിയിട്ടുള്ളൂ. കട മുറികൾക്ക് നമ്പർ നൽകാത്തതിനാൽ പ്രസ്തുത മുറി ഏതാണെന്നും ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കാൻ കോർപ്പറേഷൻ അധികാരികൾക്ക് സാദ്ധ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (61/22-23 17.10.23) രണ്ട് മുറിയും വിഷ്ണുവിനോദാണ് ഉപയാഗിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. രേഖകൾ പ്രകാരം ഒരു മുറി മാത്രം വാടകയ്ക്ക് നൽകപ്പെട്ട മേൽ ലൈസൻസി രണ്ട് മുറികൾ ഉപയോഗപ്പെടുത്തുന്നതെങ്ങിനെയെന്നും അധികമായി ഉപയോഗപ്പെടുത്തുന്ന മുറിയുടെ ലൈസൻസ് ഫീ, എഗ്രിമെന്റ് തുടങ്ങിവയുടെ നിലവിലുള്ള അവസ്ഥയെന്തെന്നും അറിയിച്ചിട്ടില്ല. കോർപ്പറേഷന്റെ

അനുവാദമില്ലാതെ മുറി ഉപയോഗിച്ചതു മൂലമുള്ള നഷ്ടം കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതും അവർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. എഗ്രിമെന്റ് നിശ്ചിത കാലത്തിനുള്ളിൽ ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് കാലാവധി നീട്ടി നൽകുമ്പോൾ ലൈസൻസ് ഫീ നിശ്ചിത നിരക്കിൽ ഉയർത്തി കൗൺസിൽ തീരുമാനമെടുത്ത് ഉത്തരവ് നൽകുന്നുണ്ടെങ്കിലും ലൈസൻസിയുമായി എഗ്രിമെന്റ് വയ്ക്കാൻ തീരുമാനത്തിനുശേഷവും അഞ്ചും ആറും മാസം വൈകുന്നുണ്ട്. ഇത്തരത്തിൽ യഥാസമയം എഗ്രിമെന്റിലേർപ്പെടാത്തത് പിന്നീട് നിയമപരമായി പ്രശ്നങ്ങളുണ്ടാക്കിയേക്കാം. ഈ വിഷയത്തിന് നൽകിയ ഒ.എസ്സിന് ലഭ്യമാക്കിയ മറുപടിയിൽ മുൻ കാലത്തെ വാടക കുടിശ്ശിക അടവാക്കാത്തതിനാലാണ് എഗ്രിമെന്റ് പുതുക്കാൻ കാലതാമസം വരുന്നത് എന്ന മറുപടിയാണ് നൽകിയത്. വാടക കുടിശ്ശിക അടവാക്കാതെ കരാർ ലംഘനം നടത്തുന്ന ലൈസൻസിക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ പുതിയ കരാർ വൈകിക്കുന്ന നടപടി ക്രമപ്രകാരമല്ല. വാടക കരാർ ചമച്ച ശേഷം മാത്രം മുറി ഉപയോഗത്തിനായി നൽകേണ്ടതും വാടക കുടിശ്ശികയാക്കുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

4. എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ ഉടമ്പടിയായി ഉൾപ്പെടുത്തുന്നില്ല

എഗ്രിമെന്റിൽ നിശ്ചിത കാലാവധിക്കുള്ളിൽ ലൈസൻസി ഫീ അടച്ചില്ലെങ്കിൽ (എല്ലാ മാസവും നാലാം തിയ്യതിക്കുള്ളിൽ) ഈടാക്കുന്ന പിഴയുടെ നിരക്കിനെ സംബന്ധിച്ച വിവരം, അനുവദിക്കുന്ന മുറിയിൽ നടത്തുന്ന കച്ചവടത്തെക്കുറിച്ചുള്ള വിവരം, ഇത്തരത്തിൽ ലൈസൻസ് നൽകപ്പെടുന്ന കച്ചവടത്തിന്റെ സ്വഭാവം, തരം എന്നിവ മാറ്റിയാൽ വരുന്ന പിഴയുടെ നിരക്കിനെ സംബന്ധിക്കുന്ന വിവരം, എന്നിവയൊന്നും കരാറിൽ രേഖപ്പെടുത്തുന്നില്ല. ഉടമ്പടിയിൽ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1. എഗ്രിമെന്റ് വയ്ക്കാതെ മുറി കൈവശം വയ്ക്കുന്നു, പിഴ ഈടാക്കിയ വിവരമില്ല

മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 15/178 കെ, എൽ, എം 52/1926, 1927, 1928) എന്നീ മൂന്ന് മുറികൾ ലേലത്തിൽ പോകാഞ്ഞതിനാൽ ഓഫർ ക്ഷണിച്ചതനുസരിച്ച് ഒരു മുറിക്ക് 1150 രൂപ വാടക നിരക്കിൽ സബീർ, കരുവൻതിരുത്തി, ഇരിയംപാടം ഫറോക്ക് എന്നയാൾക്ക് 5/21 മുതൽ അനുവദിച്ചിട്ടുണ്ട്. 2021 മുതലുള്ള വാടക അടവാക്കുന്നത് 2023 മാർച്ച് മാസത്തിലും ജൂൺ മാസത്തിലുമായാണ്. രണ്ടുവർഷത്തിൽ കൂടുതൽ കാലം വാടക അടവാക്കാതിരുന്നതിന് സ്വീകരിച്ച നടപടി, ടിയാനിൽ നിന്നും ലൈസൻസ് ഫീസിനും ജിഎസ്ടിക്കും ഈടാക്കിയ പിഴ സംബന്ധിച്ച വിവരം എന്നിവയൊന്നും ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ശ്രീ സബീറുമായി ചമച്ച എഗ്രിമെന്റ് ഫയലിലില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധക്ക് ലഭ്യമാക്കേണ്ടതാണ്.

2. എഗ്രിമെന്റ് പ്രകാരം ഉയർത്തിയ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

മുറികളുടെ ലൈസൻസ് കാലാവധി അവസാനിക്കുമ്പോൾ ലൈസൻസിയുടെ അപേക്ഷ പരിഗണിച്ച് നിശ്ചിത ശതമാനം (20%)വർദ്ധനവ് വരുത്തി കാലാവധി മൂന്ന് വർഷത്തേക്ക് കൂടി നീട്ടി നൽകുന്നുണ്ട്. എന്നാൽ പലപ്പോഴും കാലാവധി അവസാനിച്ച് രണ്ട് മുതൽ ആറ് മാസം വരെ വൈകിയാണ് ഇത്തരത്തിൽ കാലാവധി നീട്ടി നൽകുന്നത്. ആയത് കൊണ്ട് തന്നെ എഗ്രിമെന്റ് വയ്ക്കുന്നതിനും താമസം വരുന്നുണ്ട്. ലൈസൻസ് ഫീസിൽ മുൻകാല പ്രാബല്യത്തോടെ (ലൈസൻസ് കാലാവധി അവസാനിച്ചതിന് പിറ്റേ ദിവസം മുതൽ) വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും ആയത് ഈടാക്കുന്നതിൽ വീഴ്ച വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. അക്ബർ ചീരച്ചംപുറത്ത്, റൂം നം 48/3022, ബേപ്പൂർ ബസ്സ്റ്റാൻഡ് ബിൽഡിംഗ്

ലൈസൻസ് കാലാവധി 31.3.22 ന് അവസാനിച്ചതിനെ തുടർന്ന് 1.4.22 മുതൽ 31.3.25 വരെ

നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 1979+356 രൂപയിൽ നിന്ന് 2375+428 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ വർദ്ധനവരുത്തിയ ലൈസൻസ് ഫീസ് നാളിതു വരെ അടവാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

2. ചേരാൽ ഭുവനേശൻ, റൂം നം 48/3023 ബേപ്പൂർ ബസ് സ്റ്റാൻഡ് ബിൽഡിംഗ്

ലൈസൻസ് കാലാവധി 31.3.22 ന് അവസാനിച്ചതിനെ തുടർന്ന് 1.4.22 മുതൽ 31.3.25 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 780+140 രൂപയിൽ നിന്ന് 936+169 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ രജിസ്റ്റർ പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ലൈസൻസ് ഫീസ് നാളിതു വരെ പിഴ പലിശ സഹിതം അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പുതുക്കിയ ലൈസൻസ് ഫീസിനനുസരിച്ച് ഡെപ്പോസിറ്റ് തുകയിൽ മാറ്റം വരുത്തി ഈടാക്കിയിട്ടില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

3. റൂം നം 48/3027, ടി.കെ. ഉസ്മാൻ കോയ , ബേപ്പൂർ ബസ് സ്റ്റാൻഡ് ബിൽഡിംഗ്

ലൈസൻസ് കാലാവധി 31.3.22 ന് അവസാനിച്ചതിനെ തുടർന്ന് 1.4.22 മുതൽ 31.3.25 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 1810+326 രൂപയിൽ നിന്ന് 2172+391 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ രജിസ്റ്റർ പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ലൈസൻസ് ഫീസ് പിഴ പലിശ സഹിതം അടവാക്കുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പുതുക്കിയ ലൈസൻസ് ഫീസിനനുസരിച്ച് ഡെപ്പോസിറ്റ് തുകയിൽ മാറ്റം വരുത്തി ഈടാക്കിയിട്ടില്ല. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

4. മശ്ഹർ അലി, ചെറിയതറയിൽ റൂം നം 48/3033, ബേപ്പൂർ ബസ് സ്റ്റാൻഡ് ബിൽഡിംഗ്

ലൈസൻസ് കാലാവധി 31.03.2022 ന് അവസാനിച്ചതിനെ തുടർന്ന് 1.4.22 മുതൽ 31.3.25 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 1244+326 രൂപയിൽ നിന്ന് 1493+391 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ രജിസ്റ്റർ പ്രകാരം അധികമാക്കിയ ലൈസൻസ് ഫീസ് അടവാക്കുന്നത് നവംബർ മാസം മുതലാണ്. ആയതിനു മുമ്പുള്ള ഏഴുമാസത്തെ അധിക ലൈസൻസ് ഫീസിന്റെയും ജി.എസ്.ടി യുടെയും കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കിയ വിവരമില്ല. ലൈസൻസ് ഫീസ് കാലാവധി നീട്ടി നൽകി പതിനൊന്ന് മാസത്തിനു ശേഷം 2023 ഫെബ്രുവരി 28 നാണ് ലൈസൻസി എഗ്രിമെന്റ് വയ്ക്കുന്നത്. ലൈസൻസ് ഫീസും കുടിശ്ശികയും പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. റൂം നം 47/269 ഗോവിന്ദൻ പൊറ്റക്കാട്ട്, അരക്കിണർ , ബേപ്പൂർ വാണിജ്യ കേന്ദ്രം

ലൈസൻസ് കാലാവധി 14.06.22 ന് അവസാനിച്ചെങ്കിലും നാളിതു വരെ പുതുക്കി വാടക പുനർ നിർണ്ണയിച്ച് എഗ്രിമെന്റ് വച്ചിട്ടില്ല. കച്ചവടത്തിന്റെ തരം മാറ്റാൻ 16.08.2021 ന് ടിയാൻ അപേക്ഷിച്ചിരുന്നെങ്കിലും അനുവദിച്ചിട്ടില്ല. തുടർന്ന് വാടക അടവാക്കാത്തതിനാൽ 10.01.2023 ലെ BZ/G2/2004 നോട്ടീസ് പ്രകാരം 40704 രൂപ ലൈസൻസ് ഫീ കുടിശ്ശികയും 7327 രൂപ ജിഎസ് ടി കുടിശ്ശികയും നാളിതു വരെയുള്ള പിഴപ്പലിശയും സഹിതം 85072 രൂപ അടവാക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും 8.2.23നും(രശീത് നം. 12480110714 തുക 12732+2280) 29.3.23 നുമായി (രശീത് നം, 122030113980 തുക 12732+2280) 25464 +4560 രൂപ മാത്രം അടവാക്കിയതായാണ് രജിസ്റ്ററിൽ കാണുന്നത് ( 6366+ 1140 X 4). ഈ തുക നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഓഡിറ്റിന്റെ ഭാഗമായി സ്ഥലം സന്ദർശിച്ചതിൽ മുറി ഇപ്പോഴും ശ്രീ ഗോവിന്ദന്റെ ഉടമസ്ഥതയിലാണെന്ന് കണ്ടു. ലൈസൻസ് ഫീ അടവാക്കാതെയും എഗ്രിമെന്റ് പുതുക്കാതെയും നഗരസഭ വക കെട്ടിടം സ്വകാര്യ വ്യക്തി കൈവശം വെച്ച സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

6. റൂം നം. 47/280 മിതേന്ദ്രലാൽ തിരുവണ്ണൂർ, ബേപ്പൂർ വാണിജ്യ കേന്ദ്രം

ശ്രീ. മിതേന്ദ്രലാലിന് അനുവദിച്ച മുറിയുടെ വാടക 3.11.21 മുതൽ വാടക 15529+2796 (Gst) രൂപയിൽ നിന്ന് 21741+3913 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം 2022-23 ൽ 12 മാസത്തേക്ക് പഴയ നിരക്ക് പ്രകാരം 15529 X12 =186348 രൂപയും ജിഎസ് ടി ഇനത്തിൽ 12582 രൂപയുമാണ് ഈടാക്കിയതായി കാണുന്നത്. ജിഎസ് ടി ഇനത്തിൽ പഴയ കണക്കിൽ തന്നെ 20970 രൂപ കുറവാണ്.

പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീ ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ 2022-23 ൽ 74544 രൂപയും ജി എസ് ടി ഇനത്തിൽ 34374 രൂപയും നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. മേൽ തുകയിൽ ലൈസൻസ് ഫീസിന് നഗരസഭ നിശ്ചയിക്കുന്ന പിഴപ്പലിശയും ജിഎസ്ടിക്ക് പ്രസ്തുത വകുപ്പ് നിശ്ചയിക്കുന്ന പിഴപ്പലിശയും കണക്കാക്കി ലൈസൻസ് ഫീസ് കുടിശ്ശിക (മുൻ വർഷത്തേതടക്കം) ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

7. റൂം നം. 42/282 ജലജ , ബേപ്പൂർ വാണിജ്യ കേന്ദ്രം

റൂമിന്റെ ലൈസൻസ് കാലാവധി 30.4.22 ന് അവസാനിച്ചതിനെ തുടർന്ന് 1.5.22 മുതൽ 31.4.25 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 2172+391 രൂപയിൽ നിന്ന് 2607+469 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ വർദ്ധിപ്പിച്ച തുക അടവാക്കിയിട്ടില്ല. ലൈസൻസ് ഫീസ് 2022 നവംബറിനു ശേഷം തീരെ അടവാക്കിയിട്ടില്ല. ടിയാളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ലൈസൻസ് ഫീ അടവാക്കാതെയും കരാർ പുതുക്കാതെയും മുറി കൈവശം വെച്ചുകൊണ്ടിരിക്കുന്ന വാടകക്കാരനിൽ നിന്നും ആയത് ഈടാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

8. റൂം നം. 1/240 F കെ.പി.മുജീബ്, കുന്നത്ത്പറമ്പിൽ , ബേപ്പൂർ മത്സ്യമാർക്കറ്റ്

മുറിയുടെ എഗ്രിമെന്റ് കാലാവധി അവസാനിച്ചു. ലൈസൻസ് ഫീ വർദ്ധന വരുത്തി എഗ്രിമെന്റ് പുതുക്കി കാലാവധി നീട്ടിക്കൊടുക്കുകയോ മുറി തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല. തുടർ നടപടിവിവരം അറിയിക്കേണ്ടതാണ്.

9. റൂം നം. 1/240 H മുഹമ്മദ് കാസിം, തെക്കെപ്പാട്ട് പറമ്പ് , ബേപ്പൂർ മത്സ്യമാർക്കറ്റ്

മുറിയുടെ ലൈസൻസ് കാലാവധി 30.3.22 ന് അവസാനിച്ചതിനെ തുടർന്ന് 1.4.22 മുതൽ 31.3.25 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. ലൈസൻസ് ഫീസ് 1118+201 രൂപയിൽ നിന്ന് 1342+242രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ വർദ്ധിപ്പിച്ച തുക അടവാക്കിയിട്ടില്ല. 2022-23ൽ പ്രതിമാസം 224+41 പ്രകാരം 2688+ 492(gst) രൂപയുടെ കുറവ് ഉണ്ടായി. ഇദ്ദേഹത്തിനു തന്നെ നൽകിയിരുന്ന 1/240 G മുറി മേൽ വാടകയ്ക്ക് നൽകിയതായ പരാതിയുടെ അടിസ്ഥാനത്തിൽ തിരികെ ഏറ്റെടുത്ത് സീൽ വച്ചിരുന്നു. ആയത് ലേലം ചെയ്ത് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ലേലനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ലൈസൻസ് ഫീ വരവ് വയ്ക്കാത്തത്

ബേപ്പൂർ വാണിജ്യ കേന്ദ്രത്തിൽ സപ്ലൈക്കോ കൈവശം വയ്ക്കുന്ന മുറികൾക്ക് രജിസ്റ്റർ പ്രകാരം 2022 ഏപ്രിൽ മാസത്തിൽ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ

| റൂം നം | ലൈസൻസ് ഫീ | ജി എസ് ടി |
|---|---|---|
| 47/288 | 34132 | 6144 |
| 47/289 | 54680 | 9482 |
| 47/284 | 17738 | 3193 |
| 47/289 | 43106 | 7759 |
| 47/277A | 25000 | 4500 |
| 47/272 | 68180 | 12272 |
| 47/273 B | 17612 | 3170 |

നഗരസഭയുടെ ബാങ്ക് അക്കൌണ്ടിലേക്കാണ് സപ്ലൈക്കോയുടെ വാടക അടവാക്കുന്നത്. മേൽക്കാണിച്ച പ്രകാരം 2022 ഏപ്രിൽ മാസത്തെ വാടക വരവ് കാണിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 17.10.23 ലെ 61/23 നം ഒ.എസ്-ന് മറുപടിയായി പലതിലും പിന്നീട് തുക അടവാക്കിയതായും അടവാക്കാത്ത ലൈസൻസ് ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു. മുൻ ക്ലാർക്കിന്റെ വീഴ്ചയാണ് രേഖപ്പെടുത്തലുകൾ നടത്താതിരിക്കാൻ

കാരണം എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചുമതലാ ലംഘനങ്ങളും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വീഴ്ചയും കൃത്യമായ നടപടികളിലൂടെ ഒഴിവാക്കേണ്ടതാണ്. ബേപ്പൂർ സോണൽ ഓഫീസിനു കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെയും മാർക്കറ്റ് സമുച്ചയങ്ങളുടെയും കൃത്യമായ വിവരങ്ങൾ സമഗ്രമാക്കി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവാക്കലുകൾ കൃത്യമായി നിരീക്ഷിച്ച് വീഴ്ചകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് നഗരസഭാ വരവുകൾ നഷ്ടപ്പെടാതെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-27-1 കെട്ടിട നമ്പറിംഗ് പരിശോധന -മുഴവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

ചെറുവണ്ണൂർ നല്ലളം മേഖലയിൽ ഇലക്ടൽ വാർഡ് 43 ൽ 21-12-2022 ന് ഒക്യുപൻസി ലഭിച്ച ശ്രീ.പള്ളിവീടൻ ജാസിം മുതൽ പേരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് (1596.8 M² വിസ്തീർണ്ണം) 43/2130 A- A7 (Ground Floor), 2130 B-B6(First Floor) 2130 C-C3 (Second Floor) 2130 D-D1 (Third Floor ) എന്നിങ്ങനെ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ചട്ട പ്രകാരം ഒക്യുപൻസി അനുവദിക്കപ്പെട്ട മേൽ കെട്ടിടത്തിന് 19 കാർ പാർക്കിംഗും ആയതിന്റെ 25% ഇരു ചക്ര വാഹന പാർക്കിംഗും ഒരുക്കേണ്ടതുണ്ട്. വ്യക്തമായ പാർക്കിംഗ് പ്ലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കാത്തതിനാൽ ആവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമാണോ എന്ന് പരിശോധിക്കാനായിട്ടില്ല. 1000 M² ന് മുകളിൽ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് അഗ്നിശമന വിഭാഗത്തിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കേണ്ടതുണ്ട്. എൻ.ഒ.സി ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. നിലം ഭൂമിയിൽ പണിത കെട്ടിടത്തിന് ആവശ്യമായ ഫീ സർക്കാറിലേക്ക് അടവാക്കേണ്ടതുണ്ടെങ്കിലും ഇത് സംബന്ധിച്ച പരിശോധനക്കായി കെട്ടിടത്തിന്റെ നിർമ്മാണാനുമതി (നം. TP-15-BA 14675/2016 Dt 1904-2016) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ(ആർ.എ) വകുപ്പിന്റെ 02-12-2015 ലെ 12900/ആർ.എ1/2015/ത.സ്വ.ഭ.വ സർക്കുലർ ക്രമ.നം 6 പ്രകാരം എഞ്ചിനിയറിംഗ് വിഭാഗം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും ഭൂമിയുടെ വിസ്തീർണ്ണം, വില്ലേജ് , സർവ്വേ നമ്പർ എന്നിവയും എഫ്.എ.ആർ, കവറേജ് , നിലകളുടെ എണ്ണം , പാർക്കിംഗ് ,പ്രസ്തുത നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പ്ലാൻ പ്രകാരം കാണിച്ച പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്ന വിവരവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഫയലുകൾ പരിശോധനക്ക് നൽകുന്നതിനായി ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.69/22-23 തി.20-10-2023) ന് മറുപടി ലഭ്യമാക്കുകയോ ഫയൽ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1-27-2 കെട്ടിട നമ്പറിംഗ് പരിശോധന – ക്രമ പ്രകാരമല്ലാതെ നമ്പർ അനുവദിച്ചു.

ചെറുവണ്ണൂർ നല്ലളം മേഖലയിൽ ഇലക്ടൽ വാർഡ് 43 ൽ ശ്രീ.എം.ടി മുസ്തഫ, എം.അബ്ദുൽ അസീസ് എന്നിവരുടെ ഉടമസ്ഥതയിൽ TP15/8049/22 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് 43/1386 A- K വരെ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

പ്ലാൻ പ്രകാരം കെട്ടിടത്തിനാവശ്യമായ 3 പാർക്കിംഗുകളിൽ 2 എണ്ണം കെട്ടിടത്തിന്റെ മുൻവശത്തായും 1 എണ്ണം കെട്ടിടത്തിലെ സെല്ലാർ ഫ്ലോർ ലായും ആണ് കാണിച്ചിരിക്കുന്നത്. സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിലേക്ക് വാഹനം പ്രവേശിപ്പിക്കുന്നതിനായുള്ള ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ ലഭ്യമല്ല. കെട്ടിടത്തിന്റെ പിറക് വശത്തുള്ള പ്ലോട്ടിലേക്കുള്ള വഴി കൂടി ഉൾപ്പെടുത്തിയാണ് വാഹനത്തിനുള്ള ഡ്രൈവ് വേ കാണിച്ചിരിക്കുന്നത്. റൂൾ 26 പ്രകാരം കെട്ടിടത്തിന് പിറക് വശത്തായി 1.5 മീറ്റർ തുറസായ സ്ഥലം ലഭ്യമാവേണ്ടതുണ്ട്. ടി കെട്ടിടത്തിന് ആവശ്യമായ അകലം പാലിക്കാതെ ചുറ്റുമതിലിനോട് ചേർത്ത് ഷീറ്റിട്ടാണ് താഴെ നില ക്രമീകരിച്ചിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒബ്ജക്ഷൻ സറ്റേറ്റ്മെന്റ് (നം. 69/22-23 തി. 20.10.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുള്ള മേൽ നിർമ്മാണത്തിനെതിരെ ചട്ട

പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

1-27-3 ചട്ട പ്രകാരമുള്ള പ്ലാനുകൾ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്നില്ല..

2019-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ,ചട്ടം 6 (2) അനുസരിച്ച്, കെട്ടിടത്തിന് പാർക്കിംഗ് സ്ഥലം ആവശ്യമാണെങ്കിൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയോടൊപ്പം , പാർക്കിങ് പ്ലാനിന്റെ 3 പകർപ്പുകൾകൂടി ഹാജരാക്കേണ്ടതാണ്.

ചട്ടം 6(8) പ്രകാരം പ്രകാരം പാർക്കിംഗ് പ്ലാനിന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ സൈറ്റ് പ്ലാനിന്റെ സ്കെയിലിൽ കുറയാത്ത അളവിലായിരിക്കണം പാർക്കിംഗ് പ്ലാൻ തയ്യാറാക്കേണ്ടത് . ഇതിൽ പാർക്കിംഗ് സ്ഥലം , വീതി, ചെരിവ് , വാഹന വഴി , റാമ്പുകൾ , വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം , സന്ദർശകർക്ക് വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം , സാധനങ്ങൾ കയറ്റിയിറക്കുന്നതിനുള്ള സ്ഥലം എന്നിവയും കൂടാതെ ഈ ചട്ട പ്രകാരമുള്ള പാർക്കിംഗ് ആവശ്യകതയുടെ ഒരു സഞ്ചിത സ്റ്റേറ്റ്മെന്റും ഉണ്ടായിരിക്കേണ്ടതാണ്.

ചട്ടം 6(12) പ്രകാരം പ്ലാനുകൾ തയ്യാറാക്കുന്ന പേപ്പറിന്റെ വലിപ്പം 297എം.എം*420എം.എം അല്ലെങ്കിൽ എ3. യിൽ കുറയാൻ പാടില്ല. ചെറുവണ്ണൂർ നല്ലളം മേഖലയിൽ കെട്ടിട നിർമ്മാണാനുമതി, ക്രമവൽക്കരണ, കംപ്ലീഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരമുള്ള പ്ലാനുകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.68/22-23 തി.20-10-2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള മുഴുവൻ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-28 നഗരസഭ പരിധിയിൽ വഴി വിളക്ക് സ്ഥാപിക്കൽ - സാങ്കേതിക തടസ്സത്താൽ നഗരസഭക്ക് പ്രതിവർഷം ലക്ഷങ്ങളുടെ നഷ്ടം

ഫയൽ നമ്പർ-എ36/41944/16

Public-Private Partnership വ്യവസ്ഥയിൽ നഗരസഭ പരിധിയിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിന് താൽപര്യ പത്രങ്ങൾ ക്ഷണിക്കുന്നതിന് 18.03.2016 ലെ നഗരാസൂത്രണ സമിതിയുടെ തീരുമാനം നം.3 പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും 17.06.2016 ലെ കൗൺസിൽ യോഗത്തിൽ ആയത് അംഗീകരിക്കുകയും ചെയ്തു. സംരംഭകർ നിലവിലുള്ള വഴി വിളക്ക് കാലുകളും മറ്റ് ഉപകരണങ്ങളും അഴിച്ചെടുത്ത് നഗരസഭക്ക് കൈമാറിയ ശേഷം പുതിയ വഴി വിളക്കുകൾ സ്ഥാപിച്ച് നിശ്ചിത കാലയളവ് വരെ സംരംക്ഷിച്ച് നഗരസഭക്ക് കൈമാറുന്നതിനുള്ള പദ്ധതിയായിരുന്നു വിഭാവനം ചെയ്തത്. സംരംഭകർക്ക് വിളക്കുകാലുകളിന്മേൽ പരസ്യം പ്രദർശിപ്പിച്ച് പരസ്യക്കാരിൽ നിന്നും തുക ഈടാക്കാവുന്നതാണ്. താൽപര്യപത്രങ്ങൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 8 സ്ഥാപനങ്ങൾ പങ്കെടുത്തു. താൽപര്യപത്രം ക്ഷണിച്ചപ്പോൾ പദ്ധതിയുടെ നിബന്ധനകൾ ഉൾപ്പെടുത്താതെ അഞ്ച് വർഷത്തെ പ്രവർത്തനപരിചയം മാത്രമാണ് നഗരസഭ ആവശ്യപ്പെട്ടത്. ആയതിനാൽ താൽപര്യപത്രം സമർപ്പിച്ച എട്ട് സ്ഥാപനങ്ങളും വ്യത്യസ്ഥ കാലയളവുകൾ കാലാവധിയായി മുന്നോട്ട് വെക്കുകയും ചില സ്ഥാപനങ്ങൾ ഓരോ റോഡിനും വ്യത്യസ്ഥനിരക്കും മറ്റ് ചിലവ ആറ് റോഡുകൾക്കും പൊതുവായി ഒരേ നിരക്കും ക്വോട്ട് ചെയ്യാൻ ഇടയായി. ഇത് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി താത്പര്യപത്രങ്ങളെ താരതമ്യം ചെയ്യുന്നതിൽ പ്രയാസം സൃഷ്ടിച്ചു. അയതിൽ നിന്നും തെരഞ്ഞെടുത്ത സോളസ് ആഡ് സൊല്യൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. തുടർന്ന് ഡപ്യൂട്ടി സെക്രട്ടറിയുമായി നെഗോസിയേഷൻ നടത്തിയതിൽ 6 റോഡുകളിൽ വഴി വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥാപനത്തിന് നഗരസഭ അനുമതി നൽകി. 29.12.2016 ന് ഡെപ്യൂട്ടി സെക്രട്ടറി സോളസ് ആഡ് സൊലൂഷൻസ് മാനേജിംഗ് പാർട്ണറുമായി കരാർ ഒപ്പുവച്ചു. കരാർ ഉടമ്പടി പ്രകാരമുള്ള 21 വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. കരാർ കാലാവധി 5 വർഷമായിരിക്കും. പിന്നീട് തൃപ്തികരമെന്ന് നഗരസഭക്ക് ബോധ്യപ്പെടുന്ന പക്ഷം

പുതുക്കിയ ഫീസ് ചുമത്തി ദീർഘിപ്പിച്ചു നൽകും.

2. ഒരു വിളക്ക് കാലിന് പ്രതിവർഷം 3400/-രൂപ നിരക്കിൽ ലൈസൻസ് ഫീസും സേവന നികുതിയും നഗരസഭയിൽ അടവാക്കണം.

3. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ അനുമതി പത്രങ്ങൾ വാങ്ങണം.

4. 3X4 അളവിലുള്ള പരസ്യ ബോർഡുകൾ മാത്രമേ പ്രദർശിപ്പിക്കാൻ പാടുള്ളൂ.(ഇത് പിന്നീട് 3x2 ആയി മാറ്റംവരുത്തി സപ്ലിമെന്ററി എഗ്രിമെന്റ് തയാറാക്കിയിട്ടുണ്ട്).

5. നിലവിലുള്ള തെരുവ് വിളക്ക് കാലുകളും മറ്റ് ഉപകരണങ്ങളും അഴിച്ചെടുത്ത് നഗരസഭക്ക് കൈമാറണം.

കരാറിന്റെ അടിസ്ഥാനത്തിൽ 06.01.2017ന് വർക്ക് ഓർഡർ നൽകുകയും 02.02.2017ന് കരാറിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ നിലവിലുള്ള പരസ്യ ബോർഡുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് നഗരസഭ ഉത്തരവ് നൽകി. കരാറിൽ നഗരസഭാപരിധിയിലുള്ള ആറ് റോഡുകളാണ് ഉൾപെട്ടിട്ടുള്ളത്. കരാറിലെ വ്യവസ്ഥകളിൽ 1, 10 എന്നിവ ടെണ്ടർ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായതിനാൽ അപാകതകൾ പരിഹരിച്ച് 30.10.2018 ന് സോളസ് ആഡ് സൊല്യൂഷൻസ് ആയി സപ്ലിമെന്റ് കരാർ ചമച്ചു. പ്രധാന കരാറിലെ വ്യവസ്ഥ 16 പ്രകാരം വൈദ്യുതി കാലുകളുടെ പ്രവൃത്തി പൂർത്തിയാക്കുകയും, വൈദ്യുതി കണക്ഷൻ ലഭിക്കുകയും, പി.ഡബ്ല്യൂ.ഡി., പോലീസ് എന്നിവരിൽ നിന്നും എൻ.ഒ.സി.ലഭിച്ച് ആറുമാസത്തിനകം വിളക്കുകാലുകൾ പ്രവർത്തിക്കുവാൻ എല്ലാ വിധത്തിലും സജ്ജമാകുമ്പോൾ ആയത് നഗരസഭ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറക്ക് മാത്രമേ കരാർ പ്രകാരമുള്ള കാലാവധി ആരംഭിക്കുകയുള്ളൂ. പ്രവൃത്തി നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാതെ വർഷങ്ങൾക്ക് ശേഷം 26.8.2020ലെ കത്തിൽ കരാറിലുൾപ്പെട്ട 6 റോഡുകളിൽ 4 എണ്ണത്തിലെ പ്രവൃത്തി പൂർത്തീകരിച്ചതായും ഗാന്ധിറോഡ് ജംഗ്ഷനിൽ വിളക്കുകൾ സ്ഥാപിക്കുന്നതിന് ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാലും, എരഞ്ഞിപ്പാലം - അരയിടത്തുപാലം ബൈപാസ് റോഡിൽ കക്ഷികൾ തമ്മിലുള്ള കരാറുടമ്പടി നിലനിൽക്കെ മറ്റൊരു ഏജൻസി റോഡിൽ പുതിയ വിളക്കുകൾ സ്ഥാപിച്ചതിനാൽ പ്രവർത്തി ആരംഭിക്കാൻ കഴിയാത്തതിനാലും ആയവ കരാറിൽ നിന്നും ഒഴിവാക്കുന്നതിനും അപേക്ഷിച്ചു.

പ്രവൃത്തി പൂർത്തീകരിച്ച നാല് റോഡുകളിലായി ലൈസൻസി 251 വഴിവിളക്കുകളും, 128 പരസ്യ ബോർഡുകളും സ്ഥാപിച്ച് പണി പൂർത്തീകരിച്ചതിനാൽ ആയതിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകാനും 26.8.2020 ലെ മേൽ കത്തുമുഖേന നഗരസഭയോട് അപേക്ഷിച്ചു. കത്തിന്റെ അടിസ്ഥാനത്തിൽ 10.02.2021 ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലൈസൻസിക്ക് അനുവദിച്ചു നൽകുവാൻ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകി. എരഞ്ഞിപ്പാലം , അരയിടത്തുപാലം ബൈപാസ് റോഡിൽ കക്ഷികൾ തമ്മിലുള്ള കരാറുടമ്പടി നിലനിൽക്കെ മറ്റൊരു ഏജൻസി വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് റിപ്പോർട്ടുചെയ്യാൻ സ്ഥലം റവന്യൂ ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടെങ്കിലും വ്യക്തമായ റിപ്പോർട്ട് ലഭ്യമാവാത്തതിനാൽ 08.06.2021 ലെ കത്തുമുഖേന എഞ്ചിനീയറിംഗ് വിഭാഗത്തോട് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ എഞ്ചിനീയറിംഗ് വിഭാഗം മറുപടി സമർപ്പിച്ചിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ കത്തിന് 10.06.2021 ന് എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ മറുപടിയിൽ യു.ജി കേബിൾ നിയമാനുസൃതമല്ല ലൈസൻസി സ്ഥാപിച്ചത് എന്നും ആയതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ കഴിയില്ലെന്നും അറിയിച്ചു. ഫലത്തിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയായ നാല് റോഡുകളിലും വിളക്കുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പരസ്യം പ്രദർശിപ്പിക്കുക വഴി കരാറുകാരൻ ഭീമമായ തുക വരുമാനമുണ്ടാക്കുന്നതല്ലാതെ കരാർ നിബന്ധന പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല എന്ന സാങ്കേതിക കാരണത്താൽ കരാറുടമ്പടി പ്രകാരം പ്രതിവർഷം അടവാക്കേണ്ട വിളക്കുകാൽ ഒന്നിന് 3400 രൂപ പ്രകാരമുള്ള തുക നാളിതുവരെ അടവാക്കാത്തതിനാൽ പ്രതിവർഷം ലക്ഷങ്ങളുടെ നഷ്ടമാണ് നഗരസഭക്ക് സംഭവിക്കുന്നത്.

നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടാവുന്ന മേൽ വിഷയത്തിൽ തുടർനടപടികൾ കൈകൊള്ളുന്നതിന്റെ

ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ U.Gകേബിളുകൾ നിയമാനുസൃതം സ്ഥാപിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുന്നതിന് 3.8.22 ന് കരാറുകാരന് കത്ത് നൽകി പകർപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എ.ഇ. ഇലക്ട്രിക്കൽ എന്നിവർക്ക് നൽകിയിട്ടുണ്ടെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി അപ്രകാരം പൂർത്തീകരിച്ചിട്ടില്ല. തങ്ങളുടെ മേൽനോട്ടത്തിൽ ചെയ്യേണ്ട പ്രവർത്തി അപ്രകാരം ചെയ്യാത്തതിനാൽ എത്ര പരസ്യവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന കൃത്യമായ കണക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരൻ 28.6.21ന് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സ്ഥാപിച്ചതായി രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി 22.8.22ന് വിവിധ K.S.E.B. സബ് സെക്ഷനുകൾക്ക് വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, കെ.എസ്.ഇ.ബി.കണക്ഷനുകൾ നൽകിയ തിയ്യതി, ആദ്യതുക അടവാക്കിയ തിയ്യതി, കൺസ്യൂമർ നമ്പറുകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാല് കെ.എസ്.ഇ.ബി.സെക്ഷനുകളിലായി 252 വൈദ്യുതി കാലുകൾ സ്ഥാപിച്ച് വിവിധ തിയ്യതികളിൽ വൈദ്യുതി കണക്ഷൻ നൽകിയതായി K.S.E.B. അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമായ ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമായതു മുതൽ 12/22 വരെ 3792360 രൂപ (G.S.T.ഉൾപ്പടെ. ഫൈൻ ഒഴികെ) നഗരസഭക്ക് ലഭിക്കാനുള്ളതായി നോട്ട് ഫയലിൽ 10.11.2022ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ തുടർനടപടികൾ ഒന്നും തന്നെ മാസങ്ങൾക്ക് ശേഷവും കൈകൊണ്ടതായി കാണുന്നില്ല.

തെരുവ് വിളക്ക് സ്ഥാപിക്കുന്നതുമായ ബന്ധപ്പെട്ട കരാറിൽ വന്ന പിഴവുകൾ, നഗരസഭ എഞ്ചിനീയറിംഗ് /നോൺടാക്സ് വിഭാഗം ജീവനക്കാരുടെയും ധനകാര്യ സ്ഥിരം സമിതിയുടെയും അനാസ്ഥ, കൃത്യമായിട്ടുള്ള മോണിട്ടറിംഗിന്റെ അഭാവം എന്നിവ കാരണം നഗരസഭ ഫണ്ടിന് പ്രതിവർഷം ലഭിക്കേണ്ട ലക്ഷകണക്കിന് രൂപ ലഭ്യമാക്കാതെ കരാർ സ്ഥാപനം ലക്ഷങ്ങൾ വരുമാനമുണ്ടാക്കുന്ന സാഹചര്യമാണുള്ളത്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതിനും എരഞ്ഞിപ്പാലം-അരയിടത്തുപാലം ബൈപാസ് റോഡിൽ സ്ഥാപനവുമായി കരാറുടമ്പടി നിലനിൽക്കെ മറ്റൊരു ഏജൻസി പുതിയ വിളക്കുകൾ സ്ഥാപിച്ചത് എങ്ങനെ എന്നത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (ഒ.എസ്.നമ്പർ 4/22-23 തി 13.7.23)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും കരാർസ്ഥാപനത്തിൽ നിന്നും കരാർ പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീ, സേവനനികുതി എന്നിവ കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-29 തൊഴിൽനികുതി പരിശോധനയിൽ കണ്ട അപാകതകൾ

### എ)സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

കോഴിക്കോട് നഗരസഭ കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 ലെ ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കാലിക്കറ്റ് ടെക്സ്റ്റൈൽസ് | 1 & 2 അർദ്ധ വർഷം |
| 2 | മോഡേൺ കെമിസ്റ്റ് | 1 & 2 അർദ്ധ വർഷം |
| 3 | ശിവശക്തി ഫാബ്രിക്സ് | 1 & 2 അർദ്ധ വർഷം |
| 4 | സെന്റ് പോൾസ് ബുക് ഷോപ്പ് | 1 & 2 അർദ്ധ വർഷം |
| 5 | പാരഡൈസ് ടൂറിസ്റ്റ് ഹോം | 1 & 2 അർദ്ധ വർഷം |
| 6 | ഹാപ്പി ക്രോക്കറി | 1 & 2 അർദ്ധ വർഷം |
| 7 | കൊളമ്പോ സ്റ്റോഴ്സ് | 1 & 2അർദ്ധ വർഷം |

| | | |
|---|---|---|
| 8 | ഡൈൻമോർ റസ്റ്റോറന്റ് | 1 & 2 അർദ്ധ വർഷം |
| 9 | ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ | 1 & 2 അർദ്ധ വർഷം |
| 10 | കെ.ആർ.എസ് ട്രാൻസ്പോർട്ട് | 1 & 2 അർദ്ധ വർഷം |
| 11 | വാൻഹ്യൂസ്സൻ ഷോ റൂം | 1 & 2അർദ്ധ വർഷം |
| 12 | ബേസിക് ലൈഫ് ഷോ റൂം | 1 & 2അർദ്ധ വർഷം |
| 13 | ടി.വി. എസ്. ക്രഡിറ്റ് സർവ്വീസ് | 1 & 2അർദ്ധ വർഷം |
| 14 | കാലിക്കറ്റ് സർജിക്കൽസ് | 1 & 2അർദ്ധ വർഷം |
| 15 | എസ്.ജി.കിച്ചൺ | 1 & 2അർദ്ധ വർഷം |
| 16 | പിട്ടാപ്പിള്ളി ഏജൻസീസ് | 1 & 2അർദ്ധ വർഷം |
| 17 | പൈപ്പ് ഫീൽഡ് | 1 & 2അർദ്ധ വർഷം |
| 18 | സ്റ്റീൽഹൗസ് | 1 & 2അർദ്ധ വർഷം |
| 19 | യു എസ് പോളോ | 1 & 2 അർദ്ധ വർഷം |
| 20 | ബ്ലാക് ബെറീസ് | 1 & 2 അർദ്ധ വർഷം |
| 21 | കോണ്ടിനെന്റ് ക്ലോത്തിംഗ് | 1 & 2അർദ്ധ വർഷം |
| 22 | നോവ ഷോപ്പ് | 1 & 2 അർദ്ധ വർഷം |
| 23 | മലബാർ എക്സ്റെ &സർജിക്കൽസ് | 1 & 2 അർദ്ധ വർഷം |
| 24 | ഭാരത് എഡ്യുക്കേഷൻ സെന്റർ | 1 & 2അർദ്ധ വർഷം |
| 25 | മെട്രോവിഷൻ | 1 & 2അർദ്ധ വർഷം |
| 26 | ജയന്തി ചിട്ടി ഫണ്ട് | 1 & 2അർദ്ധ വർഷം |
| 27 | ഐ.സി.ഐസി.ഐ ബാങ്ക് | 1 & 2അർദ്ധ വർഷം |
| 28 | ആഷിക് താഹിർ ഡവലപ്പേഴ്സ് | 1 & 2അർദ്ധ വർഷം |
| 29 | എഡ്യുമാർട്ട് ഹൈപ്പർ മാർക്കറ്റ് | 1 & 2അർദ്ധ വർഷം |
| 30 | റോയൽ ഡെന്റൽ സൊല്യൂഷൻ | 1 & 2അർദ്ധ വർഷം |
| 31 | മുരളി മെഡിക്കൽസ് | 1 & 2അർദ്ധ വർഷം |
| 32 | കോഫീട്രൈബ് ചേവായൂർ | 1 & 2അർദ്ധ വർഷം |
| 33 | സപ്ലൈക്കോ മാവേലി സ്റ്റോർ | 1 & 2അർദ്ധ വർഷം |
| 34 | സൂര്യ ഫാർമസ്യൂട്ടിക്കൽസ്& സർജിക്കൽസ് | 1 & 2അർദ്ധ വർഷം |
| 35 | പ്യൂമ സ്റ്റോഴ്സ് | 1 & 2അർദ്ധ വർഷം |
| 36 | ഐ.ടി.സ. എൻ. വേൾഡ് ട്രാവൽ മാനേജ്മെന്റ് കമ്പനി | 1 & 2അർദ്ധ വർഷം |
| 37 | എൻ.എം.സലീം അസോസിയേറ്റ്സ് | 1 & 2അർദ്ധ വർഷം |
| 38 | റിലയൻസ് വിഷൻ എക്സ്പ്രസ്സ് | 1 & 2അർദ്ധ വർഷം |
| 39 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 1 & 2അർദ്ധ വർഷം |
| 40 | മിനർവ കോച്ചിംഗ് സെന്റർ | 1 & 2അർദ്ധ വർഷം |
| 41 | കാഡ് സെന്റർ | 1 & 2അർദ്ധ വർഷം |
| 42 | യുനൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് | 1 & 2അർദ്ധ വർഷം |
| 43 | ഹൈഡർ ടൂർസ് | 1 & 2അർദ്ധ വർഷം |
| 44 | അലൻസോളി ഷോറൂം | 1 & 2അർദ്ധ വർഷം |
| 45 | പി.കെ.സി ഫ്രൂട്സ് | 1 & 2അർദ്ധ വർഷം |

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 251, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഒ.എസ്സ്-ന് (125/2022-23 തീ. 30.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)തൊഴിൽനികുതി പരിശോധനയിൽ കണ്ട അപാകതകൾ - ബേപ്പൂർ മേഖല കാര്യാലയം

ബേപ്പൂർ മേഖല കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകളും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന നിർണ്ണയപത്രികകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തൊഴിൽ നികുതി - ചട്ടപ്രകാരമുള്ള തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കി.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(1) ലെ പട്ടികയിൽ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഒരു സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട തൊഴിൽനികുതി എപ്രകാരമായിരിക്കണമെന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ ബേപ്പൂർ മേഖല കാര്യാലയത്തിലെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുകയാണ് തൊഴിൽനികുതിയായി ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻസ്റ്റിറ്റ്യൂഷൻ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | 47/46 | ഫെതർലൈൻ ഫർണിച്ചർ | രമ | I/2022-23 | 28800 | 180 | 100 |
| 2 | 47/46 | ഫെതർലൈൻ ഫർണിച്ചർ | ജിജിഷ | I/2022-23 | 48000 | 450 | 300 |
| 3 | 47/46 | ഫെതർലൈൻ ഫർണിച്ചർ | ജിജിഷ | II/2022-23 | 48000 | 450 | 300 |
| 4 | 47/46 | ഫെതർലൈൻ ഫർണിച്ചർ | റൈഹാനത്ത് | II/2022-23 | 48000 | 450 | 300 |
| 5 | 49/2 | ഗംഗ ഐസ് പ്ലാന്റ് | സുനി | I/2022-23 | 72000 | 600 | 120 |
| 6 | 49/2 | ഗംഗ ഐസ് പ്ലാന്റ് | ഡിമനേഷ്വർ | I/2022-23 | 60000 | 600 | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 49/2 | ഗംഗ ഐസ് പ്ലാന്റ് | രാജീവ് | I/2022-23 | 60000 | 600 | 120 |
| 8 | 48/4 | പ്രീമിയർ ഐസ് പ്ലാന്റ് | വസിം | I/2022-23 | 103500 | 1000 | 750 |
| | | | | | | | |

ചട്ടങ്ങളിൽ നിന്നും വ്യത്യസ്ഥമായ നിരക്കിൽ തൊഴിൽനികുതി ഈടാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2) സ്ലാബിൽ ഇല്ലാത്ത നിരക്കിൽ തൊഴിൽ നികുതി ഈടാക്കി

പർവീണ ഐസ് പ്ലാന്റ് (INST No.47/21)) എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും സ്ലാബിൽ പെടാത്ത തുകയാണ് (ഉദാ:-500,350) തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതായി കാണുന്നത്. 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി പട്ടിക പ്രകാരമുള്ള നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കേണ്ടത് എന്ന് ചട്ടം 3 ൽ വ്യക്തമാക്കുന്നുണ്ട്. പട്ടികയിൽ നിന്നും വ്യത്യസ്ഥമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയത് വിശദീകരിക്കേണ്ടതാണ്.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | നാസർ | I&II/2022-23 | 36000 | 300 | 500 |
| 2 | ഒനിൽ | I&II/2022-23 | 26000 | 180 | 350 |
| 3 | റൂപക് | I&II/2022-23 | 26000 | 180 | 350 |

തൊഴിൽ നികുതി റിട്ടേണുകൾ മുഴുവൻ പരിശോധിച്ച് ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എന്നും ഈ രീതിയിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

3)വരുമാനം രേഖപ്പെടുത്താതെ റിട്ടേൺ സമർപ്പിച്ചു.

ചില സ്ഥാപനങ്ങൾ വരുമാനം രേഖപ്പെടുത്താതെയാണ് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. ഉദാ:- Muthoot Fincorp Ltd (INST No.52/10) ന്റെ 2022-23 - 1-ാംഅർദ്ധവർഷ റിട്ടേൺ. അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ചാണ് തൊഴിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. വരുമാനം രേഖപ്പെടുത്താതെ റിട്ടേൺ സമർപ്പിച്ചത് കാരണം ചട്ട പ്രകാരമുള്ള തുകയാണോ ഒടുക്ക് വരുത്തിയിട്ടുള്ളതെന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന റിട്ടേണുകൾ നിർദ്ദിഷ്ട ഫോറത്തിൽ ആണോ എന്നും വരുമാനത്തിനനുസൃതമായി നികുതി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്.

4)സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2022-23 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | ക്രിസ്റ്റൽ ഐസ് പ്ലാന്റ് | 49 |
| 2 | അശ്വതി ഹോളോബ്രിക്സ് | 49 |
| 3 | ലിവിങ് സ്ക്വൊയർ നടുവട്ടം | 50 |
| 4 | സഹല ഗോൾഡ് | 50 |
| 5 | റോയൽ റബ്ബേഴ്സ് | 51 |

| | | |
|---|---|---|
| 6 | അൽ മാനാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 51 |
| 7 | അവ്വേ മറിയം പബ്ലിക് സ്കൂൾ | 51 |
| 8 | നീതി ലബോറട്ടറി മാത്തോട്ടം | 53 |
| 9 | മോട്ടി ജ്വല്ലറി | 53 |
| 10 | ഷിഫ ഡന്റൽ ക്ലിനിക് | 53 |
| 11 | പി.ടി.അബൂബക്കർ &കമ്പനി മാത്തോട്ടം | 53 |

അപാകതകൾ ആവർത്തിക്കില്ലെന്നും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമാണ് മേൽ അപാകതകൾക്ക് നൽകിയ ഒ.എസ്(നം.57/17.10.2023) ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സി) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.-ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയം</u>

കോഴിക്കോട് നഗരസഭ – ചെറുവണ്ണൂർ നല്ലളം കാര്യാലയത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 ലെ ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | വിബ്ജ്യോർ പവേർസ് ഇന്ത്യ | 1 & 2 അർദ്ധ വർഷം |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | 1 & 2 അർദ്ധ വർഷം |
| 3 | പോപ്പുലർ മോട്ടോർ വേർൾഡ് | 1 & 2 അർദ്ധ വർഷം |
| 4 | പ്രസൂൺ ഇൻഡസ്ട്രീസ് | ഒന്നാം അർദ്ധ വർഷം |
| 5 | കെ.വി.എൻ. പെട്രോ പ്രൊഡക്ട്സ് | രണ്ടാം അർദ്ധ വർഷം |
| 6 | അനൂപ് അപ്പർ വർക്സ് | 1 & 2 അർദ്ധ വർഷം |
| 7 | അൽഫ വുഡ് ബോർഡർ | 1 & 2അർദ്ധ വർഷം |
| 8 | നല്ലളം ടോഡി ഷോപ്പ് | 1 & 2 അർദ്ധ വർഷം |
| 9 | സി.ഐ.സി.എസ്. മെഡിക്കൽ സെന്റർ | രണ്ടാം അർദ്ധ വർഷം |
| 10 | ഇംപക്സ് | രണ്ടാംഅർദ്ധ വർഷം |
| 11 | വാൾടെക് പോളിമേഴ്സ് | 1 & 2അർദ്ധ വർഷം |
| 12 | അൽഫിത്ത്റ സ്കൂൾ മോഡേൺ ബസാർ | രണ്ടാം അർദ്ധ വർഷം |
| 13 | അസ്മ സ്റ്റീൽസ് | രണ്ടാം അർദ്ധ വർഷം |
| 14 | ഗോൾഡൺ മെറ്റൽസ് | ഒന്നാം അർദ്ധ വർഷം |
| 15 | എൻ.സി.എച്ച്. ഇൻഡസ്ട്രീസ് | 1 & 2അർദ്ധ വർഷം |
| 16 | ഫാക്കോ പോളിമേഴ്സ് | രണ്ടാം അർദ്ധ വർഷം |
| 17 | ജെ.എസ്. ഫുഡ്ക്രാഫ്റ്റ്സ് | 1 & 2അർദ്ധ വർഷം |
| 18 | മാർവെൽ ഫൂട് വെയർ ഫിറ്റിംഗ് | 1 & 2അർദ്ധ വർഷം |
| 19 | സഹാറ പോളിമേഴ്സ് | 1 & 2 അർദ്ധ വർഷം |
| 20 | ലക്ഷ്മി ട്രേഡിംഗ് | 1 & 2 അർദ്ധ വർഷം |
| 21 | എംബയർ ട്രെഡിംഗ് | രണ്ടാം അർദ്ധ വർഷം |
| 22 | ഇൻഡസ് മോട്ടോഴ്സ് പ്രൈ.ലി. | 1 & 2 അർദ്ധ വർഷം |

| | | |
|---|---|---|
| 23 | ഓറിയന്റ് പോളിമോഴ്സ് | 1 & 2 അർദ്ധ വർഷം |

മുകളിൽ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. തൊഴിൽ നികുതി രജിസ്റ്ററുകൾ പൂർണ്ണമല്ല- ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയം

ചെറുവണ്ണൂർ നല്ലളം മേഖല ഓഫീസിലെ തൊഴിൽ നികുതി പരിശോധിച്ചതിൽ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ട്രെഡേഴ്സ് ലിസ്റ്റ് എന്നിവ സ്ഥാപനത്തിൽ കൃത്യമായി എഴുതി വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ സ്ഥാപനത്തിലെ തൊഴിൽ നികുതി പൂർണ്ണമായും പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകൾ പൂർണ്ണമാക്കി വാർഷിക സംഗ്രഹം രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി)തൊഴിൽ നികുതി - ഡിമാന്റ്, കളക്ഷൻ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല – മറ്റ് അപാകതകളും

എലത്തൂർ മേഖലാ കാര്യാലയത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാരണങ്ങളാൽ തൻവർഷ തൊഴിൽ നികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

1. ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്ററിൽ 2022-23 ലെ രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രജിസ്റ്റർ പ്രകാരമുള്ള ആകെ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ പകുതിയോളം മാത്രമേ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | രണ്ട് അർദ്ധ വർഷങ്ങളിലും നികുതി അടവാക്കിയതായി രേഖപ്പെടുത്താത്തവയുടെ എണ്ണം |
|---|---|---|
| 1 | 97 | 54 |
| 2 | 156 | 79 |
| 3 | 262 | 93 |
| 4 | 126 | 49 |
| 5 | 108 | 29 |
| 75 | 142 | 98 |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | ഇൻസ്റ്റിറ്റ്യൂഷൻ നം. | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധവർഷം |
|---|---|---|---|
| 1 | 2/13 | ഹെഡ്മിസ്ട്രസ്, സി.എം.സി. ഗേൾസ് ഹൈസ്കൂൾ, എലത്തൂർ | രണ്ടാം അർദ്ധ വർഷം |
| 2 | 2/16 | വാർഡൻ, ഗവ.പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസ്, എലത്തൂർ | രണ്ടാം അർദ്ധ വർഷം |

| | | | |
|---|---|---|---|
| 3 | 2/18 | സൂപ്രണ്ട്, സതേൺ റെയിൽവേ എലത്തൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | 2/19 | മാനേജർ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, എലത്തൂർ | രണ്ടാം അർദ്ധ വർഷം |
| 5 | 2/20 | ഏയ്സ് ഓട്ടോമൊബൈൽ പ്രൈ. ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 6 | 3/32 | ബ്രാഞ്ച് മാനേജർ<br>പി.പി.എസ്. പ്രൈ.ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | 3/47 | പ്രിൻസിപ്പൽ,<br>പി.വി.എസ്. ഹയർ സെക്കണ്ടറി സ്കൂൾ,<br>എരഞ്ഞിക്കൽ | രണ്ടാം അർദ്ധ വർഷം |
| 8 | 3/56 | സൂപ്രണ്ട്, KSRTC<br>കണ്ടംകുളങ്ങര ഡിപ്പോ | രണ്ടാം അർദ്ധ വർഷം |
| 9 | 3/59 | അസി.എഞ്ചിനീയർ<br>KSEB, പാവങ്ങാട് | രണ്ടാം അർദ്ധ വർഷം |
| 10 | 5/64 | എക്സിക്യൂട്ടീവ് ഓഫീസർ<br>ശ്രീ കാമ്പുറത്ത് ഭഗവതി ക്ഷേത്രം<br>മൊകവൂർ | രണ്ടാം അർദ്ധ വർഷം |
| 11 | 5/68 | മാവേലി സ്റ്റോർ<br>അമ്പലപ്പടി | രണ്ടാം അർദ്ധ വർഷം |
| 12 | 75/70 | ഹെഡ്മാസ്റ്റർ<br>ഗവ.ഫിഷറീസ് ഹൈസ്കൂൾ<br>പുതിയാപ്പ | രണ്ടാം അർദ്ധ വർഷം |
| 13 | 75/74 | മെഡിക്കൽ ഓഫീസർ<br>പ്രൈമറി ഹെൽത്ത് സെന്റർ, പുതിയാപ്പ | രണ്ടാം അർദ്ധ വർഷം |
| 14 | 75/81 | സെക്രട്ടറി, ശ്രീ ഭഗവതി ധർമ്മ പരിപാലന ആര്യ സമാജം, പുതിയാപ്പ | രണ്ടാം അർദ്ധ വർഷം |
| 15 | 75/87 | സെയിൽസ് മാനേജർ<br>മാരുതി കാറിനോ ഓട്ടോ പ്രൈ.ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 16 | 75/88 | മാനേജർ, റേഡിയന്റ് ബാറ്ററീസ്, പുതിയാപ്പ | രണ്ടാം അർദ്ധ വർഷം |
| 17 | 75/90 | ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, പുതിയനിരത്ത് | രണ്ടാം അർദ്ധ വർഷം |
| 18 | 75/93 | മാവേലി സ്റ്റോർ<br>പുതിയനിരത്ത് | രണ്ടാം അർദ്ധ വർഷം |
| 19 | 75/94 | ജില്ലാ സഹകരണ ബാങ്ക്<br>പുതിയനിരത്ത് | രണ്ടാം അർദ്ധ വർഷം |

അപാകതകൾ സംബന്ധിച്ച് നൽകിയ ഒ.എസ്.നം. 86/2022-23 തീയതി. 25.10.23 ന്30.11.23 ന് EZ6/4533/2023 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 2,8,11 എന്നിവ മെയിൻ ഓഫീസിലാണ്

അടവാക്കുന്നതെന്നും ക്രമ നം. 7,14 എന്നിവ പിന്നീട് അടവാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്. നികുതി അടവാക്കാത്ത മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

3. റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാർഡ് 1, 2, 4, 5, 75 എന്നിവയുടെ 2022-23 ലെ ഒന്നാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത് നിയമാനുസൃതമാണെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

4. ചട്ടത്തിൽ പരാമർശിക്കാത്ത തുക ഈടാക്കി

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ചട്ടം 3 ലെ പട്ടിക പ്രകാരമാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. എന്നാൽ റോയൽ ട്രാവൻകൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ നിന്നും ചട്ടത്തിൽ പരാമർശിക്കാത്ത നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു.

| ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 2/507 | റോയൽ ട്രാവൻകൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 1. അക്ഷയ്.ഒ | 168000 | 1080 | 1250 |
| | | 2. രാകേഷ്.എം | 252000 | 1800 | 1250 |
| | | 3. സഹ്യ.ടി | 90000 | 720 | 750 |
| | | 4. ദീപ്തി.കെ | 90000 | 720 | 750 |
| | | 5. ശരണ്യ.കെ.പി | 90000 | 720 | 750 |
| | | 6. ഷാജി.ഇ | 90000 | 720 | 750 |
| | | 7. രാഹുൽ | 90000 | 720 | 750 |

തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

5. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

(എ)

| ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 3/30 | EVM ഓട്ടോ മൊബൈൽ പ്രൈ. ലിമിറ്റഡ് | അർജ്ജുൻ.എസ് | 64080 | 600 | 450 | 150 |

(ബി) ശങ്കര ബിൽഡിംഗ് പ്രോഡക്റ്റ്സ് ലിമിറ്റഡ് (ഇൻ.നമ്പർ-3/2) എന്ന സ്ഥാപനം ഒന്നാം അർദ്ധ വർഷം ആകെ 6750/- രൂപയാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ അടവാക്കേണ്ടിയിരുന്നത്. എന്നാൽ 29.08.2022 ലെ 122050-103168 നമ്പർ രസീതി പ്രകാരം 6250/- രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

6. നിർദ്ദിഷ്ട പ്രൊഫോർമയിൽ റിട്ടേൺ സമർപ്പിക്കുന്നില്ല

തൊഴിൽ നികുതി റിട്ടേണുകളുടെ പരിശോധനയിൽ ചില സ്ഥാപനങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിട്ടേൺ സമർപ്പിക്കുന്നില്ല എന്ന് കണ്ടെത്തി. പല സ്ഥാപനങ്ങളും അർദ്ധ വാർഷിക വരുമാനം

രേഖപ്പെടുത്താതെ റിട്ടേൺ സമർപ്പിച്ചതിനാൽ ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ഉദാഃ- (1) എലത്തൂർ പോലീസ് സ്റ്റേഷൻ (Inst. No.1/1) – ഒന്നാം അർദ്ധ വർഷം

(2) നാഷണൽ ഹോസ്പിറ്റൽ കോളേജ് ഓഫ് നേഴ്സിംഗ്, പൂളാടിക്കുന്ന് (Inst. No.3/44) – രണ്ടാം അർദ്ധ വർഷം

7. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചട്ട പ്രകാരം എഴുതി സൂക്ഷിക്കേണ്ടതും ഡിമാന്റ് കളക്ഷൻ ബാലൻസ് സംക്ഷിപ്തം എഴുതി തയ്യാറാക്കേണ്ടതും കുറഞ്ഞ തുക ഈടാക്കിയത് മൂലം നഗരസഭക്ക് നഷ്ടം വന്ന തുക ഈടാക്കിയതിന്റെ രസീതി സഹിതം ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-30 ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

എ) ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. -എലത്തൂർ മേഖലാ കാര്യാലയം

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം മനുഷ്യ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും നഗരസഭാ പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

എലത്തൂർ സോണൽ ഓഫീസ് പരിധിയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3058 കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ 533 സ്ഥാപനങ്ങൾ മാത്രമാണ് എഫ്.ടി.ഇ.എ & ഒ.എസ്. ലൈസൻസ് എടുത്ത് പ്രവൃത്തിക്കുന്നത്. ഇത്ര അധികം കെട്ടിടങ്ങളുണ്ടായിട്ടും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം പരിമിതമായത് കാണിക്കുന്നത് നിരവധി സ്ഥാപനങ്ങൾ സോണൽ ഓഫീസ് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു എന്നാണ്.

ലൈസൻസ് ഫീ ഇനത്തിൽ നഗരസഭക്ക് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനം നഷ്ടപ്പെടുത്തുന്നതോടൊപ്പം അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും ഭീഷണി ആവാനും കാരണമാകുന്നു. ആയത് സംബന്ധിച്ച് നൽകിയ 25.10.2023 തീയതിയിലെ ഒ.എസ് നം. 85/2022-23 ന് 30.11.2023 ലെ EZ6/4533/2023 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ മേഖലയിലെ 6 വാർഡുകളിലായി ആകെ രണ്ട് ജെ.എച്ച്.ഐമാരാണ് ഉള്ളതെന്നും ജോലിഭാരം മൂലം പരിശോധന കാര്യക്ഷമമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ സമയബന്ധിതമായി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ അനധികൃത സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി)ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഇല്ലാതെ തടിമില്ല് പ്രവർത്തിക്കുന്നു

ശ്രീ.ജാഫർ.എൻ.വി, S/o മാമുക്കോയ എന്നിവർ 26/06/2023 ന് സമർപ്പിച്ച വിവരാവകാശത്തിൽ ബേപ്പൂർ നടുവട്ടത്തെ 47/184(5/832) നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അജയ്‌വുഡ് ഇൻഡസ്ട്രീസ് എന്ന തടിമില്ലിന് ലൈസൻസ് ഉണ്ടോ എന്ന് ആരാഞ്ഞിരുന്നു.

പ്രസ്തുത വിവരാവകാശത്തിന് 10.07.2023 ന് (ഫയൽ നമ്പർ :B2/G1/G4/6263/23) നൽകിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തടിമില്ലിന് ലൈസൻസ് ഇല്ല എന്നും നോട്ടീസ് നൽകിയിട്ടുണ്ട് എന്നുമാണ് പറഞ്ഞിരിക്കുന്നത്.മേൽസാഹചര്യത്തിൽ

പ്രസ്തുത കെട്ടിടത്തിൽ തടിമില്ല് ലൈസൻസില്ലാതെ പ്രവർത്തിച്ചതിന് സ്ഥാപനത്തിനെതിരെ സ്വീകരിച്ച

തുടർനടപടി എന്താണെന്നും, തടിമില്ല് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെങ്കിൽ നിലവിൽ സ്ഥാപനം ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് നേടിയിട്ടുണ്ടോ മുതലായ കാര്യങ്ങൾക്ക് മറുപടി നൽകുവാൻ എൻക്വയറി നം 2/04.10.2023 ആയി ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെയായും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി)ഡി & ഒ ലൈസൻസ് - പുതിയ നിരക്കിൽ ഈടാക്കാത്തതും മറ്റ് അപാകതകളും-ബേപ്പൂർ മേഖല കാര്യാലയം

2020 ലെ കേരള മുനിസിപ്പാലിറ്റി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ പ്രകാരം 2022-23 വർഷത്തിൽ ബേപ്പൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

(1) ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഏഴാം ചട്ട പ്രകാരം വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ എന്നിവക്ക് ലൈസൻസ് നൽകുന്നതിന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ III-ാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാർഷിക ലൈസൻസ് ഫീസ് ഈടാക്കണം. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാതെ പട്ടികയിലൊന്നും ഉൾപ്പെടാത്ത തുകയാണ് ലൈസൻസ് ഫീയായി ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | വാർഡ്/ കെട്ടിട നം. | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | കുഞ്ഞു ഹാജി | ക്വാളിറ്റി ബിൽഡിംഗ് മെറ്റീരിയൽ | 52/1307 | 2000/- |
| 2 | അഹമ്മദ് ഷെരീഫ് | സ്നേഹ ജ്വല്ലറി മാത്തോട്ടം | 52/830 | 2000/- |
| 3 | യൂസഫ് അലി കെ വി | മിസ്കാൽ ജ്വല്ലറി | 53/1261 | 2000/- |

2) ഫീസ് കൈപ്പറ്റിയിട്ടും ലൈസൻസ് ഇഷ്യൂ ചെയ്യുന്നില്ല.

ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ള ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് എഴുതി തയ്യാറാക്കിയെങ്കിലും അവ ഇഷ്യൂ ചെയ്യാതെ ഡ്യൂപ്ലിക്കേറ്റിനോടൊപ്പം ലൈസൻസിന്റെ ഒറിജിനലും സൂക്ഷിച്ചതായി കാണുന്നു. ചട്ട പ്രകാരം സാധുവായ ഒരു ലൈസൻസ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കാതെ വ്യാപാരങ്ങളും മറ്റു പ്രവർത്തിപ്പിക്കാൻ പാടില്ല എന്നിരിക്കെ ലൈസൻസ് ഫീസ് കൈപ്പറ്റിയിട്ടും ലൈസൻസ് ഇഷ്യൂ ചെയ്യാത്തത് ന്യായീകരിക്കാവുന്നതല്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | വാർഡ്/ കെട്ടിട നം. | ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | BZ/G4/206/22 | സക്കീർ ടി.കെ. | ടി.കെ.അയേൺ ട്രേഡേഴ്സ് | 48/2337 | 500 |
| 2 | BZ/G4/261/22 | പ്രസന്നകുമാർ.സി | ശാരദ ഓയിൽ/ ഫ്ലോർ മിൽ | 49/2080 | 1000 |
| 3 | BZ/G4/931/22 | കെ.അബ്ദുൾ അസീസ് | അസീസ് സ്റ്റോർ | 50/225 | 1000 |

| | | | | | |
|---|---|---|---|---|---|
| 4 | BZ/G4/75/22 | എം.വി.പിയൂസ് | ലിറ്റിൽ ഫ്ലവർ വുഡ് വർക്സ് | 47/1677 | 5000 |
| 5 | BZ/G4/759/22 | താഷിദ്.വി | സിമന്റ് സ്റ്റീൽ ആൻഡ് ബിൽഡിംഗ് മെറ്റീരിയൽ | 47/1481 | 5000 |

(3) ഐ.എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ സാധ്യത-ഫീൽഡ് തല പരിശോധന നടക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും മുനിസിപ്പാലിറ്റി പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്

ബേപ്പൂർ സോണൽ ഓഫീസ് പരിധിയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3370 കെട്ടിടങ്ങൾ ഉണ്ട്, അതിൽ 15 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻ വർഷം ലഭ്യമായ കണക്ക് പ്രകാരം 778 പേർ മാത്രമാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിനാൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. നഗരസഭക്ക് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനം നഷ്ടപ്പെടുന്നതോടൊപ്പം നഗരസഭാ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ഇത് ഇടയാക്കുന്നു. നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ചട്ട പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(4) വാടകക്കരാർ ഹാജരാക്കിയില്ല

09.07.2021 ലെ സർക്കുലർ നമ്പർ.ആർ.സി.3/228/2020/ത.സ്വ.ഭ.വ പ്രകാരം ലൈസൻസ് യഥാസമയം പുതുക്കുകയാണെങ്കിൽ വാടകക്കരാർ വീണ്ടും ഹാജരാക്കേണ്ടതില്ല. എന്നാൽ ലൈസൻസ് യഥാസമയം പുതുക്കാതെ വരുന്ന സാഹചര്യത്തിൽ വീണ്ടും പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയുടെ സമ്മതപത്രം കൂടി ഹാജരാക്കേണ്ടതാണ്.

എന്നാൽ മുഹമ്മദ് ഇൻഫ ,ജംഷീദ്.പി. എന്നിവരുടെ പേരിലുള്ള പാം ഫിഷിങ് ഏജന്റ് (47/2417)എന്ന സ്ഥാപനം 2021-22 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത് 11.03.2022 നാണ് .അബ്ദുൾ ജബ്ബാർ എന്നവരുടെ പേരിലുള്ള ഈ കെട്ടിടത്തിന്റെ വാടകക്കരാർ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. വാടകക്കരാർ സമർപ്പിക്കാതെ തന്നെ ലൈസൻസ് പുതുക്കിനൽകിയിരിക്കുന്നു. അതുപോലെ നിഖിൽദാസ്.എം എന്നവരുടെ പേരിലുള്ള പ്രണവം സ്റ്റുഡിയോ (47/2113E) എന്ന സ്ഥാപനം 2021-22 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത് 31.03.2022 നാണ് .സരോജിനി.എൻ.പി എന്നവരുടെ പേരിലുള്ള ഈ കെട്ടിടത്തിന്റെ വാടകക്കരാർ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. വാടകക്കരാർ സമർപ്പിക്കാതെ തന്നെ ലൈസൻസ് പുതുക്കിനൽകിയിരിക്കുന്നു.

മേൽപറഞ്ഞ അപാകതകൾ പരാമർശിച്ച നൽകിയ ഒ.എസ് (നം.58/17.10.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-31 കോർപ്പറേഷൻ വക വസ്തുവകകൾ ലീസിന് അനുവദിക്കൽ - അപാകതകൾ.

കോർപ്പറേഷൻ 2022-23 വർഷം പാട്ടം/ലൈസൻസ് അനുവദിച്ച കെട്ടിടം/ഭൂമി യുടെ രജിസ്റ്റർ ,ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ലേലത്തുക പൂർണ്ണമായി പിരിച്ചെടുത്തില്ല.

രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ലേലം അനുവദിച്ച് നൽകിയ വ്യക്തികൾ ലേലത്തുക പൂർണ്ണമായി അടവാക്കാതെ കുടിശ്ശികയാക്കിയിട്ടുള്ളതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം/ഭൂമി | കുത്തകക്കാരന്റെ പേര് | ലൈസ.ഫീ/ലേലത്തുക | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | പാളയം ടൂവീലർ ഫോർവീലർ പാർക്കിങ് | ടി.വി ഹസ്സൻ | 2500101 | 2291760 | 208341 |
| 2 | ബങ്ക് നമ്പർ 21 ന്യൂ ബസാർ | ഷഹീന | 26705*12 | 0 | 320460 |
| 3 | ഐ.ജി റോഡ് ബസ്റ്റാന്റ് ബങ്ക് നം. രേഖപ്പെടുത്തിയിട്ടില്ല | സി.പത്മകുമാർ | 22750*12 | 91000 | 182000 |

കുടിശ്ശിക നാളിതുവരെ പിരിച്ചെടുക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ ആയത് ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

2. കരാർ ചമക്കാതെ കോർപ്പറേഷൻ വസ്തു കൈവശം വയ്ക്കുന്നു.

ചുവടെ പട്ടികയിൽ ചേർത്ത അവകാശങ്ങളുടെ ലേലങ്ങൾ കൗൺസിൽ അംഗീകരിക്കുകയോ ലേലക്കാരുമായി കരാർ ചമക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഇനം | ലേല തുക | ലേലം കൊണ്ടയാളുടെ വിവരം |
|---|---|---|---|
| 1 | വാർഡ് 19 മരം സൂക്ഷിക്കുന്ന സ്ഥലം | 127500 | ഫൈഹാസ് അലി. |
| 2 | വാർഡ് 15 ഇബ്രാഹിം പാലത്തിനടുത്തുള്ള സ്ഥലം | 6000 | രജിസ്റ്ററിൽ പേര് വിവരങ്ങൾ ഇല്ല. |
| 3 | മാങ്കാവ് പാതാർ | 6000 | അബ്ദുറഹ്മാൻ.വി |
| 4 | ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം | 112000 | എ.വി ആലിക്കോയ |
| 5 | ബങ്ക് നം.1, ബീച്ച് റോഡ് | 144000 | കെ.ഹാഷിം. |
| 6 | ബങ്ക് നം.7 കെ.പി.കെ | 5866 | പി.ഹസ്സൻ |

| | | | |
|---|---|---|---|
| | മേനോൻ റോഡ് | | |
| 7 | ബങ്ക് നമ്പർ 12 പാളയം ഓവർ ബ്രിഡ്ജിന് സമീപം | 9286 | സി.ജെ ലോറൻസ് |
| 8 | ബങ്ക് നമ്പർ 13 പാളയം ഓവർ ബ്രിഡ്ജിന് സമീപം | രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല | കെ.പി.കാദിരിക്കോയ , (31-3-2019 വരെയുള്ള ലേലം മാത്രമേ കൗൺസിൽ അംഗീകരിച്ചിട്ടുള്ളൂ. ) |
| 9 | ബങ്ക് നമ്പർ 24 രണ്ടാം ഗെയിറ്റിന് സമീപം. | 6188 | പി.എ.ഷബീർ |
| 10 | ബങ്ക് നമ്പർ 25 കല്ലായി പയനിയർ ബനിയൻ കമ്പനിക്ക് സമീപം. | 2933 | പി.ടി.മറിയംബി |

കൗൺസിൽ അംഗീകാരമില്ലാതെയും നിയമാനുസൃത കരാറിലേർപ്പെടാതെയും കോർപ്പറേഷൻ വസ്തു കൈവശം വെക്കാൻ അനുവദിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്. തൻവർഷത്തെ മുഴുവൻ അവകാശങ്ങളുടെ ലേലം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി തുക പൂർണ്ണമായും (വൈകി അടവാക്കിയതിനുള്ള പിഴ ഉൾപ്പെടെ) ഈടാക്കിയതായി ഉറപ്പ് വരുത്തി, മുഴുവൻ കുത്തകക്കാരുമായി കരാർ ചമച്ച് വിവരം അറിയിക്കേണ്ടതാണ്.(അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.107/22-23 തി.20-10-2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>3.ലീസിന് നൽകിയ വസ്തുവിൽ അനധികൃത നിർമ്മാണം - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.</u>

കോഴിക്കോട് നഗരസഭ വാർഡ് 33 ൽ മിംസ് ആശുപത്രിക്കടുത്ത് ബൈപ്പാസ് റോഡ് മുതൽ ആശുപത്രിയുടെ പടിഞ്ഞാറെ അതിർത്തി വരെയുള്ള ഡ്രെയിനിൽ സ്വന്തം ചെലവിൽ കവറിങ് സ്ലാബിട്ട് ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കണമെന്ന് കാണിച്ച് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മാനേജിംഗ് ഡയറക്ടർ 29-6-2007 ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയം നഗരസഭ പരിശോധിച്ച് പത്ത് നിബന്ധനകളോട് കൂടിയും പ്രസ്തുത സ്ഥലത്തെ ഓട സ്ഥിരമായി വൃത്തിയാക്കുന്ന പ്രവൃത്തിയും അറ്റകുറ്റപ്പണിയും കൂടി സ്വന്തം ചെലവിൽ നിർവ്വഹിക്കണമെന്ന വ്യവ്സ്ഥയോടെയും പ്രതിവർഷം 125000 രൂപ ലൈസൻസ് ഫീ നിശ്ചയിച്ച് 3 വർഷത്തേക്ക് നൽകുന്നതിന് കൗൺസിലിന്റെ 16-06-2009 ലെ 28-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-9-2009 ന് എ 34/57560/07 നമ്പർ ഉത്തരവ് പ്രകാരം നഗരസഭ അനുമതി നൽകിയതാണ്. ഇത് പ്രകാരം ഡ്രൈനേജിന് മുകളിൽ സ്ലാബിട്ട് ടി സ്ഥലം പാർക്കിംഗ് ഏരിയയിലേക്കുള്ള വഴി ആയിട്ട് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. 07-03-2017 വരെ ടി ലൈസൻസ് ഫീ മിംസ് അധികൃതർ അടവാക്കിയിട്ടുമുണ്ട്.

മിനി ബൈപ്പാസ് റോഡിന്റെ എതിർവശത്ത് നിന്നുള്ള തോടാണ് റോഡ് ക്രോസ് ചെയ്യുന്നതോട് കൂടി ഡ്രൈനേജ് (പട്ടണത്തിലെ അഴുക്ക് വെള്ളം വെളിയിലേക്ക് ഒഴുക്കുന്നതിനുള്ള സംവിധാനം) ആയി മാറിയിരിക്കുന്നത്. 10-06-2005 ന് മിംസ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷയിൽ ഹോട്ടലുകളിൽ നിന്നും മറ്റുമുള്ള വേസ്റ്റുകൾ ഡ്രൈനേജിലേക്ക് ഒഴുക്കി വിടുന്നത് മൂലം ഹോസ്പിറ്റലും പരിസര പ്രദേശങ്ങളും ദുർഗന്ധ പൂരിതവും കൊതുകുകളുടെ പ്രജനന കേന്ദ്രവുമാണെന്നും ആക്ഷേപം ഉന്നയിച്ചിട്ടുണ്ടെങ്കിലും മലിന ജലം തോട്ടിലേക്ക് ഒഴുക്കി വിടുന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിന്റെയോ അതിനെതിരെ നഗരസഭ നടപടി സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ദീർഘവീക്ഷണത്തോടെ സമഗ്ര കുടിവെള്ള സംരക്ഷണ-പരിപാലന പദ്ധതി തയ്യാറാക്കുക, നടപ്പിലാക്കുക. പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രദേശത്തെ ജലസമ്പത്ത് ഹാനികരമാകുന്ന എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുക, നിർത്തിവെപ്പിക്കുക, നിരോധിക്കുക, ആവശ്യമായ മറ്റ് നിയമ നടപടികൾ സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ട നഗരസഭ സ്വാഭാവിക

നീരൊഴുക്കുള്ള തോടുകളെ ഡ്രൈനേജ് എന്ന ഗണത്തിൽ പെടുത്തി സ്വകാര്യ സ്ഥാപനത്തിന് നിയമവിരുദ്ധമായി കൈയേറുന്നതിന് അവസരമൊരുക്കിയിരിക്കയാണ്.

ഇത്തരത്തിൽ നിബന്ധനകൾക്ക് വിധേയമായി കോർപ്പറേഷൻ നൽകിയ അനുമതിയിൽ നിബന്ധന നമ്പർ 8 ആയി രേഖപ്പെടുത്തിയിരുന്നത് പ്രസ്തുത സ്ഥലത്ത് നഗരസഭയുടെ അറിവോ സമ്മതമോ കൂടാതെ മറ്റൊരു നിർമ്മാണവും പാടില്ലെന്നാണ്. ഇത് മറി കടന്ന് കൊണ്ട് സ്ലാബിട്ട് മൂടിയതിന് തെക്ക് ചേർന്ന് കോമ്പൗണ്ട് വാൾ മിംസ് അധികൃതർ നിർമ്മിക്കുകയുണ്ടായി .ആയത് നഗരസഭയുടെ അനുമതിയോടെയല്ലാത്തതിനാൽ പൊളിച്ച് നീക്കുന്നതിനും കരാർ നിബന്ധനകൾ ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ മിംസ് ആശുപത്രി മാനേജ്മെന്റും കോർപ്പറേഷനും തമ്മിലുള്ള കരാർ റദ്ദ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നം.ആർ.സി 4/410/2016/ത.സ്വ.ഭ.വ കത്ത് പ്രകാരം നഗരസഭയോട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അനധികൃതമായി നിർമ്മിച്ച കോമ്പൗണ്ട് വാൾ പൊളിച്ച് നീക്കുന്നതിന് സെക്രട്ടറിയുടെ 10-3-22 ന് എ34/57560/07 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിക്കപ്പെട്ടിരുന്നു. ആയതിന് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ടി അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയിട്ടുണ്ടെങ്കിൽ ആ വിവരവും 08-03-2017 മുതലുള്ള കുടിശ്ശിക ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (നം 101/22-23. തി. 18-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

4.ചെറുവണ്ണൂർ നല്ലളം മേഖല -നഗരസഭയുടെ ഭൂമി പാട്ട വ്യവസ്ഥയിൽ നൽകൽ – ദീർഘകാലം ലീസ് തുക അടവാക്കാതിരുന്നിട്ടും നടപടികൾ സ്വീകരിച്ചില്ല.

ഫയൽ നം. C2/B1/9212/17

കോഴിക്കോട് നഗരസഭയിൽ ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയത്തിനു കീഴിൽ ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തായിരുന്ന കാലം മുതൽ വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിച്ചിരുന്നതാണ്. നിലവിലുള്ളവർക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ചിരുന്ന ഭൂമിയ്ക്ക് ലൈസൻസ് വ്യവസ്ഥയിൽ ഫീസ് പുനർ നിർണ്ണയിച്ചുകൊണ്ട് ടിയാളുകളുടെ എഗ്രിമെന്റ് 1-4-2013 മുതൽ 31-3-2016 വരേയും തുടർന്ന് 1-4-2016 മുതൽ 31-3-2019 വരേയും പുതുക്കി അനുവദിക്കുന്നതിന് 22-9-2017- ലെ 22-ാംനമ്പറായി കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ പ്രസൂൺ.സി എന്നവർക്ക് റീ.സ. 180/1B-യിൽ 9m² സ്ഥലമാണ് പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളത്. ആയതിൽ ടിയാൻ മിൽക്ക് ബൂത്ത് നടത്തി വരികയായിരുന്നു. 31-3-2022 വരെ ടിയാൻ ലൈസൻസ് പുതുക്കുകയും ഫീ അടവാക്കുകയും ചെയ്തിട്ടുണ്ട്. 1-4-2022 മുതൽ ലൈസൻസ് പുതുക്കി നൽകുന്നതിനായി ശ്രീ പ്രസൂൺ 1-3-2022-ന് അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പ്രസൂണിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റവന്യൂ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തുകയും ശ്രീ.പ്രസൂൺ നഗരസഭയുടെ നിബന്ധനകൾ പാലിക്കുന്നതിനാൽ ലീസ് തുകയിൽ നിയമാനുസൃത വർദ്ധനവ് വരുത്തി പുതുക്കി നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 1-4-2022 മുതൽ 3 വർഷത്തേക്ക് 6533/- രൂപ പ്രതിവർഷ ഫീ നിശ്ചയിച്ച് നടപടികൾ സ്വീകരിക്കാൻ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും കരാറുടമ്പടി സമർപ്പിക്കാൻ ശ്രീ.പ്രസൂണിന് ഉത്തരവ് നടപടികൾ കൈമാറാൻ തീരുമാനിക്കുകയും ചെയ്തു.

8-6-2022-ലെ CZ/B1/9212/17 നം. ഉത്തരവ് പ്രകാരം 1-4-2022 മുതൽ 31-3-2025 വരെ 3 വർഷക്കാലയളവിലേക്ക് ലൈസൻസ് പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ടിയാൻ നാളിതുവരെ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീയോ ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കാനുള്ള തുകയോ കരാറുടമ്പടിയോ രേഖാമൂലം സമർപ്പിച്ചിട്ടില്ല. ശ്രീ.പ്രസൂണിന് നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടിയൊന്നും ടിയാൻ സമർപ്പിച്ചിട്ടില്ല.

12-10-2023 -ന് സോണൽ ഓഫീസ് ജീവനക്കാരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ

സ്ഥലപരിശോധനയിൽ ശ്രീ. പ്രസൂൺ നഗരസഭയിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്ത് നടത്തിക്കൊണ്ടിരുന്ന മിൽക്ക് ബൂത്ത് അടച്ചിട്ട നിലയിലാണ് കാണപ്പെട്ടത്. കുറെ നാളുകളായി സ്ഥാപനം തുറന്ന് പ്രവർത്തിക്കാത്തതിന്റെ ലക്ഷണമെല്ലാം പരിസരത്ത് കാണപ്പെട്ടു. ബൂത്തിന്റെ മുൻവശമെല്ലാം പഴകി ദ്രവിച്ച നിലയിലും മേൽക്കൂരയിൽ പുല്ല് വളർന്ന് നിൽക്കുന്ന നിലയിലുമായിരുന്നു ഉണ്ടായിരുന്നത്. സമീപത്തുള്ള മറ്റു കടക്കാരോട് അന്വേഷിച്ചപ്പോൾ പ്രസ്തുത മിൽക്ക് ബൂത്ത് തുറന്നു പ്രവർത്തിച്ചിട്ട് മാസങ്ങളായെന്ന് സാക്ഷ്യപ്പെടുത്തുകയുമുണ്ടായി.

18 മാസത്തോളം ശ്രീ പ്രസൂൺ പുതുക്കിയ കരാറുടമ്പടി സമർപ്പിക്കാതെയും ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീ, ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കാനുള്ള തുക എന്നിവ അടവാക്കാതെയും മിൽക്ക്ബൂത്ത് മാസങ്ങളായി തുറന്നു പ്രവർത്തിക്കാതെയുമിരുന്നിട്ടും ടിയാനുമായി ബന്ധപ്പെട്ട് ആയതിന്റെ നിജസ്ഥിതി അന്വേഷിക്കുകയോ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാതെ ലൈസൻസ് പുതുക്കിക്കൊടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

പ്രസ്തുത അപാകതയുടെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ 71/2022-23 തീ 20-10-2023 നം. ഓഡിറ്റ് ഒബ്ജക്ഷന് മറുപടി സമർപ്പിച്ചിട്ടില്ല. മേൽ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 വിനോദനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭക്ക് വിനോദ നികുതി ഇനത്തിൽ 2,36,90,764/- രൂപ വരവുണ്ട്. വിനോദ നികുതിയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തെ രേഖകൾ ആവശ്യപെട്ടതിൽ വളരെ കുറവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

(1) കോഴിക്കോട് നഗരസഭയിൽ നിലവിലുള്ള സിനിമാ തീയേറ്ററുകളുടെ എണ്ണം, ഓരോ തീയേറ്ററിലേയും സ്ക്രീനുകളുടെയും സീറ്റുകളുടെയും എണ്ണം, ടിക്കറ്റ് നിരക്ക് എന്നിവ സംബന്ധിച്ച കണക്കുകൾ വിനോദ നികുതി വിഭാഗത്തിൽ സൂക്ഷിച്ചിട്ടില്ല. ബുക്ക് മൈ ഷോ, ബുക്ക് മൈ ടിക്കറ്റ്, മാജിക് ഫ്രെയിംസ്, മറ്റു തീയറ്റർ വെബ്സൈറ്റുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം താഴെ കാണിച്ച പ്രകാരം നഗരസഭയിൽ വിവിധ തീയേറ്ററുകളിലായി 23 സ്ക്രീനുകളുള്ളതായി കാണുന്നു.

| ക്രമ നം. | തീയേറ്ററിന്റെ പേര് | സ്ക്രീനുകളുടെ എണ്ണം |
|---|---|---|
| 1 | കൈരളി | 1 |
| 2 | ശ്രീ | 1 |
| 3 | രാധ | 1 |
| 4 | ഗംഗ | 1 |
| 5 | അപ്സര (നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും | 1 |

| | | |
|---|---|---|
| | ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്നു) | |
| 6 | ക്രൗൺ | 2 |
| 7 | ARC കോർണേഷൻ | 3 |
| 8 | റീഗൾ (നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്നു) | 3 |
| 9 | സിനിപോളിസ് ഗോകുലം ഗലേറിയ | 5 |
| 10 | ആർ.പി.ആശിർവാദ് | 5 |
| ആകെ (10 തീയറ്ററുകൾ) | | 23 |

2022-23 വർഷ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ DCR ൽ പരിപൂർണ്ണമായ പരിശോധനക്ക് ഉതകുന്ന രീതിയിൽ ലഭ്യമായത് സിനി പോളിസ് ഗോകുലം ഗലേറിയയിൽ നിന്നും 3 മാസത്തേതും (2023 ജനുവരി, ഫെബ്രുവരി, മാർച്ച്), ARC കോർണേഷനിൽ നിന്നും 2023 ഫെബ്രുവരി, മാർച്ച് മാസത്തേതും, റീഗൽ മൾട്ടിപ്ലക്സിൽ നിന്നും 2023 ഫെബ്രുവരി മാർച്ച് മാസത്തേതുമാത്രമാണ്. മറ്റ് തീയേറ്ററുകളിൽ നിന്നും ഓഡിറ്റ് വർഷം വിനോദ നികുതി ഈടാക്കിയതിന്റെ യാതൊരു രേഖകളും മുകളിൽ കാണിച്ച തീയേറ്ററുകളിൽ നിന്ന് ശേഷിക്കുന്ന മാസങ്ങളിൽ വിനോദനികുതി ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(2) സ.ഉ.(കൈ)നം.112/2019/തസ്വഭവ/31.08.2019 പ്രകാരം, 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും, 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും, 01.09.2019 തീയതി മുതൽ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എ.ആർ.സിനിമാസ് കോർണേഷൻ എന്ന മൾട്ടിപ്ലക്സിലെ 2023 മാർച്ച് മാസത്തെ DCR പരിശോധിച്ചതിൽ മേൽ നിരക്കുകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

COLLECTION FROM 01.03.2023 TO 31.03.2023

| CLASS | വിറ്റ ടിക്കറ്റുകളുടെ എണ്ണം | ടിക്കറ്റ് നിരക്ക് | ഈടാക്കിയ വിനോദനികുതി (4.01%നിരക്കിൽ) | ഈടാക്കേണ്ട വിനോദനികുതി (5%നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| SCREEN 1 ELITE 4K | 1318 | 100 | 5285.18 | 6590 | 1304.82 |
| SCREEN 2 ELITE 2K | 1172 | 100 | 4699.72 | 5860 | 1160.28 |
| SCREEN 3 ELITE 2K | 996 | 100 | 3993.96 | 4980 | 986.04 |

| | | | | | |
|---|---|---|---|---|---|
| TOTAL | | | 13978.86 | 17430 | 3451.14 |

ഒരു തീയറ്ററിന്റെ ഒരു മാസത്തെ ഡെയ്‌ലി കലക്ഷൻ സ്റ്റേറ്റ്മെൻറിൽ നിന്നും നഗരസഭയ്ക്ക് വിനോദനികുതി ഇനത്തിൽ 3451.14 രൂപയുടെ നഷ്ടമുണ്ടായതായി കാണുന്നു. ഇപ്രകാരമുള്ള വരുമാന നഷ്ടം രേഖകൾ പരിശോധനക്ക് ഹാജരാക്കാത്ത കാലയളവിലും തീരെ ഹാജരാക്കാത്ത തീയേറ്ററുകളിലും സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്. വിശദമായി പരിശോധിച്ച് നഷ്ടത്തിന്റെ വ്യാപ്തി നിർണ്ണയിച്ച് നഷ്ടം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഡെയ്‌ലി കലക്ഷൻ സ്റ്റേറ്റ്മെൻറിൽ ടിക്കറ്റുകളുടെ എണ്ണത്തിൽ വ്യാപകമായ കുറവ് കാണുന്നു. ഒന്നും രണ്ടും പ്രേക്ഷകരെ മാത്രം ഉൾപെടുത്തി ഡെയിലി കലക്ഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയതായി ശ്രദ്ധയിൽപെട്ടു. ഉദാഹരണം ചുവടെ ചേർക്കുന്നു.

<u>സ്ഥാപനം-സിനിപോളിസ് ഗോകുലം ഗലേറിയ മാൾ</u>

| തീയ്യതി | സ്ക്രീൻ നമ്പർ | ഷോടൈം | വിറ്റ ടിക്കറ്റുകളുടെ എണ്ണം |
|---|---|---|---|
| 12.03.2023 | 1 | 10AM | 2 |
| 17.03.2023 | 1 | 12.45PM | 2 |
| 22.03.2023 | 1 | 12.45PM | 1 |
| 10.03.2023 | 2 | 01.40PM | 2 |
| 17.03.2023 | 2 | 06.10PM | 1 |
| 20.03.2023 | 2 | 01.05PM | 1 |
| 22.03.2023 | 2 | 12.55PM | 1 |
| 23.03.2023 | 2 | 12.55PM | 1 |
| 03.03.2023 | 3 | 10.40PM | 1 |
| 11.03.2023 | 3 | 10.40PM | 2 |
| 21.03.2023 | 3 | 09.55AM | 2 |
| 22.03.2023 | 3 | 09.55AM | 2 |
| 23.03.2023 | 4 | 10.20AM | 1 |

| | | | |
|---|---|---|---|
| 23.03.2023 | 4 | 04PM | 2 |

2016 ലെ കേരള ലോക്കൽ അതോറിറ്റി എന്റർടെയ്ൻമെന്റ് ടാക്സ് ഭേദഗതി ചട്ടങ്ങൾ ഭാഗം VA തീയേറ്ററുകളിൽ സർക്കാർ അംഗീകൃത സോഫ്റ്റ്‌വെയറോട് കൂടിയ ഇ-ടിക്കറ്റിംഗ് സംവിധാനം തീയേറ്റർ ഉടമ ഏർപ്പെടുത്തണം. ഓരോ മാസാവസാനവും ഡെയിലി കലക്ഷൻ റിപ്പോർട്ടും (DCR) ഫോറം നമ്പർ VIIIA യിലെ റിട്ടേണും തിയേറ്റർ ഉടമ നഗരസഭയിൽ സമർപ്പിക്കണം. നികുതി, സെസ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താൻ നഗരസഭക്ക് സംവിധാനം ഏർപ്പെടുത്തണം. ചട്ടപ്രകാരമുള്ള DCR ഉം റിട്ടേണും മിക്ക തീയേറ്റർ ഉടമകളും സമർപ്പിക്കാതിരുന്നിട്ടും നഗരസഭ നോട്ടീസ് നൽകുക പോലും ചെയ്തതായി കാണുന്നില്ല. സമർപ്പിച്ച റിട്ടേണുകളിൽ ഒന്നും രണ്ടും പ്രേക്ഷകൻ മാത്രം ഉള്ള രീതിയിൽ ഷോ നടന്നതായി രേഖകൾ തുടരെ സമർപ്പിച്ചിട്ടും തീയേറ്ററുകളിൽ പരിശോധന നടത്തി നഗരസഭയ്ക്ക് വരേണ്ടതായ വിനോദ നികുതി മുഴുവനും അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

വിനോദനികുതിയുമായി ബന്ധപെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ 124/22-23 തീയ്യതി 30.11.2023 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-33 കരാർ ലംഘിച്ച് കോർപ്പറേഷൻ സ്ഥലത്ത് അനധികൃത നിർമ്മാണം നടത്തിയ വ്യക്തിക്ക് വീണ്ടും ലേലമുറപ്പിച്ചു നൽകി

2020-21, 2021-22 കാലയളവിൽ പാളയം ടൂ വീലർ & ഫോർ വീലർ പാർക്കിംഗ് ഏരിയയിൽ പാർക്കിംഗ് ഫീസ് പിരിവ് കുത്തകാവകാശം ലേലത്തിൽ ഏറ്റെടുത്ത ശ്രീ. ടി.വി.ഹസ്സൻ എന്ന ലൈസൻസി നഗരസഭയുടെ സ്ഥലം ലൈസൻസിക്ക് കൈമാറുമ്പോൾ ഏർപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി ടി സ്ഥലത്ത് രണ്ട് മുറികൾ അനധികൃതമായി നിർമ്മിക്കുകയും ആയത് പൊളിച്ചു നീക്കി സ്ഥലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ നോട്ടീസിനെതിരെ ബഹു: കേരള ഹൈക്കോടതി മുമ്പാകെ WP(C)No.6666/2021 നമ്പർ പ്രകാരം കേസ് നൽകുകയും പ്രസ്തുത നഗരസഭാ നോട്ടീസ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 2022-23 കാലയളവിൽ പാളയം ടൂ വീലർ & ഫോർ വീലർ പാർക്കിംഗ് ഏരിയക്ക് വേണ്ടിയുള്ള ടെണ്ടറിൽ ടിയാൻ പങ്കെടുക്കുകയും ടെണ്ടറിൽ ഏറ്റവും കൂടുതൽ തുകയായ 25,00,101/- (ഇരുപത്തിയഞ്ച് ലക്ഷത്തി നൂറ്റിയൊന്ന് രൂപ) രൂപക്ക് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 കാലയളവിൽ പാളയം ടൂ വീലർ & ഫോർ വീലർ പാർക്കിംഗ് ഏരിയയിൽ പാർക്കിംഗ് ഫീസ് പിരിവ് കുത്തകാവകാശം ഏറ്റെടുത്ത് അവിടെ അനധികൃത കെട്ടിട മുറികൾ നിർമ്മിച്ച് കരാർ ലംഘനം നടത്തിയ വ്യക്തിയെ 2022-23 കാലയളവിലും ലേലത്തിൽ പങ്കെടുപ്പിച്ചതും വീണ്ടും കുത്തകാവകാശം നൽകിയതും ക്രമരഹിതമാണ്. കരാർ ലംഘനം നടത്തിയതിന് നിയമാനുസൃത നടപടി സ്വീകരിക്കാതെ ടിയാനെ വീണ്ടും ടെണ്ടറിൽ പങ്കെടുപ്പിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സ് ന് (നം.95/2022-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമരഹിതമായി ടിയാനെ ടെണ്ടറിൽ പങ്കെടുപ്പിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-34 റോഡ് കട്ടിംഗ് അപേക്ഷ പരിശോധിച്ച് കട്ടിംഗിന് ചാർജ് നിർണയിച്ചിട്ടും ചാർജ് ഈടാക്കി കട്ടിംഗിന് അനുമതി നൽകിയില്ല

എലത്തൂർ മേഖലാ ഓഫീസിൽ സാമ്പത്തിക വർഷത്തെ റോഡ് കട്ടിംഗ് ചാർജിനത്തിലുള്ള വരവ് പരിശോധിച്ചതിൽ തൻവർഷം ആകെ വരവ് 13 പേരിൽ നിന്നായി 103641/- രൂപയാണ്. സാമ്പത്തിക വർഷം ഓൺലൈൻ മുഖേന ലഭ്യമായ റോഡ് കട്ടിംഗിനുള്ള അപേക്ഷകളിൽ ചിലത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ ഈടാക്കേണ്ട തുക നിർണയിച്ച് നൽകിയിട്ടുണ്ടെങ്കിലും തുക ഈടാക്കി റോഡ് കട്ടിംഗിന് അനുമതി നൽകിയതായി കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | റോഡ് കട്ടിംഗ് ചാർജിനത്തിൽ എ.ഇ. നിർണയിച്ച തുക |
|---|---|---|
| ROW/1033809/39559 | ശ്രീജ രവീന്ദ്രൻ | 85386 |
| ROW/1033787/39537 | ഹരീഷ് എ.കെ | 12416 |
| ROW/1033799/39549 | ഹാഷിം & ഫഹീന | 9254 |
| ROW/1033812/39562 | ബിന്ദു.സി.കെ | 145320 |
| ROW/1033806/39556 | റസിയാബി | 75043 |
| ROW/1034520/40297 | അനിൽ കുമാർ & വിജയലക്ഷ്മി | 11084 |

അസി.എഞ്ചിനീയറിൽ നിന്നും റോഡ് കട്ടിംഗ് ചാർജിനത്തിൽ ഇടാക്കേണ്ട തുക സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടും ആയത് പ്രകാരം തുക ഈടാക്കി റോഡ് കട്ടിംഗിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോയതിനാലാണ് അനുമതി നൽകാതിരുന്നതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ആയത് അംഗീകരിക്കാവു ന്നതല്ല. അപേക്ഷകർ നഗരസഭയുടെ അനുമതി ഇല്ലാതെ റോഡ് കട്ടിംഗ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ജീവനക്കാർ സ്ഥലംമാറിപോകുമ്പോൾ പകരം വരുന്ന ഉദ്യോഗസ്ഥർ റോഡ് കട്ടിംഗ് ചാർജ് ഈടാക്കി കട്ടിംഗിന് അനുമതി നൽകാത്തത് നിലവിലുള്ള ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. പരിശോധിച്ച് അപാകത പരിഹരിക്കാത്തപക്ഷം ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-35 കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് - വ്യാപകമായി പരസ്യപ്പെടുത്താതെ ലേലം നടത്തി - ലേലത്തുകയിൽ കുറവ്

ഫയൽ നം A36/15913/2022

ഇന്ദിരാഗാന്ധി റോഡ് ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനായി 28.2.2022 ന് പൊതു ലേലം നടത്തുകയുണ്ടായി. 1850000 രൂപയാണ് മുഖവിലയായി നിശ്ചയിച്ചിരുന്നത്. മേൽ ഫയൽ പ്രകാരം ഇതു സംബന്ധിച്ചുള്ള ലേല നോട്ടീസ് സ്ഥലത്തെ വില്ലേജ് ഓഫീസിലും കോഴിക്കോട് കോർപ്പറേഷന്റെ സോണൽ ഓഫീസിലും മാത്രമാണ് പരസ്യപ്പെടുത്തിയിരുന്നത്. കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 156A പ്രകാരം പൊതു ലേലത്തിന് വ്യാപക പ്രചാരം നൽകേണ്ടതാണ്. മതിയായ പ്രചരണമില്ലാതെ ലേലം നടത്തിയതു മൂലം എം.കുഞ്ഞായിൻ, തുവ്വക്കര, ചേവായൂർ എന്ന ഒരാൾ മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. ടിയാൻ ലേലം വിളിക്കാൻ തയ്യാറായില്ല . ലേലത്തിൽ ലഭിച്ച് രണ്ടു ക്വട്ടേഷനുകളിൽ മേൽപ്പറഞ്ഞ ശ്രീ കുഞ്ഞായിനാണ് കൂടുതൽ തുക ക്വാട്ട് ചെയ്തത്. 1416000 രൂപ. രണ്ടാമത് ക്വാട്ട് ചെയ്ത ശ്രീ മജീദ്.കെ.ടി 1402000 രൂപയാണ് ക്വാട്ട് ചെയ്തത് ലേലത്തുക മുഖവിലയിൽ കുറവായതിനാൽ 10.3.22 ന് പുനർ ലേലം നടത്തിയെങ്കിലും വ്യാപക പ്രചാരണം നടത്താത്തതിനാൽ ആരും പങ്കെടുത്തില്ല. ആയതിനും മേൽപ്പറഞ്ഞ രണ്ടുപേർ തന്നെയാണ് ക്വട്ടേഷൻ നൽകിയത്. ശ്രീ കുഞ്ഞായിൻ 1431000 രൂപയും ശ്രീ മജീദ് 1418000 രൂപയും ക്വാട്ട് ചെയ്തു. ആയതിലും മുഖവിലയിൽ കുറവായതിനാൽ ഓഫർ ക്ഷണിച്ചതിൽ ശ്രീ കുഞ്ഞായിൻ 1442000 രൂപയും ശ്രീ മജീദ് 1426000 രൂപയുമാണ് ക്വാട്ട് ചെയ്തത്. കൂടുതൽ ക്വാട്ട് ചെയ്ത ശ്രീ കുഞ്ഞായിന് 30.3.2022 ൽ കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ച് ബഹു മേയർ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിന് മുൻകൂർ അനുമതി നൽകി.

മുഖവിലയിൽ നിന്നും അധിക തുക ലഭ്യമാക്കാൻ വേണ്ടിയാണ് ലേല നടപടികൾ സ്വീകരിക്കുന്നത് എന്നിരിക്കേ നാലു ലക്ഷത്തിൽപ്പരം രൂപ കുറവായാണ് ലേലത്തിൽ ലഭിച്ചത്. ലേലം ഉറപ്പിച്ച ശ്രീ കുഞ്ഞായിന്റെ ജാമ്യക്കാരനായി എഗ്രിമെന്റ് ഒപ്പ് വച്ചത് രണ്ടാമതെത്തിയ ശ്രീ മജീദാണ്. ആയതിൽ നിന്നു തന്നെ വ്യാപക പ്രചാരത്തിന്റെ അഭാവത്തിൽ ലേല നടപടികളെ കുറിച്ച് അറിവുണ്ടായിരുന്നത് മേൽ രണ്ടു പേർക്കായിരുന്നു എന്ന് വ്യക്തമാണ്. ആയതു കൊണ്ടു തന്നെ മത്സരാധിഷ്ഠിതമായ ടെണ്ടർ ഇല്ലാതാവുകയും ചുരുങ്ങിയത് നാലു ലക്ഷം രൂപ കോർപ്പറേഷന് നഷ്ടപ്പെടുകയും ചെയ്തു.

ലേല തുക അടവാക്കിയ വിവരം ഫയലിൽ ലഭ്യമല്ല

ലേലം പിടിച്ച ശ്രീ കുഞ്ഞായിൻ അടവാക്കിയ തുകയുടെ വിശദ വിവരം താഴെ പറയുന്നു

| ക്രമ നം | രസീത് നം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 1/121390112522 തിയ്യതി 30.3.22 | 881500 | 75% തുക |
| 2 | 1/121390400050 തിയ്യതി 30.3.22 | 200000 | |
| 3 | 1/122340101512 തിയ്യതി 5.5.22 | 120500 | ഒന്നാം ഗഡു |
| | ആകെ | 1202000 | |

ആകെ ലേലത്തുകയുടെ 75% തുക കഴിച്ച് ബാക്കി തുക മൂന്നു ഗഡുക്കളായി മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ അതത് മാസം ആഞ്ചാം തിയ്യതിക്കുള്ളിൽ അടവാക്കേണ്ടതായിരുന്നു. ജൂൺ ജൂലായ് മാസങ്ങളിൽ അടവാക്കേണ്ടിയിരുന്ന തുക (240000 രൂപ) അടവാക്കിയ വിവരം ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഒ.എസ്സ്-ന്(120/2022-23 തീ. 28.11.2023) മറുപടി നൽകിയിട്ടില്ല.

വ്യാപകമായ പ്രചാരം നല്കാതെ ലേലം നടത്തിയതു വഴി കോർപ്പറേഷൻ ഫണ്ടിനു നഷ്ടമുണ്ടാക്കുന്ന നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. കുടിശ്ശിക തുക 240000 രൂപ പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-36-1 എരഞ്ഞിപ്പാലം മത്സ്യ മാർക്കറ്റിന് സമീപം അനധികൃത മത്സ്യവ്യാപാരം - നടപടി സ്വീകരിക്കാത്തതിനാൽ മാർക്കറ്റ് ഫീ ഇനത്തിൽ വരുമാന നഷ്ടം

A31/15952/2022 ഫയൽ പരിശോധിച്ചതിൽ എരഞ്ഞിപ്പാലം മത്സ്യമാർക്കറ്റിൽ നിന്നും 2022-23 വർഷത്തിൽ മാർക്കറ്റ് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ശ്രീ.മുഹമ്മദ് ഷാലുവിന് ലേലം മുഖേന അനുവദിച്ച് നൽകിയെങ്കിലും ടിയാൻ ലേല തുകയിൽ (62,500/- രൂപ) ബാക്കിയുള്ള 45,500/- രൂപ അടവാക്കുകയോ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലാത്തതിനാൽ ലൈസൻസ് അവകാശം റദ്ദ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മത്സ്യമാർക്കറ്റിൽ നിന്നും 2022-23 വർഷത്തിൽ ഡിപ്പാർട്ട്മെന്റ് പിരിവ് നടത്തുന്നതിന് വേണ്ടി റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തിയിരുന്നു. മത്സ്യമാർക്കറ്റിൽ കച്ചവടം നടത്തുന്നത് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും മാർക്കറ്റിന് സമീപത്തായി അനധികൃത മത്സ്യകച്ചവടം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 02.09.2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് മൂലം നഗരസഭക്ക് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതിനാൽ അടിയന്തിരമായി അനധികൃത കച്ചവടം ഒഴിപ്പിക്കേണ്ടതും പ്രസ്തുത വിവരം റവന്യൂ-നോൺ-ടാക്സ് വിഭാഗത്തിൽ അറിയിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് ഡെപ്യൂട്ടി സെക്രട്ടറി ഹെൽത്ത് ഓഫീസർക്ക് 29.09.2022 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാകാത്തതിനാൽ 22.12.2022 ന് ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു. എന്നാൽ ഇത് സംബന്ധിച്ച് തുടർനടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഹെൽത്ത് ഓഫീസർ സമയബന്ധിതമായി അനധികൃത മത്സ്യകച്ചവടം ഒഴിപ്പിച്ചിരുന്നെങ്കിൽ എരഞ്ഞിപ്പാലം മത്സ്യമാർക്കറ്റിൽ നിന്നും മാർക്കറ്റ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടാൻ ഇടവരില്ലായിരുന്നു. ഇക്കാര്യത്തിൽ ഹെൽത്ത് ഓഫീസർ വേണ്ട നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 105/22-23 തീയ്യതി 20.11.2023 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ ലേലനടപടികൾ ആരംഭിക്കുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-36-2 മത്സ്യമാർക്കറ്റ് ലേലം - മത്സ്യവിൽപനക്കാരിൽ നിന്നും ലേല നിബന്ധനകൾ പ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല.

എലത്തൂർ സോണൽ ഓഫീസിന് കീഴിൽ വരുന്ന എലത്തൂർ മത്സ്യമാർക്കറ്റ് 2022-23 വർഷത്തേക്ക് ലേലം ചെയ്യുന്നതിനായി 02.03.2022 ന് നടത്തിയ ലേലത്തിലും, 24.03.2022ന് നടത്തിയ പുനർ ലേലത്തിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ 31.03.2022ന് ഓഫർ സ്വീകരിച്ചെങ്കിലും ആരും ഓഫർ സമർപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ ഇൻസ്പക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേഖലാ ഓഫീസിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ദിവസേന മാർക്കറ്റിലെ ഓരോ കച്ചവടക്കാരിൽ നിന്നും 25രൂപ വീതം രശീതി നൽകി പിരിച്ചെടുക്കുകയാണ് ചെയ്തിരിക്കുന്നത്.

കോഴിക്കോട് നഗരസഭാ പരിധിയിലെ (സോണൽ ഓഫീസ് ഉൾപ്പെടെ) ബസ്സ്റ്റാന്റ്,മാർക്കറ്റ് മുതലായ വാർഷിക വരവിനങ്ങളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം സാമ്പത്തിക വർഷത്തിൽ ലേലം/ടെണ്ടർ ചെയ്തുനൽകുന്നതിനുള്ള നിബന്ധനകൾ 11.02.2022ലെ എ6/85866/20 നമ്പർ പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലെ നിബന്ധന 24 പ്രകാരം സെൻട്രൽ മാർക്കറ്റിൽ നിന്നും ഒരു ബോക്സ് മത്സ്യത്തിന് 5 രൂപയും മറ്റുള്ള മാർക്കറ്റുകളിൽ നിന്നും ഒരു ബോക്സ് മത്സ്യത്തിന് 25രൂപയുമാണ് ഈടാക്കാവുന്നത്. എലത്തൂർ മത്സ്യമാർക്കറ്റ് ആരും തന്നെ ലേലം കൊണ്ടിട്ടില്ലാത്തതിനാലും മത്സ്യകച്ചവടക്കാരിൽ നിന്നും നേരിട്ട് ഫീ ഈടാക്കുന്നതിനാലും ഒരുബോക്സ് മത്സ്യത്തിന് ലേല നിബന്ധനപ്രകാരമുള്ള 25രൂപയാണ് ഈടാക്കേണ്ടത്. ആയതിന് വിരുദ്ധമായി ഒരു കച്ചവടക്കാരനിൽ നിന്നും ഒരു ദിവസത്തേക്ക് 25രൂപ ഫീ ആയി ഈടാക്കുന്നത് മൂലം നഗരസഭക്ക് സാമ്പത്തിക വർഷം നല്ലൊരു തുക മാർക്കറ്റ് ഫീ ഇനത്തിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. നിലവിലും ഇതേ രീതിയിലാണ് മാർക്കറ്റ് ഫീ ഈടാക്കിക്കൊണ്ടിരിക്കുന്നത്. നിബന്ധനകൾക്ക് വിരുദ്ധമായി മാർക്കറ്റ് ഫീ

ഈടാക്കുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഒ.എസ്.നമ്പർ 83 Dt 25.10.23)നൽകിയ മറുപടിയിൽ കച്ചവടക്കാ രാരും തന്നെ ഒരുദിവസം ഒരു പെട്ടിമത്സ്യത്തിൽ കൂടുതൽ വിൽക്കാറില്ലെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.ഓഡിറ്റ് സമയത്ത് ഇക്കാര്യം അന്വോഷിച്ചതിൽ മത്സ്യകച്ചവടക്കാരാരും തന്നെ മത്സ്യപെട്ടിയുടെ അടിസ്ഥാനത്തിൽ തുക നൽകാൻ തയ്യാറാവുന്നില്ലെന്ന് പിരിവിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ എലത്തൂർ മത്സ്യമാർക്കറ്റ് ആരുംതന്നെ ലേലം പിടിക്കാത്ത സാഹചര്യത്തിൽ നഗരസഭയിൽ പൊതുലേല നിബന്ധനപ്രകാരം പെട്ടി ഒന്നിന് 25 രൂപ നിരക്കിൽ തുകഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

1-36-3 അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതെ മത്സ്യ ബീഫ് മാർക്കറ്റുകളിൽ ലേലനടപടികൾ കൈക്കൊണ്ടു - നഗരസഭക്ക് വരുമാന നഷ്ടം.

ഫയൽ നം. CZ/B1/10030/21

ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയ പരിധിയിലെ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ /സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 2022-23 വർഷത്തേക്ക് ലേലം/ടെണ്ടർ നടത്തി ഏൽപ്പിച്ചു കൊടുക്കുന്നതിന് 15-2-2022 -ന് (B1/1219/22) പൊതു ലേലം/ ടെണ്ടർ പരസ്യം നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22-3-2022 - ന് 11 മണിക്ക് മേഖല കാര്യാലയ പരിധിയിലെ മത്സ്യ ബീഫ് സ്റ്റാളുകളിലേക്കുള്ള ലേലം നടക്കുകയും ചെയ്തു. എന്നാൽ ലേലത്തിൽ പങ്കെടുത്തവരുടെ എണ്ണം വളരെ കുറവായിരുന്നതിനാലും മത്സരാധിഷ്ഠിത ലേലം നടക്കാതിരുന്നതിനാലും 14-3-2022-ന് പുനർ ലേലം നടത്തി.

വെള്ളം, വൈദ്യുതി, ശൗചാലയം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ മത്സ്യ ബീഫ് സ്റ്റാളുകൾ ലേലം ചെയ്തതിനാൽ വളരെ കുറച്ച് ആളുകൾ മാത്രമാണ് ലേലത്തിലും പുനർ ലേലത്തിലും പങ്കെടുത്തിട്ടുള്ളത്. മാത്രമല്ല കൂടുതൽ ആളുകൾ ലേലം വിളിക്കാൻ തയ്യാറാവാതിരുന്നതിനാൽ നഗരസഭ നേരത്തെ നിശ്ചയിച്ച മുഖവില പോലും കുറച്ച് പുനർ നിർണ്ണയിച്ച ശേഷമാണ് കുണ്ടായിത്തോട് മത്സ്യ മാർക്കറ്റും ചെറുവണ്ണൂർ മത്സ്യ മാർക്കറ്റും പുനർ ലേലത്തിൽ വിളിച്ചെടുക്കുവാൻ ആളുകൾ തയ്യാറായത്. എന്നാൽ റഹിമാൻ ബസാർ മത്സ്യ മാർക്കറ്റും ബീഫ് സ്റ്റാളും 2022-23 വർഷത്തിൽ ലേലം വിളിച്ച് ഏറ്റെടുക്കാൻ ആരും തയ്യാറായതുമില്ല. അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ലേല നടപടികളിലേക്ക് കടന്നതാണ് നഗരസഭക്ക് വരുമാന നഷ്ടമുണ്ടാകുന്ന വിധത്തിൽ മത്സരാധിഷ്ഠിത ലേലം നടത്താൻ കഴിയാതെ പോയതിന്റെയും റഹിമാൻ ബസാർ മത്സ്യ ബീഫ് മാർക്കറ്റുകൾ ആരും ലേലം വിളിച്ച ഏറ്റെടുക്കാതിരുന്നതിന്റെയും കാരണം. ഫയൽ പരിശോധിച്ചതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മത്സരാധിഷ്ഠിത ലേലം നടക്കാത്ത സാഹചര്യത്തിൽ ലേലത്തിൽ പങ്കെടുത്ത എല്ലാവർക്കും EMD തിരിച്ചു നൽകുകയും പുനർലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തു. മുഖവിലയായി നിശ്ചയിച്ച തുക അധികമാണെന്ന കാരണത്താൽ ലേലത്തിൽ പങ്കെടുത്തവർ ആരും തന്നെ ലേലം വിളിക്കാൻ തയ്യാറാകാതിരുന്നതിനാൽ 2021-22 വർഷത്തെ തുക തന്നെ മുഖവിലയായി നിശ്ചയിച്ച് ലേലം നടത്തുന്ന കാര്യം പരിഗണിക്കാൻ കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14-3-2022-ന് നടത്തിയ പുനർ ലേലത്തിൽ ചെറുവണ്ണൂർ കുണ്ടായിത്തോട് മത്സ്യ മാർക്കറ്റുകൾക്കുവേണ്ടി 2 ആളുകൾ വീതം ലേലത്തിൽ പങ്കെടുത്തു. എന്നാൽ റഹിമാൻ ബസാർ മത്സ്യ മാർക്കറ്റ്, ബീഫ് സ്റ്റാൾ എന്നിവയുടെ പുനർലേലത്തിലും ആരും തന്നെ പങ്കെടുത്തില്ല.

ചെറുവണ്ണൂർ നല്ലളം മേഖലാ കാര്യാലയ പരിധിയിലുള്ള കുണ്ടായിത്തോട്, ചെറുവണ്ണൂർ, റഹിമാൻ ബസാർ മത്സ്യ മാർക്കറ്റുകളിലും റഹ്മാൻ ബസാർ ബീഫ് സ്റ്റാളിലും വെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല എന്നും ഇക്കാര്യം നിരവധി തവണ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെങ്കിലും നാളിതുവരെയായിട്ടും നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്നും ഇക്കാര്യം കൊണ്ട് തന്നെ ലേലത്തിൽ പങ്കെടുക്കാൻ ആളുകൾ തയ്യാറാകാത്ത അവസ്ഥ ഉണ്ടാകുന്നുവെന്നും ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്ത പക്ഷം

നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടം ഉണ്ടാവാനുള്ള സാധ്യത ഇതുമൂലം ഉണ്ട് എന്നുമുള്ള റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സോണൽ ഓഫീസ് ജീവനക്കാരുടെ സാന്നിധ്യത്തിൽ 12.10.2023 ന് ചെറുവണ്ണൂർ, കുണ്ടായിത്തോട് മത്സ്യ മാർക്കറ്റുകളിലും റഹിമാൻ ബസാർ മത്സ്യ ബീഫ് മാർക്കറ്റുകളിലും ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ശരിവെയ്ക്കുന്ന കാര്യങ്ങളാണ് ബോധ്യപ്പെട്ടത്. കുണ്ടായിത്തോട് മത്സ്യമാർക്കറ്റ്, ചെറുവണ്ണൂർ മത്സ്യമാർക്കറ്റ്, റഹിമാൻ ബസാർ മത്സ്യ ബീഫ് മാർക്കറ്റ് എന്നിവിടങ്ങളിൽ വെള്ളം ലഭ്യമല്ല. ലേലം കൊണ്ടയാളുകൾ സ്വന്തം നിലയ്ക്കാണ് വൈദ്യുതി ലഭ്യമാക്കി ഉപയോഗിക്കുന്നത്. ചെറുവണ്ണൂർ മത്സ്യമാർക്കറ്റിൽ വൃത്തിഹീനമായ അന്തരീക്ഷമാണ് ഉള്ളത്. ബാത്റൂം സൗകര്യം ഒരു മാർക്കറ്റിലും ഏർപ്പെടുത്തിയിട്ടില്ല. വെള്ളവും ബാത്റൂം സൗകര്യവും ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായും നിരവധി തവണ ഈ ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടും നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചില്ലെന്നും മാർക്കറ്റിൽ കച്ചവടം ചെയ്യുന്ന തൊഴിലാളികൾ അറിയിച്ചു. ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്ത പക്ഷം ഭാവിയിലും മാർക്കറ്റുകളുടെ ലേലത്തിൽ പങ്കെടുക്കാൻ ആളുകൾ തയ്യാറാവാതിരിക്കുകയും നഗരസഭ നിശ്ചയിക്കുന്ന മുഖവില ലഭിക്കാതിരിക്കുകയും മത്സരാധിഷ്ഠിത ലേലം നടക്കാത്തതുകൊണ്ട് വലിയ വരുമാന നഷ്ടം ഉണ്ടാവുന്ന അവസ്ഥ ആവർത്തിക്കുകയും ചെയ്യും. ആയതിനാൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതിനും മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനുമായി നൽകിയ ഒ.എസിന്(ഒ.എസ് നം.72/2022-23 തീ.20/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36-4 മത്സ്യമാർക്കറ്റ് /കംഫർട്ട് സ്റ്റേഷൻ ലേലം പൊതു അപാകതകൾ

ബേപ്പൂർ മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട മത്സ്യമാർക്കറ്റ്/കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ലേല നോട്ടീസ്, ലേല ഡയറി, എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലേല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2022-23ൽ നടത്തിയ ലേലങ്ങളിലൊന്നും ലേല നോട്ടീസ്, ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലേല നടപടികളുടെ സുതാര്യത ഉറപ്പുവരുത്താനായിട്ടില്ല.

2.ലേലം കൊണ്ട വ്യക്തിയുമായി കരാറിൽ ഏർപ്പെടുന്നില്ല.

ബേപ്പൂർ മത്സ്യമാർക്കറ്റ് ഏൽപ്പിച്ചു നൽകിയ ശ്രീ എ.സി ഹസ്സൻ, ബേപ്പൂർ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഏറ്റെടുത്ത ശ്രീ അലീം, അരക്കിണർ ഫിഷ് മാർക്കറ്റ് ഏറ്റെടുത്ത ശ്രീ മാമുക്കോയ, മാത്തോട്ടം ഫിഷ് മാർക്കറ്റ് ഏറ്റെടുത്ത ശ്രീ മുഹമ്മദ് അഷറഫ് എന്നിവരുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് പിന്നീട് നിയമ പ്രശ്നങ്ങൾക്ക് വഴിവെക്കാൻ ഇടയാക്കുന്നതുമാണ്.

3.ഡെപ്പോസിറ്റ് തുക തിരികെ നൽകിയില്ല.

ബേപ്പൂർ മത്സ്യമാർക്കറ്റിന്റെ നടത്തിപ്പ് ഏൽപ്പിച്ച് നൽകിയ ശ്രീ എ.സി ഹസ്സൻ എന്നവർ ഓഫർ ലെറ്ററിനോടൊപ്പം ഡെപ്പോസിറ്റായി നൽകിയ കനറാബാങ്കിന്റെ 075476/24.03.22 നമ്പറിലുള്ള 1003.75 രൂപയുടെ ഡി.ഡി. ബാങ്കിൽ സമർപ്പിക്കാതെ ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. ലേലക്കാരൻ 01.04.23ന് ഡെപ്പോസിറ്റ് തുക തിരികെ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടും ഇതുവരെയും തിരികെ നൽകിയിട്ടില്ല.

4.ജി.എസ്.ടി. ഈടാക്കിയില്ല.

ബേപ്പൂർ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഏറ്റെടുത്ത ശ്രീ അലീം, അറക്കൽ തൊടുക എന്നയാൾ ലേല തുകയായ 25000/- രൂപയും ജി.എസ്.ടി. 4500/- രൂപയും ഉൾപ്പെടെ 29500/- രൂപ അടവാക്കണമെന്ന് 01.06.22ലെ BZ/G2/3854/22 നമ്പർ കത്തിലൂടെ റവന്യൂ ഇൻസ്പെക്ടർ ആവശ്യപ്പെട്ടെങ്കിലും 25000/- രൂപ (122080103823/28.6.22) മാത്രമാണ് അടവാക്കിയിട്ടുള്ളത്. ജി.എസ്.ടി. 4500/- രൂപ ഈടാക്കിയതായി

കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

5.എഗ്രിമെന്റ് ഇല്ലാതെയും ലേലതുക അടവാക്കാതെയും പത്ത് മാസം മാർക്കറ്റ് കൈവശം വെച്ച് ഉപയോഗിച്ച.

ഫയൽ നം.BZ/G2/519/2022

മാത്തോട്ടം ഫിഷ് മാർക്കറ്റിന്റെ 2022-23 ലേക്കുള്ള നടത്തിപ്പിനുള്ള ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ
ശ്രീ മുഹമ്മദ് അഷറഫ് 24.3.22ന് നൽകിയ 46000/- രൂപയുടെ ഓഫർ ലെറ്ററിന്റെ അടിസ്ഥാനത്തിൽ, നഗരസഭയുടെ രേഖാപരമായ അനുവാദമില്ലാതെ 01.04.2022 മുതൽ മാർക്കറ്റ് കൈവശം വെച്ച് ഉപയോഗിച്ചിരുന്നു. എന്നാൽ 09.01.2023ലെ 11ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് മാർക്കറ്റ് ഇദ്ദേഹത്തിന് അനുവദിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 31.01.2023 ന് ജി.എസ്.ടി ഉൾപ്പെടെ 54280/- അടവാക്കി. (Rt.No.1220801103920-46000+8280 GST)

യഥാസമയം കൗൺസിലിന്റെ അംഗീകാരം വാങ്ങി ലേലക്കാരനുമായി എഗ്രിമെന്റ് വെക്കാതെയാണ് ഇത്രയും കാലം മാർക്കറ്റ് നടത്താനനുവദിച്ചത്. അതുപോലെ ലേലതുക ഈടാക്കുന്നതിലും വീഴ്ച സംഭവിച്ചതായി കാണുന്നു. പണം അടവാക്കുന്നതിലുണ്ടായ കാലതാമസത്തിന് ഫൈൻ ഈടാക്കിയതായും കാണുന്നില്ല. നഗരസഭ അധീനതയിലുള്ള മാർക്കറ്റ് യാതൊരുവിധ രേഖയുമില്ലാതെയും പണം അടവാക്കാതെയും കൈവശം വെച്ച് ഉപയോഗിക്കാൻ അവസരം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.63/22-23 തീ:17.10.2023) ലഭ്യമാക്കിയ മറുപടിയിൽ ലേലഡയറിയും നോട്ടീസും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ടെന്നും യഥാസമയം എഗ്രിമെന്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാത്തതിനാലാണ് കരാറിൽ ഏർപ്പെടാൻ സാധിക്കാതെ വന്നതെന്നും മാത്തോട്ടം മത്സ്യമാർക്കറ്റ് ലേലതുക അടവാക്കാൻ കാലതാമസം വന്നത് കൗൺസിൽ തീരുമാനം വൈകിയതിനാലാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ശരിവെക്കുന്നതരത്തിലാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നഗരസഭാ ആസ്തികൾ ലേലം ചെയ്തു നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതും നഗരസഭക്ക് നഷ്ടം സംഭവിക്കാത്ത തരത്തിൽ കൈകാര്യം ചെയ്യേണ്ടതുമാണ്.

1-37 സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകൽ.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ മുതലക്കുളം മൈതാനിയുടെ എതിർവശത്തായി റീസർവ്വേ 8/5,8/4 നമ്പറിലുള്ള 8.503 ആർ സ്ഥലത്ത് സ്വകാര്യ വണ്ടിത്താവളം നടത്തുന്നതിന് ശ്രീ.കെ.പി.സിദ്ദീഖ്, പുളിയമ്പ്രം ,പി.ഒ പെരിങ്ങത്തൂർ ,തലശ്ശേരി എന്നയാൾക്ക് 21-7-2022 ലെ എ36/2411/17 നമ്പർ ഉത്തരവ് 2022-23 വർഷത്തേക്ക് കോർപ്പറേഷൻ അനുമതി പുതുക്കി നൽകിയിട്ടുണ്ട്. അപേക്ഷ അംഗീകരിച്ച് കൊണ്ടുള്ള കൗൺസിൽ തീരുമാനത്തിന്റെ ( 28-06-2022 തീരുമാനം നം.44) കുറിപ്പായി 10000 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കണമെന്ന് രേഖപ്പെടുത്തിയതിന് സെക്ഷൻ നൽകിയ കുറിപ്പിൽ ,ഡെപ്പോസിറ്റ് ഇനത്തിൽ 25-08-2020 ൽ 10000 രൂപ അടവാക്കിയ രസീതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിഗണിക്കാതെ വീണ്ടും ഭൂ ഉടമയിൽ നിന്നും ഡെപ്പോസിറ്റ് ഇനത്തിൽ 18-07-2022 ന് 122061100376 നമ്പർ റസീപ്റ്റ് പ്രകാരം 10000 രൂപ ഈടാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 475(5) പ്രകാരം സ്വകാര്യ വണ്ടിത്താവളം നടത്തുന്നതിന് പരമാവധി 3000 രൂപ പ്രതിവർഷം ഫീസിനത്തിൽ ഈടാക്കാവുന്നതും ഈ തുക 122341100385 Dt 06/7/2022 പ്രകാരം അപേക്ഷകൻ അടവാക്കിയതുമാണ്.

നിയമപ്രകാരം ലൈസൻസ് ഫീ മാത്രമേ ഈടാക്കേണ്ടതുള്ളൂ എന്നിരിക്കെ രണ്ട് തവണ ഡെപ്പോസിറ്റ് ഫീ ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.119/22-23 തി. 28-11-2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 ബസ് സ്റ്റാന്റ് ഫീ - കരാറുകാരനിൽ നിന്നും G.S.T. ഈടാക്കിയതിൽ കുറവ്

കോഴിക്കോട് നഗരസഭ എലത്തൂർ മേഖലാ ഓഫീസ് പരിധിയിലുള്ള എലത്തൂർ ബസ് സ്റ്റാന്റിൽ നിന്നും 2022-23 വർഷത്തേക്ക് ഫീ പിരിക്കുന്നതിനുള്ള ലേലം 02.03.2022 ന് നടന്നു. ലേലത്തിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ 14.03.2022ന് പുനർലേലം നടത്തിയെങ്കിലും ഇതിലും ആരും പങ്കെടുത്തില്ല. ആയതിനാൽ 24.03.2022ന് ഓഫർ ക്ഷണിച്ചതിൽ ഏറ്റവും കൂടിയ ഓഫർ സമർപ്പിച്ച ടി.പി നരേന്ദ്രൻ എന്നയാളുടെ 70,000/- രൂപയുടെ ഓഫർ കൗൺസിൽ അംഗീകരിക്കുകയും കരാറുകാരനുമായി എഗ്രിമെന്റ് വെക്കാൻ തിരുമാനിക്കുകയും ചെയ്തു. എന്നാൽ തയ്യാറാക്കിയ കരാറുടമ്പടിയിൽ നഗരസഭക്ക് വേണ്ടി ആരും തന്നെ ഒപ്പിട്ടിട്ടില്ല. ലേല നിബന്ധനപ്രകാരം കരാർ തുകയുടെ 50 % മുൻകൂറായി അടവാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 40,000/- രൂപ ടിയാൻ 24.03.2022 ന് ഓഫർ സമർപ്പിച്ച തിയ്യതിയിൽ തന്നെ അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക അടവാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അടവാക്കാനവശേഷിക്കുന്ന 30,000/- രൂപയും ആയതിന്റെ ജി.എസ്.ടി വിഹിതമായ 5,400/- രൂപയും 70,000/- രൂപയുടെ 2% I.T ഇനത്തിൽ 1,400/- രൂപയും ഉൾപ്പടെ ആകെ 36,800/- രൂപ 02.06.2022ന് അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഫർ അംഗീകരിച്ച സമയത്ത് അടവാക്കിയ 40,000/- രൂപയുടെ ജി.എസ്.ടി. വിഹിതം കരാറുകാരൻ അടവാക്കാത്തതിനാൽ ഈ ഇനത്തിൽ 7,200/- (40000 X 18%) രൂപ കുറവായി ഈടാക്കിയതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (ഒ.എസ്.നമ്പർ 82/dt 25.10.23) ടിയാന്റെ ഡപ്പോസിറ്റ് തുകയിൽ നിന്നും ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 വാണിജ്യകെട്ടിടങ്ങളിൽ നിന്നും വാട്ടർചാർജിനത്തിൽ വൻതുക കുടിശ്ശിക

കോഴിക്കോട് നഗരസഭ ഉടമസ്ഥതയിലുള്ള അംബേദ്ക്കർ, വികാസ്, സാമൂരിയൻസ് സ്ക്വയർ എന്നീ വാണിജ്യകെട്ടിടങ്ങളിലെ മുറികളിലെ വാടകക്കാരുടെ/ലൈസൻസികളുടെ വെള്ളക്കരം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ വാടകക്കാർ ഉപയോഗിച്ച വെള്ളത്തിന്റെ ചാർജ്ജ് നഗരസഭ കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ ശേഷം ലൈസൻസികളിൽ നിന്നും തുക ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. പ്രസ്തുത രീതിയ്ക്ക് മാറ്റം വരുത്തി ഓരോ ലൈസൻസിയും പ്രത്യേകം വാട്ടർ കണക്ഷൻ എടുക്കേണ്ടതാണ് എന്ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ 10.06.2021 ലെ A38/3525/H7/85/CDA നമ്പർ അറിയിപ്പ് അംബേദ്ക്കർ, വികാസ്, സാമൂരിയൻസ് സ്ക്വയർ എന്നീ വാണിജ്യ കെട്ടിടത്തിലെ ലൈസൻസികൾക്ക് നിർദ്ധേശം നൽകിയതായി ഫയലിൽ കാണുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത രീതിയ്ക്ക് മാറ്റം വന്നിട്ടില്ല. മാത്രമല്ല മേൽ കെട്ടിടങ്ങളിലെ 7/2021 മുതൽ 8/2022 വരെയുള്ള വെള്ളക്കരം ലൈസൻസികളിൽ നിന്നും തിരികെ ഈടാക്കുന്നതിന് 29.12.2022ന് നോട്ടീസ് നൽകിയതായി കാണുന്നെങ്കിലും പ്രസ്തുത തുകകൾ അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. 29.12.2022ന് നൽകിയ നോട്ടീസുപ്രകാരം വിവിധ കെട്ടിടങ്ങളിലെ ലൈസൻസികൾ അടവാക്കേണ്ട വെള്ളക്കരത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

1.അംബേദ്ക്കർവാണിജ്യകെട്ടിടം (നോട്ടീസ് നമ്പർA38/9610/H1/93 Dt 29.12.2022)

| കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | തുക |
|---|---|---|
| എ1 | തോമസ് പി ഹിലാരിയോസ് | 399 |
| എ2 | തോമസ് പി ഹിലാരിയോസ് | 399 |
| എ3 | അബ്ദുൾ അസീസ് | 399 |

| | | |
|---|---|---|
| എ4 | നൗഷാദ്,മുഹമ്മദ് റഫീഖ് | 399 |
| എ5 | ഹാൻവീവ് | 399 |
| എ6 | പി.എം.ഉസ്മാൻ | 399 |
| എ7 | എം.വി മുഹമ്മദലി | 399 |
| ബി1 | ദിനേഷ് കുമാർ കാർത്തി | 399 |
| ബി2 | ദിനേഷ് കുമാർ കാർത്തി | 399 |
| ബി3 | ദിനേഷ് കുമാർ കാർത്തി | 399 |
| ബി4 | കോമളവല്ലി | 399 |
| ബി5 | കെ.സുനിൽ | 399 |
| ബി6 | നജീമ,റസൽ ഗഫൂർ | 399 |
| സ്റ്റെയർകേസ് | മുഹമ്മദ് കെ.സി | 622 |
| ഒന്നാം നില | പി.എൻ.ബി മാനേജർ | 40686 |
| ഒന്നാം നില | സഫാൻ അബ്ദുൾ സലാം | 3313 |
| രണ്ടാം നില | കെ.എസ്.എഫ്.ഇ | 31234 |
| മൂന്നാം നില | കെൽട്രോൺ | 47652 |
| മൂന്നാം നില | കെൽട്രോൺ | 10614 |
| | ആകെ | 1,39,308 |

2.വികാസ് വാണിജ്യകെട്ടിടം (നോട്ടീസ് നമ്പർ A38/3525/H7/85 Dt 29.12.2022)

| കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | തുക |
|---|---|---|
| എ1 | ശ്രീ.എം.ദിനേശ് | 1215 |
| എ2 | ശ്രീ.എ.പി ഡേവിഡ് | 1215 |
| എ3 | ശ്രീ.എ.പി വർഗ് ഗീസ് | 1215 |
| എ4 | ശ്രീ.ബിമൻഷാ | 1215 |
| എ5 | ശ്രീ.ബിമൻഷാ | 1215 |
| എ6 | ശ്രീ.മുഹമ്മദ് അസ്ലം | 1215 |
| എ7 | ശ്രീ.എ.ഗോപാലകൃഷ്ണൻ | 1215 |
| എ8 | ശ്രീ.കെ.സി.ചാക്കോ | 1215 |
| എ9 | ശ്രീമതി.ലവീണ രമേഷ് | 1215 |
| എ10 | ശ്രീമതി.ലവീണ രമേഷ് | 1215 |
| എ11 | ശ്രീ.ധർമ്മരാജ് കെ.വി | 1215 |
| എ12 | ശ്രീ.മുഹമ്മദ് നജീബ് | 1215 |
| എ13 | ശ്രീ.കെ.കെ.സോമൻ | 1215 |
| എ14 | ശ്രീ.രാജേന്ദ്രൻ | 1215 |
| എ15 | ശ്രീ.രാജേന്ദ്രൻ | 1215 |
| ബി1 | ശ്രീ.ഇ.പി ഹാരിസ് | 715 |
| ബി2 | ശ്രീ.ഇ.പി ഹാരിസ് | 715 |
| ബി3 | ശ്രീമതി.സുലേഖാ ബീവി | 715 |
| ബി4എ | ശ്രീ.ബിമൽഷാ | 715 |
| ബി4ബി | ശ്രീ.അനിൽകുമാർ | 715 |
| ബി5 | ശ്രീമതി.രാധ ടി.കെ,ശ്രീമതി.പ്രഭിത.എ,ശ്രീ.അനന്തു | 715 |
| ബി6 | ശ്രീ.കെ.കെ.ശശീന്ദ്രൻ | 715 |
| ബി7 | ശ്രീ.അബ്ദുൽ സത്താർ | 715 |
| ബി8 | ശ്രീ.ശിവദാസൻ | 715 |
| ബി9 | ശ്രീ.വി.വി ഉമേഷ്,ശ്രീ.സുനിൽ | 715 |
| ബി10 | ശ്രീ.മുഹമ്മദ് നജീബ് | 715 |
| ബി11 | ശ്രീമതി.സി.എം റോഷ്നി | 715 |
| ബി12 | ശ്രീ.എം.വി.അക്ബർ | 715 |
| ബി13 | ശ്രീ.എം.വി.അക്ബർ | 715 |
| ബി14 | ശ്രീ.ഇ.പി ഹാരിസ് | 715 |

| | | |
|---|---|---|
| ബി15 | ശ്രീ.ഉസ്മാൻ കോയ | 715 |
| ബി16 | ശ്രീ.അബ്ദുൾ മനാഫ് | 715 |
| ബി17 | ശ്രീ.നിതിൻ | 715 |
| രണ്ടാം നില | ശ്രീ.എൻ പി ശ്രീജിത്ത് | 12426 |
| രണ്ടാം നില | ശ്രീ.ഹരീഷ് കുമാർ | 16127 |
| ഒന്നാം നില | ശ്രീ.അസ്ലം ഫവാസ് | 7595 |
| രണ്ടാം നില | ഐ.സി.ഡി.എസ് | 2428 |
| രണ്ടാം നില | കെ.എസ്.ബി.സി.ഡി.സി | 19891 |
| രണ്ടാംനില | അഡ്വ.സുഭാഷ് | 2394 |
| മൂന്നാം നില | ശ്രീ.സുജിത്ത് കുമാർ | 2394 |
| മൂന്നാം നില | ശ്രീ.റുഫാസ് | ------ |
| മൂന്നാം നില | ശ്രീ.മാത്യുവിനോദ് | 17477 |
| മൂന്നാം നില | ഇൻറെഗ്രൽ | 26574 |
| മൂന്നാം നില | ടെക്നോ വേൾഡ് ഐ.ടി | 14404 |
| ആകെ | | 1,52,805 |

കുറിപ്പ്-മൂന്നാം നിലയിലെ ശ്രീ.റുഫാസ് എന്ന ലൈസൻസിയുടെ തുക രേഖപെടുത്തിയിട്ടില്ല.

3.സാമൂരിയൻസ് സ്ക്വയർ വാണിജ്യകെട്ടിടം (നോട്ടീസ്നമ്പർ A38/14920/H3/99/KMC Dt 29.12.2022)

| കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | തുക |
|---|---|---|
| 1 | സൺ അമ്പ്രല്ല | 756 |
| 2 | സൺ അമ്പ്രല്ല | 756 |
| 3 | അബ്ദുൾ അസീസ് | 763 |
| 4 | അബ്ദുൾ അസീസ് | 759 |
| 5 | സിറ്റി സർവ്വീസ് കോ-ഓപ്റേറ്റീവ് ബാങ്ക് | 774 |
| 6 | ഷാജി.കെ.വി | 760 |
| 7 | ലേബർ ഓഫീസ് | 770 |
| 8 | നിഷാദ്.എം | 763 |
| 9 മുതൽ14വരെ | സിറ്റി സർവ്വീസ് കോ-ഓപ്റേറ്റീവ് ബാങ്ക് | 3468 |
| 15 | ശ്രീനിക | 754 |
| സ്റ്റെയർകേസ് | സന്ധ്യ | 440 |
| ഒന്നാം നില | കൃഷ്ണൻകുട്ടി | 16460 |
| ഒന്നാം നില | കെ.എൻ.ആർ.കെ ബോർഡ് | 537 |
| ഒന്നാം നില | വിനോദ് കുമാർ കെ.കെ | 2745 |
| ഒന്നാം നില | അഡ്വ.ദിനേഷൻ | 2745 |

| | | |
|---|---|---|
| രണ്ടാംനില | വിനോദ് കുമാർ | 7057 |
| രണ്ടാം നില | നിറവ് | 2848 |
| രണ്ടാം നില | അക്ഷയ ഓഫീസ് | 2745 |
| മൂന്നാം നില | പി.സി.ബി | 16317 |
| | ആകെ | 62,217 |

മേൽ വിവരിച്ച മൂന്ന് വാണിജ്യകെട്ടിടങ്ങളിലായി 8/2022 വരെ ആകെ (139308 + 152805 + 62217) = 3,54,330/- രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയായി കാണുന്നു. അതിന് ശേഷവും ലൈസൻസികൾ വെള്ളക്കരം നഗരസഭയിൽ അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഫയലിൽ 15.02.2023 ന് എഴുതിയ കുറിപ്പിൽ "വെള്ളക്കരം പിഴ സഹിതം ലൈസൻസികളിൽ നിന്നും ഈടാക്കുന്നതിനും ഇതുവരെ അടവാക്കിയ തുകയുടെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തുന്നതിനും സെക്ഷനോട് നിർദ്ദേശിക്കാവുന്നതാണ്" എന്ന് കുറിപ്പെഴുതിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിശദാംശങ്ങൾ ഇപ്പോഴും ഫയിലിൽ ചേർത്തിട്ടില്ല. ഈടാക്കാനുള്ള വെള്ളക്കരം ഈടാക്കിയിട്ടുണ്ടെങ്കിൽ രസീറ്റ് നമ്പർ സഹിതം മറുപടി നൽകേണ്ടതും ഓരോ ലൈസൻസിക്കും പ്രത്യേകം കണക്ഷൻ എടുക്കുന്നതിലെ പുരോഗതി അറിയിക്കുന്നതിനും വേണ്ടി നൽകിയ 131/22-23 ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-40 സ്വകാര്യ ആശുപത്രിയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3, 4, 5 പ്രകാരം സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും അപേക്ഷകളും, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുത്തതിന്റെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ഹെൽത്ത് സർക്കിൾ 3 ലെ ഡോ.കെ.ജി.അലക്സാണ്ടറുടെ ഉടമസ്ഥതയിലുള്ള ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ (63/3568, 3572, 3588) സ്വകാര്യ

ആശുപത്രിയുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടം 5 പ്രകാരം പുതുക്കേണ്ട 5 വർഷ കാലാവധി കഴിഞ്ഞിട്ടും) പുതുക്കിയതായി കാണുന്നില്ല.

സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സെക്ഷൻ 314 പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും കുറ്റസ്ഥാപനത്തിന്മേൽ 5,000/- രൂപ വരെയുള്ള പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതും അപ്രകാരം കുറ്റസ്ഥാപനം നടത്തപ്പെട്ട ശേഷം ആ കുറ്റം തുടർന്നും ചെയ്യുന്ന ഓരോ ദിവസത്തിനും 1,000/- രൂപ വരെയുള്ള പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്. ആയതിനാൽ ടി ആശുപത്രി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലെങ്കിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കി ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കാതെയോ/ പുതുക്കാതെയോ പ്രവർത്തിക്കുന്നതിന്റെ വിശദവിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ഞെളിയൻ പറമ്പ് പ്ലാന്റിലെ വളം വിൽപ്പന -തുകയുടെ കൃത്യത പരിശോധിക്കാനായി രേഖകൾ ലഭ്യമാക്കിയില്ല

ഫയൽ നം. CZ-B3/10788/19

ചെറുവണ്ണൂർ നല്ലളം മേഖലയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഞെളിയൻ പറമ്പ് MSWT പ്ലാന്റിൽ മാലിന്യത്തിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളം ഏറ്റെടുത്ത് നീക്കം ചെയ്യുന്നതിന് ഉയർന്ന നിരക്കുകൾ രേഖപ്പെടുത്തിയ ഗ്രീൻ യീൽഡ് കോർപ്പറേഷൻ, (2600/MT), ദിനേശൻ.എം.പി (2600/MT) ഭാസ്കരൻ.വി (2500/MT) എന്നീ മൂന്ന് പേരുമായി ആരോഗ്യകാര്യസ്ഥിരം സമിതി നെഗോസിയേഷൻ നടത്തിയതിൻ പ്രകാരം ഉയർന്ന നിരക്കായ ടണ്ണിന് 3011/MT നല്കാമെന്നറിയിച്ച ഗ്രീൻ യീൽഡ് കോർപ്പറേഷന്റെ ക്വട്ടേഷൻ അംഗീകാരത്തിനായി 21-3-2022-ലെ 13-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും 20-4-2022-ലെ കൗൺസിൽ തീരുമാനം 39 പ്രകാരം ആയത് അംഗീകരിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17-5-2022-ന് ഗ്രീൻ യീൽഡ് കോർപ്പറേഷന് വളം എടുക്കുന്നതിനായി സെക്രട്ടറി വർക്ക് ഓർഡർ നൽകി. ആയതിലെ നിർദ്ദേശപ്രകാരം ഏറ്റെടുക്കുന്ന വളത്തിന്റെ വില അതതു ദിവസം ചെറുവണ്ണൂർ നല്ലളം സോണൽ ഓഫീസിൽ അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സോണൽ ഓഫീസിൽ നിന്നും ലഭ്യമായ കണക്ക പ്രകാരം 150100600 എന്ന ഹെഡിൽ Sale Of Manure ഇനത്തിൽ 13,77,700/- രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത വരവിന്റെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളോ രേഖകളോ മേഖല ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈയിനത്തിൽ വരവു വന്ന 13,77,700/- രൂപയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷം (ഖ.1-14-4) ഇക്കാര്യം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ആയതിന് മറുപടി സമർപ്പിക്കുകയോ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-42 ചെറുവണ്ണൂർ സോണൽ ഓഫീസ് 2022-23 വർഷത്തെ ഡി.സി.ബി. പരിശോധന : അപാകതകൾ

ഡി.സി.ബി. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചില DCB ഇനങ്ങൾക്ക് 31.03.2022 ലെ നീക്കിയിരിപ്പ് അല്ല 01.04.2022 ൽ മുന്നിരിപ്പ് ആയി സ്വീകരിച്ചത്. ഉദാഹരണം താഴെ കൊടുക്കുന്നു.

| Section | Item | Closing Balance As Per 2021-2022 D.C.B. | Opening Balance As Per 2022-2023 D.C.B. | **Diff** |
|---|---|---|---|---|
| Revenue | Property Tax – Direct | 1,29,58,407/- | 3,04,56,178/- | 1,74,97,771/- |
| Health | D&O Licence | 4,78,375/- | 0/- | -4,78,375/- |

2. 2022-23 വർഷത്തെ ഡി.സി.ബി. പ്രകാരം കുടിശ്ശിക ഇനത്തിൽ വലിയൊരു തുക ശേഷിക്കുന്നതായി കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| Section | Item | Balance |
|---|---|---|
| Revenue | Property Tax | 35935802/- |
| | Prof. Traders | 563860/- |
| | Employers | 695300/- |
| Non Tax | Rent | 4267763/- |
| | Lease | 3002370/- |
| Health | D&O Licence | 32000/- |
| Total | | 44497095 |

മേൽ കാണിച്ചിട്ടുള്ള ക്ലോസിംഗ് ബാലൻസ് ഓപ്പണിംഗ് ബാലൻസ് പൊരുത്തക്കേട് സംബന്ധിച്ചും 4 കോടി രൂപയോളം കുടിശ്ശിക വരാനുണ്ടായ കാരണവും ആയത് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളും വിശദീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് നൽകിയ ഒ.എസ്.നം. 77/2022-23 തീയതി 20/10/2023 ന് ഇതു വരെയും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-43 ഓഫീസ് ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഓഫീസ് നടപടിക്രമങ്ങൾക്ക് ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഡിജിറ്റൽ ആശയ വിനിമയം സാധ്യമാക്കി ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും തീരുമാനമെടുക്കൽ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുകയുമാണ് ഓഫീസ് ഡിജിറ്റലൈസേഷനിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്നത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനും ആയത് കാലികമാക്കി സൂക്ഷിക്കുന്നതും സംബന്ധിച്ച് സ.ഉ(കൈ) 212/2012/ത.സ്വ.ഭ.വ തി.6-8-2012 , സ.ഉ(കൈ) 255/2013/ത.സ്വ.ഭ.വ തി.18-7-2023 ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ഡിജിറ്റലാക്കപ്പെടുകയും ഇത് വഴി കൃത്യമായ രീതിയിൽ വരവിനങ്ങളെ നിരീക്ഷിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും കഴിയും.

വാടകക്ക് നൽകിയ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയതിൽ ആയത് കാലപ്പഴക്കത്താൽ വളരെയധികം മുഷിഞ്ഞ കീറിപ്പറിഞ്ഞ നിലയിൽ ആണ് ലഭ്യമായത്. ഈ രജിസ്റ്റർ പരിശോധിക്കുകയല്ലാതെ വാടക സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ മറ്റൊരു മാർഗമില്ലെന്നുള്ളതിനാൽ സ്ഥാപനത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. രണ്ടായിരത്തിലധികം കടമുറികൾ വാടകക്ക് നൽകിയിട്ടുള്ള കോർപ്പറേഷനിൽ പ്രസ്തുത കടമുറികളുടെ വാടകയുടെ ഡിമാന്റും കലക്ഷനും നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനവുമില്ല എന്നുള്ളത് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ചയായി വിലയിരുത്തുന്നു.

ഓഫീസ് ഡിജിറ്റലൈസേഷന്റെയും മോഡേണൈസേഷന്റെയും ഭാഗമായി 2017-18 മുതൽ കോർപ്പറേഷൻ ചുവടെ പട്ടികപ്പെടുത്തിയ പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജ.നം | ഇനം | ചെലവ് തുക |
|---|---|---|---|
| 1 | 546/2018 | കോർപ്പറേഷൻ മെയിൻ ഓഫീസുകളിലേയും സോണൽ ഓഫീസുകളിലെയും രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനുമായുള്ള പ്രോജക്ട് 2018 | 3,46,118 |
| 2 | 22/2019 | നഗരസഭയിലെ വിവിധ സെക്ഷനുകളിലേക്കും സോണൽ ഓഫീസുകളിലേക്കും കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ - 2019 | 17,74,587 |
| 3 | 330/19 | കോർപറേഷൻ ഓഫീസ് മോഡേണൈസേഷൻ -സീറ്റിങ് ലേഔട്ട് + നെറ്റ്‌വർക്കിംഗ് | 1,10,00,000 |
| 4 | 379/19 | മെയിൻ ഓഫീസിൽ ജനസേവ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള ടോക്കൺ സിസ്റ്റം | 2,10,000 |
| 5 | 606/19 | കോർപ്പറേഷൻ മെയിൻ ഓഫീസിലെയും സോണൽ ഓഫീസുകളിലെയും രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും , ഡാറ്റാ എൻട്രി നടത്തുന്നതിനുമായുള്ള പ്രോജക്ട് 2018 | 12,86,153 |
| 6 | 1011/19 | എഞ്ചിനീയറിംഗ് സെക്ഷനിലേക്കു കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ വാങ്ങൽ | 7,42,500 |
| 7 | 1503/19 | എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് ലാപ്പ്ടോപ്പുകൾ വാങ്ങൽ | 14,97,290 |

| | | | |
|---|---|---|---|
| 8 | 67/20 | ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, യു.പി.എസ് മുതലായവ വാങ്ങൽ - 2020 | 11,28,406 |
| 9 | 642/23 | നഗരസഭയിലെ വിവിധ സെക്ഷനുകളിലേക്കും സോണൽ ഓഫീസുകളിലേക്കും കംപ്യൂട്ടർ, പ്രിൻറർ, സ്കാനർ എന്നിവ വാങ്ങൽ - 2019 | 5,23,374 |
| 10 | 1461/20 | ഐ.എസ്.ഒ സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങൾ - 2020 | 78,625 |
| 11 | 410/21 | കോർപറേഷൻ ഓഫീസ് മോഡെർനൈസേഷൻ -സീറ്റിങ് ലേഔട്ട് + നെറ്റ്വർകിങ് | 2,90,00,000 |
| 12 | 565/21 | ഡിജിറ്റൈസേഷൻ & ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ (കുടുംബശ്രീ മുഖേന) 2-ാം ഘട്ടം - 2020 | 14,97,392 |
| 13 | 566/21 | ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, യു.പി.എസ് മുതലായവ വാങ്ങൽ - 2020 | 11,95,843 |
| 14 | 567/21 | ഡോക്യുമെൻറേഷൻ (യു.എൽ.സി.സി ഐ.ടി.വിംഗ് മുഖേന) - 2020 | 4,48,025 |
| 15 | 569/21 | ഇ ഗവണൻസ് പ്രവർത്തനങ്ങൾ - ഓൺലൈൻ ഓട്ടോമേറ്റഡ് ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ സിസ്റ്റം - ക്ലൌഡ് സർവ്വർ ചാർജ്ജ് , അനുബന്ധ ചെലവുകൾ | 6,00,248 |
| 16 | 1570/21 | ഐ.എസ്.ഒ സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങൾ - 2020 | 2,38,006 |
| 17 | 1595/21 | എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ലാപ്ടോപ്പ് പ്രിൻറർ വാങ്ങിക്കൽ | 14,12,775 |
| 18 | 11/22 | ഐഎസ്ഒ സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങൾ - 2022 | 52,619 |
| 19 | 193/22 | ഡിജിറ്റൈസേഷൻ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ മൂന്നാം ഘട്ടം (കുടുംബശ്രീ ഐടിവിംഗ് മുഖേന) - 2020 | 8,93,260 |
| 20 | 560/22 | കോർപറേഷൻ ഓഫീസ് മോഡെർനൈസേഷൻ -സീറ്റിങ് ലേഔട്ട് + നെറ്റ്വർക്കിംഗ് | 1,90,00,000 |
| 21 | 1042/22 | ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് പ്രിൻറർ ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിന് | 72,28,285 |
| 22 | 73/23 | കോർപറേഷൻ ഓഫീസ് മോഡെർനൈസേഷൻ -സീറ്റിങ് ലേഔട്ട് + നെറ്റ്വർകിങ് | 2,11,65,308 |
| 23 | 108/23 | ഐഎസ്ഒ സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങൾ - 2022 | 2,41,909 |
| 24 | 109/23 | ഡാറ്റാ എൻട്രി ഡോക്യുമെൻറേഷൻ പ്രോജക്ട് - മൂന്നാം ഘട്ടം (കുടുംബശ്രീ 'ടെക്നോവേൾഡ് തേഡ് ഐ ടിവിംഗ് മുഖേന – 2022 | 6,05,458 |
| 25 | 704/23 | ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് ഡെസ്ക് ടോപ്പ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 9,96,470 |
| 26 | 825/23 | ഓഫീസ് നവീകരണം- ഫിനിഷിങ് വർക്ക് | 79,84,975 |
| 27 | 1617/23 | ടൗൺ പ്ലാനിംഗ് വിഭാഗത്തിലേക്ക് ലാപ് ടോപ് പ്രിന്റർ വാങ്ങൽ | 5,99,419 |
| 28 | 1619/23 | എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ലാപ് ടോപ് പ്രിന്റർ വാങ്ങൽ | 4,00,153 |
| ആകെ | | | 11,21,47,198 |

ഓഡിറ്റ് പരിശോധനക്കായി കെട്ടിട വാടക രജിസ്റ്റർ ഹാജരാക്കിയ സമയത്തും, വാടകക്കാർ ലൈസൻസ് ഫീസ് അടവാക്കാൻ വരുമ്പോൾ സെക്ഷൻ ജീവനക്കാർ ഓഡിറ്റ് വിഭാഗത്തിൽ രജിസ്റ്റർ

ആവശ്യപ്പെട്ട് വരേണ്ടി വരുന്നത് ഡിജിറ്റലൈസേഷനായി ഭീമമായ തുക ചെലവഴിച്ചിട്ടും ആയത് ലക്ഷ്യം കൈവരിക്കാത്തതിനാലാണെന്ന് വിലയിരുത്തുന്നു.

സകർമ്മ മീറ്റിംഗ് മിനുട്സ്

സ.ഉ(സാധാ)നം.3630/2015/ത.സ്വ.ഭ.വ തി.03-12-2015 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണസമിതി യോഗങ്ങൾ ഓൺലൈൻ ആക്കുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കേണ്ടതും ഇത് പ്രകാരം മീറ്റിംഗ് നടപടികൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. സോഫ്റ്റ്‌വെയർ നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും കോർപ്പറേഷനിൽ നാളിത് വരെ ഈ സംവിധാനം നിലവിൽ വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഒ.എസ്-ന് (111/2022-23 തീ. 25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഓഫീസ് ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-44 മാലിന്യത്തിൽ നിന്നും ഊർജ ഉത്പാദനം - വർഷങ്ങൾ കഴിഞ്ഞിട്ടും പ്രാരംഭഘട്ട

നടപടികൾ പോലും പൂർത്തീകരിക്കാതെ കരാർ സ്ഥാപനം

ഫയൽ നം.EG12/F6/61063/18

സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് സ്വകാര്യ ഏജൻസികൾ വഴി കേന്ദ്രീകൃത മാലിന്യ നിർമ്മാർജന പ്ലാന്റുകൾ (മാലിന്യത്തിൽ നിന്നും ഊർജ ഉത്പാദനം) സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കോഴിക്കോട് ഉൾപ്പടെ സംസ്ഥാനത്തെ എഴ് ജില്ലകളിൽ സ്ഥാപിക്കാൻ തീരുമാനമായി. പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി K.S.I.D.C. യെ ചുമതലപ്പെടുത്തി ജി.ഒ.ആർ.ടി നമ്പർ 82/2018 ത.സ്വ.ഭ.വ തി.11.6.18 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്നുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സംസ്ഥാനതല ഉപദേശകസമിതിയും രൂപീകരിച്ചു (SLAC).

പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ഏജൻസിയെ ആഗോള ടെണ്ടർ മുഖേന കണ്ടെത്തി പദ്ധതിക്കായി കണ്ടെത്തിയ സ്ഥലങ്ങൾ പ്രസ്തുത ഏജൻസിക്ക് ദീർഘകാല പാട്ടവ്യവസ്ഥയിൽ കൈമാറി 25 മുതൽ 36 കിലോമീറ്റർ ചുറ്റളവിലുള്ള ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി കോഴിക്കോട് ജില്ലയിൽ പ്ലാന്റ് നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ലാന്റ് ഫിൽ സ്ഥിതി ചെയ്യുന്ന ഞെളിയൻ പറമ്പ് എന്ന സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തു. കോഴിക്കോട് നഗരസഭക്ക് പുറമെ ഫറോക്ക്, രാമനാട്ടുകര, കൊയിലാണ്ടി എന്നീ മുനിസിപ്പാലിറ്റികളുടെ കീഴിലും ഒളവണ്ണ, കടലുണ്ടി, കുന്ദമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളുടെ കീഴിലും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എല്ലാ ഖരമാലിന്യങ്ങളും സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റ് നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്. ഇതിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിലുള്ള 12.67 ഏക്കർസ്ഥലം പാട്ടവ്യവസ്ഥയിൽ നോഡൽ ഏജൻസിയായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കൈമാറുന്നതിനും K.S.I.D.C. പ്രസ്തുത സ്ഥലം പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിക്ക് മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 5 ൽ നിഷ്കർഷിച്ച പ്രകാരം കീഴ്പാട്ടത്തിന് നൽകുന്നതിനുമുള്ള നടപടികൾ കൈകൊള്ളാൻ സർക്കാർ തലത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 17.09.2018ലെ 11-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയുടെ സ്ഥലം ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനല്ലാതെ വിനിയോഗിക്കില്ല എന്ന നിബന്ധനയോടുകൂടി K.S.I.D.C ക്ക് കൈമാറാൻ തീരുമാനിച്ചു. സ്ഥലം അളന്ന് തിട്ടപ്പെടുത്തി 26.2.19ന് K.S.I.D.C. യുമായി ലീസ് എഗ്രിമെന്റ് കോർപ്പറേഷൻ രജിസ്റ്റർ ചെയ്തു.

അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 14.05.2019 ലെ G.O(MS)SO/19/L.S.G.D Dt:14.05.2019 ലെ ഉത്തരവ് പ്രകാരം സർക്കാർ തലത്തിൽ വെയിസ്റ്റ് എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ക്ഷണിച്ച ആദ്യ ഇ-ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ രണ്ടാമത് ക്ഷണിച്ച ടെണ്ടറിൽ പങ്കെടുത്ത Zonta Infra Tech Pvt Ltd എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതായും പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി നിലവിൽ കൂട്ടിയിട്ടിരിക്കുന്ന റിജക്ട് നീക്കം ചെയ്യേണ്ടതിനാൽ ടിപ്പിംഗ് ഫീസിനത്തിൽ കരാർ സ്ഥാപനം ക്വാട്ട് ചെയ്തത തുക ടണ്ണിന് 3,500/- രൂപ (നെഗോസിയേഷനിലൂടെ) അംഗീകരിച്ചതായും അറിയിച്ചു. ആയതിന് അനുബന്ധമായി 27.08.2019 ൽ K.S.I.D.C നഗരസഭാ സെക്രട്ടറിക്ക് ലഭ്യമാക്കിയ കത്തിൽ ബഹു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന S.L.A.C മീറ്റിംഗിൽ ഞെളിയൻ പറമ്പിൽ പുതുതായി വരുന്ന വേസ്റ്റ് ടു എനർജി പ്ലാന്റിനെ സംബന്ധിച്ച് എടുത്ത തീരുമാനങ്ങളും ആയതിൽ നഗരസഭ സ്വീകരിക്കേണ്ട നടപടികളും അറിയിച്ചു. ആയത്പ്രകാരം ഏജൻസിയുമായി കരാറിലേർപ്പെടൽ, പ്രവൃത്തി മോണിട്ടറിംഗ്, സൂപ്പർവിഷൻ, പേമന്റ് അനുവദിക്കൽ എന്നിവ നഗരസഭയുടെ ചുമതലയാണെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു. മേൽനിബന്ധനകൾ ഉൾപ്പെടുത്തി കെ.എസ്.ഐ.ഡി.സി. യുമായി ഏർപ്പെടാനുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിന്റെ കരട് നഗരസഭക്ക് അയച്ചുനൽകി. 04.10.2019 ൽ ചേർന്ന കൗൺസിലിന്റെ 66-ാം

നമ്പർ തീരുമാനപ്രകാരം ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള മുഴുവൻ ചെലവും നഗരസഭക്ക് വഹിക്കാൻ കഴിയില്ല എന്ന ഭേദഗതികളോടെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവെച്ചു. തുടർന്ന് 14.11.2019 ൽ കെ.എസ്.ഐ.ഡി.സി. യിൽ നിന്നും ലഭ്യമായ കത്ത് പ്രകാരം പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി ലഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് ആകെ നീക്കം ചെയ്യേണ്ട അളവിന്റെ അടിസ്ഥാനത്തിൽ Zonta Infra Tech Pvt Ltd എന്ന സ്ഥാപനത്തിന്റെ 7,70,00,000 + G.S.T തുകക്കുള്ള ഇ.ടെണ്ടർ അംഗീകരിച്ചിട്ടുള്ളതിനാൽ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടത് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം നഗരസഭയുടെ ചുമതലയായതിനാൽ ആയത് അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ട് കരാറിന്റെ കരട് നഗരസഭക്ക് അയച്ചുനൽകി. 27.11.2019ൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 03.12.2019 ൽ കരാർ സ്ഥാപനത്തെ സെലക്ട് ചെയ്തതായി അറിയിച്ച് സെക്രട്ടറി കത്ത് നൽകി. 10.12.2019ൽ സെക്രട്ടറി Zonta Infra Tech Pvt Ltd മായി കരാറിൽ ഒപ്പുവെച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറിന്റെ ഒറിജിനലോ, കോപ്പിയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരുവർഷമാണെന്നു നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്ന വിവിധ ഘട്ടങ്ങളിൽ കരാർ തുകയുടെ നിശ്ചിത ശതമാനം കണക്കാക്കി പേമന്റ് നൽകുന്നതിനാണ് നിഷ്കർച്ചിരിക്കുന്നത് (കരാർ പ്രകാരം പേമെന്റ് നൽകേണ്ടതിന്റെ വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തുന്നതിന് കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തെയും ആയതിന്റെ നോഡൽ ഓഫീസറായി ജി.ഉത്തമൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെയും സെക്രട്ടറി ചുമതലപ്പെടുത്തി. കരാർ സ്ഥാപനം 03.02.2020 ൽ പ്രവർത്തി ആരംഭിച്ചു. നഗരസഭ നാളിതുവരെ നാല് ഗഡുക്കളിലായി അഞ്ചുതവണയായി 3,73,72,000 രൂപ കരാർ സ്ഥാപനത്തിന് നികുതി അടക്കം നൽകിയിട്ടുണ്ട്. ആയതിന് ശുചിത്വമിഷൻ ഫണ്ടിനത്തിൽ ഒരുകോടി രൂപ നഗരസഭക്ക് 2020-21 ൽ ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 09.12.2020 ൽ അവസാനിച്ചു. പൂർത്തീകരണ കാലാവധി അവസാനിച്ച സമയത്ത് റിജക്ട് നീക്കം ചെയ്യുന്ന പ്രവർത്തിയുടെ 25% പോലും കരാർ സ്ഥാപനം പൂർത്തീകരിച്ചിട്ടില്ലെന്നും 19.05.2020 മുതൽ പ്രവൃത്തി നിർത്തിവെച്ചതായും അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. കരാർ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ആറ് മാസത്തേക്ക് നീട്ടിനൽകി. നീട്ടി നൽകിയ കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ വിവധ കാരണങ്ങളാൽ 09.06.2021 മുതൽ 08.12.2021 വരെയും 09.12.2021 മുതൽ 08.06.2022 വരെയും 09.06.2022 മുതൽ 15.11.2022 വരെയും നാല് തവണകളായി നിബന്ധനകളോടെ നീട്ടിൽകിയിട്ടും സ്ഥാപനത്തിന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ നഗരസഭാകൗൺസിലിന്റെ 30.03.2023 ലെ 1◌ാം നമ്പർ തീരുമാനപ്രകാരം ഇരുപത്തിയൊന്ന് കൗൺസിലർമാരുടെ വിയോജനകുറിപ്പോടെ കരാർ പ്രകാരം ഈടാക്കാവുന്ന പരമാവധി പിഴത്തുകയായ ബിഡ് തുകയുടെ 5% തുക 38,85,000/- രൂപ പിഴയായി ഈടാക്കിക്കൊണ്ട് ഏപ്രിൽ 30വരെ കാലാവധി നീട്ടിനൽകാൻ തീരുമാനിച്ചു. പ്രവൃത്തി മോണിട്ടർ ചെയ്യുന്നതിന് പ്രത്യേക ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ച് ടെക്നിക്കൽ കമ്മറ്റിയുടെ നിർദ്ദേശാനുസരണം പ്രവൃത്തി നടത്താനും തീരുമാനിച്ചു. വീഴ്ച വരുത്തുന്ന പക്ഷം എഗ്രിമെന്റ് റദ്ദാക്കാനും തീരുമാനമായി. ആയതിന് മേയർ, ഡപ്യൂട്ടി മേയർ, സെക്രട്ടറി ഉൾപ്പെടെ പതിമൂന്ന് പേർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു. എന്നാൽ അന്തിമമായി നീട്ടിനൽകിയ കാലാവധിക്കുള്ളിലും സ്ഥാപനം പ്രവൃത്തി പൂർത്തികരിക്കാത്തതിനാൽ പ്രവൃത്തി വിലയിരുത്തിയ ടെക്നിക്കൽ കമ്മറ്റിയുടെ കാലാവധി ജൂൺ പത്ത് വരെ നീട്ടിനൽകണമെന്ന ശുപാർശ 26.05.2023 ന് ചേർന്ന കൗൺസിൽ യോഗം പരിഗണിക്കാതെ അജണ്ട മാറ്റിവെച്ചു. പിന്നീട് 27.06.2023 ൽ ചേർന്ന യോഗത്തിൽ ഈ അജണ്ട പരിഗണിക്കുകയും 154-ാം നമ്പർ തീരുമാന പ്രകാരം Zonta Infra Tech Pvt ലിമിറ്റഡുമായുള്ള കരാർ റദ്ദ് ചെയ്യുന്നതിനുള്ള നിയമോപദേശവും ടെക്നിക്കൽ കമ്മറ്റിയുടെ സാങ്കേതിക ഉപദേശവും തേടാൻ ഇരുപത് അംഗങ്ങളുടെ വിയോജനകുറിപ്പോടെ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും മേൽവിഷയത്തിൽ മാസങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല.

പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അസി.എഞ്ചിനീയർ 03.08.2023

ൽ ലഭ്യമാക്കിയത് ഫയലിൽ ഉണ്ട്. ആയതിൽ സ്ഥാപനം 17.05.2023 മുതൽ പ്രവൃത്തികളൊന്നും തന്നെ നടത്തുന്നില്ലെന്നും ക്ലിയർ ചെയ്യാനുള്ള ആകെ ഏരിയയിൽ 77.7% ക്ലിയർ ചെയ്തതായും, സോൺ 2 ൽ 77 സെന്റിലായി കൂട്ടിയിട്ടിരിക്കുന്ന RDF നീക്കം ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിലുണ്ട്. ആയത് Boil ചെയ്യുന്നതിനായി എത്തിച്ച മെഷീൻ അസംബിൾ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടില്ല. 3.18 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ക്യാപ്പിംഗ് ഏരിയയിൽ 108000 എം ക്യൂബ് ക്യാപ്പ് ചെയ്യാനുള്ളതിൽ 84770 എം ക്യൂബ് മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. ക്യാപ്പിംഗ് ഏരിയക്ക് മുകളിലായി ചെയ്യേണ്ട പ്രവൃത്തികളൊന്നും തന്നെ ചെയ്തിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തു. ഇത് കൂടാതെ ക്യാപ്പിംഗ് ഏരിയക്ക് ചുറ്റും നിർമ്മിക്കേണ്ട റിടെയിനിംഗ് വാൾ, ഡ്രയിനേജ് നിർമ്മാണം, റോഡ് നിർമ്മാണം എന്നിങ്ങനെയുള്ള പ്രവൃത്തികളും പൂർത്തീകരിക്കാനുള്ളതായി റിപ്പോർട്ടിലുണ്ട്. ഫലത്തിൽ പ്ലാന്റ് നിർമ്മാണത്തിന് പ്രാരംഭ ഘട്ടമായി ചെയ്യേണ്ട പ്രവൃത്തി കരാർ പ്രകാരം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും നാല് വർഷത്തോളമായിട്ടും പൂർത്തീകരിക്കാൻ നടപടികളില്ലാതെ പ്ലാന്റ് നിർമ്മാണവും പദ്ധതി മൊത്തത്തിലും അനിശ്ചിതാവസ്ഥയിലാണുള്ളത്. പ്രവൃത്തി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1) കരാർ സ്ഥാപനത്തെ തെരഞ്ഞെടുത്തതായി അറിയിച്ചുകൊണ്ട്. Zonta Infra Tech Pvt ലിമിറ്റഡിന് 03.12.2019 ൽ സെക്രട്ടറി നൽകിയ Letter Of Award ൽ ടെണ്ടർ നിബന്ധനകൾ പ്രകാരം കരാർതുകയുടെ 2% അതായത് 15,40,000/- രൂപ പെർഫോമൻസ് സെക്യൂരിറ്റിയായി അടവാക്കാനുള്ളതിൽ രണ്ട് ലക്ഷം രൂപ E.M.D. തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്നതിനും അവശേഷിക്കുന്ന തുക 13,40,000/- രൂപ കരാർസ്ഥാപനത്തിന് തുടർന്നു നൽകുന്ന പേമന്റിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും കരാർസ്ഥാപനത്തിന് നൽകിയ പേമന്റുകളിൽ ഒന്നിൽനിന്നും ഈ ഇനത്തിൽ തുക ഈടാക്കി കാണുന്നില്ല.

2) Zonta Infra Tech Pvt ലിമിറ്റഡുമായി ഏർപ്പെട്ട കരാർ പ്രകാരം സ്ഥാപനത്തിന് പ്രവൃത്തി പുരോഗതിക്കനുസരിച്ച് ഒൻപത് തവണകളായി നിശ്ചിത ശതമാനം വീതമാണ് തുക അനുവദിക്കേണ്ടത്. ആയതിൽ രണ്ടാം ഗഡുവായി കരാർതുകയുടെ 15% അനുവദിക്കേണ്ടത് Mobilization Of Resources At Site As Per Approved Design And Construction Drawing Including Implementation Plan എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാർ സ്ഥാപനം ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആദ്യം സമർപ്പിച്ച ഇംപ്ലിമെന്റേഷൻ പ്ലാൻ സഹിതമുള്ള ഡിസൈൻ, കൺസ്ട്രക്ഷൻ & ഡ്രോയിംഗ് അപാകതകൾ ചൂണ്ടിക്കാട്ടി ആയത് അംഗീകരിക്കാൻ സർക്കാർ തലത്തിൽ ചുമതലപ്പെടുത്തിയ മലിനീകരണ നിയന്ത്രണ ബോർഡ് തിരിച്ചയച്ചതിനാൽ റിവൈസ്ഡ് ഇംപ്ലിമെന്റേഷൻ പ്ലാൻസഹിതമുള്ള ഡിസൈൻ, കൺസ്ട്രക്ഷൻ & ഡ്രോയിംഗ് അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും 30.06.2021 ന് ആയതും അപാകതകൾ ചൂണ്ടിക്കാട്ടി മലിനീകരണ നിയന്ത്രണ ബോർഡ് നിരസിച്ചു. ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. ഫലത്തിൽ അംഗീകൃത ഇംപ്ലിമെന്റേഷൻ പ്ലാൻ, ഡിസൈൻ, കൺസ്ട്രക്ഷൻ & ഡ്രോയിംഗ് എന്നിവ ലഭ്യമാക്കാതെയാണ് കരാർ നിബന്ധനക്ക് വിരുദ്ധമായി രണ്ടാം ഗഡുവായി 1,15,50,000/- രൂപ സ്ഥാപനത്തിന് നൽകിയിരിക്കുന്നത്.

3) 21.02.2022 ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻവിറോൺമെന്റൽ എഞ്ചിനീയർ നഗരസഭാ സെക്രട്ടറിക്ക് നൽകിയ കത്തിൽ ലെഗസി വേസ്റ്റ്, ബയോമൈനിംഗ് ചെയ്യുന്ന പ്രവൃത്തി Red Catogeryയിൽ വരുന്നതാണെന്നും ആയതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമാണെന്നും നിശ്ചിതശതമാനം ഫീയോടു കൂടി അനുമതി പത്രത്തിന് അപേക്ഷ നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ ബയോമൈനിംഗ് പ്രവൃത്തിയുടെ പ്രതിമാസ റിപ്പോർട്ട് വീഴ്ചവരുത്താതെ ഹാജരാക്കാനും ആവശ്യപ്പെട്ടു. ഇക്കാര്യം നഗരസഭാസെക്രട്ടറി യഥാസമയം കരാർ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം രണ്ട് കാര്യത്തിലും നടപടികൾ സ്വീകരിക്കാത്തതിനാൽ 06.04.2022 ന് ഓർമ്മകുറിപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും കൈകൊണ്ടിട്ടില്ല.

4) ബഹു.ഗ്രീൻട്രൈബ്യൂണലിന്റെ O.A.NO 519/19 ന് 17.7.19.ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കുടികിടക്കുന്ന മാലിന്യങ്ങൾ ബയോമൈനിംഗിലൂടെ നീക്കം ചെയ്യുന്ന പ്രവൃത്തി 01.11.2019 ൽ ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നും യാതൊരു കാരണവശാലും ആയത് ഒരുവർഷത്തിൽ കൂടാൻ പാടില്ലെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 10.12.2020 ൽ നഗരസഭസെക്രട്ടറിയെ കത്ത് മുഖേന അറിയിച്ചു. ആയതിനാൽ ബയോമൈനിംഗ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും കത്തിൽ ആവശ്യപ്പെട്ടു. എന്നാൽ നഗരസഭ കരാർ സ്ഥാപനത്തെ ഏൽപിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാതെ വർഷങ്ങളായി കരാർ കാലാവധി നീട്ടികൊടുക്കുന്ന സ്ഥിതിയാണുള്ളത്. ഇത് ബഹു.ഗ്രീൻ ട്രിബൂണൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നഗരസഭക്ക് ഫൈൻ ഉൾപ്പെടെയുള്ള നിയമ നടപടിക്ക് ഇടയാക്കുന്നതാണെന്ന് പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് മൂലം നഗരസഭക്ക് ഉണ്ടായേക്കാവുന്ന സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദിത്വം നിയമപ്രാബല്യമില്ലാതെ കരാർ കാലാവധി നീട്ടിനൽകുന്ന കൗൺസിലിനായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

5) കരാറുകാരന്റെ പിഴവ് മൂലം മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതി അനുമതിവാങ്ങി P.A.Cയുടെ 1% ഫൈൻ ഈടാക്കികൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% (പരമാവധി ആറ് മാസം) ഒരുതവണ ദീർഘിപ്പിച്ചു നൽകുന്നതിനും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ പൂർത്തീകരണ കാലാവധിയുടെ 50% അധികരിക്കരുത്. എന്നാൽ Zonta Infra Tech കോർപ്പറേഷൻ സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ പരിശോധനക്ക് ലഭ്യമാവാത്തതിനാൽ കരാറിൽ ആയത് സംബന്ധിച്ച് എന്താണ് രേഖപ്പെടുത്തിയതെന്ന് ലഭ്യമല്ല. അഞ്ച് തവണയായി മൂന്ന് വർഷങ്ങളാണ് ഇവിടെ കരാർ കാലാവധി ഫൈൻ ഇല്ലാതെ നീട്ടി നൽകിയിരിക്കുന്നത്. ആയതിൽ അവസാനം 15.11.2022 മുതൽ 30.04.2022 വരെ നീട്ടിനൽകിയപ്പോൾ കരാർ നിബന്ധനപ്രകാരം ബിഡ് തുകയുടെ 5% (38,50,000/-രൂപ) ഫൈൻ ഇനത്തിൽ ഈടാക്കാൻ കൗൺസിൽ തീരുമാനമെടുത്തെങ്കിലും ആയത് ഈടാക്കാതെയാണ് കരാർ നീട്ടിനൽകിയിരിക്കുന്നത്. പിഴ തുക കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം നഗരസഭക്ക് ഉണ്ടാവുന്ന നഷ്ടം 38,50,000/-രൂപ ഫൈൻ ഈടാക്കാതെ കരാർ കാലാവധി നീട്ടിനൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് ഇടവിട്ട സമയങ്ങളിൽ ആയതിന് നിയോഗിക്കപ്പെട്ട ഉന്നതാധികാര സമിതി യോഗം ചേർന്നു പ്രവർത്തനം വിലയിരുത്തുമ്പോഴും, സർക്കാർ തലത്തിൽ നേരിട്ട് വിവരങ്ങൾ ആവശ്യപ്പെടുമ്പോഴും നഗരസഭ ലഭ്യമാക്കുന്ന വിവരങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. ഉദാ.-15.02.2021ന് നഗരസഭ സെക്രട്ടറി , അഡീഷണൽ ചീഫ് സെക്രട്ടറി (ലോക്കൽ സെൽഫ് ഗവൺമെന്റ് ഡി.ഡി)ക്ക് നൽകിയ റിപ്പോർട്ടിൽ ഞെളിയൻ പറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് ബയോമൈനിംഗ് & ക്യാപ്പിംഗ് പ്രവൃത്തിയുടെ പുരോഗതി അറിയിച്ചതോടൊപ്പം 2022 ജനുവരി ആദ്യവാരത്തിൽ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റ് നിർമ്മാണ പ്രവർത്തി നാളിതുവരെ തുടങ്ങാൻ കഴിയാത്തകാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

7) പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ള അസി.എഞ്ചിനീയരുടെ 03.08.2023 ലെ റിപ്പോർട്ട് പ്രകാരം മഴക്കാലത്തിന് മുൻപായി ചെയ്തുതീർക്കേണ്ട ക്യാപ്പിംഗ് അനുബന്ധ പ്രവർത്തികൾ 2023 ജൂൺ പത്തിന് മുമ്പ് പൂർത്തീകരിക്കാൻ കരാർ സ്ഥാപനത്തിന് നിർദ്ദേശം നൽകിയെങ്കിലും പ്രവൃത്തി നടക്കുന്നില്ലെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാപ്പിംഗ് ഏരിയ മഴ നനഞ്ഞാൽ വലിയതോതിൽ പരിസ്ഥിതി പ്രശ്നമുണ്ടാവുമെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലവും അതിന് അനുബന്ധമായ സ്ഥലവും ടാർപോളിൻ ഷീറ്റ് ഉപയോഗിച്ച് കവർചെയ്തവകയിൽ 21,50,551/- രൂപ ചെലവഴിച്ചതായി

രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മഴനനയാതെ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം കരാർ സ്ഥാപനത്തിനാണെന്നിരിക്കെ കരാർ സ്ഥാപനമാണ് ആയതിനുള്ള ചെലവ് വഹിക്കേണ്ടത്. എന്നാൽ Zonta Infra Tech Pvt Ltd നിന്നും തുക നാളിതുവരെ ഈടാക്കിക്കാണുന്നില്ല. ആയത് ഈടാക്കാത്ത പക്ഷം 21,50,551/- രൂപ ഉത്തരവാദപ്പെട്ടവരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

8) കരാർ വ്യവസ്ഥപ്രകാരം കരാർ സ്ഥാപനത്തിന് 50% ഏരിയ റിക്കവർ ചെയ്തതിനുള്ള 10% പേമന്റ് തുകയായ 86,24,000/- രൂപ (ജി.എസ്.ടി ഉൾപ്പടെ) നാലാം ഗഡു ഇനത്തിൽ നൽകാൻ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആയത് തൽക്കാലം തനത് ഫണ്ടിൽ നിന്നും നൽകി പദ്ധതി ഭേദഗതി സമയത്ത് ഫണ്ട് കണ്ടെത്തി റീ ക്ലപ്പ് ചെയ്യണമെന്ന നിർദ്ദേശത്തോടെ ബഹു:മേയറുടെ അംഗീകാരത്തിന് വിധേയമായി 20.01.2023ന് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നൽകിയ തുക 22-23 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് മുഖേന തുക തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും മേൽ ഫയലിൽ തുടർ നടപടികൾ കൈകൊള്ളാത്തതിന് കാരണം വിശദമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(90/2022-23 തീ.02.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം മേൽ ഫയലിൽ സ്വീകരിച്ചുവരുന്ന തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-45 മരാമത്ത് പ്രവൃത്തി നടത്തിപ്പിലെ പൊതു അപാകതകൾ

നഗരസഭയിൽ പൊതുമരാമത്ത് പ്രവർത്തികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായാണ് നടത്തിവരുന്നത്. ഇതിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മൂന്ന് പേരും, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ രണ്ട് പേരുമാണ് നിർവഹണം നടത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പൊതു അപാകതകൾ താഴെക്കൊടുക്കുന്നു.

1) പ്രൊജക്ടുകളുടെ ആധിക്യം നിർവഹണത്തെ ബാധിക്കുന്നു.

നഗരസഭയിൽ മേൽ പറഞ്ഞപ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരാണ് മരാമത്ത് പ്രവർത്തികളുടെ നിർവഹണം നടത്തുന്നത്. ലഭ്യമാക്കിയ കണക്കുപ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ പ്രവർത്തികളുടെ മേൽനോട്ടത്തിനും നിർവഹണത്തിനുമായി എഴുപത്തിയഞ്ചോളം ജീവനക്കാരാണുള്ളത്. സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പടെ 919 പ്രവർത്തികളാണ് നടപ്പിലാക്കാനുണ്ടായിരുന്നത്. വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കാനുള്ള പ്രൊജക്ടുകളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| നിർവഹണം | നടപ്പിലാക്കാനുള്ള പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ (ഭാഗികം ഉൾപ്പടെ) | വകയിരുത്തിയ തുക | ചെലവുതുക |
|---|---|---|---|---|
| കോർപ്പറേഷൻ എഞ്ചിനീയർ | 149 | 91 | 31,18,23,782 | 18,37,92,956 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (3പേർ) | 675 | 424 | 91,96,17,554 | 41,00,04,738 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (2 പേർ) | 95 | 45 | 4,70,59,664 | 1,73,66,682 |
| | 919 | 560 | 1,27,85,01,000 | 61,11,64,376 |

ലഭ്യമാക്കിയ രേഖകൾ പ്രകാരം സാമ്പത്തിക വർഷം ആകെ 919 പ്രൊജക്ടുകളിലായി 1,27,85,01,000/- രൂപ വകയിരുത്തിയതിൽ 560 പ്രവൃത്തികളിലായി 61,11,64,376/-രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 47.8% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ചെലവഴിക്കാൻ കഴിയാത്തതിനാൽ ഈ ഇനത്തിൽ മാത്രം 9,84,25,528/- രൂപ നഗരസഭക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലും കോടികൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് നടപ്പാക്കാൻ കഴിയുന്നതിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നത് മൂലമാണ് പ്രവൃത്തി നിർവഹണം കുറയാൻ ഇടയായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ലഭ്യമായ ജീവനക്കാർക്ക് കഴിയാവുന്നതിലുമധികം മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പ്രവൃത്തികളുടെ മേൽനോട്ടം, ചെക്ക് മെഷർമെന്റ് എന്നിവയേയും ബാധിക്കുന്നുണ്ട്. ആയതിനാൽ ആവിഷ്കരിക്കുന്ന പ്രൊജക്ടുകളുടെ എണ്ണം കുറച്ച് കൂടുതൽ തുക വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കാൻ നടപടികൾ അനിവാര്യമാണ്.

2) കൃത്യമായ സ്ഥലപരിശോധന ഇല്ലാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് മൂലം വ്യാപകമായി റിവൈസ് ചെയ്യേണ്ടിവരുന്നു.

സാമ്പത്തികവർഷം നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവർത്തികൾക്കായി തയ്യാറാക്കിയ ഒട്ടുമിക്ക എസ്റ്റിമേറ്റുകളും വിവിധ കാരണങ്ങളാൽ പിന്നീട് റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത് സ്വാഭാവികമാണെങ്കിലും തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഭൂരിഭാഗവും റിവൈസ് ചെയ്യപ്പെടേണ്ടിവരുന്നത് കൃത്യമായ സ്ഥലപരിശോധന ഇല്ലാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് മൂലമാണ്. ഇത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രവർത്തി നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാതിരിക്കുന്നതിനും അത് വഴി പ്രവർത്തിക്കായി സാമ്പത്തിക വർഷം വകയിരുത്തിയ തുക നഷ്ടപ്പെടുന്നതിനും ഇടയാകുന്നു, ആയതിനാൽ കൃത്യമായ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ നടപടികൾ ഉണ്ടാവേണ്ടതാണ്.

3) ആവശ്യത്തിന് തുക വകയിരുത്താതെ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നു.

സാമ്പത്തിക വർഷത്തെ സുലേഖ ചെലവുപത്രിക പരിശോധിച്ചതിൽ മരാമത്ത് മേഖലയിൽ പ്രൊജക്ട് നിർവഹണത്തിന് ആവശ്യമായ തുക വകയിരുത്താതെ പ്രൊജക്ടുകൾ ആവിഷ്കരിച്ചതായി കാണുന്നു. കോർപ്പറേഷൻ എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായവർക്ക് നടപ്പിലാക്കാനുള്ള പ്രൊജക്ടുകളിൽ പന്ത്രണ്ട് എണ്ണത്തിന് ഒരു രൂപ മുതൽ 100 രൂപ വരെയാണ് നിർവഹണത്തിനായി നീക്കിവെച്ചിരിക്കുന്നത്. ഇപ്രകാരം പ്രൊജക്ടുകൾക്ക് നാമമാത്ര തുക വകയിരുത്തുന്നതിന്റെ കാരണം വ്യക്തമല്ല. സ.ഉ.(കൈ)നം.86/22 Dt 19.04.2022 ഖണ്ഡിക 25(9) പ്രകാരം ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം പരമാവധി കുറക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഈ നിബന്ധന പാലിക്കാതെയാണ് മരാമത്ത് മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചിരിക്കുന്നത്. അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഫണ്ട് നഷ്ടത്തിന് ഇടയാക്കുന്നു.

മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ ആയത് റിവൈസ് ചെയ്യുന്നതിന് കൗൺസിൽ അംഗീകാരം ലഭ്യമായശേഷം സാങ്കേതികാനുമതി ലഭിക്കുന്നത് വരെയുള്ള തുടർനടപടികൾക്ക് കാലതാമസമുണ്ടാവുന്നത് മൂലം പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടാലും പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായില്ല എന്ന കാരണത്താൽ ഫൈനൽ ബിൽ സമർപ്പിക്കാൻ കഴിയാതെ വരികയും പ്രവർത്തിക്കായി വകയിരുത്തിയ തുക സാമ്പത്തിക വർഷത്തിൽ

ചെലവഴിക്കപ്പെടാതെ ലാപ്സാവുന്ന അവസ്ഥയും സംജാതമാവുന്നുണ്ട്. എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാക്കുമ്പോൾ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(118/22-23 തീ.27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പണികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-46 നിർമ്മാണം പൂർത്തീകരിച്ചിട്ടും ഗുണഭോക്താക്കൾക്ക് കൈമാറാനാവാതെ വള്ളേല്യക്കാട്ട് കോളനി ഭവനസമുച്ചയം

നഗരസഭാ പരിധിയിൽ വീടോ, സ്ഥലമോ ഇല്ലാത്ത എസ്.സി. വിഭാഗത്തിൽപെട്ട പതിനാറ് കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആരംഭിച്ചതാണ് പ്രൊജക്ട് (പ്രൊജക്ട് നിർവഹണത്തിലെ അപാകത സംബന്ധിച്ച് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.68 ആയി പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്). ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി ഏറ്റെടുത്ത കരാർസ്ഥാപനം 2022-23 സാമ്പത്തിക വർഷത്തിൽ ആയത് പൂർത്തീകരിച്ച് ഫൈനൽ ബിൽ കൈപറ്റിയിട്ടുണ്ടെങ്കിലും കുടിവെള്ളം ലഭ്യമാക്കുന്നതിലും വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും തുടർ നടപടികളില്ലാത്തതിനാൽ നഗരസഭ തെരഞ്ഞെടുത്ത പതിനാറ് കുടുംബങ്ങൾക്കും ഫ്ലാറ്റുകൾ കൈമാറാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രസ്തുത പ്രദേശത്ത് നിർമ്മിച്ച ഫ്ലാറ്റുകളിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വികസനഫണ്ട് എസ്.സി.പി വിഹിതത്തിൽ നിന്നും 31,60,000/- രൂപ (ബിൽ നം: 15/20-02-23) 21.2.23ന് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട് (പ്രൊജക്ട് നമ്പർ 81/22-23). വാട്ടർ അതോറിറ്റി പ്രവൃത്തി നിർവഹണം പൂർത്തീകരിച്ചതായി കാണുന്നില്ല. വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിക്കുന്ന പക്ഷം ഒരോ കുടുംബങ്ങൾക്കും പ്രത്യേകം വാട്ടർ, കെ.എസ്.ഇ.ബി കണക്ഷനുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി ഫയൽ പൊതുമരാമത്ത് സ്ഥിരം സമിതിക്ക് കൈമാറിയതിൽ 26.10.23 ൽ ചേർന്ന പൊതുമരാമത്ത് സ്ഥിരം സമിതിയുടെ 37-ാം നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് നമ്പർ അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതിനും കെ.എസ്.ഇ.ബി. യുമായി ചേർന്ന് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും കൗൺസിലേക്ക് ശുപാർശ ചെയ്തുകാണുന്നു. എന്നാൽ മേൽ വിഷയത്തിൽ കൗൺസിൽ തീരുമാനം കൈകൊണ്ട് തുടർനടപടികൾ ഉണ്ടായതായി കാണുന്നില്ല. കുടിവെള്ളമെത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക അടവാക്കിയ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആകെ അടവാക്കിയ 31,60,000/- രൂപയിൽ 11,98,671/- രൂപ റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിലാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ 21.12.22ന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ കത്തിൽ റോഡ് റിഫർമേഷൻ ചാർജിനത്തിൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതോടൊപ്പം ഭവനസമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സിന് (117/22-23 തീ. 27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-47 അമൃത് പദ്ധതി -മാനാഞ്ചിറ സ്ക്വയറിന്റെ നവീകരണം -വീഴ്ച വരുത്തിയ കരാറുകാരനെതിരെയുള്ള നടപടി പൂർത്തീകരിച്ചില്ല

ഫയൽ നമ്പർ EG21/25046/18

കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള മാനാഞ്ചിറ സ്ക്വയറിൽ നവീകരണത്തിന്റെ ഭാഗമായി അഡീഷണൽ സബ് ഗേറ്റ്, റെയിൻ ഷെൽട്ടർ, ഗാലറി, നടപ്പാത നവീകരണം തുടങ്ങിയ പ്രവൃത്തികൾക്കും

സൗണ്ട് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 2018 ൽ 85 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തതിൽ M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡ് പ്രവൃത്തി ഏറ്റെടുത്ത് ആരംഭിക്കുകയുണ്ടായി. എന്നാൽ രണ്ടു തവണ കാലാവധി നീട്ടിനൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 23.10.2019ലെ 69 നമ്പർ കൗൺസിൽ തീരുമാനപ്രകാരം കരാർ റദ്ദു ചെയ്യുകയും ബാക്കി പ്രവൃത്തികൾ M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരനായ ശ്രീ പി.വി. ബിജു വിനെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു.

PWD Mannual 2012-Section 2116.2.1 പ്രകാരം പൂർത്തിയാക്കാനുള്ള ബാക്കി പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 30% വരുന്ന തുക കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ തുക മൂന്ന് മാസത്തിനകം അടവാക്കേണ്ടതുമാണ്. കരാർ സ്ഥാപനത്തിന്റെ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുന്നതിനും കമ്പനിയെ കരിമ്പട്ടികയിൽ പെടുത്തുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കിയതായി കാണുന്നില്ല.

മാന്വൽ വ്യവസ്ഥ പ്രകാരം M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ട 13,04,283/-രൂപ (4347610x30/100=13,04,283/-) ഇതുവരെയും ഈടാക്കുകയോ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുകയോ ചെയ്തിട്ടില്ല. 250990/-രൂപയുടെ രണ്ട് വർഷകാലാവധിയുള്ള ട്രെഷറിനിക്ഷേപ സർട്ടിഫിക്കറ്റ് (FD No.799010500388890 Dt.30.05.2018) ഇപ്പോഴും പുതുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. കരാറുകാരനെ ബ്ളാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. മണപ്പുറം കൺസ്ട്രക്ഷൻസ് നടത്തിയ പ്രവൃത്തിമൂല്യം-6,68,748/-രൂപയാണ്.തുക നൽകിയിട്ടില്ല.

M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിന്റെ കരാർ റദ്ദ് ചെയ്തതിന് ശേഷം നടന്ന റീടെണ്ടറിൽ (07.01.2020 ന് ഓപ്പൺ ചെയ്തു) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സജീവ്.എൻ എന്നവരുടെ (39,46,157.41/-) ടെണ്ടർ 14.01.2020 ന് ചേർന്ന കൗൺസിലിന്റെ 63 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നോട്ടിൽ "Due To Technical Reason Selection Notice Cancelled And Retender The Work"എന്ന് രേഖപ്പെടുത്തി വർക്ക് വീണ്ടും റീടെണ്ടർ ചെയ്തു. പ്രസ്തുത റീടെണ്ടറിൽ പങ്കെടുത്ത ഏക കരാറുകാരനായ ശ്രീ ബിജുവിന്റെ 4293571.8/-രൂപയുടെ ടെണ്ടർ 19.02.2020 ന് ചേർന്ന കൗൺസിൽ 115 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആദ്യത്തെ റീടെണ്ടറിൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയേക്കാളും ഉയർന്ന തുകയാണ് ബിജു പിന്നീട് രേഖപ്പെടുത്തിയിട്ടുള്ളത്. കൗൺസിൽ അംഗീകരിച്ച ശേഷം എൻ.സജീവിന്റെ ടെണ്ടർ റദ്ദ് ചെയ്ത് വർക്ക് റീടെണ്ടർ ചെയ്യാനുമുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഈ നടപടി മൂലം നഗരസഭക്ക് 3,47,414.39 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവുവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ,തിയ്യതി | തുക |
|---|---|
| 5762/25.3.21 | 1409119/- |
| 000739/25.3.21 | 48814/- |
| 1583/10.8.22 | 2874456/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് മറുപടി(ഒ.എസ്.നം.49/ 29.09.2023)ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ട 13,04,283/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 13,04,283/-രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. വ്യക്തമായ കാരണം രേഖപ്പെടുത്താതെ കൗൺസിൽ അംഗീകരിച്ച ശേഷം എൻ.സജീവിന്റെ ടെണ്ടർ റദ്ദ് ചെയ്ത് വർക്ക് റീടെണ്ടർ

ചെയ്തതുവഴി കോർപ്പറേഷനുണ്ടായ അധികചെലവ് 3,47,414 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-48 കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കൽ - കരാർ സ്ഥാപനത്തിന് ഫൈനൽ ബിൽ അനുവദിച്ചതിൽ അപാകത

പ്രൊജക്ട് നമ്പർ : 67/23

വകയിരുത്തിയ തുക : 51,50,000/-

ചെലവുതുക : 50,17,783/-

(ബിൽ നമ്പർ 384/25.11.22, ബിൽ നമ്പർ.1675/28.3.23)

നിർവഹണം : എക്സിക്യൂട്ടീവ് എഞ്ചിനീയർ III

എം.ബുക്ക് നമ്പർ : 385/22, 376/22

നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ ബഹുവർഷ പ്രൊജക്ടായി ആരംഭിച്ച കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം പൂർത്തീകരണ പ്രവൃത്തികൾക്ക് എഴുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ.ഓപ്.സൊസൈറ്റിക്ക് 2021-22 ൽ പ്രവൃത്തി ഏൽപ്പിച്ചുനൽകി. പ്രവൃർത്തിയുടെ നിർവഹണ വേളയിൽ കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് എസ്റ്റിമേറ്റിൽ ചില വ്യതിയാനങ്ങൾ വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട് (സാങ്കേതികാനുമതി നമ്പർ SE/110/22-23, 68,97,743 രൂപ). പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ കരാർ സ്ഥാപനം പാർട്ട് ബിൽ ഇനത്തിൽ തുക കൈപ്പറ്റുകയും 2022-23 മാർച്ച് മാസത്തിൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലും കൈപറ്റിയിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി. വിഹിതം, സെന്റേജ് ചാർജ് ഉൾപ്പടെ കൈപ്പറ്റിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | കൈപ്പറ്റിയ തുക/തിയ്യതി | ബിൽ നമ്പർ , തിയ്യതി |
|---|---|---|
| ഫസ്റ്റ് പാർട്ട് ബിൽ | 23,00,000 | 1167/26.3.22 |
| സെക്കന്റ് പാർട്ട് ബിൽ | 25,70,579 | 384/25.11.22 |
| ഫൈനൽ ബിൽ | 24,47,204 | 1675/28.3.23 |
| ആകെ | 73,17,783 | |

ഈ ബില്ലുകൾ പ്രകാരം കരാർ സ്ഥാപനം 73,17,783/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് 72,42,731/- രൂപക്ക് മാത്രമെ അർഹത കാണുന്നുള്ളു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 57,85,994.85 |
| പ്രവർത്തിമൂല്യം റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭ്യമായ പ്രവർത്തിമൂല്യ തുകയിൽ പരിമിതപ്പെടുത്തിയത് | 57,49,796.29 |
| + സെന്റേജ് ചാർജ് (6.75%) | 3,88,111.25 |
| + 18% G.S.T. വിഹിതം (G.O.P.no82/22 Taxes Dt 18.7.22 പ്രകാരം അനുവദനീയം) (സെന്റേജ് ചാർജിന് ഉൾപ്പെടെ) | 11,04,823.35 |

| | |
|---|---|
| ആകെ അനുവദിക്കാവുന്നതുക (റൗണ്ട് ചെയ്തത്) | 72,42,731 |

കരാർ സ്ഥാപനത്തിന് അർഹമായതിലും അധികമായി നൽകിയ 75,052/- രൂപ (7317783 - 7242731) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(116/22-23 തീ. 25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 75,052/- രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-49 കീഴ്‌വലത്ത് താഴ കുടിവെള്ളപദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി നിർവഹണത്തിലെ അപാകത.

പ്രൊജക്ട് നമ്പർ : 404/23

വകയിരുത്തിയ തുക : 146730

ചെലവുതുക : 146730 ( ബിൽ നം: 130/28-02-23)

നിർവഹണം : എക്സിക്യൂട്ടീവ് എഞ്ചിനീയർ 1

നഗരസഭയിലെ എലത്തൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന കീഴ്‌വലത്ത് താഴ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിന് തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ.ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്(RAIDCO) എന്ന സ്ഥാപനത്തിൽ നിന്നും 1,46,730/- രൂപ വിലയുള്ള മോട്ടോർ സ്ഥാപിച്ചത് പ്രകാരം 1,46,730/- രൂപ RAIDCO ക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെപ്പറയുന്നു.

1) പഴയ മോട്ടോർമാറ്റി പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ നിലവിലുള്ള മോട്ടോർ നഗരസഭയിൽ തിരികെ ഏൽപ്പിച്ചതായി കാണുന്നില്ല.

2) റെയ്ഡ്കോ ലഭ്യമാക്കിയ കാഷ് ബിൽ പരിശോധിച്ചതിൽ കുടിവെള്ള പദ്ധതി സ്ഥലത്ത് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ചെലവിനത്തിൽ മാത്രം 29,500/- രൂപ ഈടാക്കിയിട്ടുണ്ട്. കൂടാതെ ഇൻസ്റ്റലേഷൻ മെറ്റീരിയൽ ഇനത്തിൽ 5,266/- രൂപ വേറെയും ഈടാക്കിയിട്ടുണ്ട്. ഒരു മോട്ടോർ സ്ഥാപിക്കുന്നതിന് മാത്രം ഇത്രയും തുക ഇൻസ്റ്റലേഷൻ ചാർജിനത്തിൽ ഈടാക്കിയതിന്റെ ആധികാരികത വ്യക്തമല്ല.

3) വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.86/2022/L.S.G.D തീയതി 19.04.2022. ഖണ്ഡിക 8.1 (ബി) 23 പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഒ.എസ്സ് നം.115/22-23 തീ. 25.11.2023 പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 ജി.എൽ.പി.സ്കൂൾ കച്ചേരി മേൽക്കൂരമാറ്റൽ -സാങ്കേതികാനുമതി ലഭിച്ച തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 293/23(സ്പിൽ ഓവർ) | |
| വകയിരുത്തിയ തുക | 15000000 | |
| ചെലവുതുക | 1428685 | (വൗച്ചർ നമ്പർ 122520100226 Dt22.10.22 ) |
| നിർവഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 11 | |
| എം.ബുക്ക് നമ്പർ | 352/21, 380/21 | |

കച്ചേരി ജി.എൽ.പി സ്കൂളിൽ നിലവിലുള്ള ടോയിലറ്റ് ബ്ലോക്ക് ഉപയോഗ ശൂന്യമായതിനാൽ ആയത്

ഉപയോഗപ്രദമാക്കുന്നതിനും, മുറ്റം ഇന്റർ ലോക്ക്, ഇലക്ട്രിഫിക്കേഷൻ മുതലായ പ്രവർത്തികൾക്കാണ് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും പതിനഞ്ച് ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവർത്തി ടെണ്ടർ ചെയ്തതിൽ കരാറുകാരനായ ഹസ്സൻകോയ.കെ. എന്ന ആൾ പ്രവർത്തി ഏറ്റെടുത്തു. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ ടോയിലറ്റ് ബ്ലോക്ക് പൊളിച്ചുമാറ്റിയാൽ കുട്ടികൾക്ക് ടോയിലറ്റ് ഇല്ലാത്ത അവസ്ഥ വരുന്നതിനാലും തയ്യാറാക്കിയ പ്ലാനിലെ ഡൈനിംഗ് ഹാളിന്റെ സൈസ് മാറ്റേണ്ടതിനാലും നിലവിലുള്ള ടോയിലറ്റ് പൊളിക്കാതെ പ്ലാനിൽ മാറ്റംവരുത്തി എസ്റ്റിമേറ്റ് തുകയിലധികരിക്കാതെ പ്രവർത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് E.E/16 /22-23പ്രകാരം സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആകെ 1500000രൂപക്ക് സാങ്കേതികാനുമതി ലഭ്യമായതിൽ 150000 രൂപ കരാറിൽ ഉൾപ്പെടാത്ത ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കാണ്. പ്രവർത്തി നടന്നുകൊണ്ടിരിക്കെ 22.10.22ൽ കരാറുകാരൻ പാർട്ട് ബില്ലും പ്രവർത്തി പൂർത്തീകരിച്ച് 20.3.23ൽ ഫൈനൽ ബില്ലും കൈപ്പറ്റിയിട്ടുണ്ട്. കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമായ തുകയിൽ പരിമിതപ്പെടുത്താതെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് സാങ്കേതിനാനുമതി ലഭിച്ച തുക കൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കരാർ പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിരിക്കുന്നത് 12%ജി.എസ്.ടി തുക ഉൾപ്പടെ 1337836രൂപക്കാണ്. എന്നാൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടാക്സ് ഉൾപ്പടെ 1428685 രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാന് അർഹമായ തുകയുടെ വിശദവിവരം താഴെക്കൊടു ക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 1275612 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെടുത്തുമ്പോൾ.(ഇലക്ട്രിഫിക്കേഷൻ പ്രവർത്തി കരാറുകാരനേൽപ്പിച്ചു നൽകിയ പ്രവർത്തിയി ലുൾപ്പെട്ടിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരം ആയതിന് വകയിരുത്തി സാങ്കേതികാനുമതി ലഭ്യമായ 150000രൂപ ക്ക് കരാറുകാരന് അർഹതയില്ല.) | 1206660 (12164 രൂപ L.S.ഉൾപ്പടെ) |
| 12% G.S.T തുക.(റൗണ്ട് ചെയ്തത്) | 143340 |
| ആകെ അർഹമായ തുക | 1350000 |
| കരാറുകാരന് അനുവദിച്ച തുക | 1428685 (ഫസ്റ്റ് പാർട്ട് ബിൽ.720508, ഫൈനൽ ബിൽ 708177) |
| അധികം അനുവദിച്ച തുക | 78685 |

കരാറുകാരന് അധികതുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയതുക 78685 രൂപ ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-51 ഓഫീസ് നവീകരണം - സെന്റേജ് ചാർജ്ജ് അധികം നൽകി

പ്രോജക്ട് നം. 73/23 ഓഫീസ് നവീകരണം (സീറ്റിംഗ് ലേ ഔട്ട് നെറ്റ് വർക്കിംഗ്)

നിർവ്വഹണം - കോർപ്പറേഷൻ എഞ്ചിനിയർ

കരാറുകാരൻ - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

എഗ്രിമെന്റ് - 34/SE/18-19 Dt. 06.03.2019

ഓഫീസ് നവീകരണം സീറ്റിംഗ് ലേ ഔട്ട് ആന്റ് നെറ്റ് വർക്കിംഗ് എന്ന പദ്ധതി 25.10.2022 ന് പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ ചെലവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ബിൽ നം/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 18160247001401451383/21.3.19 | 1,10,00,000 | മൊബിലൈസേഷൻ അഡ്വാൻസ് |
| 2. | 19160247001401647412/30.3.20 | 65,91,567 | Ist Part Bill |
| 3. | 20160247001401403045/27.3.21 | 1,40,26,560 | IInd Part Bill |
| 4. | 21160247001401315509/14.3.22 | 1,12,49,631 | IIIrd Part Bill |
| 5 | 21160247001401388542/20.3.22 | 11,52,197 | Ivth Part Bill |
| 6. | 22160247001400907907/14.12.22 | 1,39,36,216 | Vth Part Bill |
| | | 5,79,56,171 | |

ആകെ പ്രവൃത്തിമൂല്യം 5,51,96,353.79 രൂപയാണ്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ 25.07.2017 ലെ ജിഒ(പി)നം.95/2017/Fin നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% തുകയായ 27,59,817 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. (ആകെ 5,79,56,171)

04.10.2020 ലെ സ.ഉ(സാധാ)നം.1817/2020/തസ്വഭവ ഉത്തരവു പ്രകാരം പുതിയതായി കരാർ വയ്ക്കുന്ന പ്രവർത്തികൾക്ക് മാത്രമാണ് 5% സെന്റേജ് ചാർജ്ജ് ബാധകമായിട്ടുള്ളത്. ഉത്തരവു തിയ്യതിക്ക് മുമ്പ് എഗ്രിമെന്റ് വച്ച് നടന്നു വരുന്ന പ്രവർത്തികൾക്ക് 2.5% സെന്റേജ് ചാർജ്ജാണ് നൽകേണ്ടത്. ആയത് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകേണ്ട തുക 13,79,908 രൂപയാണ്. ഉത്തരവിന് വിരുദ്ധമായി 5% നിരക്കിൽ സെന്റേജ് ചാർജ്ജ് നൽകിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഒ.എസ്-ന് (108/22-23 തീ. 23.11.2023)മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാകാത്തപക്ഷം സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-52 ഉറവിടമാലിന്യ സംസ്കരണ പ്രൊജക്ടുകൾക്കായി വകയിരുത്തിയ കോടികൾ ചെലവഴിക്കപ്പെട്ടില്ല

ഓഡിറ്റ് വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി നഗരസഭയിൽ ഉറവിടമാലിന്യസംസ്കരണത്തിന് വേണ്ടി രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | നിർവഹണം | ചെലവുതുക |
|---|---|---|---|
| 982/23-ഉറവിടമാലിന്യ സംസ്കരണം | 186700000 -ധനകാര്യകമ്മീഷൻ ഗ്രാന്റ്, 28523144 മറ്റുള്ളവ | ഹെൽത്ത് ഇൻസ്പെക്ടർ | ഇല്ല |

| | | | |
|---|---|---|---|
| 763/23-വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം | 16000000<br>ലോകബാങ്ക് സഹായം | ഹെൽത്ത് സൂപ്പർ വൈസർ | ഇല്ല |

ഉറവിടമാലിന്യ സംസ്കരണത്തിനായി സാമ്പത്തികവർഷം മേൽ പ്രകാരം കോടികൾ വകയിരുത്തി ആവിഷ്കരിച്ച പ്രൊജക്ടുകളിൽ ഒന്നിനുപോലും തുക ചെലവഴിക്കപ്പെട്ടു കാണുന്നില്ല.

അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ നിർമ്മാർജ്ജനം. പ്രതിദിനം 11449 ടൺ മാലിന്യം കേരളത്തിൽ ഉത്പാദിക്കപ്പെടുന്നു എന്നാണ് കണക്ക്. കേരളത്തിലെ ഏറ്റവും വലിയ നഗരങ്ങളിൽ ഒന്നായ കോഴിക്കോട് കോർപ്പറേഷനിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ്. മാലിന്യ സംസ്കരണത്തിന് കോഴിക്കോട് കോർപ്പറേഷനിൽ ലാന്റ് ഫിൽ ഞെളിയൻ പറമ്പിൽ ആണുള്ളത്. ഇവിടെ മാലിന്യങ്ങളുടെ വലിയ കുന്നുകൾ തന്നെ രൂപപ്പെട്ടിട്ടുണ്ട്. വർധിച്ച ജനസാന്ദ്രത കാരണം ലാന്റ് ഫില്ലിന് കൂടുതൽ സ്ഥലങ്ങൾ അക്വയർ ചെയ്യുക എന്നതും കോഴിക്കോട് നഗരസഭയെ സംബന്ധിച്ചിടത്തോളം അസാധ്യമാണ്. അത് കൊണ്ട് തന്നെ തെരുവിലേക്കും ജലാശയങ്ങളിലേക്കും പുറം തള്ളപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറക്കുക എന്നത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(പി)നമ്പർ.86/22 ത.സ്വ.ഭ.വ. 19.4.22 ഖണ്ഡിക 8(1) പ്രകാരം ഓരോ പ്രദേശങ്ങളും മാലിന്യമുക്തമാക്കുന്നതിന് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി ധനകാര്യകമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം എന്നീ ഇനങ്ങളിലായി വൻതുകകൾ വകയിരുത്തി ഉറവിടമാലിന്യ പരിപാലനത്തിനായി ആവിഷ്കരിച്ച മേൽ പ്രൊജക്ടുകൾ നടപ്പിലാക്കാൻ നഗരസഭക്ക് കഴിയാത്തത് മൂലം ധനകാര്യകമ്മീഷൻ, ലോകബാങ്ക് സഹായം ഇനങ്ങളിൽ നഗരസഭക്ക് ലഭ്യമായ തുകകൾ ചെലവഴിക്കപ്പെടാതെ നഷ്ടപ്പെടുന്നതിന് ഇടയായിട്ടുണ്ട്. മാത്രമല്ല നഗരസഭയിൽ ഉണ്ടാവുന്ന ഉറവിടമാലിന്യ പ്രശ്നപരിഹാരത്തിന് പരിഹാരമായേക്കാവുന്ന ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് മൂലം ഉറവിട മാലിന്യശേഖരണത്തിനും സംസ്കരണത്തിനും മറ്റ് വിധങ്ങളിൽ നഗരസഭ വൻ തുക ചെലവഴിക്കേണ്ടതായും വരുന്നു. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(51/22-23 തീ.29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രൊജക്ടുകളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണ്.

## 1-53 വിടുതൽ ചെയ്തുപോകുന്ന താൽകാലിക ഡോക്ടർമാർക്ക് പകരം ഡോക്ടർമാരെ നിയമിക്കാത്തതിനാൽ സായാഹ്ന ഒ .പി.കൾ നിലക്കുന്നു

പ്രൊജക്ട് നമ്പർ- 22/23

പ്രോജക്ടിന്റെ പേര് - ഡോക്ടർ, പാരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻമാരുടെ വേതനം

നിർവഹണം-ഹെൽത്ത് ഓഫീസർ

വകയിരുത്തിയ തുക- 56,26,868

ചെലവുതുക- 54,65,106

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞ് വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിനായി ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം നിയമിക്കുന്നതിന് സ.ഉ(പി) നം. 115/22/ത.സ്വ.ഭ.വ. തിയ്യതി- 28.05.2022 ഖണ്ഡിക 7.6.2. പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലെ ആരോഗ്യസ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ

സ്റ്റാഫ് എന്നിവർക്ക് വേതനം നൽകുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ മൊത്തം ഇരുപത് ജീവനക്കാരെ നിയമിച്ചതിൽ ആറ് ഡോക്ടർമാർ, അഞ്ച് സ്റ്റാഫ് നേഴ്സുമാർ, ആറ് ഫാർമസിസ്റ്റുകൾ, മൂന്ന് ലാബ് ടെക്നീഷ്യൻമാർ എന്നിവർ ഉൾപ്പെടുന്നു. നഗരസഭാ പരിധിയിലുള്ള ആറ് ആരോഗ്യസ്ഥാപനങ്ങളിലെ സായാഹ്ന ഒ.പികളുടെ പ്രവർത്തനത്തിനാണ് മേൽ പ്രകാരം ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. ജീവനക്കാരുടെ വേതനമിനത്തിൽ സാമ്പത്തിക വർഷം 5465106 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ജോലി ഉപേക്ഷിച്ചുപോകുന്ന താൽക്കാലിക ഡോക്ടർമാർക്ക് പകരം ഡോക്ടർമാരെ നിയമിക്കുന്നില്ല.

സാമ്പത്തിക വർഷം വിവിധ സമയങ്ങളിലായി വിടുതൽ ചെയ്ത് പോയ ഡോക്ടർമാർക്ക് പകരം യഥാസമയം ബദൽ ഡോക്ടർമാരെ നിയമിക്കാത്തതിനാൽ രണ്ട് ആരോഗ്യ സ്ഥാപനങ്ങളിലെ സായാഹ്ന ഒ.പികൾ പാതിവഴിയിൽ പ്രവർത്തനം നിലച്ചതായി കാണുന്നു. ഡോക്ടർമാരുടെ അഭാവത്തിൽ U.H.C. മാങ്കാവിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സായാഹ്ന ഒ.പി 2022 ജൂൺ മാസം മുതലും, F.H.C നല്ലളത്തെ സായാഹ്ന ഒ.പി 2022 നവംബർ മുതലും പ്രവർത്തനം നിലച്ചിട്ടുണ്ട്.

2) ജീവനക്കാരെ മാറ്റി നിയമിക്കുകയോ, ഒഴിവാക്കുകയോ ചെയ്യാത്തതിനാൽ നഗരസഭക്ക് അനാവശ്യച്ചെലവ്.

താൽക്കാലിക ഡോക്ടർമാർ ജോലി ഒഴിവാക്കി പോകുന്ന അവസരത്തിൽ പകരം ഡോക്ടർമാരെ നിയമിക്കാത്തപക്ഷം അവിടുത്തെ സായാഹ്ന ഒ.പി കളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന പാരാമെഡിക്കൽ സ്റ്റാഫിനെ യഥാസമയം ഒഴിവാക്കുകയോ, മാറ്റി നിയമിക്കുകയോ ചെയ്യാത്തത് മൂലം നഗരസഭക്ക് അധിക ചെലവിന് ഇടയായിട്ടുണ്ട്. ഉദാഹരണത്തിന് F.H.C നല്ലളത്തെ മെഡിക്കൽ ഓഫീസർ ഡോ.റോഷിദ 31.05.2023 ന് ജോലി രാജിവെച്ചിട്ടുണ്ടെങ്കിലും പകരം ഡോക്ടറെ നിയമിക്കാതെ അവിടുത്തെ മൂന്ന് പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് ജൂൺ മാസത്തെ വേതനം നൽകിയിട്ടുണ്ട്. അത് പോലെതന്നെ C.H.C. ചെറുവണ്ണൂരിലെ താൽക്കാലിക ഡോക്ടർ ഡോ.അഞ്ജല കെ.കെ ഡിസംബർ മാസത്തിൽ ജോലിക്ക് ഹാജരാവുകയോ, പകരം ഡോക്ടറെ നിയമിക്കുകയോ ചെയ്യാതിരുന്നിട്ടും അവിടുത്തെ പാരാമെഡിക്കൽ സ്റ്റാഫുകളായ മൂന്ന് പേർക്ക് നഗരസഭ സിസംബർ മാസത്തെ വേതനം നൽകികാണുന്നു.

ഡോക്ടർമാർ ജോലി ഉപേക്ഷിച്ച് പോയിട്ടും പകരം ഡോക്ടർമാരെ യഥാസമയം നിയമിച്ച് സായാഹ്ന ഒ.പി കൾ പ്രവർത്തനക്ഷമമാക്കാത്തതിലും ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന്(36/22-23 തീ. 07.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും പ്രവർത്തനം നിലച്ച സായാഹ്ന ഒപികൾ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-54 ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യ വികസനം -പ്രൊജക്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല

പ്രൊജക്ട് നമ്പർ- 476/23

വകയിരുത്തിയ തുക- 37,29,252 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവുതുക-19,22,528 (ബിൽ നം.263/15.10.2022 – 18,53,144
264/15.10.2022 – 69,384 )

നിർവഹണം- ഹെൽത്ത് ഓഫീസർ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രൊജക്ട് നമ്പർ-65/19) നഗരസഭയുടെ അധീനതയിലുള്ള ആയുർവേദ, അലോപ്പതി, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ആവിഷ്കരിച്ചതാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം നഗരസഭക്ക് വിട്ട് കിട്ടിയ ആറ് വീതം ആയുർവേദ, അലോപ്പതി, ഹോമിയോ ഡിസ്പെൻസറികളുടെ അടിസ്ഥാന

സൗകര്യവികസനത്തിനായി വകയിരുത്തിയ തുകയിൽ നിന്നും ആശുപത്രികൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ/സാധനങ്ങൾ വാങ്ങുന്നതിന് 19,22,528 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) വാങ്ങൽ നടപടികൾ-പ്രൊജക്ട് നിബന്ധനകൾ പാലിച്ചില്ല

പ്രൊജക്ട് പ്രകാരം K.M.C.L മുഖേന വാങ്ങാവുന്നവ അപ്രകാരവും റേറ്റ് കോൺട്രാക്ട് മുഖേന K.M.C.L നിന്നും പർച്ചേസ് ചെയ്യാവുന്ന സാധനങ്ങൾ അപ്രകാരവും മറ്റുള്ളവ ടെണ്ടർ നടപടികളിലൂടെ വാങ്ങിക്കുന്നതിനുമാണ് പ്രൊജക്ടിൽ നിഷ്കർച്ചിരിക്കുന്നത്. എന്നാൽ ആയത് പരിഗണിക്കാതെ ആവശ്യമായ എല്ലാ ഉപകരണങ്ങളും/സാധനങ്ങളും ടെണ്ടർ നടപടികളിലൂടെ സ്വകാര്യ സ്ഥാപനങ്ങളായ കാലിക്കറ്റ് സർജിക്കൽ, കീർത്തി മാർക്കറ്റിംഗ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.

2) ടെണ്ടർ നടപടികൾ കൈകൊണ്ടതിൽ അപാകത.

കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 7.33 പ്രകാരം ടെണ്ടർ നടപടികൾ കൈകൊള്ളുമ്പോൾ വാങ്ങുന്ന സാധനങ്ങളുടെ പേര് വിവരം അക്ഷരമാലാക്രമത്തിൽ യഥാർത്ഥ സ്പെസിഫിക്കേഷനോടുകൂടി രേഖപ്പെടുത്തണം. പേറ്റന്റ്, ബ്രാന്റ് നെയിം എന്നിവ ഉപയോഗിക്കരുതെന്നും നിഷ്കർഷിക്കുന്നുണ്ട്, എന്നാൽ പല ഇനങ്ങളുടെയും ബ്രാൻഡ് നെയിം ഉൾപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ഉദാ- ക്രോംപ്റ്റൺ ടേബിൾ ഫാൻ , പ്രസ്റ്റീജ് പ്രഷർകുക്കർ, വീ ഗാർഡ് സ്റ്റബിലൈസർ, അൽമൊണാർഡ് പെഡസ്റ്റൽ ഫാൻ മുതലായവ, എന്നാൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ബ്രാൻഡ് നെയിം കാണിച്ച് നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും സാധനങ്ങൾ ലഭ്യമാക്കിയ കാഷ് ബില്ലിൽ മേൽപറഞ്ഞതിൽ പല ഇനത്തിന്റെയും ബ്രാൻഡ് നെയിം രേഖപ്പെടുത്തി കാണുന്നില്ല. ആയതിൽ നിന്നും നഗരസഭ ആവശ്യപ്പെട്ട കമ്പനികളുടെ സാധനങ്ങളാണോ ലഭ്യമായത് എന്ന് വ്യക്തമല്ല.

3) വർഷങ്ങൾ കഴിഞ്ഞിട്ടും പ്രൊജക്ട് പൂർത്തീകരിച്ചില്ല

2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രൊജക്ട് 2022-23 സാമ്പത്തിക വർഷത്തിലും പൂർത്തീകരിച്ച് ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ച് നെഗോസിയേഷൻ ചെയ്തതിൽ ഏതാനും സാധനങ്ങളുടെ വിലയും ഗുണനിലവാരവും തമ്മിൽ വലിയ അന്തരം കാണുന്നതിനാൽ എക്സാമിനേഷൻ ടേബിൾ, വീൽചെയർ, വാട്ടർ ഫിൽട്ടർ, സ്റ്റീൽ അലമാര, റഫ്രിഡ്ജറേറ്റർ മുതലായ ഇനങ്ങൾ ഒഴിവാക്കി അവശേഷിക്കുന്ന സാധനങ്ങൾ വാങ്ങിക്കുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ ആയവ ഒഴിവാക്കിയാണ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിരിക്കുന്നത്. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടതിൽ ഭൂരിഭാഗവും ആരോഗ്യസ്ഥാപനങ്ങൾക്ക് അവശ്യം വേണ്ട ഉപകരണങ്ങൾ/ സാധനങ്ങളായിരുന്നിട്ടും ആയവ വാങ്ങിക്കുന്നതിന് തുടർ നടപടികൾ കൈകൊണ്ട് കാണുന്നില്ല. ഫലത്തിൽ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ട് ഇപ്പോഴും പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുകയാണ്.

4)ലഭ്യമായ ഉപകരണങ്ങൾ/സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് ആരോഗ്യസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

സാമ്പത്തികവർഷം 19,22,528 രൂപ മുടക്കി വാങ്ങിയ ഉപകരണങ്ങൾ/സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുത്തതിന്റെയോ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനങ്ങൾക്ക് ആയത് വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(40/22-23 തീ.08.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ആരോഗ്യസ്ഥാപനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ/സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആയത് ആരോഗ്യസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാവാത്തതിനാൽ ചെലവുതുക 19,22,528 രൂപ

ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-55 സ്പിൽ ഓവർ പ്രൊജക്ട് - അംഗീകാരം വാങ്ങാതെ പദ്ധതിയിൽ മാറ്റം വരുത്തി, നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല

പ്രൊജക്ട് നമ്പർ- 482/23

പ്രൊജക്ടിന്റെ പേര്- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന്, ശുചീകരണ സാമഗ്രികൾ, അനുബന്ധ സാധനങ്ങൾ വാങ്ങൽ.(സ്പിൽ ഓവർ)

വകയിരുത്തിയ തുക- 3,84,448

ചെലവുതുക- 1,56,148

നിർവഹണം- ഹെൽത്ത് ഓഫീസർ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകൾ, ശുചീകരണ സാമഗ്രികൾ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രൊജക്ടിൽ ചെലവഴിക്കാനവശേഷിക്കുന്ന തുക സ്പിൽ ഓവറായി ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രൊജക്ട് മുഖേന 1,56,148 രൂപ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവുതുക | ബിൽ നമ്പർ |
|---|---|---|
| സുമംഗലി C.F.L.T.C യുടെ കറന്റ് ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കിയത് റീക്കൂപ്പ് ചെയ്തത് | 49,815 | Order No43/15.6.22 |
| മൊബൈൽ മെഡിക്കൽ വാക്സിനേഷൻ യൂണിറ്റിലെ ഡോക്ടർ അമിത് ഇ.എസ്. എന്ന ആളുടെ 2022 മാർച്ച് മാസത്തെ വേതനം | 55,000 | Order No15/16.5.22 |
| മൊബൈൽ മെഡിക്കൽ വാക്സിനേഷൻ യൂണിറ്റിലെ ഡോക്ടർ അമിത് ഇ.എസ്. എന്ന ആളുടെ 2022 ഏപ്രിൽ മാസത്തെ വേതനം. | 51,333 | Order No41/14.6.22 |
| ആകെ | 1,56,148 | |

മേൽ ചെലവുകൾ പരിശോധിച്ചതിൽ പ്രൊജക്ട് പ്രകാരം വകയിരുത്തിയ ഇനങ്ങൾക്കല്ല തുക ചെലവഴിച്ചിരിക്കുന്നത്. മൊബൈൽ മെഡിക്കൽ വാക്സിനേഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് മുൻവർഷം പ്രത്യേക പ്രൊജക്ട് നടപ്പിലാക്കിയിരുന്നു. നടപ്പുവർഷം പ്രസ്തുത ആവശ്യത്തിന് പ്രൊജക്ട് ഇല്ലാത്തതിനാൽ ഡോക്ടറുടെ വേതനം ഈ പ്രൊജക്ടിൽ (482/23) നിന്നുമാണ് നൽകിയിരിക്കുന്നത്. സ.ഉ. നമ്പർ 86/22 ത.സ്വ.ഭ.വ. തി 19.04.2022 ഖണ്ഡിക 11 ൽ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം അംഗീകാരം ലഭിച്ച ഒരു പ്രൊജക്ട് സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ, അടങ്കൽ തുകയിലോ ഭേദഗതി ആവശ്യമാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനക്ക് വിധേയമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരത്തിൽ പ്രൊജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ആവശ്യമില്ലാത്ത പ്രൊജക്ടുകൾ പോലെയാണ് നടപ്പിലാക്കിയിരിക്കുന്നത്.

പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ (ഫയൽ നമ്പർ FI/37632/21) പരിശോധിച്ചതിൽ കോവിഡ് കാലത്ത് ആരംഭിച്ച സുമംഗലി C.F.L.T.C യുടെ പ്രവർത്തനം ജില്ലാ കലക്ടറുടെ 19.11.2021 ലെ DCKKD/6275/2021-F4 നമ്പർ ഉത്തരവ് പ്രകാരം 19.11.2021ന് നിർത്തലാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട എല്ലാ ബില്ലുകളും പേമന്റ് നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി I.C.I.C.I ബാങ്കിൽ ആരംഭിച്ച

അക്കൗണ്ടിൽ 69,219 രൂപ നീക്കിയിരിപ്പുള്ളതായും നോട്ട് ഫയൽ പേജ് 51 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. നീക്കിയിരിപ്പ് തുക കോർപ്പറേഷന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ബാങ്ക് മാനേജർക്ക് കത്ത് തയ്യാറാക്കിയതായും കാണുന്നു. എന്നാൽ അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെയോ, തുക നഗരസഭയുടെ തനത്ഫണ്ടിൽ വരവു വന്നതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (56/2022-23 തീ. 10.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതും ബാങ്ക് അക്കൗണ്ട് ക്ലോസ്ചെയ്ത് തുക തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 1,56,148 രൂപ തടസ്സത്തിൽ വെക്കുന്നു.

1-56 ജന്തു ജലജന്യ രോഗനിവാരണം ഉൽപന്നത്തിന് സ്ഥാപനം ക്വാട്ട് ചെയ്തതിൽ കൂടുതൽ തുക അനുവദിച്ചു

പ്രൊജക്ട് നമ്പർ- 681/23

വകയിരുത്തിയ തുക- 80,00,000

ചെലവുതുക- 10,30,093

ബിൽ നം- 68/28.03.2023 – 7,99,993

81/28.03.2023 – 2,30,100

നിർവഹണം- ഹെൽത്ത് ഓഫീസർ

ജന്തു ജലജന്യ രോഗങ്ങളുടെ നിയന്ത്രണത്തിന് ആവശ്യമായ ടെമിഫോസ്, പെരിത്രോം, മലാത്തിയോൺ, ബാസിലസ് തുറിഗ്നസിസ് മുതലായവ വാങ്ങുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം ഉൽപന്നങ്ങൾ സപ്ലൈ ചെയ്യാൻ ടെണ്ടർ ക്ഷണിക്കുകയും ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനികളുമായി നെഗോസിയേഷൻ നടത്തി അംഗീകരിച്ച നിരക്ക് ആരോഗ്യകാര്യ സ്ഥിരം സമിതിയുടെ 01.03.2023 ലെ തീരുമാനം നമ്പർ 6 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ ടെണ്ടർ ക്ഷണിക്കുന്ന സമയത്ത് ഒരു യൂണിറ്റിന്റെ വില രേഖപ്പെടുത്തേണ്ടത് G.S.T ഉൾപ്പെടെയുള്ള തുകയാണെന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനികൾ നെഗോസിയേഷനിലൂടെ അംഗീകരിച്ച നിരക്ക് താഴെക്കൊടുക്കുന്നു.

| ഇനം | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം | അംഗീകരിച്ച നിരക്ക് |
|---|---|---|
| ടെമിഫോസ് | E.D.W.C.C.S | 293/ലിറ്റർ |
| പെരിത്രോം | കിസാൻ എക്സൽ | 625/ലിറ്റർ |
| ബാസിലസ് തുറിഗ്നസിസ് | ബാക്ടോപവർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 800/ലിറ്റർ |
| മലാത്തിയോൺ | - ടി- | 390/ലിറ്റർ |

ആയതിന്റെ അടിസ്ഥാനത്തിൽ ബാക്ടോപവർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1000 ലിറ്റർ ബാസിലസ് തുറിഗ്നസിസ് 7,99,993 രൂപ ചെലവഴിച്ചും 500 ലിറ്റർ മലാത്തിയോൺ 2,30,100 രൂപ ചെലവഴിച്ചും വാങ്ങിയിട്ടുണ്ട്. ആയതിന്റെ കാഷ് ബില്ലുകൾ പരിശോധിച്ചതിൽ ബാസിലസ് തുറിഗ്നസിസ് എന്ന കീടനാശിനി സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിൽ തന്നെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മലാത്തിയോൺ 500 ലിറ്റർ സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം 1,95,000 (500x390) രൂപക്ക് സപ്ലൈ ചെയ്യേണ്ടതാണെങ്കിലും 2,30,100 രൂപ ഈടാക്കിയിട്ടുണ്ട്. ആയതിൽ 35,100 രൂപ ടാക്സ് ഇനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടർ നിബന്ധന പ്രകാരം ടാക്സ് ഉൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം 35,100 രൂപ അധികം ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ടെണ്ടറിലോ, നെഗോസിയേഷൻ സമയത്തോ ഒന്നുംതന്നെ സ്ഥാപനം ക്വാട്ട് ചെയ്തത് ടാക്സ് ഒഴികെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മലാത്തിയോണിന് സ്ഥാപനം ക്വാട്ട് ചെയ്ത തുകയിൽ കൂടിയ നിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരിച്ച്

പിടിച്ച് വിവരം അറിയിക്കാനമാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (ഒ.എസ് നം.37/22-23 തീ.07.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന് അധികം നൽകിയ 35100 രൂപ ഉത്തരവാദപ്പെട്ട ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-57 ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാഉപകരണങ്ങളും യൂണിഫോമും-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | | |
|---|---|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാഉപകരണങ്ങളും യൂണിഫോമും വാങ്ങി നൽകൽ - 474/23 (സ്പിൽ ഓവർ)(1243/22) | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ | | |
| അടങ്കൽ | 20,77,714/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 16,96,809/- | | |
| | ബിൽ നം. | തീയതി | തുക |
| | 22160247003000372697 | 01.08.2022 | 673809/- |
| | 22160247003000372698 | 01.08.2022 | 624068/- |
| | 22160247003000372696 | 01.08.2022 | 387004/- |
| | 22160247003000403746 | 10.08.2022 | 11928/- |

ഫയൽ നം.F6/ 11952/22

നഗരസഭയിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ശുചീകരണ തൊഴിലാളികൾക്ക് കാക്കി യൂണിഫോം, സാരി, ബ്ലൗസ്, ഗ്ലൗസ്, മാസ്ക്, ഗംബൂട്ട്, ചെരുപ്പ്, സോപ്പ്, റെയിൻ കോട്ട് എന്നീ 9 ഇനം സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചു. ഇതിനായി 24.02.2022 ന് ടെണ്ടർ ക്ഷണിച്ച് പത്രപരസ്യം ചെയ്തു പ്രകാരം 9 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. തുടർന്ന് വിലക്കുറവും ഗുണനിലവാരവും പരിശോധിച്ച് ആരോഗ്യകാര്യസ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് ഇ-ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുമായി നെഗോഷ്യേഷൻ നടത്തിതാഴെ കാണിച്ച പ്രകാരം വാങ്ങാൻ 18.03.22 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം (തീരുമാനം നമ്പർ 1/18.03.22) തീരുമാനിച്ചു.

| ഇനം | നിരക്ക് | വാങ്ങിയ സ്ഥാപനം |
|---|---|---|
| ബ്ലൂ സാരി | 38രൂ/മീറ്റർ | ചോയ്സ് കെമിക്കൽസ് |
| ബ്ലൂ ഓവർകോട്ട് | 220 രൂ/മീറ്റർ | ചോയ്സ് കെമിക്കൽസ് |
| ബ്ലൂ ചുരിദാർ | 45രൂ/മീറ്റർ | ചോയ്സ് കെമിക്കൽസ് |
| ഗ്ലൗസ് | 33.50രൂ/ജോഡി | ഗാലക്സി ട്രേഡ് ലിങ്ക്സ് |
| ഗംബൂട്ട് | 2500രൂ/ജോഡി | ഗാലക്സി ട്രേഡ് ലിങ്ക്സ് |
| ചപ്പൽ(മെയിൽ) | 219രൂ/ജോഡി | ഗാലക്സി ട്രേഡ് ലിങ്ക്സ് |
| ചപ്പൽ(ഫീ മെയിൽ) | 199രൂ/ജോഡി | ഗാലക്സി ട്രേഡ് ലിങ്ക്സ് |
| ഫെയ്സ് മാസ്ക് | 7.45 രൂ/എണ്ണം | മെട്രോ ഏജൻസീസ് |
| റെയിൻകോട്ട് | 615 രൂ/എണ്ണം | മെട്രോ ഏജൻസീസ് |
| കാക്കി യൂണിഫോം | 123രൂ/മീറ്റർ | മെട്രോ ഏജൻസീസ് |
| സോപ്പ് കോൾട്ടാർ | 59 രൂ/ മീറ്റർ | KSIE |
| ബ്ലൂ ബ്ലൗസ് പീസ് | 42 രൂ/പീസ് | ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് |

അടിയന്തിരമായി സാധനങ്ങൾ വാങ്ങേണ്ടതിനാലും അടുത്ത കൗൺസിൽ തീരുമാനം ലഭ്യമാവാൻ

സമയമെടുക്കുമെന്നതിനാലും ബഹു.മേയറുടെ 21.03.22 ലെ മുൻകൂർ അനുമതിയോടെയാണ് സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചത്. സ്ഥാപനങ്ങൾക്ക് 22.3.22ന് സെലക്ഷൻ നോട്ടീസ് നൽകി എഗ്രിമെന്റ് വെച്ച് 25.03.22ന് സപ്ലൈ ഓർഡർ നൽകി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

(1) സർക്കാർ അനുമതിയില്ലാതെ ശുചീകരണ തൊഴിലാളികൾക്ക് ചെരുപ്പ് വാങ്ങി നൽകി.

നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്) 89/2021 ത.സ്വ.ഭ.വ. തീയതി 12.08.2021 ഉത്തരവിലെ ഖണ്ഡിക XVമുതൽ XXപ്രകാരം ജീവനക്കാർക്ക് 4 ജോഡി യൂണിഫോം, കൂടാതെ വനിതകൾക്ക് 4 ജോഡി ഓവർ കോട്ട്, മാലിന്യം നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവർക്ക് മാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ട്, രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻ കോട്ട്, പ്രതിമാസം 2 ജോഡി കൈയുറയും അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് ഗം ബൂട്ടുകൾക്ക് പുറമെ ഓരോ ജോഡി വീതം ചെരുപ്പും വാങ്ങി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം യൂണിഫോം എന്നതിൽ ചെരുപ്പ് ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗാലക്സി ട്രേഡ് ലിങ്സിൽ നിന്നും 1300 ജോഡി ചെരുപ്പ് വാങ്ങി നൽകിയയിനത്തിൽ സ്ഥാപനത്തിന് 20.06.22ലെ W122നമ്പർ ഇൻവോയ്സ് പ്രകാരം 2,69,380/- രൂപ നൽകി.

(2) സർക്കാർ ഉത്തരവിന് വിരുദ്ധമായി റെയിൻ കോട്ട് വാങ്ങി നൽകി

സർക്കാർ ഉത്തരവ് (എം.എസ്) 105/18 ത.സ്വ.ഭ.വ. തീയതി 04.08.2018 പ്രകാരം ശുചീകരണ തൊഴിലാളികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻകോട്ട് അനുവദിക്കാവുന്നതാണ്. തുടർന്നുള്ള നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണഉത്തരവുകളിലും ഇതിന് മാറ്റം വന്നിട്ടില്ല. എന്നാൽ " മെട്രോ ഏജൻസി" എന്ന സ്ഥാപനത്തിൽ നിന്നും 30.03.22ന് 4,62,086/- (ബിൽ നം.1528085/30.3.22) രൂപ ചെലവഴിച്ച് 650 റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. നഗരസഭയിൽ 2017-18 വർഷം മുതൽ വാങ്ങിയ റെയിൻ കോട്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | എണ്ണം |
|---|---|---|
| 1 | 2017-18 | 583 |
| 2 | 2018-19 | 539 |
| 3 | 2019-20 | 688 |
| 4 | 2020-21 | 662 |
| 5 | 2021-22 | 650 |

നഗരസഭയിൽ ശുചീകരണ ജോലിയിലേർപ്പെട്ട ജീവനക്കാർക്കെല്ലാം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2017-18 മുതൽ എല്ലാ വർഷവും റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. 2021-22 വരെയുള്ള വർഷങ്ങളിൽ തുടർച്ചയായി മേൽ ഉത്തരവിലെ നിബന്ധനകൾ ലംഘിച്ച് റെയിൻ കോട്ട് വാങ്ങി നൽകുക വഴി ലക്ഷങ്ങളുടെ അധിക ചെലവാണ് നഗരസഭക്ക് ഉണ്ടായിട്ടുള്ളത്. ഇപ്രകാരം സർക്കാർ അനുമതി ഇല്ലാതെയാണ് ശുചീകരണ തൊഴിലാളികൾക്ക് റെയിൻ കോട്ടും ചെരുപ്പും മറ്റും നൽകിയിത് എന്നത് മുൻ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നു. (2019-20 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24 കാണുക). എന്നാൽ ഈ ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കുകയോ ചെരുപ്പ്, റെയിൻ കോട്ട് മുതലായവ വിതരണം ചെയ്യാൻ സർക്കാർ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (ഒ.എസ്.നം.35/05.09.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെരുപ്പ് വാങ്ങാൻ ചെലവഴിച്ച 2,69,380/- രൂപ തടസ്സത്തിൽ വെക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുടർച്ചയായി റെയിൻകോട്ടും ചെരുപ്പും വാങ്ങി നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കാത്തപക്ഷം ചെലവു തുക നിരാകരിക്കുന്നതാണ്.

## 1-58 അലോപ്പതി മരുന്നുകൾക്കായി മെഡിക്കൽ സർവീസ് കോർപ്പറേഷന് അടവാക്കിയ തുകയിൽ ലക്ഷങ്ങളുടെ മരുന്നുകൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും

ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രൊജക്ടുകൾ പ്രകാരം നഗര ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിനും, പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും തുക ചെലവഴിച്ചതിന്റെയും ആയതിന് മരുന്നുകൾ ലഭ്യമായതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടവാക്കിയ തുക | മരുന്നുകൾ ലഭ്യമായത് | ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വില | റിമാർക്സ് |
|---|---|---|---|---|
| 25/23 അലോപ്പതി മരുന്ന് വാങ്ങൽ | 1,01,94,325 (ബിൽ നം. 1281/ 24-03-2023) | 46,48,038 | 55,46,287 | ഓഡിറ്റ് തിയ്യതിവരെ ലഭിച്ചത് |
| 24/23 പാലിയേറ്റീവ് മരുന്ന് വാങ്ങൽ | 14,60,316 (ബിൽ നം. 1087/18.03.2023) | ലഭിച്ചിട്ടില്ല | 14,60,316 | മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല. |

രണ്ട് പ്രൊജക്ടുകളിലുമായി ആകെ 7006603 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട് ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റ് അപാകതകൾ താഴെപ്പറയുന്നു.

1) ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ട് പ്രകാരം (നമ്പർ 25/23) മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും മിക്ക മരുന്നുകളും നഗര ആരോഗ്യ കേന്ദ്രങ്ങളിലേക്ക് കൈമാറിയതായി കാണുന്നില്ല.

2) നഗരസഭ ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തി മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ചില മരുന്നുകൾ ഉയർന്ന അളവിൽ ആവശ്യപ്പെട്ടതായി കാണുന്നു. ഉദാ-PARACETAMOL 500 Mg 360000 എണ്ണത്തിന്റെ ആവശ്യകത രേഖപ്പെടുത്തിയപ്പോൾ PARACETAMOL 650 Mg 5400000 (അൻപത്തിനാല് ലക്ഷം) ആണ് ആവശ്യകത രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും കൂടിയ അളവിലുള്ള ആയതിന്റെ ആവശ്യകതയുടെ കാരണം വ്യക്തമല്ല. മുൻ വർഷങ്ങളിൽ ഉപയോഗിച്ച മരുന്നുകളുടെ അളവിൽ നിന്നും ഒരു നിശ്ചിത ശതമാനം വർധനവ് വരുത്തിയാണ് തൻവർഷം വാങ്ങാനുള്ള സാധനങ്ങളുടെ Purchase Quantity നിർണ്ണയിക്കേണ്ടത്. എന്നാൽ ഇപ്രകാരം ആവശ്യകത നിർണ്ണയിച്ചതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ ഭാഗമായി 1460316 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.നമ്പർ 115/22 ത.സ്വ.ഭ.വ തി. 28.5.22 ഖണ്ഡിക 7.6.4. പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെയുള്ള അത്യാവശ്യമരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്ന പക്ഷം കാരുണ്യ മാവേലിസ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി മുതലായ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്. ആയത് പരിഗണിക്കാതെയാണ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ തുക അടവാക്കിയിരിക്കുന്നത്. മുഴുവൻ മരുന്നുകളും ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കുന്നതോടൊപ്പം മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(38/2022-23 തീ. 07.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടിലഭ്യമാക്കേണ്ടതാണ്. മെഡിക്കൽസർവീസ് കോർപ്പറേഷനിൽ നിന്നും

ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകളുടെ വില 70,06,603 രൂപ തടസ്സത്തിൽ വെക്കുന്നു.

1-58-1 എ.ബി.സി. പദ്ധതി 2022-23 മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടവാക്കിയ തുകയ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട്, നം : 584/ 2023

അടങ്കൽ 6500000

ചെലവ് തുക :5095558

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

എ ബി സി പദ്ധതിയുടെ ഭാഗമായി സെന്ററിലേക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷന് അവർ ഹാജറാക്കിയ പ്രഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 11,72,211/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ അടവാക്കിയ തുകക്ക് മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തിയതി | തുക | പ്രഫോമ ഇൻവോയിസിന്റെ നം/തിയതി | വിവിധ ഇൻവോയിസുകൾ പ്രകാരം ആകെ വിതരണം ചെയ്തതിന്റെ വിവരം | ബാലൻസ് |
|---|---|---|---|---|---|
| 1 | 221602470035006903O7 Dt 25-10-2022 | 9,66,283 | PRF 799 Dt 27-07-2022 | 9,32,434 | 33,849 |
| 2 | 221602470035013882‌87 Dt 17-03-2023 | 2,05,928 | PRF 5369 Dt 27-07-2022 | 71,315 | 1,34,613 |
| | ആകെ | 11,72,211 | | 10,03,749 | 1,68,462 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സ്-ന് (43/2022-23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 1,68,462/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-58-2 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 90045/23 |
| ചെലവ് തുക | 30,00,000/- |
| ബിൽ നമ്പർ തീയതി | 1549/28.03.2023 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങി നൽകൽ എന്ന പ്രോജക്ട് പ്രകാരം 30,00,000/- രൂപ ഹോംകോക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നഗരസഭ പരിധിയിലുള്ള 6 ഡിസ്പൻസറികളിലേക്കും മരുന്നുകളൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സ്-ന്(54/2022-23 തീ. 07.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

1-59 ജീവതാളം പ്രോജക്ട് -വ്യക്തമായ ആസൂത്രണമില്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ടിന്റെ പേര് - ജീവതാളം

നിർവഹണം. ഹെൽത്ത് ഓഫീസർ

വകയിരുത്തിയ തുക- 2000000

ചെലവുതുക- 18,87,722/-(ബിൽ നം. 75, 76, 77, 78,79, 80 Dtd. 28.03.2023)

വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുടെ നിയന്ത്രണമില്ലായ്മ മൂലം ഭാവിയിൽ ഉണ്ടായേക്കാവുന്ന മാരക രോഗങ്ങളായ ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക്, വൃക്കതകരാർ, ക്യാൻസർ എന്നിവ വരാതെ തടയുന്നതിനും രോഗബാധയുള്ളവരെ തുടക്കത്തിൽ തന്നെ കണ്ടെത്തി യഥാസമയം ചികിത്സ ആരംഭിക്കുന്നതിനുമായി കോർപ്പറേഷൻ സാമ്പത്തിക വർഷത്തിൽ ജീവതാളം, കൈത്തിരി എന്നീ പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയുണ്ടായി. ആയതിൽ ജീവതാളം പ്രൊജക്ട് ജീവിത ശൈലീരോഗ നിയന്ത്രണവും, കൈത്തിരി ക്യാൻസർ രോഗ നിയന്ത്രണവും ഉദ്ദേശിച്ച് ആവിഷ്കരിച്ച പ്രൊജക്ടുകളാണ്. ആയത് സംയോജിപ്പിച്ച് കൊണ്ടാണ് ജീവതാളം എന്നപേരിൽ ഇരുപത് ലക്ഷം രൂപ വകയിരുത്തി 18,87,722/- രൂപ ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രൊജക്ടു പ്രകാരം നഗരസഭയുടെ 75 ഡിവിഷനുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെപ്പറയുന്നു.

1) സർക്കാർ മാർഗരേഖക്ക് വിരുദ്ധമായി മെഡിക്കൽ ക്യാമ്പുകൾക്ക് മാത്രമായി തുക ചെലവഴിച്ചു.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(പി)നമ്പർ 86/22ത.സ്വ,ഭ.വ തി 19.4.22 ഖണ്ഡിക8.7.2പ്രകാരം ക്യാൻസർ, കിഡ്നി, കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. എന്നാൽ ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ് ക്ലീനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുള്ള പ്രൊജക്ടുകൾ അനുവദനീയമാണെങ്കിലും പരിശോധനാ ക്യാമ്പുകൾക്ക് മാത്രമായി തുക ചെലവഴിക്കാൻ അനുവാദമില്ല. മേൽ പ്രൊജക്ടുപ്രകാരം ചെലവഴിച്ച തുകയിൽ 11,35,484/-രൂപയും ചെലവഴിച്ചിരിക്കുന്നത് ജീവിത ശൈലീരോഗ നിർണയത്തിനുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനാണ്. അവശേഷിക്കുന്ന തുക ക്യാമ്പുകളുടെ സംഘാടനം ക്യാമ്പ് നടത്തിപ്പിന് നിയോഗിച്ച താൽക്കാലിക ജീവനക്കാരുടെ വേതനം മുതലായവക്കാണ്.

2) പ്രൊജക്ട് പ്രവർത്തനം മെഡിക്കൽ ക്യാമ്പിൽ മാത്രം ഒതുങ്ങി.

ജീവതാളം പ്രൊജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി പ്രൊജക്ടിൽ പ്രതിപാദിച്ചിരിക്കുന്നത് ജീവിതശൈലീ രോഗ നിയന്ത്രണങ്ങൽക്കാവശ്യമായ ബോധവൽകരണ പരിപാടികൾ, ക്യാമ്പുകൾ, വാർഡുതല കായിക മേളകൾ, വാർഡുതല ട്രക്കിംഗ് ഗ്രൂപ്പുകൾ, എയറോബിക് വ്യായാമങ്ങൾ, യോഗ, സൈക്ലിംഗ്, നടത്ത കൂട്ടായ്മകൾ, നീന്തൽകളം ഒരുക്കുക എന്നീ പ്രവർത്തനങ്ങളാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടത്താതെ തുക മുഴുവൻ ചെലവഴിച്ചിരിക്കുന്നത് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് മാത്രമാണ്. ചുരുക്കത്തിൽ പ്രൊജക്ട് നിർവഹണം മെഡിക്കൽ ക്യാമ്പിൽ മാത്രമായി ഒതുങ്ങിയിരിക്കയാണ്.

3) സർക്കാർ മാർഗ നിർദ്ദേശം പാലിക്കാതെയും ആവശ്യകത പരിഗണിക്കാതെയും മരുന്നുകളും ഉപകരണങ്ങളും വാങ്ങി കൂട്ടി.

സ.ഉ.നമ്പർ 115/22 ത.സ്വ.ഭ.വ. തി 28.5.23 ഖണ്ഡിക7.6.4പ്രകാരം അലോപ്പതി മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുമാണ് വാങ്ങേണ്ടത്. മരുന്നുകൾ ലഭിക്കാൻ കാലതാമസം വരുന്ന പക്ഷം കാരുണ്യ മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട്ലറ്റുകളിൽനിന്നും നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ ക്യാമ്പ് നടത്തിപ്പിനാവശ്യമായ ഭൂരിഭാഗം മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത് I.H.D.B തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ്. ആയതിന് ടെണ്ടർക്ഷണിച്ചതിന്റെ രേഖകളോ, നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുവാദം ലഭ്യമാക്കിയതിന്റെ

രേഖകളോ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മറ്റ് ഉപകരണങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ വാങ്ങിയ മരുന്നുകൾ/ഉപകരണങ്ങൾ എല്ലാംതന്നെ ആവശ്യകത പരിഗണിക്കാതെ വാങ്ങി കൂട്ടിയിരിക്കയാണ്. ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് &ഇഷ്യൂ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ ക്യാമ്പിനായി വാങ്ങിയ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവയിൽ പലതും ചെറിയ തോതിൽ മാത്രം വിനിയോഗിക്കുകയോ, തീരേ വിനിയോഗിക്കാതെയോ അവശേഷിച്ചതായി കാണുന്നു. ആയത് തന്നെ സ്റ്റോക്കിലെടുത്തതിലും വൻ വ്യത്യാസം ശ്രദ്ധയിൽപെട്ടു. I.H.D.B തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 3,41,700 രൂപ മുടക്കി GLUCOMETER LANCET, GLUCOMETER ON CALL PLUS STRIP എന്നിവ 50000എണ്ണം വീതം വാങ്ങിയിട്ടുണ്ട് ആയതിൽ 5000 എണ്ണം വീതം മാത്രമാണ് സ്റ്റോക്കിലെടുത്തിരിക്കുന്നത്. അവശേഷിക്കുന്ന 45000 എണ്ണം വീതമുള്ള ഗ്ലൂക്കോമീറ്റർ ലാൻസെറ്റ്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവ എന്തുചെയ്തു എന്ന് വ്യക്തമല്ല.

4) മെഡിക്കൽ ക്യാമ്പുകളിലെ പങ്കാളിത്തകുറവും മറ്റ് അപാകതകളും.

നഗരസഭയിലെ 75 വാർഡുകളിലായി 11.2.23 മുതൽ 21.3.23വരെയുള്ള ദിവസങ്ങളിലാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. 75 വാർഡുകളിലായി നടന്ന മെഡിക്കൽ ക്യാമ്പുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 5896 പേരാണ് ആകെ മെഡിക്കൽ ക്യാമ്പുകൾ പ്രയോജനപ്പെടുത്തിയിരിക്കുന്നത് (ശരാശരി ഒരുവാർഡിൽ 79പേർ). ഇതിൽ നിന്നും വളരെ കുറഞ്ഞ ആൾക്കാർ മാത്രമെ വാർഡുതല ക്യാമ്പുകളിൽ ഹാജരായിട്ടുള്ളു എന്ന് വ്യക്തമാവുന്നു. ക്യാമ്പുകളുടെ മൈക്ക് പ്രചാരണത്തിന് മാത്രം 154500 രൂപ ചെലവഴിച്ചിട്ടും ക്യാമ്പുകളിൽ പങ്കാളിത്തം കുറഞ്ഞതിന്റെ കാരണം വ്യക്തമല്ല. മെഡിക്കൽ ക്യാമ്പുകളുടെ നടത്തിപ്പിനായി നിയമിച്ച എട്ട് സ്റ്റാഫ് നേഴ്സുമാരുടെ ദിവസവേതനമിനത്തിൽ 216000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു മെഡിക്കൽ ക്യാമ്പിലും ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കാണുന്നില്ല . എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ക്യാമ്പുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രകാരം പരിശോധനയിലൂടെ കണ്ടെത്തിയ പ്രഷർ, ഷുഗർ രോഗികൾക്ക് പുറമെ 67 T.B.രോഗികളെയും, 91 വീതം ക്യാൻസർ, ഗർഭാശയ രോഗലക്ഷണങ്ങളുള്ളവരെയും മറ്റ് രോഗ ലക്ഷണങ്ങളുള്ള 174പേരെയും കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഡോക്ടറുടെ നിരീക്ഷണത്തിലൂടെയും പരിശോധനയിലൂടെയും മാത്രം കണ്ടെത്താൻ കഴിയുന്ന ഇത്തരം രോഗികളെ ഡോക്ടർമാരുടെ സേവനമില്ലാതെ എങ്ങനെ കണ്ടെത്തി എന്ന് വ്യക്തമല്ല. മാരക രോഗങ്ങളുടെ ലക്ഷണങ്ങളോടുകൂടിയ ഒട്ടേറെ പേരെ കണ്ടെത്തിയിട്ടും നഗരസഭയുടെ ഭാഗത്തുനിന്നും രോഗികളുടെ തുടർ ചികിത്സക്കായി പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിയതായും കാണുന്നില്ല.

5) ഉപയോഗിക്കാത്തതും പുനരുപയോഗ സാധ്യതയുള്ളതുമായ ഉപകരണങ്ങൾ എന്തുചെയ്തു എന്ന് വ്യക്തമല്ല.

ഫയലിൽ സൂക്ഷിച്ച സ്റ്റോക്ക് &ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ക്യാമ്പുകളുടെ നടത്തിപ്പിനായി വാങ്ങിയ ഉപകരണങ്ങൾ/ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ, ലാന്റ് സെറ്റുകൾ എന്നിവയിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നതും പുനരുപയോഗ സാധ്യതയുള്ളവയും കൃത്യമായി സൂക്ഷിച്ചതിന്റെയോ, ക്യാമ്പുകൾക്ക് തുടർ പ്രവർത്തനമില്ലാത്തതിനാൽ നഗരസഭ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആയത് കൈമാറിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഉപകരണങ്ങൾ/ മരുന്നുകളുടെ പേര് | ഉപയോഗിക്കാതെ അവശേഷിക്കുന്ന എണ്ണം | റിമാർക്സ് |
|---|---|---|
| B.P Apparatus | 3 | ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തിയെങ്കിലും പുനരുപയോഗ സാധ്യതയുള്ളത് |

| | | |
|---|---|---|
| B.P Monitor | 10 | ,, ,, |
| Digital Weighing Mechine | 3 | ,, ,, |
| Hight Measure Ment Scale | 3 | ,, ,, |
| Stethoscope | 10 | 4എണ്ണം ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തിയതും , 6എണ്ണം ഉപയോഗി ക്കാതെ അവശേഷിക്കുന്നതും |
| Plastic Box | 6 | ക്യാമ്പുകളിൽ ഉപയോഗപ്പെടുത്തിയെങ്കിലും പുനരുപയോഗ സാധ്യ തയുള്ളത്. |
| Troly Bag | 3 | ,, ,, |
| Glouse | 2250 | 2500 എണ്ണം വാങ്ങിയതിൽ 2250 എണ്ണം വിനിയോഗിച്ചിട്ടില്ല. |
| Glucometre Strip | 47500 | സ്റ്റോക്കിലെടുക്കാതെ വിട്ട 45000Strip ഉൾപ്പടെ. |
| Glucometre Lancet | 48550 | സ്റ്റോക്കിലെടുക്കാതെ വിട്ട 45000 Lancet ഉൾപ്പടെ. |
| Glucometre Plus | 100 | |

ഇതിന് പുറമെ ഒട്ടനവധി സ്റ്റേഷനറി സാധനങ്ങളും സ്റ്റോക്ക് കാണിക്കാത്ത 120000 രൂപ വിലയുള്ള 10000x12 പരിശോധനാ ഫയലുകളും ഉണ്ട്. മേൽ സാധനങ്ങളുടെ കൃത്യമായ സ്റ്റോക്ക് വിവരം, ആശുപത്രികൾക്ക് ആയവ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(39/22-23 തീ. 09.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ആവശ്യകത പരിഗണിക്കാതെ വാങ്ങിച്ച് സ്റ്റോക്കിലെടുക്കുകപോലും ചെയ്യാതെ എന്ത് ചെയ്തു എന്ന് വ്യക്തമല്ലാത്ത 45000 വീതം GLUCOMETER LANCET, GLUCOMETER ON CALL PLUS STRIP എന്നിവയുടെ വിലയും 10000x12 പരിശോധനാ ഫയലുകളുടെയും വില 4,27,530/- രൂപ(അപാകത ക്രമനമ്പർ 3,5 കാണുക) ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ വിവരം ലഭ്യമാക്കാത്ത പക്ഷം മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-60 ഓടകളിൽ നിന്ന് ചളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഫയൽ നമ്പർ F7/2456/22

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 61/23 |
| പേര് | 75 വാർഡുകളിലെ ഓടകളിൽ നിന്നും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| അടങ്കൽ | 80,00,000 രൂപ |
| ചെലവ് | 80,00,000 രൂപ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

കാലവർഷം ആരംഭിക്കുന്നതിന് മുന്നോടിയായി കോർപ്പറേഷനിലെ വിവിധ വാർഡുകളിലെ ഓവുചാലുകളിൽ നിന്നും മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് സാധ്യമാക്കൽ, വെള്ളപ്പൊക്കം തടയൽ, സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ച് നടപ്പിലാക്കിയത്. പ്രോജക്റ്റ് നിർവഹണത്തിനായി 80,00,000 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിക്കുകയും പിന്നീട് പ്രോജക്റ്റ് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തുക റീക്രൂപ്പ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്.

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെചേർക്കുന്നു.

1. തനത്ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച തുകയേക്കാളും 9000/- രൂപ അധികം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും റീക്കുപ്പ് ചെയ്തതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| മുൻകൂർ നൽകിയ തുക | | | റീക്കുപ്പ് ചെയ്ത തുക | |
|---|---|---|---|---|
| ചെക്ക് നമ്പർ | തിയ്യതി | തുക | Sanction No. /Date | Amount |
| 254300മുതൽ 254348 വരെയും 254350 മുതൽ 254375വരെയും | 05.05.2022 | 36,74,000 | 920/10.03.2023 | 652150 |
| 538689 മുതൽ 538698വരെ | 28.05.2022 | 4,79,500 | 912/10.03.2023 | 682265 |
| 538574 മുതൽ 538581വരെ | 09.06.2022 | 3,99,000 | 913/10.03.2023 | 980100 |
| 538582 മുതൽ 538589വരെ | 09.06.2022 | 4,22,000 | 914/10.03.2023 | 950115 |
| 538899 മുതൽ | 23.06.2022 | 10,61,000 | 915/10.03.2023 | 997490 |

| | | | | |
|---|---|---|---|---|
| 538921വരെ | | | | |
| 538959 മുതൽ 538978വരെ | 01.07.2022 | 9,94,000 | 916/10.03.2023 | 953900 |
| 769282 മുതൽ 769285വരെ | 08.07.2022 | 2,14,000 | 917/10.03.2023 | 902200 |
| 769515 | 27.08.2022 | 50,000 | 918/10.03.2023 | 904400 |
| 036521 | 12.10.2022 | 20,000 | 919/10.03.2023 | 977380 |
| 036696-036709 | 02.11.2022 | 6,77,500 | | |
| | ആകെ | 79,91,000 | | 80,00,000 |

മുൻകൂറായി നൽകിയ 7991000/- മാത്രമേ സാനിറ്റേഷൻ കമ്മറ്റികൾക്ക് നൽകിയിട്ടുള്ളൂ എന്നിരിക്കെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 80,00,000/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ട് എക്കൗണ്ടിലേക്ക് (A/c No : 67109350615) റീക്കൂപ്പ് ചെയ്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. ഫയൽ പരിശോധിച്ചതിൽ 02.11.2022 വരെ സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂറായി തുകകൾ നൽകിയതായി കാണുന്നു. ജൂലായ് മാസത്തിൽ പൂർത്തിയായ മഴക്കാലപൂർവ്വ ശുചീകരണത്തിനായി നവമ്പർ മാസത്തിൽ മുൻകൂർ തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള പ്രോജക്ടിന്റെ നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യം നിറവേറ്റാൻ കഴിയൂ എന്നിരിക്കെ പല വാർഡുകളിലും പ്രവൃത്തി നടത്തിയത് മഴക്കാലമായ ജൂലൈ മാസത്തിലാണ്. മഴക്കാലം ആരംഭിച്ചശേഷം നടത്തുന്ന ചളിയും മാലിന്യങ്ങളും നീക്കംചെയ്യൽ പ്രവൃത്തികൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കാതെ പണം ചെലവഴിക്കൽ മാത്രമായി മാറുന്നതാണ് കണ്ടുവരുന്നത്. 'മഴക്കാലപൂർവ ശുചീകരണം' എന്ന പദ്ധതി വർഷങ്ങളായി നഗരസഭ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തിയാണ്. സമയബന്ധിതമായി ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും കാലേക്കൂട്ടി ആസൂത്രണം നടത്തി പദ്ധതി സമയപരിധിക്കുള്ളിൽ നടപ്പാക്കാൻ കഴിയാതെ പോകുന്നത് നഗരസഭ ആരോഗ്യ വിഭാഗത്തിന്റേയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

4. പ്രവൃത്തിക്കായി നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തികൾ നടത്തി തുക അനുവദിച്ചത് നഗരസഭ എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമല്ല.

5. മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് കൂലി അക്കൗണ്ടിലേക്ക് നൽകാതെ നിർവ്വണ ഉദ്യോഗസ്ഥൻ പണമായി നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.79/25.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽവെക്കുന്നു.

## 1-61 ഹരിതകർമ്മസേനക്ക് വാഹനവാടക നൽകിയതിന് സുതാര്യതയില്ല

ഫയൽ നമ്പർ F9/F6/51467/21

| | |
|---|---|
| പ്രോജക്ട് നമ്പർ | 468/23 |
| പേര് | ഹരിതകർമ്മസേനക്ക് വി.ജി.എഫ്, വണ്ടിവാടക, യൂണിഫോം, സുരക്ഷാ |

| | |
|---|---|
| | സാമഗ്രികൾ വാങ്ങി നൽകൽ 2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ |
| അടങ്കൽ | 13,75,363രൂപ |
| ചെലവ് | 13,61,165രൂപ |
| ഫണ്ട് | വികസനഫണ്ട് (പൊതു വിഹിതം) |

നഗരസഭയിലെ ഹരിതകർമ്മസേനകൾക്ക് യൂണിഫോം, സുരക്ഷാ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും വാഹന വാടക നൽകുന്നതിനും 2021-22 ൽ ആവിഷ്കരിച്ച് തൻവർഷം സ്പിൽഓവറായി നടപ്പാക്കിയ പദ്ധതിയാണിത്. ഈ പ്രോജക്ടിൽ നിന്നും വിവിധ വാർഡുകളിലെ ഹരിതകർമ്മസേനകൾക്ക് വാഹനവാടക ഇനത്തിൽ താഴെ കൊടുത്തപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ /തിയ്യതി | ചെലവു തുക |
|---|---|
| 22160247003000518611/06.09.22 | 2,20,700 |
| 22160247003000518603/06.09.22 | 2,38,450 |
| 22160247003000597689/30.09.22 | 98,500 |
| 22160247003000601680/01.10.22 | 50,000 |
| ആകെ | 6,07,650 |

ഫയൽ പരിശോധിച്ചതിൽ നിന്നും വാഹനവാടക നൽകിയതിൽ കണ്ട അപാകതകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. വാഹനവാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ, വാഹന ഉടമകളുമായുള്ള എഗ്രിമെന്റ്, വാടകബില്ലുകൾ, ട്രിപ്പ് ഷീറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ബിൽ തുക വാഹന ഉടമയുടെ എക്കൗണ്ടിലേക്ക് കൈമാറാതെ ഹരിതകർമ്മസേനയുടെ എക്കൗണ്ടിലേക്കാണ് നൽകിയത്. ഹരിത കർമ്മസേന ഇത് ഉടമകൾക്ക് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. 15-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടറുടെ 01.09.21ലെ സബ്മിഷനിൽ 36, 37,3 8, 39 വാർഡുകളിലെ ഹരിതകർമ്മസേന സമർപ്പിച്ച ബില്ലുകളിലെ വാടകയും ക്വട്ടേഷൻ പ്രകാരമുള്ള വാടകയും തമ്മിൽ വ്യത്യാസമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പക്ടറുടെ റിപ്പോർട്ട് പ്രകാരം വാഹന ഉടമകൾ സമർപ്പിച്ച ക്വട്ടേഷനേക്കാൾ കൂടിയ നിരക്കിലാണ് വാഹനവാടക നൽകിയിട്ടുള്ളത്. നിരക്കിലുള്ള വ്യത്യാസം ചുവടെ കൊടുക്കുന്നു.

| വാർഡ് | ക്വട്ടേഷൻ പ്രകാരമുള്ള വാടക | ബിൽപ്രകാരമുള്ള വാടക |
|---|---|---|
| 36 | 800 | 850 |
| 37 | 650 | 750 |
| 39 | 450 | 700 |
| 36 (പവിത്രം | 350 | 700 |

| | | |
|---|---|---|
| ഗ്രൂപ്പ്) | | |

ക്വട്ടേഷൻ പ്രകാരമുള്ള വാടകക്ക് വാഹന ഉടമകൾ യാത്രക്ക് തയ്യാറാകാത്തതിനാലാണ് ഉയർന്ന തുക നൽകേണ്ടിവരുന്നതെന്ന് ഹരിതകർമ്മസേന അറിയിച്ചതായും സബ്മിഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽനിന്നും 15-ാം സർക്കിളിൽ ക്വട്ടേഷൻ പ്രകാരമുള്ള തുകയേക്കാളും കൂടുതൽ തുക വാഹന ഉടമകൾക്ക് നൽകിയതായി കാണാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ മാത്രം വാഹന വാടക ഇനത്തിൽ 6 ലക്ഷം രൂപയിലധികം ചെലവ് വന്നിട്ടും Quotation മാത്രം ക്ഷണിച്ച് കരാർ നൽകിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്. വാഹന ഉടമകൾ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം സമർപ്പിച്ചിട്ടുണ്ടെങ്കിൽ ക്വട്ടേഷൻ പ്രകാരം യാത്രക്ക് തയ്യാറാകാത്ത വാഹന ഉടമകളുടെ നിരതദ്രവ്യം കോർപ്പറേഷനിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ പ്രകാരമുള്ള വാടകക്ക് യാത്ര ചെയ്യാൻ വാഹന ഉടമകൾ തയ്യാറാകാത്തത് മൂലം എല്ലാ സർക്കിളുകളിലും നഗരസഭക്ക് അധികമായി ചെലവഴിക്കേണ്ടിവന്ന തുക കണക്കാക്കി കരാർ വെക്കുന്നതിലും നിരതദ്രവ്യം ഈടാക്കുന്നതിലും വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റ് വാർഡുകളിലെ ഹരിതകർമ്മസേനയുടെ ചെലവുവിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണവും രേഖകൾ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.89/ 27.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ വാഹന വാടകയിനത്തിൽ ചെലവഴിച്ച 6,07,650/-രൂപ തടസ്സത്തിൽവെക്കുന്നു.

## 1-62 കോമൺ കിച്ചൺ-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

നമ്മുടെ അടുക്കളകളിലെ സ്ത്രീകളുടെ ജോലിഭാരം ലഘൂകരിക്കുകയും അവർക്ക് മറ്റ് മേഖലകളിൽ കൂടുതൽസമയം ചെലവഴിക്കാൻ അവസരമൊരുക്കുന്നതിനും കുറഞ്ഞ ചെലവിൽ കൂടുതൽ വരുമാനം നേടിയെടുക്കുന്നതിനുമുള്ള സംരംഭങ്ങളിൽ ഒന്നാണ് കോമൺ കിച്ചൺ. ഹോട്ടലുകളിൽ നിന്ന് വ്യത്യസ്തമായി ഡൈനിംഗ് ഏരിയ ഇല്ലാതെ ഒരു കിച്ചൺ മാത്രം പ്രവർത്തിപ്പിച്ചുകൊണ്ട് ഭക്ഷണം ഓർഡർ അനുസരിച്ച് പല സ്ഥലങ്ങളിലും എത്തിച്ചുനൽകുന്നതാണ് ഇതിന്റെ പ്രത്യേകത. കോർപ്പറേഷൻ ഏരിയയിലെ വനിത ഗ്രൂപ്പ് സംരംഭകർ ആരംഭിക്കുന്ന കോമൺ കിച്ചൺ സംരംഭങ്ങൾക്ക് ആകെ ചെലവ് തുകയുടെ 75% തുക പരമാവധി 375000/-രൂപ സബ്സിഡിയായി നൽകുന്നു. 26 വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക്(മിനിമം 52 പേർക്ക്)സഹായം നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം. പ്രോജക്ട് വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1489/23 |
| പ്രോജക്ടിന്റെ പേര് | കോമൺ കിച്ചൺ |
| വകയിരുത്തിയതുക | വികസനഫണ്ട്-സാ.വി.9750000/-<br>ഉ.വി.(നേരിട്ട്) 3250000/- |
| ചെലവുതുക | 3613886/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

സാമ്പത്തിക വർഷം പ്രോജക്ട് വഴി ആനുകൂല്യം അനുവദിച്ച 13 ഗ്രൂപ്പുകളുടെ വിശദാംശം താഴെ

കൊടുക്കുന്നു.

| ക്രമ നം. | സംരംഭകരുടെ പേര് | പ്രോജക്റ്റ് കോസ്റ്റ് | ലഭിച്ച സബ്സിഡി | സമർപ്പിച്ച ചെലവ് വൗച്ചർ | ബിൽ നം. തിയ്യതി |
|---|---|---|---|---|---|
| 1 | കാശ്മീര.കെ,<br>ഐശ്വര്യ.വി.കെ | 355000 | 266250 | 70480 | 1036/16.03.23 |
| 2 | നസീറ ബാനു.എസ്,<br>മൈമൂന | 500000 | 375000 | 326154 | 1028/16.03.23 |
| 3 | റാഷിദ.എൻ.കെ,<br>റംല.എൻ.കെ | 500000 | 375000 | 213626 | 1047/16.03.23 |
| 4 | സഫീറ.ടി.കെ<br>ബിന്ദു.എം.കെ<br>ബിന്ദു.പി | 261000 | 195750 | 103509 | 1048/16.03.23 |
| 5 | ബിന്ദു.എം<br>അഹല്ല്യ.എൻ<br>സന്ധ്യ.ഇ | 250000 | 187500 | 171056 | 1075/17.3.23 |
| 6 | നിഷ ജോയ്<br>ഷിനിത.കെ.ബി<br>ഷക്കീന | 320000 | 240000 | 187105 | 1262/23.03.23 |
| 7 | പ്രശാന്തി.കെ.പി<br>സുഹറ.കെ.വി | 421000 | 315750 | --- | 1262/23.03.23 |
| 8 | അപർണ്ണ.പി<br>സരസ്വതി.പി | 350000 | 262500 | 401548 | 1262/23.03.23 |
| 9 | ഫെമി.കെ.പി<br>റൂബി.പി.കെ | 418515 | 313886 | 195772 | 1254/23.03.23 |
| 10 | സജന.എ.എം<br>ഐഷ<br>ഷൈമ | 387000 | 290250 | 309394 | 1356/26.03.23 |
| 11 | സൈറാബാനു.കെ.പി<br>ഫസ്ന.സി | 431000 | 323250 | 167675 | 1356/26.03.23 |
| 12 | ഷബാന.വി<br>പ്രസീന.വി | 320000 | 240000 | 116814 | 1496/27.03.23 |
| 13 | ജസ്ലീന.പി.പി<br>ഉമയ് ബാനു.എം | 305000 | 228750 | 18139 | 1469/27.03.23 |
| | ആകെ | | 3613886 | 2281272 | |

മേൽപ്പറഞ്ഞ പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾക്കായി 3613886/-സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും 2281272/- രൂപയുടെ ചെലവു വൗച്ചറുകളേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ച വിവരങ്ങളോ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ

സബ്സിഡി ക്രെഡിറ്റ് ചെയ്തതിന് ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പോ പ്രവർത്തനറിപ്പോർട്ടോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളും വായ്പ അനുവദിച്ച ബാങ്കും തമ്മിൽ ഏർപ്പെട്ട കരാറിൽ വായ്പ തുകയായി കാണിച്ചിരിക്കുന്നത് നഗരസഭ ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക ഉൾപ്പെടെയാണ്. വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നുണ്ട്. (ഉദാ: ക്രമ നമ്പർ 1,2 എന്നീ ഗുണഭോക്താക്കൾ ബാങ്കുമായി 15.03.2023 ന് കരാർ വെച്ചപ്പോൾ അടുത്ത ദിവസം 16.03.2023 ന് സബ്സിഡി അനുവദിച്ചിട്ടുണ്ട്). സബ്സിഡി തുക വായ്പാ തുകയിൽ അഡ്ജസ്റ്റ് ചെയ്യാത്തതിനാൽ സബ്സിഡി തുകക്കു കൂടി ഗുണഭോക്താക്കൾ പലിശ നൽകേണ്ട സാഹചര്യമാണുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തി അറിയിക്കേണ്ടതാണ്. 26 വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം നൽകുകയായിരുന്നു പദ്ധതി ലക്ഷ്യമെങ്കിലും 13 ഗ്രൂപ്പുകൾക്ക് മാത്രമാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. വകയിരുത്തിയ പദ്ധതിവിഹിതത്തിന്റെ 63% തുകയും ചെലവഴിക്കാതെ ലാപ്സാവുകയാണുണ്ടായത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സ.ഉ.നം.86/22 ത.സ്വ.ഭ.വ. തീയതി 19.04.2022 ഖണ്ഡിക 12.3 ൽ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് പദ്ധതി തുക ലാപ്സാകാൻ കാരണമായത്.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തി രേഖകളും റിപ്പോർട്ടുകളും ചെലവു വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (6/25.07.2023)ലഭ്യമാക്കിയ മറുപടിയോടൊപ്പം ഏതാനും വൗച്ചറുകളും മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ട്.

06.12.2023ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറോടൊപ്പം ഏതാനും സംരംഭങ്ങൾ നേരിട്ട് പരിശോധന നടത്തുകയുണ്ടായി. ആയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | ജസ്‌ലീന.പി.പി, ഉമയ്ബാനു.എം എന്നിവരുടെ സംരംഭം | സംരംഭം പ്രവർത്തിക്കുന്നില്ല. സബ്സിഡി തുക തിരികെ അടവാക്കാൻ സംരംഭകർ സന്നദ്ധത അറിയിച്ചു. |
| 2 | റാഷിദ.എൻ.കെ, റംല.എൻ.കെ എന്നിവരുടെ സംരംഭം | വളരെ ചെറിയരീതിയിൽ കോമൺ കിച്ചൻ നടത്തി വരുന്നു. ഹാജരാക്കിയ ബിൽപ്രകാരം വാങ്ങിയ സാധനങ്ങൾ പരിശോധനയിൽ കണ്ടെത്താനായിട്ടില്ല. |
| 3 | കാശ്മീര.കെ, ഐശ്വര്യ.വി.കെ എന്നിവരുടെ സംരംഭം | നിലവിൽ പ്രവർത്തനക്ഷമമല്ല. ഹൈവേയുടെ ജോലി നടക്കുന്നതിനാൽ താല്ക്കാലികമായി അടച്ചിട്ടതായി സംരംഭകർ അറിയിച്ചു. |
| 4 | നസീറ ബാനു.എസ്, മൈമൂന എന്നിവരുടെ സംരംഭം | കോമൺകിച്ചൻ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. |
| 5 | സൈറാബാനു.കെ.പി ഫസ്ന.സി എന്നിവരുടെ സംരംഭം | നിലവിൽ ചെറിയ ഹോട്ടലായി പ്രവർത്തിച്ചുവരുന്നു. |

മേൽ പരിശോധനയിൽ നിന്നും സംരംഭകർ സബ്സിഡി തുക പൂർണ്ണമായി വിനിയോഗിക്കാതെ കൈവശം സൂക്ഷിക്കുന്നതായും സംരംഭങ്ങൾ പലതും പ്രവർത്തിക്കാതിരിക്കുകയോ ലക്ഷ്യമിട്ട രീതിയിലല്ലാതെ പ്രവർത്തിക്കുകയോ ചെയ്യുന്നതായി കാണുന്നു. പ്രൊജക്ട് പ്രകാരം സംരംഭ നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ആയതിനനുസരിച്ചുള്ള ബില്ലുകളാണ് സമർപ്പിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായി കാണുന്നില്ല. 13 സംരംഭങ്ങളിൽ അഞ്ചെണ്ണം പരിശോധിച്ചതിലുള്ള റിപ്പോർട്ടാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ബാക്കിയുള്ളവ പരിശോധിക്കപ്പെട്ടിട്ടില്ല. മറുപടിയോടൊപ്പം സമർപ്പിച്ച മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടിൽ വിഭാവനം ചെയ്ത എല്ലാ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടെന്നും നിർവ്വഹണം കാര്യക്ഷമവും തൃപ്തികരവും ഗുണനിലവാരവുമുള്ളതാണെന്നും മോണിറ്ററിംഗ് കമ്മറ്റി ചെയർമാനായ വാർഡ് 66 കൗൺസിലർ ശ്രീമതി. സഫിയ അനീഷും കൺവീനറായ അർബൻ പോവർട്ടി അലിവിയിഷൻ പ്രൊജക്ട് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികളിൽ സ്ഥല പരിശോധന നടത്തി കൃത്യമായ വിലയിരുത്തലുകൾ നടത്തേണ്ടത് മോണിറ്ററിംഗ് സമിതിയാണെന്നിരിക്കേ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി മോണിറ്ററിംഗ് സമിതി സാക്ഷ്യപ്പെടുത്തിയ പല സംരംഭങ്ങളും ഭൗതിക പരിശോധനയിൽ നിർജീവമോ അത്രകണ്ട് സജീവമല്ലാതെയൊ ആണ് പ്രവർത്തിച്ച വരുന്നത് എന്ന വസ്തുത മേൽ പ്രൊജക്ടിൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടന്നിട്ടില്ല എന്ന് വെളിവാക്കുന്നു.

എല്ലാ സംരംഭങ്ങളും നേരിട്ട് പരിശോധന നടത്തി വാങ്ങിയ സാധങ്ങൾ/ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് ഉറപ്പുവരുത്തേണ്ടതും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തവർക്കും പ്രവർത്തനം നിലച്ചവർക്കും പണം തിരിച്ചടക്കാൻ സന്നദ്ധത അറിയിച്ചവർക്കും നൽകിയ സബ്സിഡിതുക പലിശസഹിതം തിരികെ ഈടാക്കേണ്ടതും മറ്റുള്ളവരുടെ കൈവശം ചെലവഴിക്കാനവശേഷിക്കുന്ന തുക ആവശ്യമെങ്കിൽ എത്രയും വേഗം ചെലവഴിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും അല്ലാത്തപക്ഷം തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-63 വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് ഉറപ്പുവരുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 542/23 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് സ്വയംതൊഴിലിന് ഇരുചക്രവാഹനം വാങ്ങുന്നതിന് സഹായം |
| വകയിരുത്തിയതുക | വികസനഫണ്ട്- സാ.വി.1000000/- |
| ചെലവുതുക | 276325/- |
| നിർവ്വഹ ണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസര് |

20 വനിത സംരംഭകർക്ക് ഇരുചക്രവാഹനങ്ങളിൽ സഞ്ചരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ചെയ്യാൻ

ആവശ്യമായമോട്ടോർ സൈക്കിൾ/സ്കൂട്ടർ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. വിലയുടെ 50% തുക പരമാവധി 50000/-രൂപ സബ്സിഡിയായി നൽകുന്നതിനാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. പ്രോജക്ട് വഴി ആനുകൂല്യം ലഭിച്ച ഏഴ് ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | സംരംഭകരുടെ പേര് | സ്കൂട്ടറിന്റെ വില | ലഭിച്ച സബ്സിഡി | ബിൽ നം. തിയ്യതി |
|---|---|---|---|---|
| 1 | ബിന്ദു.കെ | 80950 | 40475 | 714/17.02.2023 |
| 2 | അശ്വതി.കെ | 82206 | 41103 | 714/17.02.2023 |
| 3 | തസ് ലീന | 88676 | 44338 | 714/17.02.2023 |
| 4 | ഷൈബ.ടി | 80950 | 40475 | 731/21.02.23 |
| 5 | ഉണ്ണിമായ .എസ് | 75228 | 37614 | 731/21.02.23 |
| 6 | ആയിഷഫെറിൻ | 77449 | 38725 | 793/25.2.23 |
| 7 | ജയന്തി.പി | 67190 | 33595 | 851/6.03.23 |
| | ആകെ | | 276325 | |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗുണഭോക്താക്കൾ ഏറ്റെടുത്ത് നടത്തുന്ന സംരംഭം/സ്വയം തൊഴിലിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2. പ്രോജക്ട് വിഭാവനം ചെയ്തത് പ്രകാരം സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിച്ചത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടോ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. 20 പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടതെങ്കിലും ഏഴ് പേർക്കു മാത്രമാണ് നൽകിയത്. പദ്ധതിയുടെ 28% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ.ഉ.(കൈ) നമ്പർ 86/22 ത.സ്വ.ഭ.വ. തീയതി 19.04.2022 ഖണ്ഡിക 12.3 ൽ നിഷ്കർഷിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തതാണ് ചെലവ് തുക കുറയാൻ കാരണമായത്.

4. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ സ്വയംതൊഴിലിനോ ഏതെങ്കിലും സംരംഭത്തിന്റെ ആവശ്യാർത്ഥമോ മോട്ടോർ സൈക്കിൾ/സ്കൂട്ടർ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി രേഖകളും റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (19/ 05.08.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം ബിന്ദു.കെ ഒഴികെയുള്ളവരുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ശ്രീമതി ബിന്ദു.കെ. എന്നവർക്ക് സബ്സിഡിയിനത്തിൽ നൽകിയ 40475/-രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-64 വനിതകൾക്കായി സൈക്കിൾ കേന്ദ്രങ്ങൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 495/2023 |
| നിർവ്വഹണ ഉദ്യോസ്ഥൻ | സി.ഡി.പി.ഒ. അർബൻ - I |
| വകയിരുത്തിയ തുക | 10750000 |

| | | |
|---|---|---|
| ചെലവ് തുക | 1464000 | |
| ബിൽ നം. | 40/2022- തീ. 23-3-2023 | 477750 |
| | 41/2022-23 തീ 23-3-2023 | 73500 |
| | 42/2022-23 തീ 23-3-2023 | 477750 |
| | 51/2022-23 തീ 28-3-2023 | 435000 |
| ആകെ | | 1464000 |

സ്ത്രീകളുടെയും കുട്ടികളുടെയും സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുകയും അതിലൂടെ അവരുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി നഗരസഭ വാർഡ് തലത്തിൽ സി.ഡി.പി.ഒ അർബൻ I നടപ്പിലാക്കിയ നൂതന പദ്ധതിയാണ് വനിതകൾക്കായി സൈക്കിൾ കേന്ദ്രങ്ങൾ ആരംഭിക്കൽ. പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1,07,50,000/- രൂപ വകയിരുത്തുകയും 14,64,000/- രൂപ ചെലവഴിക്കയും ചെയ്തിട്ടുണ്ട്.

25-3-2022-ന് നൂതന പദ്ധതികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് നടന്ന ജില്ലാ തല അസൂത്രണ സമിതി, ജില്ല കലക്ടർ അധ്യക്ഷനായി നടത്തിയ യോഗത്തിൽ സമർപ്പിച്ചത് പ്രകാരം ആദ്യ ഘട്ടമായി കോഴിക്കോട് കോർപ്പറേഷനിലെ 75 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുക്കുകയുണ്ടായി.

കോർപ്പറേഷൻ വാർഡുകളായ പൂത്തൂർ (4), വേങ്ങേരി (10), ചെലവൂർ (17), നെല്ലിക്കാട് (23), പുതിയറ (27), ആഴ്ചവട്ടം (35), കുണ്ടായിത്തോട് (44), ബേപ്പൂർ (48), മാറാട് (49), എരഞ്ഞിപ്പാലം (64) എന്നീ 10 വാർഡുകൾ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുകയും ഓരോ വാർഡുകളിലേക്കും 20 സൈക്കിളുകൾ വീതം വിതരണം നടത്താനും സൈക്കിൾ കേന്ദ്രത്തിന്റെ പരിപാലന ചുമതലക്കായി വാർഡ് കൗൺസിലർമാർ ചെയർമാനായ കമ്മിറ്റിയെ ഏൽപ്പിക്കാനും കമ്മിറ്റി അംഗങ്ങൾ ആയി എ.ഡി.എസ് ചെയർ പേഴ്സൺ, ആശ വർക്കർ, അങ്കണവാടി വർക്കർ, സന്നദ്ധ സംഘടന പ്രതിനിധി, വനിത സംഘടന പ്രതിനിധി, വാർഡ് കൺവീനർ എന്നിവരെ തെരഞ്ഞെടുക്കാനും തീരുമാനിച്ചു. പദ്ധതിക്കായി സൈക്കിൾ കേന്ദ്രങ്ങൾ നിർമ്മിക്കേണ്ട 10 സ്ഥലങ്ങൾ അതത് വാർഡ് കൗൺസിലർമാർ തെരഞ്ഞെടുത്ത് നൽകി.

പദ്ധതിയ്ക്കായി ഇ-ടെണ്ടർ നടത്തിയതിൽ 6 സ്ഥാപനങ്ങൾ പങ്കെടുത്തു. 24-7-2022- ന് നടന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 1 പ്രകാരം മീഡിയം സൈക്കിളിന് കുറഞ്ഞ തുകയായ 7350/- രൂപ ക്വോട്ട് ചെയ്ത വി.എം അസോസിയേറ്റ്സിന്റെയും സ്മോൾ സൈക്കിളിന് കുറഞ്ഞ തുകയായ 7250/- രൂപ ക്വോട്ട് ചെയ്ത കാലിക്കറ്റ് വെൽഫെയർ കോ-ഓപ്പ് സോസൈറ്റിയുടെയും ടെണ്ടറുകൾ അംഗീകരിക്കുകയും 24-1-2023-ന് നടന്ന കോർപ്പറേഷൻ കൗൺസിൽ യോഗം പർച്ചേസ് കമ്മറ്റി തീരുമാനം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സൈക്കിളുകൾ വാങ്ങുകയും സൈക്കിൾ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 10 വാർഡുകളിലേക്ക് 20 സൈക്കിളുകൾ വീതം വിതരണം ചെയ്യുകയും ചെയ്തു.

സൈക്കിൾ കേന്ദ്രങ്ങൾ ആരംഭിക്കുന്ന 10 വാർഡുകളുടെ ലിസ്റ്റ് വെൽഫെയർ കമ്മിറ്റി അംഗീകരിച്ച് സൈക്കിൾ ഷെഡുകളുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ സൈക്കിൾ ഷെഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇക്കാരണം കൊണ്ട് തന്നെ വിതരണം ചെയ്യപ്പെട്ട 200 സൈക്കിളുകൾ തെരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ മാസങ്ങളോളമായി ഉപയോഗപ്പെടാതെ കിടക്കുകയാണ്. ഓഡിറ്റ് വേളയിൽ വാർഡ് 23 നെല്ലിക്കോട്, വാർഡ് 27 പുതിയറ എന്നീ 2 വാർഡുകളിൽ നടത്തിയ സ്ഥല പരിശോധനയിൽ നെല്ലിക്കോട് വാർഡിൽ നന്ദനം അങ്കണവാടിയിലെ കോണിപ്പടിയുടെ അരികിലായി സൈക്കിളുകൾ ഫിറ്റ് ചെയ്ത് വെച്ച നിലയിലും പുതിയറ വാർഡിൽ എസ്.കെ. പൊറ്റെക്കാട് ഹാളിലെ കോണിപ്പടിയുടെ അരികിൽ സെക്കിൾ പാർട്സുകൾ പായ്ക്കറ്റ് പൊട്ടിക്കാത്ത നിലയിലും കാണുകയുണ്ടായി. സൈക്കിളുകൾ സൂക്ഷിച്ച വെച്ച മറ്റ് 8 സ്ഥലങ്ങളിലും ഇതേ അവസ്ഥ തുടരുകയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. സൈക്കിൾ കേന്ദ്രങ്ങളുടെ പരിപാലന ചുമതലയ്ക്കും മറ്റുമായി കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടെങ്കിലും

സൈക്കിൾ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ അവ സൂക്ഷിക്കാനുള്ള ഷെഡുകൾ നേരത്തേ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വേണ്ടത്ര ദീർഘ വീക്ഷണമില്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ സംഭവിച്ച പാളിച്ചകളാണ് പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമായത്. വകയിരുത്തിയ 10750000 രൂപയിൽ 14% തുക മാത്രമാണ് ചെലവഴിക്കാനായത്. സ്ത്രീകളുടെയും കുട്ടികളുടെയും സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുകയും അതിലൂടെ അവരുടെ കായികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കിയ നൂതന പദ്ധതി പ്രാവർത്തികമാവാതെ, ഇതിനായി വാങ്ങിയ സൈക്കിളുകൾ തുരുമ്പെടുത്ത് നശിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഒ.എസ്സ് ന് (17/2022-23 തീ. 05.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും സൈക്കിൾ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്. ചെലവ് തുക 1464000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-65 വ്യക്തിഗത തൊഴിൽ സംരംഭം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ സ്വയം തൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെയും പദ്ധതി നടത്തിപ്പിലെ അപാകതകളും ഇതോടൊപ്പം ചേർക്കുന്നു.

എ) വ്യക്തിഗത തൊഴിൽ സംരംഭം

| | |
|---|---|
| പ്രോജക്ട് നമ്പർ | 538/23 |
| പ്രോജക്ടിന്റെ പേര് | വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം |
| വകയിരുത്തിയതുക | വികസനഫണ്ട്-സാ.വി.-600000/- |
| ചെലവുതുക | 230,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

കോർപ്പറേഷൻ പരിധിയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട പത്ത് വ്യക്തിഗത സ്വയംതൊഴിൽ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൊത്തം പദ്ധതി തുകയുടെ 50% ഒരാൾക്ക് പരമാവധി 60000/- രൂപ സബ്സിഡിയായി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ട് വഴി ആനുകൂല്യം അനുവദിച്ച നാല് സംരംഭകരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സംരംഭകരുടെ പേര് | പ്രോജക്ട് കോസ്റ്റ് | ലഭിച്ച സബ്സിഡി | ബിൽ നം. തിയ്യതി | പദ്ധതി നടത്തിപ്പിലെ അപാകതകൾ |
|---|---|---|---|---|---|
| 1 | റംഷീദ് ബാബു.കെ.സി ഭഗവതി പടന്ന പുതിയപാലം | 675000/- | 60000/- | 1219/ 23.03.23 | |
| 2 | പ്രണവ്.വി.കെ വടക്കേടത്തുകണ്ടി, | 100000/- | 50000 | 1219/ 23.03.23 | |

| | | | | | |
|---|---|---|---|---|---|
| | കുണ്ടുപറമ്പ് | | | | |
| 3 | നൂറുദ്ദീൻ.ടി.കെ ഉമ്പക്കണ്ടി ഹൗസ് അരീക്കാട് | 134900 | 60000/- | 1219/ 23.03.23 | |
| 4 | മുനീർ മുണ്ടേരി മുല്ലത്ത് ഹൗസ്, കൊമ്മേരി | 625,875/- | 60,000/- | 1219/ 23.03.23 | ചെലവു വൗച്ചറുകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.സംരംഭം ആരംഭിച്ച വിവരങ്ങളോ പ്രവർത്തനറിപ്പോർട്ടോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| | ആകെ | | 2,30,000/- | | |

സംരംഭങ്ങളെല്ലാം വായ്പാബന്ധിതമായതിനാൽ വായ്പ ലഭിച്ച രേഖകൾ ഹാജരാക്കിയ മുറക്ക് സബ്സിഡി തുക വായ്പ അനുവദിച്ച ബാങ്കിൽ ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താവും ബേങ്കുമായുള്ള കരാറുടമ്പടിയിൽ സബ്സിഡി തുക ഉൾപ്പെടെ വായ്പാ തുകയായി കാണിച്ചതിനാൽ സബ്സിഡി ഉൾപ്പെടെയുള്ള മുഴുവൻ തുകക്കും സംരംഭകർ പലിശ നൽകേണ്ട സാഹചര്യവുമാണ് നിലവിലുള്ളത്. ഇത് വായ്പ അനുവദിച്ച ഉടനെ സബ്സിഡി ലഭിച്ചിട്ടും സംരംഭകർക്ക് കൂടുതൽ ബാധ്യതക്ക് കാരണമാകുന്നു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തി ഗുണഭോക്താക്കൾക്ക് വായ്പ്പ ഇനത്തിൽ അധിക ബാധ്യത ഉണ്ടാവുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പത്ത് സംരംഭങ്ങൾക്ക് സഹായം നൽകുകയായിരുന്ന പദ്ധതി ലക്ഷ്യമെങ്കിലും നാല് വ്യക്തികൾക്ക് മാത്രമാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. വകയിരുത്തിയ പദ്ധതിവിഹിതത്തിന്റെ 62% തുകയും ചെലവഴിക്കാതെ ലാപ്സായി.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി രേഖകളും റിപ്പോർട്ടുകളും ചെലവു വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം സർവ്വ ശ്രീ റംഷീദ് ബാബു.കെ.സി, പ്രണവ്.വി.കെ, നൂറുദ്ദീൻ.ടി.കെ എന്നിവരുടെ ചെലവു വൗച്ചറുകളും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ശ്രീ മുനീർ മുണ്ടേരി മുല്ലത്ത് ഹൗസ്, കൊമ്മേരി എന്നിവരുടെ രേഖകളൊന്നും ഇപ്പോഴും ഹാജരാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ അദ്ദേഹത്തിന് നൽകിയ സബ്സിഡി തുക 60,000/- തടസ്സത്തിൽവെക്കുന്നു.

ബി)വ്യക്തിഗത സ്വയം തൊഴിൽ സംരംഭം – വനിതകൾ

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുക വഴി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനുമാണ് ഈ പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. 2022-2023 സാമ്പത്തിക വർഷം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ 39 വനിതാ സംരംഭകർക്ക് ആകെ പദ്ധതി തുകയുടെ 75% തുക പരമാവധി 90000/- സബ്സിഡി ആയി നൽകുന്ന വിധത്തിലാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം | |
| പ്രോജക്റ്റ് നമ്പർ | SO 524/23 | |
| അടങ്കൽ | വികസനഫണ്ട് | സാ.വി. 3510000/- |
| | | ഗ.വി. 1170000/- |

| | |
|---|---|
| ചെലവ് | 1425000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

പ്രോജക്റ്റ് പരിശോധനയിൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് വഴി ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ സംരഭങ്ങളുടെ ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം: | സംരംഭകയുടെ പേര് | പ്രൊജക്റ്റ് എസ്റ്റിമേറ്റ് കോസ്റ്റ് | അനുവദിച്ച സബ്സിഡി തുക/ ബിൽ | അപാകതകൾ |
|---|---|---|---|---|
| 1. | അസിത | 127000/- | 90000/- <br> 1255/23-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 2. | റുക്സാന എൻ. പി. | 150000/- | 90000/- <br> 1256/23-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 3. | ഫാരിയത്ത് എം. | 160000/- | 90000/- <br> 1471/27-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |

2) 39 വനിതകൾക്ക് വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിനായുള്ള സബ്സിഡി നൽകാൻ ലക്ഷ്യം വെച്ചിരുന്ന ഈ പദ്ധതിയിലൂടെ 16 വനിതകൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും അപേക്ഷിച്ച് കൂടുതൽ നഗരവൽക്കരിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമായിട്ടും സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറായ വനിതാ സംരംഭകരുടെ എണ്ണത്തിൽ ഇത്രയും കുറവ് വന്നത് പദ്ധതി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ വന്ന വീഴ്ച ആയിരിക്കണം. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം സാധ്യമാകണമെങ്കിൽ ഇത്തരത്തിലുള്ള പ്രൊജക്ടുകൾ സംബന്ധിച്ച അറിവുകൾ അർഹരായവരിലേക്ക് എത്തിക്കുന്നതിന് സ.ഉ. നം.86/2022 തസ്വഭവ തീയതി:10-04-22 ഖണ്ഡിക 12.3 പ്രകാരം അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ എല്ലാ വിധ പൊതു സാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വ്യാപകമായ പ്രചാരണം നൽകി വിതരണം ചെയ്ത് പദ്ധതിയെ കുറിച്ച് ജനങ്ങളെ ബോധവാ ന്മാരാക്കേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല.

മേൽപറഞ്ഞ അപാകതകൾ പരാമർശിച്ച് ഒ.എസ്.നം. 11/2022-23 തീയതി 27/07/2023 നൽകിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല മേൽ പറഞ്ഞ 3 ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ സംരഭം സംബന്ധിച്ച ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 270,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>സി) സ്വയം തൊഴിൽ സംരംഭം - വനിതാ ഗ്രൂപ്പുകൾ</u>

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുക വഴി

വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2022-2023 സാമ്പത്തിക വർഷം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ 11 വനിതാ ഗ്രൂപ്പ് സംരംഭകർക്ക് ആകെ പദ്ധതി തുകയുടെ 75% തുക പരമാവധി 375000/- സബ്സിഡി ആയി നൽകുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ 10 ഗ്രൂപ്പുകൾക്ക് 2808398 രൂപ സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം | |
| പ്രോജക്റ്റ് നമ്പർ | SO 535/23 | |
| അടങ്കൽ | വികസനഫണ്ട് | സാ.വി. 4125000/- |
| | | ഉ.വി. 1375000/- |
| ചെലവ് | 2808398/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | |

പ്രൊജക്റ്റ് പരിശോധിച്ചതിൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് വഴി ആനുകൂല്യം ലഭിച്ച ചുവടെ ചേർത്ത വനിതാഗ്രൂപ്പുകൾക്ക് ആവശ്യമായ രേഖകൾ ഇല്ലാതെയും സബ്സിഡി തുക അനുവദിച്ചു.

| ക്രമ നം: | ഗ്രൂപ്പ് സംരംഭകരുടെ പേര് | പ്രൊജക്റ്റ് എസ്റ്റിമേറ്റ് കോസ്റ്റ് | അനുവദിച്ച സബ്സിഡി തുക/ ബിൽ | അപാകതകൾ |
|---|---|---|---|---|
| 1. | പുഷ്പ കെ.<br>ബേബി കെ.<br>ശരണ്യ കെ. | 500000/- | 375000/- | 1. അപേക്ഷാ ഫോമിന്റെ ഓഫീസ് യൂസ് ഭാഗം അപൂർണ്ണം. |
| | | | 1354/26-03-23 | 2. ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 2. | മോനിഷ എ.കെ.<br>മഞ്ജുഷ എ.കെ. | 429176/- | 321882/- | 1. കാലാവധി കഴിഞ്ഞ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചത്. |
| | | | 1050/16-03-23 | 2. ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 3. | ഡോ. നാദിയ കെ.പി.<br>ജമീല പി.എം. | 400000/- | 300000/- | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| | | | 1027/16-03-23 | |

| | | | | |
|---|---|---|---|---|
| 4. | റിസാന എ.<br>സൗജത്ത് | 462806/- | 347104/-<br>1000/14-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 5. | റജീന വി.<br>മുഹസിന എം.പി. | 200000/- | 150000/-<br>1049/16-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 6. | ബുഷ്റ എം.പി.<br>നസറിയ എം.പി. | 404550/- | 303412/-<br>1215/22-03-23 | 88074/- രൂപയുടെ ബിൽ ഹാജരാക്കിയിട്ടുണ്ട്. ബാക്കി ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കേണ്ടതാണ്. |
| 7. | മുഹസിന സി.പി.<br>തഫ്സീറ എം.പി. | 445000/- | 333750/-<br>1470/27-03-23 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |
| 8. | രതീഷ കെ.പി.<br>ബിന്ദു ടി. | 420000/- | 315000/-<br>1562/28-03023 | ചെലവു രേഖകളും പദ്ധതി പുരോഗതി വ്യക്തമാക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല. |

ആയത് സംബന്ധിച്ച് വ്യക്തത വരുത്തി അറിയിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് ഒ.എസ്.(നം. 18/2022-23 തീയതി 05/08/2023 ) ന് നൽകിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 24,46,148 /- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

ഡി)വ്യക്തിഗത തൊഴിൽ സംരംഭം -എസ്.സി

| | |
|---|---|
| പ്രോജക്ട് നമ്പർ | 1545/23 |
| പ്രോജക്ടിന്റെ പേര് | വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം-എസ്.സി. |
| വകയിരുത്തിയതുക | വികസനഫണ്ട്-സാ.വി.450000/-<br>ഗ്ര.വി.(നേരിട്ട്) 150000/- |
| ചെലവുതുക | 163275/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

കോർപ്പറേഷൻ പരിധിയിലെ അഞ്ച് എസ്.സി. സംരംഭകർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൊത്തം പദ്ധതി തുകയുടെ 75% ഒരാൾക്ക് പരമാവധി 90000/- രൂപ സബ്സിഡിയായി നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം.പ്രോജക്ട് വഴി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സംരംഭകരുടെ പേര് | പ്രോജക്ട് കോസ്റ്റ് | ലഭിച്ച സബ്സിഡി | | ബിൽ നം. തിയ്യതി |
|---|---|---|---|---|---|
| 1 | സീന.പി.സി,ഡ്രീംസ് അപ്പാർട്ട് മെന്റ്,തട്ടാൻകണ്ടി-വാർഡ് 4 | 97700 | 73275 | 63447` | 1621/28.03.23 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | ശോഭിത.കെ കൊടക്കാട് ഹൗസ് തയ്യിൽതാഴം പറമ്പ്,നോർത്ത് ബേപ്പൂർ,വാർഡ് 50 | 210200 | 90000 | | 1620/28.03.23 |
| | ആകെ | | 163275 | | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സീന.പി.സി യുടെ ഫയൽ പരിശോധിച്ച സമയത്ത് 63447/- രൂപയുടെ ബില്ലുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. അതിൽ തന്നെ 23500/- രൂപയുടെ സിംഗർ മെഷീൻ വാങ്ങിയ ബിൽ ഗുണഭോക്താവിന്റെ പേരിലുള്ളതല്ല. സംരംഭം ആരംഭിച്ച വിവരങ്ങളോ പ്രവർത്തന റിപ്പോർട്ടോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല.

2.ശോഭിത.കെ. യുടെ ചെലവു വൗച്ചറുകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സംരംഭം ആരംഭിച്ച വിവരങ്ങളോ പ്രവർത്തനറിപ്പോർട്ടോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സംരംഭങ്ങളെല്ലാം വായ്പാബന്ധിതമായതിനാൽ വായ്പ ലഭിച്ച രേഖകൾ ഹാജരാക്കിയ മുറക്ക് സബ്സിഡി തുക വായ്പ അനുവദിച്ച ബാങ്കിൽ ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ബേങ്കുമായുള്ള കരാറുടമ്പടിയിൽ സബ്സിഡി തുക ഉൾപ്പെടെ വായ്പാതുകയായി കാണിച്ചതിനാൽ സബ്സിഡി ഉൾപ്പെടെയുള്ള മുഴുവൻ തുകക്കും സംരംഭകർ പലിശ നൽകേണ്ട സാഹചര്യവുമാണ് നിലവിലുള്ളത്. ഇത് വായ്പ അനുവദിച്ച ഉടനെ സബ്സിഡി ലഭിച്ചിട്ടും സംരംഭകർക്ക് കൂടുതൽ ബാധ്യതക്ക് കാരണമാകുന്നു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തി അറിയിക്കേണ്ടതാണ്

അഞ്ച് സംരംഭങ്ങൾക്ക് സഹായം നൽകുകയായിരുന്നു പദ്ധതി ലക്ഷ്യമെങ്കിലും രണ്ട് വ്യക്തികൾക്ക് മാത്രമാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. വകയിരുത്തിയ പദ്ധതിവിഹിതത്തിന്റെ 63% തുകയും ചെലവഴിക്കാതെ ലാപ്സായി.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി രേഖകളും റിപ്പോർട്ടുകളും ചെലവു വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (22/09.08.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം ശ്രീമതി സീന.പി.സി എന്നവരുടെ ചെലവു വൗച്ചറുകളും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കുകയും അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ശോഭിത.കെ.എന്ന ഗുണഭോക്താവിന് സബ്സിഡിതുക ട്രഷറിയിൽനിന്നും ലഭ്യമായിട്ടില്ലെന്നും സബ്സിഡിതുക നൽകാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാവുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. എത്രയും വേഗം മേൽതുകയുടെ ഇടപാട് സംബന്ധിച്ച നിജസ്ഥിതി അന്വേഷിച്ച് ഉറപ്പുവരുത്തി ഗുണഭോക്താവിന് സബ്സിഡിതുക ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ശ്രീമതി. ശോഭിതയുടെ സബ്സിഡിയിനത്തിൽ ചെലവഴിച്ച 90,000രൂപ തടസ്സപ്പെടുത്തുന്നു.

1-66 അങ്കണവാടികളുടെ നെയിംബോർഡ് - വനിത ശിശു വികസന വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. പ്ലാൻ ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് വിഹിതം എന്നിവ ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കി

പ്രൊജക്ട് നം. 1531/23 അങ്കണവാടികൾക്ക് നെയിംബോർഡ്

അടങ്കൽ വികസനഫണ്ട്(സാധാ) 174000/-; മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് – 251000

ചെലവ് തുക 316680

ബിൽ നം 30/22-23 തിയതി 28-03-2023 തുക 174000/- (Development Fund General)

ബിൽ നം 31/22-23 തിയതി 28-03-2023 തുക 142680/-(Maintanance Fund )

വനിത ശിശു വികസന ഡയറക്ടറുടെ ICDS /B5-16067/2019 തിയതി 28-01-2021 നമ്പർ ഉത്തരവ് പ്രകാരം സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കുന്നതിന് 3000 രൂപ നിരക്കിൽ അനുവദിച്ച് ഉത്തരവായിരുന്നു. നഗരസഭക്ക് ഈ ഇനത്തിൽ ഒരു ലക്ഷത്തി എഴുപത്തിനാലായിരം രൂപ മേൽ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ തുക നഗരസഭ സെക്രട്ടറിയുടെ SBT SB(own Fund) 67109350615 നമ്പർ എക്കൗണ്ടിലെക്ക് 19/02/2021ന് വരവ് വെച്ചിട്ടുണ്ട് (Bill No 20160186000101085546 തിയതി 19-02-2021). ധന സഹായം 2/2021 ൽ ലഭിച്ചെങ്കിലും 2020-21, 2021-22 വർഷങ്ങളിൽ പദ്ധതി നടപ്പാക്കിയിരുന്നില്ല.

2022-23 സാമ്പത്തിക വർഷം മുഴുവൻ അങ്കണവാടികളെയും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയുണ്ടായി. അർബൻ 2 വിന്റെ പരിധിയിലുള്ള 140 അങ്കണവാടികൾക്ക് (സ്വന്തമായി കെട്ടിടമുള്ള 58 എണ്ണം ഉൾപ്പെടെ) നിശ്ചിത മാതൃകയിലുള്ള നെയിംബോർഡ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ഗ്രേമൗണ്ട്, മരുതിങ്ങൽ കരുവാരക്കുണ്ട് എന്ന സ്ഥാപനത്തിനോട് നെഗോഷ്യേഷൻ നടത്തി 2250 രൂപ നിരക്കിൽ കരാർ ഉറപ്പിച്ചു (കൗൺസിൽ തീരുമാനം നമ്പർ 15, തിയതി 15- 3- 2023)

വനിതാ ശിശു വികസന വകുപ്പിൽ നിന്നും ലഭിച്ച 174000/-രൂപ തനത് ഫണ്ടിൽ ലഭ്യമായിരിക്കേ ആയത് പരിഗണിക്കാതെ വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയത് പദ്ധതി ആസൂത്രണ വിഭാഗത്തിന്റെ വീഴ്ചയാണ്. പദ്ധതി പൂർത്തീകരിച്ച് ചെലവു തുക പൂർണമായും പദ്ധതി വിഹിതത്തിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് നിർവ്വഹിച്ചിട്ടുള്ളത്. വനിത ശിശു വികസന വകുപ്പിൽ നിന്നും നഗരസഭയിലെ അങ്കണവാടികൾക്ക് നെയിംബോർഡ് സ്ഥാപിക്കുക എന്ന ആവശ്യത്തിനായി മാത്രം ലഭിച്ച ഒരു ലക്ഷത്തി എഴുപത്തിനാലായിരം രൂപ ഉപയോഗപ്പെടുത്താതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുമ്പോൾ മേൽഫണ്ടുകൾ മാത്രം ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന്(OS No 13/22-23 തീ. 04.08.2023) നല്കിയ മറുപടിയിൽ പദ്ധതി രൂപീകരണ സമയത്ത് ഡാറ്റ എൻട്രി വരുത്തുമ്പോൾ സംഭവിച്ച പിഴവാണെന്നാണ് അറിയ്ച്ചിട്ടുള്ളത് മറുപടി തൃപ്തികരമല്ല. നിലവിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 174000/-രൂപ തിരികെ അടവാക്കുകയോ നഗരസഭാ പരിധിയിൽ നെയിംബോർഡ് സ്ഥാപിക്കാത്ത അങ്കണവാടികൾക്കായി വിനിയോഗിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-67 അനുപൂരക പോഷകാഹാരം - GST (TDS) ഈടാക്കിയില്ല

ശിശു വികസന പദ്ധതി ഓഫീസർമാർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണപദ്ധതിയിൽ ന്യൂട്രിമിക്സ് വാങ്ങുന്നതിനായി സി.ഡി.പി.ഒ അർബൻ I, III, IV എന്നിവർ തൻവർഷം താഴെ കാണിച്ച പ്രകാരം 70,88,627/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | സി.ഡി.പി.ഒ I | | സി.ഡി.പി.ഒ III | | സി.ഡി.പി.ഒ IV | |
|---|---|---|---|---|---|---|
| പ്രൊജക്റ്റ് നം | 23/2023 | | 17/2023 | | 100/2023 | |
| അടങ്കൽ | | 2,00,00,000 | | 1,75,00,000 | | - |
| ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനം | സൂര്യ ഫുഡ് പ്രൊഡക്ട്സ് & നവജീവൻ ഫുഡ് പ്രൊഡക്ട്സ് | | സുസ്മിതം ഫുഡ് പ്രൊഡക്ട്സ്, ബേപ്പൂർ | | എലിഗൻസ് ഫുഡ് പ്രൊഡക്ട്സ് രാമനാട്ടുകര | |
| ചെലവ് | | 12,75,982 | | 27,85,316 | | 30,27,329/- |
| ബിൽ നമ്പറുകൾ, തീയതി, തുക | 2/7.7.22 | 51032 | 1/8.6.22 | 392931 | 62/18.4.22 | 560816 |
| | 26/6.2.23 | 317887 | 13/05.10.22 | 448385 | 63/16.5.22 | 280476 |
| | 37/21.3.23 | 327516 | 28/21.12.22 | 760136 | 64/19.8.22 | 439677 |
| | /13.12.22 | 579547 | 41/21.02.23 | 772779 | 65/22.9.22 | 38390 |
| | | | 55/23.03.23 | 411085 | 66/14.10.22 | 389844 |
| | | | | | 69/17.1.23 | 528612 |
| | | | | | 70/23.2.23 | 444014 |
| | | | | | | |
| | ആകെ | 12,75,982 | ആകെ | 27,85,316 | ആകെ | 30,27,329 |

CGST Act 2017 -ലെ വകുപ്പ് 5(1) -ൽ വിതരണത്തിന്റെ ആകെ മൂല്യം 2.50ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യാൻ വ്യവസ്ഥ ഉണ്ട്. SGST Act 2017 ലെ വകുപ്പ് 5(1) ലും സമാനമായ വ്യവസ്ഥ ഉള്ളതിനാൽ CGST, SGST ഇനത്തിൽ ആകെ 2% നികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. മുകളിൽ കാണിച്ച ബില്ലുകൾ മുഖേന സ്ഥാപനങ്ങൾക്ക് തുക നൽകിയപ്പോൾ GST(TDS) ഈടാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-68 മിശ്രവിവാഹ ധനസഹായം - സേവനം നൽകുന്ന നടപടികളിൽ സങ്കീർണ്ണത

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മിശ്രവിവാഹ ധനസഹായം എന്ന പദ്ധതി പ്രകാരം (പ്രോ.നം- 1514/22-23) 2022-23 വർഷത്തിൽ 60 മിശ്ര വിവാഹ ദമ്പതികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പങ്കാളികളിലൊരാൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടതും വിവാഹം കഴിഞ്ഞ് ഒരു വർഷമായി ഒന്നിച്ച് താമസിക്കുന്നതുമായ ദമ്പതിമാരെ സാമ്പത്തികമായി സഹായിക്കുന്നതിനും ആയതിലൂടെ മിശ്രവിവാഹങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുമാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. പരിശോധനയിൽ അപേക്ഷകരിൽ നിന്നും അധിക രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചതായും അനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചതായും ബോധ്യപ്പെട്ടിട്ടുണ്ട്. അനാവശ്യമായി അധിക രേഖകൾ ആവശ്യപ്പെട്ടതിലൂടെ ധനസഹായം അനുവദിക്കുന്ന നടപടി സങ്കീർണ്ണമാക്കുകയും ആയത് മൂലം അപേക്ഷകർക്ക് കാലതാമസം ഉൾപ്പെടെയുള്ള ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 07.10.2021 തിയ്യതിയിലെ സ.ഉ.(പി).നം.1/2021/പ.നി.വി.നി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സേവനങ്ങൾ ലഭ്യമാക്കാൻ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുമ്പോൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ

സാക്ഷ്യപ്പെടുത്തലുകൾ നിർബന്ധമാക്കുന്നത് കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കുന്ന പ്രക്രിയ ലഘൂകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

പട്ടികജാതിക്കാരുടെ മിശ്രവിവാഹ ധനസഹായ അപേക്ഷകളിൽ അടിസ്ഥാന രേഖകൾക്ക് പുറമെ ദമ്പതികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നീ രേഖകളാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഉപകരണങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ, വിവാഹ സർട്ടിഫിക്കറ്റിന്റെ ഒറിജിനലുകൾ, തുടങ്ങിയ അത്യാവശ്യമല്ലാത്ത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നത് മൂലം സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി ലഘൂകരിക്കുന്നതിന് പകരം സങ്കീർണ്ണമാക്കുകയാണ് ചെയ്തിട്ടുള്ളത്. അപേക്ഷകർക്ക് അവകാശപ്പെട്ട ധനസഹായം അനുവദിക്കപ്പെടുന്നതിന് കാലതാമസമുണ്ടാക്കുകയും അപേക്ഷകന് അധികരേഖകൾ ഹാജരാക്കേണ്ടി വന്നതിലൂടെ സമയ-സാമ്പത്തിക നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. മിശ്ര വിവാഹിതർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. കൈപ്പറ്റുന്ന ധനസഹായം സ്വയംതൊഴിൽ സംരംഭത്തിനായി വിനിയോഗിക്കുമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഫയലിൽ സൂക്ഷിക്കുന്നതിന്റെയും ഓഡിറ്റ് തിയ്യതി വരെയും ആയത് തിരികെ നൽകാത്തതിന്റെയും കാരണം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുടർവർഷങ്ങളിൽ അപേക്ഷകളോടൊപ്പം അധികരേഖകൾ വാങ്ങുന്നത് ഒഴിവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-69 ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം- മാർഗ രേഖയിൽ അംഗീകരിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചു.

വനിതാ ശിശു വികസന ഓഫീസർ III നിർവ്വഹണം നടത്തിയ ,ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണം ( പ്രൊജക്ട് നമ്പർ 861/23 ) എന്ന പ്രൊജക്ടിന്റെ ഭാഗമായി ₹558664 /-രൂപ മാനസിക വെല്ലുവിളി നേരിടുന്ന 55 വിദ്യാർത്ഥികൾക്ക് ടി.എൽ.എം.കിറ്റ് (ടീച്ചിങ് ആന്റ് ലേണിങ് മെറ്റീരിയൽ ) വാങ്ങി നൽകിയ ഇനത്തിൽ NIEPIED INSTITUTION ,Secundarabad എന്ന സ്ഥാപനത്തിന് 25-03-2023 ന് 22160247001901469622 നമ്പർ ബിൽ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തിയ്യതി 28-5-2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.2 സി പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൗൺസിലിംഗ്, മരുന്നുകൾ എന്നിവക്ക് മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളൂ.

മാർഗ രേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഭിന്നശേഷി വിഭാഗത്തിൽ പെട്ട വ്യക്തികൾക്ക് ഉപകരണ വിതരണം നടത്തുന്നതിലേക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ബുദ്ധിപരമായ പരിമിതികൾ നേരിടുന്നവർക്കുള്ള ബൗദ്ധിക വികാസത്തിനുതകുന്ന ടി.എൽ.എം.കിറ്റിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും നഗരസഭയിലെ ഭിന്നശേഷി ജനസംഖ്യയുടെ വലിയൊരു ശതമാനം ബൗദ്ധിക വെല്ലുവിളി നേരിടുന്ന വ്യക്തികളാണെന്നും ഇവർക്ക് മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ട മരുന്ന്, കൗൺസിലിംഗ് എന്നിവയെക്കാൾ ബൗദ്ധിക വികാസത്തിനാവശ്യമായ പഠനോപകരണങ്ങളാണ് വേണ്ടതെന്നും ഇതിലൂടെ മാത്രമേ പ്രസ്തുത കുട്ടികളുടെ ബൗദ്ധിക വികാസം സാധ്യമാവൂ ആയത് പരിഗണിക്കണമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ നിർവഹണ ഉദ്യോഗസ്ഥക്ക് നേരിട്ട് ബോധ്യപ്പെട്ടവയാണെങ്കിൽ അവ സർക്കാരിന്റേയോ വികേന്ദ്രീകൃതാസൂത്രണ കോ ഓർഡിനേഷൻ കമ്മറ്റിയുടേയോ ശ്രദ്ധയിൽ പെടുത്തി അനുമതി വാങ്ങി നടപ്പാക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. മുൻകൂർ അനുമതിയില്ലാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി

ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു. സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനു കുടുംബശ്രീയുടെ പിന്തുണയോടെ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനും നിശ്ചിത യോഗ്യതയുള്ള ടീച്ചർമാരെ നിയമിക്കുന്നതിനും സബ്സിഡി മാർഗരേഖ 7.1.8 പ്രകാരം നഗരഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഖണ്ഡിക 7.1.9 പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും , ഖണ്ഡിക 7.1.10 പ്രകാരം ലോവർ പ്രൈമറി സ്കൂളിലും അങ്കണവാടികളിലും പഠിക്കുന്ന കുട്ടികളിലെ വ്യത്യസ്ത വൈകല്യങ്ങൾ ബാല്യ കാലത്ത് തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചിക്തിസ നൽകുന്നതിന് ഉള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി 2023 വർഷത്തിൽ 527/23,553/23,515/23,505/23 എന്നീ പ്രൊജക്ടുകളിലായി നഗരസഭ 20581600 രൂപ ചെലവഴിച്ചിട്ടുള്ളതിൽ നിന്നും നഗരസഭാ പ്രദേശത്ത് ഭിന്നശേഷി വിഭാഗത്തിൽ പെട്ട ധാരാളം വിദ്യാർത്ഥികൾ ഉണ്ടെന്ന് മനസ്സിലാക്കി , ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന ബഡ്സ് സ്കൂളുകൾ പോലുള്ള വിവിധ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും ഭിന്നശേഷികളെ നേരത്തെ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ ,അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുക, വിദ്യഭ്യാസ പിന്തുണ നൽകുക, തൊഴിൽ പിന്തുണ നൽകുക, സർക്കാർ ആനുകൂല്യങ്ങൾ നൽകാനുള്ള പിന്തുണ ഒരുക്കുക,ഭിന്ന ശേഷി സൗഹൃദ സ്ഥാപനങ്ങൾ , പൊതു ഇടങ്ങൾ എന്നിവ ഒരുക്കുന്നതിനും വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-70 വനിതാ ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വനിതാ ശിശു വികസന പദ്ധതി ഓഫീസർ (Urban IV)

പ്രൊജക്ട് നമ്പർ, പേര് : 504/23വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യൽ (അർബൻ 4) (സ്പിൽ ഓവർ)

അടങ്കൽ : 46,45,800/- പൊതു വിഭാഗം സാധാരണവിഹിതം

ചെലവ് : 22,09,800/-

ബിൽ നമ്പർ 1. 4/22-23 തിയ്യതി 30.09.2022 : 469800/-

2. 5/2022-23 തിയ്യതി 04.11.2022 : 1677360/-

3. 16/2022-23 തിയ്യതി 16.12.2023 : 62640/-

ആകെ 2209800

1) പ്രൊജക്ട് പ്രകാരമുള്ള ചെലവ് ചെലവ്യ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2022-23 വർഷത്തെ ചെലവു പത്രികയിൽ '504/23 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യൽ (അർബൻ 4)' എന്ന പ്രൊജക്ട് ഉൾപ്പെട്ടിട്ടില്ല. 2021-22 ൽ 52,20,000/- അടങ്കലുള്ള പദ്ധതിയിൽ 574200 രൂപ ചെലവഴിച്ചതിന്റെ ബാക്കി 46,45,800/രൂപയാണ് സ്പിൽ ഓവർ പ്രൊജക്ടിൽ വകയിരുത്തിയത്. അതിൽ 2209800/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. നഗരസഭ പ്രൊജക്ട് വെച്ച് ചെലവഴിക്കുന്ന മുഴുവൻ തുകയും ചെലവ് പത്രികയിൽ ഉൾപ്പെടേണ്ടതാണെങ്കിലും അപ്രകാരം ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2) പ്രൊജക്ട് രജിസ്റ്റർ

G O (P) No 177/2006 Fin Dt 12.04.2006, G O (P) No 119/2015 Fin Dt. 21.03.2015 എന്നിവ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. ഇപ്രകാരം പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം, നിർവ്വഹണം നടത്താതിരുന്നവ,

പ്രൊജക്ടുകൾക്കായി വിവിധഫണ്ടുകളിൽ നിന്നും ചെലവഴിച്ച തുകകൾ, എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കാതെ വരുന്നു.

3) കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ (വിതരണ രജിസ്റ്റർ) യഥാസമയം തയ്യാറാക്കിയില്ല

മേൽ പ്രോജക്ട് പ്രകാരം, 2021-22 ൽ 165 കട്ടിലുകളും 2022-23 ൽ 635 കട്ടിലുകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ആർക്കൊക്കെ ആനുകൂല്യം നൽകിയെന്നും, നേരത്തേ ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അനർഹമായി കൈപ്പറ്റിയ സാഹചര്യം ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുന്നതിനും വിതരണ രജിസ്റ്റർ അത്യാവശ്യമാണ്. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ സ്വീകരിച്ച് സ്റ്റോക്കിൽ ചേർക്കേണ്ടതും, ആർട്ടിക്കിൾ 152 പ്രകാരം സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തുതന്നെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഒ.എസ് 9/2022-23 തീ. 01.07.2023)ലഭിച്ച മറുപടിയോടൊപ്പം വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന അവസരത്തിൽതന്നെ വിതരണ രജിസ്റ്ററിൽ ചേർക്കേണ്ടതും കൈപ്പറ്റ് വാങ്ങേണ്ടതുമാണ്.

1-71 കൃത്യതയില്ലാതെ എസ്.എസ്.കെ.വിഹിതം കൈമാറി- SCPഫണ്ട് വകമാറ്റപ്പെടുന്നു

| നിർവ്വഹണം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | | പട്ടികജാതി വികസന ഓഫീസർ |
|---|---|---|---|
| പ്രൊജക്ട് നമ്പർ | 1/23 | | 782/23 |
| വകയിരുത്തിയ തുക | 1,00,00,000 | | 50,00,000 |
| ചെലവ് തുക | 1,00,00,000 | | 50,00,000 |
| ബിൽ നമ്പർ | 413/03.12.22 | 25,00,00,000 | 30/30.11.22 |
| | 414/03.12.22 | 25,00,00,000 | |
| | 417/05.12.22 | 25,00,00,000 | |
| | 418/5.12.22 | 25,00,00,000 | |

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതി പ്രകാരമുള്ള എസ്.എസ്.കെ. വിഹിതം കൈമാറുന്നതിന് 1,00,00,000 രൂപ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും 50 ലക്ഷം രൂപ പട്ടികജാതി വികസന ഓഫീസറും പദ്ധതി വിഹിതം പിൻവലിച്ച് പ്രൊജക്ടിനുള്ള നഗരസഭയുടെ വിഹിതമായി സമഗ്ര ശിക്ഷാകേരളം സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

എ) നഗരസഭയുടെ പങ്കാളിത്തത്തോടെ കർമ്മ പദ്ധതി തയ്യാറാക്കാതെ ഫണ്ട് കൈമാറുന്നു.

എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ 30.11.22.ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ തുക കൈമാറിയിരിക്കുന്നത്. വിശദമായ പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കാതെ 2022-23 വർഷത്തെ S.S.K വിഹിതമായി കോഴിക്കോട് കോർപ്പറേഷൻ ഫണ്ടിൽ നിന്നും നീക്കിവെച്ച തുക അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.നം. 86/22ത.സ്വ.ഭ.വ. തി 19.4.22.ഖണ്ഡിക 8.6.3 പ്രകാരം S.S.K പ്രൊജക്ടിന്റെ കർമ്മപദ്ധതി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്ഥാപനത്തിന്റെ പൂർണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷകേരളം വിശദാംശങ്ങൾ തദ്ദേശ ഭരണസ്ഥാപനത്തിന് നൽകണം. ഖണ്ഡിക 8.6.4. പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശ ഭരണ സ്ഥാപനത്തെ S.S.K പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ.വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും ചേർത്ത് നടപ്പിലാക്കുന്ന വികസന

പദ്ധതികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം S.S.K ഉറപ്പാക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് S.S.Kയിൽ നിന്നും കൃത്യമായി നൽകണം. മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെ നഗരസഭ എസ്.എസ്.കെ പ്രൊജക്ടിന് നീക്കിവെച്ച തുക ലഭ്യമാക്കണമെന്ന കത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുക മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥർ ചെയ്തിരിക്കുന്നത്. നഗരസഭാ പരിധിയിലെ വിദ്യാലയങ്ങളിൽ എസ്.എസ്.കെ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചോ, ആയതിന് എസ്.എസ്.കെ.വിഹിതമായി വകയിരുത്തിയ തുക എത്രയെന്നോ സംബന്ധിച്ച വിശദമായ റിപ്പോർട്ട് എസ്.എസ്.കെ. യിൽ നിന്നും ലഭ്യമാക്കുകയോ, ഓരോ ഇനങ്ങളിലും ചെലവഴിച്ച തുക ഉൾപ്പെടുന്ന വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായോ കാണുന്നില്ല. സർക്കാർ മാർഗ നിർദ്ദേശ പ്രകാരം എസ്.എസ്.കെ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പുവരുത്താതെയും, നഗരസഭാ പരിധിയിൽ എസ്.എസ്.കെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാതെയും നഗരസഭാ വിഹിതം അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടും നഗരസഭ അടവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കാനുമാവശ്യപ്പെട്ടും നൽകിയ ഒ.എസിനുള്ള മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ചചെയ്താണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ, ചെലവു തുകയുടെ ഇനം തിരിച്ചുള്ള വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) SCP ഫണ്ട് വകമാറ്റപ്പെടുന്നു

സാമ്പത്തികവർഷം എസ്.സി.ഡി.ഒ. നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.കെ വിഹിതം അടവാക്കുന്ന പ്രൊജക്ട് പ്രകാരം അൻപത് ലക്ഷം രൂപ പിൻവലിച്ച് എസ്.എസ്.കെ പ്രൊജക്ട് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് എക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കൈമാറി നൽകിയ തുകയുടെ കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗവിവരം എന്നിവ പ്രൊജക്ട് ഡയറക്ടർ ലഭ്യമാക്കിയതായി കാണുന്നില്ല.

സ.ഉ.നമ്പർ 86/22 ത.സ്വ.ഭ.വ തി 19.4.22 ഖണ്ഡിക 5.2.2. പ്രകാരം നഗരസഭ വകയിരുത്തുന്ന എസ്.എസ്.കെ പ്രൊജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക6.1.1ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭ എസ്.എസ്.കെ വിഹിതം അടവാക്കുന്നതിന് രണ്ട് പ്രൊജക്ടുകളിലായി ആകെ വകയിരുത്തിയിരിക്കുന്നത് ഒന്നരക്കോടി രൂപയാണ്. (ഒരുകോടി രൂപ വിദ്യാഭ്യാസ ഡപ്യൂട്ടിഡയറക്ടർ മുഖേന വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും അടവാക്കി)

എന്നാൽ നഗരസഭ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്രയുണ്ടെന്നതിന്റെ കണക്ക് സ്ഥാപനത്തിൽ ലഭ്യമല്ല. പട്ടിക ജാതിയിൽപെട്ട വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമാണ് പ്രസ്തുത ആവശ്യത്തിന് ലഭിച്ച വികസനഫണ്ട് എസ്.സി.പി. വിഹിതം വിനിയോഗിക്കേണ്ടത് എന്നിരിക്കെ ആയത് പരിഗണിക്കാതെ ഭീമമായ തുക പട്ടികജാതി വികസന ഓഫീസർ എസ്.എസ്.കെ വിഹിതമായി അടവാക്കിയിരിക്കയാണ്. കോഴിക്കോട് കോർപ്പറേഷന് അനുവദിക്കപ്പെട്ട SCP/TSP തുക വകമാറ്റപ്പെടാതെ ചെലവഴിക്കണമെങ്കിൽ, നഗരസഭ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുകയും ആ എണ്ണത്തിന് ആനുപാതികമായി SCP/TSP ഫണ്ട് വകയിരുത്തുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ, പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുക്കാതെ ഈ ആവശ്യത്തിന് അടവാക്കിയ തുകയുടെ മുന്നിൽ ഒരുഭാഗം പട്ടികജാതി ഉപപദ്ധതിയിൽ നിന്നും അടവാക്കിയിരിക്കുന്നത് മൂലം അടവാക്കിയ തുകയിൽ നല്ലൊരു ശതമാനവും

പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്. മേൽ അപാകതക്ക് മറുപടി ലഭ്യമാക്കുന്നതോടോപ്പം അടവാക്കിയ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാനമാവശ്യപ്പെട്ട്നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും എസ്.എസ്.കെ.വിഹിതമിനത്തിൽ ചെലവഴിച്ച തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക 5000000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-72 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വിദ്യാഭ്യാസ ധനസഹായം-2023 |
| പ്രോജക്ട് നമ്പർ | SO 698/2022-23 |
| ഫണ്ട് | വികസന ഫണ്ട് -എസ്.സി.പി |
| അടങ്കൽ | 75,00,000/- |
| ചെലവ് | 75,00,000/- |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

നഗരസഭാ പരിധിയിലുള്ളവരും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സർക്കാർ ഉത്തരവ് നമ്പർ 115/22 ത.സ്വ.ഭ.വ. തീയതി 28.05.2022 ഖണ്ഡിക 7.2.4 പ്രകാരം വിദ്യാർത്ഥി പഠിക്കുന്ന കോഴ്സിന് അനുസൃതമായിട്ടാണ് ധനസഹായ തുക അനുവദിക്കുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ചില വിദ്യാർത്ഥികൾക്ക് അർഹമായതിൽ കൂടുതലും ചില വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവും ധനസഹായതുക നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) വിദ്യാർത്ഥികൾക്ക് അർഹമായതിൽ കൂടുതൽ ധനസഹായതുക നൽകിയവയുടെ വിശദാംശങ്ങൾ

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | വ്യത്യാസം | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | അതുല്യബാബു.കെ | DRRT (Diploma In Radiography & Radiotherapy Technology | 15000/- | 20000/- | 5000/- | 164000/-, CCB:-26/ 22-23 31.10.2022 |
| 2 | സിയ.കെ | D.Pharm | 15000/- | 20000/- | 5000/- | 1,30,000/-, CCB:-96/2022-23, 02/03/2023 |
| 3 | ആര്യ.കെ.പി | B.Pharm | 25,000/- | 30,000/- | 5000/- | 2,40,000/- CCB:-101/ 22-23, 17/03/2023 |
| | ആകെ | | | | 15000 | |

Ii) വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവ് ധനസഹായതുക നൽകിയവയുടെ വിശദാംശങ്ങൾ

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | വ്യത്യാസം | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | സ്നേഹ.എസ്.രാജ് | BBA LLB | 25,000/- | 20,000/- | 5000/- | 10,65,000/- CCB:-36/22-23 02/11/2022 |
| 2 | അതുല്യ.ടി | M.A | 30,000/- | 20,000/- | 10,000/- | 8,35,000/- CCB:-38/22-23 02/11/2022 |
| 3 | ഗ്രീഷ്മ.ജി | LLB | 25,000/- | 20,000/- | 5000/- | 1,55,000/- CCB:-40/22-23 07/12/2022 |
| 4 | അജിൻ.പി.ഗിരീഷ് | B.Pharm | 25,000/- | 20,000/- | 5000/- | 3,65,000/- CCB:-58/22-23 18/01/2023 |
| 5 | അക്ഷയ.കെ.എസ് | BBA LLB | 25,000/- | 20,000/- | 5000/- | 1,10,000/- CCB:- 68/22-23 28/01/2023 |
| 6 | അഞ്ജന.കെ.ടി. | B.Sc Nursing | 25,000/- | 20,000/- | 5000/- | 2,40,000/- 101/22-23 17/03/2023 |

മേൽപ്പറഞ്ഞ അഞ്ജന.കെ.ടി. എന്ന വിദ്യാർത്ഥിനിയ്ക്ക് ബിൽ പ്രകാരം 25,000/- രൂപ കൊടുത്തിട്ടുണ്ടെങ്കിലും ആയത് കഴിഞ്ഞ വർഷത്തെ ബാലൻസ് തുകയായ 5000/- രൂപ സഹിതമാണെന്ന് നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രോജക്ട് നടപ്പിലാക്കുമ്പോൾ കൃത്യമായ പരിശോധന നടത്തുന്നതിൽ വന്ന വീഴചയാണ് വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവ്/കൂടുതൽ ധനസഹായതുക ലഭിക്കുവാൻ കാരണം. ആയതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി മാത്രമെ ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്.

വിദ്യാർത്ഥികൾക്ക് അധിക തുക നൽകിയത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണെന്നും അധിക തുക തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ധനസഹായ തുക കുറവ് അനുവദിച്ച വിദ്യാർത്ഥികൾക്ക് ,അവർക്ക് കുറവ് വന്ന തുക 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് അർഹമായതിലും അധികം നൽകിയ 15000/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-73 പട്ടികജാതി വികസന ഓഫീസിന് അടിസ്ഥാന സൗകര്യമൊരുക്കാൻ എസ്.സി.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു

പ്രൊജക്റ്റ് നമ്പർ - 766/23

വകയിരുത്തിയ തുക - 200000

ചെലവു തുക - 149704 (ബിൽ നമ്പർ 52/31.12.22)

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വികസന ഓഫീസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രൊജക്റ്റ്. രണ്ട് ലക്ഷം രൂപ വകയിരുത്തിയ പ്രൊജക്റ്റിൽ നിന്നും 1,49,704 രൂപ ചെലവഴിച്ച് താഴെപ്പറയുന്ന ഉപകരണങ്ങൾ / സാധനങ്ങൾ വിവിധ ഏജൻസികളിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ.

| വാങ്ങിയ ഇനം | സ്ഥാപനം | ചെലവുതുക |
|---|---|---|
| ലാപ് ടോപ്പുകൾ (മൂന്ന് എണ്ണം) | കെൽട്രോൺ | 117363 |
| കമ്പ്യൂട്ടർ ചെയർ | ARTCO | 12935 |
| സ്റ്റേഷനറി, മറ്റ് സാധനങ്ങൾ | വിവിധ സ്ഥാപനങ്ങൾ | 19406 |
| ആകെ | | 149704 |

പ്രൊജക്റ്റിനായി തുക വകയിരുത്തിയിരിക്കുന്നത് വികസനഫണ്ട് എസ്.സി.പി. വിഭാഗത്തിൽ നിന്നുമാണ്. സ.ഉ.(പി)നമ്പർ 86/22 .ത.സ്വ.ഭ.വ. തി 19.4.22. ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിന് വേണ്ടി ഓരോ തദ്ദേശ ഭരണസ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി തയ്യാറാക്കണം, പട്ടികജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തി നൽകുന്നത് പ്രകാരമായിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹിക വികസനം പാശ്ചാത്തല വികസനം എന്നിവ കൈവരിക്കുന്നതിനുതകുന്ന തരത്തിലായിരിക്കണം ഉപപദ്ധതി തയ്യാറാക്കേണ്ടത്. പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല. മേൽ നിബന്ധനകൾക്ക് വിരുദ്ധമായാണ് ഓഫീസിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് പട്ടികജാതി ഉപപദ്ധതിഫണ്ട് വകമാറ്റി ചെലവഴിച്ചിരിക്കുന്നത്. ഓഫീസ് വികസനത്തിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് മുതലായവ വിനിയോഗിക്കാമെന്നിരിക്കെ അപ്രകാരം ചെയ്യാതെ എസ്.സി.പി. ഫണ്ട് വിനിയോഗിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(നം.26/22-23 തി.9-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 149704രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വ്യക്തവും വിശദവുമായ മറുപടി ലഭ്യമാക്കാത്തപക്ഷം ചെലവു തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-74 ഡിഗ്രിതലം മുതൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം.പ്രൊജക്റ്റ് നടത്തിപ്പിൽ അപാകത.

പ്രോജക്റ്റ് നമ്പർ - SO 722/23

വകയിരുത്തിയ തുക - 1500000

ചെലവുതുക - 14,98,304.(ബിൽ നമ്പർ 53/31.12.22& 73/16.2.23)

നിർവഹണ ഉദ്യോഗസ്ഥൻ :പട്ടിക ജാതി വികസന ഓഫീസർ

പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രോജക്റ്റിന്റെ ഭാഗമായി എസ്.സി.പി. ഫണ്ടിൽ നിന്നും 14,98,304രൂപ ചെലവഴിച്ച് ഡിഗ്രിതലം മുതൽ പഠിക്കുന്ന 41 പട്ടികജാതി വിദ്യാർത്ഥികൾക്ക് നഗരസഭ മുഖേന പട്ടിക ജാതി വികസന ഓഫീസർ ലാപ് ടോപ്പ് വാങ്ങി

നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1) സ.ഉ.നമ്പർ 115/22 ത.സ്വ.ഭ.വ. തി 28.5.22 സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച മാർഗരേഖ ഖണ്ഡിക 7.27പ്രകാരം ഒരുവിദ്യാർത്ഥിക്ക് ഒറ്റത്തവണ മാത്രമെ ആനുകൂല്യം നൽകാവൂ. ലാപ് ടോപ്പ് പട്ടികജാതി / പട്ടികവർഗ വികസനവകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രപ്രകാരമായിരിക്കണം ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ ആനുകൂല്യം കൈപറ്റിയ 41 വിദ്യാർത്ഥികളിലാരുംതന്നെ അത്തരമൊരു സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) ലാപ്പ്ടോപ്പ് കൈപറ്റിയ ഗുണഭോക്താക്കളിൽ ചിലർ 2022-23 അധ്യയന വർഷത്തിൽ തങ്ങളുടെ കോഴ്സിന്റെ കാലാവധി അവസാനിക്കുന്നവരാണ്. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിരിക്കുന്നത് 2023 മാർച്ച്, മെയ് മാസങ്ങളിലാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് തുടർ പഠനം ഇല്ലാത്ത പക്ഷം ലാപ് ടോപ്പ് വിതരണം ചെയ്യുന്നത് കൊണ്ട് പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞെന്ന് വരില്ല. സ.ഉ.നമ്പർ 86/22/ത.സ്വ.ഭ.വ തി 19.4.22 ഖണ്ഡിക 12.3.(14) പ്രകാരം തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ, ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുകയോ, അനർഹരെ ഒഴിവാക്കുകയോ, അർഹരെ കൂട്ടി ചേർക്കുകയോ ചെയ്യാവുന്നതാണ്. ഇത്തരമൊരു നടപടി ക്രമം ലാപ് ടോപ്പ് വിതരണത്തിൽ പാലിക്കപ്പെട്ടതായി കാണുന്നില്ല.

3) പ്രൊജക്ട് പ്രകാരം 41 വിദ്യാർത്ഥികൾക്കാവശ്യമായ ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 40 പേർ ആയത് കൈപറ്റിയതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമായിട്ടുള്ളൂ (വിതരണ രജിസ്റ്റർ പ്രകാരം). ആനുകൂല്യം കൈപറ്റിയ ടിനു ഫെബ, കുറ്റിവയൽ വീട്, വെസ്റ്റ് ഹിൽ എന്ന ഗുണഭോക്താവ് ലാപ് ടോപ്പ് കൈപറ്റിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (25/22-23തി.09-08-2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും ശ്രീ. ടിനു ഫെബ എന്ന ഗുണഭോക്താവ് ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-75 പഠനമുറി, വീട് റിപ്പയർ പ്രവൃത്തികൾ വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കപ്പെടുന്നില്ല.

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പഠനമുറി നിർമ്മാണം, വീട് റിപ്പയർ എന്നീ പ്രവൃത്തികൾക്കായി രണ്ട് വീതം സ്പിൽഓവർ പ്രവൃത്തികൾ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 മുതൽ മേൽ ഇനങ്ങളിൽ ആദ്യഗഡു കൈപറ്റിയ ഗുണഭോക്താക്കളുടെ പ്രവർത്തി പൂർത്തീകരണത്തിനാണ് പ്രൊജക്ടുകൾ ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ സാമ്പത്തിക വർഷത്തിലും തുക വകയിരുത്തിയതല്ലാതെ നിരവധി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപറ്റിയതായി കാണുന്നില്ല. വർഷങ്ങൾക്ക് മുമ്പ് അഡ്വാൻസ് തുക കൈപറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യാതെ സ്പിൽ ഓവർ പ്രോജക്ടുകൾ വർഷങ്ങളായി തുടർന്നുവരികയാണ് ചെയ്യുന്നത്. ഇത്തരത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| 499/23 - പഠനമുറി | 4,25,000 | 75,000 | 2019-20 ൽ ആദ്യഗഡുകൈപറ്റിയ പത്ത് ഗുണഭോക്താക്കളിൽ 4 പേർ നാളിതുവരെനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 500/23 - പഠനമുറി | 10,00,000 | 2,25,000 | 2020-21 ൽ ആദ്യഗഡുകൈപറ്റിയ പത്ത് ഗുണഭോക്താക്കളിൽ 4 പേർ നാളിതുവരെനിർമ്മാണം പൂർത്തീകരിച്ചിച്ചില്ല |
| 502/23-വീട് റിപ്പയർ ധനസഹായം. 2018-19, 2019-20, 2020-21 | 43,18,840 | 19,29,400 | 2018-19 മുതൽ 20-21 വർഷം വരെ അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കളിൽ 36 പേർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 501/23വീട് റിപ്പയർ ധനസഹായം 2022 | 55,50,000 | 39,75,000 | 2021-22 ൽ ആദ്യഗഡു കൈപറ്റിയ 92 പേരിൽ 15 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

പഠനമുറി, വീട് റിപ്പയർ പ്രവൃത്തികൾക്ക് വർഷങ്ങൾക്ക് മുമ്പ് അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാതിരുന്നിട്ടും കൈപറ്റിയ തുക തിരികെ ഈടാക്കാതെ വർഷങ്ങളോളം പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നതിന് കാരണം വിശദമാക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ കൈപറ്റിയ അഡ്വാൻസ് തുക തിരികെ ഈടാക്കാൻ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഒ.എസിനുള്ള മറുപടിയിൽ (ഒ.എസ് നമ്പർ 27/9.8.23) കോവിഡ് പോലുള്ള ചില പ്രത്യേക സാഹചര്യങ്ങൾ മൂലമാണ് ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാഞ്ഞതെന്ന് അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് കൈപറ്റി വർഷങ്ങൾകഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-76 സ്കൂളുകളുടെ ആധുനിക വത്കരണം - ക്ലാസ് റൂമുകൾ സ്മാർട്ടാക്കാൻ തുടർ നടപടികളില്ല

പ്രൊജക്ട് നമ്പർ - 762/23

വകയിരുത്തിയ തുക -7462000

ചെലവുതുക - 7035745 (വൗച്ചർ നമ്പർ 122210100017 Dt 24.3.23)

നിർവ്വഹണം - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

സ്കൂളുകൾ ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി നഗരസഭാപരിധിയിലുള്ള വിവിധ സർക്കാർ സ്കൂളുകളിലെ എൽ.പി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള 35 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിന്റെ ഭാഗമായി ഒൻപത് ഹൈസ്കൂളുകളിലെ 17 ക്ലാസ് മുറികളും 5 ഹയർ സെക്കണ്ടറി സ്കൂളുകളിലെ 10 ക്ലാസ് മുറികളും L.P, U.P, G.T.T.I തലങ്ങളിലായി 8 ക്ലാസ് മുറികളും സ്മാർട്ടാക്കുന്നതിന് ഒരു ക്ലാസിന് 10 വീതം ബഞ്ചും, ഡസ്കും, ഓരോന്ന് വീതം ടീച്ചേഴ്സ് ടേബിൾ, ചെയർ, അലമാര എന്നിവ ഉൾപ്പെ 350 ബഞ്ച്, ഡസ്ക് എന്നിവയും 35 വീതം ടീച്ചേഴ്സ് ചെയർ, ടേബിൾ, അലമാര എന്നിവയും ARTCO കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സ്കൂളധികാരികൾ ആയത് കൈപ്പറ്റിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) ക്ലാസ് മുറികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, കസേര, ടേബിൾ, അലമാര എന്നിവ വാങ്ങിനൽകിയതുകൊണ്ട് മാത്രം ക്ലാസ്റൂമുകൾ സ്മാർട്ടാവുന്നില്ല. ഓഡിയോ, വീഡിയോ, ആനിമേഷൻ, മൾട്ടിമീഡിയ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സംവേദനാത്മകവും അധ്യാപകവിദ്യാർത്ഥി സഹകരണം കൂടുതൽ ഉറപ്പാക്കി അധ്യയനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ് സ്മാർട്ട് ക്ലാസ്സ്റൂം. ഇത്തരം ഉപകരണങ്ങൾ കൂടി ആയതിന്റെ ഭാഗമായി നടപ്പിലാക്കിയാൽ മാത്രമെ ക്ലാസുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആവുകയുള്ളൂ. ആയതിനുള്ള ഉപകരണങ്ങൾ ലഭ്യമാകുന്ന തരത്തിലല്ല പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. തുടർ വർഷത്തിലും ആയതിന് ഉതകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല, ആയതിനാൽ

തന്നെ ലക്ഷങ്ങൾ ചെലവഴിച്ച പ്രൊജക്ട് ലക്ഷ്യം കൈവരിക്കാതെ ഫർണീച്ചർ വാങ്ങിനൽകുന്നതിൽ മാത്രം ഒതുങ്ങിയിരിക്കയാണ്. വിവിധ സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങി നൽകുന്നതിന് മറ്റൊരു പ്രോജക്ട്(761/23) വഴി 46 ലക്ഷം രൂപ വകയിരുത്തി 42,67,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫർണീച്ചർ വാങ്ങി നൽകുന്നതിന് മാത്രമാണ് ഉദ്ദേശിച്ചതെങ്കിൽ ഈ പ്രൊജക്ടിന്റെ ഭാഗമായി തുക ചെലവഴിച്ചാൽ മതിയാകുമായിരുന്നു.

2) പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഒരേ അളവിലുള്ള ബഞ്ച്, ഡസ്ക് എന്നിവയാണ് വാങ്ങി നൽകിയിരിക്കുന്നത്.

Steel Wooden Bench With Back Rest (180x30x45 C.m) 350 എണ്ണം

Steel Wooden Desk With Book Rack (180x40x75 C.m) 350 എണ്ണം

പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള കുട്ടികൾക്ക് ഒരേ അളവിലുള്ള ബഞ്ച്, ഡസ്ക് എന്നിവ എങ്ങനെ പ്രയോജനപ്പെടുത്തുമെന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(ഒ.എസ്.നമ്പർ 23/9.8.23) ലഭ്യമാക്കിയ മറുപടിയിൽ തുടർവർഷത്തിൽ ക്ലാസ് റൂമുകൾ ഡിജിറ്റലാക്കുന്നതരത്തിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നടപ്പുസാമ്പത്തികവർഷം(23-24) ഇത്തരം പ്രൊജക്ടുകൾ ആവിഷ്കരിച്ചതായി കാണുന്നില്ല. അതേപോലെ അപാകത ക്രമനമ്പർ രണ്ടിന് ലഭ്യമാക്കിയ മറുപടിയിൽ ഏഴ് മുതൽ മുകളിലുള്ള ക്ലാസുകളാണ് സ്മാർട്ട് ആക്കാൻ തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഫർണീച്ചറുകൾ വിതരണം ചെയ്ത ജി.എൽ.പി.സ്കൂൾ ബേപ്പൂർ പോലെ എൽ.പി.സ്കൂളുകൾ മാത്രമുള്ളിടത്ത് എങ്ങനെ ഇത് പ്രവർത്തികമാക്കുമെന്ന് വ്യക്തമല്ല. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-77 ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലേക്ക് സാങ്കേതിക ജീവനക്കാരെ നിയമിക്കൽ - നഗരസഭയുടെ അനാസ്ഥ കാരണം ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെ നശിക്കുന്നു

വെറ്ററിനറി സ്ഥാപനങ്ങളുടെ ആധുനികവത്കരണത്തിന് രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി 2019-20ൽ 18,77,000/- ചെലവഴിച്ച് വാങ്ങിയ എക്സ്റേ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനർ, ഓട്ടോ ഹീമോ അനലൈസർ, കമ്പ്യൂട്ടറൈസ്ഡ് റേഡിയോ ഗ്രാഫി സിസ്റ്റം തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്യം ഉള്ള സ്ഥിരം ജീവനക്കാർ ആശുപത്രിയിൽ ഇല്ലാത്തതിനാൽ യോഗ്യരായ താൽക്കാലിക ജീവനക്കാരെ നിയമിച്ച് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക എന്നതാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. ഇതിനായി സീനിയർ വെറ്ററിനറി സർജൻ ബേപ്പൂർ 2022-23 ൽ വിഭാവനം ചെയ്ത ബേപ്പൂർ വെറ്ററിനറി ആശുപത്രിയിൽ സാങ്കേതിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കൽ (പ്രോജക്ട് നം.523/23) എന്ന നൂതന പ്രോജക്ട് പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതം 480,000/-രൂപ വകയിരുത്തിയിരുന്നു. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാകുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി ഒരു ലാബ് ടെക്നീഷ്യനെയും ഒരു എക്സ്റേ ടെക്നീഷ്യനെയും താല്ക്കാലികമായി നിയമിക്കുന്നതിനായിരുന്നു പദ്ധതി .

പ്രോജക്ട് സംബന്ധിച്ച് ലഭ്യമായ ഫയൽ പരിശോധിച്ചതിൽ രണ്ട് തസ്തികകളിലേക്കുമായി എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 15.03.2023 ന് ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് സീനിയർ വെറ്ററിനറി സർജൻ അംഗീകാരത്തിനായി കോഴിക്കോട് കോർപ്പറേഷന് അയച്ചു നൽകിയെങ്കിലും നഗരസഭ കൗൺസിൽ അംഗീകാരം ലഭ്യമാക്കാത്തതിനാൽ നിയമനം നടത്തി പദ്ധതി നടപ്പാക്കാനായിട്ടില്ല. വെറ്ററിനറി സർജൻ തുടർനടപടികൾ ആവശ്യപ്പെട്ട് കൊണ്ട് 16.06.2023 ന് വീണ്ടും കത്ത് നൽകിയെങ്കിലും നഗരസഭ ലിസ്റ്റിന് അംഗീകാരം നൽകിയില്ല. യഥാസമയം നടപടികൾ കൈകൊള്ളുന്നതിൽ നഗരസഭയുടെ അനാസ്ഥ മൂലം പദ്ധതി തുക നഷ്ടപ്പെടുന്നതിനും വൻതുക ചെലവഴിച്ച് വാങ്ങിയ എക്സ്റേ യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനർ, ഓട്ടോ ഹീമോ അനലൈസർ, കമ്പ്യൂട്ടറൈസ്ഡ് റേഡിയോ ഗ്രാഫി സിസ്റ്റം എന്നിവ വർഷങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാതെ വാറണ്ടി കാലാവധി കഴിഞ്ഞ് നശിക്കുന്നതിനും കാരണമാവുന്നു.

പ്രോജക്ട് നടപ്പിലാക്കുന്നതിനായി മുൻകൈ എടുക്കേണ്ട നഗരസഭ തന്നെ നടപടികൾ കൈകൊള്ളുന്നതിൽ വരുത്തുന്ന വീഴ്ച മൂലം ലക്ഷങ്ങൾ മുടക്കി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താതെ നശിക്കുന്നതിന് കാരണക്കാരായി മാറുന്ന അവസ്ഥയാണുള്ളത്. വീഴ്ച്ചക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (ഒ.എസ്.നം.12/2022-23 /04.08.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സത്വരനടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതും വീഴ്ച്ചക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-78 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട-പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

ഫയൽ നം കെ2/75443/22

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ, കുടുംബശ്രീ

പ്രൊജക്ട് നമ്പർ, പേര് : 561/23 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട

അടങ്കൽ- 600000/-

ചെലവ്- 360000/-

ബിൽ നം 22160247001801331938 തിയതി 11-03-2023 60,000/-

ബിൽ നം 22160247001801431022 തിയതി 22-03-2023 60,000/-

ബിൽ നം 22160247001801488575തിയതി 26-03-2023 2,40,000/-

നഗരസഭയുടെ TVC (Town Vendor Committee) അംഗീകാരം ലഭിച്ച തിരിച്ചറിയൽ കാർഡുള്ള വ്യക്തികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടവർക്ക് പെട്ടിക്കട നൽകി അവരുടെ ജീവിത നിലവാരവും ആത്മ വിശ്വാസവും ഉയർത്തുകയും സംരഭക പ്രോത്സാഹനവും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ പരിധിയിൽപെട്ട താഴെ പറയുന്ന 6 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട നൽകിയിട്ടുണ്ട് .ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഡിവിഷൻ | റിമാർക്സ് |
|---|---|---|---|
| 1 | അബ്ദുൽ അസീസ് പി | 43 | പെട്ടികട തുടങ്ങിയില്ല |
| 2 | കെ സി രാജഗോപാലൻ | 08 | പെട്ടിക്കട തുടങ്ങിയില്ല |
| 3 | രമേശൻ ടി എം | 31 | പെട്ടിക്കട തുടങ്ങിയില്ല |
| 4 | സിറാജുദ്ധിൻ പി എം | 11 | പെട്ടിക്കട തുടങ്ങി<br>വീടിനടുത്ത് റോഡിൽ പ്രവർത്തിക്കുന്നു |
| 5 | രഹന ശ്രീവിദ്യ | 74 | പെട്ടിക്കട തുടങ്ങി<br>വീടിനടുത്ത് റോഡിൽ പ്രവർത്തിക്കുന്നു |

| | | | |
|---|---|---|---|
| 6 | സബിന പി | | പെട്ടിക്കട തുടങ്ങി |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

പെട്ടിക്കട ലഭിച്ച ആറു പേരിൽ 3 പേർ ഇത് വരെ സംരംഭം തുടങ്ങിയിട്ടില്ല. ഇവരെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ പെട്ടിക്കട സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭിച്ചില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ക്രമ നം 4,5 ഗുണഭോക്താക്കൾ പൊതുസ്ഥലത്താണ് പെട്ടിക്കട സ്ഥാപിച്ചിട്ടുള്ളത് എന്നാണ് അറിയ്ച്ചിട്ടുള്ളത്. സ.ഉ. നമ്പർ 115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022 ഖണ്ഡിക 6.5.13 പ്രകാരം പെട്ടിക്കടകൾ റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജക്ട് ഓഫീസർ ഗുണഭോക്താക്കളുമായി ഏർപ്പെട്ട കാരാറിലും മേൽ നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ റോഡ് പുറമ്പോക്കിലല്ല പെട്ടിക്കട സ്ഥാപിച്ചത് എന്ന് ധനസഹായം അനുവദിക്കുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയില്ല.

കക്ഷികളുമായി പ്രൊജക്റ്റ് ഓഫീസർ വെച്ച കരാറിലെ മറ്റ് നിബന്ധനകൾ പ്രകാരം ക്രമ നം (3) കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട നടത്തേണ്ടത്. ക്രമ നം (8) പെട്ടിക്കട ഉപയോഗിക്കുന്നില്ലെങ്കിൽ വിവരം നഗരസഭയെ അറിയ്ക്കേണ്ടതും പെട്ടിക്കട തിരികെ നൽകേണ്ടതുമാണ്. ഈ നിബന്ധനകളും പാലിക്കപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾക്ക് പെട്ടിക്കട നടത്തുന്നതിന് അനുയോജ്യമായ സ്ഥലം ഉണ്ടോയെന്ന കാര്യം പദ്ധതി നിർവഹണത്തിന് മുമ്പായി പരിശോധിക്കപ്പെട്ടിട്ടില്ല. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ സംഭവിച്ച പാളിച്ചകളാണ് പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമായത് . ഇത് മൂലം 3 പെട്ടിക്കടകൾ നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുകയും രണ്ടെണ്ണം ഗുണഭോക്താക്കൾ അനധികൃതമായി സ്ഥാപിക്കുകയും ചെയ്തിരിക്കെയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (OS No 44/22-23 തീ. 26.09.2023) നൽകിയ മറുപടിയിൽ റോഡിൽ പെട്ടിക്കട സ്ഥാപിച്ച രണ്ട് ഗുണഭോക്താക്കളോട് അവ മാറ്റി സ്ഥാപിക്കാനും സംരഭം ഇത് വരെ തുടങ്ങാത്ത മൂന്ന് പേരോട് ആയത് തുടങ്ങുന്നതിനും നിർദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളും പെട്ടിക്കടകൾ തുടങ്ങി എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിഷ്ക്രിയ ആസ്തിയായി മാറിയ 3 പെട്ടിക്കടകളുടെ ചെലവ് തുകയായ 180000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-79 ജല അതോറിറ്റി മുഖേന ഗാർഹിക കുടിവെള്ള കണക്ഷൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ, കുടുംബശ്രീ

ഫയൽ നം K1/60513/2022

പ്രൊജക്ട് നമ്പർ, പേര് : 30/2023, കെ ഡബ്ലിയു എ മുഖേന ഗാർഹിക കുടിവെള്ള കണക്ഷൻ - സബ്സിഡി

അടങ്കൽ- 29410000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 5393224/-

നഗരസഭയിലെ ബി.പി.എൽ കുടുബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുബങ്ങൾക്കും സബ്സിഡിയോട് കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം, 23-09-2022 ലെ കൗൺസിൽ തീരുമാനം 66 പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. 28 ബില്ലുകളിലായി 1019 പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 50,95,000/- രൂപയും, 29 എസ് സി ഗുണഭോക്താക്കൾക്ക് 2,98,224/- രൂപയും സബ്സിഡി അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ.ഉ (കൈ) നം 115/2022 / തസ്വഭവ തിയതി 28-05-2022 സബ്സിഡി മാർഗ രേഖപ്രകാരം പൊതു വിഭാഗത്തിൽ പെട്ടവർക്ക് 5,000/- രൂപയും പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് യഥാർത്ഥ

ചെലവുമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 പേർക്ക് യഥാർത്ഥ ചെലവ് നൽകിയിട്ടുണ്ടെങ്കിലും 11 ഗുണഭോക്താക്കൾക്ക് സബ്സിഡി 7,500/- രൂപയിൽ നിജപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. പട്ടികജാതിയിൽപ്പെട്ട എല്ലാവർക്കും യഥാർത്ഥത്തിൽ ചെലവായ തുക സബ്സിഡിയായി അനുവദിക്കാമെന്നിരിക്കെ 11 പേർക്ക് 7,500/- രൂപയിൽ പരിമിതപ്പെടുത്തിയതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(OS No 42/2022-23) നൽകിയ മറുപടിയിൽ 13ാം പഞ്ചവത്സര പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് 7500/- രൂപയായിരുന്നു സബ്സിഡിയെന്നും അതു പ്രകാരം 2022 മാർച്ച് മുതൽ പുതിയ ഉത്തരവ് ലഭ്യമായതു വരെയുള്ള അപേക്ഷകർക്കാണ് 7500/- രൂപ അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല, 28-05-2022 നാണ് 22-23 മുതൽ ബാധകമായ സബ്സിഡി മാർഗ രേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത് . എന്നാൽ പട്ടികജാതി വിഭാഗത്തിൽ പെടുന്ന 11 ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതം കൈമാറിയിട്ടുള്ളത് 05-07-2022 മുതൽ 01-10-2022 വരെ തിയതികളിലെ വിവിധ ബില്ലുകൾ പ്രകാരമാണ്. അതിനാൽ തന്നെ ഈ ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ചെലവായ തുക സബ്സിഡിയായി അനുവദിക്കാമായിരുന്നു. ഗുണഭോക്താക്കൾക്ക് മാർഗരേഖ പ്രകാരം അർഹമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-80 ലാന്റ് അക്വിസിഷന് പണം നൽകൽ-കൃത്യമായ കണക്കോ രേഖകളോ ഇല്ലാതെ കോടികൾ കൈമാറുന്നു

നഗരസഭയിൽ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ട പരിഹാര തുകയായി കോടികൾ 2017-18 മുതൽ നഗരസഭ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ഭൂമിക്ക് വില നിശ്ചയിച്ചതിലും തഹസിൽദാർക്ക് കൈമാറിയ തുകയിൽ എത്രമാത്രം വിനിയോഗിച്ചു , എത്രമാത്രം സ്ഥലം ഏറ്റെടുക്കാനുണ്ട് LAR കേസുകൾ ഏതെല്ലാമാണ്, അവയുടെ പുരോഗതി എന്നീ കാര്യങ്ങളിലും നഗരസഭയ്ക്ക് വ്യക്തത ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

എ) അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തത് മൂലം നഗരസഭയ്ക്ക് കോടികളുടെ അധിക ചെലവും ഫയൽ പരിശോധനയിൽ കണ്ട മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 1633/23

വകയിരുത്തിയ തുക- 7,00,00,000/-

ചെലവുതുക- 7,00,00,000/-(വൗച്ചർ നമ്പർ 122000100398 Dt 21.3.23)

നിർവഹണം- സെക്രട്ടറി

കോഴിക്കോട് നഗരമദ്ധ്യത്തിലെ കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിച്ചു കൊണ്ടിരിക്കുന്നതും അപകട ഭീഷണി നേരിടുന്നതുമായ പാളയം മൊത്ത/ചില്ലറ പച്ചക്കറി മാർക്കറ്റിന്റെ പുനരധിവാസ പദ്ധതിക്കായി റവന്യൂവാർഡ് 18ൽ കല്ലുത്താൻ കടവിൽ വെജിറ്റബിൾ മാർക്കറ്റ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നഗരസഭ അടവാക്കിയ തുക കഴിച്ചുള്ള തുക അടവാക്കുന്നതിനാണ് ഏഴ് കോടി രൂപ ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാർ എൽ.എ. കോഴിക്കോടിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് അനുവദിച്ചിരിക്കുന്നത്.

കല്ലുത്താൻ കടവിൽ വെജിറ്റബിൾ മാർക്കറ്റ് & ഷോപ്പിംഗ് കോപ്ലക്സ് തുടങ്ങുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2008-2009 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ആയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നഗരസഭ നാളിതുവരെ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ/<br>ബിൽ നമ്പർ | തുക |
|---|---|
| 503924 Dt 25.3.2010 | 1,29,11,708 |

| | |
|---|---|
| 495183 Dt 23.11.2010 | 70,88,292 |
| 769664 Dt.15.9.22 | 13,00,00,000 |
| Order No 1139/21.3.23 | 7,00,00,000 |
| 652819/25.3.23 | 71,00,000 |
| ആകെ | 22,71,00,000 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) കല്ലുത്താൻ കടവിൽ റി.സ. 351-ൽപ്പെട്ട 1ഏക്കർ 45സെന്റ് ഭൂമിയും, റി.സ.322-ൽപ്പെട്ട 37സെന്റ് ഭൂമിയുമാണ്ഏറ്റെടുക്കുന്നത്. കോഴിക്കോട് ജില്ലാകലക്ടറുടെ 6.12.2019ലെ ഫയൽ നമ്പർ DCKKD/6489/2017 BI പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില സെന്റ് ഒന്നിന് 467725 രൂപ (ആർ ഒന്നിന് 1155750രൂപ) നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ആയത് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ ആകെ വില അളന്ന് തിട്ടപ്പെടുത്തി കണക്കാക്കിയ 176.47സെന്റിന് 82543675രൂപയായി നിജപ്പെടുത്തിനൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകലക്ടറുടെ 17.11.2020ലെ DCKKD/6489/2017 BI ഉത്തരവ് പ്രകാരം വിശദ വില വിവരപട്ടിക അംഗീകരിച്ച് ഉത്തരവായതായി സ്പെഷൽ തഹസിൽദാർ എൽ.എ. കോഴിക്കോട് 05.01.2021 ലെ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് 16,64,14,651രൂപ വില നിശ്ചയിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ കലക്ടർ നിർണയിച്ചുനൽകിയ വിശദ വിലവിവര പട്ടിക നഗരസഭ ഫയലിൽ ലഭ്യമല്ല. ആയതിനാൽതന്നെ നിർണയിക്കപ്പെട്ട അടിസ്ഥാനവിലയുടെ ഇരട്ടിയോളം തുക എങ്ങനെ സ്ഥലത്തിന്റെ വിലയായി നിർണയിച്ച നൽകി എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നഗരസഭ മുൻകാലങ്ങളിൽ അനുവദിച്ച രണ്ട് കോടിക്ക് പുറമെ 202004807 രൂപ അടിയന്തിരമായി അനുവദിക്കാൻ ആവശ്യപ്പെട്ട് 20.01.2021 സ്പെഷൽ തഹസിൽദാർ എൽ.എ. നഗരസഭക്ക് കത്ത് നൽകി. ആയതിന് 17.02.2021ന് നഗരസഭ സെക്രട്ടറി സ്പെഷൽ തഹസിൽദാർക്ക് ലഭ്യമാക്കിയ കത്തിൽ B.T.R. പ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്ത് പാടം/നഞ്ച കൂടാതെ കുറച്ചുഭാഗം C.R.Z ൽ വരുന്നതായി കാണുന്നതായും മേൽ സാഹചര്യത്തിൽ വില നിർണയിച്ചതിൽ അപാകത ഉണ്ടെങ്കിൽ ആയത് പരിഗണിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് C.R.Z മേപ്പിന്റെ പകർപ്പ് സഹിതം അറിയിച്ചു. മേൽ കത്തിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. കോഴിക്കോട് ലഭ്യമാക്കിയ മറുപടിയിൽ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായും ഏറ്റെടുക്കേണ്ട ഭൂമിയിൽ C.R.Z ഭൂമി ഉണ്ടെന്ന വിവരം മുൻകൂട്ടി അറിയിച്ചിട്ടില്ലാത്തതിനാലും ഏറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിലായതിനാലും നിലവിൽ നിർണയിച്ച വില കുറവ് ചെയ്യാൻ L.A.Oക്ക് അധികാരമില്ലെന്നും അറിയിച്ചു. ഇതിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലം പാടം/നഞ്ച കൂടാതെ കുറച്ചുഭാഗം C.R.Z ൽ വരുന്നകാര്യം യഥാസമയം അറിയിക്കുന്നതിൽ നഗരസഭക്ക് വീഴ്ച സംഭവിച്ചതായി കാണുന്നു. ഭൂമി നിർദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് സാക്ഷ്യപത്രം നൽകിയ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹെൽത്ത് ഓഫീസർ എന്നിവർ അക്കാര്യം പരിഗണിക്കാതെയാണ് അനുയോജ്യതാ സാക്ഷ്യപത്രം നൽകിട്ടുള്ളതെന്നും വ്യക്തമാവുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം വെജിറ്റബിൾ മാർക്കറ്റിനോടൊപ്പം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമാണെന്നിരിക്കെ കെട്ടിടനിർമ്മാണത്തിന് സാങ്കേതിക തടസ്സം ഉള്ളിടത്ത് നഗരസഭ എങ്ങനെ കെട്ടിട നിർമ്മാണം നടത്തും എന്നും വ്യക്തമല്ല.

3) എൽ.എ. സ്പെഷൽ തഹസിൽദാർ നഗരസഭ സെക്രട്ടറിക്ക് 24.03.2023ന് ലഭ്യമാക്കിയ കത്തിൽ യഥാസമയം ഫണ്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ നിശ്ചിത സമയപരിധിക്കകം സ്ഥലമേറ്റെടുത്ത് അവാർഡ് പാസാക്കാൻ സാധിക്കാതെ വന്നതിനാൽ അവാർഡ് പാസാക്കുന്നതിനുള്ള കാലാവധി 27.03.2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായും ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പാസാക്കാൻ കഴിയാത്തതിനാൽ കാലാവധി നീട്ടിനൽകാൻ കലക്ടർക്ക് റിപ്പോർട്ട് നൽകിയതായും അറിയിച്ചു.

കാലാവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതിനാലും 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ച 11.07.17മുതൽ അവാർഡ് പാസാക്കുന്ന തിയ്യതിവരെ മാർക്കറ്റ് വിലയുടെ 12% നിരക്കിൽ വർദ്ധനവ് അനുവദിക്കേണ്ടതിനാലും കൃത്യമായ തുക കണക്കാക്കാൻ സാധിക്കിലെന്നും ആയത് 30.06.2023.വരെ കണക്കാക്കി അതുവരെയുള്ള പലിശ അടക്കം 22,71,00,000 രൂപയുള്ളതിൽ നാളിതുവരെ അടവാക്കിയ 22കോടി കഴിച്ച് 7100000 രൂപ കൂടി അടവാക്കുന്നതിനു ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ അവാർഡ് പാസാക്കുന്നതിനുള്ള ദീർഘിപ്പിച്ച കാലപരിധിക്കുള്ളിൽതന്നെ 25.03.2023 ന് 71,00,000 രൂപ തനത് ഫണ്ടിൽ നിന്നും നഗരസഭ എൽ.എ.തഹസിൽദാർക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ നിന്നും മുഴുവൻ തുകയും അടവാക്കിയ 25.03.2023 വരെ അടിസ്ഥാന വിലയുടെ 12% വർദ്ധനവ് അടവാക്കുന്നതിന് മാത്രമെ നഗരസഭക്ക് ബാധ്യതയുള്ളൂ എന്നിരിക്കെ 30.6.23.വരെ 12% വർദ്ധനവിനത്തിൽ തുക നഗരസഭ അടവാക്കി യിട്ടുള്ളതിനാൽ ഈ ഇനത്തിൽ 26,32,352 രൂപ അധികം അടവാക്കിയിട്ടുണ്ട്. (82543675x12x97/365x100). ആയത് തിരികെ ഈടാക്കാൻ നടപടികൾ കൈകൊണ്ട് കാണുന്നില്ല.

4) മേൽ ഖണ്ഡികയിൽ രേഖപ്പെടുത്തിയത് പ്രകാരം 25.03.2023 നുള്ളിൽ അടവാക്കാനുള്ള മുഴുവൻ തുകയും നഗരസഭ അടവാക്കിയിട്ടും നാളിതുവരെ അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചു കാണുന്നില്ല. 3.8.23 ന് എൽ.എ. സ്പെഷൽ തഹസിൽദാർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം എട്ട് നമ്പറുകളിലായി ആകെ 0.5894 ഹെക്ടർ (145.58സെന്റ് ) സ്ഥലത്തിന്റെ നഷ്ടപരിഹാരം കൈമാറിയതായി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 30.9സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥർ നഷ്ടപരിഹാരം കൈപറ്റിയതായി കാണുന്നില്ല. നഗരസഭയുടെതല്ലാത്ത കാരണത്താൽ കൈപറ്റാത്ത തുകക്ക് 12% വർദ്ധനവ് നഗരസഭ ഒടുക്കേണ്ടി വരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എൽ.എ.തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടൗൺ സർവയർക്കു നൽകിയ കുറിപ്പിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് സ്പെഷൽ തഹസിൽദാരിൽനിന്നും കൈപറ്റിയ എട്ട് മഹസ്സർ റിപ്പോർട്ടുകൾ അടിയന്തിരമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിന് ടൗൺ സർവെയർക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിൽ തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഫലത്തിൽ നഗരസഭ പൂർണമായും പണമടവാക്കിയിട്ടും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്.

5) നടപടികൾ കൈകൊള്ളുന്നതിലെ കാലതാമസം മൂലം നഗരസഭക്ക് കോടികളുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. കോഴിക്കോട് നഗരസഭയുടെ 22.04.2008ലെ 64ാം നമ്പർ തീരുമാനപ്രകാരമാണ് സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചത്. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 07.01.2011ലെ സാധാ 74/11 സർക്കാർ ഉത്തരവ് പ്രകാരം ആയതിന് അംഗീകാരം ലഭിച്ചു. തുടർന്ന് വിവിധ നടപടിക്രമങ്ങൾക്ക് ശേഷം കലക്ടർ 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത് 11.07.2017നാണ്. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തിയ്യതി മുതൽ ഭൂമിയുടെ അടിസ്ഥാന വിലയായ 8,25,43,675 രൂപയിന്മേൽ 12% നിരക്കിലുള്ള വർദ്ധനവ് നൽകാൻ നഗരസഭ ബാദ്ധ്യസ്ഥമായതിനാൽ ഈ നിരക്കിലുള്ള വർദ്ധനവിനത്തിൽ മാത്രം 5,91,87,207/-രൂപയുടെ അധികചെലവ് നഗരസഭക്ക് ഉണ്ടായിട്ടുണ്ട് (സ്പെഷൽ താസിൽദാരുടെ 24.03.2023ലെ നോട്ടീസ് പ്രകാരം). നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന മേൽ തുക ഭൂമി ഏറ്റെടുക്കുന്നതിന് വിവിധ തലങ്ങളിൽ വന്ന കാലതാമസം മൂലം നഗരസഭക്ക് അധികചെലവ് ഉണ്ടായകാര്യം ശ്രദ്ധയിൽപെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന്(46/2022-23 തീ. 29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അവാർഡ് പാസാക്കുന്നതിനുള്ള കാലപരിധിക്കുള്ളിൽതന്നെ നഗരസഭ മുഴുവൻ തുകയും അടവാക്കിയതിനാൽ അധികം അടവാക്കിയ 26,32,352 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ബി)LAR കേസുകളിൽ തുക അനുവദിക്കുന്നതിന് നഗരസഭ ഡെപ്പോസിറ്റ് ചെയ്ത കോടികളുടെ വിനിയോഗ വിവരം ലഭ്യമാവുന്നില്ല

ഫയൽ നമ്പർ - TP14/132910/12

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട LAR കേസുകൾക്ക് തുക അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക

വർഷം മുതൽ 21,53,99,223 രൂപ നഗരസഭ സ്പെഷൽ തഹസിൽദാർ എൽ.എ. കോഴിക്കോടിന്റെ പേരിൽ പ്രസ്തുത ആവശ്യത്തിനായുള്ള അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അടവാക്കിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| സാമ്പത്തിക വർഷം | അടവാക്കിയ തുക | റിമാർക്സ് |
|---|---|---|
| 2017-18- 27.2.18 | 28076693 | പദ്ധതി വിഹിതം തുക കൈമാറിയത്. |
| 2017-18 -24.3.18 | 71477986 | „ „ |
| 2019-20 28.2.20 | 79647425 | „ „ |
| 2019-20-26.3.20 | 36197119 | „ „ |
| അകെ | 21,53,99,223 | |

മേൽ പ്രകാരം അടവാക്കിയ തുക മുഴുവൻ 2017-18, 2019-20 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. വരും വർഷങ്ങളിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെലവുകൾക്ക് അഡ്വാൻസായി പദ്ധതി വിഹിതം പിൻവലിച്ച് നിക്ഷേപിക്കുന്നത് പദ്ധതി തുക വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ സർക്കാർ അനുമതിയോടുകൂടി മാത്രമെ അപ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യാൻ പാടുള്ളു. എന്നാൽ ആയതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട വിവിധ കേസുകളിൽ അവാർഡ് പാസാക്കുന്ന മുറക്ക് നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തോടു കൂടി സ്പെഷൽ തഹസിൽദാർ എൽ.എ.ക്ക് ഡെപ്പോസിറ്റ് തുകയിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് തുക കൈമാറുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം കക്ഷികൾക്ക് തുക അനുവദിക്കുമ്പോൾ അനുവദിച്ച തുകക്കുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് എൽ.എ. തഹസിൽദാർ നഗരസഭക്ക് അനുവദിക്കേണ്ടതാണെങ്കിലും അപ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല. ആയതിനാൽ തന്നെ നഗരസഭ സ്പെഷൽ തഹസിൽദാർ എൽ.എ. ക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ എത്ര രൂപ വിനിയോഗിക്കാനുണ്ടെന്ന വിവരം നഗരസഭയിൽ ലഭ്യമല്ല. അതേപോലെതന്നെ ഏതെല്ലാം പ്രവൃർത്തികൾക്ക് ഭൂമി ഏറ്റെടുത്തു എന്നത് സംബന്ധിച്ചോ, LAR കേസുകൾ സംബന്ധിച്ചോ, എത്ര കേസുകളിൽ നഷ്ടപരിഹാരം നൽകാനുണ്ടെന്നത് സംബന്ധിച്ചോ വ്യക്തമായ കണക്ക് നഗരസഭയിൽ ഇല്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് 15.03.2019ന് സ്പെഷൽ തഹസിൽദാർ എൽ.എക്ക് നഗരസഭയിൽനിന്നും കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന് നാളിതുവരെ മറുപടി ലഭിച്ചതായി കാണുന്നില്ല. ഫലത്തിൽ കൃത്യമായ കണക്കോ, രേഖകളോ ഇല്ലാതെയാണ് നഗരസഭ ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് സ്പെഷൽ തഹസിൽദാർ എൽ.എയ്ക്ക് കൈമാറുന്നതും ആയതിൽ നിന്നുള്ള ചെലവുകൾ നിർവഹിക്കുന്നതും. ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള(48/2022-23 തീ. 29.09.2023) മറുപടിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യമായതിന്റെ വിവരം പദ്ധതി ആസൂത്രണ വിഭാഗത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനും രേഖകൾ ലഭ്യമാക്കുന്നതിനും സ്പെഷൽ തഹസിൽദാർ എൽ.എക്ക് 15.11.23ന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് ഉൾപ്പടെ ആവശ്യമായ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-81 ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്

| ക്രമ | പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|

| നമ്പർ | | (പൊതു വിഭാഗം സാധാരണ വിഹിതം) | | |
|---|---|---|---|---|
| 1 | 509/23 മത്സ്യ അനുബന്ധ തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം | 66,00,000 | 4137414 | BRN 1452996 Dt 23.03.23 Rs 4100140<br>BRN 1552432 Dt 29.03.23 Rs 37274 |
| 2 | 508/23 മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം | 16,00,000 | 14,55,000 | BRN 1295726 Dt 06.03.23 Rs 750000<br>BRN 1319489 Dt 09.03.23 Rs 705000 |
| 3 | 510/23 മത്സ്യഅനുബന്ധ തൊഴിലാളികൾക്ക് ഐസ് ബോക്സ് വിതരണം | 87500 | 19250 | BRN 1500865 Dt 27.03.23 Rs 19250 |

1) ക്യാഷ് ബുക്ക്

സ.ഉ(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ(പി)119/2015 ഫിൻ തീ-21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

2) പ്രൊജക്ട് രജിസ്റ്റർ

G O (P) No 177/2006 Fin Dt 12.04.2006, G O (P) No 119/2015 Fin Dt. 21.03.2015 എന്നിവ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. ഇപ്രകാരം പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ, നിർവ്വഹണം നടത്താതിരുന്നവ, വിവിധയിന ഫണ്ടുകളിൽ നിന്നും ചെലവഴിച്ച തുകകൾ, എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ല.

3) ഗുണഭോക്തൃ ലിസ്റ്റ് വാർഡ്കമ്മിറ്റിയിൽ അവതരിപ്പിക്കുന്നില്ല

പതിനാലാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ ഉ (കൈ) നം 115/2022 തസ്വഭവ തി. 28.05.2022) പ്രകാരം ലാപ്ടോപ് വിതരണത്തിന്റെ ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത വാർഡ്കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന വാർഡ്കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. എന്നാൽ മേൽ കാണിച്ച മൂന്ന് പ്രോജക്ടിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭയിൽ അവതരിപ്പിച്ചതായി കാണുന്നില്ല.

അപാകതകൾ ഒ.എസ്സ്(28/22-23 തീ. 11.08.2023) മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-82 ദുരന്തനിവാരണ പ്രവർത്തകർക്ക് പരിശീലനം - പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഡീ.സെക്രട്ടറി<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ |
| പ്രോജക്ട് | ദുരന്ത നിവാരണ പ്രവർത്തകർക്ക് പരിശീലനം കിറ്റ് വാങ്ങൽ - 2020 |
| പ്രോജക്ട് നമ്പർ | 496/23 സ്പിൽ ഓവർ |
| അടങ്കൽ | 4,00,000/- |
| ചെലവ് | 3,74,582/- |

2019-20 (പ്രോജക്ട് നമ്പർ 360/2020), 2020-21(പ്രോജക്ട് നമ്പർ 1346/21), 2021-22(പ്രോജക്ട് നമ്പർ 219/22) എന്നീ വർഷങ്ങളിൽ പരിശീലനത്തിനും കിറ്റിനും പ്രത്യേകം തുക വകയിരുത്തിയെങ്കിലും (ഉദാ:- 2019-20 വർഷം പരിശീലനത്തിന് 5ലക്ഷം രൂപയും കിറ്റ് വാങ്ങുന്നതിന് 10ലക്ഷം രൂപയും വകയിരുത്തി ) ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി 4 ലക്ഷം രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. മേൽ പ്രൊജക്ട് പ്രകാരം (496/23) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ചെലവിനം | തുക | ബിൽ തുക | നമ്പർ/തീയതി |
|---|---|---|---|---|
| 1 | ഫയർ എക്സ്റ്റിൻഗ്വിഷർ<br>ബാനർ<br>ഇന്ത്യൻ കോഫി ഹൗസ്<br>ഫൈൻ/റൈറ്റിംഗ് ബോർഡ്<br>യൂത്ത് ഹോസ്റ്റൽ<br>ട്രോമ കെയർ<br>സ്റ്റേഷനറി | 800<br>800<br>117547<br>3050<br>80100<br>119500<br>1108 | 322905 | 130510/21.05.22 |
| II | റിഫ്ലക്ഷൻ ജാക്കറ്റ് | 19840 | 19840 | 231943/23.06.22 |
| III | ലോഗോ | 5000 | 5000 | 240478/25.06.22 |
| IV | ഉദ്ഘാടന പരിപാടി | 25517 | 25517 | 309758/14.07.22 |
| V | ഫോട്ടോ | 1320 | 1320 | 310618/14.07.22 |
| | ആകെ | 374582 | 374582 | |

കോർപ്പറേഷന്റെ 75 ഡിവിഷനുകളിൽ നിന്നും വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരും, വൈദഗ്ധ്യമുള്ളവരുമായ സന്നദ്ധ സേവകരെ ഓൺലൈൻ വഴി തെരെഞ്ഞെടുത്താണ് ട്രോമ കെയർ കോഴിക്കോട് യൂത്ത് ഹോസ്റ്റലിൽ വെച്ച് റെസിഡൻഷ്യൽ പരിശീലനം നൽകിയത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച F1/80477/21 നമ്പർ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

(1) ഓൺ ലൈൻ വഴിയാണ് പരിശീലനാർത്ഥികളെ തെരെഞ്ഞെടുത്തതെന്ന ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തെരെഞ്ഞെടുപ്പിന്റെ രീതി/മാനദണ്ഡം, തെരെഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(2) പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 10.02.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിളിച്ച ചേർത്ത യോഗത്തിലെ തീരുമാനപ്രകാരം 8 വാർഡുകൾ ഉൾപ്പെടുന്ന 5 ബാച്ചുകളിലായി (ഒരു ബാച്ചിൽ 75 പേർ) 3 ദിവസത്തെ വീതം പരിശീലന പരിപാടി നടത്തുന്നതിന് തീരുമാനിക്കുകയും ഓരോ ബാച്ചിനും കൺവീനർമാരെ നിശ്ചയിച്ച നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022 ഫെബ്രുവരി 21 മുതൽ മാർച്ച് 7

വരയുള്ള തീയതികളിലായി 3 ബാച്ചുകൾക്ക് (3 ദിവസം വീതം) മാത്രമാണ് പരിശീലനം നൽകിയിരിക്കുന്നത്. ഇപ്രകാരം പരിശീലനം നൽകപ്പെട്ടവരുടെ ഹാജർ പുസ്തകം പരിശീലനം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് എന്നിവ ഫയലിൽ ഇല്ല. പരിശീലനം പൂർത്തിയാക്കിയ വളണ്ടിയർമാർക്ക് തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് അഡീഷണൽ സെക്രട്ടറി 26.03.2022 ന് നൽകിയ വർക്ക് ഓർഡറിൽ പരിശീലനം പൂർത്തീകരിച്ച 124 പേർക്ക് തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്ത് നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതായത് 375 ദുരന്ത നിവാരണ വളണ്ടിയർമാർക്ക് പരിശീലനം നൽകാൻ തീരുമാനിച്ചെങ്കിലും കേവലം 124 പേർക്ക് മാത്രമാണ് പരിശീലനം നൽകിയത്.

(3) 2022 മാർച്ച് മാസത്തിൽ പരിശീലനം നൽകി ഒന്നര വർഷം കഴിഞ്ഞിട്ടും പരിശീലനം ലഭിച്ചവരെ സന്നിദ്ധ ഘട്ടങ്ങളിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ പ്രാപ്തമാണോ, നിലവിലെ അവസ്ഥയെന്താണെന്നത് സംബന്ധിച്ചൊന്നും ഫയലിൽ ഇല്ല.

(4) 19,840/- രൂപ ചെലവഴിച്ച് വാങ്ങിയ റിഫ്ലക്ഷൻ ജാക്കറ്റ് കോർപ്പറേഷന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചതാണോ, അതോ പരിശീലനം നേടിയവർക്ക് വിട്ടു നൽകിയതാണോ എന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

(5) പ്രോജക്ടുമായി ബന്ധപ്പെട്ട പരിശീലന പരിപാടി 2022 മാർച്ച് 7 നകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ചെലവു രേഖകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി മാറ്റാത്തതിനാൽ 2021-22 സാമ്പത്തിക വർഷം പ്രോജക്ടിന് വകയിരുത്തിയ തുക ചെലവഴിക്കാതെ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്.

(6) അടിയന്തിര ഘട്ടങ്ങളിൽ ദുരന്തനിവാരണ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസ്-ന്(55/22-23 തീ. 07.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും മുകളിൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-83 ഓഫീസ് ആവശ്യത്തിന് ലാപ്പ്ടോപ്പ്, ഡെസ്ക്ടോപ്പ് വാങ്ങൽ : അപാകതകൾ

മേൽ പ്രോജക്ട് പ്രകാരം(നം. 704/23) നഗരസഭയിൽ ഓഫീസ് ആവശ്യത്തിനായി 13 കമ്പ്യൂട്ടറുകൾ 5 പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിലേക്കായി 10,00,000/- രൂപ വകയിരുത്തിയതിൽ 9,96,470/- (ബിൽ നം: 884/08-03-2023) ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അവ വാങ്ങിയതും സ്റ്റോക്കിൽ എടുത്തതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ് അനുബന്ധ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(2) കേരള സർക്കാറിന്റെ GO(RT) No.99/2021/ITD തീയതി 23.07.2021 ഉത്തരവ് പ്രകാരം ഓഫീസുകൾ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ വിവിധ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് ഡെസ്ക്ടോപ്പിന് പകരം ലാപ്ടോപ്പ് മാത്രമേ പർച്ചേസ് ചെയ്യാവൂ എന്ന നിർദ്ധേശം നിലനിൽക്കെ ആയത് പരിഗണിക്കാതെ ഡസ്ക്ടോപ്പുകൾ തന്നെ പർച്ചേസ് ചെയ്തതായി കാണുന്നു.

(3) പർച്ചേസ് ചെയ്ത 13 കമ്പ്യൂട്ടറുകളും 5 പ്രിന്ററുകളും സ്റ്റോക്ക് രജിസ്റ്ററിൽ എടുത്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവയുടെ വാറന്റി പിരീഡ്, AMC വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത് വാറന്റി പിരീഡിനുള്ളിൽ തന്നെ AMC നൽകുന്നതിന് കാരണമായേക്കാവുന്നതാണ്.

(4) K-SMARTസ്റ്റോഫ്റ്റ് വെയർ ഇതുവരെയും നഗരസഭയിൽ നിലവിൽ വരാത്ത സാഹചര്യത്തിലും High End കമ്പ്യൂട്ടർ ലിസ്റ്റിലെ ഏറ്റവും വില കൂടിയ കമ്പ്യൂട്ടർ തന്നെ പർച്ചേസ് ചെയ്തത് ഇതുമായി ബന്ധപ്പെട്ട

ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണോ എന്നും വ്യക്തമല്ല. ലാപ്ടോപ്പുകളുടെ മോഡൽ, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച അവശ്യകത നിർണ്ണയിച്ചത് എങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഒ.എസ്സ്-ന്(34/22-23 തീ. 26.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-84 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ - നാല് വർഷം കഴിഞ്ഞിട്ടും പ്രൊജക്ട് ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പദ്ധതി | ഐ.എസ്.ഒ. സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങൾ |
| പ്രോജക്ട് നം. | SO 108/23, 699/23 |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |
| നിർവ്വഹണം | സെക്രട്ടറി |

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം: |
|---|---|---|---|
| 108/23 | 2,47,381 | 2,41,909 | 32/02-06-2022 = 107915/-<br>83/15-07-2022 = 73829/-<br>160/24-08-2022 = 60165/- |
| 699/23 | 5,00,000 | 3,34,727 | 284/21-10-2022 = 29739/-<br>511/30-12-2022 = 87017/-<br>712/ 16-02-2023 = 60116/-<br>873/07-03-2023 = 57603/-<br>1287/24-03-2023 = 62160/-<br>1438/27-03-2023 = 38092/- |

നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും യഥാസമയം പൊതുജനങ്ങൾക്ക് സേവനം മികച്ച രീതിയിൽ നൽകുന്നതിനുമായി നഗരസഭക്ക് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് 2019-20 മുതൽ ISO സർട്ടിഫിക്കേഷനായുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ അതിലേക്കായി വിവിധ ഏജൻസികളിൽ നിന്നും കൺസൾട്ടൻസി സർവ്വീസിന് താൽപര്യപത്രം ക്ഷണിക്കുകയും ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത AQA Quality Management Systems Pvt. Ltd. എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസൽ കൗൺസിലിന്റെ 14.06.2019 ലെ 26-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ 26.09.2019 ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. മേൽ സ്ഥാപനവുമായി ഏർപ്പെട്ട ഉടമ്പടി പ്രകാരം ISO 9001:2015 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ പ്രവൃത്തി 6 മാസത്തിനകം പൂർത്തിയാക്കുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (2019 ജൂലൈ 11 മുതൽ 2020 ജനുവരി 10 വരെ). തുടർന്ന് ഓഫീസിലെ വിവിധ ശ്രേണിയിലുള്ള ജീവനക്കാർക്ക് പ്രസ്തുത സ്ഥാപനം മുഖേന പരിശീലനം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ, കോവിഡ് 19 നിയന്ത്രണങ്ങൾ എന്നിവ കാരണം പദ്ധതി മുന്നോട്ട് കൊണ്ടു പോകാൻ ബുദ്ധിമുട്ടാവുകയും എഗ്രിമെന്റ് കാലാവധി 2021 മാർച്ച് 31 വരെ നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭയിലെ നവീകരണ പ്രവൃത്തികൾ 2020 ഡിസംബർ വരെ തുടരുമെന്നതിനാലും ആഗസ്റ്റ് മാസം മുതൽ കോർപ്പറേഷൻ ഇലക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജീവനക്കാർ വ്യാപൃതരാവുന്നതിനാലും ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2021 ജനുവരിയിൽ

തുടങ്ങി 2021 മെയ് 31 ന് അവസാനിക്കുന്ന രീതിയിൽ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

ഓഫീസ് നവീകരണ പ്രവൃത്തികൾ പൂർത്തിയാകാത്തതിനാൽ കാലാവധി നീട്ടി നൽകിയെങ്കിലും ISO സർട്ടിഫിക്കേഷൻ പ്രവൃത്തികൾ ലക്ഷ്യം കൈവരിച്ചില്ല. 2022 മാർച്ച് 31 ന് ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന തരത്തിൽ കൗൺസിൽ തീരുമാനപ്രകാരം കരാർ പുതുക്കി നൽകുകയും 2021-22 വർഷത്തേക്ക് പ്രോജക്ട് സ്പിൽ ഓവർ ആയി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഓഡിറ്റ് തീയതിയിലും സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായതായി കാണുന്നില്ല. ആയതിനുള്ള നടപടികൾ നീണ്ടു പോകുകയും പ്രോജക്ടുകൾ സ്പിൽ ഓവറായി തുടർന്നു കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 2019-20 | 1461/20 | 4,00,000 | 78,625 |
| 2020-21 | SO 1570/21 | 3,21,375 | 2,38,006 |
| 2021-22 | 11/22 (New) | 3,00,000 | 52,619 |
| 2022-23 | SO 108/23 | 2,47,381 | 241909 |
| | 699/23 (New) | 5,00,000 | 334727 |
| ആകെ | | 17,68,756 | 9,45,886 |

എന്നാൽ കോവിഡ് 19 നിയന്ത്രണങ്ങൾ നിലനിൽക്കെ തന്നെയാണ് മുഖ്യമന്ത്രിയുടെ ഓഫീസ് AQA Quality Management Systems Pvt. Ltd എന്ന സ്ഥാപനം മുഖേന ISO സർട്ടിഫൈ ചെയ്തിരിക്കുന്നത് എന്നും അതുപോലെ തിരുവനന്തപുരത്തെ C-DIT ഉം രണ്ട് ഗവൺമെന്റ് പ്രസ്സുകളും ISO സർട്ടിഫൈ ചെയ്തപ്പോഴും അവിടെ സിവിൽ കൺസ്ട്രക്ഷൻ വർക്കുകൾ നടക്കുന്നുണ്ടായിരുന്നു എന്നും AQA Quality Management Systems Pvt. Ltd എന്ന സ്ഥാപനത്തിന്റെ 07.06.2022 ലെ AQA/02/2019-20 നമ്പർ കത്തിൽ പറയുന്നുണ്ട്. ഇതിൽ നിന്നും കോവിഡ് 19 നിയന്ത്രണങ്ങൾ, ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ എന്നിവ ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനെ കാര്യമായി ബാധിക്കുന്നതല്ലെന്ന് വ്യക്തമാണ്.

പദ്ധതി നിർവ്വഹണത്തിലെ ഈ പാളിച്ചകൾ ഒ.എസ്(97/2022-23 തീ. 08.11.2023) മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 9,45,886/- രൂപ ചെലവഴിച്ചിട്ടും നാളിതുവരെയായും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ISO സർട്ടിഫിക്കേഷൻ ലഭിക്കാൻ സ്വീകരിച്ച തുടർനടപടികൾ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ എന്നിവയും അറിയിക്കേണ്ടതാണ്.

## 1-85 വജ്ര ജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം-മുഴുവൻ ചെലവ് തുകകളും ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് | വജ്രജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം 2022 | |
| പ്രോജക്ട് നമ്പർ | SO 107/23 | |
| ഫണ്ട് | വികസന ഫണ്ട് ജനറൽ | |
| അടങ്കൽ | 2,90,000/- | |
| ചെലവ് | 2,57,509/- | ബിൽ നം.20/16-5-2022 : 70,000 |
| | | ബിൽ നം.23/18-5-2022 : 67,509 |
| | | ബിൽ നം.20/16-5-2022 : 1,20,000 |
| നിർവ്വഹണം | സെക്രട്ടറി | |

വജ്രജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം എന്ന ഈ പദ്ധതിയിൽ ആകെ 2,57,509/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 67,509 രൂപ (ബിൽ നം.23 തീയതി 18.05.2022) യുടെയും 1,20,000/- രൂപയുടെയും (ബിൽ നം.159 തീയതി 23.08.2022) അടക്കം1,87,509/- രൂപയുടെ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 70,000/- രൂപ അനുവദിച്ച ട്രഷറി ബില്ലോ അതുമായി ബന്ധപ്പെട്ട ചെലവ് രേഖകളോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനും 70,000/-രൂപയുടെ ട്രഷറി ബില്ലും അതുമായി ബന്ധപ്പെട്ട ചെലവ് രേഖകളും

പരിശോധനക്ക് ഹാജരാക്കുന്നതിനുമായി നൽകിയ ഒ.എസ് (നം.50/29.09.2023) ന് ലഭിച്ച മറുപടിയോടൊപ്പം ട്രഷറി ബില്ലിന്റെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയത് . മേൽ പരാമർശിച്ചതിൽ ശേഷിക്കുന്ന 70,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-86 ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് - ഹാജരാക്കിയില്ല

സെക്രട്ടറി, ശിശു വികസന പദ്ധതി ഓഫീസർ (അർബൻ 3) എന്നീ നിർവ്വഹണോദ്യോഗസ്ഥർ 2022-23 വർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി തുക കൈമാറിയ പ്രോജക്ടുകളിൽ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

എ) നിർവ്വഹണം : സെക്രട്ടറി

| നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബിൽ നം. | ബിൽ തീയതി | തുക | തുക കൈപ്പറ്റിയത് |
|---|---|---|---|---|---|---|
| 1 | 1484/23 | ഡി.പി.സി. കെട്ടിടം നവീകരണത്തിന് സംഭാവന നൽകൽ | 283<br>891 | 20.10.2022<br>09.03.2023 | 10,00,000<br>10,00,000 | DPC ചെയർമാൻ സെക്രട്ടറി |
| 2 | 887/23 | സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകൽ | 281 | 20.10.2022 | 25,00,000 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ |
| 3 | SO695/23 | ഐ.കെ.എം. ന് പ്രതിഫലം നൽകൽ | 271 | 19.10.2022 | 35,00,000 | ഐ.കെ.എം |
| 4 | 1633/23 | ലാന്റ് അക്വിസിഷന് തുക നൽകൽ | 1139 | 21.03.2023 | 7,00,00,000 | ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ |
| | ആകെ | | | | 7,80,00,000 | |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. ഈ വിഷയം ഒ.എസ് (91/07.11.2023) പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . ചെലവ് തുക 780,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ബി) നിർവ്വഹണ ഉദ്യോഗസ്ഥൻ : ശിശു വികസന പദ്ധതി ഓഫീസർ അർബൻ 3 വെങ്ങാലി, കോഴിക്കോട്

| | | |
|---|---|---|
| പ്രൊജക്ട് നമ്പര് | 678/23 | |
| പ്രൊജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ വിഹിതം 2022 | |
| അടങ്കൽ | 12,50,000/- പൊതു വിഭാഗം സാധാരണവിഹിതം | |
| ചെലവ് | 10,00,000/- | |
| ബിൽ നമ്പർ | 27/22-23 തിയ്യതി 21.12.2022 | 9,00,000/- |
| | 39/2022-23 തിയ്യതി 06.02.23 | 1,00,000/- |

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ കോക്ലിയർ ഇംപ്ലാന്റേഷൻ വിഹിതം 2022 എന്ന പ്രൊജക്ട് പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിനായി ഒരു കുട്ടിയ്ക്ക് 50,000/- രൂപ വീതം 20 കുട്ടികൾക്ക് 10,000,00/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്.

10,00,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഉടനെ ലഭ്യമാക്കി

ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത ശ്രദ്ധയിൽപ്പെടുത്താൻ നൽകിയ ഒ.എസ്.ന്(31/2022-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 10,00,000/- തടസ്സത്തിൽ വെക്കുന്നു.

1-87 ഡെപ്പോസിറ്റ് വർക്ക് - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നില്ല

ഫയൽ നം. : EG 21/89919/22

പ്രോജക്ട് നം : S 1373/23

പ്രോജക്ടിന്റെ പേര് : മെയിൻ നഗര പ്രദേശം പൈപ്പ് ഇടൽ

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 1,50,00,000/-

ചെലവ് : 1,50,00,000/-

ബിൽ നം. : 803 തീയതി 22.03.2023

നിർവ്വഹണോദ്യോഗസ്ഥൻ : സൂപ്രണ്ടിംഗ് എഞ്ചിനീയർ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, അർബൻ അഗ്ലോമറേഷന്റെ ഭാഗമായി കോഴിക്കോട് മെയിൻ ടൗൺ ഏരിയയിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ഇടൽ, പൈപ്പ് പൊട്ടിയ സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനായി മെയിൻ നഗര പ്രദേശം പൈപ്പ് ഇടൽ S 1373/23 നമ്പർ പ്രോജക്ട് പ്രകാരം 1,50,00,000/- രൂപ വകയിരുത്തുകയും കോർപ്പറേഷൻ കൗൺസിലിന്റെ 15.07.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും കേരള വാട്ടർ അതോറിറ്റി, PH ഡിവിഷൻ, കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11.01.2023 ലെ EE/PHD /KKD/D2/UA/CORP/2023 നമ്പർ കത്ത് പ്രകാരം 1.63 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു.

തുടർന്ന് PFMS മുഖേന 22/03/2023 ന് 1,50,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച EG2/89919/22 നമ്പർ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. അവ്യക്തവും അപൂർണ്ണവുമായ കരാറുടമ്പടി

14-ാം പഞ്ചവത്സര പദ്ധതി, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(ii) പ്രകാരം (സ.ഉ.(കൈ) നം.86/2022 ത.സ്വ.ഭ.വ. തീയതി 19.04.2022) തദ്ദേശ സ്വയം ഭരണ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ. കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഒപ്പു വെച്ച 27.02.2023 ലെ SE/60/2022-23 നമ്പർ ഉടമ്പടിയിൽ എസ്റ്റിമേറ്റ് സംബന്ധിച്ച വിവരങ്ങളോ, എസ്റ്റിമേറ്റ് തുക, ഡെപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങളോ ഇല്ല. കൂടാതെ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധിയോ ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചാൽ സ്വീകരിക്കേണ്ട ശിക്ഷാ നടപടികളെ സംബന്ധിച്ചോ യാതൊരു വ്യവസ്ഥകളും ഉടമ്പടിയിൽ ചേർത്തിട്ടില്ല.

കേരള ജല അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.05.2023 ലെ EE/PHD/KKD/D2 /UA/CORP 2023 പ്രകാരം പ്രവൃത്തി പുരോഗമിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും, മാർഗ്ഗ രേഖ ഖണ്ഡിക 12.2 ഡി (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി DPC പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭിക്കുന്നതിനും പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നൽകിയ ഒ.എസ്.നം.92/2022-23 തീ.07.11.2023 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-88 വിവിധ പ്രവൃത്തികൾക്ക് ഡെപോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം ലഭ്യമാവാത്തതും മറ്റ് അപാകതകളും

സാമ്പത്തിക വർഷം കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വിവിധ പ്രൊജക്ടുകൾ മുഖേന കേരള വാട്ടർ അതോറിറ്റി, മൈനർ ഇറിഗേഷൻ ഡിപാർട്ട്മെന്റ്, എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക മുൻകൂർ പിൻവലിച്ച് അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ,പേര് | വകയിരുത്തിയ തുക | ഡപോസിറ്റ് ചെയ്ത തുക/.ബിൽ നമ്പർ/സ്ഥാപനം | നിർവഹണം | റിമാർക്സ് |
|---|---|---|---|---|
| 1374/23 ലീക്കേജ് കുറക്കാൻ പൊട്ടിയ പൈപ്പുകൾ മാറ്റി പുതിയവ ഇടൽ | 15000000 | 15000000.(1249/23.3.23) കേരള വാട്ടർ അതോറിറ്റി | സൂപ്രണ്ടിംഗ് എഞ്ചിനീയർ | എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക22860000 |
| 1323/23 ബേപ്പൂർ സോണൽ പൈപ്പിടൽ | 30000000 | 25000000 (1022/16.3.23) കേരള വാട്ടർ അതോറിറ്റി | സൂപ്രണ്ടിംഗ് എഞ്ചിനീയർ | എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക 31990000 |
| 1375/23 എലത്തൂർ സോണൽ പൈപ്പിടൽ | 15000000 | 7500000 (1249/14.3.23) കേരള വാട്ടർ അതോറിറ്റി | സൂപ്രണ്ടിംഗ് എഞ്ചിനീയർ | എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക 7530000 |
| 1322 /23ചെറുവണ്ണൂർ സോണൽ പൈപ്പിടൽ | 10000000 | 7500000 (995/14.3.23) കേരള വാട്ടർ അതോറിറ്റി | സൂപ്രണ്ടിംഗ് എഞ്ചിനീയർ | എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക 10000000 |
| 1373/23-മെയിൻ നഗരപ്രദേശം പൈപ്പിടൽ | 20000000 | 15000000 (ബിൽ നമ്പർ 803/27.2.23 കേരള വാട്ടർ അതോറിറ്റി | സൂപ്രണ്ടിംഗ് എഞ്ചിനീയർ | എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക.16300000 |
| 81/23 വള്ളേ്യക്കാട്ട് കോളനിയിലെ ഫ്ലാറ്റിലേക്ക് കുടിവെള്ള മെത്തിക്കൽ | 3610000 | 3610000(725/14.3.23) കേരള വാട്ടർ അതോറിറ്റി | എക്സിക്യൂട്ടീവ് എഞ്ചിനീയർ.1 | - |
| 1318/23 തോണിച്ചിറ ചീർപ്പ് ഉപ്പുവെള്ളം തടയൽ | 20000000 | 20000000 (ബിൽ നമ്പർ 1059/17.3.23) മൈനർ ഇറിഗേഷൻ വകുപ്പ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ | |
| 1380/23 കൊളങ്ങോട്ട് വയൽ മുണ്ടകൻ തോട് പ്രവർത്തി | 23000000 | 12000000 11000000 (ബിൽ നമ്പർ 1065/17.3.23&1830 /31.3.23) മൈനർ ഇറിഗേഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ.1 | - |

| | | | | |
|---|---|---|---|---|
| | | വകുപ്പ് | | |
| 1381/23 ബി.കെ കനാൽതോട് മുണ്ടകൻ തോട് പ്രവർത്തി | 17000000 | 12000000<br>5000000<br>(ബിൽ നമ്പർ 1068 17.3.23&183131.3.23<br>മൈനർ ഇറിഗേഷൻ വകുപ്പ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ.1 | |
| ആകെ അടവാക്കിയ തുക | | 13,36,10,000 | | |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അടവാക്കിയത് പരിശോധിച്ചതിൽ ക്രമ നമ്പർ ഒന്ന് മുതൽ നാല് വരെയുള്ള പ്രവർത്തികൾക്ക് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടവാക്കിയതായി കാണുന്നില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള അടവാക്കാത്തതിനാൽ തന്നെ ഈ പ്രവൃത്തികൾ യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാവാൻ ഇടവരികയും ചെയ്യും. മേൽ പ്രവൃത്തികളിൽ വള്ള്യേക്കാട്ട് കോളനിയിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തി ഒഴികെ മറ്റുള്ളവക്കെല്ലാം തുക വകയിരുത്തിയിരിക്കുന്നത് ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലാണ്. ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ എ.സി.ആർ. പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ 51,14,83,710/- രൂപ ഈ ഇനത്തിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിട്ടും പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തുക വകയിരുത്താതിരുന്നതും വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതും നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ബന്ധപ്പെട്ട പ്രൊജക്ടുകൾ പരിശോധിച്ചതിൽ പ്രൊജക്ട് നമ്പർ 81/23 ഒഴികെയുള്ള പ്രൊജക്ടുകളിൽ ആയത് 2021-22, 22-23 വർഷങ്ങളിലെ ബഹുവർഷ പ്രൊജക്ടുകളായാണ് തയ്യാറാക്കിയിരിക്കുന്നത്. സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച പ്രൊജക്ടുകൾക്ക് എങ്ങനെ 2021-22 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തുമെന്നതും വ്യക്തമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം അടവാക്കേണ്ട തുക അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഡപോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഒ.എസ്സ്-ന്(114/22-23 തീ. 25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 133610000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-89 കേരളോത്സവം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം : 1524/23

പ്രോജക്ടിന്റെ പേര് : കേരളോത്സവം 2022

ഫണ്ട് : വികസന ഫണ്ട് പൊതുവിഭാഗം

അടങ്കൽ : 2,50,000/-

ചെലവ് : 2,50,000/- ( Bill No.635 2/2/2023)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

കേരളോത്സവം 2022 എന്ന പ്രോജക്ടിന്റെ ചെലവുകൾക്കായി വികസന ഫണ്ട് പൊതുവിഭാഗം വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 2022 നവംബർ മാസത്തിൽ നടന്ന പരിപാടിയുടെ ചെലവുകൾക്കായി 2,50,000/- രൂപ തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി പിൻവലിച്ച് നഗരസഭ സീനിയർ ക്ലാർക്ക് ജയകൃഷ്ണൻ.പി. എന്നയാൾക്ക് 17.11.2022 ന് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് പ്രോജക്ട് പ്രകാരം 2,50,000/- രൂപ പിൻവലിച്ച് 02.02.2022 ന് നഗരസഭാ തനത്ഫണ്ട് അക്കൗണ്ടിലേക്ക് റിക്കപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളോത്സവം ചെലവുകൾക്കാകെ 2,66,749/- രൂപ ചെലവഴിക്കപ്പെട്ടതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ്

വൗച്ചറുകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഒ.എസ് നം.93/08.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1-90 നഗരസഭാ ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നില്ല.**

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ബാധകമായ ജീവനക്കാരുടെ പ്രതിമാസ പ്രീമിയം നിരക്കുകൾ പരിഷ്കരിച്ച് കൊണ്ട് സ.ഉ(അ)നം.159/ധന തി.30-11-2021 പ്രകാരവും , ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ബാധകമായ ജീവനക്കാരുടെ പ്രതിമാസ പ്രീമിയം നിരക്കുകൾ പരിഷ്കരിച്ച് കൊണ്ട് സ.ഉ(അ)നം.156/ധന തി.26-11-2021 പ്രകാരവും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം 02-2022 മുതൽ (2022 ജനുവരിയിലെ ശമ്പളം മുതൽ) എസ്.എൽ.ഐ യുടെ പുതുക്കിയ നിരക്കിലുള്ള പ്രീമിയവും 01-2022 മുതൽ (ഡിസംബർ ശമ്പളം മുതൽ) ജി.ഐ.എസ് പുതുക്കിയ നിരക്കിലുള്ള പ്രീമിയവും അടവാക്കേണ്ടതുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം എസ്.എൽ.ഐ നിരക്കായി നിശ്ചയിച്ചിട്ടുള്ളത് അടിസ്ഥാന ശമ്പളം , ക്ഷാമബത്ത, സ്പെഷ്യൽ പേ , പേഴ്സണൽ പേ എന്നിവയുടെ 1.5% ( 100 ന്റെ ഗുണിതമായ മുകളിലേക്ക് റൗണ്ട് ചെയ്യേണ്ടതാണ്) തുകയാണ്.

ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം നിരക്കായി നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർത്ത പട്ടിക പ്രകാരമാണ്.

| ശമ്പള സ്കെയിൽ | പ്രതിമാസ വരിസംഖ്യ നിരക്ക് | | |
|---|---|---|---|
| | ഗ്രൂപ്പ് | കുറഞ്ഞ നിരക്ക് | പരമാവധി നിരക്ക് |
| 77200-144500 മുതൽ ഉയർന്ന സ്കെയിലിലേക്ക് | എ | 1500 | 2000 |
| 50200-105300 മുതൽ 77200-144500 ന് താഴെ | ബി | 1000 | 2000 |
| 23700-52600 മുതൽ 50200-105300 ന് താഴെ | സി | 800 | 1600 |
| 23700-52600 ന് താഴെ | ഡി | 400 | 800 |

കോർപ്പറേഷനിലെ ഏതാനും സെക്ഷനുകളിലെ ജീവനക്കാരുടെ 3/2023 ലെ ശമ്പള വിവരം പരിശോധിച്ചതിൽ നിന്നും എസ്.എൽ.ഐ ,ജി.ഐ.എസ് പ്രീമിയം ഇനത്തിൽ പല ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല.

അക്കൗണ്ട്സ് വിഭാഗം ,ജനന മരണ രജിസ്ട്രേഷൻ വിഭാഗം, ഡി& ഒ എസ്റ്റാബ്ലിഷ്മെന്റ് ,ചൈൽഡ് & മെറ്റേണിറ്റി , കൗൺസിൽ വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഇൻഷ്വറൻസ് ഡിഡക്ഷൻ വിവരം പരിശോധിച്ചതിൽ എസ്.എൽ.ഐ, ജി.ഐ.എസ് ഇനത്തിൽ തുക ഈടാക്കിയതിൽ വന്ന കുറവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് & തസ്തിക | അടിസ്ഥാന ശമ്പളം& ഡി.എ ഇനത്തിലെ തുക (3/2023ലേത് ) | ജി.ഐ.എസ് ഇനത്തിൽ ഈടാക്കേണ്ട മിനിമം തുക (ഈടാക്കിയ തുക) | എസ്.എൽ.ഐ ഇനത്തിൽ ഈടാക്കേണ്ട തുക (ഈടാക്കിയ തുക) | കുറവ്/ അധികമായി എടുക്കേണ്ട പോളിസിയുടെ മിനിമം | |
|---|---|---|---|---|---|---|
| | | | | | GIS | SLI |
| 1 | എം.വി.റംസി ഇസ്മയിൽ , കൗൺസിൽ സെക്രട്ടറി | 86670 | 1000(ഇല്ല) | 1400(ഇല്ല) | 1000 | 1400 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മിനി.പി , റവന്യൂ ഓഫീസർ | 90950 | 1000(ഇല്ല) | 1400(ഇല്ല) | 1000 | 1400 |
| Meternity And Child Health | | | | | | |
| 3 | ലീല. ഇ ജെ. പി.എച്ച്.എൻ(ഗ്രേ II ) | 51146 | ---- | 800(500) | --- | 300 |
| D&O Establishment | | | | | | |
| 4 | പ്രകാശൻ.ടി.കെ , ഹെൽത്ത് സൂപ്പർവൈസർ | 76826 | 1000(800) | --- | 200 | --- |
| 5 | സി.കെ.രജിത്ത് കുമാർ, എച്ച്. ഐ. | 68159 | --- | 1100(550) | --- | 550 |
| 6 | കെ.പ്രകാശൻ. , എച്ച്.ഐ | 73188 | --- | 1100(500) | --- | 600 |
| 7 | സജികുമാർ.ജി.എസ്. , എച്ച്.ഐ | 69764 | --- | 1100(1000) | --- | 100 |
| 8 | പ്രദീപൻ.എ.എം , എച്ച്.ഐ | 69764 | 800(ഇല്ല) | 1100( ഇല്ല) | 800 | 1100 |
| 9 | റഫീഖ്.സി. , എച്ച്.ഐ | 66554 | --- | 1000(150) | --- | 850 |
| 10 | ജോസഫ്.ടി, എച്ച്.ഐ | 57673 | 800(ഇല്ല) | 900(500) | 800 | 400 |
| 11 | രാജേഷ് കുന്നമ്മൽ , ജെ.എച്ച്.ഐ.ഗ്രേII | 33277 | --- | 500(ഇല്ല) | --- | 500 |
| അക്കൗണ്ട്സ് ഓഫീസർ | | | | | | |
| 12 | മനോജ്.കെ.പി, അക്കൗണ്ട്സ് ഓഫീസർ | 86670 | --- | 1300(ഇല്ല) | --- | 1300 |
| അക്കൗണ്ട്സ് സെക്ഷൻ | | | | | | |
| 13 | എൻ.രഘുനാഥ്., സൂപ്രണ്ട് | 61953 | --- | 1000(500) | --- | 500 |
| 14 | പി.സുരേഷ്ബാബു., സൂപ്രണ്ട് | 60455 | 1000(800) | 1000(500) | 200 | 500 |
| 15 | സുനീഷ്.വി, സീനി.ക്ലർക്ക് | 56282 | --- | 900(500) | --- | 400 |
| 16 | ജ്യോബി.കെ, സീനി.ക്ലർക്ക് | 54998 | --- | 900(ഇല്ല) | --- | 900 |
| 17 | ഷെബിൻ.സി, സീനി.ക്ലർക്ക് | 40018 | --- | 600(500) | --- | 100 |
| 18 | മഞ്ജു.പി. , ക്ലർക്ക് | 29859 | 800(400) | ---- | 400 | --- |
| 19 | വി.ഗോപാലകൃഷ്ണൻ, ഒ.എ | 48792 | 800(400) | 800(500) | 400 | 300 |
| Birth & Death | | | | | | |
| 20 | ശോഭന.പി.എം, ഹെൽത്ത് ഇൻസ്പെക്ടർ | 59064 | 800(400) | 900(300) | 400 | 600 |
| 21 | ഗോപകുമാർ.എം,.ഹെൽത്ത് ഇൻസ്പെക്ടർ | 57673 | --- | 900(ഇല്ല) | --- | 900 |
| 22 | സജീഷ്.വി.ജി, ജെ.എച്ച്.ഐ | 54998 | --- | 900(500) | --- | 400 |
| 23 | മനോജ്.കെ.കെ, ജെ.എച്ച്.ഐ | 49969 | ---- | 800(500) | --- | 300 |
| Council Section | | | | | | |
| 24 | ഗിരീഷ് കുമാർ.പി.പി, സീനിയർ ക്ലർക്ക് | 56282 | --- | 900(500) | --- | 400 |

| | | | | | | |
|---|---|---|---|---|---|---|
| 25 | രമേഷൻ.പി.പി.സീ.ക്ലർക്ക് | 56282 | 800(ഇല്ല) | 900(ഇല്ല) | 800 | 900 |
| 26 | ഗിരീഷ് കുമാർ.യു.കെ ,സീനിയർ ക്ലർക്ക് | 51146 | --- | 800(600) | --- | 200 |
| 27 | മഹേന്ദ്രൻ.സി , ഡഫേദാർ | 68159 | 800(ഇല്ല) | 1100(ഇല്ല) | 800 | 1100 |
| 28 | ഹരീഷ് കുമാർ.പി.സി , ഒ.എ | 61953 | 800(ഇല്ല) | 1000(ഇല്ല) | 800 | 1000 |
| 29 | സുരേഷൻ.കെ.ടി, ഒ.എ | 60455 | 800(ഇല്ല) | 1000(800) | 800 | 200 |
| 30 | പ്രദീപ് കുമാർ.കെ.ടി, ഒ.എ | 37129 | --- | 600(500) | --- | 100 |
| 31 | അലി.എ.കെ , ഒ.എ | 30709 | 500(ഇല്ല) | --- | 500 | --- |

50 വയസ്സ് തികഞ്ഞ ജീവനക്കാരെ എസ്.എൽ.ഐ യുടെ അഡീഷണൽ പോളിസി എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ പെട്ട ജീവനക്കാർ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 52 തി. 03-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ പൊതു സർവ്വീസ് രൂപീകരിച്ചത് മൂലം നഗരസഭാ ജീവനക്കാരെയും വകുപ്പ് ജീവനക്കാരായി പരിഗണിക്കുന്നതിനാൽ ജീവനക്കാരുടെ ശമ്പള സ്കെയിലിനെ അടിസ്ഥാനമാക്കിയാണ് ജി.ഐ.എസ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത് . ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇൻഷ്വറൻസ് പ്രീമിയം ഈടാക്കി അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭയിലെ മുഴുവൻ ജീവനക്കാരുടെയും എസ്.എൽ.ഐ ,ജി.ഐ.എസ് പ്രീമിയം അടവ് പരിശോധിച്ച് ,കുറവ് തുക അടവാക്കുന്ന ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കുടിശ്ശിക സഹിതം അടവാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-91 കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ - പരിപാലിക്കുന്നതിൽ വീഴ്ച.

2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് , ടാക്സ് എന്നിവ അടവാക്കുന്നതിന് നിരവധി വൗച്ചറുകളിലായി തുകകൾ ചെലവഴിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സംവിധാനം മുഖേനെ ഈ അടവ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പല വാഹനങ്ങളുടെയും റോഡ് ടാക്സ് , പെർമിറ്റ് , പൊലൂഷന് സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം പുതുക്കാത്തതിനാൽ കാലഹരണപ്പെട്ടതായി കാണുന്നു. ടാക്സ് , ഇൻഷ്വറൻസ് ,പെർമിറ്റ് എന്നിവ കാലഹരണപ്പെട്ട ഈ വാഹനങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ചട്ട ലംഘനം വിശദീകരിക്കേണ്ടതാണ്. ഏതാനും വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ നമ്പർ | അപാകത | പരിശോധിച്ച വൗച്ചർ നമ്പർ (തുക ചെലവഴിച്ച ഇനം) | വെഹിക്കിൾ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | KL11AG3302 | Tax Valid Up To 31-12-2018 | 22201854/26-8-22 (Insurence ) | ആക്ടീവ് |
| 2 | KL11AH8852 | Permit Valid Up To 19-07-22 | 22201854/26-8-22(insurence ) | ആക്ടീവ് |

| | | | | |
|---|---|---|---|---|
| 3 | KL11BL2051 | Tax Valid Up To 31-3-23 | 22201519/29-7-22 (Road Tax) | ആക്ടീവ് |
| 4 | KL11AK0005 | Tax Valid Up To 30-09-2019<br>Insurence Valid Upto 30-03-23 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 5 | KL11BL1553 | Tax Valid Up To 30-6-19 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 6 | KL11BL2051 | Tax Valid Up To 31-3-23 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 7 | KL11BL1516 | Tax Valid Up To 30-6-19 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 8 | KL11BL1540 | Tax Valid Up To 30-6-19 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 9 | KL11AS4444 | No Valid Permit<br>Pucc Valid Upto 5-2-22 | 22200570/10-5-22 (Insurence) | Fitness Expired |
| 10 | KL11AS6666 | Tax Valid Up To 31-12-2022 | 22200570/10-5-22 (Insurence) | ആക്ടീവ് |
| 11 | KL11AH8521 | Tax Valid Up To 31-12-20 | 22200076/6-4-22 (Insurence) | ആക്ടീവ് |
| 12 | KL11AH8554 | Tax Valid Up To 30-6-17<br>Pucc Valid Upto 25-6-23 | 22200076/6-4-22 (Insurence) | ആക്ടീവ് |
| 13 | KL11BF7211 | Tax Valid Up To –NA<br>(Construction Equipment Vehicle) | 22200076/6-4-22 (Insurence) | ആക്ടീവ് |
| 14 | KL11BF7202 | Tax Valid Up To –NA<br>(Construction Equipment Vehicle) | 22200076/6-4-22 (Insurence) | Fitness Expired |

കോർപ്പറേഷന്റെ ഉടമസ്ഥതിയിലുള്ള മുഴുവൻ വാഹനങ്ങളും നിയമാനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ക്രമ നമ്പർ 13, 14 ഇനത്തിൽ പെട്ട വാഹനങ്ങൾക്ക് ടാക്സ് ഇളവ് ഉണ്ടെങ്കിലും ടി വിവരം ബന്ധപ്പെട്ട സൈറ്റുകളിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.53/22-23 തി. 05-10-2023 ) മറുപടി നൽകിയിട്ടില്ല.

1-92 സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ വിവാഹധനസഹായം - അപാകതകൾ

2022-23 വർഷത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായ 30,000/- രൂപ വീതം അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തയിനത്തിൽ ആകെ . 35,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവാഹധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) അപേക്ഷയുടെ 2 പകർപ്പുകൾ ഹാജരാക്കണമെന്ന് നിബന്ധനയുണ്ടെങ്കിലും പല അപേക്ഷകരും ഒരു പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

2) വാർഡ് കൗൺസിലറുടെ ശുപാർശയില്ലാത്ത പല അപേക്ഷകളും പരിശോധനയിൽ കണ്ടെത്തി. കൂടാതെ ഐസിഡിഎസ് സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും ചില അപേക്ഷകളോടൊപ്പം കാണുന്നില്ല.

3) നഗരസഭയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ പല അപേക്ഷകളും കോർട്ട് ഫീസ്റ്റാമ്പ് പതിക്കാതെയാണ് സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിട്ടുള്ള അപേക്ഷയിലെ സ്റ്റാമ്പുകൾ യഥാവിധി റദ്ദ് ചെയ്യുന്നതായും കാണുന്നില്ല. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ പ്രസ്തുത അപേക്ഷയിലെ സ്റ്റാമ്പ് റദ്ദ് ചെയ്യേണ്ടതാണ് അല്ലെങ്കിൽ അത് പുനരുപയോഗിക്കാൻ സാധ്യതയുണ്ട്. കേരള സ്റ്റാമ്പ് ആക്ട് പ്രകാരം അപേക്ഷയിൽ പതിക്കപ്പെടുന്ന കോർട്ട് ഫീ സ്റ്റാമ്പുകൾ അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ പുനരുപയോഗിക്കാൻ കഴിയാത്ത വിധം റദ്ദ് ചെയ്യേണ്ടതാണ്.

4) മരണപ്പെട്ടത് ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്താവായിരുന്നു എന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ല എന്നുമുള്ള സാക്ഷ്യപത്രം പല അപേക്ഷകളിലും ഇല്ല. സാധുക്കളായ വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം ലഭിക്കുവാൻ മരണപ്പെട്ടത് ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്താവായിരുന്നെന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ല എന്നും അയാൾ

അധിവസിക്കുന്ന പ്രദേശത്തെ കൗൺസിലർമാർ പള്ളി കമ്മിറ്റികൾ, ക്ഷേത്ര സമുദായ അധികാരികൾ എന്നിവയിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകുന്ന കത്ത് ഹാജരാക്കിയിരിക്കണം. ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ നിന്നും പുനർവിവാഹിതയല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പലരും പാലിച്ചു കാണുന്നില്ല. ചില കൗൺസിലർമാർ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ഗുണഭോക്താവിനെ പരിചയമുണ്ടെന്നും ധനസഹായത്തിന് അർഹതയുണ്ടെന്നും മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. അതിനാൽ സാക്ഷ്യപത്രം നൽകുന്ന അധികാരികൾ പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ മരണപ്പെട്ട വ്യക്തി ഗുണഭോക്താവിന്റെ നിയമാനുസൃത ഭർത്താവായിരുന്ന എന്നും ഗുണഭോക്താവ് പുനർവിവാഹം ചെയ്തിട്ടില്ല എന്നുമുള്ള കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസ്സ്-ന്(88/22-23 തീ. 27.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>1-93 ടേക്ക് എ ബ്രേക്ക് - പദ്ധതി നടത്തിപ്പ് അവലോകനം</u>

<u>സർക്കാർ ഉത്തരവുകൾ</u>

1. 20.2.2020 ലെ സ ഉ (കൈ)നം 39/2020/തസ്വഭവ

2. 6.3.2020 ലെ സ ഉ (കൈ)നം 45/2020/തസ്വഭവ

3. 27.7.2020 ലെ സ ഉ (സാധാ)നം 1401/2020/തസ്വഭവ

<u>ഫയൽ നം.</u>

*(1) ഇജി12/52924/20, (2) ഇജി12/8778/20, (3) ഇജി12/44207/20, (4) എ34/48374/21*

2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിലെ പ്രധാന ഇനങ്ങളിലൊന്നാണ് പൊതു ടോയ്‌ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും. ഇതു സംബന്ധിച്ച് 27.7.2020 ലെ സ ഉ (സാധാ)നം 1401/2020/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഓരോ മുനിസിപ്പൽ കോർപ്പറേഷനിലും ഉയർന്ന നിലവാരമുള്ള എട്ട് ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കേണ്ടതുണ്ട്. (കോർപ്പറേഷൻ ഓഫീസ് പരിസരത്ത് ഒന്നും സംസ്ഥാന /ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം ബസ് സ്റ്റോപ്പ്/ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഏഴും). ഇതോടൊപ്പം സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീ ഷോപ്പ് റിഫ്രഷ് മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

കോഴിക്കോട് കോർപ്പറേഷനിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2020-21 ൽ തന്നെ തുടങ്ങിയെങ്കിലും മൂന്ന് വർഷമായിട്ടും കോർപ്പറേഷൻ നേരിട്ട് നിർമ്മിക്കുന്നവയിൽ ഒരു പദ്ധതി പോലും പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടില്ല. ഡിടിപിസി നിർമ്മിച്ച് കൈമാറിയ മാനാഞ്ചിറ പ്രോജക്ട് മാത്രമാണ് പൂർത്തീകരിച്ചതായി പറയാവുന്നത്. സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സമ്പൂർണ്ണ ശുചിത്വം നേടുക എന്ന ലക്ഷ്യത്തോടെ ആകെ എട്ട് സ്ഥലങ്ങളിലാണ് ടേക്ക് എ ബ്രേക്ക് ശുചിമുറി സമുച്ചയങ്ങൾ ഉദ്ദേശിച്ചത്. കോഴിക്കോട് കോർപ്പറേഷനിലെ ഹെൽത്ത് സർക്കിളുകളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് 25.5.21 ലെ ആരോഗ്യകാര്യ സ്ഥിരം സമിതിയുടെ പത്താം നമ്പർ തീരുമാന പ്രകാരം എട്ട് സ്ഥലങ്ങൾ ലിസ്റ്റ് ആയി നല്കി. 18.11.21 ലെ സർക്കാർ ഉത്തരവ് (ആർടി) നം. 2314/2021/LSGD പ്രകാരം2020-21 ൽ തന്നെ പദ്ധതി പൂർത്തീകരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിരുന്നു. കോഴിക്കോട് കോർപ്പറേഷനിൽ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയത്. ( പി ടി ഉഷ റോഡ്, എലത്തൂർ ബസ് സ്റ്റാന്റ് പ്രോജക്ടുകൾ ഫേസ് ഒന്നിലും പാവങ്ങാട് ജംഗ്ഷൻ , സൌത്ത് ബീച്ച്, മലാപ്പറമ്പ് ജംഗ്ഷൻ , കാളൂർ റോഡ്, രണ്ടാംഗേറ്റ് പ്രോജക്ടുകൾ ഫേസ് രണ്ടിലും)

<u>പ്രോജക്ട് ചെലവു വിവരം</u>

ഫേസ് ഒന്നിനായി രണ്ട് യൂണിറ്റുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടത്. ഫേസ് 1 ൽ പ്രോജക്ട് നം. 54/22 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 55 ലക്ഷം രൂപ വകയിരുത്തി . ആയതിൽ 2021-22 ൽ 2504320 രൂപയും 2022-23 ൽ 127036 രൂപയുമുൾപ്പെടെ ആകെ 2631356 രൂപ ചെലവഴിച്ചു. രണ്ട് ശുചി മുറി സമുച്ചയങ്ങളാണ് ഈ പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്.. പി ടി ഉഷ റോഡിലുള്ള പ്രോജക്ട് സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ എലത്തൂർ ബസ് സ്റ്റാന്റിലുള്ള യൂണിറ്റ് പാതി വഴിയിൽ പ്രവൃത്തി നിലച്ച നിലയിലാണ്. ഫേസ് രണ്ടിനായി പ്രോജക്ട് നമ്പർ 89/23 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു കോടി അൻപത് ലക്ഷവും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും അൻപത് ലക്ഷവും ഉൾപ്പെടെ രണ്ട് കോടി രൂപ ( 20000000/-) വകയിരുത്തിയിരുന്നു. ആയതിൽ നാളിതു വരെ 2616003/- രൂപ മാത്രമാണ് ചെലവഴിക്കാനായത് അഞ്ച് യൂണിറ്റുകളുടെ നിർമ്മാണം ഫേസ് രണ്ട് പ്രകാരം പൂർത്തിയാക്കാനുദ്ദേശിച്ചെങ്കിലും മൂന്നെണ്ണം മാത്രമാണ് പ്രവൃത്തി തുടങ്ങിയത്. (മലാപ്പറമ്പ് ജംഗ്ഷൻ , കാളൂർ റോഡ്, രണ്ടാംഗേറ്റ് പ്രോജക്ടുകൾ ) മറ്റ് രണ്ടെണ്ണത്തിൽ സൈറ്റ് കൈമാറുന്നതിൽ നഗരസഭ പരാജയപ്പെട്ടു. (പാവങ്ങാട് ജംഗ്ഷൻ , സൌത്ത് ബീച്ച്,)

കോഴിക്കോട് കോർപ്പറേഷനിൽ മേൽ പദ്ധതി പ്രകാരം നടത്തിയ പ്രവൃത്തികളുടെ സ്ഥിതിവിവരം താഴെ പറയുന്നു.

1. മാനാഞ്ചിറ

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നിർമ്മിച്ച് 3.8.21 ന് കോഴിക്കോട് കോർപ്പറേഷന് കൈമാറിയ പ്രോജക്ടാണ് നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമായ യൂണിറ്റ്. അമൃത് പദ്ധതിയിൽ വച്ച് ടേക്ക് എ ബ്രേക്ക് പദ്ധതിക്കാവശ്യമായി ചില മാറ്റങ്ങൾ കൂടി വരുത്തി യൂണിറ്റ് പ്രവർത്തന സജ്ജമാക്കി



ഫയൽ നം A34/48374/21 പ്രകാരം 04.08.2021 ന് മേൽ കെട്ടിടം നടത്തിപ്പിനായി യോഗ്യരായ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാനുള്ള നടപടി നഗരസഭയിൽ ആരംഭിച്ചു. നടപടികൾ ഇഴഞ്ഞു നീങ്ങിയതിനാൽ ഒന്നര വർഷത്തോളം കഴിഞ്ഞ് 29.3.23 നാണ് ജിഎസ് ടി ഉൾപ്പെടെ 26000 എന്ന പ്രതിമാസ നിരക്കിന് ശ്രുതി അയൽക്കൂട്ടം, ഇരിങ്ങാടൻപള്ളി, കോഴിക്കോട് എന്ന യൂണിറ്റിന് കൈമാറിയത്. ഒരു വർഷത്തെ മുൻകൂർ ലൈസൻസ് ഫീ, ജിഎസ് ടി , ഡെപ്പോസിറ്റ് എന്നിവയുൾപ്പെടെ 576384/- രൂപ മേൽ യൂണിറ്റ് കോഴിക്കോട് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഈ ഉദ്ഘാടന യൂണിറ്റ് പ്രസ്തുത പ്രോജക്ടിലെ പല ആവശ്യങ്ങളും നിറവേറ്റുന്നതിന് ആവശ്യമായ സൗകര്യങ്ങളുൾക്കൊള്ളുന്നില്ല. സർക്കാർ ഉത്തരവു പ്രകാരം രാവിലെ ആറു മുതൽ രാത്രി എട്ട് വരെയായിരിക്കണം ടേക്ക് എ ബ്രേക്ക് പ്രവർത്തന സമയം. എന്നാൽ മേൽ യൂണിറ്റിൽ അത് മാനാഞ്ചിറ സ്ക്വയറിന്റെ പ്രവർത്തനത്തിനനുസരിച്ച് ഉച്ചയ്ക്ക് രണ്ടര മുതൽ രാത്രി എട്ടര വരെയാക്കിയതിനാൽ പൊതു ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ സാധിക്കാത്ത അവസ്ഥയാണ്. റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമില്ല. ഫീഡിംഗ് റൂം, റെസ്റ്റ് റൂം തുടങ്ങിയ സൗകര്യങ്ങളൊരുക്കി ശിശു സൗഹൃദമാക്കിയിട്ടില്ല. ശുചി മുറികൾ പലതിലും വാട്ടർ ടാപ്പ് സ്ഥാപിച്ചിട്ടില്ല. ടിഷ്യു പേപ്പർ, സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ /ഡിസ്ട്രോയർ എന്നിവയില്ല. സ്ത്രീകൾക്കും പുരുഷൻമാർക്കും ശുചിമുറിയിലേക്കുള്ള പ്രധാന പ്രവേശനം ഒരേ വാതിലിലൂടെയായത് പലതരത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കുന്നു. ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള സൗകര്യമേർപ്പെടുത്തിയിട്ടില്ല. മഴവെള്ള സംഭരണി, സോളാർ പാനൽ എന്നിവ സ്ഥാപിച്ചിട്ടില്ല. വൈദ്യുതിക്കായി സോളാർ പാനൽ

സ്ഥാപിക്കാത്തതും വെള്ളത്തിനായി മഴവെള്ള സംഭരണി സ്ഥാപിക്കാത്തതും മൂലം പ്രോജക്ട് നടത്തിപ്പ് ഏറ്റെടുത്ത കുടുംബശ്രീ യൂണിറ്റിന് ബാധ്യത വരുന്ന സാഹചര്യമാണുള്ളത്. 7000 രൂപയോളം വൈദ്യുതി ബിൽ വരുന്നതായി നടത്തിപ്പുകാർ അറിയിച്ചു. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച സൗകര്യങ്ങളുൾപ്പെടുത്തി കൂടുതൽ ഉപകാരപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കാളൂർ റോഡ്, മാങ്കാവ്



യൂണിറ്റിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, വെള്ളം കണക്ഷനുകൾ ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം പ്രധാന റോഡുകൾ, വലിയ മാർക്കറ്റ് സമുച്ചയം എന്നിങ്ങനെ ജനങ്ങൾ കൂടുതലായി എത്തിപ്പെടുന്ന സ്ഥലങ്ങളിലാണ് യൂണിറ്റുകൾ നിർമ്മിക്കപ്പെടേണ്ടത്. എന്നാൽ മേൽ യൂണിറ്റ് താരതമ്യേന പ്രാധാന്യം കുറഞ്ഞ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മഴവെള്ള സംഭരണി, സൗരോർജ്ജ പാനൽ എന്നിവ സ്ഥാപിക്കാനുള്ള പ്രോവിഷൻ ഇല്ല.

3. മലാപ്പറമ്പ് ജംഗ്ഷൻ



കോഴിക്കോട് വയനാട് റോഡിന് സമീപത്തായതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഏറ്റവും അനുയോജ്യമായ സ്ഥലത്താണ് മേൽ യൂണിറ്റ് സ്ഥിതി ചെയ്യുന്നത്. നിലവിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം, വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മഴവെള്ള സംഭരണി സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള പ്രോവിഷൻ എന്നിവയില്ല. യൂണിറ്റിലെ റിഫ്രഷ്മെന്റ് സെന്റർ ഒരാളെക്കാളും ഉയരത്തിലാണ് സ്ഥാപിച്ചത്. ആയതുകൊണ്ട് പുറത്ത് നിന്നും ഒരാൾക്ക് ലഘുഭക്ഷണം വാങ്ങുന്നതിന് സാധിക്കില്ല. നിർമ്മാണത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

4. പി. ടി ഉഷ റോഡ്



പി ടി ഉഷ റോഡിലുള്ള പ്രോജക്ട് സിവിൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ നടന്നു വരുന്നു. ജനങ്ങൾ കാര്യമായി എത്തിപ്പെടാത്ത , പൊതു വാഹനങ്ങൾ കടന്നു പോകാത്തയിടമായതു കൊണ്ടു തന്നെ ടേക്ക് എ ബ്രേക്ക് പ്രോജക്ട് പൊതു ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിൽ പരിമിതിയുണ്ട്. മഴവെള്ള സംഭരണി സൌരോർജ്ജ പാനൽ എന്നിവ സ്ഥാപിക്കാനുള്ള പ്രൊവിഷനില്ല.

5. റെയിൽവേ രണ്ടാം ഗേറ്റിന് സമീപം



പഴയ സിറ്റി ബസ് സ്റ്റാൻഡ്, മത്സ്യമാർക്കറ്റ്, മിഠായ് തെരുവ് എന്നിങ്ങനെ ജനങ്ങൾ എപ്പോഴും എത്തിപ്പെടുന്ന സ്ഥലമായതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഏറ്റവും അനുയോജ്യമായ സ്ഥലത്താണ് മേൽ യൂണിറ്റ് സ്ഥിതി ചെയ്യുന്നത്. മുൻപുണ്ടായിരുന്ന ശുചിമുറികൾ കൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തി നടന്നത്. സിവിൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, വെള്ളം എന്നിവയ്ക്കായി മുൻപുണ്ടായിരുന്ന കണക്ഷൻ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ നടന്നു വരുന്നു. മഴവെള്ള സംഭരണി സൗരോർജ്ജ പാനൽ എന്നിവ സ്ഥാപിക്കാനുള്ള പ്രോവിഷനില്ല.

6. എലത്തൂർ ബസ് സ്റ്റാന്റ്



മേൽ യൂണിറ്റിന്റെ പ്രവൃത്തി പാതി വഴിയിൽ നിലച്ച അവസ്ഥയിലാണ്. പ്രോജക്ട് വകയിരുത്തൽ പ്രകാരം 29 ലക്ഷത്തോളം രൂപ ബാക്കിയുണ്ടായിട്ടും പ്രവൃത്തി നിലച്ചതിന്റെ സാഹചര്യം വ്യക്തമല്ല. എലത്തൂർ ബസ് സ്റ്റാന്റിനുള്ളിലാണെങ്കിലും ജനങ്ങൾ എത്തിപ്പെടാത്ത സ്ഥലത്താണ് മേൽ യൂണിറ്റ് സ്ഥിതി ചെയ്യുന്നത്. നിലവിൽ 2020 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട മറ്റൊരു ശുചി മുറി യൂണിറ്റ് ഈ സ്ഥലത്തുണ്ട്. നിലവിലുള്ള ശുചിമുറി യൂണിറ്റ് പുതിയ പ്രോജക്ടിന്റെ ഭാഗമാക്കണം എന്ന സർക്കാർ ഉത്തരവിലെ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. മഴവെള്ള സംഭരണി സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള പ്രോവിഷൻ എന്നിവയില്ല.

സൗത്ത് ബീച്ച്, പാവങ്ങാട് ബസ് സ്റ്റോപ്പിന് സമീപം എന്നിവിടങ്ങളിലുണ്ടായിരുന്ന പ്രോജക്ടുകൾ നിലവിൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. സൗത്ത് ബീച്ചിൽ പ്രോജക്ട് സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സ്ഥലം പോർട്ടിന് കീഴിലുള്ള സ്ഥലമാണ്. ആയത് ലഭ്യമാക്കാൻ ജില്ലാ കലക്ടർക്ക് 22.11.21ന് കത്ത് നൽകിയെങ്കിലും നാളിതു വരെ മറുപടി ലഭ്യമായിട്ടില്ല. പാവങ്ങാട് ബസ് സ്റ്റോപ്പിന് സമീപമുള്ള സ്ഥലവും സ്ഥല സംബന്ധമായ പ്രശ്നം കാരണം തുടങ്ങാനായിട്ടില്ല എന്ന് ഫയലിൽ കാണുന്നു.

നിർമ്മാണം പൂർത്തിയായവയിൽ ഒന്നിലും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചത് പോലെ വെള്ളം നിരന്തരം ലഭ്യമാക്കാനായി മഴവെള്ള സംഭരണിയോ വൈദ്യുതിക്കായി സൌരോർജ്ജ പാനലോ സ്ഥാപിച്ചിട്ടില്ല. ജനങ്ങൾ എത്തിപ്പെടുന്ന സാഹചര്യം, എണ്ണം , സ്ഥല ലഭ്യത എന്നിവ പഠന വിധേയമാക്കി ടേക്ക് എ ബ്രേക്ക് ശുചി മുറി സമുച്ചയങ്ങളെ, അടിസ്ഥാനതലം, സ്റ്റാൻഡേർഡ് തലം, പ്രീമിയം തലം എന്നിങ്ങനെ മൂന്നായി തരം തിരിക്കേണ്ടതായിരുന്നു. ഇത്തരത്തിലൊരു പഠനം നടന്ന വിവരം ഫയലില്ല. ആയതു കൊണ്ടു തന്നെ മേൽ പ്രോജക്ടുകൾ പൂർണ്ണമായും ഉപകാരപ്രദമായെന്ന് പറയാനാവില്ല. നടപ്പിലാക്കിയ പ്രോജക്ടുകൾ ഹരിതകേരളം മിഷൻ മോണിട്ടറിംഗിന് വിധേയമാക്കേണ്ടതാണ്. ലഭ്യമാക്കിയ ഫയൽ പ്രകാരം മോണിട്ടറിംഗ് നടത്തി പ്രവർത്തനം ഉദ്ദിഷ്ട ലക്ഷ്യത്തിലേക്കെത്തി എന്നുറപ്പു വരുത്തിയിട്ടില്ല.

സർക്കാർ ഉത്തരവു പ്രകാരം 2020-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന മേൽ പ്രോജക്ട് ഇപ്പോഴും പാതിവഴിയിൽ എത്തി നിൽക്കുന്നതേയുള്ളൂ. പല തവണ ജില്ലാ കലക്ടറിൽ നിന്നും ശുചിത്വ മിഷനിൽ നിന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും പ്രവൃത്തി ത്വരിതപ്പെടുത്താനുള്ള ശ്രമം നഗരസഭയുടെ ഭാഗത്തു നിന്നുണ്ടാവുന്നില്ല.

പദ്ധതികൾ എത്രയും വേഗം സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ പൂർത്തിയാക്കി സർക്കാർ പ്രത്യേക പരിഗണന നൽകാനാവശ്യപ്പെട്ട പന്ത്രണ്ടിന പരിപാടികളിലെ മേൽ പ്രോജക്ട് വഴി എല്ലാവർക്കും ശുചിത്വം എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കൽ - കരാർ സ്ഥാപനത്തിന് ഫൈനൽ ബിൽ അനുവദിച്ചതിൽ അപാകത

പ്രൊജക്ട് നമ്പർ : 67/23

വകയിരുത്തിയ തുക : 51,50,000/-

ചെലവുതുക : 50,17,783/- (ബിൽ നമ്പർ 384/25.11.22, ബിൽ നമ്പർ.1675/28.3.23)

നിർവഹണം : എക്സിക്യൂട്ടീവ് എഞ്ചിനീയർ III

എം.ബുക്ക് നമ്പർ : 385/22, 376/22

നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ ബഹുവർഷ പ്രൊജക്ടായി ആരംഭിച്ച കോവൂർ കമ്യൂണിറ്റിഹാൾ ലിഫ്റ്റ് റൂം, ഇലക്ട്രിക്കൽ റൂം പൂർത്തീകരണ പ്രവൃത്തികൾക്ക് എഴുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ.ഓപ്.സൊസൈറ്റിക്ക് 2021-22 ൽ പ്രവൃത്തി ഏൽപ്പിച്ചുനൽകി. പ്രവൃത്തിയുടെ നിർവഹണ വേളയിൽ കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് എസ്റ്റിമേറ്റിൽ ചില വ്യതിയാനങ്ങൾ വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട് (സാങ്കേതികാനുമതി നമ്പർ SE/110/22-23, 68,97,743 രൂപ). പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ കരാർ സ്ഥാപനം പാർട്ട് ബിൽ ഇനത്തിൽ തുക കൈപ്പറ്റുകയും 2022-23 മാർച്ച് മാസത്തിൽ പ്രവർത്തിയുടെ ഫൈനൽ ബില്ലും കൈപറ്റിയിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി. വിഹിതം, സെന്റേജ് ചാർജ് ഉൾപ്പടെ കൈപ്പറ്റിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | കൈപ്പറ്റിയ തുക/തിയ്യതി | ബിൽ നമ്പർ , തിയ്യതി |
|---|---|---|
| ഫസ്റ്റ് പാർട്ട് ബിൽ | 23,00,000 | 1167/26.3.22 |
| സെക്കന്റ് പാർട്ട് ബിൽ | 25,70,579 | 384/25.11.22 |
| ഫൈനൽ ബിൽ | 24,47,204 | 1675/28.3.23 |
| ആകെ | 73,17,783 | |

ഈ ബില്ലുകൾ പ്രകാരം കരാർ സ്ഥാപനം 73,17,783/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് 72,42,731/- രൂപക്ക് മാത്രമെ അർഹത കാണുന്നുള്ളൂ. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 57,85,994.85 |
| പ്രവർത്തിമൂല്യം റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭ്യമായ പ്രവർത്തിമൂല്യ തുകയിൽ പരിമിതപ്പെടുത്തിയത് | 57,49,796.29 |
| + സെന്റേജ് ചാർജ് (6.75%) | 3,88,111.25 |
| + 18% G.S.T. വിഹിതം (G.O.P.no82/22 Taxes Dt 18.7.22 പ്രകാരം അനുവദനീയം)(സെന്റേജ് ചാർജിന് ഉൾപ്പെടെ) | 11,04,823.35 |
| ആകെ അനുവദിക്കാവുന്നതുക (റൗണ്ട് ചെയ്തത്) | 72,42,731 |

കരാർ സ്ഥാപനത്തിന് അർഹമായതിലും അധികമായി നൽകിയ 75,052/- രൂപ (7317783 - 7242731) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(116/22-23 തീ. 25.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 75,052/- രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-2 ജന്തു ജലജന്യ രോഗനിവാരണം ഉൽപന്നത്തിന് സ്ഥാപനം ക്വാട്ട് ചെയ്തതിൽ കൂടുതൽ തുക

അനുവദിച്ച

പ്രൊജക്ട് നമ്പർ- 681/23

വകയിരുത്തിയ തുക- 80,00,000

ചെലവുതുക- 10,30,093 ബിൽ നം- 68/28.03.2023 – 7,99,993
81/28.03.2023 – 2,30,100

നിർവഹണം- ഹെൽത്ത് ഓഫീസർ

ജന്തു ജലജന്യ രോഗങ്ങളുടെ നിയന്ത്രണത്തിന് ആവശ്യമായ ടെമിഫോസ്, പെരിത്രോം, മലാത്തിയോൺ, ബാസിലസ് ത്തുറിഗ്നസിസ് മുതലായവ വാങ്ങുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം ഉൽപന്നങ്ങൾ സപ്ലൈ ചെയ്യാൻ ടെണ്ടർ ക്ഷണിക്കുകയും ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനികളുമായി നെഗോസിയേഷൻ നടത്തി അംഗീകരിച്ച നിരക്ക് ആരോഗ്യകാര്യ സ്ഥിരം സമിതിയുടെ 01.03.2023 ലെ തീരുമാനം നമ്പർ 6 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ ടെണ്ടർ ക്ഷണിക്കുന്ന സമയത്ത് ഒരു യൂണിറ്റിന്റെ വില രേഖപ്പെടുത്തേണ്ടത് G.S.T ഉൾപ്പെടെയുള്ള തുകയാണെന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനികൾ നെഗോസിയേഷനിലൂടെ അംഗീകരിച്ച നിരക്ക് താഴെക്കൊടുക്കുന്നു.

| ഇനം | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം | അംഗീകരിച്ച നിരക്ക് |
|---|---|---|
| ടെമിഫോസ് | E.D.W.C.C.S | 293/ലിറ്റർ |
| പെരിത്രോം | കിസാൻ എക്സൽ | 625/ലിറ്റർ |
| ബാസിലസ് ത്തുറിഗ്നസിസ് | ബാക്ടോപവർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 800/ലിറ്റർ |
| മലാത്തിയോൺ | - ടി- | 390/ലിറ്റർ |

ആയതിന്റെ അടിസ്ഥാനത്തിൽ ബാക്ടോപവർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1000 ലിറ്റർ ബാസിലസ് ത്തുറിഗ്നസിസ് 7,99,993 രൂപ ചെലവഴിച്ചും 500 ലിറ്റർ മലാത്തിയോൺ 2,30,100 രൂപ ചെലവഴിച്ചും വാങ്ങിയിട്ടുണ്ട്. ആയതിന്റെ കാഷ് ബില്ലുകൾ പരിശോധിച്ചതിൽ ബാസിലസ് ത്തുറിഗ്നസിസ് എന്ന കീടനാശിനി സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിൽ തന്നെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മലാത്തിയോൺ 500 ലിറ്റർ സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം 1,95,000 (500x390) രൂപക്ക് സപ്ലൈ ചെയ്യേണ്ടതാണെങ്കിലും 2,30,100 രൂപ ഈടാക്കിയിട്ടുണ്ട്. ആയതിൽ 35,100 രൂപ ടാക്സ് ഇനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടർ നിബന്ധന പ്രകാരം ടാക്സ് ഉൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം 35,100 രൂപ അധികം ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ടെണ്ടറിലോ, നെഗോസിയേഷൻ സമയത്തോ ഒന്നുംതന്നെ സ്ഥാപനം ക്വാട്ട് ചെയ്തത് ടാക്സ് ഒഴികെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മലാത്തിയോണിന് സ്ഥാപനം ക്വാട്ട് ചെയ്ത തുകയിൽ കൂടിയ നിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരിച്ച് പിടിച്ച് വിവരം അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഒ.എസിന് (ഒ.എസ് നം.37/22-23 തീ.07.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന് അധികം നൽകിയ 35100 രൂപ ഉത്തരവാദപ്പെട്ട ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3-3 ജി.എൽ.പി.സ്കൂൾ കച്ചേരി മേൽക്കൂരമാറ്റൽ -സാങ്കേതികാനുമതി ലഭിച്ച തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 293/23(സ്പിൽ ഓവർ) | |
| വകയിരുത്തിയ തുക | 15000000 | |
| ചെലവുതുക | 1428685 | (ബിൽനം. 288/20.10.22, 1120/20.3.23 ) |

| | |
|---|---|
| നിർവഹണം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 11 |
| എം.ബുക്ക് നമ്പർ | 352/21, 380/21 |

കച്ചേരി ജി.എൽ.പി സ്കൂളിൽ നിലവിലുള്ള ടോയിലറ്റ്ബ്ലോക്ക് ഉപയോഗ ശൂന്യമായതിനാൽ ആയത് ഉപയോഗപ്രദമാക്കുന്നതിനും, മുറ്റം ഇന്റർ ലോക്ക്, ഇലക്ട്രിഫിക്കേഷൻ മുതലായ പ്രവർത്തികൾക്കാണ് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും പതിനഞ്ച് ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവർത്തി ടെണ്ടർ ചെയ്തതിൽ കരാറുകാരനായ ഹസ്സൻകോയ.കെ. എന്ന ആൾ പ്രവർത്തി ഏറ്റെടുത്തു. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ ടോയിലറ്റ് ബ്ലോക്ക് പൊളിച്ചുമാറ്റിയാൽ കുട്ടികൾക്ക് ടോയിലറ്റ് ഇല്ലാത്ത അവസ്ഥ വരുന്നതിനാലും തയ്യാറാക്കിയ പ്ലാനിലെ ഡൈനിംഗ് ഹാളിന്റെ സൈസ് മാറ്റേണ്ടതിനാലും നിലവിലുള്ള ടോയിലറ്റ് പൊളിക്കാതെ പ്ലാനിൽ മാറ്റംവരുത്തി എസ്റ്റിമേറ്റ് തുകയിലധികരിക്കാതെ പ്രവർത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് E.E/16 /22-23പ്രകാരം സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആകെ 1500000രൂപക്ക് സാങ്കേതികാനുമതി ലഭ്യമായതിൽ 150000 രൂപ കരാറിൽ ഉൾപ്പെടാത്ത ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കാണ്. പ്രവർത്തി നടന്നുകൊണ്ടിരിക്കെ 22.10.22ൽ കരാറുകാരൻ പാർട്ട് ബില്ലും പ്രവർത്തി പൂർത്തീകരിച്ച് 20.3.23ൽ ഫൈനൻ ബില്ലും കൈപറ്റിയിട്ടുണ്ട്. കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമായ തുകയിൽ പരിമിതപ്പെടുത്താതെ ഇലക്ട്രിഫിക്കേഷൻപ്രവർത്തികൾക്ക് സാങ്കേതിനാനുമതി ലഭിച്ചതുക കൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് ഫൈനൽ ബിൽ അനിവദിച്ചിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കരാർ പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിരിക്കുന്നത് 12%ജി.എസ്.ടി തുക ഉൾപ്പടെ 1337836രൂപക്കാണ്. എന്നാൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടാക്സ് ഉൾപ്പടെ 1428685 രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാന് അർഹമായ തുകയുടെ വിശദവിവരം താഴെക്കൊടു ക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | 1275612 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെടുത്തുമ്പോൾ. (ഇലക്ട്രിഫിക്കേഷൻ പ്രവർത്തി കരാറുകാരനേൽപ്പിച്ച നൽകിയ പ്രവർത്തിയിലുൾപ്പെട്ടിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരം ആയതിന് വകയിരുത്തി സാങ്കേതികാനുമതിലഭ്യമായ 150000രൂപ ക്ക് കരാറുകാരന് അർഹതയില്ല.) | 1206660 (12164 രൂപ L.S.ഉൾപ്പടെ) |
| 12% G.S.T തുക.(റൗണ്ട് ചെയ്തത്) | 143340 |
| ആകെ അർഹമായ തുക | 1350000 |
| കരാറുകാരന് അനുവദിച്ച തുക | 1428685<br>(ഫസ്റ്റ് പാർട്ട് ബിൽ.720508, ഫൈനൽ ബിൽ 708177) |
| അധികം അനുവദിച്ച തുക | 78685 |

കരാറുകാരന് അധികതുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയതുക 78685 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | വിദ്യാഭ്യാസ ധനസഹായം-2023 |
| പ്രോജക്റ്റ് നമ്പർ | SO 698/2022-23 |
| ഫണ്ട് | വികസന ഫണ്ട് -എസ്.സി.പി |
| അടങ്കൽ | 75,00,000/- |
| ചെലവ് | 75,00,000/- |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

നഗരസഭാ പരിധിയിലുള്ളവരും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സർക്കാർ ഉത്തരവ് നമ്പർ 115/22 ത.സ്വ.ഭ.വ. തീയതി 28.05.2022 ഖണ്ഡിക 7.2.4 പ്രകാരം വിദ്യർത്ഥി പഠിക്കുന്ന കോഴ്സിന് അനുസൃതമായിട്ടാണ് ധനസഹായ തുക അനുവദിക്കുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ചില വിദ്യാർത്ഥികൾക്ക് അർഹമായതിൽ കൂടുതലും ചില വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവും ധനസഹായതുക നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) വിദ്യാർത്ഥികൾക്ക് അർഹമായതിൽ കൂടുതൽ ധനസഹായതുക നൽകിയവയുടെ വിശദാംശങ്ങൾ

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | വ്യത്യാസം | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | അതുല്യബാബു.കെ | DRRT (Diploma In Radiography & Radiotherapy Technology | 15000/- | 20000/- | 5000/- | 164000/-, CCB:-26/ 22-23 31.10.2022 |
| 2 | സിയ.കെ | D.Pharm | 15000/- | 20000/- | 5000/- | 1,30,000/-, CCB:-96/2022-23, 02/03/2023 |
| 3 | ആര്യ.കെ.പി | B.Pharm | 25,000/- | 30,000/- | 5000/- | 2,40,000/- CCB:-101/ 22-23, 17/03/2023 |
| | ആകെ | | | | 15000 | |

Ii) വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവ് ധനസഹായതുക നൽകിയവയുടെ വിശദാംശങ്ങൾ

| ക്രമ | വിദ്യാർത്ഥിയുടെ | കോഴ്സ് | അനുവദിക്കാവുന്ന | അനുവദിച്ച | വ്യത്യാസം | ബിൽ |
|---|---|---|---|---|---|---|

| നം | പേര് | | തുക | തുക | | വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | സ്നേഹ.എസ്.രാജ് | BBA LLB | 25,000/- | 20,000/- | 5000/- | 10,65,000/- CCB:-36/22-23 02/11/2022 |
| 2 | അതുല്യ.ടി | M.A | 30,000/- | 20,000/- | 10,000/- | 8,35,000/- CCB:-38/22-23 02/11/2022 |
| 3 | ഗ്രീഷ്മ.ജി | LLB | 25,000/- | 20,000/- | 5000/- | 1,55,000/- CCB:-40/22-23 07/12/2022 |
| 4 | അജിൻ.പി.ഗിരീഷ് | B.Pharm | 25,000/- | 20,000/- | 5000/- | 3,65,000/- CCB:-58/22-23 18/01/2023 |
| 5 | അക്ഷയ.കെ.എസ് | BBA LLB | 25,000/- | 20,000/- | 5000/- | 1,10,000/- CCB:- 68/22-23 28/01/2023 |
| 6 | അഞ്ജന.കെ.ടി. | B.Sc Nursing | 25,000/- | 20,000/- | 5000/- | 2,40,000/- 101/22-23 17/03/2023 |

മേൽപ്പറഞ്ഞ അഞ്ജന.കെ.ടി. എന്ന വിദ്യാർത്ഥിനിയ്ക്ക് ബിൽ പ്രകാരം 25,000/- രൂപ കൊടുത്തിട്ടുണ്ടെങ്കിലും ആയത് കഴിഞ്ഞ വർഷത്തെ ബാലൻസ് തുകയായ 5000/- രൂപ സഹിതമാണെന്ന് നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രോജക്ട് നടപ്പിലാക്കുമ്പോൾ കൃത്യമായ പരിശോധന നടത്തുന്നതിൽ വന്ന വീഴചയാണ് വിദ്യാർത്ഥികൾക്ക് അർഹമായതിൽ കുറവ്/കൂടുതൽ ധനസഹായതുക ലഭിക്കുവാൻ കാരണം. ആയതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി മാത്രമെ ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്.
വിദ്യാർത്ഥികൾക്ക് അധിക തുക നൽകിയത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണെന്നും അധിക തുക തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ധനസഹായ തുക കുറവ് അനുവദിച്ച വിദ്യാർത്ഥികൾക്ക് ,അവർക്ക് കുറവ് വന്ന തുക 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് അർഹമായതിലും അധികം നൽകിയ 15000/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3-5 അമൃത് പദ്ധതി -മാനാഞ്ചിറ സ്ക്വയറിന്റെ നവീകരണം -കാരണം കാണിക്കാതെ വർക്ക് റീടെണ്ടർ ചെയ്തതുമൂലം അധികചെലവ്

ഫയൽ നമ്പർ EG21/25046/18

കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള മാനാഞ്ചിറ സ്ക്വയറിൽ നവീകരണത്തിന്റെ ഭാഗമായി അഡീഷണൽ സബ് ഗേറ്റ്, റെയിൻ ഷെൽട്ടർ, ഗാലറി, നടപ്പാത നവീകരണം തുടങ്ങിയ പ്രവൃത്തികൾക്കും സൗണ്ട് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 2018 ൽ 85 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തതിൽ M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡ് പ്രവൃത്തി ഏറ്റെടുത്ത് ആരംഭിക്കുകയുണ്ടായി. എന്നാൽ രണ്ടു തവണ കാലാവധി നീട്ടിനൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 23.10.2019ലെ 69 നമ്പർ കൗൺസിൽ തീരുമാനപ്രകാരം കരാർ റദ്ദു ചെയ്യുകയും ബാക്കി പ്രവൃത്തികൾ M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരനായ ശ്രീ പി.വി. ബിജു വിനെ ഏൽപ്പിച്ച കൊടുക്കുകയും ചെയ്തു.

PWD Mannual 2012-Section 2116.2.1 പ്രകാരം പൂർത്തിയാക്കാനുള്ള ബാക്കി പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 30% വരുന്ന തുക കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഈ തുക മൂന്ന് മാസത്തിനകം അടവാക്കേണ്ടതുമാണ്. കരാർ സ്ഥാപനത്തിന്റെ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുന്നതിനും കമ്പനിയെ കരിമ്പട്ടികയിൽ പെടുത്തുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കിയതായി കാണുന്നില്ല.

മാന്വൽ വ്യവസ്ഥ പ്രകാരം M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ട 13,04,283/-രൂപ (4347610x30/100=13,04,283/-) ഇതുവരെയും ഈടാക്കുകയോ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുകയോ ചെയ്തിട്ടില്ല. 250990/-രൂപയുടെ രണ്ട് വർഷകാലാവധിയുള്ള ട്രെഷറിനിക്ഷേപ സർട്ടിഫിക്കറ്റ് (FD No.799010500388890 Dt.30.05.2018) ഇപ്പോഴും പുതുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. കരാറുകാരനെ ബ്ളാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.മണപ്പുറം കൺസ്ട്രക്ഷൻസ് നടത്തിയ പ്രവൃത്തിമൂല്യം-6,68,748/-രൂപയാണ്.തുക നൽകിയിട്ടില്ല.

M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിന്റെ കരാർ റദ്ദ് ചെയ്തതിന് ശേഷം നടന്ന റീടെണ്ടറിൽ (07.01.2020 ന് ഓപ്പൺ ചെയ്തു) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സജീവ്.എൻ എന്നവരുടെ (39,46,157.41/-) ടെണ്ടർ 14.01.2020 ന് ചേർന്ന കൗൺസിലിന്റെ 63 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നോട്ടിൽ “Due To Technical Reason Selection Notice Cancelled And Retender The Work”എന്ന് രേഖപ്പെടുത്തി വർക്ക് വീണ്ടും റീടെണ്ടർ ചെയ്തു. പ്രസ്തുത റീടെണ്ടറിൽ പങ്കെടുത്ത ഏക കരാറുകാരനായ ശ്രീ ബിജുവിന്റെ 4293571.8/-രൂപയുടെ ടെണ്ടർ 19.02.2020 ന് ചേർന്ന കൗൺസിൽ 115 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആദ്യത്തെ റീടെണ്ടറിൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയേക്കാളും ഉയർന്ന തുകയാണ് ബിജു പിന്നീട് രേഖപ്പെടുത്തിയിട്ടുള്ളത്. കൗൺസിൽ അംഗീകരിച്ച ശേഷം എൻ.സജീവിന്റെ ടെണ്ടർ റദ്ദ് ചെയ്ത് വർക്ക് റീടെണ്ടർ ചെയ്യാനുമുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഈ നടപടി മൂലം നഗരസഭക്ക് 3,47,414.39 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.പ്രോജക്റ്റിന്റെ ചെലവുവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ,തിയ്യതി | തുക |
|---|---|
| 5762/25.3.21 | 1409119/- |
| 000739/25.3.21 | 48814/- |
| 1583/10.8.22 | 2874456/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് മറുപടി(ഒ.എസ്.നം.49/ 29.09.2023)ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട M/S മണപ്പുറം കൺസ്ട്രക്ഷൻസ് ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ട 13,04,283/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 13,04,283/-രൂപ നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.വ്യക്തമായ കാരണം രേഖപ്പെടുത്താതെ കൗൺസിൽ അംഗീകരിച്ച ശേഷം എൻ.സജീവിന്റെ ടെണ്ടർ റദ്ദ് ചെയ്ത് വർക്ക് റീടെണ്ടർ ചെയ്തതുവഴി കോർപ്പറേഷനുണ്ടായ അധികചെലവ് 3,47,414.39 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നം, തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2022-23 | 21.08.2023 മുതൽ 08.09.2023 വരെ | കെ.എസ്.എ. കെ.ഒ.സി.എ4/1223/2023 |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും കൈമാറിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നത് KSEB യിൽ തുക അടവാക്കൽ (Pro.No. 1413/23) | 22160247002601311428 / 13.03.2023 | 366195 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | KSEB-യിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. |
| | | 22160247002601542007/ 28.03.23 | 1416590 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | KSEB-യിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | മെയിൻ നഗര പ്രദേശം പൈപ്പ് ഇടൽ(പ്രൊ. നം. 1373/23) | ബിൽ നം. 803/27.02.2023 | 1,50,00,000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | |
| | ലീക്കേജ് കുറക്കാൻപൊട്ടിയപൈപ്പുകൾ മാറ്റി പുതിയവ ഇടൽ(1374/23) | ബിൽ നം. 1249/23.3.23 | 15000000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | ബേപ്പൂർ സോണൽ പൈപ്പിടൽ (1323/23) | 1022/16.3.23 | 25000000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | എലത്തൂർ സോണൽ പൈപ്പിടൽ(1375/23) | 1249/14.3.23 | 7500000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | ചെറുവണ്ണൂർ സോണൽ പൈപ്പിടൽ(1322 /23) | 995/14.3.23 | 7500000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | വള്ളേ്യക്കാട്ട് കോളനിയിലെ ഫ്ലാറ്റിലേക്ക് കുടിവെള്ള മെത്തിക്കൽ (81/23.) | 725/14.3.23 | 3610000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| മൈനർ ഇറിഗേഷൻ | തോണിച്ചിറ ചീർപ്പ് ഉപ്പുവെള്ളം തടയൽ (1318/23) | 1059/17.3.23 | 20,000,000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | കൊളങ്ങോട്ട് വയൽ മുണ്ടകൻ തോട് പ്രവൃത്തി(1380/23.) | 1065/17.3.23 | 1,20,00,000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | | 1830/31.3.23 | 1,10,00,000 | | |
| | ബി.കെ കനാൽതോട് മുണ്ടകൻ തോട് പ്രവൃത്തി(1381/23) | 1068 /17.3.23 | 1,20,00,000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| | | 1831/31.3.23 | 50,00,000 | | |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷ വരവ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| പി.എം.എ.വൈ (KURDFC) | | 19,82,20,001 | 1,65,06,666 | 0 | 18,17,13,335 |
| സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് (HUDCO) | | 39,06,338 | 36,92,000 | | 2,14,338 |
| അമൃത് | | 30,43,00,000 | 29,89,02,173 | 0 | 53,97,827 |

. വാർഷികകണക്ക് 2021-22, 22-23 ബാലൻസ് ഷീറ്റ് (B-6) പ്രകാരം അമൃത് പദ്ധതി ലോൺ ഇനത്തിലെ നീക്കിയിരിപ്പ് 23,65,45,898/- രൂപയാണ്. എന്നാൽ കോർപ്പറേഷൻ സമർപ്പിച്ച പത്രിക പ്രകാരം 53,97,827/- രൂപയാണ്. വ്യത്യാസം 23,11,48,071/- രൂപ. കൂടാതെ, 2022-23 വർഷത്തിൽ അമൃത് ലോൺ ഇനത്തിൽ 29,89,02,173/- രൂപ പദ്ധതി പ്രകാരം തിരികെ അമൃത് മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പി.എം.എ.വൈ, അമൃത് പദ്ധതികളുടെ ലോൺ രജിസ്റ്ററുകളോ ഇതുമായി ബന്ധപ്പെട്ട രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

വാർഷികകണക്ക് 2022-23 പ്രകാരം 31.03.2023തീയതിയിൽ സ്ഥിരനിക്ഷേപം ഇനത്തിലെ 94,17,048/-രൂപയും, ഓഹരി നിക്ഷേപമിനത്തിലെ 2,02,50,000/- രൂപയും ചേർത്ത് ആകെ 2,96,67,048/- രൂപയുടെ നിക്ഷേപമുണ്ട്. വിശദവിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 92,87,561 |
| തൻവർഷം നിക്ഷേപിച്ച തുക | 1,29,487 |
| ആകെ | 94,17,048 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 94,17,048 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

സ്ഥിര നിക്ഷേപം - സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം | ബാങ്ക്/ട്രഷറി | രശീതി നം | മുന്നിരിപ്പ് | പലിശ | തുക |
|---|---|---|---|---|---|
| 1 | ട്രഷറി, കോഴിക്കോട് | 502082618 | 27,39,000 | 0 | 27,39,000 |
| 2 | | 501745339 | 32,95,805 | 0 | 32,95,805 |

| | | | | | |
|---|---|---|---|---|---|
| 3 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 431600PR0007722 | 7,02,569 | 36,522 | 7,39,091 |
| 4 | കെ.ഡി.സി ബാങ്ക്, ഫറോക്ക് | 6180752044 | 5,34,006 | 38,287 | 5,72,293 |
| 5 | കെ.ഡി.സി ബാങ്ക്, കല്ലായ് | 1807520133 | 5,82,734 | 0 | 5,82,734 |
| 6 | കെ.ഡി.സി ബാങ്ക്, കല്ലായ് | 1807520132 | 3,09,841 | 0 | 3,09,841 |
| 7 | കെ.ഡി.സി ബാങ്ക്, കല്ലായ് | 1807520131 | 3,09,841 | 0 | 3,09,841 |
| 8 | കെ.ഡി.സി ബാങ്ക്, ബേപ്പൂർ | 1807520005 | 6,25,362 | 39,085 | 6,64,447 |
| 9 | കെ.ഡി.സി ബാങ്ക്, കല്ലായ് | 100381807520148 | 93,188 | 10,237 | 1,03,425 |
| 10 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 100381807520152 | 95,215 | 5,356 | 1,00,571 |
| | ആകെ | | 92,87,561 | 1,29,487 | 94,17,048 |

ഓഹരി നിക്ഷേപം-തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തുക | 2,02,50,000 |
| തൻവർഷം നിക്ഷേപിച്ച തുക/ലഭിച്ച ലാഭ വിഹിതം | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഓഹരി തുക | 2,02,50,000 |

ഓഹരി നിക്ഷേപം- ഓഹരികളുടെ വിശദാംശങ്ങൾ

| ക്രമ നം | സ്ഥാപനം | രശീതി നം | തുക |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 62 | 1,00,00,000 |
| 2 | | 48 | 1,00,00,000 |
| 3 | കോഴിക്കോട് ജില്ല സഹകരണ ആശുപത്രി | 2933 | 2,500 |
| 4 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 21 | 1,000 |
| 5 | കെ.യു.ഡി.എഫ്.സി | 11 | 1,00,000 |
| 6 | കെ.യു.ഡി.എഫ്.സി(മുൻ സി.ഡി.എ-യിൽ നിന്ന് കൈമാറിയത്) | 96 | 1,41,500 |
| 7 | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് & ഫീഡ്സ് ലിമിറ്റഡ് | 09 | 5,000 |
| | ആകെ | | 2,02,50,000 |

ഷെയർ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷികകണക്ക് (RP-7)പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിലെ പലിശവരവ് 1,93,855/- രൂപ. എന്നാൽ ഹാജരാക്കിയ രജിസ്റ്റർ പ്രകാരം പലിശവരവ് 1,29,487/-രൂപ. വ്യത്യാസം 64368/-.(രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല).

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ കോർപ്പറേഷനിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൻവർഷ വാർഷികകണക്കിൽ ഈയിനത്തിൽ വരവില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടതും നഷ്ടം ഈടാക്കിയതായി ഓഡിറ്റ് കാലയളവിൽ അറിയിപ്പ് കിട്ടിയതുമായ 2,40,099/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | അടച്ച തുക | ഒടുക്കിയ ആളുടെ വിശദാംശങ്ങൾ | രശീത്, ചെക്ക്, ചലാൻ നം, | തീയതി |
|---|---|---|---|---|---|
| 2020-21 | 1-35(1) | 85055/- | നോർക്ക റൂട്ട്സ് | 998210(NEFT) | 08.07.2022 |
| | 1-35(m) | 71077 | ഡോ. ജാഫർ | 119270110919 | - |

| | | | | | |
|---|---|---|---|---|---|
| 2021-22 | 3-6 | 57,500 | സി.ഡി.പി.ഒ അർബൻ II | KL 002207200202324M | 20.04.2023 |
| | | 26,467 | | KL012779612202324M | 19.07.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്-സർക്കാരിന് നഷ്ടം |
| | 22(ix) | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരിക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F), (I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46(21) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി- 2,00,000/- രൂപ |
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ 1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി- നടപ്പിലാക്കിയതിൽ അനാസ്ഥ- പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽധനനഷ്ടം- 63,157/-രൂപ |
| | 66 | | അദ്ധ്യായം VIൽ ഖ.1.5(iii) | ഓവ്ചാലിൽ നിന്ന് മണ്ണ് നീക്കംചെയ്യൽ - ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശ അടച്ചത്- |

| | | | | |
|---|---|---|---|---|
| | | | | അംഗീകരിക്കുന്നില്ല |
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട് സാംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങിനൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർവിനിയോഗവും ഉത്തരവുകളുടെ ലംഘനവും |
| 1999-00 ഡി.സി.ബി | 27.3 | 2002-03 | അദ്ധ്യായം VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം VII.ഖ.III 5(ii) | തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽ കുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം VIIഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക വസൂലാക്കിയില്ല |
| | 33 | | അദ്ധ്യായം VIIഖ.III 5(v) | ലൈസൻസുകൾ യഥാസമയം പുതുക്കാതെ നഗരസഭ വക മുറികൾ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം VIIഖ.III .5(vi) | ലൈസൻസ് ഫീസ് ഈടാക്കിയില്ല-നഷ്ടം 2,55,762/-രൂപ |
| | 39(4) | | അദ്ധ്യായം VIIഖ.III.5(vii) | വാടകക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതിലെ നഷ്ടം-19,144/-രൂപ |
| | 39(5) | | അദ്ധ്യായം VIIഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭ ഫണ്ടിൽ വരവു വയ്ക്കാത്തതും വൈദ്യുതി ചാർജ്ജ് വസൂലാക്കാത്തതും സംബന്ധിച്ച് |
| | | | അദ്ധ്യായം VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൻ കീഴിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ - കെ.നിർ.തൊ. ക്ഷേമനിധി -1,24,499/- ആദായ നികുതി - 21,925/- സെൽഫ് ചെക്ക് മാറിയെടുത്ത് പണാപഹരണം നടത്തി |
| | | | അദ്ധ്യായം VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ് നടത്തുവാൻ പിൻവലിച്ച 1,43,069/-, 3,01,515/-, 1,73,583/-രൂപ അടവാക്കിയില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ് ഈടാക്കിയില്ല കോഴിക്കോട് നഗരസഭയ്ക്ക് വൻ |

| | | | | |
|---|---|---|---|---|
| | | | | നഷ്ടം |
| | 95(5,6,8,9,10,11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/- രൂപയുടെ ക്രമക്കേട് |
| | 28(4),31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27(3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല. ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ് പുന:നിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ല പദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ.ഫണ്ട് -20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച്ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് |

| | | | | |
|---|---|---|---|---|
| | | | | കൈമാറിയ ശുദ്ധജല വിതരണം 10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച 442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ച -ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അംബേദ്കർ ആവാസ് യോജനപദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| 2004-05 | 2-11 | 2007-08 | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |
| | 3-1 | | ഖ.4.2.3 | മെയിന്റനൻസ് ഗ്രാന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 2005-06 | | 2008-09 | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ്ഫണ്ട് വക |

| | | | | |
|---|---|---|---|---|
| | | | | മാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം |
| | 3-27 | | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500/- വിനിയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതു വഴി നഷ്ടം |
| 2007-08 | | 2009-10 | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| | 1-8 | | ഖ.2-3 | ഗ്രാമ വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| 2008-09 | 2-4-2 | 2010-11 | ഖ.2-5 | വരുമാന വർദ്ധനവിനുള്ള |

| | | | | |
|---|---|---|---|---|
| | | | | നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/-രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-, കേരള സർക്കാർ-11,73,83,069/- |
| | 2-4-2 | | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |
| 2009-10 | -- | 2012-13 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനം |
| | -- | | ഖ.3-2-1 മുതൽ3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 മുതൽ 3-8 വരെ | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7) മണ്ണ് ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും,ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്ടുകളുടെ അവലോകനം |
| | | | ഖ.5-2-4(1) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |

| | | |
|---|---|---|
| | ഖ.5-2-4 (2) സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (I)-കെട്ടിടങ്ങളുടെ അഭാവം |
| | ഖ.5-2-4(9) കളിസ്ഥലങ്ങൾ - വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി III-കളിസ്ഥലം |
| | ഖ.5-2-4(18) സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ്വശിക്ഷ അഭിയാനും | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി-VII-5 -എസ്.എസ്.എ |
| | ഖ.5-3-5(2) ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാം വിധം ചെലവഴിക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല |
| | ഖ.5-3-5(3) പരാജയമടഞ്ഞ വ്യവസായ സംരംഭങ്ങൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും, ഖ.5-1-4(2)-കണ്ണഞ്ചേരി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| | ഖ.5-3-5(10) കുടുബശ്രീ സംരംഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ-വനിത വിപണന കേന്ദ്രം മാവൂർ റോഡ് |
| | ഖ.5-3-5 (16) സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| ലഘു അവലോകനം | ഖ.6-2-3 വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്, ഷോപ്പുകൾ, ബസ്സ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നിലനിൽക്കുന്നു-ഏതാനും മുറികളുടെ വിശദാംശങ്ങൾ |
| | ഖ.6-3 ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| | ഖ.6-3 -1 പ്രൊക്യൂർമെന്റ് കമ്മിറ്റി,സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | ഖ.6-3-2 പ്രൊക്യൂർമെന്റ് സൈക്കിൾ-ആദ്യപടി | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ചു, ടെണ്ടർ നടപടി കൂടാതെ |

| | | | | |
|---|---|---|---|---|
| | | | പാലിക്കുന്നില്ല | കാറുകൾ വാങ്ങുന്ന |
| 2012-13 | ക്രമ നം 10 | 2014-15 | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |
| വിഷയാധിഷ്ഠിത അവലോകനം | (നിഷ്ക്രിയ ആസ്തികൾ)ഖ.2-എ, ബി, സി,ഖ.5 | | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം; മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു. |
| | | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും | | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |
| | | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ട്(മൃഗ സംരക്ഷണവും ക്ഷീര വികസനവും) | ഖ.V-4(ഡി) | | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | | ഖ.5-7 | വെറ്ററിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പരിമിതം - ശോചനീയാവസ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | | ഖ.5-7 | വെറ്ററിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പരിമിതം - ശോചനീയാവസ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. ട്രിവീസ് ഇല്ല. കൃത്രിമബീജസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യ പരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല – ജീവനക്കാരുടെ |

| | | | | |
|---|---|---|---|---|
| | | | | അപര്യാപ്തത. |
| | ഖ.V-8(എ) | | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | | ഖ.5-13 | ശ്വാനസംരക്ഷവും പേവിഷ നിയന്ത്രണവും -തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്ററിനറി സർജനില്ലാതെ കശാപ്പുശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |
| 2015-16 | 3-7-2 | 2015-16 | ഖ.V-5 | കോഴിക്കോട് കോർപ്പറേഷനിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത 50പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമിക്കുന്നതിനായി 5,29,68332രൂപ CDAക്ക് കൈമാറിയിട്ടുണ്ട്.നാളിത് വരെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. |
| 2016-17 | 8-6-1 | 2015-16 | 3-45 | കുടുംബശ്രീ അംഗങ്ങൾക്ക് ഇഷോപ്പ് പദ്ധതി |
| | 2-1 | 2017-18 | ഖ – 1-11 (1) | ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു. |
| | 2-3 | | അവലോകന റിപ്പോർട്ട് | നഗരസഭകളിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും |
| | 3-1 | | ഖ – 1-11 (2) | കോടതിയിൽ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി - നഗരസഭക്ക് വലിയ നഷ്ടം സംഭവിച്ചു. |
| | 3-2 | | ഖ – 1-11 (3) | ആർട്ടിസ്റ്റ് സ്മാരക നിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ. |
| | 3-9 | | ഖ – 1-11 (4) | നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു. |

| | | | | |
|---|---|---|---|---|
| | 3-51 | | ഖ – 1-11 (5) | നഗരസഭ ജീവനക്കാരുടെ പെൻഷൻഫണ്ടുകളുടെപരിപാലനം കാര്യക്ഷമമല്ല. |
| 2017-18 | 3-51 | 2018-19 | അവലോകനം | നഗരസഭകളിലെ മാലിന്യം കൈകാര്യം ചെയ്യൽ |
| 2018-19 | 3-5 | 2020-21 | 1-6 ക്രമ നം. 1 | സർക്കാർ / എയ്ഡഡ് ഹൈ സ്കൂളുകളിൽ / ഹയർ സെക്കന്ററി സ്കൂളുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - കോർപ്പറേഷന് ലക്ഷങ്ങളുടെ നഷ്ടം |
| | 3-14 | | 1-6 ക്രമ നം. 2 | കോർപ്പറേഷന്റെ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഗുരുതര വീഴ്ചകൾ |
| | 3-24 | | 1-6 ക്രമ നം. 3 | പാർക്കിംഗ് പ്ലാസ കം കൊമേഴ്ഷ്യൽ ബിൽഡിംഗ് - ബി ഒ റ്റി വ്യവസ്ഥയിലെ നിർമാണം 10 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല – നഗരസഭയ്ക്ക് വൻ നഷ്ടം |

4-8 ചാർജ് - സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക-നം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ, തീയതി | തുക | അടവിന്റെ വിശദാംശം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2011-12 ഖ.2-12 | ശ്രീ.എം.ജി.ശശി റവന്യൂ ഓഫീസർ | എൽ.എഫ്. 2032/ സ്പെ.സെൽസി. എസ്.സി/എ.2/2015, 03.04.2018 (ചാർജ്ജ് സർട്ടിഫിക്കറ്റ്) | 10,155 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 2 | 2014-15 ഖ.3-26 | ടി.ആർ.ബാലൻ പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | കെ.എസ്.എ. 4304/ സ്പെ.സെൽ/സി.എസ്. സി/എ.2/201708.12.2017 (സർചാർജ്ജ് നോട്ടീസ്) | 36,845 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,56,98,54,841 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,18,10,36,065 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 5,51,251 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,73,79,644 |

(ബി). കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 75,052 | ശ്രീ. സന്തോഷ്. എം. വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ III |
| 3-2 | | 35,100 | ഡോ. ശശികുമാർ.എ, ഹെൽത്ത് ഓഫീസർ |
| 3-3 | | 78,685 | ശ്രീമതി. ബിസിനി. എസ്, അസി. എക്സി. എഞ്ചിനീയർ II |
| 3-4 | | 15,000 | ശ്രീ. ബാബുരാജൻ. എം.എൻ, പട്ടികജാതി വികസന ഓഫീസർ |
| 3-5 | | 3,47,414 | ശ്രീമതി. ജലജാമണി. വി.ഡി, സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| | | 5,51,251 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-54 | 19,22,528 | ശ്രീ. ഷജിൽകുമാർ. പി, ഹെൽത്ത് ഓഫീസർ(In Charge) |
| 1-55 | 1,56,148 | ഡോ. മില്ലു മോഹൻദാസ്, ഹെൽത്ത് ഓഫീസർ |
| 1-57 | 2,69,380 | ശ്രീ. രജിത്ത് കുമാർ. സി. കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-58 | 70,06,603 | ഡോ. ശശികുമാർ.എ, ഹെൽത്ത് ഓഫീസർ |
| 1-58-1 | 1,68,462 | ഡോ. ശ്രീഷ്മ. വി.എസ്, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 1-58-2 | 30,00,000 | ഡോ. റീന. എം, മെഡിക്കൽ ഓഫീസർ-ഹോമിയോ |
| 1-59 | 4,27,530 | ഡോ. ശശികുമാർ.എ, ഹെൽത്ത് ഓഫീസർ |
| 1-60 | 80,00,000 | ശ്രീ. രജിത്ത് കുമാർ. സി. കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-61 | 6,07,650 | ശ്രീ. രജിത്ത് കുമാർ. സി. കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-63 | 40,475 | ശ്രീ. ശ്രീജിത്ത്.എം, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-64 | 14,64,000 | ശ്രീമതി. രശ്മി രാമൻ. പി, സി.ഡി.പി.ഒ അർബൻ - I |
| 1-65(എ) | 60,000 | ശ്രീ. ശ്രീജിത്ത്.എം, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-65(ബി) | 2,70,000 | |
| 1-65(സി) | 24,46,148 | |
| 1-65(ഡി) | 90,000 | |
| 1-69 | 5,58,664 | ശ്രീമതി. ധന്യ. ടി.എൻ, സി.ഡി.പി.ഒ അർബൻ -III |
| 1-71(B) | 50,00,000 | ശ്രീ. ബാബുരാജൻ. എം. എൻ, പട്ടികജാതി വികസന ഓഫീസർ |
| 1-73 | 1,49,704 | ശ്രീ. ബാബുരാജൻ. എം. എൻ, പട്ടികജാതി വികസന ഓഫീസർ |
| 1-78 | 1,80,000 | ശ്രീ. പ്രകാശൻ. ടി. കെ, പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-80(A) | 26,32,352 | ശ്രീമതി. ബിനി. കെ.യു, സെക്രട്ടറി |
| 1-85 | 70,000 | ശ്രീമതി. ബിനി. കെ.യു, സെക്രട്ടറി |
| 1-86(A) | 7,80,00,000 | ശ്രീമതി. ബിനി. കെ.യു, സെക്രട്ടറി |
| 1-86(B) | 10,00,000 | ശ്രീമതി. ധന്യ. ടി.എൻ, സി.ഡി.പി.ഒ അർബൻ -III |
| 1-88 | 9,00,00,000 | ശ്രീ. ദിലീപ്. എം.എസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| | 4,36,10,000 | ശ്രീ. ഉദയൻ. കെ.യു, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-89 | 2,50,000 | ശ്രീമതി. ബിനി. കെ.യു, സെക്രട്ടറി |
| | 24,73,79,644 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിലീപ്. എം.എസ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ, മുൻസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് | ഗസൽ, അമ്മായിപ്പാലം, മലങ്കര, നെന്മേനി, സുൽത്താൻ ബത്തേരി, വയനാട് - 673592 |

| | | |
|---|---|---|
| ശ്രീ. സന്തോഷ്. എം. വി, എക്സിക്യൂട്ടീവ് എഞ്ചിനീയർ III | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുൻസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് | മണലിപ്പറമ്പിൽ, ശാസ്ത്രിജി നഗർ, 4th അവന്യൂ, കുന്ദംകുളം |
| ഡോ. ശശികുമാർ.എ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, മുൻസിപ്പൽ കോർപ്പറേഷൻ ,കൊച്ചി | S/o.അറുമുഖം. പി ആഷ്‌ലി എസ്റ്റേറ്റ്, പീരുമേട് പി.ഒ ഇടുക്കി |
| ശ്രീമതി.ബിസിനി. എസ്, അസി. എക്സി. എഞ്ചിനീയർ II | മുൻസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് | പള്ളിയറക്കണ്ട് താഴെവരട്ടിയാട്ട് കുന്ദമംഗലം, കോഴിക്കോട് |
| ശ്രീ. ബാബുരാജൻ. എം. എൻ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസ്, മുൻസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് | മരോട്ടി മൂട്ടിൽ(H), കേണിച്ചിറ പി.ഒ, വയനാട് പിൻ- 673596 |
| ശ്രീമതി. ബിനി. കെ. യു സെക്രട്ടറി | സെക്രട്ടറി, മുൻസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് | ഉത്തമം, കരുവിശ്ശേരി കോഴിക്കോട് |
| ശ്രീ. ഷജിൽകുമാർ. പി, ഹെൽത്ത് ഓഫീസർ | രാമനാട്ടുകര മുൻസിപ്പാലിറ്റി | ശ്രേഷ്ഠ് ഹൗസ്,18/1097 മായനാട്, കോഴിക്കോട്-673008 |
| ശ്രീ. രജിത്ത് കുമാർ. സി. കെ, ഹെൽത്ത് ഇൻസ്പെക്ടർ | മുൻസിപ്പൽ കോർപ്പറേഷൻ കോഴിക്കോട് | കൃഷ്ണാമൃതം , കൊളക്കാട് വഴി, അത്തോളി കോഴിക്കോട് – 673315 |
| ഡോ. ശ്രീഷ്മ. വി.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മുൻസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് | വയലോമ്പ്രം ഹൗസ് കാട്ടികുളം വയനാട് 670646 |
| ഡോ. റീന. എം, മെഡിക്കൽ ഓഫീസർ-ഹോമിയോ | ഗവ. ഹോമിയോ ഡിസ്പൻസറി, പന്നിയങ്കര | ദേവദത്തം, ഗോവിന്ദപുരം, കോഴിക്കോട് – 673016 |
| ശ്രീ. ശ്രീജിത്ത്.എം, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, മുൻസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് | സൗപർണ്ണിക, കിഴക്കുമുറി കക്കോടി, കോഴിക്കോട്-673611 |
| ശ്രീമതി. രശ്മി രാമൻ. പി, സി.ഡി.പി.ഒ അർബൻ - I | സി.ഡി.പി.ഒ,(Urban I ) റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് കോഴിക്കോട് | പാലത്തൊടി പന്തീരാങ്കാവ് കോഴിക്കോട് - 673019 |
| ശ്രീമതി. ധന്യ. ടി.എൻ, സി.ഡി.പി.ഒ അർബൻ -III | സി.ഡി.പി.ഒ,(Urban IIII) വെങ്ങാലി, കോഴിക്കോട് | തെക്കേ നമ്പാടത്ത് മേലൂർ കൊയിലാണ്ടി 673 306 |
| ശ്രീ. ഉദയൻ. കെ. യു, എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുൻസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് | ശരണ്യ, തിരുവങ്ങാട്ട് തടം, ചേലേമ്പ്ര 673634 |
| ശ്രീ. പ്രകാശൻ. ടി. കെ, പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | Old Corporation Office Kozhikode | അളകാപുരി ഹൗസ് പുതിയങ്ങാടി എടക്കാട് 673 005 |

| | | |
|---|---|---|
| ഡോ. മില്ലു മോഹൻദാസ്, ഹെൽത്ത് ഓഫീസർ | ലീവ് | ശ്രുതി ഹൗസ്, കൊടുവള്ളി, കോഴിക്കോട് 673572 |
| ശ്രീമതി. ജലജാമണി. വി.ഡി, സൂപ്രണ്ടിംഗ് എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ചു | സൗപർണ്ണിക, എച്ച്.എം.ടി കോളനി<br>കളമശ്ശേരി പി.ഒ<br>ഏറണാകുളം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.സി.സി.എ4/251/98, 08.09.1998 | 74 |
| 2 | 1997-98 | എൽ.എഫ്.സി.സി.എ6/906/06, 28.12.2006 | 115 |
| 3 | 1998-99 | എൽ.എഫ്.സി.സി.എ6/382/09, 15.05.2009 | 90 |
| 4 | 1999-00 DCB | എൽ.എഫ്.സി.സി.എ4/752/01/, 17.05.2002 | 39 |
| 5 | 1999-00 Exp | എൽ.എഫ്.സി.സി.എ4/418/00, 08.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ4/124/03, 20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ4/438/04, 30.07.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ4/451/05, 01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ4/364/06, 22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ4/350/07, 27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ6/1013/09, 17.07.2010 | 62 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ6/871/10, 01.02.2012 | 78 |
| 13 | 2007-08 | കെ.എസ്.എ.കെ.ഒ.സി./എ.6/1141/2015, 12.11.2015 | 75 |
| 14 | 2008-09 | കെ.എസ്.എ./കെ.ഒ.സി./എ.6/1457/2015, 31.05.2010 | 50 |
| 15 | 2009-10 | കെ.എസ്.എ./കെ.ഒ.സി./എ.6/1458/2015, 27.09.2011 | 62 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ4/332/12, 15.06.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ4/389/14, 31.05.2014 | 104 |
| 18 | 2012-13 | കെ.എസ്.എ.കെ.ഒ.സി./എ.6/129/2016, 27.01.2016 | 110 |
| 19 | 2013-14 | കെ.എസ്.എ.കെ.ഒ.സി./എ.6/276/2017, 31.03.2017 | 122 |
| 20 | 2014-15 | കെ.എസ്.എ.കെ.ഒ.സി./എ.6/277/2017, 05.04.2017 | 81 |
| 21 | 2015-16 | കെ.എസ്.എ.കെ.ഒ.സി./എ.6/865/2018, 24.09.2018 | 65 |
| 22 | 2016-17 | കെ.എസ്.എ.കെ.ഒ.സി./എ.6/866/2018, 04.09.2018 | 75 |
| 23 | 2017-18 | കെ.എസ്.എ.കെ.ഒ.സി./എ.6/840/2019, 04.02.2021 | 47 |
| 24 | 2018-19 | കെ.എസ്.എ.കെ.ഒ.സി./എ.6/152/2021, 22.04.2021 | 78 |
| 25 | 2019-20 | കെ.എസ്.എ.കെ.ഒ.സി/എ4/873/2022 തീയതി : 15.07.2022 | 49 |
| 26 | 2020-21 | കെ.എസ്.എ.കെ.ഒ.സി/എ4/800/2022 തീയതി : 15.07.2022 | 56 |

| | | | |
|---|---|---|---|
| 27 | 2021-22 | കെ.എസ്.എ.കെ.ഒ.സി/എ4/243/2023 തീ. 31.03.2023 | 99 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kozhikode Corporation Concurrent Corporation as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kozhikode Corporation Concurrent Corporation for the year 2022-2023

Date: 30/12/2023

Senior Deputy Director
Kozhikkode Corporation
Kerala State Audit Department

## Audit Report appended to the Audit Certificate of Kozhikode Corporation Concurrent Corporation for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit

2.Balance Sheet - Fixed Deposit amounts do not match.

3. Asset register not updated.

4, Loans, advances & deposits in schedule B18 âÂÂ No further action is taken.

**2.Other Observations**

1. Balance Sheet -Difference in Deposit Amounts.

2. Library Cess- Amount varies in balance sheet.

3. Rent Receivable from Civic Amenities - Demand - Due amounts varied.

4. Bank statements and bank reconciliation statements are not produced for verification.

5. License Fee- Excess revenue than demand amount.

6. Difference in income and expenditure amounts.

7. Ayyankali Project - Income and Expenditure figures do not match.

8. Reconciliation statements are not properly prepared.

9. Reconciliation statements are not available for verification.

10. TSB Own Fund - difference is not recorded in Reconciliation statement.

11. Reconciliation - Explanation to be made available.

12. e-Payment Account - Bank Statement not provided.

13. Stale check account- Full information not available.

14 Direct deposit into the bank account are not included in the annual statements.

15.Cheques issued but not presented into bank.

16Cheques Deposited but not collected as per reconciliation.

17 Cheques Deposited but not collected -Details not available.

18 Annual Financial statement does not tally with Appropriation Control Register

19 Difference in the recovery item amounts.

20 loan register Not maintained.

21 Loan - Documents not made available for inspection.

22 Maintenance of Register âÂÂ Anomalies

23 Prior Period Income - Documents not produced.

24 Zero balance accounts are included in annual statements.

25 Necessary provision for arrears not recorded.

26 Depreciation - Records not available.

27 Amounts expended by part bill - full details not included.

28 Multipurpose grants - No separate account maintained.

29 Service Tax arrears- ledger and balance sheet not matching.

30 Ambiguity in calculation of property tax.

31 Property tax arrears- Ambiguity in figures.

32 Some of the bank accounts were not included in the annual financial statement.

33 Opening balance in bank accounts not included in annual financial statement.

34 Amrit project- Annual financial statement and Bank Statement do not match.

35 Amount not available in redemption.

36 Zonal Offices - Regarding bank account.

37 Maintenance grant is accounted as capital expenditure.

38 Failure in certifying year-end brief.

39 Annual financial statement amounts should be in whole figure.

40 Beneficiary Contribution âÂÂ Amount not paid.

41 Tender form prices not included in annual financial statements.

42 Audit of Annual Financial StatementsâÂÂ Other anomalies.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്